# അധ്യാപകസഹായി

# മലയാളം

## സ്റ്റാന്റേർഡ്

## 8

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്
2009

# അധ്യാപകസഹായി
# മലയാളം - VIII


**തയാറാക്കിയവർ**

ശ്രീ. സാബു.എച്ച്

ശ്രീ. പി.പ്രേമചന്ദ്രൻ

ശ്രീ. ടി.കെ.ഉമ്മർ

ശ്രീ. ബൈജു.എൻ

ശ്രീ. എം.എം.ജിനേഷ്കുമാർ

ശ്രീ. കെ.വി.മോഹൻ

ശ്രീ. ജോഷി.ടി.കെ.

ഡോ. വാസുദേവൻ.കെ.എസ്

ഡോ. രാമകൃഷ്ണൻ

**സൂക്ഷ്മപരിശോധന നടത്തിയവർ**

പ്രൊഫ. പി.നാരായണ മേനോൻ

ശ്രീ. പി.പി.പ്രകാശൻ

ശ്രീ. മണികണ്ഠദാസ്.കെ.വി

**അക്കാദമിക് നേതൃത്വം**

ഡോ. പി.സത്യനേശൻ

ഡോ. സി.ഭാമിനി

ശ്രീ. സി.മധുസൂദനൻ

ഡോ. പി.കെ.തിലക് (കോഡിനേറ്റർ)



*Prepared by:* State Council of Educational Research & Training (SCERT)

Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@asianetindia.com

*Type setting by:* SCERT Computer Lab



©

Government of Kerala

Education Department

2009

*സുഹൃത്തേ,*

**കേ**രളപാഠ്യപദ്ധതി ചട്ടക്കൂട് 2007ലെ നിർദ്ദേശങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിയ ഭാഷാപാഠ്യപദ്ധതിയുടെ വിനിമയത്തിനു സഹായിക്കുന്ന തരത്തിലാണ് ഈ അധ്യാപകസഹായി രൂപപ്പെടുത്തിയിട്ടുള്ളത്. പഠനത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ ഇതിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. അപ്പർ പ്രൈമറി ക്ലാസുകളിൽ പുതിയ പഠനരീതി കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ചയോടൊപ്പം വളർച്ചയും ഉറപ്പുവരുത്തുന്ന നിലയിലാണ് പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനുള്ള കർമപദ്ധതികളുമായി വിദ്യാഭ്യാസവകുപ്പ് മുന്നേറുകയാണ്. ഭാഷാപഠനത്തിന് ഇതിൽ നിർണായകമായ പങ്കുവഹിക്കാൻ കഴിയും. വിവിധ വിഷയങ്ങളുടെ പഠനം ഫലപ്രദവും കാര്യക്ഷമവുമാക്കാൻ ഭാഷാപഠനത്തിലെ മികവ് പരമപ്രധാനമാണ്.

കൂടുതൽ അവധാനതയോടെ ഭാഷാപഠനത്തെ സമീപിക്കാൻ ഈ അധ്യാപകസഹായി ഗുണകരമാവുമെന്നു കരുതുന്നു. ഇതിലെ നിർദ്ദേശങ്ങൾക്കൊപ്പം കൂടുതൽ അന്വേഷണങ്ങളും സർഗാത്മകതയും പ്രയോജനപ്പെടുത്തി ക്ലാസ് മുറികൾ സജീവവും അർഥവത്തുമാക്കാൻ കഴിയണം.

**ആ**ശംസകളോടെ,

**എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്**
**ഡയറക്ടർ,**
**എസ്.സി.ഇ.ആർ.ടി.**

# ഉള്ളടക്കം


| | | | | |
|---|---|---|---|---|
| പാഠ്യപദ്ധതി സമീപനം | | 5 | - | 26 |
| **അടിസ്ഥാനപാഠാവലി** | | | | |
| 1 | പച്ചപ്പുകൾ തേടി | 26 | - | 44 |
| 2 | വെളിച്ചത്തിനെന്തൊരു വെളിച്ചം! | 45 | - | 78 |
| 3 | ജീവനത്തിന്റെ പൊരുൾ | 79 | - | 95 |
| **കേരളപാഠാവലി** | | | | |
| 1 | ഉർവരതയുടെ സംഗീതം | 96 | - | 118 |
| 2 | വേല എന്ന കല | 119 | - | 137 |
| 3 | മണ്ണിൽ പുതഞ്ഞ രത്നങ്ങൾ | 138 | - | 163 |
| 4 | ജീവിതത്തിന്റെ തുടിതാളം | 164 | - | 189 |
| 5 | അകം തെളിയുമ്പോൾ | 190 | - | 206 |
| 6 | ത്യാഗമെന്നതേ നേട്ടം | 207 | - | 222 |

# പാഠ്യപദ്ധതി സമീപനം

വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റത്തിന് കേരളം ഒരുങ്ങുകയാണ്. 2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പുനരാവിഷ്കരിക്കാനുള്ള ശ്രമത്തിലൂടെയാണിത്.

പാഠ്യപദ്ധതി പുനരാവിഷ്കാരങ്ങൾ നമുക്ക് പുതിയതല്ല. 1964 ൽ എൻ.സി.ഇ.ആർ.ടി. രൂപം കൊണ്ടശേഷം അവരുടെ നിർദേശങ്ങൾ അനുസരിച്ചുള്ള സിലബസ് നാം നടപ്പാക്കിയതാണ്. 1975ലെ ദേശീയ കരിക്കുലവും നാം പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് ഉപയോഗിച്ചു. 1986 ലെ വിദ്യാഭ്യാസനയവും അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപംനൽകിയ പ്രവർത്തനപരിപാടിയും (പ്രോഗ്രാം ഓഫ് ആക്ഷൻ) നാം ഏറക്കുറേ നടപ്പാക്കി. എങ്കിലും, കേരളത്തിലെ പഠന-ബോധന താൽപര്യങ്ങളെയും സാധ്യതകളെയും കണക്കിലെടുത്ത് സമഗ്രമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകാനുള്ള ശ്രമം ആരംഭിച്ചത് 1997 ലാണ്. ആധുനികമായ വിദ്യാഭ്യാസസങ്കേതങ്ങളും രീതികളും അനുസരിച്ച് ഉദ്ഗ്രഥിത രീതി, പ്രക്രിയാധിഷ്ഠിത സമീപനം, പ്രയോഗാധിഷ്ഠിത ക്ലാസ്മുറികൾ, കുട്ടി അറിവിന്റെ നിർമാതാവാണ് എന്ന കാഴ്ചപ്പാട്, സാമൂഹിക ചുറ്റുപാട് ജ്ഞാനനിർമിതിയിൽ പ്രധാനമാണെന്ന തിരിച്ചറിവ്, സമഗ്രവും നിരന്തരവുമായ മൂല്യനിർണയം തുടങ്ങിയ ആശയങ്ങൾ അടങ്ങുന്ന പാഠ്യപദ്ധതി നിലവിൽ വന്നു. ഇവയനുസരിച്ച് പഠിച്ചു വന്ന വിദ്യാർഥികൾ ഇപ്പോൾ ഹയർ സെക്കൻഡറിതലം പൂർത്തിയാക്കിയിരിക്കുകയാണ്.

2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടും അതിന് ആധാരമായ നിലപാടുരേഖകളും സ്വയം വിമർശനപരമായ വിലയിരുത്തലിനുള്ള അവസരം നൽകിയിരിക്കുകയാണ്.

## ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളവും

പുതിയ പാഠ്യപദ്ധതി നല്ലൊരു ആശയമാണെന്ന് ഇപ്പോൾ പൊതുസമൂഹം സമ്മതിക്കുന്നുണ്ട്. ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ സമീപനം നമ്മുടെ പാഠ്യപദ്ധതി ഇന്നു നേരിടുന്ന പ്രശ്നങ്ങളെ മുറിച്ചുകടക്കാനുള്ള ഉൾക്കാഴ്ച തരുന്നുണ്ട്.

നാം സ്വീകരിച്ച സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (2005) ഏതാണ്ടു സ്വീകരിച്ചിരിക്കുന്നുവെന്നതു കേരളത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമായി കണക്കാക്കാവുന്നതാണ്.

ജനാധിപത്യവിരുദ്ധമായ അധികാരഘടനയുടെ എല്ലാ സവിശേഷതകളും ചിട്ടകളും മുമ്പത്തെ ക്ലാസ്മുറിയിൽ പ്രതിഫലിച്ചിരുന്നു. നിശ്ശബ്ദതയുടെ സംസ്കാരമാണ് അന്നു ക്ലാസ്മുറിയിൽ വളർത്താൻ ശ്രമിച്ചത്. അതിനു പകരം സംഘപഠനത്തിനും സഹവർത്തിതപഠനത്തിനും പ്രാമുഖ്യം നൽകി. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും അറിവ് നേടുന്നതിനുള്ള അവരുടെ നിർണായക പങ്ക് സ്ഥാപിച്ചുകൊടുക്കുകയും ചെയ്തു. ഇതുവഴി ക്ലാസ്മുറിയെ ജനാധിപത്യവൽക്കരിക്കാൻ ശ്രമിച്ചു. അറിവിന്റെ നിർമിതിയും സാമൂഹികനിർമിതിയും പരസ്പരപൂരകങ്ങളായി മാറി. ജനങ്ങൾ ഉൽപാദകരാകുന്നതിനു സമാനമായി, ക്ലാസ്മുറികളിലെ ജ്ഞാനോൽപാദകരായി വിദ്യാർഥികൾ മാറി.

## ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്തെ പരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുഴുവൻ

വ്യക്തികളുടെയും ക്രിയാത്മക പങ്കാളിത്തമുള്ള ഒരു ഭാവിസമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. അപ്രകാരം ലക്ഷ്യമിടുന്ന ഒരു ജനാധിപത്യസമൂഹത്തിന്റെ ആശയതലം ഉൾക്കൊള്ളുന്ന പഠനരീതിയാണു സ്വീകരിക്കേണ്ടത്. മതം, ജാതി, സാമ്പത്തികസ്ഥിതി, സ്ത്രീ-പുരുഷ വ്യത്യാസം, പ്രാദേശികത എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഇല്ലാത്തതും മാനവികതയിൽ ഊന്നിയതുമായ ഒരു ഭാവിസമൂഹമാണു നാം സ്വപ്നം കാണേണ്ടത്.

- ദേശീയബോധം, സ്വാശ്രയത്വം, തനതു സംസ്കാരപോഷണം, ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്കു മുഖ്യപരിഗണന നൽകുന്നതാകും ഈ സമൂഹം.
- ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമത്തിനു മുഖ്യപരിഗണന നൽകുന്നതും ഉൽപാദനാധിഷ്ഠിതമായ ഒരു വികസനസങ്കൽപം മുൻനിർത്തി വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതുമായ സമൂഹമാണു സൃഷ്ടിക്കപ്പെടേണ്ടത്. നമ്മുടെ മാനവശക്തിയെ സുസ്ഥിരമായ ഒരു വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു സമൂഹക്രമം നാം വിഭാവന ചെയ്യുന്നു.
- മനുഷ്യന്റെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടുപോകുന്നതാകും ഈ സമൂഹം. സമ്പത്തിന്റെ ഉൽപാദനവും വിതരണവും നീതിപൂർവകവും കാര്യക്ഷമവുമാകുന്ന വികസനമാതൃകകൾ സൃഷ്ടിക്കുകയും അവ പരിപാലിക്കുകയും ചെയ്യും.
- അറിവ് പൊതുസമ്പത്താണെന്ന ധാരണയുടെയും അന്വേഷണവും വിമർശനാത്മക ചിന്തയും അറിവുനിർമാണ പ്രക്രിയയുടെ അടിസ്ഥാനശിലയാണെന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ സമൂഹം നവീകരിക്കപ്പെടും.
- ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട വിഭാഗങ്ങളോടുള്ള വിവേചനങ്ങൾക്കെതിരേ നിരന്തരം പോരാടുന്ന ഈ സമൂഹം സ്ത്രീക്കും പുരുഷനും സമൂഹത്തിന്റെ പുരോഗതിയിൽ തുല്യസ്ഥാനം നൽകും.
- സാംസ്കാരികവൈവിധ്യം മാനിച്ചുകൊണ്ട് സ്വന്തം സാംസ്കാരികപാരമ്പര്യത്തെ സംരക്ഷിക്കുകയും ഉപഭോഗസംസ്കാരത്തിന്റെ ദുഷ്പ്രവണതകൾക്കെതിരേ ശക്തമായ നിലപാടെടുക്കുകയും ചെയ്യുന്ന സമൂഹമായിരിക്കും ഇത്. സാംസ്കാരികരംഗത്ത് മാധ്യമങ്ങൾ ഉയർത്തുന്ന അനഭിലഷണീയമായ പ്രവണതകൾ തിരിച്ചറിയുന്നതിനും അതിനെതിരേ പ്രതികരിക്കുന്നതിനും കഴിയുന്നതായിരിക്കും ഇത്.
- സാമൂഹികതിന്മകൾക്കെതിരേ അണിചേരാനും സാമൂഹികപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനുമുള്ള സന്നദ്ധത, വിഭാഗീയശക്തികൾക്കെതിരേ ശക്തമായി പ്രതികരിക്കുന്നതിനുള്ള മനോഭാവം - ഇവ പ്രതീക്ഷിത സമൂഹത്തിന്റെ മുഖമുദ്രയായിരിക്കും.

### വിദ്യാഭ്യാസലക്ഷ്യങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർണയിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. ഉയർന്ന സൗന്ദര്യബോധവും പ്രവൃത്യുന്മുഖമായ മാനുഷികമൂല്യങ്ങളും ഇതിലൂടെ ഫലവത്താക്കാൻ കഴിയണം. സുരക്ഷിതത്വബോധവും ചുമതലാബോധവും സാമൂഹികജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതാണ്.

## സാമൂഹികനീതിക്കു വേണ്ടിയുള്ള വിദ്യാഭ്യാസം

സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടേണ്ടത്. ഇതു ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സ്ത്രീപുരുഷ സമത്വത്തിലും അധിഷ്ഠിതമായിരിക്കണം. ഭരണഘടന മതനിരപേക്ഷത വിഭാവന ചെയ്യുന്നു. ഇതു ജാതിമതാദികളുടെ പേരിലുള്ള സ്പർധയെയും അക്രമങ്ങളെയും പ്രതിരോധിക്കുംവിധം ശക്തമാക്കി പരിപാലിക്കേണ്ടതുണ്ട്. സങ്കുചിതമായ താൽപര്യങ്ങളെ തടയാനും കൂട്ടായ്മ വളർത്താനും കഴിയുന്ന പഠനക്രമമാണു ലക്ഷ്യമിടേണ്ടത്. വിമോചനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള ഉപാധിയായി വിദ്യാഭ്യാസം മാറണം. ആത്മപ്രകാശനത്തിനും സ്വത്വാവബോധത്തിനും വഴിതുറക്കുന്നതാവണം വിദ്യാഭ്യാസം.

## വിദ്യാഭ്യാസം സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രമായ അവബോധം വളർത്തിയെടുക്കേണ്ടതുണ്ട്. സുസ്ഥിരവികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുഗുണമാകും വിധം രൂപപ്പെടുത്താനുള്ള മനോഭാവമാണു വികസിപ്പിക്കേണ്ടത്. വിഭവസംരക്ഷണത്തിലും വിനിയോഗത്തിലും സന്തുലിതവും വിവേചന പൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

## മികച്ച പൗരത്വം വികസിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസം

സമൂഹത്തിൽ ഉത്തരവാദിത്തമുള്ള പൗരന്മാരായി പ്രവർത്തിക്കാൻ കഴിവു നൽകുന്നതായിരിക്കണം വിദ്യാഭ്യാസം. യുക്തിചിന്തയും ചരിത്രബോധവും രാഷ്ട്രീയവീക്ഷണവും ഉൾക്കൊള്ളുന്നതായിരിക്കണം പൗരബോധം. ശാസ്ത്രീയസമീപനവും നീതിബോധവും ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രകടിപ്പിക്കാൻ ഭാവിതലമുറയ്ക്കു കഴിയണം.

## ഉയർന്ന ദേശീയബോധം വളർത്തുന്ന വിദ്യാഭ്യാസം

സാർവദേശീയ വീക്ഷണത്തിൽ അധിഷ്ഠിതമായ ദേശീയബോധമാണു നാം ലക്ഷ്യമിടേണ്ടത്. മാനവപുരോഗതിയും വിശ്വസ്നേഹവും ഉയർത്തിപ്പിടിക്കുന്നതാവണം അത്. ഭാരതത്തിന്റെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതും കൂട്ടിയിണക്കുന്നതുമായി ഈ ദേശീയ ബോധം വളരേണ്ടതുണ്ട്.

## അവകാശബോധത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും ഐക്യരാഷ്ട്ര പ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്നതുമായ അവകാശങ്ങൾ സമൂഹത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടുന്നത്. ഇതു മനുഷ്യാവകാശങ്ങളും കുട്ടികളുടെയും സ്ത്രീകളുടെയും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കാൻ പശ്ചാത്തലമൊരുക്കുന്നതാവണം. വിദ്യാഭ്യാസ അനുഭവങ്ങൾക്ക് അവകാശബോധവികാസവുമായി നേർബന്ധം ഉണ്ടാകണം.

## ശാസ്ത്ര-സാങ്കേതിക അവബോധം വളർത്തുന്ന വിദ്യാഭ്യാസം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിനും ജീവിതസാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികവികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർഥികൾ കൈവരിക്കേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് നിലപാടുകൾ സ്വീകരിക്കാനും കഴിയണം.

**ശാസ്ത്രീയ മനോഭാവം  ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം**

കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം; പരിഹാരങ്ങൾ നിർദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണു ലഭ്യമാക്കേണ്ടത്. ശാസ്ത്രവും കപടശാസ്ത്രവും തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ വിദ്യാർഥികളെ സജ്ജരാക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഭാഗീയതകളു ടെയും മുൻവിധികളുടെയും സ്വാധീനത്തിൽ നിന്നു സമൂഹത്തെ മോചിപ്പിക്കാൻ അവർക്കു കഴിയണം. ശാസ്ത്രീയമായ ജീവിതവീക്ഷണത്തിന്റെ അർഥതലങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം. അശാസ്ത്രീയതകൾക്കെതിരായ നിലപാടുകൾ സ്വീകരിക്കാ നുള്ള മനോഭാവം ലഭിക്കുകയും വേണം.

**സാംസ്കാരികത്തനിമ പരിപാലിക്കുന്ന വിദ്യാഭ്യാസം**

പ്രാദേശികവും പരമ്പരാഗതവുമായ ജ്ഞാനരൂപങ്ങളും നാട്ടറിവുകളും (കൃഷി, ജലം, ഭൂവിനിയോഗം, കല, കരവിരുത്...) കണ്ടെത്തുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ആരോഗ്യം, കായികശേഷീവികസനം, കല-സംസ്കാരം, തൊഴിൽസംസ്കാരം എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

**തൊഴിൽനൈപുണി വളർത്തുന്ന വിദ്യാഭ്യാസം**

അധ്വാനം സമൂഹത്തെ പരിവർത്തിപ്പിക്കുന്നു. അധ്വാനത്തിന്റെ മഹത്ത്വം തിരിച്ചറിയണം. അറിവും അധ്വാനവും പരസ്പരപൂരക സ്വഭാവത്തോടെ വിലയിരുത്തപ്പെടുന്ന വിദ്യാഭ്യാസമാണു വേണ്ടത്. പ്രവൃത്തിയിലുള്ള അനുഭവങ്ങൾ തൊഴിൽപരമായ ജ്ഞാനവും നൈപുണിയും മനോഭാവവും വികസിപ്പിക്കും. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിഭിന്ന രൂപങ്ങളിൽ അധ്വാനശേഷീവി കസനം ലക്ഷ്യമിടണം. കൃഷിയുടെ മഹത്ത്വം തിരിച്ചറിയുന്നതിനും മണ്ണിനും ജീവനും അനുകൂലമായ കൃഷിയും കൃഷിരീതികളും വികസിപ്പിച്ചെടുക്കുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കണം.

**സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാനുള്ള വിദ്യാഭ്യാസം**

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ്മയിലൂടെ അനുതാപം, സ്നേഹം, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാഭ്യാസം സഹായകമാവണം. ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ജനാധിപത്യം ഒരു ആശയം എന്ന നിലയിലും ഒരു മൂല്യബോധം എന്ന നിലയിലും ഉൾക്കൊ ള്ളാൻ വിദ്യാഭ്യാസം സഹായകമാവണം.

**സ്വാശ്രയത്വം ഊട്ടിവളർത്തുന്ന വിദ്യാഭ്യാസം**

സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക മണ്ഡലങ്ങളിൽ സ്വാശ്രയസങ്കൽപം വളർത്തിയെടുക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു നടപ്പാക്കേണ്ടത്.

**ചെറുത്തുനിൽപ്പിനു കരുത്തു പകരുന്ന വിദ്യാഭ്യാസം**

ആഗോളവൽക്കരണം മുന്നോട്ടുവയ്ക്കുന്ന അനഭിലഷണീയ പ്രവണതകളെയും എല്ലാതരം അധിനിവേശങ്ങളെയും ചെറുത്തുനിൽക്കാനുള്ള മനോഭാവവും കരുത്തും പകരാൻ വിദ്യാഭ്യാസത്തിനു കഴിയണം. ആവശ്യവും ധൂർത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഉപഭോഗഭ്രാന്തിന് അടിമപ്പെടാതെ സ്വയം നിയന്ത്രിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കേണ്ട തുണ്ട്. സ്വാതന്ത്ര്യനിരാസത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും വിപത്തുകൾ തിരിച്ചറിയാൻ അവർക്കു കഴിയണം.

## അറിവിന്റെ നിർമാണത്തിലും വിനിമയത്തിലും ഊന്നുന്ന വിദ്യാഭ്യാസം

അറിവു നിർമിച്ചെടുക്കുന്നതിനും സമൂഹത്തിൽ വിനിമയം ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിവ് ആർജിക്കേണ്ടതുണ്ട്. അറിവുനിർമാണത്തിന്റെ കാര്യത്തിൽ വംശം, വർഗം, സ്ത്രീ-പുരുഷഭേദം തുടങ്ങിയവയുടെ പേരിലുള്ള വിവേചനങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും അവർക്കു കഴിയണം. തങ്ങളുടെ ആവശ്യങ്ങളും അറിവും ആശയങ്ങളും പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ പങ്കുവയ്ക്കുന്നതിനും പ്രതികരിക്കുന്നതിനും ആവശ്യമായ ഭാഷാനൈപുണികൾ നേടാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

## വിമർശനാത്മക സമീപനം പോഷിപ്പിക്കുന്ന വിദ്യാഭ്യാസം

മാനവരാശിയുടെ നേട്ടങ്ങളെ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാതരം ചൂഷണങ്ങൾക്കുമെതിരേ നിലപാടു സ്വീകരിക്കാൻ അവർക്കു കഴിയണം. ജീവിതാനുഭവങ്ങളെയും ജീവിതസന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്കു കഴിയണം. സ്വയംവിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹികതിന്മകളെ തിരിച്ചറിയാനും ചോദ്യംചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും തെറ്റുകൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും അവർക്കു കഴിയണം. അവയെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വിശകലനം ചെയ്തു നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്.

## പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഏതൊരു പാഠ്യപദ്ധതി പരിഷ്കരണപ്രക്രിയയിലും പഠനത്തെ സംബന്ധിച്ച ചില സുപ്രധാന കാര്യങ്ങളിൽ വ്യക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്നും അവ പ്രയോഗത്തിൽ വരുത്താൻ എന്തെന്ത് പുതിയ നടപടികളാണു കൈക്കൊള്ളുക എന്നും വ്യക്തമാക്കേണ്ടതുമുണ്ട്. ഇപ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ട ചില ചോദ്യങ്ങളാണ്,

1. കുട്ടികൾ എന്തിനാണു പഠിക്കുന്നത്?
2. കുട്ടികൾ എന്താണു പഠിക്കേണ്ടത്?
3. കുട്ടികൾ എങ്ങനെയാണു പഠിക്കേണ്ടത്?

ഇതിൽ ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം വിശദീകരിച്ചുകഴിഞ്ഞു. നിശ്ചിതമായ ഗുണവിശേഷങ്ങളുള്ള ഒരു ഭാവിസമൂഹത്തെ നിർമിക്കുകയാണു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും അതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനമെന്ന വിശാലമായ കാഴ്ചപ്പാടു സാധ്യമാക്കാമെന്നും സൂചിപ്പിക്കുകയുണ്ടായി.

## പഠനത്തിന്റെ ഉള്ളടക്കം

കുട്ടികൾ എന്താണു പഠിക്കേണ്ടത് എന്നത് മേൽ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കണം. നിലവിലുള്ള സാമൂഹികസാഹചര്യത്തെ വിശകലനം ചെയ്തും അതിനകത്ത് വ്യക്തിയുടെ സ്ഥാനം അടയാളപ്പെടുത്തിയുമാണ് ഇക്കാര്യം നിർവഹിക്കേണ്ടത്.

നിലവിലുള്ള സമൂഹത്തിൽ ഒട്ടേറെ വൈരുധ്യങ്ങൾ നിലനിൽക്കുന്നു. സാമ്പത്തികമായ വിവിധ തട്ടുകളും അധികാരത്തിന്റെ അനവധി രൂപങ്ങളും അതിൽ അടങ്ങിയിരിക്കുന്നു.

സാംസ്കാരികവും സാമൂഹികവും സ്ത്രീ-പുരുഷ ഭേദപരവും മറ്റുമായ വേർതിരിവുകൾ ഉച്ച നീചപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ചയി ലൂടെ മനുഷ്യസമൂഹം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാവരിലും ഒരുപോലെ എത്തിയിട്ടില്ല. മാത്രമല്ല, നിലനിൽക്കുന്ന വേർതിരിവുകളെ അവ ഒന്നുകൂടി രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവൽക്കരണവും കച്ചവടവൽക്കരണവും മുമ്പു നേടിയ പല നേട്ടങ്ങളും ഇല്ലാതാക്കുന്നു.

സമ്പത്തിന്റെ കേന്ദ്രീകരണം, വിപണികളുടെ വ്യാപനം, ആഗ്രഹങ്ങളുടെ നിർമാണം എന്നിവ തകൃതിയായി നടക്കുന്നു. ഇതിനിടയിൽ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവ തകരു ന്നു. അഴിമതി, അക്രമം, ആത്മഹത്യ, വർഗീയത, അന്ധവിശ്വാസം എന്നിവ പെരുകുന്നു.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്താവണം എന്ന ചോദ്യം പ്രധാന മാണ്. ഒരു കാര്യം ഉറപ്പാണ്, ഇന്നലയുടെ വസ്തുനിഷ്ഠമായ വിലയിരുത്തലും ഇന്നിന്റെ ശരി യായ വ്യാഖ്യാനവും വഴി മാത്രമേ മെച്ചപ്പെട്ട ഒരു നാളയെ കെട്ടിപ്പടുക്കാനാവൂ.

അതുകൊണ്ടുതന്നെ വർത്തമാനകാല യാഥാർഥ്യത്തെ ക്ലാസ്മുറിക്കു പുറത്തുനിർത്താനാവില്ല. കുട്ടിയുടെ ജീവിതത്തെത്തന്നെ ഇത്തരം പല യാഥാർഥ്യങ്ങളും ശക്തമായി നിർണയിച്ചുകൊണ്ടി രിക്കുകയാണ്. സമൂഹത്തോടു പ്രതിബദ്ധതയും വിമർശനാവബോധവുമുള്ള ഒരു തലമുറ രൂപ പ്പെടണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ അതിനു തുടക്കമിടണം. ഇന്നത്തെ ജീവിതത്തെ അറിഞ്ഞുകൊണ്ടാണ് നാളത്തെ ജീവിതത്തിനു തയാറെടുക്കേണ്ടത്.

എങ്കിൽ ഉള്ളടക്കം വികസിച്ചുവരേണ്ടത് കുട്ടിയുടെ അനുഭവപരിസരത്തുനിന്ന് ആവണം. സമൂഹം പൊതുവിൽ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളുമായി ഇത്തരം അനുഭവങ്ങൾക്കു ബന്ധമുണ്ട്. വ്യക്തിയെ പല രീതിയിൽ നമുക്ക് അടയാളപ്പെടുത്താം. അതിനു ചെറുതും വലു തുമായ പല പരിധികളും കല്പിക്കാം. എങ്കിലും സാംസ്കാരികമായ ഒരു തലം വച്ചു നോക്കി യാൽ കേരളം എന്നതു പലതിന്റെയും അടിത്തറയായി വർത്തിക്കും. അതുകൊണ്ട് കേരളം എന്ന അടിസ്ഥാന ജീവിതയാഥാർഥ്യത്തിനകത്തു നിന്നുകൊണ്ട്, തന്നെ നിർമിക്കുന്ന പ്രാദേ ശികവും ദേശീയവും ആഗോളവുമായ യാഥാർഥ്യങ്ങളെ കുട്ടി വിശകലനം ചെയ്യുന്നത് പഠ നത്തെ അർഥവത്താക്കുമെന്നു നാം കരുതുന്നു. കേരളസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്ര ശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പാഠ്യപദ്ധതിയെ പൊതുവിൽ രൂപകല്പന ചെയ്യുന്നത് പഠ നത്തെ യാഥാർഥ്യത്തിൽ അധിഷ്ഠിതമാക്കുമെന്നു പ്രതീക്ഷിക്കുന്നു.

കേരളസമൂഹം നേരിടുന്ന പ്രശ്നങ്ങൾ എന്നത്, നമ്മുടെ മാത്രം പ്രശ്നങ്ങളല്ല. അതിനു പ്രാദേ ശികവും ദേശീയവും അന്തർദേശീയവുമായ കാരണങ്ങളും വിതാനങ്ങളുമുണ്ട്. കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ നിശ്ചയമായും ആഗോളതലത്തിൽ അനുഭവ പ്പെടുന്ന വ്യാപകമായ പരിസ്ഥിതിനാശവും അതിന്റെ ഭാഗമായി ഉണ്ടായിവന്നിട്ടുള്ള തിരിച്ചറി വുകളും കടന്നുവരും. ചുരുക്കത്തിൽ, മൂർത്തമായ ഒരനുഭവയാഥാർഥ്യം എന്ന നിലയിൽ കേരളം പാഠ്യപദ്ധതിയിൽ നിലനിൽക്കും. ഒപ്പം മറ്റെല്ലാ തലങ്ങളിലും വിതാനങ്ങളിലുമുള്ള പഠനം വഴ ക്കവുമുള്ള ഒരു നിമിത്തമായി അതിൽ വർത്തിക്കുകയും ചെയ്യും.

ഭരണഘടന വിഭാവന ചെയ്യുന്നതും ദേശീയമായി നിർണയിക്കപ്പെട്ടതുമായ മൂല്യങ്ങളും കാഴ്ച പ്പാടുകളും ഈ പാഠ്യപദ്ധതി രൂപീകരണത്തിൽ നിർണായകമായി വർത്തിക്കും. ദേശീയബോ ധം, ജനാധിപത്യവീക്ഷണം, മതേതര കാഴ്ചപ്പാട്, സ്ഥിതിസമത്വചിന്ത, സാംസ്കാരികത്തനി മയിലുള്ള അഭിമാനം, പരിസ്ഥിതി അവബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പ്രത്യേക പരിഗണന തുടങ്ങിയവയെല്ലാം പുതിയ തലമുറയിൽ നിർമിച്ചെടുക്കാൻ ഈ പാഠ്യപദ്ധതി പ്രതിജ്ഞാബദ്ധമായിരിക്കും.

ഏതു മൂല്യവും രൂപപ്പെടേണ്ടത് അനുഭവങ്ങളുടെ ഭാഗമായാണ്. നിലനിൽക്കുന്ന പ്രശ്നങ്ങളുടെ വിചിന്തനത്തിലേക്കും അതിലൂടെയുണ്ടാക്കുന്ന തിരിച്ചറിവിലേക്കും നയിക്കുന്ന അനുഭവങ്ങൾ ലഭിക്കേണ്ടതുണ്ട്. ഉദാഹരണമായി, പരിസ്ഥിതിത്തകർച്ചയുടെതായ സമകാലിക യാഥാർഥ്യത്തെ തിരിച്ചറിയുക, അതിൽ എങ്ങനെ ഇടപെടണമെന്നു പര്യാലോചിക്കുക, കുട്ടികളുടെ ഇടപെടൽ തലങ്ങളിൽ അതിന് അവസരമുണ്ടാക്കുക എന്നിവ പാരിസ്ഥിതിക അവബോധം ശരിയായി രൂപപ്പെടുന്നതിന് അത്യാവശ്യമാണ്. അല്ലാത്തപക്ഷം മൂല്യവിദ്യാഭ്യാസം കുട്ടിയിൽ യാതൊരു മാറ്റവും ഉണ്ടാക്കില്ല.

സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നു സൂചിപ്പിച്ചു. ഇതിനർഥം ചെറിയ ക്ലാസ് തൊട്ടേ സാമൂഹികപ്രശ്നങ്ങൾ ബൃഹദ്‌രൂപത്തിൽ കുട്ടിയുടെ മുന്നിൽ വരുക എന്നല്ല. പ്രായത്തിനും അനുഭവപരിചയത്തിനും യോജിക്കുന്ന, അഥവാ ഉൾക്കൊള്ളാൻ കഴിയുന്ന ചെറിയ ഒരു പ്രശ്നമായാവും അതു കുട്ടിയുടെ അനുഭവസീമയിൽ വരുക. ക്രമേണ അതിന്റെ വ്യാപ്തി വർധിക്കും. ചിലപ്പോൾ അതു സാമൂഹികപ്രശ്നവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്ന ഒരു അക്കാദമികപ്രശ്നമായും വരാം. ഏതായാലും സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചോ ബന്ധപ്പെട്ടോ ഉള്ള പ്രശ്നാധിഷ്ഠിതവിദ്യാഭ്യാസമാണു പാഠ്യപദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും ശാസ്ത്രത്തിന്റെ ആശയങ്ങളും പഠനരീതിയും ആവശ്യമായി വരും. പ്രസ്തുത പ്രശ്നത്തെ അളവുപരമായും യുക്തിയുക്തമായും സമീപിക്കാൻ ഗണിതം ഉപയോഗിക്കേണ്ടി വരും. അതിന്റെ സാമൂഹിക വിശകലനം സാമൂഹികശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നിർവഹിക്കാൻ സാധിക്കും. ഭാഷകളാവട്ടെ, പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾ വിനിമയം ചെയ്യുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളായി വർത്തിക്കും. അനുഭവം, ആവിഷ്കരണം, പരിഹാരം തുടങ്ങിയ തലങ്ങളിൽ കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളും കടന്നുവരും. ചെറിയ ക്ലാസുകളിൽ ഇവ ഉദ്ഗ്രഥിതമായിത്തന്നെ കൈകാര്യം ചെയ്യാനാവും. മുകളിലോട്ടു വരുന്തോറും വേർതിരിവും വിശേഷവൽക്കരണവും സംഭവിക്കും.

നിശ്ചിതമായ ലക്ഷ്യത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അറിവുകളും വിരുതുകളും ആണ് ഓരോ വിഷയത്തിലും ഉണ്ടാവുക. കുട്ടികളുടെ പ്രായത്തിന്റെയും മുന്നറിവുകളുടെയും പഠനരീതികളുടെയും ഇടപെടൽതലത്തിന്റെയും അടിസ്ഥാനത്തിൽ അവ ചാക്രികമായി വിന്യസിക്കും. ജഡമായ കുറേ വിജ്ഞാനശകലങ്ങൾ - അവ പണ്ടേ പഠിച്ചുവരാറുണ്ട് എന്ന ഒറ്റ ന്യായത്തിൽ - പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തില്ല. മുൻപാഠ്യപദ്ധതികളിൽ പരിഗണിക്കപ്പെടാത്ത പല വിജ്ഞാനഘടകങ്ങളും വിശകലനരീതികളും പ്രക്രിയകളും പ്രതികരണപ്രവർത്തനങ്ങളും പുതുതായി കടന്നുവരാനും സാധ്യതയുണ്ട്. അറിവ് എന്നതു സാമൂഹികമായി സൃഷ്ടിക്കപ്പെടുന്നതും സാംസ്കാരികമായി നിർണയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തുന്നതുമായ ഒരു യാഥാർഥ്യമാണ് എന്നു തിരിച്ചറിയണം. അതു വിഷയത്തിന്റെ കേവലമായ ഉള്ളടക്കമെന്ന നിലയിൽ പരിമിതപ്പെട്ടതാവരുത്. മറിച്ച്, വിശാലമായ സാമൂഹിക യാഥാർഥ്യത്തിനകത്തുകൂടി അതു പ്രസക്തമാവണം.

ഇങ്ങനെ പറയുമ്പോൾത്തന്നെ, ദേശീയ പാഠ്യപദ്ധതിയുടെ ഉള്ളടക്കതലങ്ങൾ നാം പരിഗണിക്കും. ഒപ്പം സാമൂഹികപ്രസക്തമായ അറിവിന്റെ കാര്യത്തിൽ നാം ഏറെ മുന്നോട്ടുപോവുകയും ചെയ്യും. കുട്ടിയുടെ ഗ്രഹണശേഷിയും ആശയപരമായ മേൽ-കീഴ് ബന്ധവും പരിഗണിച്ചുകൊണ്ടുള്ള പ്രസക്തമായ ചില അഴിച്ചുപണികളും ഈ പാഠ്യപദ്ധതിയിൽ ഉണ്ടാവും.

ദേശീയ പാഠ്യപദ്ധതി നിർദേശിച്ച വിമർശനാത്മക ബോധനശാസ്ത്രം ഉള്ളടക്കനിർണയത്തിലും സ്വാധീനം ചെലുത്തും. സമൂഹത്തിലുള്ള വൈരുധ്യം ക്ലാസ് മുറിയിലും പ്രകടമാവുമെന്ന്

നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം വൈരുധ്യങ്ങളെ പുനർനിർമിക്കുന്ന ഇടമായും ക്ലാസ് മുറികൾ മാറാനിടയുണ്ട്. ചില അറിവുകളെ ശ്രേഷ്ഠമായും മറ്റു ചിലതിനെ മ്ലേച്ഛമായും പാഠപുസ്തകങ്ങളിൽ ചിത്രീകരിക്കുന്ന സ്ഥിതി ഉണ്ടാവാറുണ്ട്. സംസ്കാരം, ഭാഷ, ജീവിതാവസ്ഥകൾ എന്നിവയെല്ലാം മേലാള പക്ഷപാതിത്വത്തോടെ ചിത്രീകരിക്കാറുണ്ട്. കീഴാള വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് ഇവയൊക്കെ ഉണ്ടാക്കുന്ന ആഘാതം ചെറുതല്ല. ആകയാൽ, വിമർശനാത്മകമായ ഒരു തലത്തിൽ നിന്നു വേണം പാഠപുസ്തകങ്ങളിലെ ഉള്ളടക്കം, ഭാഷ, ചിത്രീകരണം തുടങ്ങിയവ ചിട്ടപ്പെടുത്തുന്നത്.

പഠിക്കുക എന്നതിനർഥം അറിയുക എന്നതിനൊപ്പം മാറുക എന്നുകൂടിയാണ്. കേവലമായ വിവരങ്ങൾ ശേഖരിച്ചതു കൊണ്ടായില്ല. അവ ജ്ഞാനനിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമാണ്. വിവരങ്ങളെ അപഗ്രഥിച്ച് ചില നിഗമനങ്ങളിൽ എത്തിയതുകൊണ്ടുമാകുന്നില്ല. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ പര്യാപ്തമായ നിർദേശങ്ങളും പ്രതികരണങ്ങളും ഉണ്ടാവണം. എന്തുകൊണ്ട് പുഴകൾ മലിനീകരിക്കപ്പെടുന്നു, ദരിദ്രർ അപമാനിക്കപ്പെടുന്നു, എല്ലാം വിൽപനച്ചരക്കായി മാറുന്നു, നാട്ടുഭാഷാപദങ്ങൾ അന്യം നിൽക്കുന്നു, പ്രാദേശിക തൊഴിൽക്കൂട്ടങ്ങൾ തകർന്നടിയുന്നു, പെൺകുട്ടികൾ രണ്ടാം തരം പൗരാവസ്ഥയിൽ കഴിയുന്നു, മാധ്യമങ്ങളിൽ ചുറ്റുമുള്ള ജീവിതം കാണാതെപോവുന്നു, മഹത്തായ മതമൂല്യങ്ങളെ വർഗീയത കൈയേറുന്നു, ലാളിത്യം ഒരു മൂല്യമല്ലാതായിത്തീരുന്നു, യുദ്ധം അടിച്ചേൽപ്പിക്കപ്പെടുന്നു എന്നൊക്കെ ഓരോ പഠിതാവിനും ചിന്തിക്കാനാവണം. നേടിയ അറിവുകൾ പ്രകാശിപ്പിക്കാനും നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും പ്രതികരണങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും നിലപാടുകൾ ആവിഷ്കരിക്കാനും നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബദലുകൾ കണ്ടെത്താനും അവസരമുണ്ടാവണം. ചുരുക്കത്തിൽ, സാമൂഹികമായി നിർമിച്ച അറിവിനെ വിമർശനാത്മകമായ പ്രതികരണത്തിന്റെ തലത്തിലേക്ക് ഉയർത്തുന്ന ഉള്ളടക്കവിതാനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

### പഠനത്തിന്റെ രീതി

മനഃശ്ശാസ്ത്രം കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ലോകത്തിനു നൽകിയ തിരിച്ചറിവുകളെ വിവേകപൂർവം പരിശോധിച്ചുകൊണ്ടേ ഇക്കാര്യത്തിൽ ചില ഉറച്ച നിലപാടുകളിൽ എത്താനാവൂ. തള്ളേണ്ടവ തള്ളാനും കൊള്ളേണ്ടവ കൊള്ളാനുമുള്ള ആർജവം നാം കൈക്കൊണ്ടേ പറ്റൂ.

വിദ്യാഭ്യാസ മനഃശ്ശാസ്ത്രത്തിൽ ഒരേ കാലഘട്ടത്തിൽ ഒട്ടേറെ ശാഖകൾ രൂപപ്പെടുകയുണ്ടായി. എന്നാൽ വ്യാപകമായി സ്വീകരിക്കപ്പെട്ടതും വളരെക്കാലം സ്വാധീനം ചെലുത്തിയതും വ്യവഹാരവാദമാണ്. ചോദക-പ്രതികരണബന്ധത്തിന്റെ നിർമാണമാണ് അടിസ്ഥാനപരമായി പഠനപ്രക്രിയയായി ഇവർ മുന്നോട്ടുവച്ചത്. നടപ്പാക്കാൻ എളുപ്പമുള്ള ഒരു പദ്ധതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. പരമ്പരാഗതമായി നിലനിന്ന ഉരുവിട്ടു പഠിക്കൽ, ശിക്ഷിച്ചു മെച്ചപ്പെടുത്തൽ, അറിവിന്റെ കൈമാറ്റം, അധ്യാപകന്റെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവയ്ക്ക് ഈ കാഴ്ചപ്പാട് നല്ല ന്യായീകരണമായി മാറി.

നൈസർഗികവാസനകളാൽ മാത്രം നയിക്കപ്പെടുന്ന ഏതാനും ജീവികളിൽ നടത്തിയ പരീക്ഷണങ്ങളായിരുന്നു വ്യവഹാരവാദത്തിന് ആധാരം. ഇവർ കണ്ടെത്തിയ ചില മാതൃകകളാണ് മനുഷ്യശിശുക്കളുടെ പഠനത്തിനും ശുപാർശ ചെയ്തത്. മനുഷ്യനൊഴികെയുള്ള ജീവികളുടെ കാര്യത്തിൽ മുതിർന്നവ ചെയ്യുന്നതു കണ്ടും അനുകരിച്ചും ആവർത്തിച്ചും ആണ് കുഞ്ഞുങ്ങൾ വളരുന്നത്. ഏതാനും കാര്യങ്ങൾ അവയ്ക്കു ജന്മസിദ്ധമായും ലഭിക്കും. അനുഭവങ്ങളെ വിശകലനം ചെയ്യാനും സഹപാഠികളുമായും മുതിർന്നവരുമായും ചർച്ചയിലും സംവാദങ്ങളിലും ഏർപ്പെടാനും സഹായിക്കുന്ന ആശയവിനിമയ ഉപാധികളും ഉയർന്ന മാനസികശേഷികളും

ഈ ജീവികൾക്കില്ല. എന്നാൽ ഇത്തരം കഴിവുകളുള്ള മനുഷ്യശിശുവിന്റെ കാര്യത്തിലും ജന്മവാസനയുടെയും അനുകരണത്തിന്റെയും ചോദക-പ്രതികരണ ബന്ധരൂപീകരണത്തിന്റെയും പരിമിത വഴികളേ നിർദേശിക്കാനുള്ളൂ എന്നത് ഈ വിചാരമാതൃകയെ നിരാകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമതായി പരിഗണനയിൽ വരുന്നത് മനുഷ്യവ്യക്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച മാനവികതാവാദമാണ്. പഠിതാവിന്റെ പ്രകൃതം മാനിക്കണമെന്നും വ്യക്തിത്വത്തെ അംഗീകരിക്കണമെന്നും പഠനത്തെ കുട്ടിയുടെ യഥാർഥ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തണമെന്നും അധ്യാപകൻ പഠനത്തെ സുഗമമാക്കുന്ന രീതിയിൽ ഇടപെടണമെന്നും ഈ സമീപനം വ്യക്തമാക്കുന്നു. പഠിതാവ് പഠനപ്രശ്നത്തെ സ്വയം ഏറ്റെടുത്തും അതിൽ പൂർണപങ്കാളിയായും സ്വയം വിലയിരുത്തിയും മുന്നോട്ടുപോകുമ്പോഴാണ് പഠനം താൽപര്യജനകവും പ്രയോജനപ്രദവുമാവുക. പഠനത്തിന്റെ സാമൂഹികവശങ്ങളിൽ കാര്യമായി ശ്രദ്ധിച്ചില്ല എന്ന പരിമിതി നിലനിൽക്കുമ്പോൾത്തന്നെ, കുട്ടികളോടുള്ള സമീപനത്തെ സംബന്ധിച്ച് മാനവികതാവാദം മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ശിശുകേന്ദ്രിതവും ജനാധിപത്യത്തിൽ അധിഷ്ഠിതവുമായ ഒരു പാഠ്യപദ്ധതിക്ക് പൊതുവിൽ സ്വീകാര്യമാണ്.

പഠനത്തെ സജീവമായ മാനസികപ്രക്രിയയായും അറിവിന്റെ നിർമാണമായും വീക്ഷിക്കുന്ന ജ്ഞാനനിർമിതിവാദമാണ് അടുത്തത്. ഇതിനു രണ്ടു ധാരകളുണ്ട്. അതിലൊന്ന് കുട്ടിയെ ഏകാകിയായ അന്വേഷകയായി അവതരിപ്പിക്കുന്നു. കുട്ടിക്ക് ഉണ്ട് എന്നു കരുതപ്പെടുന്ന സവിശേഷമായ കഴിവുകളിലാണ് അതിന്റെ ഊന്നൽ. അധ്യാപകരുടെ ഇടപെടലിനെ പരിമിതപ്പെടുത്തുന്ന ഒരു സമീപനമാണിത്. സമൂഹത്തിന് ഇവിടെ കാര്യമായ പങ്കാളിത്തമില്ല. ഇതിലൂടെ കുട്ടികൾ എത്തിച്ചേരുന്ന അറിവുകൾ അപൂർണമായിരിക്കുമെന്നും അതു പരമാവധിയിലേക്ക് ഉയരില്ലെന്നും ഉള്ള വിമർശനങ്ങൾ ഈ വീക്ഷണത്തിന് എതിരേയുണ്ട്.

ദേശീയ പാഠ്യപദ്ധതി ശക്തമായി ശുപാർശ ചെയ്തിട്ടുള്ള സാമൂഹിക ജ്ഞാനനിർമിതിവാദമാണ് രണ്ടാമത്തെ കൈവഴി. ജനനം മുതൽ ചുറ്റുമുള്ളവരുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, കൂടുതൽ അറിവുള്ളവരുടെ സഹായത്തോടെ നിലവിലുള്ള കഴിവുകൾക്ക് അപ്പുറത്തേക്ക് ഉയർന്നുപോവുന്ന ഒരു സാമൂഹികപഠിതാവായി കുട്ടിയെ ഈ സമീപനം വീക്ഷിക്കുന്നു. ഈ പഠിതാവ് ജീവശാസ്ത്രപരമായ തലത്തിനൊപ്പം സാംസ്കാരികമായും വികസിക്കുന്നു. ഭാഷാപരവും ഗണിതപരവുമൊക്കെയായ ചിഹ്നങ്ങൾ, ഉയർന്ന മാനസികപ്രക്രിയകൾ, മുമ്പു നേടിയ അറിവിന്റെ വിപുലസഞ്ചയം എന്നീ മാനസിക ഉപകരണങ്ങൾ മറ്റു ജന്തുക്കളെ അപേക്ഷിച്ച് മനുഷ്യശിശുവിന്റെ മികവാണ്. ഇതൊക്കെയും ജനനശേഷം കുട്ടി സമൂഹവുമായി ഇടപെട്ടു നേടിയതാണ്. മനുഷ്യർ ഒരു സമൂഹമെന്ന നിലയിൽ ഇതഃപര്യന്തം വികസിപ്പിച്ചെടുത്ത സാമഗ്രികൾ, ഉപകരണങ്ങൾ, പുസ്തകങ്ങൾ, യന്ത്രങ്ങൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയ ഭൗതിക ഉപകരണങ്ങളും ഈ പഠിതാവിന് പ്രയോജനപ്പെടുത്താനാവും. ചുരുക്കത്തിൽ, മാനസികവും ഭൗതികവുമായ നിരവധി സാംസ്കാരിക ഉപകരണങ്ങൾ ഉപയോഗിച്ച്, സമൂഹത്തിലെ മറ്റ് അംഗങ്ങളുമായി ഇടപെട്ട് വികാസത്തിന്റെ ഉയർന്ന നിലയിലേക്കു പോകാൻ കഴിയുന്ന മനുഷ്യസാധ്യതയെ പ്രയോജനപ്പെടുത്താൻ സാമൂഹിക ജ്ഞാനനിർമിതിവാദം നമ്മോട് ആഹ്വാനം ചെയ്യുന്നു. മനുഷ്യനിലെ കേവലജന്തുവിനെ മാത്രം കണ്ട വ്യവഹാരവാദത്തിനും ഏകാകിയായ അന്വേഷകനെ മാത്രം കണ്ട കേവല ജ്ഞാന നിർമിതിവാദത്തിനും അപ്പുറമുള്ള ഒരു സാധ്യതയാണ് മനുഷ്യനിലെ സാമൂഹികവശത്തിൽ ഊന്നിയ സാമൂഹിക ജ്ഞാനനിർമിതിവാദം മുന്നോട്ടുവച്ചത്.

നമ്മുടെ സ്വാഭാവികമായ വികാസഗതിക്കു നിരക്കുന്നതും വ്യക്തിയെയും സമൂഹത്തെയും പരസ്പരം ബന്ധപ്പെടുത്തുന്നതും രണ്ടിന്റെയും മെച്ചപ്പെട്ട വികാസം ഉറപ്പുവരുത്തുന്നതുമായ ഈ സമീപനം ജനാധിപത്യത്തിലും സാമൂഹികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു ഭാവിസമൂഹത്തിന്റെ നിർമിതിക്ക് അനുഗുണമാണ്.

തന്നെയും തന്റെ ചുറ്റുപാടുകളെയും വിമർശനാത്മകമായി സമീപിക്കുമ്പോഴാണ് സമൂഹനിർമിതിക്കടിത്തറയാകുന്ന ജ്ഞാനനിർമിതി നടക്കുക. സാമൂഹികവും സാംസ്കാരികവുമായ വൈരുധ്യങ്ങൾ പഠിതാക്കൾ ആർജിക്കുന്ന കഴിവിനെ ബാധിക്കും. ഇത്തരം വൈരുധ്യവും വൈവിധ്യവുമായി നിരന്തരം ഇടപെടുകയും ചോദ്യംചെയ്യുകയും ചെയ്തുകൊണ്ടേ വളർച്ച സാധ്യമാവൂ. സാമാന്യബോധത്തിൽ നിന്ന് ശാസ്ത്രീയവീക്ഷണത്തിലേക്കുള്ള പരിവർത്തനം അറിവിന്റെ നിർമാണത്തിന്റെ ഭാഗമായി സംഭവിക്കണം. തന്നെയും ജീവിതപരിസരത്തെയും പഠിതാവ് വീണ്ടും വീണ്ടും പരിശോധിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നിർമാണത്തിന്റെയും പരിവർത്തനത്തിന്റെയും തുടർച്ചയായ പ്രക്രിയയാണ്. സാമൂഹിക ജ്ഞാന നിർമിതിവാദത്തിലധിഷ്ഠിതവും വിമർശനാത്മകബോധനശാസ്ത്രത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്നതുമാവണം പഠനസമീപനം.

പഠനം നടക്കുമ്പോൾ തലച്ചോറിനകത്തു നടക്കുന്ന മാറ്റങ്ങളെ നാഡീമനഃശ്ശാസ്ത്രം വിശദീകരിക്കുന്നു. നാഡീകോശങ്ങളുടെ സങ്കീർണമായ വലക്കണ്ണികളുടെ രൂപത്തിലാണു പഠനം തലച്ചോറിൽ രേഖപ്പെടുത്തുന്നത്. പഠനം നടക്കുമ്പോൾ തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ കാണിച്ചുതരാൻ കഴിയുന്ന യന്ത്രസംവിധാനങ്ങൾ ഇന്നുണ്ട്. മസ്തിഷ്കവികാസം ഏറിയകൂറും നടക്കുന്നതു ചെറുപ്രായത്തിലാണ്. ഓരോ കഴിവുമായി ബന്ധപ്പെട്ടും ചില നിർണായക വികാസവേളകളുണ്ട്. ആ പ്രായത്തിൽ അതുമായി ബന്ധപ്പെട്ട നിശ്ചിത അനുഭവങ്ങൾ ലഭിച്ചില്ലെങ്കിൽ അപരിഹാര്യമായ നഷ്ടമാവും സംഭവിക്കുക. പ്രീ-പ്രൈമറി ഘട്ടത്തിൽ അനൗപചാരികവും വൈവിധ്യപൂർണവുമായ കളിയനുഭവങ്ങൾ നൽകണം എന്ന പൊതുനിരീക്ഷണത്തെ ഇത്തരം കണ്ടെത്തലുകൾ ഒന്നുകൂടി ഉറപ്പിക്കുന്നു. വ്യത്യസ്ത ബുദ്ധിമേഖലകളിലുള്ള പഠനം തലച്ചോറിന്റെ വ്യത്യസ്തഭാഗങ്ങളെയാണു പ്രവർത്തിപ്പിക്കുന്നത്. ഒരു പ്രശ്നത്തെ നാം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വിധം വികസിച്ച വ്യത്യസ്ത ഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്തനമാണു തലച്ചോറിൽ നടക്കുന്നത്. ഇതിനർഥം ബുദ്ധിയുടെ ബഹുതലങ്ങളെ പരിഗണിച്ചുകൊണ്ടുള്ള വൈവിധ്യപൂർണമായ അനുഭവങ്ങൾ സ്കൂൾഘട്ടത്തിൽ ലഭിക്കണമെന്നാണ്. അതോടൊപ്പം തന്നെ ചില പ്രത്യേക ബുദ്ധിമേഖലകളോട് കുട്ടികൾക്കു സവിശേഷമായ ചായ്വ് ഉണ്ടാവും. അവരുടെ പഠനശൈലി ഇതുമായി ബന്ധപ്പെട്ടതാവും. അവരുടെ ഭാവിവികസന സാധ്യതയും ഏറ്റവും കൂടുതൽ ഈ മേഖലകളിലാവും. അതുകൊണ്ട് കുട്ടികളുടെ വ്യത്യസ്തത അംഗീകരിക്കുന്ന പാഠ്യപദ്ധതിയിൽ, ഓരോ കുട്ടിക്കും തന്റെ മേഖല കണ്ടെത്താനും അതിലൂടെ മുന്നേറി തന്റെയും ഒപ്പം സമൂഹത്തിന്റെയും പൊതുവികാസം ഉറപ്പുവരുത്താനുമുള്ള അവസരങ്ങൾ ഉണ്ടാവണം. അനുഭവങ്ങളുടെയും പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെയും കുറവ് പഠനത്തെ ബാധിക്കുമെന്ന സൂചനയും നാഡീമനഃശാസ്ത്രം നൽകുന്നു.

### പഠനപ്രക്രിയയുടെ നിർവഹണം

പഠനപ്രവർത്തനത്തിന്റെ മാനസികതലം പൂർത്തീകരിക്കപ്പെടേണ്ടതു കുട്ടിയുടെ മസ്തിഷ്കത്തിലാണ്. എന്നാൽ ഇതിന്റെ ഭൗതികവും സാമൂഹികവുമായ തലങ്ങൾ ആവിഷ്കരിക്കപ്പെടുന്നത് സ്കൂളിലും വീട്ടിലും മറ്റു സാമൂഹികസന്ദർഭങ്ങളിലുമായാണ്. പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായാണ് അതു കുട്ടിക്ക് അനുഭവപ്പെടുക. ഔപചാരിക വിദ്യാഭ്യാസത്തിൽ ഇത്തരം സന്ദർഭങ്ങൾ എപ്പോഴും സ്വയമേവ ഉയർന്നുവരണമെന്നില്ല. അതുകൊണ്ടുതന്നെ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിൽ അധ്യാപകർക്കും പഠനസാമഗ്രികൾക്കും സവിശേഷമായ പങ്കുണ്ട്.

ഓരോ പഠനപ്രശ്നവും ഒന്നുകിൽ സാമൂഹികപ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടതാവാം. അല്ലെങ്കിൽ സാമൂഹികപ്രശ്നങ്ങളുടെ പരിഹരണത്തിൽ പ്രസക്തമായിത്തീരുന്ന അക്കാദമിക പ്രശ്നവുമാവാം. രണ്ടുതരത്തിലായാലും ചിന്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിലും സമൂഹത്തിലെ വളർന്നുവരുന്ന ഒരംഗം എന്ന നിലയിലും കുട്ടിയിൽ ആന്തരികമായ പ്രചോദനം

ഉണ്ടാക്കുന്നതാവും ഈ പ്രശ്നം. ഇതോടെ പ്രശ്നപരിഹാരത്തിന്റെ വഴിയിലൂടെ ഉത്തരവാദിത്തപൂർണമായ യാത്ര പഠിതാവ് ആരംഭിക്കുന്നു. ഇവിടെ പഠിതാവ് ഒറ്റയ്ക്കല്ല; സഹപഠിതാക്കളും അധ്യാപകനും ഒപ്പമുണ്ട്; രക്ഷിതാവും സമൂഹവും സഹായത്തിനുണ്ട്. അതുകൊണ്ടുതന്നെ ചർച്ചചെയ്തും പങ്കുവച്ചും പ്രശ്നപരിഹരണരീതി നിർണയിക്കാനാവുന്നു. സ്വന്തം ചിന്തകൾക്കും നിർദേശങ്ങൾക്കും അർഹമായ പരിഗണന ലഭിക്കുന്നു. മുന്നറിവുകൾ, നേരത്തേ നേടിയ കഴിവുകൾ, പ്രത്യേകം തയാറാക്കപ്പെട്ട പഠനസാമഗ്രികൾ, ഉചിതമായ അധ്യാപക ഇടപെടൽ എന്നിവ ഉപയോഗിച്ച് വിവരശേഖരണവും അപഗ്രഥനവും നിർവഹിക്കുന്നു. എത്തിച്ചേർന്ന ധാരണകളുടെ വെളിച്ചത്തിൽ വ്യക്തിപരമോ സാമൂഹികമോ ആയ പ്രതികരണങ്ങളിൽ ഏർപ്പെടുന്നു. ഈ പ്രക്രിയയിൽ ഉടനീളം പങ്കുവയ്ക്കലും സംവാദവും വിലയിരുത്തലും മെച്ചപ്പെടുത്തലും നടക്കുന്നു. ഇതു വ്യക്തിയിലും കുട്ടി ഇടപെടുന്ന സമൂഹത്തിലും നിരന്തര മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

ഏതൊരു പഠനപ്രശ്നവും കുട്ടിയുടെ നിലവിലുള്ള അറിവുകൾക്കു മുകളിൽ നിൽക്കുന്നതുകൊണ്ടാണ് അതു വെല്ലുവിളിയായി മാറുന്നത്. അതേസമയം അതു കുട്ടിക്കു ലഭ്യമാവുന്ന സാഹചര്യങ്ങൾക്കും സഹായങ്ങൾക്കും അകത്തു പരിഹരിക്കപ്പെടാൻ കഴിയുന്നതുമാവണം.

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളെയും പരിമിതികളെയും കുറിച്ച് അധ്യാപകർക്ക് അറിവുണ്ടാകണം. കുട്ടിയുടെ പരിമിതികൾക്കുള്ളിലേക്കു പഠനലക്ഷ്യത്തെ ചുരുക്കുക എന്ന എളുപ്പമാർഗമല്ല നാം സ്വീകരിക്കുക. പകരം, കുട്ടിയുടെ പരിമിതികളെ മറ്റു രീതികളിൽ എങ്ങനെ മറികടക്കാമെന്ന് കൂട്ടായി ആലോചിക്കുകയും അതിനുള്ള പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതുവഴി പരമാവധി പഠനനേട്ടം ഉറപ്പുവരുത്തുകയുമാവും ചെയ്യുക.

പാഠപുസ്തകങ്ങൾ പ്രശ്നാധിഷ്ഠിത പഠനത്തിന് അനുസൃതമായി രൂപകല്പന ചെയ്യപ്പെടണം. വിജ്ഞാനത്തെ പണിതീർന്ന ഒരുൽപന്നമായി കാണരുത്. പ്രശ്നസന്ദർഭങ്ങൾക്കൊപ്പം അതു പരിഹരിക്കാനാവശ്യമായ ചില പൊതുവിവരങ്ങളും പാഠപുസ്തകത്തിൽ ഉണ്ടാവണം. അഥവാ, മറ്റ് ഉപാധികൾ വഴി അത് ഉറപ്പുവരുത്തണം. ജ്ഞാനനിർമിതിക്കായി ഒരുങ്ങിയ കുട്ടികൾ അതിന്റെ മുന്നുപാധിയായ ചില കേവലവിവരങ്ങൾക്കായി തേടിനടന്നു നിരാശപ്പെടുന്ന സ്ഥിതി ഉണ്ടാവരുത്. ഇതു ദരിദ്രപക്ഷത്തിൽപ്പെട്ട കുട്ടികളെ പിന്നാക്കക്കാരാക്കി മാറ്റും. അതേസമയം അന്വേഷണം എന്ന ശീലത്തെ ഇല്ലായ്മചെയ്യാനും പാടില്ല. പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ അവിടെ വച്ചു തന്നെ ശേഖരിക്കണം. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും പ്രാദേശികസമൂഹവും കുട്ടിക്കു തുണയാവണം.

നിലവിലുള്ള സാഹചര്യത്തിൽ പാഠപുസ്തകം മറ്റുചില ദൗത്യങ്ങൾ കൂടി ഏറ്റെടുക്കുന്നു. കുട്ടി എത്തിച്ചേരുന്ന പ്രധാന ധാരണകളും ചില പ്രതികരണരൂപങ്ങളും പാഠപുസ്തകത്തിൽ രേഖപ്പെടുത്താൻ ഇടം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ കുട്ടിയുടെ എഴുത്തുപുസ്തകത്തിൽ ഉണ്ടാവണം. ഇതുവഴി എല്ലാ വിദ്യാലയങ്ങളിലും നിശ്ചിത നിലവാരത്തിലുള്ള ചില മിനിമം കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനത്തിനു കഴിയുമല്ലോ. ഒപ്പം, സ്കൂളിൽ നടക്കുന്ന പ്രധാന പഠനപ്രവർത്തനങ്ങൾ സംബന്ധിച്ച ഏതാണ്ടൊരു ചിത്രം രക്ഷിതാവിനു നൽകാനും ഇത് ഉപകരിക്കും. പ്രതിമാസ രക്ഷാകർതൃയോഗത്തിലൂടെ ഇതിനു കൂടുതൽ വ്യക്തത വരുത്താം. രക്ഷാകർതൃ പങ്കാളിത്തമില്ലാതെ ഇത്തരമൊരു പാഠ്യപദ്ധതിക്കു ഫലപ്രദമായി മുന്നോട്ടുപോവാനാവില്ല.

അധ്യാപികയുടെ കൈവശമുള്ള സഹായകഗ്രന്ഥത്തിൽ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ, പരിഗണിക്കപ്പെടേണ്ട സാമൂഹികപ്രശ്നങ്ങൾ, പഠനത്തിന്റെ പൊതുസമീപനം, വിഷയസമീപനം, മൂല്യ

നിർണയം സംബന്ധിച്ച സൂചനകൾ എന്നിവ നൽകണം. നടക്കേണ്ട പ്രക്രിയകൾ, എത്തിച്ചേരേണ്ട ധാരണകൾ, രൂപപ്പെടേണ്ട മനോഭാവങ്ങൾ, പ്രതീക്ഷിക്കുന്ന പ്രതികരണങ്ങൾ, ഉണ്ടാവേണ്ട ഉൽപന്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാവണം. ക്ലാസിൽ ഉയർന്നുവരാനിടയുള്ള ഉള്ളടക്കസംബന്ധമായ സംശയങ്ങൾക്കു മതിയായ വിശദീകരണങ്ങൾ അതിൽ ഉണ്ടാവണം. കേരളത്തിലെ ഏതു ക്ലാസ്മുറിയിലും നടക്കേണ്ട ചില മിനിമം പ്രവർത്തനങ്ങളുടെ ക്രമീകൃത ചിത്രം പാഠപുസ്തകവുമായി ബന്ധപ്പെടുത്തി അധ്യാപകസഹായിയിൽ നൽകണം. എന്നാൽ ക്ലാസ് മുറിയിലെ ആവശ്യങ്ങൾക്ക് അനുസൃതമായി മെച്ചപ്പെട്ട മറ്റു പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഇതൊന്നും അധ്യാപകർക്കു തടസ്സമാവാനും പാടില്ല. സർഗാത്മകമായ അധ്യാപനം, പാഠ്യപദ്ധതി സമീപനത്തിനകത്തുനിന്നുകൊണ്ട് നാം പരമാവധി പ്രതീക്ഷിക്കുന്നു. മാതൃകകളും ഉദാഹരണങ്ങളും സാധ്യതകളും ക്ലസ്റ്ററുകളിൽ പങ്കുവയ്ക്കാനും പരസ്പരം മെച്ചപ്പെടുത്താനും അധ്യാപകർക്കു കഴിയണം. പ്രവർത്തനങ്ങളിൽ വരുത്തേണ്ട പ്രാദേശികമായ മാറ്റങ്ങളും ഇത്തരം വേദികളിൽ ചർച്ചചെയ്യപ്പെടണം.

പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയിൽ പ്രാദേശികമായ അനുഭവങ്ങൾ പ്രധാനമാണ്. പ്രാദേശികമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട രേഖകളും സാമഗ്രികളും പാഠങ്ങളും മറ്റും ചേരുമ്പോൾ പാഠ്യപദ്ധതി കൂടുതൽ മിഴിവുറ്റതാവും. സ്കൂൾ - ക്ലസ്റ്റർ - പഞ്ചായത്ത് തലങ്ങളിൽ ഇതിനുള്ള കൂട്ടായ്മകൾ പ്രവർത്തിക്കണം. പ്രാദേശികമായി തയാറാക്കപ്പെടുന്ന വായനസാമഗ്രികൾ, ശേഖരങ്ങൾ, പുസ്തകങ്ങൾ, റഫറൻസ് സാമഗ്രികൾ, ഐ.ടി. അധിഷ്ഠിത ഉപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും മുഖ്യപരിഗണന നൽകണം.

പഠനത്തിനു സഹായകമായ ബാലസാഹിത്യഗ്രന്ഥങ്ങൾ ഇനിയുമേറെ ഉണ്ടാവണം. ഉചിതരൂപത്തിലുള്ള മാധ്യമസഹായവും അഭിലഷണീയമാണ്. എന്നാൽ പഠനപ്രക്രിയയിലൂടെ കുട്ടി എത്തിച്ചേരേണ്ട ധാരണകൾ നേരത്തേ തയാറാക്കി നൽകുന്ന ബാഹ്യ ഇടപെടലുകൾ ഇന്ന് വിപണിയിലൂടെ നടക്കുന്നുണ്ട്. ഇതു കുട്ടികളുടെ യഥാർഥവികാസത്തെ തടയുന്ന സാമൂഹികവിരുദ്ധ പ്രവർത്തനമാണെന്നു പറയാതെ വയ്യ. ഇതിനെതിരേ അധ്യാപകർ നിലപാടെടുക്കണം; രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

ഏതൊരു പാഠ്യപദ്ധതിയും വിജയകരമായി നിർവഹിക്കപ്പെടുക, അതിന്റെ അന്തസ്സത്ത തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന അധ്യാപകരിലൂടെയാണ്. അറിവു പകരുകയോ കുട്ടിയെ അറിവു നിർമിക്കാൻ വിട്ട് പൂർണമായും മാറിനിൽക്കുകയോ ചെയ്യുന്ന അധ്യാപകരെയല്ല, മറിച്ച്, പഠനപ്രശ്നങ്ങളെ ശരിയായ വിതാനത്തിൽ ഉയർത്തിക്കൊണ്ടുവരുന്ന, കുട്ടികളെ നിരന്തരമായി പ്രചോദിപ്പിക്കുന്ന, ചോദ്യങ്ങളും സൂചനകളും വിശദീകരണങ്ങളും മറ്റും വഴി അവർക്കു കൈത്താങ്ങു നൽകുന്ന, തിരിച്ചറിവുള്ള ഒരു സമൂഹനിർമാതാവിനെയാണ് നാം അധ്യാപകരിൽ പ്രതീക്ഷിക്കുന്നത്.

### പഠിക്കാനുള്ള അവകാശം

മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ഭാഷാപരമോ ശാരീരികമോ സ്ത്രീ-പുരുഷ ഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിനു കാരണമാവരുത്. പല കാരണങ്ങളാലും വീട്ടിൽ സൗകര്യം കുറഞ്ഞ കുട്ടികൾക്ക്, അത്തരം പരിമിതികൾ അവരുടെ പഠനനേട്ടം കുറയുന്നതിന് ഇടയാക്കരുത്. അതുകൊണ്ട് പഠനത്തിനുള്ള സൗകര്യങ്ങളും അവസരങ്ങളും സമൂഹത്തിന്റെ മുൻകൈയിൽ പരമാവധി സ്കൂളിൽത്തന്നെ ഏർപ്പെടുത്തണമെന്ന വാദത്തിനു പ്രസക്തിയുണ്ട്. സ്കൂളിൽ കുട്ടിക്ക് കൂടുതൽ പഠനസൗകര്യങ്ങളും പഠനസമയവും ഒരുക്കുന്നത് ദരിദ്രപക്ഷത്തോടും പിന്നാക്കവിഭാഗങ്ങളോടും ചെയ്യുന്ന നീതിയായി കാണണം.

അതുപോലെ ശാരീരികപ്രശ്നങ്ങൾ സ്കൂൾ നൽകുന്ന മെച്ചപ്പെട്ട സാമൂഹികാനുഭവം പ്രയോജനപ്പെടുത്തുന്നതിൽ കുട്ടികൾക്കു തടസ്സമാവാതെ നോക്കണം. ശാരീരികപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ നൽകണം. സ്കൂളിനെ അവരുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തണം. അതുവഴി ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള സാധ്യത പരമാവധി പരിഗണിക്കണം.

വീട്ടിലും നാട്ടിലും എന്നതുപോലെ സ്കൂളിലും പെൺകുട്ടികൾക്ക് ആൺകുട്ടികളെപ്പോലെത്തന്നെ അവസരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

അതുപോലെ പാർശ്വവൽക്കരിക്കപ്പെടുന്നവരെ സംബന്ധിച്ച് സാംസ്കാരികമായ സവിശേഷതകളും ഭാഷാപരമായ തനിമയും നിലനിർത്തിക്കൊണ്ടു തന്നെ പഠനം രൂപകൽപ്പന ചെയ്യാൻ പാഠ്യപദ്ധതിവഴി അങ്ങേയറ്റം ശ്രമിക്കണം.

**ഭാഷാസമീപനം**

'കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007' ഭാഷാപഠനത്തിന്റെ അനന്തസാധ്യതകൾ നമുക്കു മുന്നിൽ തുറന്നിടുന്നു. ജ്ഞാനസമ്പാദനത്തിനുള്ള വിഷയങ്ങൾക്കിടയിൽ അരുകിലാക്കപ്പെട്ട ഭാഷാപഠനം ചിന്തയുടെയും സംസ്കാരത്തിന്റെയും ഭാവനയുടെയും പുതുവഴികളിലേക്കുള്ള ചൂണ്ടുപലകയാണെന്ന തിരിച്ചറിവ് ഈ രേഖ അവതരിപ്പിക്കുന്നുണ്ട്. സ്കൂൾവിദ്യാഭ്യാസത്തിന്റെ എല്ലാഘട്ടങ്ങളിലും ഭാഷാപഠനത്തിനു പ്രമുഖ സ്ഥാനം കല്പിക്കുന്നവയാണ് ഇതിലെ നിർദേശങ്ങൾ.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ ഭാഷകൾക്കുള്ള പ്രാധാന്യം ഏതു പാഠ്യപദ്ധതി രൂപീകരണത്തിലും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. ആധുനിക ഭാഷാശാസ്ത്രവും മനശ്ശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ സാധ്യതകൾക്ക് അടിവരയിടുന്നു. ഭാഷാപഠനം ബൗദ്ധികവികാസത്തിനും യുക്തിചിന്ത വളർത്താനും സഹായിക്കുന്നുണ്ട്.

1997-98 മുതൽ സംസ്ഥാനത്തു പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയതിന്റെ ഭാഗമായി ഭാഷാപാഠപുസ്തകങ്ങൾ, പഠനരീതി, മൂല്യനിർണയം എന്നിവയിൽ സമഗ്രമായ മാറ്റം വരുത്തുകയുണ്ടായി. ഇതു ഭാഷാപഠനം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്. ഭാഷ ഉൽപാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷമൊരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യുന്ന രീതി പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി പ്രദാനം ചെയ്യുന്നു. വിദ്യാർഥികളിലെ സർഗാത്മകത ഉണർത്തുന്നതിന് ഈ പഠനരീതി സഹായിച്ചിട്ടുണ്ട്. ഓർമ പരിശോധിക്കുന്ന ചോദ്യരീതിയിൽനിന്നു ഭാഷാശേഷികളും ചിന്താപ്രക്രിയയും പരിഗണിക്കുന്ന ചോദ്യങ്ങൾക്കു പ്രാധാന്യം നൽകുന്ന പരീക്ഷാരീതി നിലവിൽ വന്നു. സ്കൂൾലൈബ്രറികൾ സജീവമാകാൻ പുതിയ പാഠ്യപദ്ധതി വഴി തെളിച്ചു. കുട്ടികൾക്കുവേണ്ടി ധാരാളം പ്രസിദ്ധീകരണങ്ങൾ ഇന്നു പ്രചാരം നേടിവരുന്നതു ഭാഷാ പാഠ്യപദ്ധതിയുടെ സ്വാധീനം കൊണ്ടാണ്. സാങ്കേതികവിദ്യയുടെ സഹായം ഭാഷാപഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട് എന്ന് ഈ രേഖ സൂചിപ്പിക്കുന്നു.

**ഭാഷാപഠനം - പൊതുസമീപനം**

വ്യവഹാരമനശ്ശാസ്ത്രത്തിൽ അധിഷ്ഠിതമായ ഭാഷാപഠനരീതിയുടെ സ്ഥാനത്ത് കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി ഉപയോഗപ്പെടുത്തുന്ന സമീപനമായാണ് പുതിയ പാഠ്യപദ്ധതി അവതരിപ്പിച്ചത്. ഭാഷ ഉല്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും ഉപയോഗപ്പെടുത്തുകയും ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മകപ്രകടനങ്ങളും നടത്തുന്നതിന് അവസരം നൽകുകയും ചെയ്യുന്നതാണ് ഈ രീതി. വിഗോട്സ്കി, ബ്രൂണർ തുടങ്ങിയ സാമൂഹികജ്ഞാനനിർമിതിവാദികളുടെ ആശയങ്ങളും ഭാഷാശാസ്ത്ര രംഗത്ത് നോം ചോംസ്കി നടത്തിയ കണ്ടെത്തലുകളുമാണ് ഈ സമീപനത്തിന്റെ പ്രധാന അടിത്തറകളിൽ ഒന്ന്. ഇതോടൊപ്പം കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസപ്രക്രിയയെക്കുറിച്ച് വിദേശത്തും

കേരളത്തിലും  നടത്തിയ പരീക്ഷണങ്ങളുടെ അനുഭവങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പൊതുവിൽ സാമൂഹിക ജ്ഞാനനിർമിതിവാദം, ചോംസ്കി ആവിഷ്കരിച്ച സർവഭാഷാ വ്യാകരണസിദ്ധാന്തം, ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം, ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, മാനവികതാദർശനം എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ഭാഷാസമഗ്രതാ ദർശനമാണ് ഇപ്പോൾ ഭാഷാ പഠനത്തിന്റെ അടിത്തറയായി വർത്തിക്കുന്നത് എന്നു കാണാം.

## ഭാഷാപഠനരീതി

ഭാഷാർജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണു മാതൃഭാഷ. കുട്ടിയുടെ വികാരവിചാരങ്ങളെയും പ്രതികരണങ്ങളെയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് ഇത്. അതിനാൽ സ്കൂൾവിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വ്യത്യസ്ത ധർമങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ജ്ഞാനനിർമിതിക്ക് മാതൃഭാഷയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

ഒരു വ്യക്തിയുടെ പഠനത്തെ സ്വാധീനിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്ന ഘടകമാണ് അയാളുടെ പഠനരീതി. സ്വാഭാവികതയോടെയുള്ള ആശയസ്വാംശീകരണത്തിനു സഹായിക്കുന്നതും പഠനരീതി തന്നെയാണ്.

വിവരത്തെ അല്ലെങ്കിൽ വസ്തുക്കളെ സമീപിക്കാനും ശേഖരിക്കാനും അപഗ്രഥിക്കാനുമുള്ള ഓരോരുത്തരുടെയും  കഴിവിനെ സഹായിക്കുന്ന മുൻഗണനാക്രമത്തിലുള്ള  നൈപുണികളുടെ ശേഖരമാണു പഠനരീതി.

- സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ
- പ്രവർത്തനങ്ങളിലെ പങ്കാളിത്തം
- മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കൽ
- പ്രശ്നങ്ങൾ പരിഹരിക്കൽ

എന്നിവയെല്ലാം ഓരോരുത്തരുടെയും പഠനരീതിയെ സ്വാധീനിക്കുന്നുണ്ട്.

പഠനരീതി തിരിച്ചറിയുന്നത് അധ്യാപികയെ പഠനച്ചുമതലകൾ തിരഞ്ഞെടുക്കുന്നതിനു സഹായിക്കും. കൂടാതെ ആവശ്യമായ പഠനസങ്കേതങ്ങൾ ഏതെന്നു തിരഞ്ഞെടുക്കാനും ഉപയോഗിക്കാനും അധ്യാപികയെ സഹായിക്കും. കുട്ടികൾക്കു വ്യത്യസ്ത തരത്തിലുള്ള പഠനരീതികളുണ്ടെന്നും അതിനനുസരിച്ചാണ് പഠനാനുഭവങ്ങൾ തയാറാക്കി നൽകേണ്ടതെന്നും ഉള്ള ധാരണ അധ്യാപികയ്ക്കു വേണം.

## അധ്യാപക ശാക്തീകരണം

വൈവിധ്യമാർന്ന നിരവധി പ്രശ്നങ്ങളാൽ വലയം ചെയ്യപ്പെട്ട ഒരു ലോകമാണു നമ്മുടെ മുമ്പിലുള്ളത്. സമൂഹവളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും പ്രശ്നങ്ങളുടെ സങ്കീർണത മാനവസമൂഹം അനുഭവിച്ചിരുന്നു. അവയുമായുള്ള ഏറ്റുമുട്ടലുകളിലൂടെയാണ് എല്ലാ വികാസങ്ങളും സാധ്യമായിട്ടുള്ളത്.

കേരളസമൂഹം നേരിടുന്ന കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാവണം നമ്മുടെ പാഠ്യപദ്ധതി. വിവിധ രംഗങ്ങളിൽ നാം നേരിടുന്ന പ്രശ്നങ്ങൾ വിശകലനവിധേയമാക്കിയാൽ അവയുടെ അടിത്തറയായിട്ടുള്ള കാമ്പുപ്രശ്നങ്ങൾ കണ്ടെത്താനാവും. അവയാകട്ടെ, ജീവിതത്തിന്റെ സമസ്തരംഗങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയുമാണ്. ഓരോ കുട്ടിയുടെയും ജീവിതത്തെ അവ സ്വാധീനിക്കുന്നു. സ്വന്തം ജീവിതാനുഭവവുമായി

ബന്ധിപ്പിക്കുന്ന പഠനാനുഭവങ്ങൾ ഉയർന്ന ചിന്തകൾക്കും ഭാവിജീവിതത്തിന്റെ തയാറെടുപ്പിനും കുട്ടിയെ സഹായിക്കുന്നു.

ക്ലാസ്മുറിയിൽ എത്തിയിരിക്കുന്ന കുട്ടികളെ അസ്വസ്ഥരാക്കുന്നത് എന്തെല്ലാമാണ്? സ്കൂൾവളപ്പിൽ നിന്ന് ശുദ്ധജലം യഥേഷ്ടം കിട്ടുന്നില്ല. മഴക്കാലത്തിന്റെ അസ്വസ്ഥതകൾ മറുവശത്ത്. ഇതിനെക്കുറിച്ചു ചിന്തിക്കാനും പ്രതികരിക്കാനും എപ്പോഴാണ് അവസരം നൽകുന്നത്? ഭാവിജീവിതത്തിൽ ഇത്തരം പ്രശ്നങ്ങളെ നേരിടാൻ എങ്ങനെ കഴിയും?

സജീവമായ ഇടപെടലിന്റെ മേഖലയായി മാറുമ്പോഴാണ് ഏതൊരു പഠനവും ഉൾക്കാഴ്ചയുടെ തലങ്ങളിലേക്കു വളരുന്നത്. തനിക്ക് അന്യമായതോ ഒന്നും സംഭാവനചെയ്യാനില്ലാത്തതോ ആയ ഒരു മേഖലയെ സംബന്ധിച്ച വിവരങ്ങൾ കുത്തിനിറയ്ക്കുന്ന പ്രക്രിയയ്ക്കുപകരം, തന്നെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഊന്നിയ അന്വേഷണങ്ങളിലൂടെ പഠനം ഉന്മേഷവത്തായി മാറുന്നു. ഈ പശ്ചാത്തലത്തിലാണ് പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയെക്കുറിച്ചു ചിന്തിക്കേണ്ടിവരുന്നത്.

## പ്രശ്നമേഖലകൾ

കേരളസമൂഹം നേരിടുന്ന നിരവധി പ്രശ്നങ്ങളുടെ കേന്ദ്രം എന്ന നിലയിൽ എട്ടു പ്രശ്നമേഖലകൾ നിർണയിച്ചുകൊണ്ടാണ് പാഠ്യപദ്ധതി വിശദാംശങ്ങൾ അന്വേഷിക്കാൻ ആരംഭിച്ചത്.

- കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ
- ശാസ്ത്രീയമായ സ്ഥല-ജല-മാനേജ്മെന്റിന്റെ അഭാവം.
- പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണന ഇല്ലായ്മ.
- ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാടിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും ക്കുറിച്ച് ധാരണ ഇല്ലായ്മ.

എന്നീ എട്ടു മേഖലകളാണ് പാഠ്യപദ്ധതി പൊതുവായി സ്വീകരിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിന്റെ ഉള്ളിലും സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തി പ്രശ്നങ്ങളും ഉപപ്രശ്നങ്ങളും വേർതിരിച്ചെടുത്തു. അവ വിവിധ ക്ലാസുകളിലായി, വിവിധ വിഷയങ്ങളിലായി വിന്യസിച്ചുകൊണ്ടാണ് പാഠ്യപദ്ധതി രൂപീകരണം നിർവഹിച്ചിട്ടുള്ളത്.

പ്രശ്നങ്ങളുടെ വിശകലനത്തിൽ നിന്ന് അവയുമായി ബന്ധപ്പെട്ട ആശയങ്ങൾ, വികസിച്ചുവരേണ്ട ധാരണകളും കഴിവുകളും മനോഭാവങ്ങളും, പഠനത്തിന്റെ ഭാഗമായി നിരീക്ഷണവിധേയമാക്കാൻ കഴിയുന്ന പ്രകടനങ്ങൾ തുടങ്ങിയവ നിർണയിക്കപ്പെട്ടിട്ടുണ്ട്. പാഠഭാഗങ്ങളുടെ തിരഞ്ഞെടുപ്പ്, യൂണിറ്റുകളുടെ ക്രമീകരണം, പ്രവർത്തനങ്ങളുടെ വിന്യാസം തുടങ്ങിയവ ഇതിലൂടെയാണു നിർവഹിക്കപ്പെട്ടത്. അതിനാൽ പ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ടുവേണം പഠനാനുഭവങ്ങൾ ഒരുക്കേണ്ടത്.

## പാഠപുസ്തകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

പ്രാഥമികതലത്തിലുള്ള പഠനോപകരണമാണ് പാഠപുസ്തകം. ഇതു നൽകുന്ന അടിത്തറ ഉറപ്പിച്ചുകൊണ്ടാണ് പഠനത്തിന്റെ ഉയർന്ന തലങ്ങൾ ഒരുക്കേണ്ടത്. വായിക്കാനും ചിന്തിക്കാനും ചർച്ചചെയ്യാനും ആവിഷ്കാരങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള സന്ദർഭങ്ങൾ പാഠ

പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്. അതിന്റെ എല്ലാ സാധ്യതകളും ക്ലാസ്മുറിയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. പാഠപുസ്തകത്തിന്റെ സഹായത്തോടെയുള്ള പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമായ പിന്തുണ നൽകാൻ *അധ്യാപകസഹായി* പ്രയോജനപ്പെടുത്തണം.

ഓരോ ക്ലാസിലും രണ്ടു പാഠപുസ്തകം വീതം രൂപപ്പെടുത്തിയിട്ടുണ്ട്. ഇവ രണ്ടു വ്യത്യസ്ത ധർമങ്ങൾ നിറവേറ്റുന്നവയുമാണ്. മുമ്പ് നിലനിന്നിരുന്ന പാഠപുസ്തകം, ഉപപാഠപുസ്തകം എന്നിവയ്ക്കു പകരം കേരളപാഠാവലിയും അടിസ്ഥാന പാഠാവലിയും നൽകുമ്പോൾ അവ നിർവഹിക്കുന്ന ധർമത്തിലും വ്യത്യാസം വരുത്തിയിട്ടുണ്ട്. അധികവായനയ്ക്കുള്ള വിഭവം എന്ന നിലയിലാണ് ഉപപാഠപുസ്തകങ്ങൾ നടപ്പിലാക്കിയിരുന്നത്. വായനയ്ക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാവാതിരുന്ന സന്ദർഭത്തിൽ ഉപപാഠപുസ്തകങ്ങൾ വലിയൊരു സഹായമായിരുന്നു. എന്നാൽ ഇന്ന് ക്ലാസ് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും ശക്തിപ്പെടുത്തിക്കൊണ്ട് വായനയ്ക്കുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. അഭിരുചിക്കനുസരിച്ച് വൈവിധ്യമുള്ള രചനകൾ തിരഞ്ഞെടുത്തു വായിക്കാനും അവയെ പഠനപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താനും കഴിയുന്നുണ്ട്. അതുകൊണ്ട് ഉപപാഠപുസ്തകമെന്ന അധികവായനാവിഭവം അപ്രസക്തമായിത്തീരുന്നു.

ഉപപാഠപുസ്തകത്തെ ആശ്രയിച്ചു മാത്രം മാതൃഭാഷാപഠനം നടത്തിവരുന്ന ഒരു വിഭാഗം വിദ്യാർഥികളുണ്ട്. അവർക്കാകട്ടെ, മികച്ച ഭാഷാപഠന സന്ദർഭങ്ങൾ പ്രദാനം ചെയ്യാൻ ഉപപാഠപുസ്തകങ്ങൾക്കു കഴിയുന്നുമില്ല. ഭാഷാപഠനത്തിന്റെ മൂല്യവത്തും അർഥവത്തുമായ ഒരു തലം അറബി, സംസ്കൃതം, ഉർദു എന്നിവ ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്കും ലഭ്യമാക്കേണ്ടതില്ലേ. മാതൃഭാഷ മാത്രം ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്കും മേൽപ്പറഞ്ഞ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു പാഠപുസ്തകം തയാറാക്കിയത് ഈ പശ്ചാത്തലത്തിലാണ്. പ്രശ്നമേഖലകളിൽ കുറേയെണ്ണം അടിസ്ഥാന പാഠപുസ്തകത്തിലും മറ്റുള്ളവ കേരളപാഠാവലിയിലും വിന്യസിച്ചുകൊണ്ടാണ് ഇതു സാധ്യമാക്കിയിട്ടുള്ളത്. അതിനാൽ രണ്ടു പാഠപുസ്തകങ്ങളെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. പ്രശ്നമേഖലകളുടെ ചാക്രികമായ വിതരണത്തിലൂടെ എല്ലാ പ്രശ്നമേഖലകളിലൂടെയും കടന്നുപോകാൻ വിവിധ ക്ലാസുകളിൽ വച്ച് എല്ലാ കുട്ടികൾക്കും അവസരം ലഭിക്കും.

രണ്ടു പാഠപുസ്തകത്തിലും സമാനമായ വ്യവഹാരരൂപങ്ങളോ സാധർമ്യമുള്ള പ്രവർത്തനങ്ങളോ നിർദേശിക്കപ്പെട്ടിട്ടുണ്ടാവും. പ്രവർത്തനത്തിന്റെ/ വ്യവഹാരത്തിന്റെ തലം നിർണയിച്ചുകൊണ്ടാണ് ഇത്തരം ആവർത്തനങ്ങളെ നേരിടേണ്ടത്. ഉദാഹരണമായി, കത്ത് എന്ന വ്യവഹാരം ഒരേ ക്ലാസിലെ രണ്ടു പാഠപുസ്തകത്തിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കരുതുക. രണ്ടു കത്തിന്റെയും പശ്ചാത്തലത്തിലെ വ്യത്യാസം ആദ്യമായി പരിഗണിക്കണം. പ്രക്രിയാതലത്തിൽ ആവശ്യമായ വൈവിധ്യം ഉറപ്പുവരുത്തുകയും ചെയ്യണം. അടിസ്ഥാന പാഠപുസ്തകത്തെ ആശ്രയിച്ച് ഈ പ്രവർത്തനം രൂപീകരിക്കുമ്പോൾ വ്യവഹാരധർമത്തിന് കൂടുതൽ ഊന്നൽ നൽകാം. ദൈനംദിന ജീവിതത്തിൽ അനിവാര്യമായ ഒരു വ്യവഹാരമെന്ന നിലയിൽ അതിൽ വൈദഗ്ധ്യം നേടാൻ എല്ലാ കുട്ടികൾക്കും കഴിയേണ്ടതില്ലേ.

കേരളപാഠാവലിയുമായി ബന്ധപ്പെട്ട് ഈ പ്രവർത്തനത്തിൽ ഏർപ്പെടുത്തുമ്പോൾ സർഗാത്മകതയ്ക്കും ഉയർന്ന ചിന്തയ്ക്കും അവസരം നൽകാം. ഇങ്ങനെ സൂക്ഷ്മമായ വിശകലനത്തിലൂടെ പ്രവർത്തനങ്ങളിൽ വൈവിധ്യം വരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

### അധ്യാപകസഹായിയും അധ്യാപകശാക്തീകരണവും

കുട്ടികൾക്കു വിവരങ്ങൾ എത്തിച്ചുകൊടുക്കുക എന്ന ധർമമല്ലല്ലോ പാഠപുസ്തകം നിർവഹിക്കുന്നത്. അറിവിന്റെ നിർമാണത്തിനുള്ള പ്രവർത്തനത്തിൽ പ്രയോജനപ്പെടുത്തേണ്ട പ്രധാന ഉപകരണമാണ് പാഠപുസ്തകം. അതുപോലെ അധ്യാപകർക്കു വിവരങ്ങൾ നൽകുന്ന ഒരു

ശേഖരമല്ല *അധ്യാപകസഹായി.* അധ്യാപകശാക്തീകരണം ലക്ഷ്യമാക്കി നൽകുന്ന പല പിന്തു ണകളിൽ ഒന്നായിട്ടാണ് *അധ്യാപകസഹായി*യെ പരിഗണിക്കേണ്ടത്.

- അധ്യാപകപരിശീലനങ്ങൾ
- ക്ലസ്റ്റർതല കൂടിയിരിപ്പുകൾ
- സ്കൂൾ വിഷയഗ്രൂപ്പുകളുടെ കൂടിയിരിപ്പുകൾ
- സ്വതന്ത്രമായ അന്വേഷണങ്ങൾ
- ക്ലാസ്റൂം അനുഭവങ്ങൾ
- തത്സമയപിന്തുണ

എന്നിവയിലൂടെയാണ് അധ്യാപകശാക്തീകരണം ഫലവത്തായിത്തീരുന്നത്. സ്വയം മെച്ച പ്പെടലുകളും കൂട്ടായ ചർച്ചകളും ഇതിന്റെ ഭാഗമാണ്.

ജ്ഞാനനിർമിതി, സാമൂഹിക ജ്ഞാനനിർമിതി എന്നിവയുടെ തത്ത്വങ്ങൾ പരിഗണിച്ചാണ് ഈ *അധ്യാപകസഹായി* രൂപപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രീകൃതമായി മുൻകൂട്ടി രൂപപ്പെടുത്തിയ സാമ ഗ്രികൾക്കുപരിയായി ക്ലാസ് സാഹചര്യങ്ങൾക്കനുസരിച്ച് അധ്യാപകർ രൂപപ്പെടുത്തുന്ന സാമ ഗ്രികളും പഠനത്തിനു പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനുവേണ്ടി ചില രചനകൾ നിർവ ഹിക്കാനുള്ള നിർദേശങ്ങൾ *അധ്യാപകസഹായി*യിൽ നൽകുന്നു. ഈ രചനകൾ സൂക്ഷ്മമായി നിർവഹിക്കുകയും അധ്യാപകരുടെ വിവിധ തലങ്ങളിലുള്ള കൂടിയിരിപ്പുകളിൽ അവതരിപ്പിച്ച് ചർച്ചചെയ്യുകയും വേണം.

## രചനകളിൽ ഏർപ്പെടുമ്പോൾ

നാം ഒരു ആസ്വാദനം തയാറാക്കുമ്പോഴാണ് അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാകുന്നത്. ആലോ ചനയിൽ പുതിയ വഴികൾ തെളിയുകയും ചെയ്യും. ഈ അനുഭവം കുട്ടികൾക്കു പിന്തുണ നൽകാൻ സഹായകമാവും.

ധാരാളം റഫറൻസുകളും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരശേഖരണവും കൊണ്ട് ഒരു രചന എങ്ങനെ സമ്പുഷ്ടമാകുമെന്നു തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ *അധ്യാപകസ ഹായി*യിൽ നിർദേശിച്ചിട്ടുള്ള രചനകൾ നിർവഹിക്കുമല്ലോ. രചനാശൈലി മെച്ചപ്പെടുത്താൻ നാം എന്തൊക്കെയാണു ചെയ്യുന്നത്? എത്ര തവണ മാറ്റിയെഴുതാൻ കഴിഞ്ഞു? ഓരോ മാറ്റി യെഴുത്തിലൂടെയും എന്തൊക്കെ മെച്ചങ്ങളാണ് കൈവന്നത്? കുറിപ്പുകൾ തയാറാക്കുന്നത് എങ്ങനെ? അവ വികസിപ്പിച്ച് രചന നിർവഹിക്കുമ്പോഴുള്ള മെച്ചങ്ങൾ എന്തെല്ലാം? തുടങ്ങിയ കാര്യങ്ങളിൽ ഉൾക്കാഴ്ച രൂപീകരിക്കാൻ ഇതുമൂലം കഴിയും. ഭാഷ മെച്ചപ്പെടുത്തുന്നതിന് ഭാഷ പ്രയോഗിക്കുക തന്നെ വേണം. ഈ പാഠം കുട്ടികൾക്കു നൽകാൻ സ്വന്തം അനുഭവങ്ങൾ പ്രയോജനപ്പെടും.

## ക്ലസ്റ്റർതല കൂടിയിരിപ്പുകൾ

കൊടുക്കൽ വാങ്ങലുകളും സംവാദങ്ങളും ജ്ഞാനനിർമിതിയെ ശക്തിപ്പെടുത്താൻ സഹായി ക്കുന്നു. അധ്യാപകരുടെ ചിട്ടയായ കൂടിയിരിപ്പ് അനുഭവങ്ങൾ ക്ലാസ്മുറിയിലും സംക്രമിപ്പി ക്കാൻ കഴിയും. ക്ലസ്റ്റർതല കൂടിയിരിപ്പിന്റെ ഒരു സാധ്യതയായി ഇതിനെ കണക്കാക്കാം.

അനുഭവങ്ങളുടെ പങ്കുവയ്പിനും രചനകളുടെ മെച്ചപ്പെടുത്തലിനും അധ്യാപകർക്കു ലഭിക്കുന്ന മികച്ച വേദിയാണ് ക്ലസ്റ്റർയോഗങ്ങൾ. *അധ്യാപകസഹായി* യിൽ നിർദേശിച്ചിട്ടുള്ളതും അല്ലാ ത്തതുമായ രചനകൾ ക്ലസ്റ്റർയോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചചെയ്യണം. മികച്ചവ കൈമാറി ഉപയോഗിക്കാനും കഴിയുമല്ലോ. ക്ലാസ്റൂം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി

കുട്ടികളുടെ രചനകളും ക്ലസ്റ്റർയോഗങ്ങളിൽ പരിശോധിക്കപ്പെടണം. ക്ലാസ്മുറിയിൽ ആവശ്യ മായ സാമഗ്രികളുടെ കൂട്ടായ നിർമാണത്തിനുള്ള വേദികൂടിയാണ് ഇവ.

ക്ലാസ്റൂമിലേക്കു രൂപപ്പെടുത്തിയ ഒരു പ്രവർത്തനം പ്രയോഗിച്ചു നോക്കുമ്പോൾ (സിമുലേ ഷൻ) ക്ലസ്റ്ററിൽ പല കാര്യങ്ങളിലും തെളിച്ചം ലഭിക്കും.

- പ്രവർത്തനങ്ങളിൽ വരുത്തേണ്ട മെച്ചപ്പെടുത്തൽ
- കൂടുതലായി കണ്ടെത്തേണ്ട ഉപകരണങ്ങൾ
- വിലയിരുത്തൽസാധ്യതകൾ
- അവതരണം, ക്രോഡീകരണം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തുടങ്ങിയവയിൽ ധാരണ രൂപപ്പെടുത്താൻ ഇതിലൂടെ കഴിയും. മികച്ച പ്രവർത്തനങ്ങൾ പര സ്പരം പ്രയോജനപ്പെടുത്തുകയും ചെയ്യാമല്ലോ.

## പ്രശ്നാധിഷ്ഠിത പഠനം (Problem Based Education)

### പഠനം ഒരു സാമൂഹികപ്രക്രിയ

പഠനം എന്നതിന് മനുഷ്യനോളം പഴക്കമുണ്ട്. മനുഷ്യനോടൊപ്പം രൂപംകൊണ്ടതും വളർന്നുവ രുന്നതുമായ പ്രക്രിയയാണത്. മനുഷ്യനിൽ അടങ്ങിയതും അവൻ വികസിപ്പിക്കുന്നതുമാണെ ങ്കിലും പഠനത്തിന് മനുഷ്യന്റെ സാമൂഹികവികാസത്തെയാകെ സ്വാധീനിക്കാനുള്ള കഴിവുണ്ട്. മനുഷ്യന്റെ സാമൂഹികവികാസവും പഠനവും പരസ്പരം സ്വാധീനിക്കുകയും വളർത്തുകയും ചെയ്യുന്നു. പഠനമെന്നത് ഒറ്റപ്പെട്ട വ്യക്തികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന ഒന്നല്ല. വ്യക്തികളോരോരുത്തരും നിർവഹിക്കുന്ന പഠനങ്ങൾക്കെല്ലാം ഒറ്റനോട്ടത്തിൽ കാണാവുന്നതോ സൂക്ഷ്മവിശകലനത്തിൽ മാത്രം കാണാവുന്നതോ ആയ സാമൂഹികതലങ്ങളുണ്ട്. ഇന്നലെ വരെ നേടിയ സാമൂഹികമായ ജ്ഞാനരൂപങ്ങളെ (Knowledge forms) ഉപയോഗപ്പെ ടുത്തിക്കൊണ്ടു മാത്രമേ ഏതൊരാൾക്കും ഇന്നു പുതിയ ജ്ഞാനങ്ങളെ ഉണ്ടാക്കിയെടുക്കാൻ കഴിയൂ. പഠനമെന്നതു ശൂന്യതയിൽ നിന്നു രൂപംകൊള്ളുന്നതല്ല; നിരവധി നൂറ്റാണ്ടുകളിലൂടെ സാമൂഹികമായി തുടരുന്ന പ്രക്രിയയാണ്.

അതുകൊണ്ടുതന്നെ പഠനത്തിന്റെ ലക്ഷ്യമെന്താണെന്ന ആലോചന ഓരോ കാലത്തെയും സാമൂഹികാവശ്യങ്ങളുമായി ബന്ധപ്പെടുന്നതാണ്. പെറുക്കിത്തിന്നും വേട്ടയാടിയും ജീവിച്ചി രുന്ന കാലത്ത് അതിനുള്ള വിവരങ്ങളും വിരുതും മൂർച്ചപ്പെടുത്തലാണ് പഠനലക്ഷ്യമായി മാറു ക. എന്നാൽ നട്ടും നനച്ചും വസ്തുക്കൾ ഉണ്ടാക്കാൻ തുടങ്ങിയ കാലത്ത് നായാട്ടുവിദ്യകളെ ലക്ഷ്യംവയ്ക്കുന്ന പഠനം തനി പഴഞ്ചനായിരിക്കും. ഇവിടെ കാർഷികവിദ്യകളും വിരുതുകളും നല്ലപോലെ ആഴത്തിലും പരപ്പിലും കൈവശമാക്കലും വളർത്തിയെടുക്കലുമാവും കാലത്തിനു നിരക്കുന്ന പഠനലക്ഷ്യം. സാമൂഹികമായ ജീവനോപായങ്ങളെ ക്രമമായി മുന്നോട്ടുകൊണ്ടു പോവുക എന്ന ആവശ്യം എല്ലായ്പ്പോഴും പഠനത്തിനുണ്ട്. അതായത്, നല്ല നിലയിൽ ഉൽപ്പാ ദനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പഠനത്തിലേർപ്പെടുന്നവരെ പ്രാപ്തരാക്കുക എന്നത് പഠനത്തിന്റെ ലക്ഷ്യമാണ്.

### പരുവപ്പെടുത്തൽ വിദ്യാഭ്യാസത്തിന്റെ നിരാകരണം

ഉൽപ്പാദന പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടുന്ന ഭൗതിക ജ്ഞാന ങ്ങളെ മാത്രം ലക്ഷ്യമിടുന്ന പഠനം വളരെ ലളിതമായ ഘടനയുള്ള സമൂഹത്തിലേ സാധ്യമാവൂ.

നാം ജീവിക്കുന്ന സമൂഹമാവട്ടെ, ആയിരത്താണ്ടുകളിലൂടെയുള്ള പരിണാമങ്ങൾ വഴി നിരവധി തട്ടുകളായി മാറിയ അതിസങ്കീർണമായ ഒരു വ്യവസ്ഥയാണ്. ഇവിടെ പഠനമെന്നത് പലപ്പോഴും നിലനിൽക്കുന്ന വേർതിരിവുകളെ അതേപോലെ നിലനിർത്താൻ കൂടി സഹായകമാവുന്നു. എല്ലാവരുടെയും ക്ഷേമവും വികാസവും പ്രഖ്യാപിതലക്ഷ്യമാവുമ്പോൾത്തന്നെ സമൂഹത്തിലെ താഴെക്കിടയിൽ കഴിയുന്നവരുടെ ആവശ്യങ്ങളോടും പ്രശ്നങ്ങളോടും നിസ്സംഗതയും അവഗണനയും പുലർത്തിക്കൊണ്ടാണ് പഠനസമ്പ്രദായം നിലവിലുള്ള അവസ്ഥയെ നിലനിർത്തുന്നത്. ഇതിനെ തിരിച്ചറിയാൻ കഴിയാത്തവിധം വ്യക്തികളെ മാനസികമായി രൂപപ്പെടുത്തുന്ന പ്രവർത്തനം വളരെ സ്വാഭാവികമായി തന്നെ പഠനം വഴി നിർവഹിക്കപ്പെടുന്നുണ്ട്. ചുറ്റും കാണുന്ന എന്തിനെക്കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കുന്ന, ജിജ്ഞാസയോടെ സ്കൂളിലെത്തിച്ചേരുന്ന കുട്ടികൾക്കു സംഭവിക്കുന്ന മാറ്റം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഏറ്റവും കൂടിയ സാക്ഷരതാനിരക്കും അഭ്യസ്തവിദ്യരുടെ ബാഹുല്യവും നമ്മുടെ നേട്ടമായി കാണിക്കാനാവുമ്പോൾത്തന്നെ ഉൽപാദനപ്രക്രിയകളിൽ നിന്നകന്ന് പൊള്ളയായ ഉപഭോഗസമൂഹമായി നാം മാറുന്നതിൽ, അഥവാ മാറ്റുന്നതിൽ പഠനം വഹിക്കുന്ന പങ്കും ചെറുതല്ല. എല്ലാവരെയും ഉയർത്താനും വളർത്താനും ലക്ഷ്യമിടുന്നു എന്ന നാട്യത്തിൽ നിലവിലുള്ള സാമൂഹിക അസമത്വങ്ങളെയും അനീതികളെയും വിമർശനവിധേയമാക്കാതെ മുന്നോട്ടു പോകുന്ന പഠനസമീപനത്തിൽ മാറ്റം വരുത്തേണ്ടതല്ലേ?

## പഠനവും സാമൂഹികമാറ്റവും

നിലവിലുള്ള ജീവനോപായങ്ങളെ വളർത്തിയെടുക്കുന്നതോടൊപ്പം വ്യവസ്ഥയ്ക്കു കീഴ്പ്പെടുന്ന മനസ്സുള്ളവരാക്കി ആളുകളെ മാറ്റുക എന്നതും പഠനത്തിലൂടെ നിർവഹിക്കപ്പെടുന്നുണ്ട് എന്നു നാം കണ്ടു. എന്നാൽ, കേരളത്തിലടക്കം വിവിധ സ്ഥലങ്ങളിൽ നടന്ന നവോത്ഥാനപ്രവർത്തനങ്ങളും ദേശീയപ്രസ്ഥാനത്തിന്റെ സമരങ്ങളും കർഷകരുടെയും തൊഴിലാളികളുടെയും വിമോചനപ്രവർത്തനങ്ങളും നമ്മെ മറ്റൊരു കാര്യം ധരിപ്പിക്കുന്നുണ്ട്. പഠനത്തിനു സമൂഹത്തെ മാറ്റുക എന്ന ലക്ഷ്യവും നിർവഹിക്കാനാവും. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന നവോത്ഥാന മുദ്രാവാക്യം പഠനത്തിന്റെ വിമോചനലക്ഷ്യത്തെയാണു സൂചിപ്പിക്കുന്നത്. എല്ലാ സാമൂഹിക - സാമ്പത്തിക വേർതിരിവുകളും മറികടന്ന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിധം കേരളത്തിലെ വിദ്യാഭ്യാസസംവിധാനം വളർന്നുവന്നതു വിദ്യാഭ്യാസത്തിന്റെ വിമോചനലക്ഷ്യം മുന്നിൽ വച്ചുകൊണ്ടാണ്.

വിദ്യാഭ്യാസത്തിന്റെ വിമോചനലക്ഷ്യത്തെ കാലത്തിനിണങ്ങും വിധം വളർത്തിക്കൊണ്ടു പോകാനുള്ള ചുമതല നമുക്കുണ്ട്. ഈ ലക്ഷ്യം ഉന്നംവയ്ക്കുന്ന പഠനം സമൂഹത്തിന്റെയും അതിലടങ്ങുന്ന വ്യക്തികളുടെയും സർവതോമുഖമായ വികാസത്തിന്റെ താൽപര്യത്തെ ഉയർത്തിപ്പിടിക്കും. ഇന്നു നമുക്കു ചുറ്റുമുള്ള ജീവിതം എല്ലാ വിഭാഗങ്ങൾക്കും തുല്യാവസരം നൽകുന്നില്ല എന്നെല്ലാവർക്കും അറിയാം. നിരവധി വിഭാഗങ്ങൾക്ക് സാമൂഹികനീതിയും അവസരങ്ങളും നിഷേധിക്കപ്പെടുന്നു. സാമൂഹികമായ അവസരങ്ങൾ സമൃദ്ധമായി ലഭിക്കുന്ന വിഭാഗങ്ങൾക്ക് അതിവേഗം മുന്നോട്ടു പോകാൻ കഴിയുന്നു. മറ്റുള്ളവർ പുറന്തള്ളപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ വൈജ്ഞാനികശേഷികളും നൈപുണികളും നേടുന്നതിനും സമൂഹജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനും തുല്യമായ അവസരങ്ങളും സാമൂഹിക നീതിയും ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പുതിയ തലമുറയുടെ സൃഷ്ടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

**സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനം എന്തിനെല്ലാം അവസരം നൽകണം?**

- സാമൂഹികനീതിക്കുവേണ്ടി പ്രവർത്തിക്കാൻ
- സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്
- മികച്ച പൗരത്വം വികസിപ്പിക്കാൻ
- ഉയർന്ന ദേശീയബോധം വളർത്താൻ
- അവകാശബോധം വളർത്താൻ
- ശാസ്ത്ര- സാങ്കേതിക അവബോധം വളർത്താൻ
- കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാൻ
- സാംസ്കാരികത്തനിമ തിരിച്ചറിയാനും വളർത്താനും
- തൊഴിൽ ചെയ്യാനുള്ള കഴിവു വളർത്തൽ
- സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാൻ
- സ്വാശ്രയത്വം ഊട്ടിവളർത്താൻ
- അനീതികളെ ചെറുക്കാനുള്ള കരുത്തുവളർത്താൻ
- അറിവിന്റെ നിർമാണത്തിനും വിനിമയത്തിനും നേതൃത്വം നൽകാൻ
- വിമർശനാത്മക ചിന്ത വളർത്താൻ

സാമൂഹികമാറ്റങ്ങളുടെ പ്രക്രിയയിൽ നിന്നു വിദ്യാഭ്യാസത്തെ പൂർണമായി അടർത്തിയെടുത്തുകൊണ്ട് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സാധ്യമല്ല. വിദ്യാർഥികൾ അറിവു മാത്രം നേടിക്കൊണ്ടിരിക്കുന്ന നിസ്സംഗ നിരീക്ഷകരല്ല. അവർ ഇന്നത്തെ സങ്കീർണമായമായ സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ രീതിയിൽ പങ്കെടുക്കുന്നുണ്ട്; ക്ലാസ് മുറിക്കകത്തും പുറത്തുമുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആശയങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുന്നുണ്ട്. ഏതുപോലെയെന്നാൽ, നീന്തൽവിദ്യ കാണാപ്പാഠം പഠിച്ച ആൾ നീന്താൻ തുടങ്ങുമ്പോൾ തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്- തനിക്ക് നീന്തലിനെക്കുറിച്ച് ഒന്നുമറിയില്ല എന്ന്. നീന്തലിനെക്കുറിച്ചുള്ള ചോദ്യോത്തരപാഠ പഠനം നിഷ്പ്രയോജനമാവുന്നത് അത് നീന്തലിനെക്കുറിച്ച് പ്രതിപാദിക്കാത്തതുകൊണ്ടല്ല. അതിൽ നീന്തുക എന്ന മനുഷ്യപ്രവർത്തനത്തിന്റെ യഥാർഥ സത്ത അടങ്ങുന്നില്ല എന്നതുകൊണ്ടാണ്. ലക്ഷ്യത്തെ മാർഗത്തിൽ നിന്നു തീർത്തും വെട്ടിമാറ്റുന്ന ഈ രീതി അതുകൊണ്ടുതന്നെ ഫലപ്രദമല്ല. ഇത്തരം പ്രവർത്തനങ്ങൾ വഴി ഗൗരവപ്പെട്ട ഒരു ലക്ഷ്യവും നേടിയെടുക്കാനാവില്ല.

സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനത്തിന്റെ വഴിയും സാമൂഹികമാറ്റത്തിലൂടെയായിരിക്കും. ഒരു പുതുവഴി വെട്ടലാണിത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ഗുണപരമാക്കുന്ന വഴിയും ഇതാവുമെന്നു തോന്നുന്നു.

ഇവിടെ നാം ഉള്ളടക്കമായി സ്വീകരിക്കുന്നത് സാമൂഹികപ്രശ്നങ്ങളെയാണ്. വൈവിധ്യവും വൈപുല്യവും കൊണ്ട് ഭിന്നസ്വഭാവമാർന്ന സാമൂഹികപ്രശ്നങ്ങളെ ഔപചാരിക പഠനക്രമത്തിലേക്ക് എങ്ങനെ കൊണ്ടുവരും എന്നതു വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ പൂർണമായ അർഥത്തിൽ ഏറ്റെടുക്കുന്നതിന് വളരെയേറെ പ്രാദേശിക വഴക്കമുള്ള പഠനപദ്ധതി രൂപപ്പെടുത്തേണ്ടിവരും. കേവലമായ വൈജ്ഞാനികപഠനത്തോട് വൻതോതിലുള്ള താൽപര്യം പുലർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമൂഹികപ്രശ്നങ്ങളെ കേന്ദ്രബിന്ദുവാക്കുന്ന സമീപനം എങ്ങനെ പ്രാവർത്തികമാക്കും എന്ന് ആലോചിക്കേണ്ടതുണ്ട്.

സാമൂഹികജീവിതത്തെ ഭൗതികമണ്ഡലം, സാമൂഹികമണ്ഡലം, സാംസ്കാരികമണ്ഡലം എന്നിങ്ങനെ ഇഴചേർക്കാനാവും. ഓരോ ജീവിതമണ്ഡലത്തിലും എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുമുണ്ട്. ഈ പ്രശ്നങ്ങളോരോന്നും പരിശോധിക്കുമ്പോൾ അവയ്ക്ക് ആധാരമായ പൊതു പ്രഭവകേന്ദ്രങ്ങളുണ്ടെന്നു കാണാം. അങ്ങനെയാണെങ്കിൽ കേരളത്തിൽ സാമാന്യേന അനുഭവപ്പെടുന്ന ചില പ്രശ്നങ്ങളുടെ പൊതു പ്രഭവകേന്ദ്രങ്ങളെ അടിസ്ഥാനമാക്കുന്ന ഉള്ളടക്കം എങ്ങനെ സ്വീകരിക്കണമെന്നു ചിന്തിക്കാവുന്നതാണ്. ഇവയിൽ ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉൾപ്പെടുന്നവ ഉണ്ടായിരുന്നാൽ മതിയാവും. ഉദാഹരണത്തിന്, കേരളത്തിൽ ഉടനീളം വർഷകാലത്തു വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുന്നു. എന്നാൽ, വേനലാകുന്നതോടെ കുടിവെള്ളക്ഷാമവും വരൾച്ചയും വ്യാപകമാവുന്നു. വ്യത്യസ്ത രൂപഭാവങ്ങളോടെ കേരളീയരെ ആകെ ബാധിക്കുന്ന ഈ പ്രശ്നത്തെ ശാസ്ത്രീയമായ സ്ഥല -ജല പരിപാലനബോധത്തിന്റെ കുറവുമൂലം ഉണ്ടാകുന്ന ഒന്നായി കാണാം. അതായത്, വെള്ളപ്പൊക്കമായും വരൾച്ചയായും ഉരുൾപൊട്ടലായും കുടവെള്ളക്ഷാമമായും ഒക്കെ അനുഭവപ്പെടുന്ന പ്രശ്നത്തിന്റെ പൊതു പ്രഭവകേന്ദ്രത്തെ ശാസ്ത്രീയമായ സ്ഥല- ജല പരിപാലനബോധത്തിന്റെ അഭാവം എന്നു ചുരുക്കിപ്പറയാവുന്നതാണ്. ഈ ചുരുക്കെഴുത്തിനെ അടിസ്ഥാനമാക്കിയുള്ള അന്വേഷണത്തിന്റെ ഭാഗമായി കുട്ടി എത്തിച്ചേരുന്നത് ഭൂമിശാസ്ത്രം, ഭൗതികം, രസതന്ത്രം, ജീവശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ് (സാംഖികം), ഭാഷ മുതലായ വൈജ്ഞാനികശാഖകളുടെ പഠനത്തിനത്തിലേക്കാണ്. മൂർത്തത്തിൽ നിന്ന് അമൂർത്തത്തിലേക്കും അറിയുന്നതിൽ നിന്ന് അറിയാത്തതിലേക്കും ഉള്ള പ്രയാണമാണു വിദ്യാഭ്യാസമെന്ന സാമാന്യതത്ത്വത്തെ ആസ്പദമാക്കിയാണു പഠനം മുന്നേറുന്നത്. ഇത്തരത്തിൽ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന ചില പൊതു പ്രഭവകേന്ദ്രങ്ങളെ പട്ടികപ്പെടുത്താൻ നമുക്കു കഴിയും.

**കേരളത്തിന് പൊതുവെ ബാധകമാവുന്ന ചില പ്രശ്ന പ്രഭവകേന്ദ്രങ്ങൾ**

- ശാസ്ത്രീയമായ സ്ഥല- ജല പരിപാലനത്തിന്റെ അഭാവം.
- കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ച് ധാരണയില്ലായ്മ.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണനയില്ലായ്മ.
- പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്.
- ശാസ്ത്രീയമായ ആരോഗ്യ- പൊതുജനാരോഗ്യബോധത്തിന്റെ അഭാവം.

നാം നേരിടുന്ന അനവധി സാമൂഹികപ്രശ്നങ്ങളുടെ അടിവേരുകൾ ഇവയിൽ കണ്ടെത്താനാവും. ഓരോ പ്രഭവകേന്ദ്രങ്ങളിൽ നിന്നും ജനിക്കുന്നതെങ്കിലും പ്രാദേശികമായ ഒട്ടനവധി രൂപഭാവ വൈവിധ്യങ്ങൾ ഓരോ സാമൂഹികപ്രശ്നത്തിനുമുണ്ടാകും. ഇവയെല്ലാം പ്രായോഗികമായി തീർത്തും പരിഹരിക്കുക എന്നത് ഒരു പഠനപദ്ധതിയിലൂടെ നേടിയെടുക്കാവുന്നതല്ല. വിവിധ ജീവിതമണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി എങ്ങനെ സമീപിക്കാമെന്നതിന്റെ രീതിയാണ് ഇവിടെ പഠിതാവിന് വശമാവുന്നത്. ഉദാഹരണത്തിന്, "വിശ്വമാനവൻ എന്ന കാഴ്ചപ്പാടില്ലായ്മ" എന്നത് എടുക്കാം. ഇവിടെ പ്രപഞ്ചത്തെയും

മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ പ്രവർത്തനത്തെയും ഇവ തമ്മിലുള്ള ബന്ധത്തെയും കുറിച്ച് ഇന്നു നമ്മൾ എത്തിച്ചേർന്ന ശാസ്ത്രീയധാരണകളാണു പഠനവിഷയം. ഇവിടെ ഓരോ ധാരണയും ഉൾക്കൊള്ളുന്നതിനു നിരവധി തരത്തിലുള്ള അറിവുകൾ വേണം. അതോടൊപ്പം ധാരാളം മിഥ്യാധാരണകൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുട്ടി ഉൾക്കൊള്ളുന്നുമുണ്ട്. അവ ഇഴചേർത്തു പരിശോധിക്കാനുള്ള കഴിവ് കുട്ടി നേടിയെടുക്കുക എന്നത് പഠന ലക്ഷ്യമാണ്. ഇവിടെ ഒരുപക്ഷേ, ഗ്രഹണത്തെക്കുറിച്ചുള്ള മിഥ്യാധാരണകളെയായിരിക്കാം ഒരുവേള വിഷയമാക്കുന്നത്. ഈ കാര്യം വിശകലനം ചെയ്യുന്നതിന് ഒട്ടേറെ അറിവുകൾ വേണം. ദ്രവ്യം, ചലനം, സമയം, പ്രപഞ്ചം, സ്ഥൂലപ്രപഞ്ച ചലനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ അറിവു വേണ്ടതുണ്ട്. ഗ്രഹണമെന്നതിനെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുക, ഗ്രഹണവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെ ചോദ്യംചെയ്യുക എന്നിവ ഒരേസമയം അറിവുനിർമാണവുമാണ്; സമൂഹത്തിന്റെ ബോധത്തിൽ ഇടപെടലുമാണ്. ഇത്തരത്തിൽ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ ഏതേതു പ്രശ്നങ്ങളെ എത്രമാത്രം ആഴത്തിൽ വിശകലനം ചെയ്യണം എന്നു ചിട്ടപ്പെടുത്തുന്നതാവും ഇവിടെ സിലബസ്. ഈ സിലബസിലൂടെ കടന്നുപോകുന്ന കുട്ടിക്ക് തന്റെ ചിന്തയെ ഉണർത്താനും കൈകാലുകളടക്കം ഉപയോഗിച്ച് ചില പ്രവർത്തനങ്ങൾ ചെയ്യാനും ആശയങ്ങൾ രൂപപ്പെടുത്താനും വൈവിധ്യമാർന്ന നിലയിൽ അവയെ ആവിഷ്കരിക്കാനും തന്റെ ചുറ്റുമുള്ള മനുഷ്യരുടെ ചിന്തയിലും പ്രവൃത്തിയിലും ജീവിതവീക്ഷണത്തിലും ഗുണപരമായി ഇടപെടാനുമുള്ള അവസരമാണു കൈവരുന്നത്. ഈ വഴിയിലൂടെയുള്ള പഠനം ഒരു സാമൂഹികലക്ഷ്യത്തെ മുന്നിൽ നിർത്തിക്കൊണ്ടുള്ള അനുഭവങ്ങളുടെ കോർത്തിണക്കലാണ്.

# സിലബസ് ഗ്രിഡ്

## പച്ചപ്പുകൾ തേടി

**പ്രശ്നമേഖല** : <u>**പരിസരസൗഹൃദപരമായ വ്യവസായവൽകരണത്തിന്റെയും നഗരവൽകരണത്തിന്റെയും അഭാവം**</u>

**ഉപപ്രശ്നം** :

- പ്രകൃതി പ്രതിഭാസങ്ങളും ചരാചരങ്ങളും മനുഷ്യരുടെ ശത്രുക്കളല്ലെന്നും അവയോടിണങ്ങി ജീവിക്കുകയാണ് വേണ്ടതെന്നുമുള്ള തിരിച്ചറിവ് ഉണ്ടാവുന്നില്ല

**പഠനലക്ഷ്യങ്ങൾ** :

- പ്രകൃതി പ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന അസന്തുലിതാവസ്ഥ മറികടക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രകൃതിയിൽത്തന്നെയുണ്ടെന്ന് തിരിച്ചറിയുന്നതിന്.
- സ്വയം നവീകരിക്കാനുള്ള പ്രകൃതിയുടെ കഴിവിനെ മനുഷ്യരുടെ ഇടപെടൽ തകരാറിലാക്കരുത് എന്നു തിരിച്ചറിയുന്നതിന്.
- പ്രകൃതിയോടിണങ്ങി ജീവിക്കുമ്പോഴാണ് മനുഷ്യജന്മം സാർത്ഥകമാക്കുന്നത് എന്നു തിരിച്ചറിയുന്നതിന്.
- സ്വന്തം സുഖത്തിനായി മനുഷ്യൻ പ്രകൃതിയെ വിവേചനരഹിതമായി ചൂഷണം ചെയ്യുന്നുണ്ടെന്ന് കണ്ടെത്തുന്നതിന്.
- പ്രകൃതിയോടുള്ള ഇടപെടൽ മുഖ്യപ്രമേയമായി വരുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ, പഠനങ്ങൾ മുതലായവ വായിച്ച് ആസ്വദിക്കുന്നതിന്.
- പ്രകൃതിയോട് മനുഷ്യൻ കാണിക്കുന്ന ക്രൂരതക്കെതിരെ വിവിധ വ്യവഹാരരൂപങ്ങളിൽ പ്രതികരിക്കുന്നതിനുള്ള കഴിവു നേടുന്നതിന്.
- പദച്ചേരുവകൾ (സന്ധി, സമാസം) നാമം, ക്രിയ തുടങ്ങിയവയെക്കുറിച്ച് ധാരണ നേടുന്നതിന്.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| പ്രകൃതിയുടെ മടിത്തട്ടിൽ (പ്രകതിയോട് കൂടുതൽ ഇണങ്ങി ജീവിക്കുന്നതാണ് ഏറ്റവും മഹത്തരമായ കാര്യം) | • പ്രകൃതിയിലെ പ്രശ്നങ്ങൾക്കു പരിഹാരം പ്രകൃതിയിൽത്തന്നെയുണ്ട്.<br>• പ്രകൃതിയോടിണങ്ങി ജീവിക്കുമ്പോഴാണ് മനുഷ്യജന്മം സാർത്ഥകമാകുന്നത്.<br>• മനുഷ്യനെ ആശ്ചര്യഭരിതരാക്കുന്ന നിരവധി പ്രകൃതിപ്രതിഭാസങ്ങളുണ്ട്.<br>• പ്രകൃതിതന്നെ വലിയൊരു പാഠപുസ്തകമാണ്.<br>• മനുഷ്യർ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു.<br>• പ്രകൃതിയിൽ നിന്ന് അകലുന്നത് മനുഷ്യനാശത്തിനുതന്നെ കാരണമാകും.<br>• പ്രകൃതി പ്രമേയമായി വരുന്ന നിരവധി കഥകൾ, ലേഖനങ്ങൾ, കവിതകൾ ഇവയുണ്ട്. | • മനുഷ്യരുടെ ഇടപെടൽ സൃഷ്ടിക്കുന്ന നിരവധി പ്രശ്നങ്ങൾ പ്രമേയമായ കഥ, കവിത, ലേഖനങ്ങൾ, ഫീച്ചറുകൾ, ഡോക്യുമെന്ററികൾ.<br>• മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം വെളിവാക്കുന്ന കവിതകൾ, കഥകൾ, ലേഖനങ്ങൾ. | • പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം ചിത്രീകരിക്കുന്ന കഥകൾ, കവിതകൾ, മുതലായവ വായിച്ച് ആസ്വദിക്കുന്നു, വിശകലനം ചെയ്യുന്നു.<br>• തന്റെ അനുഭവങ്ങൾ, അനുഭൂതികൾ തുടങ്ങിയവ കഥകൾ, കവിതകൾ, ലേഖനങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയ വിവിധ വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുന്നു.<br>• പ്രകൃതി പ്രമേയമായിവരുന്ന കഥകൾ/ ലേഖനങ്ങൾ മുതലായവ വിശകലനം ചെയ്ത് നിലപാടുകൾ രൂപീകരിക്കുന്നു.<br>• വായിച്ച കഥകളുമായി ബന്ധപ്പെട്ട പഠനങ്ങൾ തയ്യാറാക്കുന്നു. കഥയിലെ സംഭവങ്ങൾ, കഥാപാത്രങ്ങൾ മുതലായവ പുതിയ കാലത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നു. | • താനും പ്രകൃതിയുടെ ഭാഗമാണെന്ന മനോഭാവം<br>• പ്രകൃതിയോടുള്ള ഇടപെടലുകളിൽ സൂക്ഷ്മത പാലിക്കേണ്ടതാണെന്ന മനോഭാവം. | • പ്രകൃതിയോടുള്ള മനോഭാവം.<br>• ആകർഷകമായ ഭാഷയിൽ ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്.<br>• കഥകൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കാനുള്ള കഴിവ്. |

# 1

# പച്ചപ്പുകൾ തേടി

സഹസ്രാബ്ദങ്ങളിലൂടെ രൂപപ്പെട്ട ആവാസവ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ ഭൂമി ചരിത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന സവിശേഷ സന്ദർഭമാണിത്. അതുകൊണ്ടുതന്നെ പ്രകൃതിയോടിണങ്ങി അതിന്റെ സന്തുലിതാവസ്ഥയ്ക്ക് ഭംഗം വരുത്താതെ ജീവിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ഏറ്റവും കൂടുതൽ ബോധ്യപ്പെടുത്തേണ്ട ചരിത്രഘട്ടവുമാണിത്.

വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിപ്രതിഭാസങ്ങൾ ജീവവ്യസ്ഥയ്ക്ക് ഭീക്ഷണിയായിത്തീർന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അത്തരം പ്രതിസന്ധികളെ പ്രകൃതിതന്നെ മറികടക്കുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ ഇത്തരം പ്രതിഭാസങ്ങൾ മനുഷ്യന് ഉപകാരം കൂടിയായി മാറുന്ന സന്ദർഭങ്ങൾ കാണാം. എം.ടി പറയുന്നതു ശ്രദ്ധിക്കുക:

മരിച്ചുകൊണ്ടിരിക്കുന്ന ഒരു പുഴയുടെ തീരത്താണ്  ഞാൻ വളർന്നത്. ഞങ്ങളുടെ പുഴയുടെ ഇരുവശത്തും ധാരാളം  ഒഴിഞ്ഞ പ്രദേശങ്ങളുണ്ട്. ഇടയ്ക്കൊക്കെ വെള്ളപ്പൊക്കം ഉണ്ടാകും. തമിഴ്നാട്ടിൽ നിന്നു വരുന്ന വെള്ളമായതിനാൽ ഇതിനെ കൊങ്ങൻ വെള്ളമെന്നാണ് ഞങ്ങൾ വിളിക്കുക. ഈ വെള്ളം വഹിച്ചു കൊണ്ടു വരുന്നത് വളരെ വളക്കൂറുള്ള മണ്ണാണ്. വെള്ളം ഒഴുകിപ്പോയാലും ഈ മണ്ണ് ആ ഒഴിഞ്ഞ പ്രദേശങ്ങളിൽ അടിഞ്ഞു കിടക്കും. ഈ മണ്ണ് കൃഷിക്ക് ഏറെ അനുയോജ്യമായതിനാൽ വെള്ളപ്പൊക്കത്തെ നാം അംഗീകരിക്കേണ്ടിവരുന്നു.

*കണ്ണാന്തളിപ്പൂക്കളുടെ കാലം*

ആഗോള താപനം, വരൾച്ച, കാലാവസ്ഥാവ്യതിയാനങ്ങൾ, മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രശ്നങ്ങളുടെ പേരിൽ നമുക്ക് പ്രകൃതിയെ കുറ്റപ്പെടുത്താനാവുമോ? മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളല്ലേ ലോകം ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണി?

ജലം, വായു, മണ്ണ് ഇവയെല്ലാം ഇന്ന് മലിനീകരണത്തിന് വിധേയമായിത്തീർന്നിരിക്കുന്നു. പ്രകൃതിവിഭങ്ങൾക്കുമേലുള്ള വിവേചന രഹിതമായ കടന്നാക്രമണം, ഭ്രാന്തമായ ഉപഭോഗാസക്തി, പ്രകൃതിയുടെ സന്തുലിതാവസ്ഥ പരിഗണിക്കാത്ത വികസനങ്ങൾ ഇവയെല്ലാം ഭൂമിയെ അപകടകരമായ ഒരു ദുരന്തമുനമ്പിലെത്തിച്ചിരിക്കുകയാണ്. പ്രകൃതിയിലെ ജീവിവർഗങ്ങളിൽ ഒന്നു മാത്രമായ മനുഷ്യന്റെ പ്രവർത്തനങ്ങൾ എത്ര സസ്യജീവി വർഗങ്ങളുടെ വംശനാശത്തിനു കാരണമായിത്തിർന്നിട്ടുണ്ട്! മനുഷ്യൻ ഭൂമിയുടെ കാൻസറാണെന്ന വിശേഷണം എത്ര ഉചിതം!

പുല്ല്, പുൽച്ചാടി, വൻവൃക്ഷങ്ങൾ, ആനകൾ തുടങ്ങി നീലത്തിമിംഗലങ്ങൾ വരെ എത്രയോ സസ്യജീവിവർഗങ്ങൾ ഭൂമുഖത്തുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രം 20,000 മുതൽ 2 മില്യൺ വരെ വംശങ്ങൾ കുറ്റിയറ്റുപോയിട്ടുണ്ടെന്നാണ് ഇന്റർനാഷണൽ യൂണിയൻ ഫോർകൺസർവേഷൻ ഓഫ് നാച്ചുറൽ റിസോഴ്സസിന്റെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. അവയിൽ സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ ആത്രോപോഡ്സ് തുടങ്ങിയവയെല്ലാമുൾപ്പെടും.

വർഷത്തിൽ 1,69,000 ചതുരശ്രകിലോമീറ്റർ വനം നശിപ്പിക്കപ്പെടുന്നുവെന്നാണ് ഫുഡ് ആന്റ് അഗ്രികൾചറൽ ഓർഗനൈസേഷന്റെ (FAO) കണക്ക്; 10,000 മുതൽ 20,000 വരെ സസ്യവർഗ

ങ്ങൾ മരുന്നിനുവേണ്ടി മനുഷ്യൻ ലോകത്താകമാനം ഉപയോഗിക്കുന്നുണ്ട്. ജൈവവൈവിധ്യങ്ങളുടെ കാര്യത്തിൽ ലോകത്തിലെ 24 ഗ്ലോബൽ സ്പോട്ടുകളിൽ (Global spot) രണ്ടെണ്ണം കിഴക്കൻ ഹിമാലയ പ്രദേശങ്ങളും സഹ്യപർവത നിരകളുമാണ്. സഹ്യപർവതവും അതിന്റെ താഴ്‌വാരങ്ങളും ഉൾപ്പെട്ട നമ്മുടെ നാട് എത്ര പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമാണെന്ന് പറയയേണ്ടതില്ലല്ലോ. ജൈവവൈവിധ്യങ്ങളുടെ അമൂല്യമായ കലവറയാണിത്. പരിസ്ഥിതി നാശം മൂലമുണ്ടാകുന്ന അത്യാഹിതങ്ങൾ ഏതെങ്കിലും പ്രദേശത്തെ മാത്രമായല്ല ബാധിക്കുക. ആമസോൺ മഴക്കാടുകളുടെ നാശം തെക്കെ അമേരിക്കയുടെ മാത്രം പ്രശ്നമല്ല. സഹ്യപർവതത്തിന്റെ അവാസവ്യവസ്ഥ തകരുന്നത് കേരളത്തിന്റെ മാത്രം കാര്യമല്ല. പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന ദുരന്തങ്ങൾക്ക് രാജ്യാതിർത്തികൾ ബാധകമല്ലെന്ന് നാം മറന്നുകൂടാ. അതുകൊണ്ടുതന്നെ പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പാരിസ്ഥിതിക ബോധം വളർന്നു വരേണ്ടതിന്റെ ആവശ്യകത എത്രയെന്നു പറയേണ്ടതില്ലല്ലോ.

1934 ൽ പുറനാട്ടുകരയിൽ വിദ്യാമന്ദിരത്തിനു തറക്കല്ലിടാൻ ഗാന്ധിജിവന്ന സന്ദർഭം എം.ടി അനുസ്മരിക്കുന്നുണ്ട്. മൂത്താശാരി തറക്കല്ലിടുന്ന ചടങ്ങിനോടനുബന്ധിച്ച് പൂജ നടത്തുമ്പോൾ മന്ത്രങ്ങൾ ചൊല്ലിയിരുന്നു. ഗാന്ധിജിക്ക് മന്ത്രങ്ങളറിയാൻ താല്പര്യം തോന്നി. അപ്പൻ തമ്പുരാൻ പൂജ കഴിഞ്ഞ് വിളിച്ചന്വേഷിച്ചു. തലമുറകളായി പഠിച്ച മന്ത്രങ്ങളാണ്, അർഥമൊന്നുമറിയില്ല. അപ്പൻ തമ്പുരാൻ മൂത്താശാരിയെകൊണ്ടു വീണ്ടും ചൊല്ലിച്ച് എഴുതിയെടുത്ത് ഗാന്ധിജിക്ക് കൊടുത്തു. സംസ്കൃതത്തിലുള്ള മന്ത്രശ്ലോകങ്ങളുടെ അർഥം ഇതായിരുന്നു. ഇവിടെ അല്പം സ്ഥലത്ത് ഒരു മനുഷ്യാലയം നിർമിക്കുന്നതുകൊണ്ട് മുഖം അസുന്ദരമാകുന്നതിൽ പ്രകൃതീശ്വരി, പൊറുക്കുക. ഇതിനുവേണ്ടി അകലെ കാടുകളിൽ മരങ്ങൾ മുറിക്കുമ്പോൾ കൂടുകൾ നഷ്ടപ്പെടുന്ന പക്ഷികളേ ക്ഷമിക്കുക!

മറ്റൊരു സന്ദർഭം: യുദ്ധം കഴിഞ്ഞുള്ള ശ്രീരാമന്റെ തിരിച്ചുവരവ്, അയോധ്യയിലെത്തും മുമ്പ് ഭരദ്വാജാശ്രമത്തിൽ പ്രവേശിച്ച് മഹർഷിയെ വണങ്ങി വിവരങ്ങളന്വേഷിച്ചു. തന്നെ കാണാൻ വരികയും ആതിഥ്യം സ്വീകരിക്കാൻ സന്നദ്ധനാവുകയും ചെയ്ത രാമന് അപ്രാപ്യവും അസാധ്യവുമായ ഒന്നുമില്ല എന്നറിഞ്ഞുകൊണ്ടു തന്നെ സ്നേഹത്തിന്റെ പേരിൽ ഒരു വരമെങ്കിലും തന്നോടാവശ്യപ്പെടാൻ മഹർഷി നിർബന്ധിച്ചു. ശ്രീരാമൻ ഒരു വരം യാചിച്ചു. “ഞാൻ അയോധ്യയിലേക്കു പോകുന്ന വഴിക്ക് പൂമരങ്ങളുണ്ടാവട്ടെ. അകാലത്താണെങ്കിലും കായ്കളുണ്ടാവട്ടെ.” പിന്നെ പോകേണ്ട മൂന്നുയോജന ദൂരം നന്ദനത്തിലൂടെയെന്ന പോലെയായിരുന്നു രാമന്റെയും സംഘത്തിന്റെയും യാത്ര എന്ന് വാൽമീകി.

കാളിദാസന്റെ ശകുന്തള വൃക്ഷങ്ങൾക്ക് ജലം കൊടുക്കും മുമ്പ് തൊണ്ടനനയ്ക്കാത്തവളാണ്. വൃക്ഷങ്ങളോടുള്ള കരുണ കൊണ്ട് ഒരു തളിർ പോലും നുള്ളാത്തവളാണ്. അവ ആദ്യമായി പൂക്കുന്നത് ഒരു ഉത്സവമായി കൊണ്ടാടുന്നവളാണ്. ഇത്തരത്തിൽ പ്രകൃതിയോട് സ്നേഹത്തോടെ, സഹഭാവത്തോടെ മനുഷ്യൻ ഇണങ്ങി ജീവിച്ച ഒരു കാലമുണ്ടായിരുന്നു.

എന്നാൽ ഇന്ന് പ്രകൃതിയോടുള്ള മനുഷ്യന്റെ കാഴ്ചപ്പാട് ഏതു വിധത്തിലുള്ളതാണ്? കാലാവസ്ഥാവ്യതിയാനം, ജലം, വായു, മണ്ണ് ഇവയുടെ മലിനീകരണം, വനനശീകരണം, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ നാട് ഇന്ന് നേരിടുന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാന കാരണങ്ങളെന്തൊക്കെയാണ്?

ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതില്ലേ? അതിനുതകുന്ന തരത്തിലുള്ള പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ചേർത്തിട്ടുള്ളത്. കുട്ടികൾ രചിക്കുന്ന ഒരു കൈയെഴുത്തു മാസികയുടെ നിർമാണത്തിലായിരിക്കണം ഈ യൂണിറ്റിലെ പ്രവർത്തനങ്ങൾ പൂർണത കൈവരിക്കേണ്ടത്. അതിന്റെ മുഖക്കുറിപ്പായി അധ്യാപിക രചിക്കുന്ന ലേഖനവും ചേർക്കേണ്ടതുണ്ട്. ഈ ഭാഗത്തു നൽകിയിരിക്കുന്ന സൂചനകൾ, പത്രമാധ്യമങ്ങളിലെ വാർത്തകൾ, വിജ്ഞാന

കോശങ്ങൾ, ഇന്റർനെറ്റ് തുടങ്ങിയവയുടെയെല്ലാം സഹായം ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

പ്രകൃതിക്കുമേൽ മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടൽ, വരും തലമുറയ്ക്ക് നാം കൈമാറേണ്ടതാണ് ഈ ഭൂമി എന്ന ബോധം, പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത, ഏതൊരു സൂക്ഷ്മ ജീവിക്കും ഭൂമിയിൽ അതിന്റേതായ സ്ഥാനമുണ്ടെന്നബോധം ഇവയെല്ലാം അതിൽ അടങ്ങിയിരിക്കണം. ഭാവിയെക്കുറിച്ച് ശക്തമായ മുന്നറിയിപ്പു നൽകാൻ പര്യാപ്തമാകുന്നതുമാകണം. പരിസ്ഥിതി സൗഹൃദപരമമായ വ്യവസായവത്കരണത്തിന്റെ/നഗരവത്കരണത്തിന്റെ അഭാവം എന്ന പ്രശ്നമേഖലയാണ് ഈ യൂണിറ്റ് കൈകാര്യം ചെയ്യുന്നത്. പ്രകൃതി പ്രതിഭാസങ്ങളും ചരാചരങ്ങളും മനുഷ്യരുടെ ശത്രുക്കളല്ലെന്നും അവയോടിണങ്ങി ജീവിക്കുകയാണ് വേണ്ടതെന്നും തിരിച്ചറിയുന്നില്ല എന്ന ഉപപ്രശ്നം വിശകലനം ചെയ്യുകയാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

### യൂണിറ്റിലൂടെ നേടേണ്ടത്

പ്രകൃതി പ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന അസന്തുലിതാവസ്ഥ മറികടക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രകൃതിയിൽത്തന്നെയുണ്ടെന്ന് തിരിച്ചറിയേണ്ടതാണ്. പ്രകൃതിയോടിണങ്ങി ജീവിക്കുമ്പോഴാണ് മനുഷ്യജന്മം സാർഥകമാകുന്നത്. സ്വന്തം സുഖത്തിനായി പ്രകൃതിയെ വിവേചനരഹിതമായി ചൂഷണം ചെയ്യരുത്. സ്വയം നവീകരിക്കുവാനുള്ള പ്രകൃതിയുടെ കഴിവിനെ നമ്മുടെ ഇടപെടൽ തകരാറിലാക്കരുത്. മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെ ആവിഷ്കരിക്കുവാൻ കാലങ്ങളായി നമ്മുടെ എഴുത്തുകാർക്കു കഴിഞ്ഞിട്ടുണ്ട്. ഇവ നമുക്ക് പ്രകൃതിയോടുള്ള സമീപനം എന്തായിരിക്കണം എന്ന മുന്നറിയിപ്പു നൽകുന്നുണ്ട്. പ്രകൃതി നേരിടുന്ന ദുരവസ്ഥയ്ക്കെതിരെ പ്രതികരിക്കാനുള്ള അവരുടെ ആഗ്രഹം വർധിത ഊർജത്തോടെയാണ് ആ രചനകളിൽ ആവിഷ്കരിക്കപ്പെടുന്നത്. ആ ആവേശവും കരുത്തും കുട്ടികളുടെ രചനകൾക്ക് ഉണ്ടാകുന്നതൊടൊപ്പം അവയിലെ ആസ്വാദനാംശങ്ങളെയും ഭാഷാപരമായ പ്രത്യേകതകളെയും സാഹിത്യപരമായ പ്രാധാന്യത്തെയും ഭാഷാക്ലാസ്സിൽ സ്വാംശീകരിക്കേണ്ടതില്ലേ.

### ഗോവർധനോദ്ധാരണം

കൃഷ്ണൻ അമ്പാടിയിലെ ഗോപന്മാരുമായിച്ചേർന്ന് കളിച്ചുല്ലസിച്ചു നടക്കുന്ന കാലം. ഒരു ദിവസം ദേവരാജാവായ ഇന്ദ്രനു പൂജ ചെയ്യാൻ ഗോപന്മാരെല്ലാവരും ഒരുങ്ങുന്നതു കാണിനിടയായ കൃഷ്ണൻ നന്ദഗോപരോട് ചോദിച്ചു: 'അച്ഛാ ആരുടെ പൂജയ്ക്കാണ് ഈ സാധനങ്ങളൊക്കെയും ഒരുക്കിവയ്ക്കുന്നത്." വാത്സല്യത്തോടെ നന്ദഗോപൻ മറുപടി പറഞ്ഞു. "ദേവരാജനായ ഇന്ദ്രനു വർഷം തോറും നടത്താറുള്ള പൂജയ്ക്ക് ഒരുങ്ങുകയാണ് നമ്മൾ. വാനവരുടെ നായകന്റെ ആജ്ഞയാലാണ് നമുക്ക് വർഷകാലം കിട്ടുന്നത്. അതതുകാലത്ത് പെയ്യുന്ന മഴയെ പൂജിച്ച് പ്രീതിപ്പെടുത്തി പാലിച്ചുകൊള്ളുവാൻ പ്രാർഥിക്കേണ്ടിയിരിക്കുന്നു."

അച്ഛന്റെ മറുപടി കേട്ട് കണ്ണൻ ഒന്നു പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു: മഴയ്ക്കു കാരണം ഇന്ദ്രനാണോ? മഴ അതിനു തോന്നുമ്പോൾ ചെയ്യുന്നു. സത്യം പറഞ്ഞാൽ ഓരോരുത്തരും അവരവരുടെ കർമത്തെയാണ് പൂജിക്കേണ്ടത്. ഗോവർധനത്തെയും ഗോക്കളെയും പൂജിക്കുകയല്ലേ യഥാർത്ഥത്തിൽ വേണ്ടത്?" ഒരു കുസൃതിച്ചിരിയോടെ കൃഷ്ണൻ തുടർന്നു "ഞാൻ എന്റെ അഭിപ്രായം പറഞ്ഞു. നിങ്ങൾ ഓരോരുത്തരും ചിന്തിച്ച് വേണ്ടതു ചെയ്യുക."

ഒരു നിമിഷം അമ്പരന്നു നിന്ന് ഗോപന്മാർ എല്ലാവരും ഒരുമിച്ചു പറഞ്ഞു: "ശരിയാണ്, നമ്മുടെ കണ്ണൻ പറഞ്ഞതാണ് ശരി. നാം ഗോവർധനത്തെയും ഗോക്കളെയുമല്ലേ പൂജിക്കേണ്ടത്?"

താമസിയാതെ ഇന്ദ്ര പൂജയ്ക്കൊരുക്കിയ സന്നാഹങ്ങളോടെ അവർ ഗോവർധന പർവതത്തെ പൂജിക്കാൻ തുടങ്ങി. പശുക്കളെ കുളിപ്പിച്ച് പൂചൂടിച്ച് കുറിതൊട്ട് പർവതപാർശ്വത്തിൽ നിറുത്തി

അവർ പൂജയാരംഭിച്ചു. ഹോമദ്രവ്യങ്ങളും പാലും പായസവും ധൂമങ്ങളും ദീപങ്ങളുമൊക്കെ യായി പൂജ പുരോഗമിച്ചു. മാലകളും ചന്ദനവുമൊക്കെ പൂജചെയ്യുന്നതിനുവേണ്ടി ഉപയോഗ പ്പെടുത്തി. ബ്രാഹ്മണന്മാരടക്കം, വന്നവരെല്ലാം പുകഴ്ത്തി ആശിർവാദം നലകി സന്തോഷ ത്തോടെ മടങ്ങിത്തുടങ്ങി.

ചടങ്ങുകളെല്ലാം ആകാശമണ്ഡലത്തിൽ നിന്നു കണ്ട നാരദൻ ഇന്ദ്രസദസ്സിലെത്തി വണങ്ങി ക്കൊണ്ടു പറഞ്ഞു: "അല്ലയോ ദേവരാജാ അങ്ങയുടെ സ്ഥാനം നഷ്ടപ്പെട്ടുകഴിഞ്ഞു. നാളെ അങ്ങയെ ഇങ്ങനെ കാണാനാകുമെന്ന ഉറപ്പു പോലുമില്ലാത്തതിനാലാണ് ഞാനിന്നേ വന്ന് കണ്ടത്. ഇത് അങ്ങയെ ധിക്കരിക്കുവാനായിത്തന്നെയെന്ന് എനിക്ക് തോന്നിപ്പോകുന്നു."

ഇതുകേട്ട് ആശങ്കയോടെ ഇന്ദ്രൻ കാരണമാരാഞ്ഞു. അമ്പാടിയിലെ പൂജയുടെ വിശേഷങ്ങ ളെല്ലാം നാരദൻ ദേവേന്ദ്രനെ അറിയിച്ചു. കേൾക്കുന്തോറും ഇന്ദ്രന്റെ മുഖം കോപംകൊണ്ടു വിറച്ചു, കണ്ണുകൾ ചുവന്നു ഇന്ദ്രൻ പൊട്ടിത്തെറിക്കും വിധം ചോദിച്ചു. "എന്ത്, ഗോവർധ നത്തെ ദേവരാജാവാക്കിയെന്നോ? കാട്ടാളരെ പോലെ കഴിയുന്ന അമ്പാടിയിലെ ജനങ്ങൾക്ക് വജ്രായുധം കൊണ്ട് മറുപടി നൽകും. പണ്ടില്ലാത്ത കാര്യങ്ങൾ ചെയ്യാൻ ഗോപന്മാരെ പ്രേരി പ്പിച്ച കൃഷ്ണൻ ഈ പ്രവൃത്തിയുടെ ഫലം അനുഭവിക്കുകതന്നെ വേണം. പേമാരി പെയ്യിച്ച് ഗോകുലം നാമിന്ന് സമുദ്രത്തിലാഴ്ത്തുന്നുണ്ട്. അവർ പൂജിച്ച ഗോവർധനമാണ് ഇനി അവരെ രക്ഷിക്കേണ്ടത്. അതെങ്ങനെ സംഭവിക്കുമെന്ന് നാം കാണട്ടെ" കോപിഷ്ഠനായ ഇന്ദ്രൻ അമ്പാ ടിയിൽ ശക്തമായി പേമാരി ചെയ്യിക്കുവാൻ തുടങ്ങി. ഇടിനാദത്താൽ ഭൂമി കുലുങ്ങി വിറച്ചു. കൈവണ്ണത്തിലുള്ള മഴത്തുള്ളികൾ അമ്പാടിയിൽ ആഞ്ഞു പതിച്ചു. ഗോപന്മാർ പേടിച്ചു വിറച്ചു. ഗോപസ്ത്രീകളും കുട്ടികളും വാവിട്ടുകരഞ്ഞു. കാലികളെല്ലാം ഭയന്നുവിറച്ച് കണ്ണനെ നോക്കി. നന്ദഗോപരുൾപ്പെടെ മുതിർന്ന ഗോപന്മാർ കൃഷ്ണനോട് 'രക്ഷിക്കണേ' എന്നു കൈകൂപ്പി കൊണ്ട് പറഞ്ഞു.

ഇന്ദ്രന്റെ കോപം കണ്ട് കൃഷ്ണൻ പുഞ്ചിരിച്ചു. "ഈ പേമാരിയിൽ നിന്ന് രക്ഷനേടുന്നതിന് നിങ്ങൾ ഗോവർധനത്തെ പ്രാർത്ഥിക്കുക. ഇന്ദ്രനുള്ള പൂജയാൽ മാനിക്കപ്പെട്ടത് ഈ പർവത മല്ലേ?" ഇങ്ങനെ പറഞ്ഞ് കൃഷ്ണൻ പർവതത്തിന്റെ അടുത്തേക്കു നടന്നു. ഗോവർധനത്തെ കൈകാൽ ഉയർത്തി. പക്ഷികളും മൃഗങ്ങളും നാലുപാടും ചിതറി അകന്നു. ആകെ കോലാഹ ലമായി. ഇടതുകൈത്തലത്തിൽ ഗോവർധനം ഉയർത്തി കൃഷ്ണൻ അമ്പാടി വാസികളോടു പറഞ്ഞു: "നിങ്ങൾ കുന്നിനു കീഴെ വന്നു നിന്നു കൊള്ളുക." ഗോപന്മാരും സ്ത്രീകളും കുട്ടി കളും കന്നുകാലികളുമെല്ലാം പെട്ടെന്നു തന്നെ കുന്നിനു കീഴിൽ അഭയം തേടി. അവർ ആനന്ദത്തിൽ മതിമയങ്ങി പാട്ടുപാടിത്തുടങ്ങി. പേമാരിയുടെ സംഹാരതാണ്ഡവം അവർ മറ ന്നു. നാരദൻ മുതലായ ദേവഗണങ്ങൾ കൃഷ്ണനെ സ്തുതിച്ചു.

ഗോവർധനോധാരണവുമായി ബന്ധപ്പെട്ട പുരാവൃത്തം പരിചയപ്പെട്ടല്ലോ. പാഠാവതരണത്തിനു മുമ്പ് അവശ്യം വേണ്ട കഥാസൂചനകൾ നൽകണം. പുരാണകഥ പ്രയോജനപ്പെടുത്തി സർഗാ ത്മക രചനയിൽ ഏർപ്പെടാനുള്ള പ്രവർത്തനം സംഘടിപ്പിക്കുമ്പോൾ കൂടുതൽ സൂചനകൾ നൽകാവുന്നതാണ്.

**പഠനാവതരണം**

- മഴയുമായി ബന്ധപ്പെട്ട് എന്തെല്ലാം കവിതകൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്?
- കുറച്ചു വരികൾ അവർ ഓർത്തു പറയട്ടെ.
- മഴ എല്ലാവർക്കും സന്തോഷമാണോ നൽകുന്നത്?
- മഴ നിർത്താതെ പെയ്തുകൊണ്ടിരുന്നാലോ? എന്തൊക്കെ കെടുതികളാവും സംഭവിക്കുക?

കുട്ടികൾ അതിവർഷം കൊണ്ടുണ്ടാകുന്ന വിഷമങ്ങൾ കണ്ടെത്തുമല്ലോ.

ഇത്തരം എന്തെല്ലാം പ്രശ്നങ്ങൾ 'മഴവന്നപ്പോൾ' എന്ന പാഠഭാഗത്തുണ്ട് എന്ന് കണ്ടെത്താനായി അവർ കാവ്യഭാഗം വായിക്കട്ടെ.

കണ്ടെത്തി പറഞ്ഞു കഴിഞ്ഞാൽ അമ്പാടിയിൽ മഴ പെയ്യാനുണ്ടായ സഹാചര്യങ്ങൾ കുട്ടികൾ വിവരിക്കട്ടെ.

- പേമാരിയിൽ നിന്ന് ഗോകുലത്തെ രക്ഷിക്കാൻ ശ്രീകൃഷ്ണൻ ഗോവർധനത്തെത്തന്നെ കുടയാക്കിപിടിച്ചു.
- പർവതത്തിൽ എന്തെല്ലാം ജീവജാലങ്ങളുണ്ടാകാം?
- പർവതത്തെ ശ്രീകൃഷ്ണൻ കൈകൊണ്ട് ഉയർത്തിയപ്പോൾ അതിലെ ജീവജാലങ്ങളുടെയൊക്കെ അവസ്ഥ എന്താകാം?

കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് ജീവജാലങ്ങളുടെ ഭാവമാറ്റം ചെറുകുറിപ്പാക്കി എഴുതട്ടെ. ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകാം. തുടർന്ന് ചെറുശ്ശേരി ആ സന്ദർഭത്തെ വർണിക്കുന്നഭാഗം ക്ലാസിൽ വായിച്ചു കൊടുക്കാവുന്നതാണ്.

വൃക്ഷങ്ങളെല്ലാം ഞെരിഞ്ഞുതുടങ്ങിത-
പ്പക്ഷികളെല്ലാം പറന്നുതെങ്ങും
ശാഖികൾ ചേർന്നുള്ള വാനരയൂഥങ്ങൾ
ചാടിത്തുടങ്ങീതു കാടുതോറും
തിട്ടതി പൂണ്ടുള്ളാരെട്ടടി മാനെല്ല
വട്ടത്തിൽ നിന്നങ്ങുഴന്നുതെങ്ങും
കന്ദരംതന്നിലേ മന്ദിരമായുള്ള
കിന്നരരെല്ലാരും ഖിന്നരായി.
ഒന്നിച്ചുനിന്നുള്ള പന്നികളെല്ലാമ
ക്കുന്നിലേ ചാടിക്കുറുട്ടി നിന്നു
കമ്പത്തെപ്പൂണ്ടുള്ള വമ്പുലികൂട്ടങ്ങൾ
സംഭ്രമിച്ചോടീതേയങ്ങുമിങ്ങും
വേട്ടയ്ക്കുവന്നുള്ള കാട്ടാളരെല്ലാരു
മാട്ടിത്തുടങ്ങിനാരെന്നുനണ്ണി

കാട്ടുപോത്തെല്ലാമെ ചാട്ടം തുടങ്ങിത
മ്മാട്ടിന്നു മൂട്ടിലെ കാട്ടികളും
കാട്ടാനകൂട്ടങ്ങൾ കൂട്ടംപിരിഞ്ഞുനി-
ന്നോട്ടം തുടങ്ങിതക്കാട്ടിലപ്പോൾ
ചേണുറ്റു നിന്നൊളള്ളോരേണക്കിടാക്കളും
ദീനങ്ങളായങ്ങു പാഞ്ഞുചെന്ന്
ശാർദ്ദൂലംതന്നോടു ചേർച്ചതുടങ്ങിതു
ശാർദ്ദൂല പോതങ്ങളേണത്തോടും
മുഷ്ടിയേറ്റുള്ളൊരു നോവുകൊണ്ടന്നേരം
നിർത്ധരമായൊരു കണ്ണുനീരും
പാരം ചൊരിഞ്ഞിട്ടു സിംഹങ്ങൾതന്നുടെ
ഘോരമായുള്ളൊരു നാദത്തിന്റെ
മാറ്റൊലികൊണ്ടാരു കന്ദരവാകൊണ്ട-
ങ്ങേറ്റം കരഞ്ഞാനക്കുന്നുമപ്പോൾ

ഇവിടെ നിന്നു ലഭിച്ച ആശയങ്ങൾ കൂടെ പരിഗണിച്ച് കുറിപ്പ് വിപുലമാകട്ടെ. മെച്ചപ്പെട്ട കുറിപ്പുകൾ അവതരിപ്പിക്കാൻ ഗ്രൂപ്പുകൾക്ക് നിർദേശം നൽകാം.

ഇത്തരം പേമാരികൾ ഗോവർധനത്തിൽ മാത്രമല്ല, നമ്മുടെ നാട്ടിലുമുണ്ടല്ലോ. മഴയ്ക്കായി ഒരു കാലം തന്നെ നമുക്കുണ്ട്. പല സന്ദർഭങ്ങളിലും നമുക്ക് മഴലഭിക്കാറുണ്ട്.

- അവയുടെ പേരുകൾ ചോദിക്കാം അവ തമ്മിലുള്ള വ്യത്യസ്തതകൾ അന്വേഷിക്കാം.

### സുഗതകുമാരിയുടെ ഒരു മഴയനുഭവം നോക്കുക:

മഴയ്ക്ക് എത്ര മുഖങ്ങളാണ്! എത്രഭാവങ്ങളാണ്! ചിരിച്ചു തിമർത്ത് ഓടിവരുന്ന കുഞ്ഞിമഴയെ നമുക്ക് കളിമഴയെന്നു വിളിക്കാം. ഇടയ്ക്കിടെ തെളിഞ്ഞും മങ്ങിയും പെയ്യുന്നൊരു പിണങ്ങി മഴയുണ്ട്. കുനുകുനെ ചിനുചിനെ പെയ്യുന്നൊരു ചിണുങ്ങി മഴയുണ്ട്. മണമുള്ള മഴയുണ്ട്. കൊടും വേനലിൽ പെട്ടെന്നു തിമർത്തുപെയ്യുന്ന പുതുമഴയ്ക്ക് മണ്ണിന്റെ മണമാണ്.

*കാവുതീണ്ടല്ലേ* — *സുഗതകുമാരി*

മഴയുടെ വ്യത്യസ്ത ഭാവങ്ങളെക്കുറിച്ച് കുട്ടികളിൽ നിന്നു തന്നെ ചില ആശയങ്ങൾ കൊണ്ടു വരാൻ ശ്രമിക്കണം. ഓരോസന്ദർഭത്തിലെ മഴയും ഓരോരുത്തരിലും ഉണ്ടാകുന്ന ഭാവങ്ങൾ എന്താണെന്നു കണ്ടെത്തണം.

ഉച്ചതിരിഞ്ഞ് ഇടിയും മിന്നലും കൂട്ടായി വരുന്ന പേടിപ്പിക്കുന്ന അഴകുള്ള തുലാമഴ, ഘനീഭൂത മായ വിഷാദവും അന്ധകാരവും നിറഞ്ഞ ഇടവപ്പാതി മഴ, കാട്ടിൽ പെയ്യുന്ന മഴ, കടലിൽ പെയ്യുന്ന മഴ ഇങ്ങനെ മഴയുടെ വിവിധ ഭാവങ്ങൾ ദർശിച്ചവരുണ്ടാകും.

സുഗതകുമാരിക്ക് മഴ നിർത്താതെ വർത്തമാനം പറയുന്ന കുസൃതിക്കൂട്ടുകാരിയാണ്. രാത്രി യിൽ മുറ്റത്തു വന്നിരുന്ന് അഴിച്ചിട്ട മുടിയുമായി തേങ്ങിത്തേങ്ങിക്കരയുന്ന രാത്രിമഴയോടാണ് അവർക്ക് ഏറെ ഇഷ്ടം (രാത്രിമഴ)

## അനുഭവക്കുറിപ്പ്

കുട്ടികളും മഴയുടെ ഈ വ്യത്യസ്തഭാവങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടാവും. അവർ ഒരു മഴയനു ഭവം കുറിക്കട്ടെ.

അനുഭവക്കുറിപ്പുകളിൽ മികച്ചവ ക്ലാസിൽ അവതരിപ്പിക്കണം. അവയിലെ സവിശേഷമായ വർണ നകൾ, പ്രത്യേകിച്ച് അതിശയോക്തിപരമായവ അധ്യാപിക ശ്രദ്ധിച്ചു വെക്കണം. അവ എടുത്തു പറഞ്ഞുകൊണ്ട്, അവ വിശകലനം ചെയ്തു പ്രോത്സാഹിപ്പിച്ചുകൊണ്ട് പാഠഭാഗത്ത് അത്തരം വർണനകൾ ഉണ്ടോ എന്ന് അന്വേഷിക്കാൻ ആവശ്യപ്പെടണം.

### അലങ്കാരപ്രയോഗങ്ങൾ

തുമ്പിക്കൈയോളം വലുപ്പമുള്ള മഴത്തുള്ളി, വൻകാറ്റുവീശി, വൻകുന്നുകൂടിക്കുലുങ്ങുക തുട ങ്ങിയ സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തും.

- ഇത്തരം പ്രയോഗങ്ങൾ നമ്മുടെ സംഭാഷണഭാഷയിൽ ഉപയോഗിക്കാറുണ്ടോ?
- ഒരു നീർക്കോലിയെക്കണ്ട് പേടിച്ചവൻ അതിനെ വർണിക്കുന്നതെങ്ങിനെയാവും?

അനുഭവത്തിന്റെ തീവ്രത ആവിഷ്കരിച്ചപ്പോൾ അതിശയോക്തി പ്രയോഗിക്കുന്നത് സ്വാഭാ വികമാണ്. നിത്യജീവിതത്തിൽ വിശേഷണങ്ങളും അതിശയോക്തി പ്രയോഗങ്ങളും നാം യഥേഷ്ടം ഉപയോഗിക്കാറുണ്ട്. ഇത്തരം അതിശയോക്തി പ്രയോഗിക്കുന്നതുകൊണ്ട് കവി തയ്ക്ക് ലഭിക്കുന്ന മെച്ചങ്ങൾ എന്തൊക്കെയെന്ന് ചർച്ച ചെയ്യപ്പെടണം.

പഠിച്ചിട്ടുള്ള പാഠഭാഗങ്ങളിൽ നിന്ന് ഇത്തരം പ്രയോഗങ്ങളുടെ ഭംഗി കണ്ടെത്തി ഒരു കുറിപ്പ് തയാറാക്കട്ടെ. ഇത്തരം വർണനകൾ കവിതകളിൽ മാത്രമല്ലല്ലോ ഉള്ളത്? കഥകളിലും ഉണ്ടാ വാറില്ലേ? ശിശിരത്തിലെ ഓക്കുമരം എന്ന കഥവായിച്ച് വിശേഷണങ്ങൾ ചേർത്ത പദങ്ങളും വർണനകളും കുട്ടികൾ കണ്ടെത്തട്ടെ.

കഥയിൽ 'ശിശിരത്തിലെ ഓക്കുമരം' എന്നത് ഒറ്റ നാമപദമായി പറഞ്ഞതിന്റെ ഔചിത്യം ചർച്ചചെയ്യണം.

പ്രകൃതിയോട് ഒരു കുട്ടിക്കുണ്ടായ ആത്മബന്ധമാണ് കഥയിൽ ആവിഷ്കരിച്ചിട്ടുള്ളത്. മുതിർന്ന വരെക്കാൾ പലപ്പോഴും പ്രകൃതിയോട് കൂറ് പുലർത്താൻ കുട്ടികൾക്കാണു കഴിയുന്നത്.

കഥവായിക്കാൻ ഉചിതമായ സന്ദർഭമൊരുക്കണം.

- സൂചനകൾ നൽകി വായനയിലേക്കു നയിക്കുക.
- ഭാവാത്മകമായി അധ്യാപികയുടെ അവതരണം.
- ഗ്രൂപ്പിൽ വായിച്ച് കഥയോടുള്ള പ്രതികരണം രൂപപ്പെടുത്തൽ

തുടങ്ങിയ രീതിയിൽ ഒന്ന് സ്വീകരിക്കാവുന്നതാണ്.

# ശിശിരത്തിലെ ഓക്കുമരം

നാമം എന്താണെന്ന് കുട്ടികൾക്കറിയാം

ക്രിയയും വിശേഷണവും അവർ പരിചയപ്പെട്ടിട്ടുണ്ടാവുമല്ലോ

വാക്യങ്ങളിൽ നിന്ന് നാമം, ക്രിയ, വിശേഷണം തുടങ്ങിയവ അവർ വേർതിരിച്ചു പറയട്ടെ. അവയുടെ പ്രത്യേകതകളും അവർ കണ്ടെത്തും.

- ശിശിരത്തിലെ ഓക്കുമരം എന്നതിൽ ശിശിരത്തിലെ എന്നത് യഥാർത്ഥത്തിൽ വിശേഷണമാണല്ലോ.
- എന്നിട്ടും എന്തുകൊണ്ട് ഒരൊറ്റനാമപദമെന്ന് സവുഷ്കിൻ തറപ്പിച്ചു പറഞ്ഞു?
- അർഥവത്തായ നാമപദമാകണമെങ്കിൽ ശിശിരത്തിലെ ഓക്കുമരം എന്നു തന്നെ പറയണമെന്നതുകൊണ്ട് സവുഷ്കിൻ എന്താവാം അർഥമാക്കിയത്?

വൃക്ഷങ്ങൾ എല്ലായ്പ്പോഴും ഒരേ അവസ്ഥയിലാണോ എന്ന ചർച്ചയാവാം.

ഋതുക്കൾക്കനുസരിച്ച് അവയിലുണ്ടാകുന്ന മാറ്റങ്ങൾ കുട്ടികൾ തിരിച്ചറിയും. കാലാവസ്ഥ ലോകത്തെല്ലായിടത്തും ഒരുപോലെയാണോ എന്ന ചോദ്യമുന്നയിക്കാം. ശൈത്യകാലം നമ്മുടേതുപോലെയല്ല പലനാടുകളിലും. യൂറോപ്പിലെ മഞ്ഞുമൂടിയ ശിശിരം നമുക്കില്ല. ശിശിരത്തിൽ വൃക്ഷങ്ങൾ ഇലകൾ പൊഴിക്കാം. ചിലജീവികൾ ആ സീസൺ മുഴുവൻ നീളുന്ന ഉറക്കത്തിലേക്കു വീഴും (ഹൈബർനേഷൻ)

കാലാവസ്ഥയ്ക്കനുസരിച്ച് വ്യത്യാസപ്പെടുന്ന മരങ്ങൾ നമ്മുടെ നാട്ടിലുമുണ്ടല്ലോ. ഏപ്രിലിലെ കൊന്നമരം, മെയ് മാസത്തിലെ വാക - ഇവയുടെ പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തും.

ഋതുക്കൾ പ്രകൃതിയിൽ മാറ്റങ്ങൾ വരുത്തുന്നു. പ്രകൃതി ഓരോ ജീവജാലത്തിലും നിരന്തരമാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ആ തത്ത്വമല്ലേ സവുഷ്കിൻ ശക്തമായി പറയുന്നത്?

- നമുക്ക് വെയിലുണ്ട്
- എന്നാൽ എല്ലാ വെയിലും ഒരു പോലെയാണോ? ചിങ്ങവെയിൽ, ആനത്തോലുണക്കാവുന്ന മീനച്ചൂട്.
- മഴയാണെങ്കിലോ? ഇങ്ങനെ പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങൾ തിരിച്ചറിയുകയാണ് സവുഷ്കിൻ യഥാർത്ഥത്തിൽ ചെയ്തത്.

ഇങ്ങനെ വിശേഷണത്തിന്റെ പ്രസക്തി കുട്ടികൾ കണ്ടെത്തട്ടെ. അതോടൊപ്പം ഇത്തരം വിശേഷണങ്ങൾ ചേർത്ത അനേകം പദങ്ങൾ യൂണിറ്റിന്റെ പ്രവേശകമായി കൊടുത്ത പി. യുടെ ആത്മകഥാ ഭാഗത്തിലുണ്ട്. അവ കുട്ടികൾ കണ്ടെത്തട്ടെ.

സൂക്ഷ്മ ഭാവങ്ങളിലേക്കിറങ്ങിച്ചെന്ന് അവർക്കിഷ്ടപ്പെട്ട ഒന്നിനെക്കുറിച്ച് അതിന്റെ ഭാവമുൾക്കൊണ്ട് അവർ കുറിപ്പ് തയാറാക്കട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിക്കാം. മികച്ചവ ക്ലാസ്സിൽ അവതരിപ്പിക്കണം. പ്രകൃതിയുടെ സൂക്ഷ്മതലങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് പുലർത്തുന്നവയെ എടുത്തു പറയാൻ അധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇതുപോലെ പ്രകൃതിയുടെ സൂക്ഷ്മതലങ്ങൾ നോക്കിക്കാണാൻ ശ്രമിച്ച കുട്ടിയാണ് സവുഷ്കിൻ എന്ന് കുട്ടികളെ ഓർമിപ്പിക്കാം.

## കഥാപാത്ര നിരൂപണം

ഈ കഥാപാത്രത്തിന്റെ സ്വാഭാവസവിശേഷതകൾ എന്തൊക്കെയാണെന്ന ചോദ്യം ഉയർത്താം.

- പ്രകൃതി സ്നേഹം
- അധ്യാപികയോടുള്ള സ്നേഹം

ഇവയെല്ലാം കുട്ടികൾ കണ്ടെത്തും. കുറച്ചുകൂടി ആഴത്തിലേക്കിറങ്ങി അന്വേഷിക്കാൻ അവരെ പ്രേരിപ്പിക്കണം.

അതിനുതകുന്ന ചില ചോദ്യങ്ങൾ അവതരിപ്പിക്കണം.

ഒരു കഥാപാത്രത്തെ പൂർണമായി മനസ്സിലാക്കാൻ നാമെന്തുചെയ്യണം?

- എന്തെല്ലാം സന്ദർഭങ്ങളിലൂടെയാണ് കഥാപാത്രം കടന്നുപോകുന്നത്?
- ആ സന്ദർഭങ്ങളോട് സവുഷ്കിന്റെ പ്രതികരണങ്ങൾ എങ്ങിനെയൊക്കെയായിരുന്നു?

ആ ആവശ്യം മുൻനിർത്തി കഥ ഒന്നുകൂടി വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

- ക്ലാസിലേക്ക് വൈകിയാണ് സവുഷ്കിൻ വന്നത്. വന്നയുടനെ സവുഷ്കിൻ എന്താണ് ചെയ്തത്?
- അടുത്തിരിക്കുന്ന കുട്ടിയോട് സംസാരിച്ചത് അതുവരെ പഠിപ്പിച്ച പാഠഭാഗത്തെക്കുറിച്ചാകാം എന്ന ടീച്ചറുടെ നിഗമനം ശരിയാണോ?

അവന്റെ പൊതുവായ പെരുമാറ്റം ടീച്ചർക്കറിയാം. ടീച്ചറുടെ ചോദ്യത്തിന് അവനുത്തരം പറയുകയും ചെയ്തു. അതും തനിക്കു ശരിയെന്നു തോന്നുന്ന ഉത്തരം അവൻ വ്യക്തമായി പറഞ്ഞു.

- മറ്റു കുട്ടികളുടെ പരിഹാസത്തെയോ ടീച്ചറുടെ വിലക്കിനെയോ അവൻ വകവെക്കാത്തത് എന്തുകൊണ്ടാവാം?
- ശിശിരത്തിലെ ഓക്കുമരത്തിനു പറ്റിയ അമളി എന്നു കൂട്ടുകാർ പരിഹസിച്ചപ്പോൾ സവുഷ്ക്കിന്റെ പ്രതികരണം എന്തായിരുന്നു.?
- സ്റ്റാഫ് റൂമിൽ അധ്യാപികയോടുള്ള അവന്റെ പെരുമാറ്റമോ?
- പ്രകൃതിയെക്കുറിച്ച് അവന് എന്തൊക്കെ അറിയാം?
- ടീച്ചറെ തിരിച്ചുകൊണ്ടാക്കാം എന്ന അവന്റെ വാക്കുകളിൽ എന്താണ് പ്രകടമാകുന്നത്?
- ടീച്ചറുടെ സുരക്ഷയെക്കുറിച്ച് അവനുള്ള ഉത്കണ്ഠ പ്രകടമാകുന്ന സന്ദർഭങ്ങൾ ഏതൊക്കെയാണ്?
- 'എൽക്കിനെ തൊട്ടാൽ മതി, അടിക്കേണ്ട' എന്ന അവന്റെ വാക്കുകളിൽ പ്രകടമാകുന്ന വികാരം?

ഇത്തരം ചോദ്യങ്ങളിലൂടെ സവുഷ്കിന്റെ സ്വഭാവത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ കുട്ടികൾക്ക് കഴിയും.

കഥയിലെ കഥാപാത്രത്തിന്റെ പ്രാധാന്യം, കഥയുടെ പരിണാമത്തിൽ കഥാപാത്രം വഹിക്കുന്ന പങ്ക് ഇവയെല്ലാം കഥാപാത്രനിരൂപണത്തിൽ ഉൾച്ചേരണം.

- പ്രകൃതിയോടുള്ള സവുഷ്കിന്റെ ബന്ധം
- മറ്റുള്ളവർ എന്തുപറഞ്ഞാലും തനിക്കുശരിയെന്നു തോന്നുന്ന കാര്യം ഉറപ്പിച്ചു പറയാനുള്ള ആർജവം.
- അധ്യാപികയോടുള്ള പെരുമാറ്റത്തിൽ പുലർത്തുന്ന മാന്യത.
- പ്രകൃതിയെക്കുറിച്ചുള്ള അവന്റെ സൂക്ഷ്മജ്ഞാനം.

- സഹജീവി സ്നേഹം

തുടങ്ങിയവയെല്ലാം കഥാപാത്ര നിരൂപണത്തിൽ പരിഗണിക്കപ്പെടുമല്ലോ. സവുഷ്കിൻ മാത്ര മല്ലല്ലോ കഥയിലെ മുഖ്യ കഥാപാത്രം. അന്നാ വാസ്‌ല്യേവ്നയും പ്രധാനം തന്നെ.

അവരുടെ സ്വഭാവ സവിശേഷതകളും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്.

- പ്രതികൂല സാഹചര്യം ഉത്സാഹം വർധിപ്പിക്കുന്ന സ്വഭാവം (കുത്തിത്തുളയ്ക്കുന്ന കാറ്റ്-മണ്ണിന്റെ കാഠിന്യം)
- കുട്ടികളോടുള്ള സ്നേഹമസൃണമായ പെരുമാറ്റം.
- ഓരോ കുട്ടിയെയും വ്യക്തിപരമായി മനസ്സിലാക്കുന്ന സ്വഭാവം.
- സവുഷ്കിന്റെ കാര്യമന്വേഷിക്കാൻ വളരെ ദൂരം നടക്കാൻ പോലും തയാറായത്.
- പ്രകൃതിയെ മനസ്സിലാക്കാനുള്ള ശ്രമം.
- ശിഷ്യന്റെ മുന്നിൽ താൻ പ്രകൃതിയെക്കുറിച്ചുള്ള അറിവിൽ ചെറുതാണെന്ന് മനസ്സിലാ ക്കുന്നത്;

തുടങ്ങി എത്രയെത്ര സന്ദർഭങ്ങളാണ് അന്നവാസ്‌ല്യേവ്നയെ മനസ്സിലാക്കാനായി നമുക്ക് കഥ യിൽ നിന്നു ലഭിക്കുന്നത്.

ഇത്തരം കാര്യങ്ങൾ ഉചിതമായ ചില ചോദ്യങ്ങളിലൂടെ ഉന്നയിച്ച് ആവശ്യമായ വിവരങ്ങൾ കുട്ടികളിൽ നിന്ന് ഉരുത്തിരിച്ചെടുക്കാൻ അധ്യാപിക ശ്രദ്ധിക്കണം. ഏറ്റവും മികച്ച കഥാപാത്ര നിരൂപണങ്ങൾ കൈയെഴുത്തുമാസികയിൽ ചേർക്കേണ്ടതുണ്ട്. എല്ലാ കുട്ടികളുടെയും രചന കൾ കൈയെഴുത്തു മാസികയിൽ ഉണ്ടാവണം. ഓരോരുത്തരുടെയും ആവിഷ്കാര രൂപങ്ങ ളിൽ നിന്ന് ഉചിതമായവ തിരഞ്ഞെടുക്കുന്നതിന് അധ്യാപിക പ്രത്യേകം ശ്രദ്ധവെക്കണം.

ഈ കഥ എല്ലാവരും ഉൾക്കൊണ്ടുകഴിഞ്ഞു. കഥാപാത്രങ്ങളും നമ്മുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. ഈ കഥ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്ന ചിന്തകൾ എന്തൊക്കെയാ ണെന്ന ചോദ്യം ക്ലാസിൽ ഉന്നയിക്കേണ്ടതുണ്ട്. തേന്മാവ് എന്ന കഥ കുട്ടികൾ മുൻക്ലാസിൽ പഠിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഒരു ചർച്ചയാവാം. ആ കഥ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ എന്തൊക്കെയെന്ന് കുട്ടികൾ പറയട്ടെ.

### കഥാസ്വാദനം

ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കഥ കുട്ടികൾക്ക് വായിച്ചു കൊടുക്കണം. തേന്മാ വിന്റെയും ഭൂമിയുടെ അവകാശികളുടെയും അടിസ്ഥാനത്തിൽ ബഷീറിന്റെ പ്രകൃതിയോടുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യണം.

- തേന്മാവ് നൽകുന്ന സന്ദേശം
- വൃക്ഷത്തെ സഹജീവിയായി കാണുന്നത്
- പാമ്പും പഴുതാരയും വവ്വാലുമെല്ലാം ഭൂമിയുടെ അവകാശികളാണെന്ന കാഴ്ചപ്പാട്.
- മനുഷ്യൻ ഭൂമിയിൽ അതിർത്തികൾ/മതിലുകൾ തീർക്കുന്നത്.
- മൃഗങ്ങളുടേത് അതിർത്തികളില്ലാത്ത ലോകം
- മനുഷ്യൻ പ്രകൃതിയിൽ ഒരു ജീവിമാത്രമാണ്. ഭൂമി എല്ലാ ജീവജാലങ്ങൾക്കും അവകാശ പ്പെട്ടതാണ്.

ഈ ആശയങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത് ബഷീറിന്റെ പ്രകൃതിബോധത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കേണ്ടതാണ്. അതിനുശേഷം കഥാസ്വാദനത്തിലേക്കു വരാം.

- ശിശിരത്തിലെ ഓക്കുമരം എന്ന കഥ നമ്മുടെ മനസ്സിനെ ഏതു രീതിയിൽ സ്പർശി ക്കുന്നു?

- പ്രകൃതി മനുഷ്യനു വേണ്ടി മാത്രമോ എന്ന ചോദ്യം ചർച്ചചെയ്യപ്പെടണം. പ്രകൃതിയുടെ ഒരംശം മാത്രമാണ് മനുഷ്യൻ എന്ന തിരിച്ചറിവിലേക്കെത്താൻ ആ ചർച്ച സഹായിക്കണം.
- ഈ കഥ മുന്നോട്ടുവെക്കുന്ന ആശയം അതുതന്നെയല്ലേ?
- എന്തൊക്കെയാണ് ഈ കഥയുടെ മറ്റു സവിശേഷതകൾ?
- പ്രകൃതിയുമായുള്ള ലയം
- പ്രകൃതിയിലെ വിസ്മയം
- പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങൾ

കഥയുടെ കേന്ദ്രം പ്രകൃതിയോ മനുഷ്യനോ എന്ന ചോദ്യമുന്നയിക്കാം. കഥ മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളും ചർച്ചചെയ്യപ്പെടണം.

- പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത
- നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട പ്രകൃതി പ്രതിഭാസങ്ങൾക്കുമുന്നിൽ മനുഷ്യൻ വിനയാന്വിതനാകേണ്ടതിന്റെ ആവശ്യകത.

അതുപോലെ തന്നെ കഥാപാത്രങ്ങൾ നമ്മുടെ മനസ്സിലുണ്ടാക്കുന്ന ചലനങ്ങൾ എന്തൊക്കെയെന്ന് അന്വേഷിക്കണം.

ഗുരുനാഥനും ശിഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ മാഹാത്മ്യവും കണ്ടെത്തണം. കഥ മുന്നോട്ടുവെക്കുന്ന പ്രകൃതിസ്നേഹപരമായ കാഴ്ചപ്പാടിനും പ്രാധാന്യം കൊടുത്ത് ഒരു ആസ്വാദനം തയാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടണം. ഗ്രൂപ്പുകളിൽ അവതരിപ്പിച്ച് മികച്ചവ കണ്ടെത്തുമല്ലോ.

സവുഷ്കിനെപ്പോലെ തന്നെ പ്രകൃതിയുടെ സൂക്ഷ്മ ഭാവങ്ങളെക്കുറിച്ച് ചില അറിവുകളൊക്കെ നമുക്കുമുണ്ടെന്ന ചിന്ത അധ്യാപകൻ തുടർന്ന് മുന്നോട്ടുവെക്കണം. ചുറ്റുപാടുകളിലേക്ക് നാമെല്ലാം കണ്ണയയ്ക്കാറുണ്ട്. അതിൽ പലതും നമ്മുടെ ശ്രദ്ധയെ ആകർഷിക്കാറുണ്ട്. നമ്മെ ആഹ്ലാദിപ്പിക്കാറുണ്ട്. അവയുമായി ബന്ധപ്പെട്ട ഒരു അനുഭവക്കുറിപ്പു തയാറാക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. പ്രകൃതി ആരെയും ആഹ്ലാദിപ്പിക്കുന്നതാണ്.

- പൂമ്പാറ്റകളും കിളികളും മാത്രമാണോ നമ്മെ ആഹ്ലാദിപ്പിക്കുന്നത്?
- നമ്മിൽ കൗതുകമുണർത്തുന്ന ഏതൊക്കെ ജീവികളുണ്ട്?

കൈകൂപ്പിയെത്തുന്ന ചാരനിറമുള്ള തൊഴുകൈയൻ പ്രാണി, വായിക്കാനിരിക്കുമ്പോഴാകാം അപ്രതീക്ഷിത അതിഥിയായെത്തി നമ്മുടെ ശ്രദ്ധക്ഷണിക്കുന്ന പച്ചക്കുതിര, മരത്തൊലിയുടെ രൂപം തന്നെ സ്വീകരിച്ച് നമ്മെ കബളിപ്പിക്കുന്ന ചില ശലഭങ്ങൾ, അച്ചടക്കത്തോടെ മാർച്ചുചെയ്യുന്ന ഉറുമ്പിന്റെ സൈന്യം ഇങ്ങിനെയെന്തെല്ലാം ....

ഇത്തരത്തിൽ കൗതുകവും സന്തോഷവുമൊക്കെ ജനിപ്പിക്കുന്ന ജീവി വർഗങ്ങളെക്കുറിച്ച്, നമ്മുടെ ചുറ്റുമുള്ള വൃക്ഷങ്ങൾ, തൊടിയിലെ കാട്ടുപൊന്തകൾ, വീട്ടുമുറ്റത്തു ചട്ടിയിലുള്ള മനോഹരമായ ചെടികൾ ഇവയെപ്പറ്റിയെല്ലാം ക്ലാസിൽ ചർച്ചചെയ്യണം.

സുന്ദരമായ പ്രകൃതിദൃശ്യങ്ങളിൽ മാത്രമല്ല, ഏതു നിസ്സാരമായ പുല്ലിലും പുഴുവിലും പ്രകൃതിയുടെ ഭിന്നസൗന്ദര്യങ്ങളുണ്ടെന്ന കാഴ്ചപ്പാട് കുട്ടികളിൽ വളർത്തിയെടുക്കണം. ആ ബോധം ആവിഷ്കരിക്കാനുതകുന്ന ഒരു രചനയിൽ കുട്ടികൾ ഏർപ്പെടട്ടെ. അനുഭവക്കുറിപ്പിനപ്പുറം കഥയോ കവിതയോ നാടകമോ ആക്കി വികസിപ്പിക്കാൻ താല്പര്യമുള്ളവരുണ്ടെങ്കിൽ അത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

ഇവയിൽ മികച്ച രചനകൾ തീർച്ചയായും കൈയെഴുത്തു മാസികയിൽ എടുത്തു ചേർക്കേണ്ടതാണ്.

'മഴവന്നപ്പോൾ,' 'ശിശിരത്തിലെ ഓക്കുമരം' തുടങ്ങിയ പാഠഭാഗങ്ങളിൽ പ്രകൃതി സജീവമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ബഷീറിന്റെ നാം പരിചയപ്പെട്ട ചില കഥകളിൽ പ്രകൃതിയുടെ സജീവസന്നിധ്യമുണ്ട്. ഇത്തരം സന്ദർഭങ്ങൾ അവർ പഠിച്ച പാഠഭാഗങ്ങളിലോ അവർ പരിചയപ്പെട്ട മറ്റു സാഹിത്യകൃതികളിലോ ഉണ്ടാവാം. അവ ശേഖരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്. അത്തരം പ്രകൃതിവർണനാപരമായ സാഹിത്യഭാഗങ്ങൾ കൈയെഴുത്തു മാസികയിലേക്ക് ഉപയോഗിക്കാവുന്നതാണ്.

**ശേഖരണം**

## പ്രകൃതിയും വിശ്വാസവും

കാവുമുടിഞ്ഞാൽ കിണർ വറ്റുമെന്നത് പണ്ടുപണ്ടേയുള്ള ഒരു വിശ്വാസമാണ്. പരമ്പരയാ പ്രചരിക്കുന്ന ഇത്തരം ചില വിശ്വാസങ്ങൾ പ്രകൃതിയുടെ നിലനിൽപ്പിന് സഹായകമാകാറുണ്ട് എന്ന വിഷയം ക്ലാസിൽ ചർച്ചചെയ്യേണ്ടതാണ്.

പൂച്ചയെ തല്ലിയാൽ കൈവിറയ്ക്കും, സത്യമുള്ളിടത്ത് പല്ലിയുണ്ടാകും, പച്ചക്കുതിര ഐശ്വര്യം കൊണ്ടുവരും തുടങ്ങിയ വിശ്വാസങ്ങൾ നമ്മുടെ നാട്ടിൽ പൊതുവായുള്ളതാണ്. ചിലതരം തവളകളെ കൊന്നാൽ, ചേരയെ കൊന്നാൽ, വേട്ടാളന്റെ കൂടുതകർത്താൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പലനാട്ടിൽ പലതാണ്. ഇത്തരം വിശ്വാസങ്ങളുടെ ശാസ്ത്രീയത അന്വേഷിക്കുന്നതിനെക്കാൾ ഇവ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വഹിക്കുന്ന പങ്ക് ചർച്ചചെയ്യപ്പെടണം. (ദൂരെ നിന്നു നോക്കിത്തന്നെ ചോരയൂറ്റിക്കുടിക്കുന്ന ഓന്ത് കല്ലെറിയപ്പെടുന്നതു പോലുള്ള വൈരുദ്ധ്യങ്ങളുമുണ്ട്). കുട്ടിക്കാലത്തുതന്നെ രൂഢമൂലമാകുന്ന വിശ്വാസങ്ങൾ പ്രകൃതിയോടുള്ള ബന്ധം ദൃഢമാകുന്നതിനു കാരണമാകുന്നു എന്നതിന് ഏറ്റവും നല്ല ഉദാഹരമാണ് വൈലോപ്പിള്ളിയുടെ എണ്ണപ്പുഴുക്കൾ. മണ്ണിലൂടെ അരിച്ചു പോവുന്ന പാഴ്പ്പുഴുവിനെക്കുറിച്ച്

> "അപ്പു, നീ ദ്രോഹിക്കരു," -തമ്മചൊല്ലിനാൾ "ചിറ്റൂ-
> രപ്പനാടുവാനെണ്ണകൊണ്ടു പോം പുഴുവല്ലോ"

എന്ന അമ്മയുടെ വാക്കുകൾ കുട്ടി വിശ്വസിച്ചു. "എത്ര ദുസ്തരദൂരം മാർഗം, എന്തു പാവന യത്നം" എന്നു വിസ്മയിക്കുകയും ചെയ്തു.

മുതിർപ്പോൾ നിസ്സാരശലഭത്തിന്റെ ചെറുകുഞ്ഞാണീപ്പുഴു എന്ന് തിരിച്ചറിയുന്നൂ കവി.

> "എങ്കിലും പുഴുവിലല്ലേതു ജീവിയിലുമി-
> ന്നെൻ കരം പരുഷമായ് പതിയാൻ ഭാവിക്കുകിൽ
> "അപ്പു, നീ ദ്രോഹിക്കരു,"-തമ്മ ചൊല്ലുന്നൂ, "ചിറ്റൂ-
> രപ്പനാടുവാനെണ്ണകൊണ്ടു പോം പുഴുവല്ലോ!"

പ്രകൃതിയും മനുഷ്യനും സൂക്ഷിക്കേണ്ട പാരസ്പര്യത്തിന്റെ പ്രതിഫലനമാണ് ഇത്തരം വിശ്വാസങ്ങളിൽ പ്രകടമാവുന്നത്. പഴയതലമുറയിൽ ഇത് ശക്തമായിരുന്നു താനും.

ഇന്നും ഇത്തരം വിശ്വാസങ്ങൾ നമ്മുടെ നാട്ടിലുണ്ട്. വീട്ടിലും നാട്ടിലുമുള്ള മുതർന്നവരോടന്വേഷിച്ചാൽ ഏറെ ഉദാഹരണങ്ങൾ കിട്ടും. കുട്ടികൾ അവ ശേഖരിക്കട്ടെ. പഴയതലമുറ പുലർത്തുന്ന പ്രകൃതിസ്നേഹപരമായ കാഴ്ചപ്പാട് അവയിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നും കണ്ടെത്തട്ടെ. ക്ലാസിൽ അവതരിപ്പിച്ചവയിൽ മികച്ചവ ലേഖനങ്ങളാക്കി വികസിപ്പിക്കണം. വ്യക്തിപരമായോ ഗ്രൂപ്പുതലത്തിലോ ആകാം. അവ കൈയെഴുത്തു മാസികയിൽ ഉപയോഗിക്കപ്പെടണം.

## ആശയം വിപുലീകരിക്കുക

A Society grows great when old man plant trees
Whose shade they know they shall never sit in

തങ്ങൾക്കൊരിക്കലും അതിന്റെ തണലിൽ ഇരിക്കാൻ കഴിയില്ലെന്ന് അറിഞ്ഞു കൊണ്ടുതന്നെ വൃദ്ധജനങ്ങൾ മരങ്ങൾ നാട്ടുപിടിപ്പിക്കുന്ന സമൂഹമാണ് ഏറ്റവും മഹത്തായിട്ടുള്ളതെന്ന് ഈ ഗ്രീക്ക് പഴമൊഴി പറയുന്നു.

ഈ പഴമൊഴി കുട്ടികൾക്ക് വായിച്ചുകൊടുക്കാം. അവർ അത് എഴുതിയെടുക്കട്ടെ. ആശയം അവരിൽ നിന്നുതന്നെ ചോദിച്ചറിയാം. അർഥം വിശദമാക്കിക്കൊടുക്കാം. ഈ പഴഞ്ചൊല്ല് മുന്നോട്ടുവെക്കുന്ന കാഴ്ചപ്പാടെന്താണ്? അന്വേഷിക്കാം.

- മഹത്വത്തിലേക്ക് വളരുന്ന സമൂഹത്തിന്റെ സവിശേഷതയിൽ വൃക്ഷങ്ങളുടെ പ്രാധാന്യം
- വൃക്ഷം നടുന്നവർ വൃദ്ധജനങ്ങൾ
- അവർ തണൽ വൃക്ഷം നടുന്നത് ആർക്കുവേണ്ടി?
- നാമിപ്പോൾ അനുഭവിക്കുന്ന തണലുകൾ നമ്മൾ നട്ട മരങ്ങളുടേതാണോ?
- നാം എന്തെങ്കിലും നടുന്നത്. നമുക്ക് വേണ്ടി മാത്രമാവാൻ പാടുണ്ടോ?
- വൃദ്ധജനങ്ങൾ ഇത്തരം കൃത്യങ്ങളിലേർപ്പെടുന്നുണ്ടെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ.
- ഇത് വൃക്ഷം നടുന്നതിന്റെ മാത്രം കാര്യമാണോ?
- തന്നെക്കാൾ തന്റെ അയൽക്കാരനെ പരിഗണിക്കുന്ന ഒരു കാഴ്ചപ്പാടാണോ ആ സമൂഹത്തിനുള്ളത്?
- സ്വാർത്ഥരഹിതമായ സമൂഹമാണ് മഹത്വത്തിലേക്ക് വളരുന്ന സമൂഹം എന്ന കാഴ്ചപ്പാടല്ലേ ഈ പഴഞ്ചൊല്ല് മുന്നോട്ടുവെക്കുന്നത്?
- ചോദ്യങ്ങളിലൂടെ സൂചനകളിലൂടെ വരാനിരിക്കുന്ന സമൂഹത്തെക്കൂടി ഉൾക്കൊള്ളുന്ന ഒരു പ്രപഞ്ചവീക്ഷണം ഈ പഴഞ്ചൊല്ല് മുന്നോട്ടുവെയ്ക്കുന്നു എന്ന തിരിച്ചറിവ് കുട്ടികളിലുണ്ടാക്കണം. ഇങ്ങനെയെങ്കിൽ നമ്മുടെ സമൂഹം എവിടെ നിൽക്കുന്ന എന്ന വിമർശനാത്മക ചിന്തകൂടി ഉൾപ്പെടുത്തി വേണം പഴഞ്ചൊല്ല് വ്യാഖ്യാനിക്കേണ്ടത്.

## കുറിപ്പുതയാറാക്കുക

വൃക്ഷങ്ങൾ കവിതകളാണ്
ഭൂമി ആകാശത്തിലെഴുതിയവ
നാമവയെ വെട്ടിമുറിച്ചിടുന്നു
നമ്മുടെ പൊള്ളത്തരങ്ങൾ
കോറിയിടാൻ മാത്രം

*ഖലീൽ ജിബ്രാൻ*

വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കണം. കാവ്യഭാഗം കുട്ടികൾ വായിക്കട്ടെ. പ്രത്യക്ഷമായി കാട്ടുന്ന അർത്ഥങ്ങൾ കുട്ടികൾ പറയട്ടെ. ചർച്ചകളിലൂടെ കൂടുതൽ ആശയങ്ങളിലേക്കെത്താൻ അവസരം നൽകണം. അതിനു പ്രേരകമാകുന്ന ചോദ്യങ്ങൾ ഉന്നയിക്കണം.

- എഴുത്തുകാരന്റെ സൗന്ദര്യാവിഷ്കാരമാണല്ലോ കവിത. വൃക്ഷങ്ങൾ ഭൂമിയെഴുതിയ കവിത എന്നു പറഞ്ഞതിന്റെ ഔചിത്യം?
- വൃക്ഷങ്ങളുടെ രൂപപരമായ സൗന്ദര്യം ശ്രദ്ധിച്ചിട്ടുണ്ടോ? അവയെല്ലാം ഒരേ പോലെയാണോ? എന്തെല്ലാം വൈവിധ്യങ്ങൾ അവയിൽ ദർശിക്കാനാവും?

- വൃക്ഷങ്ങൾ എന്തെല്ലാം തരത്തിൽ നമുക്ക് സാന്ത്വനമേകുന്നുണ്ട്?
- കണ്ണിന് ആനന്ദം മാത്രമാണോ നൽകുന്നത്?
- എന്തെല്ലാം തരത്തിലുള്ള ഫലങ്ങൾ നൽകുന്നുണ്ട്?

ഇത്തരം ചോദ്യങ്ങളിലൂടെ ഭൂമിയുടെ മഹത്തായ കാവ്യസൃഷ്ടിയാണ് വൃക്ഷങ്ങളെന്നും അവ നൂറ്റാണ്ടുകളിലൂടെ രചിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണെന്നും അവ നശിപ്പിച്ച് നമ്മുടെ നിസ്സാരതകൾ ആവിഷ്കരിക്കുന്നത് എത്ര വൈരുധ്യം നിറഞ്ഞതാണെന്നുമുള്ള ആശയങ്ങളിലേക്ക് കുട്ടികളെ എത്തിക്കാൻ കഴിയില്ലേ?

ഇത്തരം അർത്ഥതലം വികസിപ്പിച്ചു കഴിഞ്ഞാൽ ഒരു കുറിപ്പ് തയാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം. ഏറ്റവും ഉചിതമായവ അവതരിപ്പിക്കണം. അതിലെ ആശയങ്ങൾ ഉൾച്ചേർത്ത് കുറിപ്പുകൾ സമഗ്രമാക്കാൻ മറ്റുള്ളവർക്ക് അവസരം നൽകുകയും വേണം.

## കഥവായിക്കാം – മെയിൽ റണ്ണർ

പ്രകൃതിയുടെ ഭാഗം തന്നെയാണ് മനുഷ്യനെന്നും. ആ വ്യവസ്ഥയോട് വിഘടിച്ചു നിന്ന് അവൻ സൃഷ്ടിക്കുന്ന യന്ത്രസംസ്കാരം അവനുതന്നെ വിനയായിത്തീരുന്നുവെന്നുമുള്ള ആശയം അവതരിപ്പിക്കുന്ന കഥയാണ് എസ്.കെ.പൊറ്റക്കാടിന്റെ മെയിൽ റണ്ണർ. ഒണക്കൻ എന്ന അഞ്ചലോട്ടക്കാരന്റെ ദുരന്തത്തിലൂടെ ധ്വന്യാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. താൻ പ്രതിയോഗിയായി കണ്ടെത്തുന്ന ആത്യന്തിക നിമിഷത്തിൽ ഒണക്കനോട് അലിവു പ്രകടിപ്പിച്ച് അവന്റെ ജീവിതം തിരിച്ചുകൊടുത്തു. പ്രകൃതിയുടെ സഹജമായ ഉദാരതയും ഇവിടെ പ്രകടമാണ് എന്നാൽ യന്ത്ര സംസ്കൃതിയുടെ ഭാഗമായ മെയിൽ ബസ്സ് ഒണക്കന്റെ ജീവിതോപാധി മുട്ടിക്കുകമാത്രമല്ല അവന്റെ ജീവിതം തന്നെ തകർക്കുന്നു.

ഈ കഥ കുട്ടികൾക്ക് വായിച്ചു കൊടുക്കാവുന്നതാണ്. തേന്മാവ് എന്ന കഥ മുൻ വർഷം കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ അവകാശികൾ എന്ന ബഷീർകഥയും കുട്ടികൾ പരിചയപ്പെടേണ്ടതുണ്ട്. അതിലൂടെ ബഷീറിന്റെ ജീവിതദർശനത്തെക്കുറിച്ച് ചില ആശയങ്ങൾ കുട്ടികൾക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## പ്രകൃതിയോടുള്ള ഇന്നത്തെ സമൂഹത്തിന്റെ മനോഭാവം

- പ്രകൃതിയോടുള്ള സവുഷ്കിന്റെ സമീപനം എങ്ങനെയുള്ളതാണ്?
- നാമെല്ലാം പ്രകൃതിയോടിടപെടുന്നത് ഇത്തരത്തിലാണോ?

പൂവും പൂക്കാലവും പൂമ്പാറ്റകളും പറവകളും ഇല്ലാതായ വാർത്തമാനകാലത്തെക്കുറിച്ച് എൻ.വി കൃഷ്ണവാര്യരുടെ ഉൽക്കണ്ഠ നോക്കുക.

“മംഗള പ്രതീക്ഷപോൽ കൂമ്പടയുന്നൂവാഴ,
തെങ്ങോല വിശ്വാസംപോൽ ചുരുണ്ടുകരിയുന്നു,
കട്ടവിള്ളുന്നൂനിലം, അണതൂരുന്നൂ, തോട്ടി-
ലൊക്കെയും മണൽ വരമ്പിടിഞ്ഞു നിരക്കുന്നൂ.
വായുവിൽ നീറ്റം, വാനിൽക്കത്തൽ, പമ്പിലില്ലൂർജ്ജം
പാഴടഞ്ഞു പോയ്പ്പാടം; ബാക്കിവല്ലതുമുണ്ടോ?”

*ബാക്കിവല്ലതുമുണ്ടോ* — *എൻ. വി. കൃഷ്ണ വാര്യർ*

അദ്ദേഹത്തിന്റെ തന്നെ മറ്റൊരു കവിതയിൽ പ്രകൃതിക്കു വന്നു ചേർന്ന മാറ്റങ്ങളെ വിവരിച്ചതു നോക്കൂക.

അയിനിച്ചുളയുടെ ചോപ്പെഴും മാധുര്യവും
കാവളപ്പൂവിൻ ശവഗന്ധവുമിന്നില്ലല്ലോ

ചേരിന്റെയകാരണ വൈരമിന്നില്ലാ, കൂപ്പു-
ന്നോരിലിന്നനുഗ്രഹം. ചൊരിയുന്നീലാതാന്നി.
എങ്ങുപോയാവോ കൊന്ന മരത്തിൻ പൊൻഭണ്ഡാരം
എങ്ങാവോ മഞ്ചാടിതൻ മാണിക്യ ധാരാളിത്തം!
ഇല്ലെങ്ങും കാൺമാനൂഞ്ഞാൽ വള്ളികൾ,
ഓടൽപ്പടർപ്പില്ലോടൽപ്പഴം തേടും മരപ്പട്ടികളില്ല.
അവയോടിയ തട്ടിൻ പുറമി,ല്ലവിടെനി-
ന്നവചാടിയ കുണ്ടൻകിണറും തൂർന്നേപോയി.

*മരങ്ങളും വള്ളികളും* — *എൻ.വി.*

ഈ കാവ്യഭാഗങ്ങൾ കുട്ടികൾക്കു നൽകാം
പ്രതീക്ഷപോൽ കൂമ്പടയുന്ന വാഴ
വിശ്വാസം പോലെ ചുരുണ്ടു കരിയുന്ന തെങ്ങോല

തുടങ്ങിയ പ്രയോഗങ്ങളുടെ ഭംഗി ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട്. മനുഷ്യന്റെ മനോഭാവങ്ങൾ പ്രകൃതിയിൽ ദർശിക്കുകയാണ് കവി.

രണ്ടാമത്തെ കാവ്യഭാഗത്താകട്ടെ വൃക്ഷഗണങ്ങൾ അപ്രത്യക്ഷമാകുന്നതിനെക്കുറിച്ചുള്ള ഉൽക്കണ്ഠകളുണ്ട്.

ചോപ്പെഴും മധുരഫലങ്ങളുള്ള അയിനിപ്ലാവുകൾ, ശവഗന്ധമുള്ള കാവളപ്പൂക്കൾ, സമീപിക്കുന്നവരിൽ ചിലരോട് അകാരണവൈരം (ചേരുമരത്തെ സമീപിച്ചാൽ ചിലരുടെ ശരീരം ചൊറിഞ്ഞു തടിക്കുക സാധാരണമാണ്) കാട്ടുന്ന ചേരുമരം യക്ഷഗന്ധർവന്മാരുടെ ആവാസകേന്ദ്രമായ താന്നികൾ, പൊന്നിൽ കുളിച്ച കൊന്നമരങ്ങൾ, മാണിക്യമണികൾ ധൂർത്തടിക്കുന്ന മഞ്ചാടികൾ, കുട്ടികൾക്കുത്സവമേകിയിരുന്ന ഊഞ്ഞാൽ വള്ളികൾ, ഓടൽപ്പഴങ്ങൾ, അവ തേടുന്ന മരപ്പട്ടികൾ, മരപ്പട്ടികളോടി നടന്ന മച്ചിൻ പുറങ്ങളുള്ള വീടുകൾ, കുണ്ടൻ കിണറുകൾ എല്ലാ നഷ്ടമായിപ്പോയ ഒരു കാലത്തെക്കുറിച്ചുള്ള വേദന ഈ കവിതയിൽ നിറഞ്ഞു നിൽക്കുന്നുണ്ടല്ലോ.

ഈ കവിതകൾ മുന്നോട്ടു വെക്കുന്ന ആശയങ്ങളുടെ കൂടി തെളിച്ചത്തിൽ പൊതുവായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് പ്രകൃതിയോടുള്ള മനുഷ്യന്റെ സമീപനത്തെക്കുറിച്ച് ഒരു ലഘൂപന്യാസം തയാറാക്കാമല്ലോ.

## കഥയിലെ പ്രകൃതി

അനാദികാലം മുതൽ മനുഷ്യനും പ്രകൃതിയും തമ്മിൽ ബന്ധമുണ്ട്. വേദങ്ങളിൽ, ഉപനിഷത്തുകളിൽ, പുരാണങ്ങളിൽ എല്ലാം അതിനുള്ള തെളിവുകൾ അനവധിയാണ്. ആദികവിയിൽ ഉണർന്ന ദു:ഖം, ശ്ലോകമായി മാറിയത് ക്രൗഞ്ച പക്ഷികൾക്കു സംഭവിച്ച ദുരന്തത്തിൽ നിന്നാണ്. ആദികാവ്യം പ്രകൃതിയെ സചേതനമായ കഥാപാത്രമായിത്തന്നെ കണ്ടറിഞ്ഞ് ആവിഷ്കരിച്ചു. ആധുനിക മനുഷ്യൻ പ്രകൃതിയെ വന്യമൃഗത്തെപ്പോലെ കാണുകയും അതിനെ ആക്രമിച്ചു കീഴടക്കാൻ ആവേശഭരിതനായി മുന്നിട്ടിറങ്ങുകയും ചെയ്തു. എന്നാൽ താൻ ഒറ്റപ്പെട്ട ഒരു ജീവിയല്ലെന്നും ജീവജാലങ്ങളുടെ വലയിലെ ഒരു കണ്ണിമാത്രമാണെന്നും ഇന്നവൻ തിരിച്ചറിയുന്നു. ഇരുപതാം നൂറ്റാണ്ടിൽ വികസനത്തിന്റെ കൊടുമുടിയിലെത്തിയെന്നു നാമഹങ്കരിച്ച ഒരു ഘട്ടത്തിൽ ലോകത്തെ അക്ഷരാർഥത്തിൽ ഞെട്ടിച്ചുകൊണ്ട് റേയ്ച്ചൽ കാർസൺ പ്രസിദ്ധീകരിച്ച 'സൈലന്റ് സ്പ്രിങ്' പുറത്തുവന്നു. അതുവരെ അത്ഭുതമരുന്നായി കണ്ട ഡി.ഡി.റ്റിയുടെ ഭീകരമുഖം കണ്ട് ലോകം ഞെട്ടി നിന്നു. ഇത്തരം ഒരുപാട് ഭീകരന്മാരെ ലോകത്തിനു മുന്നിൽ തുറന്നുകാട്ടാൻ പുസ്തകങ്ങൾക്കു കഴിഞ്ഞു.

പരിസ്ഥിതിയും അതിന്റെ മേലുള്ള കടന്നാക്രമണങ്ങളും കഥാലോകത്ത് വ്യത്യസ്ത രൂപഭാവ ങ്ങളിൽ ആവിഷ്കൃതമായിട്ടുണ്ട്.

ആദികാലകഥകളിൽ തന്നെ പ്രകൃതിയുമായി മനുഷ്യനുള്ള ആത്മബന്ധവും പുതിയതലമു റയ്ക്ക് ആ മനോഭാവത്തോടുള്ള പുച്ഛവും ഒക്കെ തീക്ഷ്ണമായിത്തന്നെ ആവിഷ്കരി ക്കുപ്പെട്ടിട്ടുണ്ട്.

സമൂഹത്തിന്റെ ഭാഗമാണ് സാഹിത്യകാരൻ. തന്റെ ചുറ്റും നടക്കുന്ന സത്യത്തെ കണ്ടില്ലെന്നു നടിക്കാൻ അവനു കഴിയില്ല. ജീവിതത്തിന്റെ പച്ചപ്പും ചവർപ്പും അവൻ സമൂഹത്തോടൊപ്പം നിന്നാണ് അറിയുന്നതും അനുഭവിക്കുന്നതും. സമൂഹം എന്ന് സാമാന്യമായി വിവക്ഷിക്കു ന്നത് മനുഷ്യൻ മാത്രമടങ്ങുന്ന ഒന്നിനെയല്ല. അത് ചരാചരപ്രപഞ്ചത്തിന്റെ ഭാഗമായ ഒന്നാണ്. അങ്ങനെയാകുമ്പോൾ പ്രകൃതിയെ മറന്ന് സാഹിത്യകാരന് നിലനിൽപുണ്ടോ?

## പാനൽ ചർച്ച

ലേഖനത്തിൽ നിർദേശിച്ചിട്ടുള്ള രചനകൾ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുക. ഒരു രചന രണ്ട് ഗ്രൂപ്പ് എന്ന നിലയിൽ പരിശോധിക്കട്ടെ. പ്രകൃതി, പരിസ്ഥിതി എന്നിവയുടെ ആവിഷ്കാരം രചനകളിൽ എങ്ങനെയാണ് നിർവഹിച്ചിരിക്കുന്നത്? പരിപാടിയോടുള്ള മനോഭാവം എന്താണ്? ഇക്കാര്യത്തിൽ ഭാവിയെ സംബന്ധിച്ചു എന്തെങ്കിലും സൂചനകൾ നൽകുന്നുണ്ടോ? തുടങ്ങിയ അന്വേഷണങ്ങളാണ് ഗ്രൂപ്പിൽ നടക്കേണ്ടത്. കണ്ടെത്തിയ ആശയങ്ങൾ ഗ്രൂപ്പിൽ ഒരാൾ കുറി ച്ചെടുക്കണം. ഗ്രൂപ്പിന്റെ പ്രതിനിധികളാണ് പാനലിലെ അംഗങ്ങൾ.

അധ്യാപികയുടെ ആമുഖത്തോടെ ചർച്ച ആരംഭിക്കാം. പാനലിന്റെ അവതരണം പൂർത്തിയായി കഴിഞ്ഞാൽ പൊതു ചർച്ചയ്ക്കും സംശയനിവാരണത്തിനും അവസരം നൽകാം.

പാനൽ ചർച്ചയിലൂടെ ലഭിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തി കഥാസ്വാദനങ്ങൾ തയാറാ ക്കാം. പ്രകൃതിയുടെ ശക്തമായ സാന്നിധ്യമുള്ള മറ്റു രചനകളും ഗ്രൂപ്പുകൾക്ക് നൽകാവുന്നതാ ണ്.

## ആസ്വാദനക്കുറിപ്പുകൾ വിലയിരുത്തൽ

- കഥയിലെ പ്രകൃതിയുടെ സാന്നിദ്ധ്യം കൃത്യമായി നിർണയിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- രചനയിലൂടെ അവതരിപ്പിക്കുന്ന പാരിസ്ഥിതികമായ കാഴ്ചപ്പാട് കണ്ടെത്തിയിട്ടുണ്ടോ?
- വായനാനുഭവത്തിന്റെ കൂടെ വെളിച്ചത്തിൽ പ്രകൃതി സ്നേഹപരമായ കാഴ്ചപ്പാട് സ്വയം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- ആസ്വാദനത്തിന്റെ ആഴം വെളിപ്പെടുത്തുന്ന രചനാ ശൈലി സ്വീകരിച്ചിട്ടുണ്ടോ?

ഈ സൂചകങ്ങൾ പ്രയോജനപ്പെടുത്തി വിലയിരുത്തൽ നടത്തേണ്ടതാണ്.

## അനുഭവക്കുറിപ്പ്

പ്രകൃതിഭംഗികൾ ആസ്വദിച്ചതുമായി ബന്ധപ്പെട്ട അനുഭവകുറിപ്പ് തയാറാക്കാനാണ് പാഠപു സ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. വ്യക്തിഗതമായി തയാറാക്കിയ കുറിപ്പുകൾ പരസ്പരം പരി ശോധിച്ച് മെച്ചപ്പെടുത്താൻ നിർദേശിക്കണം. അതിനുശേഷം ഒരു മുഖവുര പത്രാധിപസമിതി തയാറാക്കട്ടെ. അനുഭവകുറിപ്പുകളുടെ വിലയിരുത്തൽ എന്ന നിലയിലാണ് ഇത് രൂപപ്പെടു ത്തേണ്ടത്. സമാഹാരം പരമാവധി ആകർഷകമാക്കി ലൈബ്രറിയിലെ മാനുസ്ക്രിപ്റ്റ് വിഭാഗ ത്തിൽ സൂക്ഷിക്കണം.

## കൈയെഴുത്തു മാസിക തയാറാക്കാം

ഈ യൂണിറ്റ് പൂർണ്ണത പ്രാപിക്കേണ്ടത് ഒരു കൈയെഴുത്തു മാസികയുടെ പ്രകാശനത്തോടെ യാകണം. ക്ലാസിൽ നൽകിയ പ്രവർത്തനങ്ങളിൽ മികച്ചവ ഇതിലേക്ക് സ്വീകരിക്കാവുന്നതാണ്. ഒരു കുട്ടിയുടെ ഒരു രചനയെങ്കിലും കുറഞ്ഞത് അതിലുണ്ടാവണം. യൂണിറ്റിലെ ആശയങ്ങ ളോട് ചേർന്നു നിൽക്കുക, കഥകൾ, ചിത്രങ്ങൾ, ലേഖനങ്ങൾ പഴഞ്ചൊല്ലുകൾ, കവിതകൾ, മഹദ്വചനങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവയെല്ലാം അവയിൽ ഉൾക്കൊള്ളിക്കാൻ കഴിയണം. പ്രകൃതിയുടെ നിഗൂഢഭാവങ്ങളിലേക്കും വിസ്മയങ്ങളിലേക്കും തുറക്കുന്ന ഒരു ജാലകമായി അത് മാറണം. അതിനുതകുന്ന രചനകൾ ശേഖരിക്കുന്നതിന് ശാസ്ത്ര അധ്യാപകരുടെയും സാമൂഹ്യശാസ്ത്ര അധ്യാപകരുടെയുമെല്ലാം സഹായം സ്വീകരിക്കാവുന്നതുമാണ്. യൂണിറ്റിലെ പലപ്രവർത്തനങ്ങളെയും ഇതിനാവശ്യമുള്ള രചനകളാക്കി വളർത്തിക്കൊണ്ടുവാരാൻ കഴിയണം. എല്ലാകുട്ടികളുടെയും രചനകൾ ഇതിലുൾപ്പെടാൻ ടീച്ചർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

# *സിലബസ് ഗ്രിഡ്*

## വെളിച്ചത്തിനെന്തൊരു വെളിച്ചം

**പ്രശ്നമേഖല** : വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ

**ഉപപ്രശ്നം** :
- കേരളം മുൻപ് വലിച്ചെറിഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരിച്ചു വരുന്നു.

**പഠനലക്ഷ്യങ്ങൾ** :
- സാമൂഹ്യ പുരോഗതിക്ക് തടസ്സമായ നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കേരളത്തിൽ നിലനിന്നിരുന്നു എന്നു തിരിച്ചറിയൽ.
- സാമൂഹ്യപരിഷ്ക്കർത്താക്കളുടെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും നിരന്തരമായ ഇടപെടലുകൾമൂലം അവയെകേരളീയ സമൂഹം വലിച്ചെറിഞ്ഞു എന്നു കണ്ടെത്തുന്നു.
- മലയാളി വലിച്ചെറിഞ്ഞ പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരിച്ചുവരികയാണെന്ന ധാരണയുണ്ടാകുന്നതിന്.
- അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സൃഷ്ടിക്കുനന്നതിൽ മാധ്യമങ്ങൾക്കും കച്ചവടസ്ഥാപനങ്ങൾക്കും വലിയ പങ്കുണ്ടെന്ന് തിരിച്ചറിയുന്നതിന്.
- ഈ അവസ്ഥയ്ക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നതിന്.
- ഇത്തരം വിഷയങ്ങൾ പ്രമേയമായി വരുന്ന രചനകൾ വിശകലനം ചെയ്ത് ആശയപരവും ആഖ്യാനപരവുമായ പ്രത്യേകതകൾ കണ്ടെത്തി ആവിഷ്കരണം നടത്തുന്നതിന്.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| യുക്തിയെ മറയ്ക്കുന്ന അമാവാസികൾ<br><br>അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ. | • കേരളത്തിന്റെ സാമൂഹികപുരോഗതിക്കു തടസ്സം നിൽക്കുന്ന നിരവധി ഘടകങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നു.<br>• അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, എന്നിവയ്ക്ക് ബോധപൂർവ്വം പ്രചാരണം നടത്തുന്ന ശക്തികൾ കേരളത്തിൽ സജീവമാണ്.<br>• സാംസ്കാരിക പ്രബുദ്ധതയും പ്രതിരോധവും കേരളത്തിന്റെ വികാസത്തിനും വേഗതകൂട്ടിയിട്ടുണ്ട്.<br>• സാസ്കാരിക പ്രബുദ്ധതക്കും പ്രതിരോധത്തിനും മലയാളസാഹിത്യം മികച്ച പിന്തുണ നൽകിയിട്ടുണ്ട്.<br>• അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരിൽ സാംസ്കാരിക പ്രതിരോധം സൃഷ്ടിക്കുന്ന സാഹിത്യ കൃതികൾ മലയാളഭാഷയിൽ നിരവധിയുണ്ട്.<br>• കമ്പോളസംസ്കാരം പുതിയ ആചാരങ്ങളെ ബോധപൂർവ്വം സമൂഹത്തിൽ പ്രതിഷ്ഠിക്കുന്നുണ്ട്.<br>• സമൂഹത്തെ പിറകോട്ടുവലിക്കുന്ന പ്രവണതകളെ തുറന്നുകാട്ടുന്ന ശൈലികൾ, പ്രയോഗങ്ങൾ, ഭാഷാ സാഹിത്യവിഭാഗങ്ങൾ എന്നിവ ഭാഷയിൽ ധാരാളമുണ്ടായിട്ടുണ്ട്.<br>• അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ എന്നിവയ്ക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. | • സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും പരിഷ്ക്കർത്താക്കളുടെയും ചരിത്രവും സാഹിത്യവും.<br>• കേരളത്തിൽ നിന്നും ആട്ടിയോടിച്ച അന്ധവിശ്വാങ്ങളുടെയും അനാചാരങ്ങളുടെയും ചരിത്രവും അവ പ്രതിഫലിക്കുന്ന സാഹിത്യവും.<br><br>**കൃതികൾ**<br>• സാമൂഹികാനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പ്രകടമാക്കുന്ന നവോത്ഥാനകാലത്തെ കഥകൾ, കവിതകൾ<br>• ഹാസ്യസാഹിത്യത്തിന്റെ വളർച്ചയും വികാസവും ബോധ്യമാവുന്ന, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിഷയമാക്കിയ നർമ്മലേഖനങ്ങൾ, അനുഭവങ്ങൾ, വിവരങ്ങൾ<br>• സാമൂഹിക പരിഷ്ക്കർത്താക്കളുടെ ആത്മകഥാഭാഗം. | • കേരളത്തിൽ നടന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ സംബന്ധിക്കുന്ന ലേഖനങ്ങൾ, കഥകൾ, മറ്റു സാഹിത്യ രൂപങ്ങൾ ഇവ ശേഖരിച്ച് വായിച്ച് ആസ്വാദിക്കുക, നിഗമന കുറിപ്പ് തയ്യാറാക്കൽ.<br>• സാമൂഹ്യ പരിഷ്കർത്താക്കളുടെ രചനകൾ, ആത്മകഥകൾ, ജീവചരിത്രം എന്നിവ കണ്ടെത്തി വായിക്കുക, ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ.<br>• സാമൂഹിക വിമർശനത്തിന് പരിഹാസം ആഖ്യാനരീതിയാക്കി സ്വീകരിച്ച കുഞ്ചൻ നമ്പ്യാർ മുതലുള്ള രചനകൾ പരിശോധിച്ച് ഹാസ സാഹിത്യത്തിന്റെ പ്രസക്തി വിശകലനം ചെയ്യൽ- സെമിനാർ പ്രബന്ധം തയ്യാറാക്കൽ.<br>• സാമൂഹികാനാചാരങ്ങൾ പ്രകടമാക്കുന്ന കഥകൾ, കവിതകൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്ത് ആസ്വാദന കുറിപ്പ് തയ്യാറാക്കൽ.<br>• ഹാസ്യ കൃതികളിലെ ഭാഷാപ്രയോഗത്തിന്റെ പ്രത്യേകതകൾ, തനിമ എന്നിവ വിശകലനം ചെയ്ത് ആസ്വാദനകുറിപ്പു തയ്യാറാക്കൽ.<br>• അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ പ്രചാരണം സംഘടിപ്പിക്കൽ, പോസ്ററർ, നോട്ടീസ് എന്നിവ നിർമ്മിക്കൽ.<br>• സ്വന്തം പ്രദേശത്ത് നടക്കുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ഫീച്ചർ തയ്യാറാക്കൽ.<br>• പ്രമേയം ഭാഷയെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന കണ്ടെത്തൽ - പദപ്രയോഗങ്ങൾ, ശൈലികൾ, വാക്യരീതികൾ<br>• രചനകൾ വിശകലനം ചെയ്ത് അവ ആസ്വാദ്യകരമാക്കുന്ന ഘടകങ്ങൾ കണ്ടെത്തുന്നു. | അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നിലപാടെടുക്കാനുള്ള മനോഭാവം.<br><br>സാമൂഹ്യ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളെ കണ്ടെത്തി അവയ്ക്കെതിരെ പ്രതികരിക്കുവാനുള്ള മനോഭാവം. | ആവിഷ്കാര പ്രകടിത രൂപങ്ങളിലെ ഭാഷ, ആശയം, പ്രക്രിയ.<br><br>സർഗ്ഗാത്മക രചനകളിലെ ഭാഷ, ആശയം.<br><br>അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്കെതിരെ നിലപാടെടുക്കുവാനുള്ള അവസരങ്ങളിലെ കുട്ടിയുടെ മനോഭാവ മാറ്റങ്ങൾ. |

# 2

# വെളിച്ചത്തിനെന്തൊരു വെളിച്ചം

**ആമുഖം**

'**വെ**ളിച്ചത്തിന് എന്തൊരു വെളിച്ചം' കവിതയോടൊട്ടി നിൽക്കുന്ന ഈ പ്രയോഗം മഹാനായ വൈക്കം മുഹമ്മദ് ബഷീറിന്റേതാണ്. വെളിച്ചം ഏറിയേറിവന്ന് കാഴ്ചയെ ഇരുട്ടാക്കുന്നു എന്നൊരു ആന്തരാർത്ഥം കൂടി ഈ പ്രയോഗത്തിൽ ഒളിഞ്ഞു കിടപ്പുണ്ടല്ലോ. വിജ്ഞാനത്തിലും സാങ്കേതിക വിദ്യയിലും ഏറെ മുന്നേറിക്കഴിഞ്ഞ നമ്മുടെ സമൂഹത്തിലേക്ക് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മറ്റൊരിക്കലും കാണാനാവാത്ത വിധത്തിൽ ഇരച്ചു കയറി വരുന്നത് കേരളത്തെപോലുള്ള, ഉല്പതിഷ്ണുക്കളും സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളും സജീവമായ ഒരു പ്രദേശത്തിന് ഭൂഷണമാണോ? അറിവിന്റെ അനന്തമായ ചക്രവാളവും അനുനിമിഷം വികസിച്ചു വരുന്ന സാങ്കേതിക വിദ്യയും മനുഷ്യനെ നിസ്സഹായനാക്കിക്കൊണ്ടിരിക്കുകയാണോ? വളർന്നുവരുന്ന സാമൂഹിക സംഘർഷങ്ങളിൽപ്പെട്ട് മാനസികമായി തളർന്നുകൊണ്ടിരിക്കുന്ന ഒരു ജനതയാണോ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്? വർധിച്ചു വരുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുവാൻ കേരളീയന്റെ സഹജമായ യുക്തിബോധത്തെ തകർത്തുകൊണ്ടുള്ള ഒരു ജീവിതക്രമമാണോ അഭികാമ്യം? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്ന ഒരു സമകാലിക പരിസരത്തു നിന്നുകൊണ്ടു വേണം ഈ യൂണിറ്റിനെ സമീപിക്കേണ്ടത്

**യൂണിറ്റ് ലക്ഷ്യമിടുന്നത്**

സാമൂഹ്യപരിഷ്കർത്താക്കളുടെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും നിരന്തരമായ ഇടപെടലുകൾ മൂലം കേരളം വലിച്ചെറിഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പടിപടിയായി തിരിച്ചു വന്നുകൊണ്ടിരിക്കുന്ന ഒരു അവസ്ഥ കേരളത്തിൽ സംജാതമായിരിക്കുന്നു. ഈയൊരു തിരിച്ചു പോക്കിന് മാധ്യമങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ചുക്കൊണ്ടിരിക്കുന്നു. ഭ്രാന്താലയമെന്നു സ്വാമിവിവേകാനന്ദന് വിശേഷിപ്പിക്കേണ്ടിവന്ന കേരളീയ സാഹചര്യത്തിലേക്കുള്ള തിരിച്ചുപോക്കിനെ യുക്തിപൂർവമായി ചിന്തിക്കുന്ന ഒരു തലമുറയ്ക്കു മാത്രമെ തടഞ്ഞു നിർത്താനാവൂ. അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അനാചാരങ്ങൾക്കുമെതിരെ പോരാടിയ പൂർവസൂരികളുടെ അനുഭവങ്ങളിലൂടെയും ആശയസംവാദങ്ങളിലൂടെയും ഗൗരവമായി സഞ്ചരിച്ചുകൊണ്ടും അവരുടെ രചനകൾ പരിചയപ്പെട്ടുകൊണ്ടുമായിരിക്കണം പുതിയ തലമുറയിൽ ഇവയ്ക്കെതിരെയുള്ള മനോഭാവങ്ങളും ധാരണകളും വളർത്തിയെടുക്കേണ്ടത്. എന്തെല്ലാം ആശയങ്ങളും ധാരണകളും മനോഭാവങ്ങളുമാണ് ഈ യൂണിറ്റ് ലക്ഷ്യമിടുന്നതെന്ന് സിലബസ് ഗ്രിഡിലെ 2, 5 കോളങ്ങളിൽ സംക്ഷിപ്തപ്പെടുത്തിയത് ശ്രദ്ധിക്കുമല്ലോ.
ചുവടെ നൽകിയിട്ടുള്ള ലേഖനം വായിക്കൂ.

# കപടശാസ്ത്രംകൊണ്ടുള്ള അപകടങ്ങൾ

*ഡോ.ആർ.വി.ജി.മേനോൻ*

സാമ്പത്തിക ശാസ്ത്രത്തിൽ 'ഗ്രെഷാംസ് ലോ' എന്നൊരു നിയമം ഉണ്ട്. കള്ളനാണയങ്ങളും നല്ല നാണയങ്ങളും ഒന്നിച്ചു കൈമാറ്റം ചെയ്യപ്പെടുന്ന സമൂഹത്തിൽ നല്ല നാണയങ്ങൾ അപ്രത്യക്ഷമാവുകയും കള്ള നാണയങ്ങൾ മാത്രം പ്രചരിക്കുകയും ചെയ്യും എന്നാണ് ആ സിദ്ധാന്തം അനുശാസിക്കുന്നത്. ഏതാണ്ടതുപോലെ തന്നെയാണ് കപടശാസ്ത്രത്തിന്റെയും സ്വഭാവം. ബോധപൂർവമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ നല്ലശാസ്ത്രത്തെ പുറത്താക്കി മനുഷ്യഹൃദയങ്ങളിൽ വേരോട്ടം സ്ഥാപിക്കാൻ കപടശാസ്ത്രങ്ങൾക്ക് സവിശേഷവൈഭവമുണ്ട്. അത് മറ്റൊന്നും കൊണ്ടല്ല. നമ്മുടെ നൈസർഗികമായ ദൗർബല്യങ്ങളെയും ആഗ്രഹചിന്തകളെയുമാണ് കപടശാസ്ത്രം വളമാക്കുന്നത്. കാണാനാഗ്രഹിക്കുന്നതു കാണാനും കേൾക്കാനിഷ്ടമുള്ളതു കേൾക്കാനും വിശ്വാസിക്കാനാഗ്രഹിക്കുന്നതിനനുകൂലമുള്ളതു മാത്രം ഓർത്തുവെക്കാനും ഉള്ള പ്രവണത നമുക്കെല്ലാമുണ്ട്. ഇതെല്ലാമാണ് കപടശാസ്ത്രങ്ങൾ മുതലെടുക്കുന്നത്. അതുകൊണ്ടു തന്നെ, തികച്ചും ശാസ്ത്രീയമായ കാര്യകാരണബന്ധത്തെക്കാൾ ജനസാമാന്യത്തിനു സ്വീകാര്യമാകുന്നത് കപടശാസ്ത്രകാരന്റെ ഭാവനാപൂർണമായ അതിഭൗതിക വിവരണങ്ങളായിരിക്കും.

സൂര്യചന്ദ്രാദികളൊന്നും ദേവതകളല്ലെന്നും ചന്ദ്രന് സ്വയം പ്രകാശിക്കാനുള്ള കഴിവുപോലുമില്ലെന്നും വാദിച്ച അനക്സഗോറോസിനെ യവനർ ആട്ടിയോടിച്ചു. മനുഷ്യരെപ്പോലെ ചിന്തിക്കുകയും അമാനുഷ സിദ്ധികൾ പ്രദർശിപ്പിക്കുകയും പ്രാർഥനയിൽ പ്രസാദിക്കുകയും ചെയ്യുന്ന ദേവതാ സങ്കലപ്മായിരുന്നു അവർക്ക് ഇഷ്ടം.

ബെർമൂഡാ ത്രികോണവും പറക്കും തളികയും യക്ഷിക്കഥകളും ചുട്ടകോഴിയെപ്പറപ്പിക്കലും കടിച്ച പാമ്പിനെ വരുത്തി വിഷമിറക്കലും ഒക്കെ ശരിയായിരിക്കുമെന്ന് ആധുനിക യുഗത്തിലെ അഭ്യസ്തവിദ്യർക്കുപോലും തോന്നിപ്പോകുന്നത് നമ്മുടെയെല്ലാം ഉള്ളിന്റെയുള്ളിൽ 'അനന്തമജ്ഞാതമവർണനീയ' മായ ഈ പ്രപഞ്ചത്തെക്കണ്ട് അത്ഭുതംകൂറി നിൽക്കുന്ന ഒരു കൊച്ചുകുട്ടി ഉണ്ട് എന്നുള്ളതുകൊണ്ടാണ്. ആ കൊച്ചുകുട്ടി പ്രതിനിധാനം ചെയ്യുന്നത് പരിണാമദശകളിലെവിടെയോ നാം പിന്നിട്ട ആദിമമനുഷ്യന്റെ മനോനിലയാണ്. തനിക്കു മനസ്സിലാകാത്ത, നിയന്ത്രിക്കാനാവാത്ത, എന്നാൽ ഒഴിഞ്ഞുമാറാനുമാവാത്ത, യാഥാർഥ്യങ്ങളെ നേരിടാനായി അവർ സൃഷ്ടിച്ച ആദിരൂപങ്ങളാണ് മായാവിനോദപ്രപപഞ്ചവും ദിവ്യാത്ഭുതങ്ങളും. ആ ലോകത്ത് എന്തു സംഭവിക്കാം. പ്രപഞ്ചനിയമങ്ങളില്ല, പ്രതിഭാസങ്ങളേയുള്ളൂ. അവയെ സ്വാധീനിക്കാനുള്ള ഉപാധികൾ മന്ത്രതന്ത്രാദികളും പൂജാപ്രാർഥനകളുമത്രേ.

പ്രവചനാതീതമെന്നും സ്വേച്ഛാപരമെന്നും കരുതിയ പ്രപഞ്ച ഗതികൾക്ക് ക്രമവും നിയമവുമുണ്ടെന്നും തുടർച്ചയായ നിരീക്ഷണങ്ങളിലൂടെയും അപഗ്രഥനങ്ങളിലൂടെയും ആ നിയമങ്ങളെ മനസ്സിലാക്കാമെന്നുമുള്ള ഉൾക്കാഴ്ചയിൽ നിന്നാണല്ലോ ശാസ്ത്രം ഉരുത്തിരിയുന്നത്. പക്ഷേ , ധീരമായ ആ ശ്രമത്തിനിടയിലും മുമ്പേ രൂപീകരിച്ച മുൻവിധികളോടും മാതൃകകളോടും ചെയ്യുന്ന വിട്ടുവീഴ്ചകളിൽ നിന്നും അവിശുദ്ധ ബന്ധങ്ങളിൽ നിന്നുമാണ് കപടശാസ്ത്രങ്ങൾ ജന്മംകൊള്ളുന്നത്. തെളിയിക്കാനാവാത്ത അഭ്യൂഹങ്ങളെ ശാസ്ത്രം നിരാകരിക്കുമ്പോൾ, വൈകാരികതയിൽ നിന്നും ആഗ്രഹചിന്തകളിൽ നിന്നും രൂപംകൊണ്ട അഭ്യൂഹങ്ങളെ കൈവിടാൻ കപടശാസ്ത്രം തയ്യാറാകുന്നില്ല. മാത്രവുമല്ല, വിപരീതമായി വരുന്ന നിരീക്ഷണങ്ങളെയും തെളിവുകളെയും അത് അവഗണിക്കുകയും ചെയ്യും. അല്ലെങ്കിൽ, സൗകര്യപൂർവ്വം വ്യാഖ്യാനിച്ച് കള്ളികളിലാക്കി മൂലയ്ക്കിരുത്തും. എന്തെന്നാൽ, എന്താണു വിശ്വസിക്കേണ്ടതെന്ന് അത് ആദ്യമേ തീരുമാനിച്ചു കഴിഞ്ഞു. അത് മറ്റു പല കാരണങ്ങളാലും കൈയൊഴിയാനാകാത്ത

ചില 'പരമ സത്യങ്ങളുടെ' അടിസ്ഥാനത്തിലുമായിരിക്കും. ഈ സമീപനമാണ് ശാസ്ത്രത്തെയും കപടശാസ്ത്രത്തെയും വേർതിരിക്കുന്നത്. ശാസ്ത്രത്തിന്റെ രീതികളെ അത് അനുകരിക്കുന്നു. പക്ഷേ, നിർണായകമായ ചില ഘടകങ്ങളിൽ വീഴ്ച വരുത്തുന്നു. പേരു സൂചിപ്പിക്കുന്നതു പോലെ കപട ശാസ്ത്രം 'തട്ടിപ്പ്' ആകണമെന്നില്ല; (പലപ്പോഴും അത് തട്ടിപ്പിലേക്കു വഴുതി വീഴാറുണ്ടെങ്കിലും).

ശാസ്ത്രവുമായി ഉപരിതല സാദൃശ്യം പുലർത്തുന്നു എന്നത് കപടശാസ്ത്രങ്ങൾക്ക് വിശ്വാസ്യതയും മാന്യതയും നേടിക്കൊടുക്കുന്നതിന് ഏറെ സഹായിക്കുന്നുണ്ട്. ജ്യോതിഷത്തിലെ ജ്യോതി ശ്ശാസ്ത്രഭാഗം, വിശിഷ്യാ അതിന്റെ ഗണിതാത്മകത, 'വാസ്തു' എന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്ന ഭാണ്ഡക്കെട്ടിലെ എഞ്ചിനിയറിംഗ് ഘടകങ്ങൾ, പല കപടശാസ്ത്രികളും ഉപയോഗിക്കുന്ന ശാസ്ത്രോപകരണങ്ങൾ, പരീക്ഷണങ്ങൾ, കമ്പ്യൂട്ടറുകൾ, ജടിലപദാവലികളും സമവാക്യങ്ങളും എല്ലാം ഇതിൽപ്പെടും. അതുകൊണ്ടുതന്നെയാണ് 'ഇതാണ് ശാസ്ത്രം' എന്നോ 'ഇതും ശാസ്ത്രം തന്നെയാണ്' എന്നോ ഒക്കെ സാധുക്കൾ കരുതിപ്പോകുന്നത്. പ്രപഞ്ചപ്രതിഭാസങ്ങളെപ്പറ്റി കേൾക്കാൻസുഖമുള്ള, സമൂഹത്തിൽ നിലവിലിരിക്കുന്ന ജീവിത വീക്ഷണത്തിനനുസൃതമായ മുൻവിധികളോടു യോജിക്കുന്ന (ഉദാ:സൃഷ്ടിവാദം), സിദ്ധാന്തങ്ങൾ ഇങ്ങനെ 'ശാസ്ത്രീയമായി' ത്തന്നെ കിട്ടുമ്പോൾ 'വേറിട്ടൊരു ശാസ്ത്രമെന്തിന്' എന്നു തോന്നുന്നതു സ്വാഭാവികം. ഈ ചിന്ത യഥാർഥ ശാസ്ത്രത്തിന്റെ മുന്നേറ്റത്തിന് ഭീഷണി ഉയർത്തുന്നു. അതാണ് കപടശാസ്ത്രത്തിന്റെ പ്രധാന അപകടം.

രണ്ടാമത്തെ പ്രശ്നം, കപടശാസ്ത്രങ്ങൾ മനുഷ്യരുടെ ദൗർബല്യങ്ങളെ സ്പർശിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ, അവ സകലവിധചൂഷണങ്ങൾക്കും പഴുതൊരുക്കിക്കൊടുക്കുന്നു എന്നതാണ് – മരണഭയം, അനശ്വരതയ്ക്കും നിത്യയൗവനത്തിനും വേണ്ടിഉള്ള ദാഹം, രോഗപീഡ, ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ, പെട്ടെന്നു പണമുണ്ടാക്കുന്നതിനുള്ള ആർത്തി, അധികാരമോഹം, നമുക്കു നിയന്ത്രണമില്ലാത്ത കാര്യങ്ങളിൽ ഇടപെടേണ്ടിവരുമ്പോൾ ആശ്രയത്തിനും മാർഗദർശനത്തിനും വേണ്ടിയുള്ള ആഗ്രഹം... ഇതൊക്കെയാണ് കപടശാസ്ത്രങ്ങളുടെ വിഹാരരംഗം. ഇവിടെയൊക്കെ ശാസ്ത്രത്തിനു നൽകാവുന്ന ഉത്തരങ്ങൾക്ക് പരിമിതിയുണ്ട്. അതുകൊണ്ടു തൃപ്തിപ്പെടാനാവാത്തവരാണ് കപടശാസ്ത്രങ്ങളുടെ താങ്ങും സാന്ത്വനവും തേടുന്നത്. ആ അർഥത്തിൽ ജ്യോതിഷവും മന്ത്രവാദവും ഒക്കെ കൗൺസലിങ്ങിന്റേതായ ഒരു സേവനം നൽകുന്നുണ്ടെന്നു സമ്മതിച്ചാൽ പോലും അവ ചെയ്യുന്ന ദ്രോഹമായിരിക്കും അതിനെക്കാളൊക്കെ കൂടുതൽ. ഈ അവസ്ഥയിൽ എത്തിപ്പെടുന്നവർ സ്വാഭാവികമായും ചൂഷണത്തിനു പറ്റിയ ഇരകളായിരിക്കും. സ്വതവേ ദുർബലർ, പിന്നെ സാഹചര്യത്തിന്റെ അടിമയും. അങ്ങനെയുള്ളവരെ സാമ്പത്തികമായി മാത്രമല്ല, മാനസികമായും ശാരീരികമായും കപടശാസ്ത്ര സംരംഭകർ ചൂഷണം ചെയ്യുന്നതിന് എത്രയോ ഉദാഹരണങ്ങളുണ്ട്; ബോധപൂർവമോ അല്ലാതെയോ. ഇങ്ങനെ സഹായം തേടി വരുന്നവരെ വലിയ അപകടങ്ങളിലേക്കു തള്ളിവിടുന്നതിനും കപടശാസ്ത്രക്കാർ കാരണമാകാറുണ്ട്. അനാവശ്യമായ ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും എത്രയോ ഉദാഹരണങ്ങളുണ്ട്. ജാതകദോഷംമൂലം മംഗല്യം മുടങ്ങുന്ന ചെറുപ്പക്കാർ, കുഞ്ഞിന്റെ ജനനദോഷത്തിന്റെ പേരിലുള്ള ശിശുഹത്യകൾ, മാതൃപീഡനങ്ങൾ, ആത്മസംഘർഷങ്ങൾ, ശാസ്ത്രീയചികിത്സയ്ക്കു പകരം കപടവൈദ്യരെയും മന്ത്രവാദികളെയും ആശ്രയിച്ചതുകൊണ്ട് സമയവും ആരോഗ്യവും പലപ്പോഴും ആയുസ്സും തുലച്ച രോഗികൾ....ഇതിനേക്കാളൊക്കെ അപകടകരമാണ് മൂന്നാമത്തെ ദ്രോഹം.

ജീവിതപ്രശ്നങ്ങളെ യാഥാർഥ്യബോധത്തോടെ നേരിടുന്നതിനുള്ള ഇച്ഛാശക്തി നേടുന്നതിനു പകരം ജ്യോതിഷികളുടെയും ധ്യാനകേന്ദ്രങ്ങളുടെയും ആൾദൈവങ്ങളുടെയും താങ്ങു തേടാനുള്ള പ്രവണത സമൂഹത്തിൽ പെരുകുന്നത് കപടശാസ്ത്രങ്ങളുടെ പ്രചാരണമാണ്

കാണിക്കുന്നത്. തന്റേടമില്ലാത്ത, ലക്ഷ്യബോധവും ആത്മവിശ്വാസവും കർമശേഷിയുമില്ലാത്ത, ഒരു സമൂഹത്തിനെ വളർത്തിയെടുക്കുന്നതിൽ കപടശാസ്ത്രങ്ങൾക്ക് ഒരു വലിയ പങ്കുണ്ട്.

അന്ധവിശ്വാസങ്ങൾക്കും മിത്തുകൾക്കും അനാചാരങ്ങൾക്കും അലസമായ ആഗ്രഹചിന്തകൾക്കും ശാസ്ത്രീയപരിവേഷം നൽകി അവയ്ക്ക് ആധികാരികത നല്കുന്നതിന്റെ മറ്റൊരു അപകടം, വിമർശനബുദ്ധിയെ അത് വന്ധ്യംകരിക്കുന്നു എന്നതാണ്. വിമർശനപരമായി വിലയിരുത്തി നിരന്തരമായി ചോദ്യം ചെയ്യുന്നതിലുടെയാണ് അറിവിന്റെ ചക്രവാളം വികസിക്കുന്നത്. കപടശാസ്ത്രങ്ങൾ പുതിയ അറിവുനൽകുന്നില്ലെന്നുമാത്രമല്ല, ആ അറിവു വരുന്ന വഴി വേലികെട്ടിയടയ്ക്കുക കൂടി ചെയ്യുന്നു. മാത്രവുമല്ല, വിമർശനബുദ്ധിയുടെ വായ്ത്തല മടങ്ങുന്നത് സാമൂഹിക ജീവിതത്തിന്റെ ഇതരമേഖലകളിലും പ്രത്യാഘാതങ്ങളുണ്ടാക്കും. ചോദ്യം ചെയ്യാതെ അനുസരിക്കൽ, അധികാരത്തോടുള്ള അമിത വിധേയത്വം, ഉപരിപ്ലവത്വം, അസുഖകരമായ അന്വേഷണങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറൽ, ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടൽ, യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാനുള്ള തന്റേടമില്ലായ്മ... ഇതെല്ലാം ഒരു പ്രത്യേക മനോഭാവത്തിന്റെ ലക്ഷണങ്ങളാണ്.

ഈ ലേഖനത്തിന്റെ വെളിച്ചത്തിൽ ഈ കപടശാസ്ത്ര പ്രവണതകൾ കേരളത്തിൽ ഇത്രയേറെ ശക്തിപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് ടീച്ചർ ഒരു കുറിപ്പ് തയ്യാറാക്കൂ.

കുറിപ്പ് തയ്യാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കേണ്ടിവരും?

- റഫറൻസ് (ശാസ്ത്രവും കപടശാസ്ത്രവും).
- നിലപാടു വ്യക്തമാക്കുവാനുള്ള വിവരശേഖരണം.
- വിവരങ്ങളുടെ ക്രമാനുഗതമായ ക്രോഡീകരണം.
- സംക്ഷിപ്തപ്പെടുത്തൽ
- സഹപ്രവർത്തകരുമായോ ക്ലസ്റ്റർ കൂട്ടായ്മയിലോ പങ്കുവയ്ക്കൽ.
- ടീച്ചിംഗ് മാന്വലിൽ ഉൾപ്പെടുത്തൽ.
- അധ്യാപിക എന്ന നിലയിൽ ധാരണ കൃത്യപ്പെടുത്തിക്കഴിഞ്ഞാൽ യൂണിറ്റു പ്രവർത്തനങ്ങളിലേക്കു കടക്കാം.
- ആദ്യം തന്നെ യൂണിറ്റിന്റെ പേരിനെക്കുറിച്ച് ഒരു വിശകലനമായാലോ.

## വെളിച്ചത്തിനെന്തൊരു വെളിച്ചം

പാഠാരംഭത്തിൽത്തന്നെ ഒരു വിശകലനം നേരിട്ടു നൽകുന്നത് കുട്ടികളിൽ മടുപ്പുണ്ടാക്കുമോ? എങ്കിൽ ശ്രീനാരായണഗുരുവിന്റെ കുട്ടിച്ചാത്തനൊരു കത്ത് കുട്ടികൾ വായിക്കട്ടെ.സ്വതന്ത്ര വായനയാവും അഭികാമ്യം.

- വായനയ്ക്കുശേഷം പൊതു ചർച്ചയാവാം. കുട്ടിച്ചാത്തൻ എന്ന സങ്കല്പത്തോട് ഗുരുവിന്റെ നിലപാട് എന്താണെന്നു ഈ സംഭവത്തിൽ നിന്നു വ്യക്തമാവുന്നുണ്ടോ?
- ശ്രീനാരായണഗുരു കുട്ടിച്ചാത്തനിൽ വിശ്വസിക്കുന്നുണ്ടോ?
- പെരയ്രായെ ഗുരു പരിഹസിക്കുകയായിരുന്നോ?
- ഗ്രൂപ്പായി തിരിഞ്ഞ് ഗ്രൂപ്പിൽ ചർച്ച നടത്തിയതിനുശേഷം അവതരണമാവാം.
- വ്യക്തിഗതമായി അഭിപ്രായം കുറിച്ചുവച്ച് അവതരിപ്പിക്കാനാവശ്യപ്പെടാം.
- അധ്യാപികയ്ക്ക് ബോധപൂർവം ഇടപെട്ട് കൂടുതൽ കുട്ടികളെ അഭിപ്രായപ്രകടനത്തിനായി ക്ഷണിക്കാം.

ശ്രീനാരായണഗുരു കുട്ടിച്ചാത്തനിൽ വിശ്വസിച്ചിരുന്നില്ല എന്നതുപോലെ തന്നെ അന്ധവിശ്വാസങ്ങളെ ശക്തിയുക്തം എതിർക്കുകയും ചെയ്തിരുന്നു എന്ന ആശയത്തിലേക്ക് ചർച്ച ക്രോഡീകരിക്കണം.

- ഈയവസരത്തിൽ കുട്ടികളുടെ മനസ്സിൽ ഒരുപാട് സംശയങ്ങളുണ്ടാവുക സ്വാഭാവികമാണ്.

അവരുടെ അഭിപ്രായത്തിൽ കുട്ടിച്ചാത്തനുണ്ട്, മറുതയുണ്ട്, പ്രേതമുണ്ട് എന്നീ ചിന്തകൾ ഉയർന്നു വരാം. ഇവയെ ഏതു തരത്തിലാണ് ക്ലാസ്സിൽ കൈകാര്യം ചെയ്യേണ്ടത്?

ഒറ്റയടിക്ക് ഇതെല്ലാം അന്ധവിശ്വാസങ്ങളാണ് എന്നു പറഞ്ഞവസാനിപ്പിച്ചാൽ കുട്ടികൾക്കു ബോധ്യപ്പെടുമോ? എങ്കിൽ ഒരു സംവാദമാവാം.

- ഗുരുവിന്റെ കത്ത് പ്രശ്നത്തിന് പരിഹാരമാവുമോ? കുട്ടികൾ രണ്ട് ഗ്രൂപ്പായി തിരിഞ്ഞ് സംവാദം നടത്തട്ടെ. സ്വന്തം വാദഗതികൾ സമർത്ഥിക്കാനാവശ്യമായ ന്യായങ്ങൾ ഓരോ ഗ്രൂപ്പും കണ്ടെത്തണം. എന്തുകൊണ്ട് ഗുരു അങ്ങനെ ചെയ്തു?
- ❍ ഗുരുവിനെപ്പോലെ ബുദ്ധിമാനായ ഒരാൾ പെരായ്‌രായെ കളിയാക്കി വിടാൻ ഉദ്ദേശിച്ചിട്ടുണ്ടാവുമോ?

ഈ സമീപനംകൊണ്ട് ഗുരു ലക്ഷ്യമാക്കിയത് എന്തായിരിക്കും?

- ❍ കുട്ടിച്ചാത്തൻ വെറും ഒരു തോന്നൽ മാത്രമാണെന്നു ഗുരു എന്തുകൊണ്ട് പെരയ് രായോടു നേരിട്ടു പറഞ്ഞില്ല?

ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉന്നയിച്ച് ഗ്രൂപ്പുകളെ പ്രചോദിപ്പിക്കണം. ഗ്രൂപ്പുകളിൽ നിന്ന് തിരഞ്ഞെടുത്തവർ മാറിമാറി സംവാദങ്ങൾ ഉയർത്തട്ടെ. സംവാദത്തിന് മോഡറേറ്റർ വേണം. അവതരണത്തിനുശേഷം ഇത്തരം അന്ധവിശ്വാസങ്ങളോട് സ്വീകരിക്കേണ്ട നിലപാടുകൾ ക്രോഡീകരിച്ച് അധ്യാപിക അവതരിപ്പിക്കണം.

- അധ്യാപിക ഈ നിലപാട് വ്യക്തമാക്കണമെങ്കിൽ ചില മുന്നൊരുക്കങ്ങൾ ചെയ്യേണ്ടതുണ്ട്.
- ❍ മനുഷ്യന്റെ അകാരണമായ ഭയം
- ❍ അസാധാരണ അനുഭവങ്ങളെ യുക്തിപൂർവം സമീപിച്ച് കാര്യകാരണങ്ങൾ കണ്ടെത്താനുള്ള കഴിവില്ലായ്മ.
- ❍ യുക്തിപൂർവം സമീപിക്കുവാൻ ശ്രമിക്കാതിരിക്കൽ.
- ❍ അനാവശ്യപ്രചരണങ്ങളിൽ അകപ്പെട്ടുപോവൽ
- ❍ ചെറുപ്പം തൊട്ടു കേട്ടുശീലിച്ചവയെ യുക്തിപൂർവം സമീപിക്കാതിരിക്കാൻ.
- ❍ ഇത്തരം കെട്ടുകഥകൾ പ്രചരിപ്പിക്കുന്നവരുടെ യഥാർത്ഥ ലക്ഷ്യം തിരിച്ചറിയാതിരിക്കാൻ.
- ❍

തുടങ്ങിയ ഒട്ടേറെ കാരണങ്ങളാണ് ഇത്തരം സങ്കല്പങ്ങൾ സജീവമായി മനുഷ്യമനസ്സുകളിൽ നിലനിൽക്കാനുള്ള കാരണങ്ങളെന്നു കുട്ടികളെ ബോധ്യപ്പെടുത്തണം.

## ഒരു കഥയിതാ

നിലാവുള്ള രാത്രിയിലെല്ലാം ജനാലയ്ക്ക് കുറച്ച് ദൂരെയായി ഒരാൾ മറഞ്ഞിരിക്കുന്നുവെന്ന് വീട്ടിലുള്ളവർക്കെല്ലാം തോന്നാൻ തുടങ്ങി. അതോടെ നോക്കുന്നവർക്കെല്ലാം ആരോ ഒരാൾ പുറത്ത് തൊടിയിൽ മറഞ്ഞിരിക്കുന്നുവെന്നു തോന്നിത്തുടങ്ങി. നോക്കുമ്പോഴാകട്ടെ മറഞ്ഞു നിൽക്കുന്നയാൾ പുറത്തുവരുന്നു. ഉടനെത്തന്നെ ഇരുളിൽ മറയുകയും ചെയ്യുന്നു. പ്രശ്നം പലരോടും പറഞ്ഞു. എല്ലാവരും ഒരേ പോലെ വിധിയെഴുതി. വല്ല കള്ളനുമായിരിക്കും.

അവസാനം കുറെപേർ നല്ല ലൈറ്റുള്ള ടോർച്ചുമായി കാവൽ നിന്നു. വീട്ടുകാർ അന്നു രാത്രിയും ജനാലയിലൂടെ നോക്കിയപ്പോൾ അവിടെ ആരോ പതുങ്ങിയിരിക്കുന്നതായി തോന്നി. കാവൽക്കാർ വീട്ടുകാർ പറഞ്ഞിടത്തേക്ക് ടോർച്ചുമായി കുതിച്ചു. വിശദമായ തിരച്ചിൽ നടത്തി. ആരേയും കണ്ടില്ല. വീട്ടുകാർക്ക് വേവലാതി കൂടിയതേയുള്ളൂ. ആളുകൾ വെളിച്ചവുമായി വരുമ്പോഴേക്കും അപ്രത്യക്ഷമാകുന്ന ഏതോ ഒരു ശക്തി അവിടെയുണ്ടെന്ന് അവർക്കു തോന്നിത്തുടങ്ങി. പിന്നെ ജ്യോത്സ്യന്റെയടുത്തേക്ക് ഓട്ടമായി. പരിഹാരക്രിയകളായി. പക്ഷേ നിലാവുള്ളപ്പോഴൊക്കെ അവർ ആ ശക്തിയെ കണ്ടുകൊണ്ടിരുന്നു.

ഒരു ദിവസം രാവിലെ വീട്ടിലെ കാരണവർ തൊടിയിൽ നിൽക്കുന്ന വാഴക്കുല പഴുത്തതു കണ്ട് ആരോടും പറയാതെ വാഴവെട്ടി കുല ചന്തയിലെത്തിച്ചു. പിന്നീടാരും മറഞ്ഞിരിക്കുന്ന ആളെ കണ്ടില്ലത്രേ? എല്ലാവരും സമാധാനിച്ചു. വാഴക്കുല തഞ്ചത്തിൽ മോഷ്ടിക്കാൻ വന്ന വല്ലവരുമായിരിക്കും അവിടെ മറഞ്ഞിരുന്നിട്ടുണ്ടാവുക.

- ആരായിരിക്കും അവിടെ മറഞ്ഞിരുന്നിട്ടുണ്ടാവുകയെന്ന് യുക്തിപൂർവം ആലോചിക്കാൻ കുട്ടികളോട് നിർദേശിക്കൂ.
- അധ്യാപികയ്ക്കോ കുട്ടികൾക്കോ ഇത്തരം അനുഭവമുണ്ടായിട്ടുണ്ടോ? ഇത്തരം ധാരാളം അനുഭവങ്ങൾ കുട്ടികൾ പറഞ്ഞു കേട്ടിട്ടുണ്ടാവും. ഇവയിൽ ചിലതിനെ സംബന്ധിച്ച ഒരു ചർച്ച ക്ലാസ്സിൽ ഉയർത്തിക്കൊണ്ടുവരാമല്ലോ.

## കിനാവുകളുടെ കാലം

വൈക്കംമുഹമ്മദു ബഷീറിന്റെ വളരെ പ്രസിദ്ധമായ *'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്'* എന്ന നോവലിൽ നിന്നെടുത്ത ഭാഗമാണിത്. ആശയതലം, ഭാഷാതലം പ്രസ്ഥാനപരിചയം എന്നിങ്ങനെ മൂന്നുതരത്തിൽ ഈ പാഠഭാഗത്തെ സമീപിക്കേണ്ടതുണ്ട്.

- കുഞ്ഞുപാത്തുമ്മയെ ഷൈത്താൻ ബാധിച്ചിരിക്കുന്നു എന്ന അന്ധവിശ്വാസവുമായി ബന്ധപ്പെട്ട ആശയതലം.
- വൈക്കം മുഹമ്മദ് ബഷീർ എന്ന മഹാനായ സാഹിത്യകാരന്റെ രചനാലോകത്തിലെ മഹത്തായ ഒരു കൃതി.
- ബഷീറിന്റെ അനന്യവും അനുപമവുമായ രചനാശൈലിയും ഭാഷാശൈലിയും.

## പാഠഭാഗത്തിലേക്ക്

- ആദ്യമായി കുട്ടികൾ കഥ വായിക്കട്ടെ. വ്യക്തിഗതമായ വായനയ്ക്കുള്ള സമയമാണിത്.
- വ്യക്തിഗതമായ വായനയ്ക്കു ശേഷം ഒരു ചർച്ചയാവാം.

കഥാഭാഗത്തെ കേന്ദ്രപ്രമേയത്തെക്കുറിച്ച്

കുഞ്ഞുപ്പാത്തുമ്മക്ക് യഥാർത്ഥത്തിൽ ഷൈത്താൻ കൂടിയിട്ടുണ്ടോ എന്ന ചോദ്യത്തോടെ ആരംഭിക്കാം. പൊതുചർച്ചയ്ക്കു മുമ്പ് കുട്ടികൾ അവരുടെ അഭിപ്രായം കുറിക്കട്ടെ. കുട്ടികളുടെ നിഗമനത്തിന്റെ സാധുത കൂടി കുറിപ്പിൽ ഉൾപ്പെടുത്തണം?

- ❍ ഷൈത്താൻ കൂടിയിട്ടുണ്ട്, ഇല്ല, അറിയില്ല എന്ന ഉത്തരങ്ങൾ കുട്ടികളിൽ നിന്നുണ്ടാവാം ഈ സമയത്ത് അധ്യാപികയുടെ നിലപാട് എന്തായിരിക്കണം.

'തുട്ടാപ്പീന്നെ കെട്ടിച്ചാമ്പോണ്' എന്ന കുഞ്ഞിപ്പാത്തുമ്മയുടെ മനോവിഷമവും അവളുടെ പെരുമാറ്റവും തമ്മിൽ ബന്ധമില്ലേ?

- കഠിനമായ ദുഃഖം വരുമ്പോൾ നമ്മൾ എങ്ങനെയൊക്കെയാണ് പ്രതികരിക്കുക?
- ❍ കരഞ്ഞ് അവശയായി കിടക്കും.

- ഒന്നിനോടും താല്പര്യമില്ലാത്ത രീതിയിൽ പെരുമാറ്റം.
- അസാധാരണമായ ദേഷ്യമോ സങ്കടമോ പ്രകടിപ്പിക്കും.
- ഭക്ഷണം കഴിക്കാതെയും ഒന്നിനോടും പ്രതികരിക്കാതെയും നിൽക്കും.
-

ഇതുപോലുള്ള കാരണങ്ങൾ സാധാരണ ജീവിതത്തിൽ നിന്ന് അധ്യാപികയ്ക്ക് കണ്ടെത്താനാവുമല്ലോ? ഈ ധാരണയിൽ അവതരണങ്ങൾ ക്രോഡീകരിക്കണം.

- ഈ മാനസികഘടനയെ ഷൈത്താൻ കൂടിയതാണെന്നു കണക്കാക്കുന്നതിൽ എന്തെങ്കിലും സാധുതയുണ്ടോ?
- നിസാർ അഹമ്മദിനെ കാണുകയോ അയാളുടെ സാമീപ്യം മാനസികമായി അനുഭവിക്കുകയോ ചെയ്യുമ്പോൾ കുഞ്ഞിപ്പാത്തുമ്മ അനുഭവിക്കുന്ന ആശ്വാസം കഥാഭാഗത്ത് നിന്നു കുട്ടികൾ കണ്ടെത്തട്ടെ.
- കണ്ടെത്തിക്കഴിഞ്ഞവ ക്ലാസ്സിൽ അവതരിപ്പിക്കുമ്പോൾ ഒരു ചോദ്യം ഉന്നയിക്കാം.
- എന്തായിരുന്നു കുഞ്ഞുപ്പാത്തുമ്മയുടെ യഥാർത്ഥ രോഗം? ഈ രോഗത്തിന് മുസ്ല്യാർ നൽകിയ ചികിത്സ ശരിയോ? കുഞ്ഞുപ്പാത്തുമ്മയെ ചികിത്സിക്കാൻ മുസ്ല്യാരെ നിയോഗിച്ചതിന് രക്ഷിതാക്കളുടെ അന്ധവിശ്വാസവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെങ്കിൽ എന്താണത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ രക്ഷിതാക്കളോ മുതിർന്നവരോ പിന്തുടരുന്ന ഇത്തരം വിശ്വാസങ്ങളാണ് യുക്തിരഹിതമായി കുട്ടികളിലേക്കും പകരുന്നത് എന്ന ധാരണയിൽ ചർച്ച ക്രോഡീകരിക്കണം.

## ആകസ്മികമായ വേർപാട്

1 സ്ഫോടനം/യുദ്ധം എന്നിവയിൽ മരിച്ചയാളുടെ അമ്മ/ഭാര്യ എന്നിവർക്കുണ്ടാക്കുന്ന മാനസിക വിഭ്രാന്തി.

2. അസാധാരണമായി പേടിച്ച് എന്തുചെയ്യണമെന്നറിയാതെയാവുന്ന അവസ്ഥ.

3. ജീവിതത്തിലുണ്ടാകുന്ന ദുരനുഭവങ്ങൾ (ഭീകരമായ ഒറ്റപ്പെടൽ, ആത്മബന്ധമുള്ളവരുടെ അവഗണന... തുടങ്ങിയവ)

ഇത്തരം പ്രശ്നങ്ങൾ ഇതേ രൂപത്തിൽ കുട്ടികൾ കണ്ടെത്തിയെന്നു വരില്ല. പക്ഷേ ഇവയെല്ലാം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും വേണം. അതിനെന്തു ചെയ്യാം.

- പത്രങ്ങളിൽ വരുന്ന ഇത്തരം സന്ദർഭങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ കുട്ടികൾ കാണട്ടെ. ഫോട്ടോയിൽ കാണുന്ന വ്യക്തിയുടെ മുഖഭാവത്തിൽ നിന്ന് അവരുടെ മാനസിക തലത്തെ കുറിച്ചുള്ള സൂചനകൾ ലഭിക്കുമല്ലോ.
- അടിക്കുറിപ്പ് രചന
- സർഗാത്മക രചന (കഥ, കവിത)
- ചിത്രത്തോടൊപ്പം വരുന്ന വാർത്തകളുടെ വിശകലനം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ നൽകാമല്ലോ.

വിശദാംശങ്ങൾ കുട്ടികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി കുറിപ്പ് തയാറാക്കട്ടെ. കുറിപ്പിന്റെ അടിസ്ഥാനത്തിൽ മുസ്ല്യാർ നടത്തിയ ചികിത്സ ശരിയാണോ എന്ന ചർച്ച ഉയർത്താം. കുട്ടികളുടെ അഭിപ്രായം യുക്തിയുക്തം സമർത്ഥിക്കാൻ അവസരം നൽകുംവിധം അധ്യാപിക ഇടപെടണം.

- മന്ത്രവാദത്തെക്കുറിച്ചുള്ള വൈക്കം മുഹമ്മദ്ബഷീറിന്റെ സമീപനം പാഠഭാഗത്തു നിന്ന് കണ്ടെത്താമോ.

'കള്ളബുദ്ദൂസിനെ കെട്ടിക്കാൻ പോണത് ആരെക്കൊണ്ടാണെന്നറിയാമോ?' എന്ന ആയിഷ യുടെ കുസൃതി നിറഞ്ഞ ചോദ്യത്തിൽക്കൂടിയും 'ചുമ്മായിരി തുട്ടാപ്പി' എന്ന കുഞ്ഞുപ്പാത്തുമ്മ യുടെ നാണത്തിൽ കുതിർന്നുള്ള മറുപടിയിൽക്കൂടിയും ബഷീർ തന്റെ നിലപാട് വ്യക്തമാക്കു ന്നില്ലേ.

കുഞ്ഞുപ്പാത്തുമ്മയുടെ രോഗത്തിനുള്ള മരുന്ന് എന്റെയടുത്തുണ്ട് എന്ന് ബഷീർ ഇവിടെ വ്യംഗ്യ മായി സൂചിപ്പിക്കുന്നുണ്ടോ?

| | | |
|---|---|---|
| കൂടീരിക്ക്ണത് | - | ശരീരത്തിൽ കൂടിയിരുന്നത് (ശരീരത്തിൽ പരേതാത്മാക്കൾ കയറിക്കൂടുമെന്ന വിശ്വാസം) |
| വിതൃത്തിപ്പിടിക്കുക | - | വിടർത്തിപ്പിടിക്കുക |
| കെളെകെളെയായി | - | കൂട്ടത്തോടെ |
| ഉള്ള് ആളുക | - | മനസ്സ് പതറുക |

❍ കുഞ്ഞുപ്പാത്തുമ്മ അനുഭവിക്കുന്ന മനോവിഷമത്തിന്റെ ആഴം പ്രകടമാക്കാൻ ഇത്തരം പ്രയോഗങ്ങൾ സഹായിക്കുന്നുണ്ടോ?

❍ സാമുദായിക ഭാഷാപ്രത്യേകതകൾ

❍ കുഞ്ഞുപ്പാത്തുമ്മയുടെ നിഷ്കളങ്കത

❍ വിദ്യാഭ്യാസത്തിന്റെ അഭാവം എന്നിവ പ്രകടമാകുന്ന ഭാഷാ പ്രയോഗങ്ങൾ കഥയ്ക്ക് വൈകാരികമായൊരു തലം സൃഷ്ടിക്കുന്നുണ്ട്.

'ഞാമ്മരിച്ചാമ്പോണ്' എന്നത് 'ഞാൻ മരിക്കാൻ പോകുന്നു' എന്നായാലോ? ചർച്ച ചെയ്യുക.

'മാതാവേ എനിക്കല്പം ശുദ്ധജലം തന്നാലും' എന്നു 'പാത്തുമ്മായുടെ ആടി' ൽ അബ്ദുൽഖാദറിനെക്കൊണ്ടു പറയിക്കുന്നതും ഈ ബഷീറിന്റെ ശൈലിയെ അടയാളപ്പെടുത്തുന്ന ഒന്നാണോ?

ഇതിൽ കാറ്റും വെളിച്ചവും കടക്കണം, വെളിച്ചത്തിനെന്തൊരു വെളിച്ചം-ഈ പ്രയോഗങ്ങളുടെ അർഥസാധ്യതകൾ വിശകലനം ചെയ്യാൻ ആവശ്യപ്പെടാം.

- മുറിയിൽ വെളിച്ചമില്ല ജനൽ തുറന്നിട്ട് വെളിച്ചം അകത്തു കടക്കട്ടെയെന്നും ഇരുട്ടിലേക്ക് പെട്ടെന്നു വെളിച്ചം കടന്നു വരുമ്പോൾ കണ്ണഞ്ചിപ്പോകുന്ന അവസ്ഥയും പ്രത്യക്ഷാർഥ ത്തിൽ കടന്നു വരുന്നുണ്ട്. എന്നാൽ അന്ധവിശ്വാസങ്ങളാകുന്ന അന്ധകാരത്തിലേക്ക് അറിവിന്റെ ശക്തമായ വെളിച്ചം കടന്നു വരേണ്ടതിന്റെ സൂചനകൾ ഈ വരികളിൽ തെളി യുന്നുണ്ട്. ഇക്കാര്യം കുട്ടികൾ സ്വതന്ത്രമായി ചർച്ച ചെയ്ത് നിഗമനത്തിലെത്തട്ടെ.
- 'കുഞ്ഞുപ്പാത്തുമ്മ' അദ്ദേഹം വിളിച്ചു 'ഓ' എന്നവൾ വിളികേട്ടു... രണ്ടു പക്ഷികൾ കൂടു കൂട്ടാൻ പോകുന്നു. അത് എന്തു പക്ഷികളാണ്.

ഈ ഖണ്ഡിക ശ്രദ്ധിച്ചില്ലേ. കുഞ്ഞുപാത്തുമ്മയുടെ മാനസികമായ പിരിമുറുക്കത്തേയും അത്ത രത്തിലൊരവസ്ഥയിൽ നിന്നുള്ള മോചനത്തിന്റെ സൂചനകളെയും കൂട്ടിയോജിപ്പിക്കുന്നതിന് ബഷീർ എന്തെല്ലാം ബിംബങ്ങളെയാണ് കൂട്ടിപിടിച്ചിരിക്കുന്നത്. ഈ ബിംബകല്പനകൾ കഥാ വ്യാഖ്യാനത്തിന് ഭംഗി നൽകുന്നില്ലേ-ചർച്ച ചെയ്യൂ?

❍ ഉറക്കം കറുത്ത കടലാണ്

❍ അവളൊരു വൃക്ഷമാണ്, മുടിയെല്ലാം വേരുകൾ, കൈകാലുകൾ ശിഖരങ്ങൾ എന്നീ ബിംബ കല്പനകൾ കുഞ്ഞുപാത്തുമ്മയുടെ മാനസിക സംഘർഷത്തെ സൂചിപ്പിക്കുന്നുണ്ടോ?

- ഇലകളും പൂക്കളും ഉണ്ടാവുക.
- പക്ഷികൾ, കൂടുകൂട്ടുക എന്നിവ കുഞ്ഞിപ്പാത്തുമ്മയുടെ മെച്ചപ്പെടുന്ന മാനസിക നിലയെ സൂചിപ്പിക്കുന്നില്ലേ.

ഇത്തരം കാര്യങ്ങൾ കഥാസ്വാദനത്തിന്റെ ഭാഗമായി കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടു വരണം.

- ഖണ്ഡിക ഗ്രൂപ്പിലിരുന്ന് വായിച്ച് വിശകലനം ചെയ്യാനാവശ്യപ്പെട്ടാലോ? വിശകലനക്കുറിപ്പ് തയാറാക്കി കുട്ടികൾ അവതരിപ്പിക്കുമ്പോൾ അധ്യാപികയുടെ ക്രോഡീകരണ സമയത്ത് മേൽ നൽകിയ സൂചനകൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയണം.

**വിശദീകരണം**

"…. ലോകം അവസാനിക്കാൻ പോകുന്നു. ഇസ്രാഫീൽ എന്ന മലക്ക് 'സൂർ' എന്ന കുഴൽ ഊതുകയായിരിക്കാം."

ഇസ്ലാം വിശ്വാസപ്രകാരമുള്ള ലോകാവസാനത്തെക്കുറിച്ചുള്ള സൂചനകളാണിവ.

'കിയാമം നാൾ' എന്നു ഇസ്ലാം മതവിശ്വാസികൾ വിളിക്കുന്ന ലോകാവസാനദിനത്തെ കുറിച്ചുള്ള ഖുറാനിൽ വിശദീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

കുഞ്ഞുപാത്തുമ്മയെ സംബന്ധിച്ചിടത്തോളം നിസാർ അഹമ്മദിനെ വിവാഹം കഴിക്കാൻ കഴിയാത്ത അവസ്ഥ അവളുടെ മരണത്തിനോ ലോകാവസാനത്തിനോ തുല്യമാണ്.

# സ്വാമിജി

മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ ഹാസസാഹിത്യകാരനാണ് സഞ്ജയൻ. നിരവധി സാമൂഹിക തിന്മകൾക്കെതിരെ കൃത്യമായ ധാരണയോടെ എഴുതിയ ഇദ്ദേഹം വിശ്വാസികളെ തട്ടിപ്പിനിരയാക്കുന്ന പ്രവണതകളെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രുദ്രാക്ഷ മഹാത്മ്യം വളരെയേറെ ചർച്ചചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേ ഗണത്തിൽപെടുന്ന ഒരു സൃഷ്ടിയാണ് സ്വാമിജി. കള്ള സന്യാസിമാരും വിശ്വാസകച്ചവടക്കാരും പെരുകിവരുന്ന ഇക്കാലത്ത് ഇക്കൂട്ടർ എങ്ങിനെയാണ് സാധാരണക്കാരായ വിശ്വാസികളെ വഞ്ചിക്കുന്നതെന്ന് യുക്തിഭദ്രമായി സമർത്ഥിക്കാൻ സ്വാമിജിയിലൂടെ സഞ്ജയനു കഴിഞ്ഞിട്ടുണ്ട്. സ്വാമിജിയെ ഒരു കഥാപാത്രമായി മാത്രം കാണാതെ നമ്മുടെ ചുറ്റും തട്ടിപ്പുമായി നടക്കുന്ന നിരവധി പേരോട് താരതമ്യം ചെയ്ത് യുക്തിഭദ്രമായൊരു തീരുമാനത്തിലെത്താൻ ഈ ഭാഗം കുട്ടികളെ സഹായിക്കും. ശരിയായ മാനസിക ആരോഗ്യത്തിന്റെ കുറവുമൂലം ജനങ്ങൾ വഞ്ചിതരാകുന്ന ഇത്തരം സംഭവങ്ങളോട് കൃത്യമായ പ്രതികരണം കുട്ടികളിൽ വളർത്തിക്കൊണ്ടുവരാൻ ഈ പാഠഭാഗം ഉപകരിക്കണം. കപടസന്യാസിമാർ ഒരു വിഭാഗത്തെ എങ്ങിനെ വഞ്ചിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ കുട്ടികളെ സജ്ജരാക്കുകയാണ് ഈ പാഠത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മനസ്സിലേക്കു കുടിയേറ്റുന്ന സാഹചര്യവും അതുയർത്തുന്ന പ്രശ്നങ്ങളും അധ്യാപികയെന്ന നിലയിൽ വ്യക്തമാവേണ്ടതുണ്ട്. ഇതിനായി കോഴിക്കോട് സർവ്വകലാശാല മന:ശാസ്ത്ര വിഭാഗം തലവൻ ഡോ.ടി.ശശിധരനുമായി കുട്ടികൾ നടത്തിയ അഭിമുഖസംഭാഷണത്തിന്റെ പ്രസക്ത ഭാഗം ഇവിടെ നൽകുന്നു.

കുട്ടികൾ : അന്ധവിശ്വസങ്ങളും അതുയർത്തുന്ന സാമൂഹ്യപ്രശ്നങ്ങളും എന്ന വിഷയത്തെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ് ഞങ്ങൾ. ഞങ്ങളുടെ ചില സംശയങ്ങൾ ഒരു മനശാസ്ത്രജ്ഞൻ എന്ന നിലയിൽ താങ്കളുമായി പങ്കുവയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഡോ.ശശി : സന്തോഷം. അതിനുമുമ്പ് ഒരു കാര്യം ചോദിക്കട്ടെ. നിങ്ങൾക്ക് എന്തൊക്കെ അന്ധവിശ്വാസങ്ങളുണ്ട്.

കുട്ടികൾ : ഞങ്ങൾക്ക് ഒരു തരത്തിലുള്ള അന്ധവിശ്വാസവുമില്ല.

ഡോ.ശശി : വിശ്വാസമുണ്ടോ?

കുട്ടികൾ : നല്ല വിശ്വാസമുണ്ട്.

ഡോ.ശശി : ഇതു തന്നെയാണ് പ്രധാനപ്രശ്നം. വിശ്വസിക്കുന്നവരുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ ആരും അന്ധവിശ്വാസികളല്ല. മറിച്ച് ഒരാൾ മറ്റൊരാളുടെ വിശ്വാസത്തെ പരിശോധിക്കുമ്പോഴാണ് അന്ധവിശ്വാസമായി തോന്നുന്നത്.

കുട്ടികൾ : അപ്പോൾ വിശ്വാസവും അന്ധവിശ്വാസവും ഒന്നാണോ?

ഡോ.ശശി : ഒരർത്ഥത്തിൽ ഒന്നു തന്നെയാണ്. എന്നാൽ യുക്തി പൂർവ്വം ചിന്തിക്കുമ്പോൾ പല വിശ്വാസത്തിലും യുക്തിക്ക് അല്ലെങ്കിൽ സാമാന്യബുദ്ധിക്ക് നിരക്കാത്ത കാര്യങ്ങൾ മറ്റുചിലർക്ക് തോന്നിയേക്കാം. അവർ അതിനെ അന്ധവിശ്വാസങ്ങൾ എന്നു വിളിച്ചേക്കാം.

കുട്ടികൾ : അന്ധവിശ്വാസത്തെയും ശരിയായ വിശ്വാസത്തെയും എങ്ങനെ തിരിച്ചറിയാം.

ഡോ.ശശി : തിരിച്ചറിയാൻ വളരെ വിഷമമാണ്. കാരണം എല്ലാതരം വിശ്വാസങ്ങളും നമ്മുടെ മനസ്സിൽ സ്ഥാനം പിടിക്കുന്നത് യുക്ത്യാനുസരണം ചിന്തിക്കാൻ പാകമാകുന്ന (Pre-logical എന്നു മനഃശാസ്ത്രത്തിൽ പറയുന്ന) തിനുമുമ്പുള്ള മാനസിക തലത്തിൽ നിന്നുകൊണ്ടാണ്. ആ മാനസിക ഘടനയിൽ യുക്തിക്ക് വളരെ വലിയ സ്ഥാനം ഒന്നുമില്ല. അതുകൊണ്ടാണ് ഒരാളോട് നിങ്ങളങ്ങനെ വിശ്വാസിക്കാൻ എന്തുകാരണമെന്നു ചോദിച്ചാൽ ആദ്യമൊന്നു പതറുകയും പിന്നെ കാരണങ്ങൾ കൃത്യമായി കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നത്. വിശ്വാസം യുക്തിപൂർവ്വമാണെന്നു പറയുന്നത് ശരിയല്ല. യുക്തിക്ക് അപ്പുറമുള്ള ചിലകാരണങ്ങളാണ് വിശ്വാസത്തെ സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും.

കുട്ടികൾ : ഇത്തരം അന്ധവിശ്വാസങ്ങൾ സൃഷ്ടിക്കപ്പെടുന്നതിൽ നമ്മുടെ സാമൂഹിക സ്ഥിതിക്ക് വല്ല പങ്കുമുണ്ടോ?

ഡോ.ശശി : വളരെ പ്രസക്തമായ ചോദ്യമാണിത്. മനുഷ്യന്റെ അടിസ്ഥാനപരമായ ഒരു പ്രശ്നം അവൻ നിസ്സഹായനാണ് എന്ന തോന്നലാണ്.അതുകൊണ്ടുതന്നെ അവന് ഒരു രക്ഷകനെ ആവശ്യമുണ്ട്. ഇതാണ് വിശ്വാസത്തിന്റെ കാതൽ. ഓരോ നിമിഷവും നമ്മൾ രക്ഷകനെ തേടിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഈ നിസ്സഹായതയെ വർധിപ്പിക്കുന്ന സാമൂഹിക രാഷ്ട്രീയ അന്തരീക്ഷം കൂടിയാവുമ്പോൾ ഈ രക്ഷക സങ്കല്പം കൂടുതൽ ശക്തമാവുന്നു.

കുട്ടികൾ : സാമൂഹിക രാഷ്ട്രീയ അന്തരീക്ഷം രക്ഷക സങ്കല്പത്തിന് ആക്കം കൂട്ടുന്നു എന്നു പറഞ്ഞല്ലോ. അതൊന്നു വിശദീകരിക്കാമോ?

ഡോ.ശശി : ആത്മസംഘർഷങ്ങൾ വളർത്തുന്ന ഒരുപാട് ഘടകങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അതിലേറ്റവും പ്രധാനം സുരക്ഷിതനല്ല എന്ന തോന്നലാണ്. സാമ്പത്തികമായും ആരോഗ്യപരമായും സാമൂഹികമായുമെല്ലാം സുരക്ഷിതനല്ല എന്ന തോന്നൽ ഭൂരിഭാഗം മനുഷ്യർക്കുമുണ്ട്. മറ്റൊന്ന് അകാരണമായ ഭയമാണ്. താൻ എപ്പോഴും ഒരപകടത്തിന്റെ മുന്നിലാണെന്നു ഭൂരിഭാഗം പേരും ഭയപ്പെടുന്നു. തന്നെ അപകടപ്പെടുത്താനായി നിരവധി ശക്തികൾ തനിക്കു ചുറ്റുമുണ്ടെന്നും ഇതിൽ നിന്നും രക്ഷപ്പെടാനുള്ള ഏക മാർഗം വിശ്വാസമാണെന്നും ഇക്കൂട്ടർ കരുതുന്നു. യാഥാർത്ഥ്യമായ പ്രശ്നങ്ങളും ഇതോടൊപ്പമുണ്ട്. ദാരിദ്ര്യം, തൊഴിലില്ലായ്മ, രോഗം, അസമത്വം മറ്റു സാമൂഹിക അരക്ഷിതത്വം എന്നിവയൊക്കെ യഥാർഥത്തിലുള്ള അപകടകാരണങ്ങൾ തന്നെയാണ്.

കുട്ടികൾ : സാമൂഹിക സംഘർഷങ്ങൾ എന്നു പറയുമ്പോൾ വർഗീയത, തീവ്രവാദം, കലാപങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുമോ?

ഡോ.ശശി : തീർച്ചയായും. ഇത് പരസ്പര പൂരകങ്ങളാണ്. വർഗീയതയും തീവ്രവാദവുമെല്ലാം ഒരു തരം തീവ്രവിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. ഇവ പരസ്പരം പോഷിപ്പിച്ചുകൊണ്ടാണ് വളരുന്നത്. നിങ്ങൾ കൃത്യമായി വിശകലനം നടത്തിയാൽ ഇത് മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്ക് വിശ്വാസികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. അതുപോലെ വർഗീയ സംഘർഷങ്ങളിലും ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. അന്ധവിശ്വാസികൾ കൂടുന്നു എന്നു പറയുന്നതിനെക്കാൾ ശരി അന്ധമായി വിശ്വസിക്കുന്നവരുടെ എണ്ണം ബോധപൂർവം കൂട്ടിക്കൊണ്ടുവരുന്നു എന്നതായിരിക്കുമെന്നു തോന്നുന്നു.

കുട്ടികൾ : അന്ധവിശ്വാസം പ്രചരിപ്പിക്കാൻ ബോധപൂർവം ശ്രമം നടക്കുന്നുണ്ട് എന്നാണോ പറയുന്നത്.

ഡോ.ശശി : അതുതന്നെയാണ്. നിങ്ങൾ പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ശ്രദ്ധിക്കാറില്ലേ.എത്രയെത്ര പരസ്യങ്ങളാണ് ദിനം പ്രതിവരുന്നത്. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ, മാന്ത്രിക ഏലസ്സുകൾ, മാന്ത്രിക മരുന്നുകൾ, മന്ത്രച്ചരടുകൾ, മന്ത്രത്തകിടുകൾ, കുട്ടിച്ചാത്തൻ സേവ, മഷിനോട്ടം, വെറ്റിലനോട്ടം എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത പരസ്യങ്ങൾ. എന്തിനാണ് ഇങ്ങനെ പരസ്യങ്ങൾ നൽകുന്നത് എന്നു എപ്പോഴെങ്കിലും നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

കുട്ടികൾ : ആളുകളെ ആകർഷിക്കാനല്ലേ പരസ്യങ്ങൾ നൽകുന്നത്.

ഡോ.ശശി : അപ്പോൾ ആളുകൾ വരേണ്ടത് ആരുടെ ആവശ്യമാണ്? മന്ത്രവാദിയുടെയോ? പ്രശ്നമുണ്ടെന്നു തോന്നുന്നവരുടെയോ?

കുട്ടികൾ : രണ്ടുപേരുടെയും ആവശ്യമല്ലേ?

ഡോ.ശശി : മന്ത്രവാദിക്ക് മറ്റുള്ളവരുടെ പ്രശ്നം പരിഹരിക്കേണ്ട ആവശ്യമെന്താണ്?

കുട്ടികൾ : അയാൾക്ക് പണം കിട്ടണം, ജീവിക്കണം.

ഡോ.ശശി : മന്ത്രവാദം ഒരു ബിസിനസ്സാണ് എന്നാണോ പറയുന്നത്.

കുട്ടികൾ : അങ്ങനെ നോക്കുമ്പോൾ ശരിക്കും കച്ചവടം തന്നെയാണെന്നു തോന്നു. ഇതിനെയാണോ വിശ്വാസവ്യവസായം എന്നു പറയുന്നത്?

ഡോ.ശശി : എനിക്കറിയില്ല.അതെല്ലാം നിങ്ങൾ തീരുമാനിക്കേണ്ടതാണ്.

കുട്ടികൾ : ഈ അടുത്തകാലത്തായി പത്രമാധ്യമങ്ങളിൽ വളരെയധികം തട്ടിപ്പുകൾ പുറത്തുവന്ന കഥകൾ അച്ചടിച്ചു വന്നിട്ടുണ്ടല്ലോ? പഠിപ്പും വിവരവും ഉള്ളവർപോലും ഇത്തരത്തിലുള്ള തട്ടിപ്പിനിരയാവുന്നുണ്ട്. ഇതിനെന്തായിരിക്കും കാരണം?

ഡോ.ശശി : പഠിപ്പും വിവരവും എന്ന പ്രയോഗം നന്നായി. എന്താണ് പഠിച്ചത്! എങ്ങനെയാണു പഠിച്ചത്? എന്തുവിവരമാണ് ഉള്ളത്? എന്നിങ്ങനെ നൂറുനൂറു ചോദ്യങ്ങൾ ഈ പഠിപ്പും വിവരവും എന്ന പ്രയോഗത്തോടു ചോദിക്കാം.അപ്പോൾ പല പഠിപ്പും പല വിവരവും അസംബന്ധമാണെന്നു മനസ്സിലാകും.

കുട്ടികൾ : സ്വാമിമാരും സിദ്ധൻമാരുമൊക്കെ ഇത്തരം തട്ടിപ്പുകാരായി മാറുന്നത് എന്തുകൊണ്ടാണ്?

ഡോ.ശശി : അതിനുപ്രധാനപ്പെട്ട ഒരു കാരണമുണ്ട്. ഭാരതത്തിൽ പൊതുവായും കേരളത്തിൽ വിശേഷിച്ചും സ്വാമിമാരോടു പ്രത്യേകമായ ഒരു ബഹുമാനം നിലനിൽക്കുന്നുണ്ട്. സ്വാമിവിവേകാനന്ദനും, ശ്രീനാരായണഗുരുവുമൊക്കെ നമ്മുടെ ഏവരുടേയും മനസ്സിൽ സ്ഥാനം പിടിച്ച ബിംബങ്ങളാണ്.അതുകൊണ്ടുതന്നെ അവർക്കു സമാനമായ

വേഷത്തിൽ പ്രത്യക്ഷപ്പെടുന്നവരെ അന്ധമായി സ്നേഹിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നവരുടെ എണ്ണം കേരളത്തിൽ താരതമ്യേന കൂടിയിരിക്കും.

കുട്ടികൾ : ഇതു ശരിയല്ലെന്നു തിരിച്ചറിവുണ്ടാകാത്തത് എന്തുകൊണ്ടാണ്?

ഡോ.ശശി : ഞാൻ നേരത്തെ പറഞ്ഞില്ലേ. മനുഷ്യമനസ്സിലെ പ്രശ്നങ്ങൾക്ക് എവിടെയാണൊരു പരിഹാരമെന്നന്വേഷിച്ച് ഓടിനടക്കുകയാണ് എല്ലാവരും. നിരവധി പ്രശ്നങ്ങളാണ് മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നത്. ലോട്ടറി വാങ്ങാൻ പോകുന്നവന്റെ മാനസികനിലയെപ്പറ്റി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ലോട്ടറി എടുക്കുന്നതുമുതൽ ഫലം പ്രഖ്യാപിക്കുന്നതു വരെ സുന്ദരമായൊരു സ്വപ്നത്തിൽ അവനു കഴിയാം. എല്ലാവരുടെ മനസ്സിലും ഒരു കുചേലനുണ്ട്. ശ്രീകൃഷ്ണന്റെ അനുഗ്രഹത്താൽ ഒരു സുപ്രഭാതത്തിൽ ധനാഢ്യനാവുന്ന കുചേലൻ. ലോട്ടറി കിട്ടാതിരുന്നാൽ വലിയൊരു സങ്കടവുമില്ല. കാരണം അതിന്റെ ഉത്തരം അവൻ നേരത്തെ പഠിച്ചു വച്ചിട്ടുണ്ട്. ഇക്കുറി തനിക്കത് വിധിച്ചിട്ടില്ല എന്ന ഉത്തരം ഓർക്കുന്നതോടെ അവൻ ഉഷാറാവുകയും അടുത്ത ലോട്ടറിക്കുവേണ്ടി ഓടാൻ തുടങ്ങുകയും ചെയ്യും.

കുട്ടികൾ : അങ്ങനെയാണെങ്കിൽ വിശ്വാസംകൊണ്ട് ചിലർക്കെല്ലാം 'ലോട്ടറി' അടിച്ചിട്ടുണ്ടാവുമല്ലോ.

ഡോ.ശശി : വളരെ ശരിയാണ്. നമ്മുടെ നാട്ടിൽ ഒരു ചൊല്ലില്ലേ. ഒരിക്കൽ ചക്കയിട്ടപ്പോൾ മുയലിനെ കിട്ടിയെന്നു വിചാരിച്ച് എപ്പോഴും കിട്ടിക്കൊള്ളണമെന്നില്ലെന്ന്. പക്ഷേ അവിടെ അപ്പോഴുമൊരു സാധ്യത നിലനിൽക്കുന്നുണ്ട്. ഒരിക്കൽ ചക്ക വീണപ്പോൾ മുയലിനെ കിട്ടി. അതുപോലെ ഏതോ ഒരു ചക്ക വീഴുമ്പോൾ ഏതോ ഒരു മുയലിനെ കിട്ടിയേക്കാം. ഇതിനെ യാദൃശ്ഛികത എന്നോ chance factor എന്നോ വിളിക്കാം. പക്ഷേ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇത് യാദൃച്ഛികത അല്ല മറിച്ച് എപ്പോഴും സംഭവിക്കാവുന്ന ഒരു യാഥാർഥ്യം മാത്രമാണ്. ഈ യാദൃച്ഛികത യഥാർത്ഥവും നിരന്തരം സംഭവിക്കാവുന്നതുമാണെന്ന് ഉറപ്പിക്കുന്നേടത്താണ് വിശ്വാസകച്ചവടക്കാർ വിജയിക്കുന്നത്.

കുട്ടികൾ : പലർക്കും പല സമയത്തായി ഉണ്ടാകുന്ന ഒരേ അനുഭവങ്ങൾ എങ്ങനെയാണ് യാദൃച്ഛികമാവുക?

ഡോ.ശശി : ഞാനൊരുദാഹരണം പറയാം. പ്രശസ്ത മന:ശാസ്ത്രജ്ഞനായ സ്ക്കിന്നർ എലികളിൽ നടത്തിയ പരീക്ഷണമാണിത്.

ഒരു എലിക്ക് യാതൊരു മുന്നറിയിപ്പോ സമയക്രമമോ പാലിക്കാതെ ഒരു നല്ല അനുഭവം നൽകുന്നു. ഇത് ഭക്ഷണമാകാം മറ്റെന്തെങ്കിലുമാകാം. (ഇതിനെ സൈക്കോളജിയിൽ stimulous reinforcement എന്നു പറയും. ഒരു reinforcement എലിക്ക് ലഭിച്ചപ്പോൾ സ്വാഭാവികമായും ആ സാഹചര്യത്തെ വിലയിരുത്തിക്കാണും. തനിക്ക് ഈ ഒരനുഭവമുണ്ടായ സാഹചര്യമെന്താണെന്ന പരിശോധനയിൽ പലവിധ സ്വഭാവസവിശേഷതകൾ (behaviours) എലിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കാം. എലി ആ സ്വഭാവസവിശേഷതകൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് വീണ്ടും ഇഷ്ടപ്പെടുന്ന ഒരനുഭവം (reinforcement) ലഭിച്ചു എന്നു കരുതുക. ഇത് പലപ്പോഴായി ആവർത്തിച്ചു എന്നും കരുതുക. തനിക്ക് ഇത്തരമൊരു അനുഭവമുണ്ടാകണെന്ന് എലി കരുതുമ്പോഴൊക്കെ ഒരേ സ്വഭാവം കണ്ടെത്തി. ഇത് വിശ്വാസത്തിന്റെ കാര്യത്തിൽ മനുഷ്യരിലും കാണാവുന്നതാണ്. നല്ലത് എന്നു കരുതുന്ന അനുഭവം തനിക്കുണ്ടാവണമെന്നില്ല. മറ്റാർക്കൊക്കെയോ ഉണ്ടായിയെന്നു കേട്ടാലും മതി. അത് തന്റെ തന്നെ അനുഭവമാണെന്നു കരുതി സമാധാനിക്കുകയോ സംതൃപ്തിയടയുകയോ ചെയ്യും. കൃത്രിമമായി അവനവൻ തന്നെ സൃഷ്ടിക്കുന്ന ഈ സമാധാനപ്പെടലോ സംതൃപ്തിയടയലോ ആണ് ഇത്തരത്തിലുള്ള വിശ്വാസത്തെ ഉറപ്പിച്ചു നിർത്തുന്നത്. കാര്യങ്ങൾ വ്യക്തമാവുന്നുണ്ടോ?

കുട്ടികൾ : മുഴുവനായും വ്യക്തമായില്ല എങ്കിലും ഒരു കാര്യം വ്യക്തമായി. യാദൃച്ഛികമായി സംഭവിക്കുന്നവയ്ക്കു യുക്തി നൽകാൻ ശ്രമിക്കുകയാണ് നമ്മളൊക്കെ ചെയ്യുന്നത്? പക്ഷേ ഇത് തെറ്റാണെന്നു പറയാൻ കഴിയുമോ?

ഡോ.ശശി : ഒരിക്കലും കഴിയില്ല. മനുഷ്യൻ യുക്തിപൂർവമല്ലാതെയാണ് ഭൂരിപക്ഷം അനുഭവങ്ങളേയും സമീപിക്കുന്നത്. യുക്തിപൂർവം സമീപിക്കുന്നത് വളരെ വളരെ കുറച്ചു മാത്രമാണ്. അന്ധവിശ്വാസത്തിന്റെ അപകടം യുക്തിപൂർവമായി ചിന്തിക്കാൻ അവസരം നൽകുന്നില്ല എന്നതു മാത്രമല്ല. മറിച്ച് യുക്തിപൂർവം ചിന്തിച്ചു പരിഹരിക്കേണ്ടതായ പ്രശ്നങ്ങളെ ഭാവനാലോകത്തു നിന്നുകൊണ്ടു പരിഹരിക്കാൻ പ്രേരിപ്പിക്കുകയും അത് പരിഹരിച്ചു എന്ന തോന്നൽ ഉണ്ടാക്കുകയുമാണ്. ഉദാഹരണമായി, ദാരിദ്ര്യം, രോഗം, സാമൂഹിക അരക്ഷിതാവസ്ഥ, മാനസിക സംഘർഷങ്ങൾ എന്നിവയൊക്കെ വളരെ യാഥാർഥ്യവും വ്യക്തിയെ വല്ലാതെ വിഷമിപ്പിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളാണ്. എങ്കിൽ ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ സ്വീകരിക്കുന്ന മാർഗങ്ങളാവട്ടെ തീർത്തും അയഥാർഥവും സാങ്കല്പികവുമായ തരത്തിലാണ്. യഥാർഥപ്രശ്നങ്ങളെ അയഥാർത്ഥമായ തലത്തിൽ നിന്നുകൊണ്ടു പരിഹരിക്കാൻ ശ്രമിക്കുന്നു എന്നതാണ് ഇതിൽ പതിയിരിക്കുന്ന അപകടം.

കുട്ടികൾ : ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് രാജ്യമല്ലേ. വിശ്വാസത്തെ എന്തിനാണ് വലിച്ചിഴയ്ക്കുന്നത്.

ഡോ.ശശി : അവിടെയാണ് നമുക്കു തെറ്റു പറ്റുന്നത്. ഒരാൾക്ക് രോഗം വന്നുവെന്നത് യഥാർത്ഥത്തിൽ സംഭവിക്കുന്ന ഒന്നാണ്. രോഗം മാറ്റാൻ മരുന്നു നൽകണമെന്നതാണ് ശരിയായരീതി. പക്ഷേ രോഗം മാറ്റാൻ മന്ത്രവാദിയുടെയടുത്തോ ജ്യോത്സ്യന്റെ അടുത്തോ പോകുന്നവന്റെ യുക്തിയെന്താണ്. മറ്റൊന്നുമില്ല. അവനുരോഗം മാറിയെന്ന മാനസിക സംതൃപ്തി അല്ലെങ്കിൽ അയഥാർഥമായ ഒരു പരിഹാരം അവിടെനിന്നു ലഭിക്കുന്നു എന്നതുകൊണ്ടാണ്. മനസ്സിനെയാണ് രോഗത്തിൽ നിന്നു മുക്തമാക്കുന്നത്. ശരീരത്തെയല്ല. ഇത് മാനസികമായ ഒരു മായാപ്രപഞ്ചത്തെ സൃഷ്ടിക്കുകയാണ്. ഇതുതന്നെയാണ് മയക്കുമരുന്നും മദ്യവും നൽകുന്നത്. മയക്കിക്കിടത്തി സങ്കല്പലോകമുണ്ടാക്കി അതിൽ വിഹരിച്ച് സംതൃപ്തനാവുക.

കുട്ടികൾ : മദ്യവും മയക്കുമരുന്നും അന്ധവിശ്വാസവുമൊക്കെ മനുഷ്യന് ഒരേ അവസ്ഥയാണ് നൽകുന്നത് എന്നാണോ അഭിപ്രായം?

ഡോ.ശശി : സംശയമെന്ത്? അയഥാർഥമായ, സങ്കല്പലോകത്ത് ജീവിച്ച് സംതൃപ്തിനേടുക തന്നെയാണ് ഇതിലൂടെ സംഭവിക്കുന്നത്.

കുട്ടികൾ : യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടം തന്നെയാണിത്. പല സന്യാസിമാരും സിദ്ധൻമാരും മയക്കുമരുന്ന് ഉപയോഗിക്കുന്നു എന്നു പറയപ്പെടുന്നു. മായാലോകം കൂടുതൽ ശക്തമാവാനാണോ?

ഡോ.ശശി : സ്വയം വിശ്വസിക്കാനും സ്വയം അനുഭവിക്കാനും വേണ്ടിയായിരിക്കണം ഇക്കൂട്ടർ മയക്കുമരുന്ന് ഉപയോഗിക്കുന്നത്.

കുട്ടികൾ : അമാനുഷിക ശക്തിയുള്ള മനുഷ്യർ രാജ്യത്ത് പെരുകി വരികയാണല്ലോ. ആൾദൈവങ്ങൾ മുമ്പൊന്നും കാണാനാവാത്ത വിധം മുളച്ചുകൊണ്ടിരിക്കുന്നു. ഇവിടേക്ക് ആളുകൾ ധ്യാനത്തിനും പ്രാർഥനയ്ക്കുമായി ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നു. ഇത് അന്ധവിശ്വാസങ്ങളെ വളർത്താൻ സഹായിക്കുന്നില്ലേ. അവിടേക്ക് ജനം ഇരച്ചുകയറാൻ എന്താണു കാരണം?

ഡോ.ശശി : ഇതിനു മറ്റുചില കാരണങ്ങൾ കൂടിയുണ്ട്. നേരത്തെ പറഞ്ഞില്ലേ യുക്തിചിന്ത വികസിക്കുന്നതിനുമുമ്പുള്ള മാനസികതല (pre-logical) മെന്ന്. എല്ലാ മനുഷ്യനിലും സജീവമായ ഒരു മാനസികതലമാണിത്. മാത്രമല്ല നമ്മൾ കരുതും പോലെ

ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ മാത്രമല്ല മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ. കൂട്ടുകൂടുക, ആഹ്ലാദിക്കുക, സുഖദുഖങ്ങൾ പങ്കുവയ്ക്കുക തുടങ്ങിയ മാനസികാവശ്യങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. മാത്രമല്ല സാഹചര്യം കിട്ടുമ്പോൾ കുട്ടിയെപ്പോലെയാവാൻ എല്ലാവരും ആഗ്രഹിക്കുന്നുണ്ട്താനും. ഈ മാനസിക തലത്തെയാണ് ഇക്കൂട്ടർ കൈയിലെടുത്തിരിക്കുന്നത്. സമൂഹപ്രാർഥനയും താളത്തിന്റെയും സംഗീതത്തിന്റെയും അകമ്പടിയോടെയുള്ള ശാരീരിക ചലനങ്ങൾ, ദുഃഖമായാലും സങ്കടമായാലും വളരെ പ്രകടമായ രീതിയിൽ തന്നെ പ്രകടിപ്പിക്കൽ എന്നിവ ഇത്തരത്തിലുള്ള സ്ഥലത്തെ പ്രത്യേകതകളായിരിക്കും. ഇവയിൽ പങ്കെടുത്തുകഴിഞ്ഞാൽ പ്രാഥമിക മാനസികാവശ്യങ്ങൾക്കു പരിഗണന ലഭിച്ചതുവഴി ആത്മ സംഘർഷങ്ങൾക്ക് വല്ലാത്ത ഒരയവു വരികയും കുറേകാലത്തേക്കു ജീവിക്കാനുള്ള ഊർജ്ജം ലഭിക്കുകയും ചെയ്യുന്നു.

കുട്ടികൾ : മാനസിക സംഘർഷം കുറക്കാൻ കഴിയുന്നുവെന്നതു നല്ല കാര്യമല്ലേ. പിന്നെയെന്തിന് ഇത്തരത്തിലുള്ളതിനെ നമ്മൾ എതിർക്കുന്നു.

ഡോ.ശശി : എതിർക്കുകയല്ല. മറിച്ച് യഥാർഥ പ്രശ്നം ബോധ്യപ്പെടുകയാണു വേണ്ടത്. നേരത്തെ പറഞ്ഞല്ലോ. മനുഷ്യന്റെ മാനസിക സംഘർഷങ്ങൾക്കു കാരണം വളരെ കൃത്യവും യഥാർഥവുമായ സാമൂഹിക പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ ശാശ്വതമായൊരു മാറ്റം മാനസിക സംഘർഷത്തിന്റെ കാര്യത്തിൽ ഉണ്ടാവില്ല. സംഘർഷങ്ങൾക്കു കാരണമായ പ്രശ്നങ്ങൾ കണ്ടെത്തി ശാശ്വതമായ പരിഹാര പ്രവർത്തനങ്ങൾ സംഘടിപ്പിക്കാതെ താല്കാലികമായ പരിഹാരങ്ങൾക്കു പിറകെ പോകുന്നത് ഒരു തരം മനോരോഗത്തിന്റെ പ്രാഥമിക ലക്ഷണങ്ങളാണ്. സങ്കല്പലോകത്തിരുന്നുകൊണ്ട് സാങ്കല്പികമായിത്തന്നെ പ്രശ്നം പരിഹരിച്ച് തൃപ്തരാവുകയും വളരെ പെട്ടെന്നുതന്നെ യഥാർഥ പ്രശ്നത്തോട് ഏറ്റുമുട്ടേണ്ടിവരുമ്പോൾ എന്തുചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയും ചെയ്യേണ്ടിവരുന്നത് ഗുരുതരമായ പ്രതിസന്ധിക്കു കാരണമാകും. അവ ചെന്നെത്തുക മാനസിക വിഭ്രാന്തിയിലേക്കോ ആത്മഹത്യയിലേക്കോ സമൂഹത്തിനു നിരക്കാത്ത മറ്റു പ്രവണതകളിലേക്കോ ആകും. ഇവിടെയാണ് അപകടം പതിയിരിക്കുന്നത്.

കുട്ടികൾ : സമീപകാലത്ത് ഇത്തരം കേന്ദ്രങ്ങളിലേക്കുള്ള ഒഴുക്ക് കൂടാൻ മറ്റെന്തെങ്കിലും കാരണമുണ്ടോ?

ഡോ.ശശി : മനുഷ്യൻ അഭിമുഖീകരിക്കുന്ന യഥാർഥപ്രശ്നങ്ങൾ പരിഹരിക്കാൻ ബാധ്യതയുള്ള സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും രാഷ്ട്രീയപാർട്ടികളും ഈ ദൗത്യത്തിൽ നിന്നു പിറകോട്ടു പോകുന്നുവെന്ന തോന്നൽ ഇപ്പോൾ ശക്തമാണ്. പൊതുഇടങ്ങൾ നഷ്ടപ്പെടുകയും സ്വാകാര്യഇടങ്ങൾക്കു പ്രാധാന്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂട്ടുകൂടാനും സുഖ ദുഃഖങ്ങൾ പങ്കുവെക്കാനുമുള്ള അവസരങ്ങൾ പണ്ട് നവോത്ഥാന പ്രസ്ഥാനങ്ങൾ ജനങ്ങൾക്കു നൽകിയിരുന്നു. കൃത്യമായ ദിശാബോധം ജനങ്ങളിലുണ്ടാക്കാൻ ഇത്തരം കൂടിച്ചേരലുകൾക്കു കഴിഞ്ഞിരുന്നു. സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ ഉഴുതുമറിച്ചിട്ട മണ്ണാണ് കേരളത്തിന്റേത്. ഇത് കുറേ അടഞ്ഞുപോയിട്ടുണ്ട്. അടഞ്ഞതും നിശ്ചലവുമായ ഒരു സാമൂഹികാവസ്ഥ കേരളത്തിൽ സംജാതമായിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള അപകടകരമായ സ്ഫോടനാത്മകമായ ഒരവസ്ഥ അടുത്ത ഭാവിയിൽ തന്നെ കേരളത്തിൽ സംജാതമാകുമെന്ന് ഞാൻ ഭയപ്പെടുന്നു.

കുട്ടികൾ : പ്രതീക്ഷക്കു വകയില്ലെന്നാണോ തോന്നുന്നത്?

ഡോ.ശശി : ഏയ് ഒട്ടും ഇല്ല. പ്രതീക്ഷയുണ്ട്. നിങ്ങളെ പോലുള്ള കുട്ടികൾ ഇത്തരം കാര്യങ്ങൾ ഗൗരവമായി കാണാൻ തുടങ്ങിയിരിക്കുന്നത് അതിന്റെ സൂചനകളാണ്. സമൂഹത്തിലെ പ്രശ്നങ്ങളെ നേർക്കുനേർ സമീപിച്ച് പരിഹരിക്കാൻ തയ്യാറാകുന്ന

തലമുറയിൽ എനിക്കു പ്രതീക്ഷയുണ്ട്. ഇപ്പോ നിങ്ങളുടെ അന്ധവിശ്വാസമൊക്കെ മാറിയോ?

കുട്ടികൾ : ഞങ്ങളൊന്നു പരിശോധിക്കട്ടെ. ഏതായാലും കുറേനേരം ഞങ്ങൾക്കുവേണ്ടി സമയം നീക്കി വച്ചതിനു വളരെയധികം നന്ദി.

## ഡോ. ടി. ശശിധരനുമായുള്ള അഭിമുഖം

അഭിമുഖം വായിച്ചല്ലോ. അന്ധവിശ്വാസങ്ങൾ ഉടലെടുക്കുന്ന സാമൂഹിക സാഹചര്യം ഡോ.ശശിധരൻ വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധിച്ചില്ലേ? ഇത് എത്രമാത്രം ശരിയാണെന്ന് സ്വന്തം ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കി ടീച്ചിംഗ് മാന്വലിൽ ചേർക്കൂ. ആവശ്യ മെങ്കിൽ ക്ലസ്റ്റർ പരിശീലനത്തിൽ അവതരിപ്പിക്കുകയുമാവാം.

ശരിയായ പ്രശ്നങ്ങൾ (പട്ടിണി, രോഗം, മാനസിക സംഘർഷങ്ങൾ, തൊഴിലില്ലായ്മ...) പരി ഹരിക്കുന്നതിനുവേണ്ടി അയഥാർഥമായ പ്രശ്നപരിഹരണരീതി തുടരുന്നതിനെ നിങ്ങൾ അനു കൂലിക്കുന്നുണ്ടോ? രോഗംമാറാൻ മന്ത്രവാദിയെ സമീപിക്കൽ, വീട്ടിലും കുടുംബത്തിലും അടി ക്കടിയുണ്ടാകുന്ന പ്രശ്നങ്ങളുടെ യഥാർഥകാരണം തേടാതെ പരിഹാരക്രിയകൾക്കായി നെട്ടോട്ടം ഓടൽ എന്നിവ കൃത്യമായ പ്രശ്നങ്ങളെ പരിഹരിക്കുവാൻ അയഥാർഥമായി ശ്രമി ക്കുന്നതിനുള്ള ഉദാഹരണമാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇത്തരം നിലപാടുകൾ കുട്ടി കളുമായി പങ്കുവയ്ക്കേണ്ടത് അധ്യാപികയുടെ കർത്തവ്യമല്ലേ? അധ്യാപികയുടെ നിലപാടു കൾ ഈ അർഥത്തിൽ വളരെ പ്രധാനപ്പെട്ടതാണെന്നു മനസ്സിലായല്ലോ.

## പാഠഭാഗത്തിലേക്ക്

വളരെ രസകരമായി വായിച്ചുപോകാവുന്ന ഒരു ഭാഗമായതിനാൽ ആദ്യവായന കുട്ടികൾ തന്നെ നടത്തട്ടെ. കുട്ടികളുടെ വ്യക്തഗതവായനയ്ക്കുശേഷം ഗ്രൂപ്പ് തിരിഞ്ഞ് സ്വാമിജിയെന്ന കഥാ പാത്രത്തെ വിലയിരുത്തട്ടെ. വിലയിരുത്തിലിനു സഹായകമായി ചില ചോദ്യങ്ങൾ ചാർട്ടിലെ ഴുതി പ്രദർശിപ്പിക്കാം.

- ആരായിരുന്നു ഈ സ്വാമിജി
- അദ്ദേഹം ഏതെല്ലാം വിധത്തിൽ വേഷപ്രച്ഛന്നനായി ജനങ്ങളെ കബളിപ്പിച്ചു.
- നന്നായി അറിയാവുന്ന സുഹൃത്തിനെപ്പോലും തെറ്റിധരിപ്പിക്കാൻ സ്വാമിജിക്കുള്ള കഴി വെന്താണ്?
- ആളുകളെ തെറ്റിധരിപ്പിക്കുവാൻ സ്വാമിജി പ്രയോഗിക്കുന്ന തന്ത്രങ്ങൾ എന്തൊക്കെയാണ്?
- പരസ്യങ്ങളെ സ്വാമിജി എങ്ങനെയാണ് തനിക്കനുകൂലമായി ഉപയോഗിച്ചത്?
- ആളുകൾ വിശ്വാസിക്കുമെന്ന കാര്യത്തിൽ സ്വാമിജിക്ക് യാതൊരു സംശയമുണ്ടാവാതി രുന്നത് എന്തുകൊണ്ടാണ്?
-

ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം തേടുകവഴി കപടസ്വാമിമാർ എങ്ങനെയാണ് ജന ങ്ങളെ കബളപ്പിക്കുന്നതെന്നു ബോധ്യമാവും.

## പൊതുചർച്ച

തത്തയെക്കൊണ്ടു ശീട്ടെടുപ്പിക്കൽ, മഷിനോട്ടം, കൈനോട്ടം, ഭാവിപ്രവചനം, ജാതകഫലം എന്നിങ്ങനെ നിരവധി കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കുന്നുണ്ടല്ലോ. അവയിൽ അട ങ്ങിയിരിക്കുന്ന യുക്തിക്ക് മഹേശ്വര കവചത്തിന്റെ ഫലത്തെ സംബന്ധിച്ച് സ്വാമിജി അവതരി പ്പിക്കുന്ന യുക്തിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? കുട്ടികൾ യുക്തിപൂർവ്വം ചർച്ച ചെയ്ത് അവരുടെ ന്യായങ്ങൾ നിരത്തട്ടെ.

- മേൽപ്പറഞ്ഞവയും അല്ലാത്തവയുമായ തട്ടിപ്പുകളെല്ലാം നടക്കുന്നത് മനുഷ്യന് ഭാവിയെക്കുറിച്ച് വല്ലാത്ത ആശങ്ക ഉള്ളതുകൊണ്ടല്ലേ?
- ഇക്കൂട്ടർ എല്ലാവർക്കും ബാധകമായ ചില പൊതുകാര്യങ്ങളും അപ്പപ്പോൾ തോന്നുന്നതുമായ കാര്യങ്ങളും ചേർത്ത് വിശ്വാസനീയമായ വിധത്തിൽ അവതരിപ്പിക്കുകയല്ലേ ചെയ്യുന്നത്?
- ഇക്കൂട്ടർ പറഞ്ഞു വിശ്വാസിപ്പിക്കാൻ ശ്രമിക്കുന്ന നിരവധി കാര്യങ്ങൾ തെറ്റാകുമ്പോഴും ഏതെങ്കിലുമൊരു കാര്യം ഭാഗികമായി ശരിയായി വന്നാൽ നമ്മൾ സംതൃപ്തരാവുന്നില്ലേ? തെറ്റിപ്പോയ കാര്യങ്ങളെ കുറിച്ച് നമ്മൾ ആലോചിക്കാറേയില്ല എന്നതല്ലേ സത്യം.
- കേട്ടുകേൾവിയെ സ്വാനുഭവത്തെക്കാളധികം വിശ്വസിക്കുവാൻ തയ്യാറാവുന്നവർ സമൂഹത്തിൽ ധാരാളം പേരില്ലേ?
- ഭാവിയിൽ നല്ലതു സംഭവിക്കുമെന്നു കേൾക്കാൻ എല്ലാവർക്കും ആഗ്രഹമുണ്ടെന്ന യാഥാർഥ്യമല്ലേ ഇത്തരം തട്ടിപ്പുകാരുടെ പ്രധാന ആയുധം?
- ഭാവിയിലെ ഭയാശങ്കകൾ മാറ്റിക്കിട്ടാൻ ചെയ്യുന്ന ക്രിയകളിലൂടെ ഇക്കൂട്ടർ വൻതോതിൽ പണം ഈടാക്കുന്നുണ്ടെന്നു ശ്രദ്ധിച്ചിട്ടുണ്ടോ?
- തട്ടിപ്പ് ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് പണസമ്പാദനമല്ലാതെ മറ്റുലക്ഷ്യമില്ല. ഇക്കൂട്ടർ ജനോപകാരപ്രദമായി എന്തെങ്കിലും ചെയ്യുന്നതിനായി എപ്പോഴെങ്കിലും പ്രവർത്തിച്ചതായി അനുഭവപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതവരുടെ പ്രശസ്തി വർധിപ്പിക്കാൻ തക്ക പ്രചരണത്തിന്റെ അകമ്പടിയോടു കൂടിയല്ലേ?

എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ അധ്യാപിക സ്വന്തമായും കുട്ടികൾക്കു മുമ്പിലും ഉയർത്തണം.

## പത്രകട്ടിംഗുകൾ ശേഖരിക്കാം; പതിപ്പുണ്ടാക്കാം

പത്രത്തിൽ നിത്യമെന്നോണം ഇത്തരം തട്ടിപ്പുകൾ പുറത്തു വന്നു കൊണ്ടിരിക്കുകയാണല്ലോ. വിശ്വാസത്തട്ടിപ്പു മുതൽ സാമ്പത്തിക തട്ടിപ്പുവരെ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കണം.

- ഗ്രൂപ്പു തിരിയൽ
- പ്രവർത്തനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടൽ
- എഡിറ്റർ, എഡിറ്റോറിയൽ ബോർഡ് എന്നിവ തീരുമാനിക്കൽ.
- പ്രവൃത്തികൾ വിഭജിച്ചു നൽകൽ
- വാർത്തകൾ ശേഖരിക്കൽ
- ഗ്രൂപ്പിൽ അവതരിപ്പിച്ച് പതിപ്പിൽ ചേർക്കാൻ പറ്റിയവ തിരഞ്ഞെടുക്കൽ.
- പതിപ്പ് ആകർഷകമായി സംവിധാനം ചെയ്യൽ.
- പതിപ്പിലൂടെ വെളിപ്പെടുത്താനുദ്ദേശിക്കുന്ന സന്ദേശങ്ങൾ/അടിക്കുറിപ്പുകൾ കണ്ടെത്തി ഉചിതമായിടത്ത് ചേർക്കൽ.
- പ്രധാനസന്ദേശം പ്രകടമാവും വിധത്തിൽ പതിപ്പിനു പേരു കണ്ടെത്തൽ.
- ശക്തമായ എഡിറ്റോറിയൽ തയാറാക്കൽ.

## എഡിറ്റോറിയൽ തയ്യാറാക്കുമ്പോൾ

- എഡിറ്റോറിയൽ തയ്യാറാക്കേണ്ട വിഷയത്തെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായിരിക്കണം.

- പ്രശ്നത്തോട് കൃത്യവും ശക്തവുമായ നിലപാടുണ്ടായിരിക്കണം.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ജനങ്ങളെ തട്ടിപ്പിനിരയാക്കുന്നതെന്ന ശരിയായ ബോധം ഉണ്ടാവണം.
- ആകർഷകമായ ഭാഷയും ശൈലിയും ഉണ്ടായിരിക്കണം.
- പതിപ്പ് ഉയർത്താനുദ്ദേശിക്കുന്ന സന്ദേശം പ്രകടവും വ്യക്തവുമായ തരത്തിൽ പ്രതിപാദിക്കണം.

  പതിപ്പു പ്രകാശനം ഒരു ചടങ്ങായി സ്ക്കൂൾ അസംബ്ലിയിൽവച്ചു നടത്താമല്ലോ. ഇതിനായി പോസ്റ്റർ നിർമാണം, നോട്ടീസ് നിർമാണം എന്നിവയും നടത്താം.

  ഒരനുഭവത്തെ ഹാസ്യാത്മകമായി അവതരിപ്പിച്ചിരിക്കുന്ന ഒരു രചനയാണ് സ്വാമിജി. പത്രത്തിൽ വന്ന ഏതെങ്കിലുമൊരു സംഭവത്തെ ആധാരമാക്കി ഒരു നർമലേഖനം തയ്യാറാക്കാം.

**നർമലേഖനം**

❍ തിരഞ്ഞെടുക്കുന്ന സംഭവം ഹാസ്യാത്മകമായി ചിത്രീകരിക്കുവാൻ ഉതകുന്നതാവണം.

❍ സംഭവവിവരണത്തിലും അവതരണ ശൈലിയിലും ഹാസ്യത്തിനു പ്രാധാന്യം നൽകണം.

❍ നർമത്തിനുള്ള സാധ്യതകൾ കണ്ടെത്തി ഉചിതമായി അവതരിപ്പിക്കുമ്പോൾ വായനക്കാരനിലുണ്ടാക്കുന്ന പ്രതികരണം മുൻകൂട്ടി കാണാനാവണം.

- അധ്യാപികയ്ക്കും ഒരു നർമലേഖനം തയ്യാറാക്കാമല്ലോ. അതും കുട്ടികളുടെ അവതരണത്തിനു ശേഷം ക്ലാസ്സിൽ അവതരിപ്പിക്കൂ.
- "ചങ്ങാതീ, ലോകത്തിൽ വിഡ്ഢികളുള്ളിടത്തോളം കാലം മനസ്സാക്ഷിയില്ലാത്തവർ പട്ടിണി കിടക്കേണ്ടി വരില്ല" - ഈ പ്രസ്താവന പരിശോധിച്ച് കുറിപ്പു തയ്യാറാക്കുക.

സമൂഹത്തിലെ ഉന്നതന്മാരും ഇത്തരത്തിൽ തട്ടിപ്പിനിരയാവുന്നതായി കാണാവുന്നതാണ്. വിദ്യാഭ്യാസവും വിവരവും ഉള്ളവർ ഇത്തരം തട്ടിപ്പിനിരയാവുന്നതും ഇത്തരം ആളുകളുടെ അടുത്തുപോകുന്നതും എന്തുകൊണ്ടാവാം? ഈ പ്രശ്നം കുട്ടികൾ ചർച്ച ചെയ്യട്ടെ.

- അനധികൃത സമ്പാദ്യങ്ങൾ സംരക്ഷിക്കാനുള്ള വ്യഗ്രത.
- പെട്ടെന്ന് പണക്കാരനാവാനുള്ള ആഗ്രഹം.
- നിരവധി തിന്മകൾക്കു കൂട്ടുനിന്നതിന്റെ പ്രായശ്ചിത്തം.
- വിശ്വാസം ഒരു മറയായി സ്വീകരിച്ചുകൊണ്ട് സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കൽ.
- താൻ ചെയ്യുന്നത് ശരിയാണോ എന്ന ഉറപ്പില്ലായ്മ.
- ജീവിതത്തിന്റെ യഥാർത്ഥ സംതൃപ്തി പല കാരണങ്ങളാൽ നഷ്ടപ്പെടൽ.
- ഭാവിയെ കുറിച്ചുള്ള അമിതമായ ഉത്കണ്ഠ.
- ജീവിച്ചു തീർത്ത കാലത്തിന്റെ ഓർമകൾ/ അനുഭവങ്ങൾ നൽകുന്ന ജീവിതാസ്വാസ്ഥ്യം.
-

എന്നിങ്ങനെ നിരവധി കാരണങ്ങൾ ഉന്നതരേയും വിദ്യാസമ്പന്നരേയും പോലും ഇത്തരം തട്ടിപ്പുകൾക്ക് ഇരയാക്കുന്നുണ്ട്. വിദ്യാസമ്പന്നരായാൽ മാത്രം പോരാ യഥാർഥ ജ്ഞാനവും യുക്തിബോധവും അടിയുറച്ചവർക്കു മാത്രമേ ഇത്തരം തട്ടിപ്പുകളെ, അന്ധവിശ്വാസങ്ങളെ തിരിച്ചറിയാനും അതിൽ നിന്നു രക്ഷപ്പെടാനും കഴിയുകയുള്ളു എന്ന ധാരണ ചർച്ചയുടെ അവസാനത്തിൽ അധ്യാപികയുടെ ക്രോഡീകരണത്തിന്റെ ഭാഗമായി കുട്ടികളിൽ ഉറപ്പിക്കണം.

# പച്ചപ്പയ്യിനെ പിടിക്കാൻ

മുറ്റത്തെ പന്തലിൽ ആൾക്കാർ നിറഞ്ഞു. നടുവിൽ നിറപറയും തെങ്ങിൻ പൂക്കുലയും കൊണ്ട ലങ്കരിച്ച മണ്ഡപം. അതിഥികൾ വരന്റെ പാർട്ടിക്കാർ വരുന്നതും കാത്ത് അക്ഷമരായി ഇരുന്നു. പന്തലിന്റെ ഒരറ്റത്ത് നാദസ്വരക്കാർ വാദ്യം തുടങ്ങാനുള്ള അടയാളത്തിനായി കാത്തിരുന്നു. മണ്ഡപത്തിനു മുമ്പിലുരുന്ന കുട്ടികളിൽ ഒരുവൾക്ക് മുഷിഞ്ഞു. അഞ്ചു വയസ്സു പ്രായമുള്ള അവൾ വധുവിന്റെ കൊച്ചനുജത്തിയായിരുന്നു. അവൾ തന്റെ കൂട്ടുകാരികളോടു പറഞ്ഞു.

"വാ, നമുക്ക് പച്ചപ്പയ്യിനെ പിടിക്കാം."

പച്ചപ്പയ്യിനെപ്പറ്റി അവർ കേട്ടിട്ടില്ല. "എന്താണ് പച്ചപ്പയ്യെന്നു പറഞ്ഞാൽ?"

"വാ, ഞാൻ കാട്ടിത്തരാം."

"എങ്ങോട്ടാ നാല് കന്യകമാരുംകൂടി?" ഒരാൾ ചോദിച്ചു.

"ഞങ്ങള് പച്ചപ്പയ്യിനെ പിടിക്കാൻ പോവണ്." ശാലിനി പറഞ്ഞു.

"പച്ചപ്പയ്യോ?" അയാൾ പരിഹസിച്ചുകൊണ്ട് ചോദിച്ചു.

"അതേ." അവൾ ഗൗരവത്തോടെ പറഞ്ഞു. പച്ചപ്പയ്യിനെ പിടിക്കുക എന്നത് അത്ര ലഘുവായി തള്ളേണ്ട കാര്യമല്ല.

അടുത്ത പറമ്പായിരുന്നു ലക്ഷ്യം. മതിൽപൊളിഞ്ഞുണ്ടായ വിടവിലൂടെ അവർ കടന്നു. വിശാലമായ ഒരു പറമ്പാണത്. രണ്ടു മാവും കുറേ കുറ്റിച്ചെടികളും ഒഴിച്ചാൽ കാര്യമായൊന്നും ആ പറമ്പിലില്ല. ഒരു പഴയ തറവാട് നിലംപൊത്തിയതിന്റെ അസ്ഥിമാടം നടുവിൽ അവശേഷിച്ചിരുന്നു. പറമ്പിന്റെ രണ്ടു വശത്തും കായലാണ്. അവർ വന്ന കാര്യം മറന്ന് കായലിന്റെ ഭംഗി നോക്കിനിന്നു. കല്യാണവീട്ടിലെ തിരക്ക് അകന്നുപോയി. മതിലിനപ്പുറത്ത് പന്തലിന്റെ മുകൾഭാഗം കാണാം.അവിടെ നിന്ന് നോക്കുമ്പോൾ സ്വതവേ ചെറുതായ വീട് കുറേക്കൂടി ചെറുതായപോലെ തോന്നി. ശാലിനിക്ക്. എന്താണ് ചേച്ചിയെ കല്യാണം കഴിക്കാൻ പോകുന്ന ചേട്ടൻ വരാത്തതെന്ന് അവൾ ആലോചിച്ചു.

"എവിട്യാണ് പച്ചപ്പയ്യിനെ കിട്ട്വാ." മിനി ചോദിച്ചു. ആ പറമ്പിലേക്കു വന്നതിന്റെ ഉദ്ദേശ്യം അപ്പോഴെ ശാലിനി ഓർത്തുള്ളു.

"ഇവിടെണ്ടാവും." ചുറ്റും നോക്കിക്കൊണ്ട് അവൾ പറഞ്ഞു. അവൾ തിരച്ചിൽ തുടങ്ങി. "ഞാനും ചേച്ചീം ഇവിട്യാണ് കളിക്കാൻ വര്വാ."

രാവിലെ ചേച്ചിയാണ് അവളെ കുളിപ്പിച്ച് പുതിയ ഉടുപ്പ് ഇട്ടുകൊടുത്തത്. നെറ്റിമേലുള്ള കൊച്ചു പൊട്ടുകൂടി ചേച്ചിയാണ് തൊടീച്ചത്. അവൾ നെറ്റിമേൽ തൊട്ടുനോക്കി. ഉണ്ട്, അവിടെത്തന്നെയുണ്ട്. പുറപ്പെടുവിക്കുമ്പോൾ ചേച്ചി പറഞ്ഞു.

"നാളെത്തൊട്ട് മോള് സ്വന്തം കുളിക്ക്യം സ്വന്തം ഉടുപ്പ് ഇടോം വേണം കേട്ടോ. ചേച്ചി കല്യാണം കഴിക്കാൻ വരണ ചേട്ടന്റെ കൂടെ പോവും."

"അപ്പോ ആ ചേട്ടന് നമ്മടെ ഒപ്പം താമസിച്ചൂടെ?"

ചേച്ചി പോയാലുണ്ടാവുന്ന ശൂന്യതയെപ്പറ്റിയൊന്നും ആലോചിക്കാനുള്ള കഴിവുണ്ടായിരുന്നില്ല അവൾക്ക്. അങ്ങിനെയൊക്കെ ആലോചിച്ചിരുന്നെങ്കിൽ അവൾക്ക് വിഷമമായേനേ. എപ്പോഴും അസുഖമായിക്കിടക്കുന്ന അമ്മ അവളെ സംബന്ധിച്ചേടത്തോളം ഒരു നിഴൽ മാത്രമായിരുന്നു. ചേച്ചിയാണവളുടെ കാര്യങ്ങളെല്ലാം നോക്കിയിരുന്നത്. ചേച്ചിയുടെ മറുപടിയൊന്നും വന്നില്ല.

ചേച്ചി അവളുടെ തലമുടി മെടഞ്ഞിടുകയാണ്.അവൾ ചോദ്യമാവർത്തിച്ചു. ഒരു ദീർഘനിശ്വാസം. അവൾ ചേച്ചിയെ നോക്കി. ചേച്ചിയുടെ കണ്ണിൽ വെള്ളമുണ്ടായിരുന്നു.

"നമ്മുടെ ഈ കൊച്ചു വീടൊന്നും ആ ചേട്ടന് പിടിക്ക്യാണ്ടാവില്ല."

കൊച്ചു വീടും അതിന്റെ നിത്യശാപമായ ദാരിദ്ര്യവും എന്നാണ് ബിന്ദു പറയാൻ തുടങ്ങിയത്. ദാരിദ്ര്യം അവൾക്കൊരിക്കലും വിഷമമുണ്ടാക്കിയിരുന്നില്ല. പക്ഷെ അതിനോടൊപ്പം സ്നേഹമില്ലായ്മയും വരുമ്പോഴോ? അവൾക്ക് എങ്ങിനെയെങ്കിലും ആ വീട്ടിൽ നിന്ന് രക്ഷപ്പെട്ടാൽ മതിയെന്നായിരുന്നു. സ്വാർത്ഥതയാണെന്നറിയാം. അവൾ രക്ഷപ്പെടാൻ മോഹിക്കുന്നത് ദാരിദ്ര്യത്തിൽ നിന്നായിരുന്നില്ല, സ്നേഹരാഹിത്യത്തിൽ നിന്നായിരുന്നു. കൊച്ചനുജത്തിയുടെ ഓമനമുഖം നോക്കി നിന്നപ്പോൾ അവൾക്ക് വിഷമമായി. അവൾ പറഞ്ഞു.

"മോള് വലുതായാൽ ഒരു ഭംഗിയുള്ള ചേട്ടൻ വന്ന് മോളേം കല്യാണം കഴിച്ചു കൊണ്ടുപോകും. അങ്ങിനെ മോൾക്കും ഇവിടുന്ന് രക്ഷപ്പെടാം."

"എപ്പഴാ ആ ചേട്ടൻ വരാ?"

"മോള് വലുതാകുമ്പോ."

അതൊരു സാന്ത്വനമരുളുന്ന അറിവായിരുന്നു. ആ അറിവിൽ അവൾ മയങ്ങി നിന്നു.

പച്ചപ്പയ്യുകൾ ഒളിച്ചിരിക്കയായിരുന്നു. ചേച്ചിയുടെ കല്യാണനിശ്ചയദിവസം രജനിയുടെ കൂടെ ആ പറമ്പിൽ നടക്കുമ്പോൾ എത്ര പച്ചപ്പയ്യുകളെയാണവൾ കണ്ടത്. ഇന്ന് അവയൊക്കെ എവിടെപ്പോയി? മീനുവും മിനിയും സജിയും തിരയുകയാണ്. എന്താണ് തിരയുന്നതെന്നവർക്കറിയില്ല. എന്തെങ്കിലും ഒരു സാധനം അവർക്കുമുമ്പിൽ വന്നുപെടുമെന്ന പോലെ അവർ തിരിഞ്ഞു. സജി ചോദിച്ചു.

"എത്ര വലുപ്പംണ്ടാവും പച്ചപ്പയിന്?"

"ഇതാ ഇത്ര." ശാലിനി അവളുടെ കൊച്ചു ചൂണ്ടാണിവിരൽ കാണിച്ചു. "പച്ച നെറാ. പക്ഷെ അതു പിടിച്ചാൽ ചാടും."

ചൂണ്ടാണി വിരൽ നീളത്തിൽ പച്ച നിറവും പിടിച്ചാൽ ചാടുന്ന സ്വഭാവവുമുള്ള ഒരു ജന്തുവിനെ അന്വേഷിച്ച് ആ പെൺകിടാങ്ങൾ വെയിലത്തു നടന്നു.

മിനി ചോദിച്ചു. "എന്തിനാണ് പച്ചപ്പയ്യിനെ പിടിക്കണത്?"

"അതോ," ശാലിനി പറഞ്ഞു. "പണംണ്ടാവാൻ. പച്ചപ്പയ്യിനെ പിടിച്ച് വീട്ടിൽ കൊണ്ടുവന്നാൽ ധാരാളം പണംണ്ടാവും. ചേച്ചി പറഞ്ഞതാ."

ചേച്ചിക്ക് ഈ അറിവ് കുറച്ചുകൂടി മുമ്പെ പറഞ്ഞുതന്നാൽ മതിയായിരുന്നു. കഴിഞ്ഞപ്രാവശ്യം എത്ര പച്ചപ്പയ്യിനെയാണവൾ എണ്ണിയത്. സ്നേഹിതകൾക്കു മതിപ്പായെന്ന് ശാലിനിക്കു മനസ്സിലായി. പണമുണ്ടാക്കാമെന്നുണ്ടെങ്കിൽ കുറച്ചു നേരം അദ്ധ്വാനിച്ചാലും വിഷമമില്ല. അവരുടെ വീട്ടിലും ദാരിദ്ര്യത്തിന്റെ അശ്ലീലസാന്നിദ്ധ്യവും കുടിക്കുന്ന അച്ഛന്മാരും ഉണ്ട്. കുറേ സമയം തിരഞ്ഞിട്ടും ഒരൊറ്റ പച്ചപ്പയ്യിനേയും കാണാൻ കഴിയാഞ്ഞപ്പോൾ മറ്റു മൂന്നു പെൺകുട്ടികൾക്കും മുഷിഞ്ഞെന്നു തോന്നി. അവർ പറഞ്ഞു.

"നമുക്ക് തിരിച്ചു പോവ." "കുറേനേരം കൂടി നോക്കീട്ടു പോവാം." അവൾ പറഞ്ഞു. "നമക്ക് കിട്ടാതിരിക്കില്ല."

ശാലിനിക്ക് കൂട്ടുകാരെ എങ്ങിനെയെങ്കിലും പിടിച്ചുനിർത്തണമെന്നുണ്ട്. പച്ചപ്പയ്യിനെ പിടിക്കാൻ സഹായം ആവശ്യമാണ്. പിടിക്കാതെ തിരിച്ചുപോകാൻ അവൾക്കു താല്പര്യമുണ്ടായിരുന്നില്ല.

അകത്ത് ബിന്ദു ഗുരുക്കളെ വന്ദിക്കുന്ന കർമ്മത്തിലായിരുന്നു. വെറ്റിലയിൽ നാണ്യം വെച്ച് ദക്ഷിണ കൊടുത്ത് ഓരോരുത്തരുടെ കാൽക്കൽ വീഴുകയാണവൾ. ഗുരുജനങ്ങൾ നിരന്നു നിന്നിരുന്നു. വല്യച്ഛനായിരുന്നു ആദ്യം. ഓരോരുത്തരുടെയും കാല്ക്കൽ വീഴുമ്പോൾ അവരെ പ്പറ്റിയുള്ള ഓർമ്മകൾ മനസ്സിൽ വന്നു നിറയുകയായിരുന്നു. അച്ഛന്റെ പ്രാരാബ്ധങ്ങളുടെ തുടക്കം ഈ മനുഷ്യനിൽ നിന്നായിരുന്നു എന്ന് അവൾ ഓർത്തു. വയസ്സായ അമ്മയെയും അച്ഛനെയും നോക്കാമെന്നു പറഞ്ഞ് തറവാടും സ്വത്തിന്റെ തൊണ്ണൂറു ശതമാനവും അടിച്ചെടുത്ത മനു ഷ്യൻ. അവസാനം ആർക്കും വേണ്ടാതെ കിടന്നിരുന്ന ഈ സ്ഥലം പോലും അർഹതപ്പെട്ടത ല്ലെങ്കിലും ദാനമായി തരുന്നു എന്ന മട്ടിൽ വീതിച്ചു കിട്ടിയതുകൊണ്ട് സംതൃപ്തനാകേണ്ടി വന്നു അച്ഛന്. രണ്ടു ചിരട്ട കുഴിച്ചാൽ ഓരുവെള്ളം കിനിയുന്ന ഈ പറമ്പിൽ അവൾ ഒരു കള്ളിച്ചെടിപോലെ വളർന്നു.

രണ്ടാമത് നിന്നിരുന്നത് അമ്മാവനായിരുന്നു. അമ്മയുടെ അനിയൻ. അയാൾ പുതിയ പാന്റും ഷർട്ടും ധരിച്ച് ഷൂസുപോലും അഴിക്കാതെ അവളുടെ മുമ്പിൽ നിന്നു. തൊട്ടടുത്തു നിന്നിരുന്ന അമ്മായി ധരിച്ചിരുന്നത് പുതിയ കാഞ്ചിപുരം സാരിയായിരുന്നു. നാലായിരം രൂപ വിലയുള്ള സാരി. ആ സാരിയെപ്പറ്റി അവർ പറഞ്ഞിരുന്നു. 'എന്നോട് ആറായിരത്തിന്റെ സാരി വാങ്ങി ക്കോളാൻ പറഞ്ഞതാ. എനിക്ക് പക്ഷെ ഇഷ്ടായത് ഇതാണ്. അപ്പോ ചേട്ടൻ പറഞ്ഞു ബാക്കി രണ്ടായിരം കൊണ്ട് നീയൊരു കമ്മലെടുത്തോന്ന്. എനിക്കിപ്പോ കമ്മലൊന്നും വേണ്ട. എട്ടു ജോടി കമ്മലുതന്നെ ഇടാൻ നേരം വേണ്ടേ? ഞാൻ പറഞ്ഞു കുറച്ചുകൂടി ചേർത്ത് രജനിക്ക് ഒരു വള വാങ്ങാംന്ന്...'

ബിന്ദു എല്ലാം കേട്ടിരുന്നു. എന്തിനാണ് ഇവരെല്ലാം എന്റെ മനഃസ്വസ്ഥ്യം നശിപ്പിക്കാനായി വരുന്നത്? അവളുടെ കല്യാണപ്പുടവയ്ക്ക് ആയിരത്തിൽ താഴേയേ വിലയുള്ളു. അവൾക്കിഷ്ട മായത് രണ്ടായിരത്തി അഞ്ഞൂറിന്റെ ഒരു സാരിയായിരുന്നു. കുങ്കുമ നിറത്തിൽ കസവു ബോർഡറും ഭംഗിയുള്ള മുന്താണിയുമുള്ള സാരി. അവൾ കുറേനേരം കടയിൽ ആ സാരിയും കയ്യിൽപിടിച്ചുകൊണ്ടിരുന്നു. വാങ്ങാൻ പറ്റില്ലെന്നു മനസ്സിലായിട്ടും.

ബിന്ദു കല്യാണനിശ്ചയദിവസം ഓർത്തു. അന്നു വൈകുന്നേരം അച്ഛന്റെ വക കുടി പാർട്ടിയാ യിരുന്നു. വല്യച്ചനും ഈ അമ്മാവനും രണ്ടുനാലു കൂട്ടുകാരും ചേർന്ന് രാത്രി വൈകുംവരെ കുടിയായിരുന്നു. അമ്മാവൻ കുടിക്കിടയിൽ എഴുന്നേറ്റു നിന്നുകൊണ്ട് പ്രഖ്യാപിച്ചു.

"എന്റെ മരുമകളുടെ കല്യാണം ഈ ഞാൻ നടത്തിക്കൊടുക്കും. ഈ ഞാൻ". നെഞ്ചിൽ ഉറക്കെ അടിച്ചുകൊണ്ട് കുഴഞ്ഞു തുടങ്ങിയ നാവുമായി അയാൾ പ്രഖ്യാപനം ആവർത്തിച്ചു. അച്ഛന് സന്തോഷമായി. അളിയന് ഒരു പെഗ്ഗുകൂടി ഒഴിച്ചു കൊടുത്തു. വല്യച്ചനും നല്ല ഫോമിലായി രുന്നു. അയാൾ പ്രഖ്യാപിച്ചു. 'കല്യാണസദ്യ എന്റെ വകയാണ്. വേറെ ആരും അതന്വേഷി ക്കേണ്ട. ഇനിയെന്താണ് വേണ്ടത്?'

രാത്രി മൂന്നുമണിയോടെ എല്ലാവരും ഒരു വിധം ഉറക്കമായി. ബിന്ദു അവളുടെ മുറിയിൽ നിലത്ത് പായവിരിച്ചു എവിടേയോ തളർന്നുറങ്ങിയ കൊച്ചനുജത്തിയേയുമെടുത്ത് ഒപ്പം കിടത്തി. തന്റെ കട്ടിൽ നേരത്തെത്തന്നെ അമ്മായി കയ്യേറിയിരുന്നു. അവൾ ഉറങ്ങിയില്ല. ഇന്ന് തന്റെ കല്യാണ നിശ്ചയമായിരുന്നു. തന്റെ ദിവസം. അവൾ രാത്രി രണ്ടുമണിവരെ മറ്റുള്ളവർ ഭക്ഷണം കഴിച്ചിട്ട പാത്രങ്ങൾ കഴുകിയും കുടിക്കുന്നവർക്ക് ചൂടോടെ മീൻ പൊരിച്ചു കൊടുത്തും, ഒരുത്തൻ ഛർദ്ദിച്ചത് കോരിക്കളഞ്ഞും തളർന്നു. അതിനിടക്ക് ഓരോരുത്തർക്ക് കിടക്കാൻ വേണ്ടി കിട ക്കയും പായയും തേടിക്കൊടുത്തു. പൊള്ളയായ വാഗ്ദാനങ്ങളും പൊങ്ങച്ചങ്ങളും നിശ്ശബ്ദ മായി. ഉച്ചയ്ക്കു നടന്ന ചടങ്ങിൽ തന്റെ വിരലിൽ മോതിരമണിയിച്ച ചെറുപ്പക്കാരനെ അവൾ ഓർത്തു. പ്രാകാശത്തിന്റെ ചെറിയൊരു നാളം. അവൾക്ക് ഉറക്കെ കരയാൻ തോന്നി.

പന്തലിന്റെ ബഹളം തുടങ്ങിയിരുന്നു. അതിനിടയക്ക് നാദസ്വരത്തിന്റെ ശബ്ദം കേട്ടു.

“കല്യാണം തൊടങ്ങീന്നു തോന്നുന്നു.” മിനി പറഞ്ഞു.

“അപ്പോ നമക്ക് പോണ്ടെ?” സജി ചോദിച്ചു. അവൾക്ക് പരിഭ്രമം തുടങ്ങിയിരുന്നു. “അമ്മന്നെ നോക്ക്ണണ്ടാവും.”

“ഞാൻ പോവണ്.” മീന പറഞ്ഞു.

മൂന്നു കൂട്ടുകാരും സാവധാനത്തിൽ വീടിനെ ലക്ഷ്യമാക്കി നടന്നു പോകുന്നതു ശാലിനി സങ്കടത്തോടെ നോക്കി നിന്നും. പച്ചപ്പയ്യിനെ പിടിക്കാതെ അവൾക്കു പോകാൻ തോന്നിയില്ല. ഒരാഴ്ച മുമ്പാണതുണ്ടായത്. സന്ധ്യയ്ക്കു വിളക്കു വച്ചു നാമം ചൊല്ലിക്കൊണ്ടിരിക്കവേയാണതു വന്നത്. പച്ചനിറത്തിൽ നീണ്ട കാലുകളുള്ള ഒരു ജന്തു. അവൾ ആ ജന്തുവിനെ ഓടിക്കാൻ നോക്കി. മുമ്പൊരിക്കൽ അതുപോലൊരു ജന്തു അവളുടെ ഉടുപ്പിനുള്ളിൽ കയറി പ്രശ്നമുണ്ടാക്കിയതാണ്. ഒരു ഈർക്കിലെടുത്ത അതിനെ ചാടിക്കാൻ നോക്കിയപ്പോഴാണ് ചേച്ചി പറഞ്ഞത്.

“മോളേ അതിനെ ഓടിക്കാൻ പാടില്ല.”

“എന്താ കാരണം?”

“അതേയ്, അത പച്ചപ്പയ്യാണ്. അത് വന്നാൽ വന്ന വീട്ടില് ധാരാളം പണംണ്ടാവും.

കഷ്ടിച്ചു രക്ഷപ്പെട്ടു. ചേച്ചി അതുപറയാൻ കുറച്ചുകൂടി താമസിച്ചിരുന്നെങ്കിൽ കുഴപ്പമായേനെ. ചെമ്പോത്തിന്റെ കാര്യവും പറഞ്ഞുതന്നത് ചേച്ചിയാണ്. ചെമ്പോത്തിനെ കാണുന്നത് ഭാഗ്യമാണ്, പക്ഷെ കണ്ട കാര്യം ആരോടും പറയരുത്. പറഞ്ഞാൽ ഭാഗ്യം മുഴുവൻ പോകും.

പച്ചപ്പയ്യ് എന്തുകൊണ്ടോ ചാടിപ്പോയി. പണമൊന്നും കൊണ്ടുവരാതെത്തന്നെ. ചേച്ചി അച്ഛനോട് വഴക്കിലായിരുന്നു. ഒരു മാങ്ങാമാലയ്ക്കു വേണ്ടി.

“ഞാനൊന്നും ചോദിക്കിണില്ല. ഒരു മാങ്ങാമാല മാത്രം. അതെങ്കിലും കല്യാണത്തിന് വാങ്ങിത്തരാൻ വയ്യേ അച്ഛന്?”

തേങ്ങലുകൾ, പരിഭവങ്ങൾ.

“ഞാനെങ്ങനാ ഈ ഒറ്റമാല മാത്രം ഇട്ടുകൊണ്ട് പന്തലില് എല്ലാരടേം മുമ്പിലിരിക്കണത്. വരന്റെ വീട്ടുകാര് ഒന്നും ആവശ്യപ്പെട്ടിട്ടില്ലാന്നു വച്ച് ഒന്നും വാങ്ങണ്ടേ?”

“എനിക്ക് ഇനിയും ഒരു പെൺകുട്ടിയെ കെട്ടിച്ചുകൊടുക്കാനുണ്ടെന്ന് നീയോർക്കണം.”

“ഇനി പതിനഞ്ചുകൊല്ലം കഴിഞ്ഞുള്ള കാര്യമാണ് അച്ഛൻ പറേണത്. അതോണ്ടൊന്നും അല്ല. അച്ഛന് എന്നെ സ്നേഹല്യ, അതുതന്നെ.”

അമ്മ ഒന്നും മിണ്ടാതെ നില്ക്കും. അമ്മ എന്തെങ്കിലും പറയുമെന്ന് ശാലിനി ആശിക്കും. ചേച്ചിക്കുവേണ്ടി. ചേച്ചിയെ സമാധാനിപ്പിക്കാനെങ്കിലും. ഒന്നുമുണ്ടാവില്ല. ഒരു വാടിയ ചെടിപോലെ ചേച്ചികുഴഞ്ഞിരിക്കുന്നത് അവൾ നോക്കിനിൽക്കും.

നിശ്ചയത്തിന്റെ ദിവസം ഉണ്ടായ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നേരം പുലർന്നതോടെ ലഹരിയോടൊപ്പം അലിഞ്ഞില്ലാതായി. പണസ്സഞ്ചിയുമായി മരുമകളുടെ കല്യാണം നടത്തിക്കാൻ വരുന്ന അളിയന്റേയും അനുജന്റെ മകളുടെ കല്യാണസ്സദ്യക്കുള്ള പണവുമായി വരുന്ന ചേട്ടന്റെയും വരവുകാത്ത് അച്ഛൻ ഇരുന്നു. കാത്തിരിപ്പ് വെറുതെയാണെന്നു മനസ്സിലായപ്പോൾ അച്ഛൻ പണത്തിനുവേണ്ടി നെട്ടോട്ടമോടാൻ തുടങ്ങി.

ചേച്ചി അമ്മയോട് വക്കാലത്തിനു പോകാറില്ല. കാര്യമില്ലെന്നറിയാം. അത് ശാലിനിക്കും അറിയാം. അതുകൊണ്ട് അച്ഛന്റെ കയ്യിൽ നിന്നു നേരിടുന്ന അനീതികൾ അവളും കണ്ണടച്ചു

സഹിച്ചു. രാത്രി വൈകിവരുന്ന അച്ഛന്റെ ചുവന്ന കണ്ണുകൾ നേരിടാനാവാതെ അവൾ ഒളിച്ചിരുന്നു. ഇടറിയ കാലുകളോടെ അച്ഛൻ നടന്നു വരുന്നതു കണ്ടാൽ അവൾ കിടക്കയിൽ പോയി കിടക്കും. അമ്മ വലിവു കാരണം നേരത്തെത്തന്നെ കിടക്കും. ചേച്ചി അച്ഛനു ചോറു വിളമ്പിക്കൊടുക്കും, ചീത്തകൾ കേട്ടുകൊണ്ടു തന്നെ. മഴക്കാലത്ത് നിരന്തരം കേൾക്കാറുള്ള തവളകളുടെ മൊരത്ത ശബ്ദം പോലെ ചേച്ചിക്കതു സ്വീകാര്യമായിരിക്കുന്നു.

"ഇന്നെന്തായാലും എനിക്കു മാങ്ങാമാല വാങ്ങണം."ബിന്ദു പറഞ്ഞു.

അച്ഛൻ ഒന്നും പറയാതെ പുറത്തേക്കിറങ്ങി. കല്യാണത്തിന് ഒരാഴ്ചയേയുള്ളു. എവിടെനിന്നെങ്കിലും പണമുണ്ടാക്കുമെന്നും നെക്ലേസ് വാങ്ങുമെന്നും പ്രതീക്ഷിച്ച് അവൾ കാത്തിരുന്നു. രാത്രി വൈകുന്തോറും മങ്ങലേറ്റ പ്രതീക്ഷകൾ അച്ഛന്റെ വരവോടെ അവൾ കുഴിച്ചുമൂടി. അയാൾ നല്ല വണ്ണം കുടിച്ചിട്ടായിരുന്നു വന്നത്. ചോറു വിളമ്പിക്കൊടുക്കുമ്പോൾ അച്ഛൻ എന്തെങ്കിലും പറയുമെന്നവൾ ആശിച്ചു. ഇല്ല, ഒന്നും പറഞ്ഞില്ല. അവൾ ചോദിച്ചു.

"അച്ഛൻ മാങ്ങാമാല വാങ്ങിയില്ല" അല്ലേ?"

"തേങ്ങാ മാലയാണ്, എന്നെക്കൊണ്ട് പറയിക്കണ്ട." അയാൾ പറഞ്ഞു.

"അച്ഛന്ന് കുടിക്കാനും കുടിപ്പിക്കാനും പണമുണ്ടല്ലോ, എനിക്കുവേണ്ടി എന്തെങ്കിലും വാങ്ങാൻ മാത്രേ പണംല്ല്യാതുള്ളു."

"എന്താടീ നീ പറഞ്ഞത്?" അയാൾ ക്രൂദ്ധനായി ചോദിച്ചു.

"ഞാൻ പറഞ്ഞത് ശരിയല്ലെ? നിശ്ചയത്തിന്റന്ന് കുടിച്ചു തുലച്ച പണമുണ്ടെങ്കിൽ എനിക്ക് കുറച്ചുകൂടി നല്ല സാരി വാങ്ങായിരുന്നില്ലേ? ഇപ്പോ അച്ഛന്റെ അളിയനും ചേട്ടനുമെവിടെ? അവരാരെങ്കിലും തിരിഞ്ഞുനോക്കുന്നുണ്ടോ? അന്നു കൂടിപ്പിപ്പിച്ചു വിട്ടതല്ലെ?"

അച്ഛൻ അടുത്തു വന്നതും കനത്ത കൈ തന്റെ മേൽ വീഴുന്നതും മാത്രമേ അവൾ അറിഞ്ഞുള്ളു. തല എവിടേയോ പോയി ഇടിച്ച ഓർമ്മയുണ്ട്. ഓർമ്മ വന്നപ്പോൾ അവൾ നിലത്തു കിടക്കയാണ്. നെറ്റിമേൽ വേദനയുള്ള സ്ഥലത്ത് തൊട്ടപ്പോൾ ചോരയുടെ നനവ്. കൈ കഴുകാൻ കൂടി മെനക്കെടാതെ അവൾ കുറേനേരം ഇരുന്നു. രാവിലെ നെറ്റിമേലുള്ള മുറിവിനെപ്പറ്റി ആരും അന്വേഷിച്ചില്ല. കുളിപ്പിക്കുന്ന സമയത്താണ് ശാലിനി ചേച്ചിയുടെ നെറ്റിയിലെ മുറിവു കാണുന്നത്. അവൾ ചോദിച്ചു.

"എന്താ ചേച്ചീടെ നെറ്റിമ്മല് മുറി?"

"അതോ, അത് അച്ഛൻ ചേച്ചിക്ക് തന്ന കല്യാണസമ്മാനാണ്."

ശാലിനിക്ക് വിഷമമായി. അവളുടെ ചുണ്ടുകൾ വിറച്ചു. അവൾ കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു. അവൾ ചേച്ചിയെ കെട്ടിപിടിച്ച് മുഖത്ത് ഉമ്മവച്ചുകൊണ്ട് ചോദിച്ചു.

"ചേച്ചിക്ക് വേദനിച്ചോ?"

പച്ചപ്പയ്യുകൾ തന്നെ കബളിപ്പിക്കുകയാണെന്ന് ശാലിനിക്ക് മനസ്സിലായി. അല്ലെങ്കിൽ ഇത്ര പെട്ടെന്ന് അവ അപ്രത്യക്ഷമാകാൻ കാരണമെന്ത്? അവൾ തിരച്ചിൽ തുടർന്നു. പുല്ലുകൾക്കിടയിൽ, ചെടികളുടെ ചില്ലമേൽ എല്ലാം അവളുടെ സൂക്ഷ്മമായ കണ്ണുകൾ പരതി. അവൾ വീട്ടിൽനിന്നും വളരെ അകന്നുപോയിരുന്നു. അതവളെ വേദനിപ്പിച്ചു. ചേച്ചിയുടെ കല്യാണസമയത്ത് അവിടെയുണ്ടാകണമെന്നുണ്ടായിരുന്നു അവൾക്ക്. പക്ഷെ പച്ചപ്പയ്യിനെ പിടിക്കാതെ എങ്ങിനെയാണ്? അവസാനം ഒരു തുമ്പച്ചെടിയുടെ ഇലയുടെ മേലെ അവൾ ഒരു കൊച്ചുപച്ചപ്പയ്യിനെ കണ്ടെത്തി. ചെറുതാണെങ്കിലും പച്ചപ്പയ്യ് അതിന്റെ ധർമ്മം നിർവ്വഹിക്കുമെന്നവൾ ആശിച്ചു. ഇനി അതിനെ പിടിക്കുകയാണാവശ്യം. കൂട്ടികാരികളുടെ അഭാവം അവളെ തളർത്തി. മൂന്നുപേരും ഉണ്ടായിരുന്നെങ്കിൽ സംഗതി എളുപ്പമായിരുന്നു. അവൾ സാവധാനത്തിൽ ശബ്ദ

മുണ്ടാക്കാതെ പച്ചപ്പയ്യനെ സമീപിച്ചു, അവളുടെ കൊച്ചു വിരലുകൾ കൊണ്ട് അതിന്റെ വാലിൽ പിടിച്ചു. അവൾ ഉറക്കെ ശബ്ദമുണ്ടാക്കി ചാടി. കാരണം പച്ചപ്പയ്യ് വിരൽസ്പർശമേറ്റ ഉടനെ ഒരു ചാട്ടം ചാടിയത് അവളുടെ മുഖത്തേക്കായിരുന്നു. ഒരു നിമിഷം അവിടെ തങ്ങിനിന്ന് അത് നിലത്തേക്കു തന്നെ ചാടി.

പച്ചപ്പയ്യിനെ പിടിക്കുക എന്നത് അപകടം പിടിച്ച ജോലിയായിരുന്നു. താൻ അതിനു തയ്യാറെ ടുത്തിട്ടല്ല വന്നത് എന്നവൾക്കു മനസ്സിലായി. ഒരു വലപോലെ എന്തെങ്കിലും വേണം, പിന്നെ പിടിച്ചാൽ ഇട്ടുവെക്കാൻ ഒരു ഉറ. ഇതൊന്നുമില്ലാതെ വിഷമം തന്നെ. പിന്നെയുണ്ടായ അഭ്യാ സത്തിൽ പച്ചപ്പയ്യ് ആ അഞ്ചു വയസ്സുകാരിയെ ഇട്ടാ വട്ടം കറക്കി. പതിനഞ്ചു മിനിറ്റു നീണ്ടുനിന്ന വേട്ടയിൽ ശാലിനി ക്ഷീണിച്ചു. അവസാനം ഒരു കുതിക്കൽ കഴിഞ്ഞ് നോക്കുമ്പോൾ പച്ചപ്പയ്യ് അപ്രത്യക്ഷമായിരുന്നു. അവൾ ക്ഷീണിച്ച് ഒരു മാവിൻ ചുവട്ടിൽപോയിരുന്നു. കായലിൽ നിന്നുള്ള കാറ്റ് തണുത്തതായിരുന്നു.

കല്യാണമണ്ഡപത്തിൽ വരനൊരുമിച്ചിരിക്കുമ്പോൾ ബിന്ദു കൊച്ചനുജത്തിക്കുവേണ്ടി ചുറ്റും നോക്കി. അവളുടെ സ്നേഹിതകളെ പലരേയും കണ്ടെങ്കിലും അവളെ മാത്രം കണ്ടില്ല.

എവിടേയെങ്കിലും ഇരിക്കുന്നുണ്ടാവും അല്ലെങ്കിൽ ഓടിക്കളിക്കുന്നുണ്ടാവും. മോതിരം മാറി, മാലയിട്ടു. എല്ലാം യാന്ത്രികമായി നടക്കുന്നു. അവളുടെ മനസ്സ് വളരെ അകലെയായിരിക്കുന്നു. അതിനിടക്ക് വരൻ എന്തോ ചോദിച്ചത് അവൾ കേട്ടില്ല. അയാൾ ചിരിച്ചുകൊണ്ട് ചോദിച്ചു. “നീ എവിടെയാണ്?”

“എന്നോടെന്തെങ്കിലും ചോദിച്ചുവോ?”

“നീ എവിടെയാണെന്ന്?”

“ഞാൻ മോളെ അന്വേഷിക്കുകയായിരുന്നു. ചേച്ചീടെ കല്യാണം കാണണംന്ന് പറഞ്ഞ് മുമ്പിൽത്ത ന്നെയിരിക്കുമെന്ന് പറഞ്ഞതായിരുന്നു. കാണാനില്ല.”

“എഴുന്നേൽക്കൂ രണ്ടുപേരും.... എന്നിട്ട് വരൻ വധുവിന്റെ കൈ പിടിച്ച് പ്രദക്ഷിണം വയ്ക്ക്യാ... അതെങ്ങനെ.... ആ പെൺകുട്ടികൾ വെളക്കും പിടിച്ചു മുമ്പില് നടക്ക.”

ഊണുകഴിക്കാനിരുന്നപ്പോൾ ബിന്ദു വീണ്ടും ശാലിനിയുടെ കാര്യം ഓർത്തു. ആരോടാണ് ചോദിക്കുക എന്നലോചിക്കുമ്പോഴേക്ക് മിനിയേയും മീനുവിനേയും കണ്ടു.

“ശാലിനി എവിടെ?” അവൾ ചോദിച്ചു.

“ആ, ഞങ്ങക്കറിയില്ല.”

“ അപ്പോ നിങ്ങള് നാലുപേരും കൂടീട്ടല്ലെ പുറത്തേക്കു പോണത് കണ്ടത്? ഒരാൾ ചോദിച്ചു. നാലു കന്യകമാരുടെ പര്യടനത്തിനു ദൃക്സാക്ഷിയായിരുന്നു അയാൾ.

‘‘ആ, മിനിക്ക് ഓർമ വന്നു. അവൾ പറഞ്ഞു. ‘‘ശാലിനി പച്ചപ്പയ്യിനെ പിടിക്കാൻ പോയിരിക്ക്യാണ്.”

“പച്ചപ്പയ്യിന്യേ?”

“അതെ. അടുത്ത പറമ്പില്ണ്ട്”

പെട്ടെന്നുയർന്നു വന്ന തേങ്ങലടക്കാൻ ബിന്ദു പാടുപെട്ടു. ഇവിടെ ചേച്ചിയുടെ കല്യാണം നട ന്നുകൊണ്ടിരിക്കുമ്പോൾ ശാലിനി പച്ചപ്പയ്യിനെ പിടിക്കാൻ പോയിരിക്കയാണ്. എന്തിനാണ വൾ അതു ചെയ്യുന്നതെന്ന അറിവ് ബിന്ദുവിനെ വേദനിപ്പിച്ചു. അവൾ എഴുന്നേറ്റു നടന്നു. വരനും ഒപ്പം കൂടി. അടുത്ത പറമ്പിൽ ഒരു മാവിൻ ചുവട്ടിൽ അവർ അവളെ കണ്ടു.

ചുരുണ്ടുകൂടി കിടക്കുകയാണവൾ. നല്ലഉറക്കത്തിലാണ്. കായലിൽ നിന്നുള്ള തണുത്തകാറ്റിൽ അവളുടെ അളകങ്ങൾ ചാഞ്ചാടി. ഉറക്കത്തിലവൾ പച്ചപ്പയ്യുകളെ സ്വപ്നം കാണുകയായിരുന്നു. ധാരാളം പച്ചപ്പയ്യുകൾ. കോരിയെടുക്കാം. അത്രയധികം പച്ചപ്പയ്യുകൾ നിലത്തു നിറയെ.

ബിന്ദു കുറച്ചുനേരം കൊച്ചനുജത്തിയെ നോക്കിനിന്നു. അപ്പോഴാണവൾ കണ്ടത്. ശാലിനി യുടെ മുഖം ഉറ്റുനോക്കിക്കൊണ്ടെന്നപോലെ ഒരു ചെറിയ പച്ചപ്പയ്യ് നിന്നിരുന്നു. അവൾ ശാലി നിയെ കോരിയെടുത്തു. അവൾ കണ്ണുതുറന്നു.

“മോള് എന്തെടുക്കുവായിരുന്നു ഇവിടെ?”

“ഞാനോ... ”അവൾ പകച്ചുകൊണ്ടു ചുറ്റും നോക്കി.

“ഞാൻ പച്ചപ്പയ്യിനെ പിടിക്കാൻ വന്നതാ. ചേച്ചീടെ കല്യാണം കഴിഞ്ഞോ?” അവൾ കുണ്ഠി തത്തോടെ ചോദിച്ചു.

“ഇതാ നിന്നെക്കാത്ത് ഒരുത്തൻ നിൽക്കുന്നു.” അവൾ പച്ചപ്പയ്യിനെ കാണിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു. ശാലിനി ചിരിച്ചു. എന്നെ കുറേനേരം ഇട്ടോടിച്ചിട്ട് താൻ കിടന്നുറങ്ങി അല്ലേ എന്നു ചോദിക്കുകയായിരുന്നു അത്. അവൾ ചേട്ടനെ അപ്പോഴാണ് കണ്ടത്. അവൾക്ക് അയാളെ ഇഷ്ടമായി.

“എനിക്ക് ഈ ചേട്ടനെ നല്ല ഇഷ്ടംണ്ട്.”

വരൻ അവളെ എടുക്കാൻ കൈ നീട്ടി.

ശാലിനി അയാളുടെ കയ്യിലേക്ക് ചാടി.

“നോക്കു ബിന്ദു.” അയാൾ പറഞ്ഞു. “നമുക്ക് ഇവളെ കൊണ്ടുപോയി നമ്മുടെ ഒപ്പം താമസി പ്പിക്കാം എന്താ? അവിടെ ധാരാളം പച്ചപ്പയ്യുകളുണ്ട്. പിടിക്കാൻ ആളില്ലാതെ കിടക്കാണ്.” അയാൾ ശാലിനിയോട് ചോദിച്ചു. “എന്താ ഈ ചേട്ടന്റെ കൂടെ വരുന്നോ?”

അവൾ എന്നേ തയ്യാറായിരുന്നു.

ബിന്ദുവിന്റെ കണ്ണുകൾ വികസിച്ചു. രണ്ടു വിധത്തിലും അയാൾ പറഞ്ഞത് ശരിയാവുകയാണെ ങ്കിലെന്ന് അവൾ ആശിച്ചു. ശാലിനിയെ ഒപ്പം താമസിപ്പിക്കാമെന്നതും അവിടെ ധാരാളം പച്ച പ്പയ്യുകളുണ്ടെന്നതും.

*ഇ.ഹരികുമാർ*

ഒരു കൊച്ചുകുട്ടിയുടെ ലോകത്തു നിലനിൽക്കുന്ന വിശ്വാസമാണ് പച്ചപ്പയ്യ് (പച്ചത്തുള്ളൻ/ പച്ച നിറത്തിൽ ഇലകൾക്കിടയിൽ കാണുന്ന ഒരു ജീവി) വീട്ടിൽ വന്നാൽ സമ്പത്തുണ്ടാകു മെന്ന ഈ വിശ്വാസത്തെ/അന്ധവിശ്വാസത്തെ പ്രമേയമാക്കികൊണ്ട് എഴുതിയ കഥയാണ് പച്ച പ്പയ്യിനെ പിടിക്കാൻ. ഈ കഥ അധ്യാപിക ക്ലാസിൽ അവതരിപ്പിക്കട്ടെ. ശാലിനിക്ക് ചേച്ചി പറഞ്ഞു കൊടുത്ത ഒരു കഥയാണ് പച്ചപ്പയ്യിന് സമ്പത്ത് കൊണ്ടുവരാനാവുമെന്ന ഈ കഥയെ ശാലിനി സത്യമാണെന്നു വിശ്വസിക്കുകയും ചെയ്തു. (ശാലിനി മാത്രമല്ല പച്ചപ്പയ്യ് വരുന്നത് നല്ല കാര്യമായി കരുതുന്ന കേരളീയ ഗൃഹങ്ങൾ ധാരാളമുണ്ട്)

ശാലിനിയെന്ന കൊച്ചു പെൺകുട്ടിയുടെ മനസ്സിനെ പോറലേല്പിക്കുന്ന സംഭവങ്ങളാണ് വീട്ടിൽ നടന്നു കൊണ്ടിരിക്കുന്നത്. മദ്യപാനിയായ അച്ഛൻ, വിവാഹത്തിന് ഒരുങ്ങി നിൽക്കുന്ന ചേച്ചി യുടെ സ്വപ്നങ്ങൾ, ഒരു നല്ലമാലയോ ആഭരണമോ കിട്ടാത്ത ചേച്ചിയുടെ സങ്കടങ്ങൾ ഇവ യെല്ലാം പല വീടുകളിലും കാണാവുന്ന യഥാർഥ പ്രശ്നങ്ങൾ തന്നെയാണ്.

പച്ചപ്പയ്യിനെ പിടിച്ച് വീട്ടിൽ കൊണ്ടുവന്നാൽ ധാരാളം സമ്പത്തു കൈവരുമെന്നും ചേച്ചിയു ടേയും അച്ഛന്റെയും പ്രശ്നങ്ങൾ തീരുമെന്നും കൊച്ചുകുട്ടിയായ ശാലിനി കരുതുന്നു. ശാലിനി

യുടെ ധാരണയെ നമുക്കു ചിരിച്ചു തള്ളാനാവുമോ? ഇതേ മാനസിക നിലതന്നെയല്ലേ നമ്മ ളിൽ പലരും പിൻതുടരുന്നത്. ഹസ്തരേഖാ ശാസ്ത്രകാരന് മുമ്പിൽ നിൽക്കുമ്പോഴും, ലോട്ട റിഎടുക്കുമ്പോഴും ഇതുപോലുള്ള ഭാഗ്യപരീക്ഷണത്തിനോ, ഭാവിപ്രവചനത്തിനോ നിൽക്കു മ്പോഴും ഉള്ള മാനസികനില ശാലിനിക്കു തുല്യമാണെന്നല്ലേ ഡോ.ശശിധരൻ അഭിമുഖത്തിൽ പറയുന്നതും.

- പച്ചപ്പയ്യിനെ പിടിക്കാൻ എന്ന കഥ അധ്യാപിക കുട്ടികൾക്കു പറഞ്ഞു കൊടുക്കുന്നു.
- കൊച്ചുകുട്ടിയാണെങ്കിലും അവളുടെ മനസ്സിലെ ആഗ്രഹത്തിന്റെ കാരണങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.
- ഡോ.ശശിധരന്റെ അഭിപ്രായം ക്ലാസ്സിൽ അധ്യാപിക അവതരിപ്പിക്കുന്നു.
- യുക്തി ചിന്തയ്ക്ക് അത്രയധികം സ്ഥാനമില്ലാത്ത ഒരു മാനസിക തലത്തിലുള്ള ഇത്തരം ധാരണകൾ വലിയവരിലുമില്ലേ എന്ന ചോദ്യം കുട്ടികൾക്കു മുമ്പിൽ ഉയർത്തുന്നു.
- ഇതേ മാനസിക തലത്തിൽ പ്രവർത്തിക്കുന്ന ചില സംഭവങ്ങൾ സമൂഹത്തിൽ നില നിൽക്കുന്നില്ലേയെന്ന് പരിശോധിക്കുന്നു.

നമ്മുടെ വിശ്വാസങ്ങളിൽ ഭൂരിഭാഗവും ഇതേ രീതിയിൽ വിശദീകരിക്കാനാവുമെന്ന് കണ്ടെ ത്താൻ നിലനിൽക്കുന്ന ചിലവിശ്വാസങ്ങളെ അധ്യാപികയുടെ നേതൃത്വത്തിൽ വിശകലനം ചെയ്യുന്നു.

- കാക്ക കുറുകിയാൽ വിരുന്നുകാർ വരും
- ഒരു കാര്യത്തിനിറങ്ങുമ്പോൾ മടങ്ങാൻ പാടില്ല, പിൻവിളി വിളിക്കാൻ പാടില്ല.
- മഞ്ഞക്കിളികളെ കണ്ടാൽ മധുരം ലഭിക്കും.
- കൈ നോക്കിയോ വെറ്റില നോക്കിയോ ഒരാളുടെ ഭാവി പ്രവചിക്കാനാവും.
- മന്ത്രിച്ച് ഊതിയ വെള്ളം നൽകിയാൽ/ എലസ്സുകെട്ടിയാൽ വ്യക്തിയുടെ അസുഖം മാറും.
-

എന്നിങ്ങനെയുള്ള നിരവധി വിശ്വാസങ്ങളുടെ യുക്തിരാഹിത്യം കുട്ടികൾക്ക് ബോധ്യമാവുന്ന തരത്തിൽ ചർച്ച ക്രോഡീകരിക്കണം.

- സാമൂഹിക സാഹചര്യങ്ങളാണ് മനുഷ്യനിൽ അന്ധവിശ്വാസം സൃഷ്ടിക്കുന്നതും ഉറപ്പി ക്കുന്നതും ഡോ.ശശിധരന്റെ അഭിപ്രായത്തോടു അധ്യാപിക എന്ന നിലയിൽ യോജി ക്കുന്നുണ്ടോ? .യുക്തിപൂർവ്വം ഈ പ്രശ്നത്തെ സമീപിച്ച് ഒരു കുറിപ്പു തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

# ശുദ്ധരിൽ ശുദ്ധൻ

വള്ളത്തോൾ നാരായണമേനോന്റെ സാഹിത്യമഞ്ജരിയിൽ നിന്നെടുത്ത ഒരു കവിതാഭാഗമാ ണിത്. നവോത്ഥാന മൂല്യങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയിരുന്ന കവിത്രയത്തിൽ ഒരാൾ എന്ന നിലയിലും ദേശീയ പ്രസ്ഥാനത്തിന്റെ പതാകവാഹകനായ കവിയെന്ന നിലയിലും സമൂ ഹത്തിൽ നിലനിന്നിരുന്ന ജാതിയെന്ന ദുരാചാരത്തെ ആക്ഷേപഹാസ്യത്തിലൂടെ സമീപിക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് 'ശുദ്ധരിൽ ശുദ്ധൻ' എന്ന കവിത.

വലിയൊരു നായർതറവാടിന്റെ കോലായിൽ വച്ച ഉമിയുടെ നെരിപ്പോടിൽ നിന്നുയർന്ന അഗ്നി നാളം പാരമ്പര്യമേറെയവകാശപ്പെടാനുള്ള തറവാടിനെ ചാരമാക്കി മാറ്റുമ്പോൾ തീയണക്കാ നെത്തിയ തീയരേയും പുലയരേയും വീടും കിണറും തൊട്ടശുദ്ധമാക്കരുതെന്നു വിലക്കുന്ന

കാരണവരുടെ ശുദ്ധതയെയാണ് കവി ശുദ്ധരിൽ ശുദ്ധൻ എന്ന കവിതയിലൂടെ വരച്ചു കാട്ടുന്നത്. ഹീനമായ ജാതിചിന്ത എത്രമേൽ കേരളീയ സമൂഹത്തിൽ പിടിമുറുക്കിയിരുന്നുവെന്ന് വള്ളത്തോളിന്റെ ഈ കവിതയിൽ നിന്നു നമുക്കു കാണാവുന്നതാണ്.

എലിയെ പേടിച്ച് ഇല്ലം ചുടുകയെന്ന പ്രയോഗം ഇവിടെ അന്വർഥമാകുന്നു. അശുദ്ധമായാൽ പുണ്യാഹം തളിച്ച് ശുദ്ധിചെയ്യാമെന്ന യുക്തിയൊന്നും കാരണവർക്ക് തോന്നുന്നില്ല. 'നീറെങ്കിൽ നീറാവട്ടെ വീടെല്ലാം നിലവിട്ടു കേറിയെൻ കിണറു തൊട്ടശുദ്ധമാക്കായ്ക' എന്നാണ് കാരണവർ ചിന്തിക്കുന്നത്. സർവ്വനാശം മുന്നിൽ നിൽക്കുമ്പോഴും അന്ധവിശ്വാസത്തിലഭയം തേടുന്ന കാരണവരെയും നമുക്കീ കവിതയിൽ കാണാം.

## ശുദ്ധരിൽ ശുദ്ധൻ

കാറ്റുവന്ന ആഹ്ലാദത്താൽ കോലായിലിരിക്കുന്ന ഉമിയുടെ നെരിപ്പോടിൽ നിന്ന് അഗ്നിയുയർന്നു. ചെമ്പൊന്നിൻ പൂച്ചപോലെ അഗ്നി ആവർത്തിച്ചാവർത്തിച്ചു മേലോട്ട് ചാടിക്കൊണ്ടിരുന്നു. നാലാമത്തെ ചാട്ടത്തിൽ മേൽക്കൂരയിൽ എത്തിപ്പറ്റാൻ അഗ്നിയാകുന്ന ചെമ്പൊന്നു നിറത്തിലുള്ള പൂച്ചക്കുട്ടിക്കു സാധിച്ചു. വൃദ്ധരും ബാലൻമാരും യുവാക്കളുമായി പത്തുമുപ്പതുപേർ പലേടത്തായി കിടന്നുറങ്ങുന്ന ഒരു വലിയ വീടാണ് നിന്നു കത്തിക്കൊണ്ടിരിക്കുന്നത്. ഈ കാഴ്ച കണ്ട് ആകാശത്തിന്റെ നെഞ്ചകംപോലും പുകഞ്ഞ് ഇരുണ്ടു തുടങ്ങി. പ്രതാപിയായൊരു തറവാടിനെ നശിപ്പിക്കുന്ന കാഴ്ചകണ്ട് ദുഃഖത്താൽ സമ്പത് ദേവത മാറത്തടിച്ചു കരയുമ്പോൾ മാറിലെ രത്നങ്ങളും മണികളും പൊട്ടിത്തെറിച്ചു ചിതറും പോലെ തീപ്പൊരികൾ നാലുപാടും ചിതറിത്തെറിച്ചു. ചൂടുകൊണ്ടു ഞെട്ടിയുണർന്ന് തീപ്പൊരികൾക്കൊപ്പം വീട്ടുകാരും പുറത്തേക്കു ചാടി.

ഭീകരമായ ഇക്കാഴ്ചകണ്ട് തറവാടിനെ തീയിൽ നിന്നു രക്ഷിക്കാനായി ഓടിയെത്തിയവരാകട്ടെ കീഴ്ജാതിക്കാരായ തീയരും പുലയരും. കിണറിൽ നിന്നു വെള്ളം കോരി തീയണയ്ക്കാൻ ശ്രമിച്ച ഇവരെ തോർത്തു മുണ്ടുകൊണ്ട് ആട്ടിപ്പായിച്ച് കത്തുന്ന തറവാടിനു ചുറ്റും ഉള്ളിൽ വേവുന്ന തീയുമായി ഓടിനടക്കുകയാണ് കാരണവർ. അപ്പോളും വീടിനെ അഗ്നിയിൽ നിന്നു രക്ഷിക്കാനായി ഓടിയെത്തിയ പുലയരോട് വീട് വെണ്ണീറായാലും കിണറ് തൊട്ടശുദ്ധമാക്കല്ലേയെന്നു വിളിച്ചുപറയുന്നു.

ഇത്രയും ദൃശ്യങ്ങൾ വരച്ചുകാട്ടിയതിനുശേഷം കവിയുടെ പരിഹാസമാണ് അടുത്ത വരികളിൽ തെളിഞ്ഞു കാണുന്നത്. നായർ കാരണവരെ നിങ്ങൾ ശുദ്ധരിൽ ശുദ്ധരാണ്. കാരണം വീടുപോയാലെന്താ. കേറിക്കിടക്കാനൊരിടമില്ലാതായാലെന്താ, നിങ്ങൾ ജാതിയെയും ശുദ്ധിയേയും അയിത്ത സമ്പ്രദായത്തേയും രക്ഷിച്ചല്ലോയെന്ന് കവി ആക്ഷേപഹാസ്യമായി സൂചിപ്പിക്കുന്നു.

ഈ ജാതിബോധവും അയിത്തവും മലയാളത്തറവാടിനെയാകെ അഗ്നിക്കിരയാക്കുമെന്ന് കവി ഭയപ്പെടുന്നു 'മലയാളത്തറവാടൊക്കെത്തന്നെ വേവുകയല്ലോ ചെയ്വതിയയിത്തത്തിൻ തീയിൽ' എന്നു കവിക്ക് വിലപിക്കേണ്ടിവരുന്നു. ജാതിചിന്തയും അയിത്തവും കേരളത്തെ എത്രമാത്രം പ്രാകൃതമാക്കുന്നുവെന്ന് ഈ കവിതയിലൂടെ വള്ളത്തോൾ ആവിഷ്കരിക്കുന്നു.

- കവിത നൽകുന്ന ഈ ആശയം കുട്ടികൾക്കു നേരിട്ടു ലഭിക്കുവാൻ പ്രയാസമാകുമെന്നതിനാൽ അധ്യാപിക അർഥപൂർത്തി സാധ്യമാവും വിധം ചൊല്ലി കൊടുക്കുന്നത് നന്നായിരിക്കും. സങ്കീർണങ്ങളായ വാചകങ്ങളെ വേണ്ട വിധത്തിൽ പിരിക്കുകയും അന്വയിക്കുകയും ചെയ്തുകൊണ്ടു നടത്തുന്ന വായന കൂടുതൽ അർഥപൂർണതയോടെ കാവ്യസന്ദർഭത്തിലേക്കിറങ്ങിച്ചെല്ലാൻ കുട്ടിയെ സഹായിക്കും.

ഉദാ: കോലായിലുമിയിട്ടു... മരുതാഗമാഹ്ലാദം എന്നത് കോലായിൽ ഉമിയിട്ടുവെച്ചൊരു നെരിപ്പോടിൽ നിന്ന് ജ്വാലയായ് പാളി തീ കാറ്റുവന്ന ആഹ്ലാദത്തിൽ എന്നിങ്ങനെ വിശദീകരിക്കുന്നത് ആശയഗ്രഹണത്തിനു കുട്ടിയെ സഹായിക്കും.

ആദ്യവായനയിൽ തന്നെ ഇങ്ങനെ പിരിച്ചും അന്വയിപ്പിച്ചും വിശദീകരിച്ചും പറയുന്നത് കാവ്യാസ്വാദനത്തെ ബാധിക്കുമെന്നതിനാൽ ഒന്നോ രണ്ടോ ആവർത്തിച്ചു അധ്യാപികയ്ക്കു ചൊല്ലാവുന്നതാണ്. കേക വൃത്തത്തിലായതിനാൽ താളഭംഗിയോടെ പദങ്ങൾ അടുക്കി വച്ചതെങ്ങനെയെന്നു പരിശോധിക്കുവാൻ താളഭംഗിയോടെയുള്ള അവതരണം സഹായിക്കുമെന്ന് തീർച്ചയാണ്.

## കവിതാസ്വാദനം

- കവിതയുടെ ആസ്വാദനത്തെ തീവ്രമാക്കുന്ന ചില പ്രയോഗങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്.
- കാറ്റുവന്ന് ഉമി നിറച്ച നെരിപ്പോടിൽ നിന്ന് അഗ്നി ഉയർന്നു പൊങ്ങുന്നതിനെ ചെമ്പൊന്നിൻ പൂച്ചയുടെ ചാട്ടമായി കവി കല്പിക്കുന്നു.
- വീട് കത്തുന്നതുകണ്ട് ആകാശത്തിന്റെ നെഞ്ചും പുകഞ്ഞ് ഇരുൾകൊണ്ടു.
- തറവാടു കത്തുന്നതു കണ്ടു സഹിക്കാതെ വാനിലേക്കോടുന്ന സമ്പദ് ദേവതയുടെ മാലയിൽ നിന്നു തെറിച്ചുവീണ മണികളായി ചുറ്റും ചിതറുന്ന തീപ്പൊരികളെ കവി വർണിക്കുന്നു.

ഇങ്ങനെ വർണനാപ്രാധാന്യമുള്ളതും കാവ്യഭംഗി തുളുമ്പി നിൽക്കുന്നതുമായ വരികൾ കവിതയിൽ നിന്നു കുട്ടികൾ കണ്ടെത്തട്ടെ. അവയുടെ വിശദീകരണം കുറിച്ചുവച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ.

- പാൽത്തെളിക്കിടക്ക അവഗണിച്ച് പായക്കഷ്ണത്തിൽ കിടന്നുറങ്ങുന്ന ജാതിബോധം.
- മലയാളത്തറവാടു വേവുന്നു ജാതീയത്തീയിനാൽ.
- പുരതിന്ന പാവകൻ പതിതനായ് നിസ്തേജപ്രസരനായ് അഖിലതരമായ വെണ്ണീറ്റിൽ ചുകപ്പനാം ശ്വാവിനെപ്പോലെ പറ്റിക്കിടക്കുന്നു.

തുടങ്ങിയ വരികളും അവയുടെ ആശയവും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

- പരിചയമില്ലാത്ത പദങ്ങൾ ലിസ്റ്റുചെയ്യാനായി ആവശ്യപ്പെടാം. പാഠപുസ്തകത്തിന്റെയവസാനത്തിൽ നൽകിയ നിഘണ്ടു സൂചനകളുടെ സഹായത്താലും ശബ്ദതാരാവലിയുടെ സഹായത്താലും അപരിചിത പദങ്ങളെ പരിചിതമാക്കാം. അവ നോട്ടുബുക്കിൽ കുറിക്കുന്നത് പദസഞ്ചയം വർദ്ധിപ്പിക്കാനുതകും.
- നായർ കാരണവരുടെ ശുദ്ധിചിന്ത എങ്ങനെയാണ് ബാലിശമാക്കുന്നത്.
  - ജാതിചിന്തയ്ക്ക് യാതൊരു യുക്തിയുടെയും പിൻബലമില്ല.
  - ജാതിചിന്തമൂലം നായർകാരണവർക്ക് വളരെ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിരിക്കുന്നു.
  - ഇത്രയും വലിയൊരു നഷ്ടം സഹിച്ച് നിലനിർത്തുന്ന ജാതിക്കും അയിത്തത്തിനും ശുദ്ധിക്കും പിൽക്കാലത്ത് യാതൊരു വിലയും സമൂഹം കല്പിച്ചില്ല.
  - ജാതിചിന്ത അനാചാരമാണെന്നും ഒഴിവാക്കേണ്ടതാണെന്നും പിൽക്കാലത്ത് തെളിയിക്കപ്പെട്ടു.
  - ഒരു തരത്തിലുള്ള വിവേചനവും മനുഷ്യത്വപരമല്ലെന്നു തിരിച്ചറിയുമ്പോഴാണ് പരസ്പരം മനസ്സുപങ്കിടാനും സഹകരിക്കാനും മനുഷ്യനാവുകയെന്ന തിരിച്ചറിവുണ്ടായിട്ടുണ്ട്.

യുക്തിയുടെയും സമകാലിക ബോധനിലവാരത്തിന്റേയും അടിസ്ഥാനത്തിലുള്ള ഇത്തരം ചിന്തകൾ കുട്ടികളിൽ വളരുവാൻ ഈ കവിതാചർച്ചയും മാനസിക വിശകലനവും സഹായിക്കണം.

*നായരേ ഭവാൻ ശുദ്ധരിൽ ശുദ്ധൻ*

*ശുദ്ധരിൽ ശുദ്ധൻ* എന്ന പ്രയോഗത്തെ പലതരത്തിൽ സമീപിക്കാം.

- മാനസികമായി ശുദ്ധനായ ഒരാൾക്ക് കാരണവൻമാർ അനുഷ്ഠിച്ചുപോന്ന അയിത്തം തുടരാതിരിക്കാനാവില്ല. കാരണം അദ്ദേഹം ശുദ്ധനായ മനുഷ്യനായതുകൊണ്ട് ഇതു ശരിയാണോ എന്നു പോലും ചിന്തിക്കാനാവുന്നില്ല.
- ഭവാൻ തന്നെ ശുദ്ധരിൽ ശുദ്ധനാണ് എന്നതിലെ ആക്ഷേപഹാസ്യം പരിശോധിച്ചാൽ ഹേ കാരണവരേ സ്വന്തം വീടു കത്തി ചാമ്പലാകുന്നതു നോക്കി നിന്ന നിങ്ങളിൽ എന്തു ശുദ്ധിയാണുള്ളത് എന്നു വ്യംഗ്യമായി കവി ചോദിക്കുന്നില്ലേ. ഭവാൻ തന്നെ എന്ന പ്രയോഗത്തിൽ നിന്ന് ഇത്തരമൊരു വിഡ്ഢിത്തം താങ്കൾക്കു മാത്രമേ ചെയ്യാനാവൂ എന്നു വിവക്ഷിക്കുന്നില്ലേ.

കുട്ടികളുടെ ചർച്ചയ്ക്കിടയിൽ ഇത്തരം സാധ്യതകൾ അധ്യാപിക പരിചയപ്പെടുത്തണം. ബഹുമുഖ വിശകലനസാധ്യതയുള്ള പ്രയോഗങ്ങൾ ഇത്തരം പ്രവർത്തനത്തിലൂടെയും വിശകലനത്തിലൂടെയുമാണ് കുട്ടികൾ പരിചയപ്പെടേണ്ടത്.

- ജാതീയത കേരളത്തെ എത്രമാത്രം പിറകോട്ടു വലിച്ചു എന്നു സൂചിപ്പിക്കുന്നതാണ് കേരളം ഭ്രാന്താലയമെന്ന സ്വാമിവിവേകാനന്ദന്റെ പരാമർശം.

അക്കാലത്തെ ജാതി ചിന്തകളെകുറിച്ച് സാമൂഹ്യശാസ്ത്രത്തിൽ നിന്നു ചില സൂചനകൾ ലഭിക്കാനിടയുണ്ട്. അവ കൂടി ഉപയോഗിച്ച് ഒരു ലഘു പ്രഭാഷണം തയ്യാറാക്കട്ടെ.

- പ്രഭാഷണത്തിൽ അഭിസംബോധന, ഉപക്രമം, പ്രശ്നവിശകലനം, ഉപസംഹാരം എന്നിവ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം കുട്ടികളോട് പറയേണ്ടതുണ്ടോ?
- പ്രഭാഷണം ക്ലാസ്സിൽ അവതരിപ്പിക്കാനും പ്രഭാഷണത്തിന്റെ സ്വഭാവസവിശേഷതകൾ ചർച്ചചെയ്തു ചിട്ടപ്പെടുത്തുവാനും ഈ പ്രവർത്തനം സഹായിക്കുമല്ലോ.

- താളഭംഗിയെ സ്വാധീനിക്കുന്ന അക്ഷരകൂട്ടായ്മ

കവിതയുടെ താളത്തെ അക്ഷരങ്ങളുടെ പ്രത്യേകരീതിയിലുള്ള ആവർത്തനം സഹായിക്കുന്നുണ്ടോ? ഇത്തരം ആവർത്തനം ശബ്ദഭംഗി നൽകുന്നുണ്ടോ എന്നു കുട്ടികൾ പരിശോധിക്കട്ടെ. പെട്ടെന്നക്കാലം, കുട്ടിതൻ ചാട്ടം, എന്നിവയിലെ 'ട്ട' യുടെ ആവർത്തനം ശ്രദ്ധയിൽപ്പെടുത്താം. ഇതുപോലെ ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ, പദങ്ങൾ എന്നിവ കണ്ടെത്തിരേഖപ്പെടുത്തട്ടെ. അവ കാവ്യഭംഗിയെ സ്വാധീനിക്കുന്നുവോ എന്നു പരിശോധിക്കുകയും ആവാം.

- മലയാളത്തറവാടാകെ അയിത്തത്തീയിനാൽ വേവുകയാണ് എന്ന കവിയുടെ ആശങ്കയെ സമകാലിക സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടു വിശകലനം ചെയ്യാമല്ലോ.
- ഇന്ത്യയുടെ പലഭാഗത്തും ജാതീയമായ അസ്പൃശ്യത നിലനിൽക്കുന്നു.
- ഉയർന്ന ജാതിക്കാർ വ്യവഹരിക്കുന്നിടത്ത് താഴ്ന്നജാതിക്കാർക്ക് ഇപ്പോഴും പ്രവേശനമില്ല.
- തമിഴ്നാട്ടിലും ഉത്തരേന്ത്യയിലെ പലഭാഗത്തും ചിരട്ടയിൽ വെള്ളം കൊടുക്കുന്ന ഏർപ്പാടുണ്ട്.

എന്നാൽ കേരളം ഇത്തരത്തിലുള്ള അസ്പൃശ്യതകളെ തള്ളിക്കളഞ്ഞിരുന്നു. ഇന്ന് സാമ്പത്തികമായ കാരണങ്ങളാലുള്ള അസ്പൃശ്യത, മതപരമായ അസ്പൃശ്യത, രാഷ്ട്രീയമായ അസ്പൃ

ശ്യത എന്നിവ കേരളത്തിൽ കൂടി വരികയാണ്. സഹകരിക്കാൻ ശ്രമിക്കുന്നതിനു പകരം അകലാൻ ശ്രമിക്കുന്ന പ്രവണത മുമ്പെന്നത്തെക്കാളും ഇന്നു ശക്തമാണ്. സമ്പത്തും സമ്പത്തിനാൽ നിയന്ത്രിക്കപ്പെടുന്ന മതവും രാഷ്ട്രീയവുമൊക്കെ ഈ വേർതിരിവിനു കാരണമാവുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, രോഗങ്ങൾ, മറ്റനേകം ദുരിതങ്ങൾ ഇവയുടെ പരിഹാരത്തിനായി ഒരുമിക്കുന്നതിനുപകരം കേവല വികാരങ്ങൾക്കടിപ്പെട്ട് പരസ്പരം അകലാൻ ശ്രമിക്കുന്നതിന്റെ ദുരനുഭവങ്ങൾ നാമിന്ന് വേണ്ടത്ര അനുഭവിക്കുന്നുണ്ടെന്നു കുട്ടികളെ ബോധ്യപ്പെടുത്തണം.

ഇതിനായി ഒരു സംവാദം ക്ലാസിൽ സംഘടിപ്പിക്കാം.

- ഒരുമ തന്നെ പെരുമ എന്നു കേരളീയർ മറന്നുവോ എന്നതുപോലുള്ള വിഷയങ്ങൾ സംവാദത്തിനു തെരഞ്ഞെടുക്കാം.
- ഒരുമിക്കാനുള്ള തടസ്സങ്ങൾ
- ഒരുമിക്കേണ്ടതിന്റെ ആവശ്യകത.
- ഒരുമ ഇല്ലാതാവുമ്പോൾ നഷ്ടപ്പെടുന്ന മാനവിക മൂല്യങ്ങൾ.
- ഒരുമിച്ച് നിന്നു കേരളം നേടിയ നേട്ടങ്ങൾ
- പരസ്പരം ഭിന്നിച്ചപ്പോൾ കേരളം നഷ്ടപ്പെടുത്തിയ സൗഭാഗ്യങ്ങൾ

എന്നിവയെല്ലാം സംവാദത്തിൽ ഉൾപ്പെടുത്താം.

സംവാദത്തിന്റെ സമയം, സ്ഥലം, പരിപാടി, എന്നിവ മുൻകൂട്ടി ആസൂത്രണം ചെയ്യണം. ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താം. (പോസ്റ്റർ, നോട്ടീസ്, പരസ്യം, ചുമർപത്രം... എന്നിവ)

### ജീവചരിത്രം തയ്യാറാക്കൽ

കേരളം കൈവരിച്ച നേട്ടങ്ങൾക്ക് ചുക്കാൻ പിടിച്ച നിരവധി സാമൂഹ്യ പരിഷ്കർത്താക്കൾ നമുക്കുണ്ട്. അവരുടെ ജീവിതം, പ്രവർത്തനമണ്ഡലം, ധീരോദാത്തമായ നിലപാടുകൾ, അവ കേരളത്തെ എങ്ങനെ മാറ്റിമറിച്ചു എന്നെല്ലാം അറിയാനുള്ള ഉത്തമ മാർഗം തന്നെയാണ് ജീവചരിത്ര രചന. കേരളത്തെ കേരളമാക്കി മാറ്റിയ നവോത്ഥാന നായകരെക്കുറിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കട്ടെ. ജനനം, മരണം, മാതാപിതാക്കൾ, ബന്ധുക്കൾ തുടങ്ങി പരമ്പരാഗത ചരിത്രരചനാ സമ്പ്രദായത്തിൽ നിന്നു മാറി അവർ രാജ്യത്തിലും സമൂഹത്തിലും സൃഷ്ടിച്ച ചലനങ്ങൾ പ്രകടമാക്കുന്ന ജീവചരിത്ര നിർമ്മാണ രീതിയാണ് കൂടുതൽ അഭികാമ്യം. മാറ്റങ്ങൾക്കു പ്രേരകമായി വർത്തിച്ച അവരുടെ നിലപാടുകളാണ് ജീവചരിത്രക്കുറിപ്പിൽ പ്രകടമാവേണ്ടത്. സാമൂഹ്യമാറ്റത്തിന്റെ ഉപാധിയായി ഒരു വ്യക്തിക്ക് എങ്ങനെ മാറാനാവുമെന്ന പാഠമാണ് ഈ പ്രവർത്തനത്തിലൂടെ കുട്ടികൾ സ്വായത്തമാക്കേണ്ടത്.

### ജീവചരിത്രപ്പതിപ്പ്

കുട്ടികൾ തയ്യാറാക്കിയ ജീവചരിത്രങ്ങൾ കൂട്ടിച്ചേർത്ത് മികച്ച ഒരു ജീവചരിത്രപതിപ്പ് പുറത്തിറക്കാം. ആകർഷകമായ പേരും പുറംചട്ടയും നൽകി പതിപ്പ് ആകർഷകമാക്കാം. ജീവചരിത്രം അറിയേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുന്ന എഡിറ്റോറിയൽ, അധ്യാപകരുടെയും ജനപ്രതിനിധികളുടെയും സന്ദേശങ്ങൾ, ചരിത്രസ്മരണയുണർത്തുന്ന ഫോട്ടോകൾ... തുടങ്ങിയവ ചേർത്ത് ജീവചരിത്രപതിപ്പിന് ഗാംഭീര്യം വരുത്താവുന്നതാണ്.

## അന്ധവിശ്വാസങ്ങൾ സമൂഹത്തെ പിറകോട്ടു വലിക്കുന്നു

### സെമിനാർ

- യൂണിറ്റിന്റെ പ്രവർത്തനങ്ങൾ അവസാനിക്കുന്നത് കൃത്യമായൊരു ദിശാബോധം കുട്ടികൾക്കു നൽകിക്കൊണ്ടായിരിക്കണം. ഇതിനുപുയുക്തമായ ഒരു പഠനതന്ത്രമാണ് സെമിനാർ. കൃത്യമായ തയ്യാറെടുപ്പുകളോടെ സംഘടിപ്പിക്കപ്പെടുന്ന സെമിനാർ കുട്ടികളുടെ ബൗദ്ധിക നിലവാരത്തെയും പഠനസന്നദ്ധതയെയും വളർത്തുമെന്നതിൽ തർക്കമില്ല.

ആദ്യമായി സെമിനാറിന് ഒരു വിഷയം തിരഞ്ഞെടുക്കണം. അന്ധവിശ്വാസങ്ങൾ സമൂഹത്തെ പിറകോട്ടു വലിക്കുന്നു എന്ന വിഷയം പ്രസക്തമാണ്. ഈ പ്രധാന വിഷയത്തെ ധാരാളം ഉപ വിഷയങ്ങളായി തിരിക്കാം.

- അന്ധവിശ്വാസം നമ്മുടെ സമൂഹത്തിൽ
- അന്ധവിശ്വാസം വളർത്തുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക്.
- വിശ്വാസവ്യവസായവും തട്ടിപ്പും
- അന്ധവിശ്വാസങ്ങളും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും
- 

തുടങ്ങി നിരവധി ഉപവിഷയങ്ങൾ സെമിനാറിൽ ഉൾപ്പെടുത്താം. സെമിനാറിന് യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിച്ച വിവരങ്ങൾ ഉപയോഗിക്കാം.

- സെമിനാർ വിഷയാപഗ്രഥനം
- ഗ്രൂപ്പു തിരിയൽ
- വിഷയ സ്വീകരണം, ചർച്ച, ചുമതലാവിഭജനം
- പഠനം നടത്തൽ, റഫറൻസ്
- പേപ്പർ തയ്യാറാക്കൽ, ഗ്രൂപ്പുചർച്ച, മെച്ചപ്പെടുത്തൽ.

### സെമിനാർ

- ദിവസം, സമയം, സ്ഥലം തീരുമാനിക്കൽ
- അറിയിപ്പു നൽകൽ
- ക്ഷണിക്കൽ (വിശിഷ്ടാതിഥികൾ, ശ്രോതാക്കൾ)
- മോഡറേറ്ററെ തിരഞ്ഞെടുക്കൽ
- സെമിനാർ സംഘാടനം
- പ്രബന്ധാവതരണം
- സമയക്രമം പാലിക്കൽ
- അധ്യാപികയുടെയും മോഡറേറ്ററുടെയും ക്രോഡീകരണം
- സെമിനാർ പ്രബന്ധങ്ങളുടെ പ്രകാശനം

### നോട്ടീസ്, പോസ്റ്റർ, പ്ലക്കാർഡ് നിർമാണം

- സെമിനാറിന്റെ പ്രചാരണത്തോടനുബന്ധിച്ച് നല്ലൊരു പ്രവർത്തനം സംഘടിപ്പിക്കണം. അന്ധവിശ്വാസം കൊണ്ടുള്ള വിപത്ത് സ്കൂളിലും പരിസരപ്രദേശങ്ങളിലും പ്രചരിപ്പിക്കണം.
- രക്ഷിതാക്കളേയും നാട്ടുകാരേയും ക്ഷണിക്കുന്നതിന് നോട്ടീസ് തയ്യാറാക്കണം. നോട്ടീസിൽ പരിപാടി, സ്ഥലം, സമയം, പങ്കെടുക്കുന്നവർ തുടങ്ങിയവ മാത്രമാകരുത്. അന്ധവിശ്വാസത്തിന്റെ ആപത്ത് ബോധ്യപ്പെടുത്തുന്ന ചെറിയ വിശദീകരണവും നോട്ടീസിൽ ഉൾപ്പെടുത്താം.

- സെമിനാറിന്റെ പ്രചാരണത്തിനുപയോഗിക്കാവുന്ന മിക്കച്ചൊരു പ്രചാരണതന്ത്രമാണ് പ്ലക്കാർഡ് നിർമാണം. ക്ലാസിലെ മുഴുവൻ കുട്ടികളും പ്ലക്കാർഡുകൾ നിർമിച്ച് സ്കൂളിലും പരിസരപ്രദേശങ്ങളിലുമായി സ്ഥാപിക്കണം. പൊതുജനത്തെ പങ്കെടുപ്പിക്കുന്നതുകൊണ്ടു തന്നെ ആരുടേയും വികാരങ്ങൾ വ്രണപ്പെടുത്താതെ നോക്കേണ്ടത് അധ്യാപികയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

# ഹാസസാഹിത്യം

ജീവിവർഗത്തിൽ മനുഷ്യനു മാത്രം ലഭിച്ച ഒരു സിദ്ധിയാണ് ചിരിക്കാനുള്ള കഴിവ്. സന്തോഷം വരുമ്പോൾ ഇതര ജീവിവർഗം വ്യത്യസ്തങ്ങളായ ചേഷ്ടകൾ പ്രകടിപ്പിക്കാറുണ്ടെങ്കിലും മനുഷ്യന്റെ ചിരിക്ക് സൃഷ്ടിക്കാൻ കഴിയുന്ന വൈകാരികത മറ്റു ചേഷ്ടകൾക്കില്ല. സന്തോഷം വരുമ്പോൾ ചിരിക്കുകയും സങ്കടം വരുമ്പോൾ കരയുകയും ചെയ്യുന്നതു കൊണ്ടാണ് മനുഷ്യന് ജീവിതം തള്ളി നീക്കാനാവുന്നതെന്നു പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. മനുഷ്യന്റെ മാനസിക തലത്തിനുണ്ടാവേണ്ട സംതുലനം സാധ്യമാവുന്നതും ഈ സഹജഭാവങ്ങളുടെ മിശ്രണം കൊണ്ടാണ്. ഇതിലേതെങ്കിലും ഒരു ഭാവത്തിന് അമിതപ്രാധാന്യം ലഭിക്കുമ്പോഴാണ് മാനസിക വിഭ്രാന്തിയുടെ ലക്ഷണങ്ങൾ പ്രകടമാവുന്നത്. കരഞ്ഞു കൊണ്ടേയിരിക്കാനും ചിരിച്ചുകൊണ്ടേയിരിക്കാനും കഴിയാത്തതുകൊണ്ടാണ് നാം പലപ്പോഴും ചിരിച്ചു പോകുന്നത്.

ചിരിക്കും കരച്ചിലിനും നമ്മുടെ ജീവിതത്തിൽ അത്രമേൽ സ്വാധീനമുള്ളതുകൊണ്ടാണ് നമ്മുടെ സാഹിത്യത്തിലും ഈ ഭാവങ്ങൾക്ക് വളരെയധകം പ്രാധാന്യം ലഭിച്ചുവരുന്നത്. ചിരി മനുഷ്യനെ ഊർജസ്വലനാക്കുന്നതുപോലെ കരച്ചിൽ തളർത്തുകയും ചെയ്യുന്നു. ചിരിക്കാനുള്ള ഒരവസരം പോലും നാം കളയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതും മറ്റൊന്നും കൊണ്ടല്ല. ചിരിക്കാനുള്ള ഒരവസരത്തെപോലും കളയാതിരിക്കാൻ വേണ്ടിയായിരിക്കണം സാഹിത്യ ചരിത്രത്തിൽ ഹാസസാഹിത്യത്തിന് ഇത്രമേൽ പ്രാധാന്യം ലഭിച്ചത്. അതിപ്രാചീനങ്ങളായ നാടൻ പാട്ടുകളിലും കലാരൂപങ്ങളിലുമാണ് മലയാള സാഹിത്യത്തിലെ ഹാസ്യധാരയുടെ തുടക്കം. നർമ്മം കലർന്ന ചൊല്ലുകളും പാട്ടുകളും ഇപ്പോഴും നമ്മുടെ നാവിലൂറുന്നത് ഇതേ പാരമ്പര്യത്തിൽ നിന്നുതന്നെയാണ്. ഓലപ്പാവക്കൂത്ത്, സംഘക്കളി തുടങ്ങിയ പൗരാണിക കലാരൂപങ്ങളിലും ഹാസ്യത്തിന്റെ നിരവധി സന്ദർഭങ്ങൾ കാണാനാവും.

പ്രകടമായ ഹാസ്യം സാഹിത്യത്തിന്റെ ശക്തമായ ഒരു ഭാഗമാവുന്നത് തോലകവിയുടെ ശ്രമത്തോടെയാണ്. പനസി ദശയാം പാശി (ചക്കി പത്തായത്തിൽ കയറി) എന്ന നർമ മധുരമായ പ്രയോഗം ഒരിക്കലെങ്കിലും കേൾക്കാത്തവർ ചുരുങ്ങും. ആക്ഷേപഹാസ്യത്തിന് ഇത്രമേൽ മൂർച്ചയുണ്ടെന്നു കാണിച്ചുതന്നതും തോലകവിയല്ലാതെ മറ്റാരുമല്ല. തോലന്റെ നേരവകാശം ഏറ്റുവാങ്ങിക്കൊണ്ടു വളർന്ന കലാരൂപങ്ങളാണ് കൂത്തും കൂടിയാട്ടവും. നിശിതമായ സാമൂഹിക വിമർശനത്തിന് ആക്ഷേപഹാസ്യം ഒരു പ്രധാന ആയുധമായിക്കണ്ട കലകളെന്ന നിലയിൽ കൂത്തിനും കൂടിയാട്ടത്തിനും നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ വളരെ നിർണായകമായൊരു സ്ഥാനം തന്നെയുണ്ട്. സന്ദേശകാവ്യങ്ങളും ചമ്പുക്കളുമൊക്കെ ഈ ദിശയിൽ ഏറെ സഞ്ചരിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. ഹാസ്യത്തിന്റെ അപാരമായ സാധ്യതകൾ കണ്ടെത്തിയ എക്കാലത്തെയും മികച്ച കവിവര്യൻ-കുഞ്ചൻ നമ്പ്യാരെ മലയാളിക്കെങ്ങനെ മറക്കാനാവും. ആധുനിക സാഹിത്യത്തിൽ നോവലുകളിലൂടെയും പ്രഹസനങ്ങളിലൂടെയും ഹാസ രസത്തിന് വളരെ വലിയ സ്ഥാനം നിൽകിയാവരാണ് ചന്തുമേനോനും സി.വി.രാമൻ പിള്ളയുമെല്ലാം. മുൻഷി രാമക്കുറുപ്പിന്റെ ചക്കീചങ്കരം, കിഴക്കേപ്പാട്ട് രാമൻമേനോന്റെ പറങ്ങോടി പരിണയം എന്നിവ ഈ രംഗത്തെ ആദ്യകാല രചനകളാണ്.

ഈ മഹാരഥൻമാരുടെ നേരവകാശികളാണ് ഇ.വി.കൃഷ്ണപ്പിള്ളയും സഞ്ജയ (എം.ആർ.നായർ)നും ഇ.വി.കൃഷ്ണപിള്ളയും ഇ.വി.യുടെ പ്രഹസനങ്ങളും നാടകങ്ങളും ഹാസ്യരസത്തെ ഉത്തുംഗ ശൃംഗത്തിലേറ്റിയ കൃതികളാണ്. ഇ.വി യുടെ ഫലിത പാടവത്തിന്റെ അനശ്വര മാതൃകയാണ് 'ചിരിയും ചിന്തയും'.

കവി, പത്രപ്രവർത്തകൻ, നിരൂപകൻ, ഗദ്യകാരൻ, തത്ത്വചിന്തകൻ സർവ്വോപരി ഹാസ്യസമ്രാട്ട് എന്നീ നിലകളിൽ കേരളീയ മനസ്സിൽ ഇടം പിടിച്ച ശുക്രനക്ഷത്രമാണ് എം.ആർ.നായർ. സഞ്ജയൻ എന്ന പേരിൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നുതിർന്ന കൃതികളെല്ലാം ഗദ്യശാഖയിലെ ഹാസ്യകൃതികളെന്ന നിലയിൽ മലയാള സാഹിത്യത്തിൽ പ്രഥമസ്ഥാനം പിടിച്ചു.

'പരിഹാസാർണവം ചിരിച്ചു കൊണ്ടുതാൻ
തരിമണലാക്കുമനീതിപ്പാറയെ'

എന്ന ദർശനമാണ് അദ്ദേഹത്തിന്റെ രചനകൾക്ക് ഊർജം പകർന്നത്. കൊടികുത്തി വാഴുന്ന സാമൂഹ്യ അനീതികളെ ആക്ഷേപഹാസ്യത്തിന്റെ പെരുത്ത കൂടം കൊണ്ടു തല്ലിപ്പിളർക്കുമെന്നദ്ദേഹം തെളിയിച്ചു. സാഹിത്യനികഷം, ഒഥല്ലോ (തർജ്ജമ) തുടങ്ങിയവയാണ് പ്രധാനകൃതികൾ. കൂടാതെ കേരളപത്രിക, സഞ്ജയൻ, വിശ്വരൂപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലായി വന്ന ഹാസ്യലേഖനങ്ങളാണ് അദ്ദേഹത്തിന് ചിരപ്രതിഷ്ഠ നേടിക്കൊടുത്തത്. മാണിക്കോത്തു രാമുണ്ണിനായർ എന്നാണദ്ദേഹത്തിന്റെ പൂർണനാമധേയം.

# സിലബസ് ഗ്രിഡ്

## ജീവനത്തിന്റെ പൊരുൾ

**പ്രശ്നമേഖല** : ശാസ്ത്രീയ സ്ഥല-ജല വിഭവ മാനേജ്മെന്റിന്റെ അഭാവം

**ഉപപ്രശ്നം** :
- മലയാളിയുടെ ജീവിതത്തിൽ ജലാശയങ്ങൾക്കുള്ള സ്ഥാനം തിരിച്ചറിയാത്ത അവസ്ഥ.

**പഠനലക്ഷ്യങ്ങൾ** :
- ജലാശയങ്ങൾ മലയാളിയുടെ ജീവിതത്തെയും സംസ്കൃതിയെയും ആഴത്തിൽ സ്വാധീനിക്കുന്നുവെന്ന് തിരിച്ചറിയുന്നതിന്.
- ജലാശയങ്ങളുടെ സൗന്ദര്യവും സ്വാധീനവും പ്രമേയമാക്കിയ രചനകൾ വിശകലനം ചെയ്തു ആസ്വദിക്കുന്നതിന്.
- ജലാശയങ്ങളുടെ നാശവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സ്വാഭിപ്രായം രൂപീകരിക്കുന്നതിനും ഉചിതമായ രീതികൾ ആവിഷ്കരിക്കുന്നതിനും
- ഭാഷയിലെ സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ, ബിംബകല്പനകൾ, സൂചനകൾ, വാങ്മയ ചിത്രങ്ങൾ അലങ്കാര കല്പനകൾ എന്നിവ കണ്ടെത്തി ആസ്വദിക്കുന്നതിനും സ്വന്തം രചനകളിൽ .ഉചിതമായി ഉപയോഗപ്പെടുത്തുന്നതിനും.
- ഭാഷാരൂപങ്ങളെ അപഗ്രഥിക്കുന്നതിനും നിഗമനങ്ങളിലെത്തിച്ചേരുന്നതിനും

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| (മഴയും പുഴയും) മലയാളിയുടെ ജലസംസ്കാരത്തെ മഴയും ജലാശയങ്ങളും വളരെയധികം സ്വാധീനിക്കുന്നു | • മഴയുടെയും ജലാശയങ്ങളുടെയും സമൃദ്ധിയാണ് കേരളത്തിന്റെ ജലസമൃദ്ധി എന്ന ധാരണ<br>• ജലാശയങ്ങൾ നാടിന്റെ ജീവദായിനിയും സംസ്കാരത്തിന്റെ ഉറവിടവുമാണെന്ന തിരിച്ചറിവ്<br>• പുഴ നേരിടുന്ന പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തെ ആഴത്തിൽ ബാധിക്കും എന്ന ധാരണ<br>• പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണം മനുഷ്യന്റെ നിലനിൽപ്പിനു പ്രശ്നങ്ങളുണ്ടാക്കുന്നു.<br>• പ്രകൃതി, ജലാശയങ്ങൾ ഇവയുടെ മേലുള്ള മനുഷ്യന്റെ കടന്നുകയറ്റം ഉണ്ടാക്കുന്ന പ്രതിസന്ധികൾ പ്രമേയമായ് വരുന്ന രചനകൾ വിശകലനം ചെയ്ത് അവയുടെ സവിശേഷതകൾ കണ്ടെത്തുന്നു; സ്വായത്തമാക്കുന്നു. | **ആർജിതം**<br>• കേരളത്തിലെ മഴയുടെ സമൃദ്ധിയെക്കുറിച്ചുള്ള അറിവ്<br>• പുതിയ കാലത്ത് മാലിന്യങ്ങൾ തള്ളാനുള്ള ഇടമായി പുഴയെ ഉപയോഗിക്കുന്നതിന്റെ ദുരന്തഫലങ്ങളെക്കുറിച്ചുള്ള അറിവ്<br>• ഗദ്യ കവിത എന്ന വിഭാഗവുമുണ്ടെന്ന ധാരണ<br>**കൃതികൾ**<br>• മഴയുമായും പുഴയും മറ്റു ജലാശയങ്ങളുമായും മലയാളിക്കുണ്ടായിരുന്ന വൈകാരിക ബന്ധം തിരിച്ചറിയൽ. പര്യാപ്തമായ കഥ, ആധുനിക കവിത തുടങ്ങിയ സർഗ്ഗാത്മക സൃഷ്ടികൾ<br>• ജലലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന ലേഖനം. | • കഥ, കവിത തുടങ്ങിയവ വിശകലനം ചെയ്ത് ജലാശയങ്ങൾ നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയ്യാറാക്കുന്നു. സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നു.<br>• ജലലഭ്യതയുമായി ബന്ധപ്പെട്ട ലേഖനം വിശകലനം ചെയ്ത് അതിന്റെ കാരണങ്ങൾ കണ്ടെത്തുകയും പ്രസംഗം, മുദ്രാഗീതം, ചിത്രം, ലഘുലേഖ തുടങ്ങിയവയിലൂടെ പ്രതികരിക്കുകയും ചെയ്യുന്നു.<br>• ആധുനിക കവിത പ്രമേയപരമായും രൂപപരമായും എങ്ങനെ വ്യത്യസ്തമാകുന്നുവെന്ന് പഴയ കാല കവിതയുമായി താരതമ്യപ്പെടുത്തി കുറിപ്പുണ്ടാക്കുന്നു. | • പുഴയെയും ജലത്തെയും ആദരപൂർവ്വം സമീപിക്കുന്നു<br>• പുഴയുടെ നാശത്തിനു കാരണമാകുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിൻവാങ്ങുന്നു.<br>• പുഴയുടെയും ജലത്തിന്റെയും സംരക്ഷണം തന്റെ ഉത്തരവാദിത്തമാണെന്ന മനോഭാവം വളരുന്നു. | • കൃതികൾ വിശകലനം ചെയ്ത് ഭാഷാപരവും ആശയപരവും സാഹചര്യപരവുമായ സവിശേഷതകൾ കണ്ടെത്താനുള്ള കഴിവ്<br>• സ്വാഭിപ്രായവും നിലപാടുകളും യുക്തിസഹമായി പ്രകടിപ്പിക്കാനുള്ള കഴിവ്<br>• കണ്ടെത്തിയ ആശയപരവും സാഹിത്യപരവും ഭാഷാപരവുമായ സവിശേഷതകൾ സ്വന്തം രചനയിൽ പ്രയോഗിക്കാനുള്ള കഴിവ്<br>• ഗദ്യകവിതയെ വിമർശനപരമായി വിലയിരുത്താനുള്ള കഴിവ് |

# 3

# ജീവനത്തിന്റെ പൊരുൾ

മാനവരാശി നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി വിഭവദൗർലഭ്യത്തിന്റേതാണ്. മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമായ വിഭവം എന്ന നിലയിൽ ജലം പരമപ്രാധാന്യം അർഹിക്കുന്നു. പ്രകൃതിയിൽ സുലഭമായ വിഭവമാണ് ജലമെങ്കിലും ആവശ്യത്തിനു വെള്ളം കിട്ടാത്ത അവസ്ഥ നാമിപ്പോൾ തിരിച്ചറിയുകയാണ്. വെള്ളം വെള്ളം സർവത്ര, തുള്ളികുടി ക്കാനില്ലത്രേ (Water Water Every where, nore any drop to drink) എന്ന കവി വച നത്തെ ഓർമിപ്പിക്കുന്ന അവസ്ഥാവിശേഷത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്.

അമിതമായ ജലചൂഷണവും മലിനീകരണവും മൂലം ശുദ്ധജലലഭ്യത ഗണ്യമായി കുറഞ്ഞു വരുന്നു. കാലാവസ്ഥാവ്യതിയാനവും ഇതിനു കാരണമായിത്തീർന്നിട്ടുണ്ട്. പ്രകൃതിയിലെ വിഭ വങ്ങൾ വരും തലമുറകൾക്കു കൂടിയുള്ളതാണെന്ന ബോധത്തോടെ അവയെ സമീപിക്കാനും ഉപഭോഗം നിയന്ത്രിക്കാനും നാമിനിയും ശീലിക്കേണ്ടിയിരിക്കുന്നു.

പ്രപഞ്ചത്തിന്റെ സമീകൃതഘടനയെ തകിടം മറിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മനു ഷ്യരാശിയുടെ നിലനില്പിനുതന്നെ ആപത്താണ്. വിഭവങ്ങൾ നിരന്തരം നവീകരിക്കുന്ന ഒരു ചാക്രികത പ്രപഞ്ചനിയമത്തിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതു മനസ്സിലാ ക്കാതെ താൽക്കാലിക ലാഭത്തിനുവേണ്ടി മനുഷ്യൻ നടത്തുന്ന ഇടപെടലുകൾ മറ്റു വിഭവങ്ങ ളുടെ കാര്യത്തിലെന്നപോലെ ജലവിഭവത്തിന്റെ കാര്യത്തിലും ഏറിവരുകയാണ്. ഈ പശ്ചാ ത്തലത്തിൽ ജലസാക്ഷരതയ്ക്കു വേണ്ടിയുള്ള ഊർജിത ശ്രമങ്ങൾ ആവശ്യമായി വന്നിരിക്കുന്നു.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലവിനിയോഗം ശാസ്ത്രീയമാക്കുന്നതിനും നമുക്ക് കഴിഞ്ഞാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം സാധ്യമാവുകയുള്ളൂ. ഇതിന് നമ്മുടെ കുട്ടികളെ പ്രാപ്തമാക്കാൻ ഭാഷാപഠനത്തിലൂടെ സാധിക്കില്ലേ? ഇതിനായി എന്തെല്ലാം ആശ യധാരണകളാണ് അവർക്കുണ്ടാകേണ്ടത്? ഏതെല്ലാം മനോഭാവങ്ങളാണ് കുട്ടികളിൽ രൂപപ്പെ ടുത്തേണ്ടത്? സാഹിത്യത്തിന്റെയും ഭാഷയുടെയും ഏതെല്ലാം തലങ്ങളാണ് ഈ യൂണിറ്റി ലൂടെ കുട്ടികൾക്ക് എത്തിക്കാനാവുക.

**രൂപപ്പെടേണ്ട ആശയങ്ങൾ**

- പുഴയേയും ജലത്തേയും ആദരപൂർവം സമീപിക്കൽ
- പുഴയുടെ നാശത്തിനു കാരണമായ പ്രവർത്തനങ്ങളിൽ നിന്നു പിൻമാറൽ
- പുഴയുടെയും ജലത്തിന്റെയും സംരക്ഷണം തന്റെ ഉത്തരവാദിത്ത്വമാക്കൽ.
- 

**രൂപപ്പെടേണ്ട ഭാഷാപരവും സാഹിത്യപരവുമായ കഴിവുകൾ**

- സർഗാത്മക രചനകൾ ആസ്വദിക്കൽ
- വൈജ്ഞാനിക ലേഖനങ്ങൾ വായിക്കലും ആശയങ്ങൾ രൂപീകരിക്കലും.
- സ്വന്തം നിഗമനങ്ങൾ ലേഖനം, പ്രഭാഷണം, എഡിറ്റോറിയൽ എന്നിവയിലൂടെ പ്രകാശിപ്പിക്കൽ.

- ഭാഷയിലെ സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ, ബിംബകല്പനകൾ എന്നിവ കണ്ടെത്തി ആസ്വദിക്കൽ, സ്വന്തം രചനകളിൽ പ്രയോഗിക്കൽ.

## മത്സ്യറാണി പറഞ്ഞതെന്താണ്?

യൂണിറ്റാരംഭത്തിലെ കഥ വായിച്ചല്ലോ? എന്തെല്ലാം അർഥതലങ്ങളാണ് ഈ കഥയ്ക്കുള്ളത്? കടലിനെപ്പറ്റി പലതും കേട്ടിട്ടും അതിനെ തിരിച്ചറിയാൻ കഴിയാതെ വിഷമിക്കുന്ന ചെറുമത്സ്യം. കടൽ നിനക്കു ചുറ്റുമുള്ളതാണെന്ന മത്സ്യറാണിയുടെ മറുപടിക്കു ശേഷവും അതിന് കടലിനെ തിരിച്ചറിയാനാവുന്നില്ല. 'കടൽ നിന്റെ ഉള്ളിലാണ് പുറത്തുമാണ്' എന്നു പറഞ്ഞ് കഥയവസാനിപ്പിക്കുമ്പോൾ ചെറുമത്സ്യത്തിന്റ സംശയം തീർന്നിട്ടുണ്ടാവുമോ. ഏതൊരാൾക്കും അടിത്തറയാകുന്ന സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ശക്തി വെളിപ്പെടുത്തുകയല്ലേ ഈ കഥ ചെയ്യുന്നത്.

ഇഴപിരിച്ചറിയാൻ കഴിയാത്തവിധം, പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും നിരവധി ശിലകളിലാണ് നാമോരോരുത്തരും നിലനിൽക്കുന്നത്, ജീവിക്കുന്നത്. നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതുതന്നെ ഇത്തരം ഘടകങ്ങളുടെ സാന്നിധ്യമാണ്.

ജലമില്ലെങ്കിൽ മത്സ്യത്തിന് ജീവിക്കാൻ കഴിയില്ല. അതുപോലെ നമ്മുടെ പരിസരത്തിന്റെയും കാലത്തിന്റെയും സ്പർശബിന്ദുക്കളില്ലെങ്കിൽ നാമോരുത്തരും മൃതതുല്യരായിത്തീരുന്നു. യാന്ത്രികതയുടെയും ലാഭചിന്തയുടെയും പിറകേ പരക്കം പായുന്ന മലയാളി തന്റെ ജീവൗഷധമായ സംസ്കാരത്തെയാണ് ഉപേക്ഷിച്ചുപോകുന്നത്.

ഈ കാഴ്ചപ്പാടിലേക്ക് കഥാവായനയിലൂടെ കുട്ടികളെ കൊണ്ടെത്തിക്കണം. അതിനായി എന്തൊക്കെ ചെയ്യാനാവും?

- കഥാവായനയ്ക്കുശേഷം കുട്ടികൾ കഥയുടെ സന്ദേശം എഴുതട്ടെ.
- ഒന്നോ രണ്ടോ എണ്ണം അവതരിപ്പിക്കൽ
- ഗ്രൂപ്പുതിരിക്കൽ, ചർച്ച - ഗ്രൂപ്പിന്റെ കണ്ടെത്തൽ അവതരണം.
- അധ്യാപികയുടെ ക്രോഡീകരണം

തുടർന്ന് മഴ ഒരു ജീവിതാവേശമായിമാറിയ വേദമാണിക്യത്തിന്റെ കഥയിലേക്ക് കുട്ടികളെ നയിക്കാവുന്നതാണ്.

'വെള്ളപ്പൊക്കത്തിൽ' എന്ന കഥയുടെ ആദ്യഭാഗം അധ്യാപിക ക്ലാസിൽ വായിച്ച് അവതരിപ്പിക്കുന്നു. കുട്ടികളിൽ ആകാംക്ഷ നിലനിർത്തുന്ന ഒരു ഭാഗത്തു വച്ച് കഥാവായന അവസാനിപ്പിക്കാം. വേദമാണിക്യത്തിന്റെ തുടർന്നുള്ള ജീവിതം കഥവായിച്ച് മനസ്സിലാക്കാൻ കുട്ടികളോട് നിർദേശിക്കാം. കുട്ടികൾ വ്യക്തിപരമായി കഥ വായിക്കട്ടെ. എല്ലാവരും പോയി കഴിഞ്ഞിട്ടും മഴയോടും വെള്ളത്തിനോടും അഭിനിവേശം മൂത്ത് അവിടെത്തന്നെ നിന്ന വേദമാണിക്യത്തിന് പിന്നീട് എന്താവും സംഭവിച്ചിട്ടുണ്ടാവുക? കുട്ടികൾ പ്രതികരിക്കട്ടെ. മരണം, മഴയെ അതിജീവിക്കൽ മുതലായ വിവിധ തലത്തിലുള്ള ഭാവനകൾ കുട്ടികൾ അവതരിപ്പിക്കും. വേദമാണിക്യത്തിന്റെ തുടർന്നുള്ള അവസ്ഥ പ്രമേയമാക്കി കഥയെഴുതാൻ ആവശ്യപ്പെടണം. ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ചവ കണ്ടെത്തുന്നതിനും പൊതു അവതരണത്തിനും അവസരം നൽകണം.

- "പാവം പെണ്ണേ, ഇത് നീ കണ്ടിട്ടൊള്ള മഴയൊന്നുമല്ല. നോക്കിക്കോ. വെള്ളം ഓടിയോടിവന്നു നെറയും. അറയും പുരയുമൊക്കെ നെറയും. അറയും പുരയുമൊക്കെ മുങ്ങും. തൊണ്ണൂറ്റി ഒമ്പതിലെപ്പോലെ..."
- "കേട്ടോടീ; പണ്ട് വർഷാവർഷം താമ്രവർണിയാറങ്ങുനെറയും. ആറുനെറഞ്ഞാലോ, വെള്ളം കരയിലോടിച്ചാടിക്കയറും; വള്ളമൊണ്ടാരുന്നെടീ; ഓടിവള്ളവും ചുണ്ടനും

ചങ്ങാടോം. എനിക്കോ കൊഴുകൊഴുത്ത ചെറുപ്പം. വള്ളത്തിക്കേറി ചെറുബാല്യക്കാര് ഞങ്ങള് ഊരുചുറ്റും. വെള്ളം വിഴുങ്ങിയ ഭൂമിക്കു അതിരൊണ്ടോ, വരമ്പൊണ്ടോ! തലേല് വട്ടക്കെട്ടും കെട്ടി, പാട്ടും പാടി ഞങ്ങളങ്ങനെ ചുറ്റിയടിക്കും. ഇപ്പോ കന്നംതിരിഞ്ഞകാലത്ത് വെള്ളവുമില്ല, വള്ളവുമില്ല..."

- കണ്ടില്ലേ, കെട്ടിക്കാറായ പെണ്ണിന്റെ ഇടതിരിവ്... ഇവളൊക്കെ ജലദേവതയെ കണ്ടിട്ടൊണ്ടോ.... ആ ഇളകിയാട്ടം കണ്ടിട്ടൊണ്ടോ..."
- "മക്കളേ ഈ വെള്ളത്തിന്റെ ഒരു സന്തോഷം കണ്ടോ. കൂടുതുറന്നുവിട്ടപോലെ". അയാൾ ഓളങ്ങളോടുപാടി: ഓടിവാ കള്ളീ, ചാടിവാ കള്ളീ, ചീമപ്പെണ്ണേ വാടീ വാടീ..."
- മഴയിരുട്ടിനെ ഭേദിച്ചുകൊണ്ട് ഒരു മിന്നൽപ്പിണർ. ആകാശം രണ്ടായിപ്പിളർന്നു........................ ............................. "ഛെ!മോശം, നാണക്കേട്! നീ ആൺപിള്ള ശിങ്കമല്ലേടാ. ഒന്നുകൂടി വീശിയടി.... കാണട്ട്"
- "എടാ മോനേ, എനിക്ക് ശ്വാസം മുട്ടുന്നു....................................... കാറ്റുപിടിക്കട്ടടാ"
- "ഭവാനീ ഇപ്പോഴൊരു വള്ളം കിട്ടിയിരുന്നേല്, ഈ അപ്പൂപ്പൻ കാണിച്ചുതരാമായിരുന്നെടീ."
- 

ഇതിൽ നിന്ന് ഒന്നോ രണ്ടോ ഭാഗം ക്ലാസിൽ അവതരിപ്പിക്കണം. വേദമാണിക്യത്തിന്റെ സംഭാഷണം മാത്രം അവതരിപ്പിക്കാതെ കഥാഭാഗം വായിക്കുന്നതാവും ഉചിതം. ഭാവം നില നിർത്തിയുള്ള കഥാവായന പരിചയപ്പെടുത്താൻ ഈ അവതരണങ്ങളിലൂടെ അധ്യാപികയ്ക്ക് അവസരം ലഭിക്കും. തുടർന്ന് കുട്ടികളോട് ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്. ഏതെങ്കിലും ഒരു ഭാഗത്തെ അടിസ്ഥാനമാക്കി ചർച്ചയാവാം. ഈ ഭാഗത്ത് വ്യക്തമാക്കപ്പെടുന്ന കഥാപാത്ര സവിശേഷതകൾ എന്തൊക്കെയാണ്? മഴയോടുള്ള സ്നേഹം, വെള്ളത്തോടുള്ള അഭിനിവേശം, പ്രകൃതി പ്രതിഭാസങ്ങളോടുള്ള ബന്ധം മുതലായവയാണെന്ന് ചർച്ചയിലൂടെ എത്തിച്ചേരണം. സമാന കഥാസന്ദർഭങ്ങൾ കുട്ടികൾ ഗ്രൂപ്പിൽ കണ്ടെത്തട്ടെ. ഗ്രൂപ്പുകൾ കണ്ടെത്തിയവ അവതരിപ്പിക്കാൻ അവസരം നല്കണം. നേരത്തെ അധ്യാപിക ചെയ്തതുപോലെ കഥാഭാഗം ഭാവാത്മകമായി വായിക്കാൻ നിർദേശം നൽകണം. തുടർന്ന് ഗ്രൂപ്പുകളോട് കഥാപാത്ര സവിശേഷതകൾ കണ്ടെത്താൻ നിർദേശിക്കാം. ഗ്രൂപ്പുകൾ കണ്ടെത്തിയ സവിശേഷതകളുടെ പൊതു അവതരണം. അധ്യാപിക അവ ബോർഡിൽ കുറിക്കുന്നു. തുടർന്ന് കുട്ടികൾ വ്യക്തിപരമായി കഥാപാത്ര നിരൂപണം തയാറാക്കുകയാണ് വേണ്ടത്.

കഥാപാത്ര നിരൂപണം തയാറാക്കാനുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരത്തേ ലഭിച്ചെന്നുവരില്ല. അതിനാൽ ഒരു കഥാപാത്ര നിരൂപണം പരിചയപ്പെടുന്നതിനുള്ള അവസരം ഒരുക്കിയെങ്കിൽ മാത്രമേ ഈ പഠനപ്രവർത്തനം ശരിയായ രീതിയിൽ ഫലപ്രാപ്തി കൈവരിക്കൂ. അതിനായി വിവിധമാർഗങ്ങൾ നമുക്ക് സ്വീകരിക്കാവുന്നതാണ്. 7-ാം ക്ലാസിൽ പരിചയപ്പെട്ട ഏതെങ്കിലും ഒരു കഥയിലെ കഥാപാത്രത്തെക്കുറിച്ചുള്ള നിരൂപണം അധ്യാപിക തയാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കണം.

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. പൊതുചർച്ച

- കഥയിൽ നിങ്ങൾ പരിചയപപ്പെട്ട കഥാപാത്രത്തിന്റെ സവിശേഷതകൾ ഈ നിരീക്ഷണത്തിൽ വ്യക്തമാക്കപ്പെടുന്നുണ്ടോ? എന്തൊക്കെയാണവ?
- കഥാവായനയിൽ നിങ്ങൾ തിരിച്ചറിയാത്ത കഥാപാത്ര സവിശേഷതകളെന്തെങ്കിലും നിരൂപണത്തിൽ പരാമർശിക്കപ്പെടുന്നുണ്ടോ? എന്തൊക്കെയാണവ?
- നിരൂപകന്റെ അഭിപ്രായങ്ങൾ സാധൂകരിക്കാൻ കഥാസന്ദർഭങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ?

- രചനാരീതി ആകർഷകമാണോ? എന്തുകൊണ്ട് ആകർഷണീയമായിരിക്കുന്നു/എന്തു കൊണ്ട് ആകർഷണീയമല്ല?
-

ഏതാനും ചോദ്യങ്ങളിലൂടെ കഥാപാത്രനിരൂപണം തയാറാക്കേണ്ടതെങ്ങനെയെന്ന ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ സഹായകമായ ചർച്ച ക്ലാസിൽ നടക്കണം. അതിനുശേഷം രചന യിലേക്കു കടക്കുന്നതാവും ഉചിതം. ക്ലാസ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്ന ഈ രചന നിരന്തരമൂല്യനിർണയത്തിനുള്ള ഉല്പന്നമായി പരിഗണിക്കുകയും ചെയ്യാം. കുട്ടികൾ തയാറാക്കിയ കഥാപാത്ര നിരൂപണം സ്വയം വിലയിരുത്താൻ അവരോട് ആവശ്യപ്പെടാവുന്ന താണ്. വേദമാണിക്യത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്? രചനാപരമായി പ്രാധാന്യമുള്ള കാര്യങ്ങൾ എന്തൊക്കെയാണ്? കുട്ടികളുടെ നിർദേശങ്ങൾ ഗ്രൂപ്പുകൾ ക്രോഡീകരിച്ച് അവതരിപ്പിക്കട്ടെ. അവയിൽ നിന്ന് ലേഖനം വിലയിരുത്തുന്നതിനാ വശ്യമായ സൂചകങ്ങൾ രൂപപ്പെടുത്തണം.

- മഴയോടും പ്രകൃതിയോടുമുള്ള വേദമാണിക്യത്തിന്റെ അഭിനിവേശം
- മണ്ണിനോടും ഇതര ജീവിവർഗ്ഗത്തോടുമുള്ള ബന്ധം
- ആത്മാർത്ഥത സ്ഫുരിക്കുന്ന വർത്തമാനം.
- പഴയകാല കേരളകർഷകന്റെ മാനസികാവസ്ഥ

മുതലായ കാര്യങ്ങളും രചനാപരമായ സവിശേഷതകളും പരിഗണിച്ചാവണം വിലയിരുത്തൽ സൂചകം നിർദേശിക്കാൻ. രചനകൾ കൈമാറി വിലയിരുത്തുന്നതിനും അവതരിപ്പിക്കുന്നതിനും അവസരം നൽകണം.

വേദമാണിക്യം എന്ന കഥാപാത്രത്തിന്റെ സവിശേഷതകളായി നാം കണ്ടെത്തിയ കാര്യങ്ങൾ കഥ വികസിപ്പിച്ചപ്പോഴും ആ കഥാപാത്രത്തിൽ നിലനിർത്തിയിരുന്നോ? സ്വയം പരിശോധ ിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. നിലനിർത്തിയിട്ടുള്ള ഏതാനും രചനകൾ ഒന്നു കൂടി അവതരിപ്പിക്കാൻ അവസരം നൽകണം. കുട്ടികൾക്ക് നിരൂപണം നടത്തുന്നതിനുള്ള അവ സരവും നൽകാവുന്നതാണ്.

- കഥ, നോവൽ മുതലായവയിൽ കടന്നുവരുന്ന സംഭാഷണഭാഷയും പ്രാദേശികഭാഷയും രചനകളുടെ സൗന്ദര്യത്തെ ഉയർത്താറുണ്ട്. അത്തരം ചില രചനാഭാഗങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുന്നു.

'ശേഖരോ...'

താഴെനിന്ന് ആരോവിളിക്കുന്നു.

'ശേഖരനില്ലേ മോളില്'

'ഉവ്വ്'

ശബ്ദം കേട്ടപ്പോൾ ആളെ മനസിലായി. റവന്യൂ ഇൻസ്പെക്ടർ ജനാർദ്ദനക്കുറുപ്പാണ്. കുറുപ്പ് തീപ്പെട്ടിയിൽ താളം പിടിച്ചുകൊണ്ട് ഒരു പഴയ സിനിമാപ്പാട്ടും മൂളി പതുക്കെ കയറിവന്നു.

'ഊണു കഴിഞ്ഞോ?'

'ഉവ്വ്'

'നടക്കാൻ പോയില്ലേ?'

'ഇല്ല'

'നാണുവും കുട്ടിശങ്കരൻ നായരും സിനിമയ്ക്കടിച്ചിട്ടുണ്ട്. ഞാനിന്നു ജനതയ്ക്കു പോവ്വാണ്....'

'നാട്ടിലോ?'

'അതെ രണ്ടുദിവസം ലീവ്'

'ഓ'

'മറ്റന്നാൾ വീട്ടിലൊരു മാര്യേജാണ്. യങ് സിസ്റ്ററുടെ. ഇൻവിറ്റേഷൻ തന്നത് മറന്നോ...?'

'ഓ. ഞാൻ മന്നുപോയി'

കുറുപ്പ് പതിവിലധികം ഉല്ലാസവാനായിരുന്നു.

'ഇതും കൂടി കഴിഞ്ഞാൽ നമ്മുടെ ഭാരമെല്ലാം തീർന്നു'

'ഉം'

'ബ്രദറും ഞാനും കൂടിയാണ് എക്സ്പെൻസ് മുഴുവൻ മീറ്റ് ചെയ്യുന്നുത്'

അതിനും ശേഖരൻ മൂളി

'ഏ് ... ഇല്ല ...'

അതു പറയുമ്പോൾ അയാളുടെ തൊണ്ടയിലെന്തോ കുടുങ്ങിയത് പോലെ തോന്നി.

'സിസ്റ്റേഴ്സ് ഉണ്ടായാൽ ഭാരമാണ്. പക്ഷേ ഒരു സുഖമുണ്ട് മദറില്ലെങ്കിൽ പിന്നെ ഹോംലൈഫ് വേണമെങ്കിൽ സിസ്റ്റേഴ്സുണ്ടാവണം. വാട്ട് യു സേ?'

*(അറ്റുപോകാത്ത ഒരു കണ്ണി-എം.ടി)*

* * * * * * * * *

വാച്ച് മിഠായി വടിയിൽമേലാണ്. കറുകറുത്ത ഒരു തോർത്ത് കൊണ്ട് അത് മൂടിയിട്ടുണ്ടാവും

ഡുസ്വാണ്ടി

ഡുടുപ്പനാണ്ടി

കുഡ്വാണ്ടി കൊടപ്പനാണ്ടി

ഇണ്ടപ്പൻ ക്ടാങ്ങള് വാ

കിണ്ടപ്പൻ ക്ടാങ്ങള്പോ... എന്നു പാടി കോച്ചാത്തി വാച്ചുമിഠായി വലിച്ചുനീട്ടും. കറുത്തതോർത്തിന്റെ ഉള്ളിൽനിന്ന് ചുവപ്പും വെള്ളയും മഞ്ഞയും വരകളുള്ള അത്ഭുതകരമായ വാച്ച് മിഠായി കോച്ചാത്തിവിളിച്ചേടത്തേക്ക് വളഞ്ഞുവരും. ഒരു ചെറിയ ക്ഷണം പൊട്ടിച്ചെടുത്ത് അതുവലിച്ചുനീട്ടി അതുകൊണ്ട് വാച്ചുണ്ടാക്കി എല്ലാ ഇണ്ടപ്പൻ ക്ടാങ്ങൾക്കും കെട്ടിക്കൊടുക്കും. വാച്ച് കെട്ടി കഴിഞ്ഞാൽ ഒരു പൊടികഷ്ണം വാച്ച് മിഠായി അവരുടെ കവിളത്തും ഒട്ടിച്ചുകൊടുക്കും. അത് കവിളത്ത് വെച്ച് ഒരുപാടുനേരം നടക്കും ആനി! അവസാനം ഈച്ചകൾ അവൾക്ക് ഒരു തൊയിരവും കൊടുക്കതാവുമ്പോളാണ് അത് കവിളത്തു നിന്നെടുക്കുക. ഈയടുത്ത് ആനി വാച്ചുമിഠായി വാങ്ങാറില്ല. കോച്ചാത്തി തുപ്പല് തൊട്ടിട്ടാണ് വാച്ചുമിഠായി വലിച്ചുനീട്ടുന്നതെന്ന് ചീയമ്മ പറഞ്ഞു.

"അല്ലാണ്ട് ആ റബറ് വലിച്ചാ നീട്ടാൻള്ള ശേഷിണ്ടറീ കോച്ചാത്തിക്ക്? ഞാനെന്റെ കണ്ണോണ്ടാ കണ്ടത്, ദേ ഇത്തരീം തുപ്പല് കൈയിലാട്ത്ത്ട്ട് ഒരു പെരട്ട്ല്ണ്"

ബാ! ആനി ഓർക്കാനിച്ചു. ചീയമ്മ പറഞ്ഞത് സത്യമായാലും അല്ലെങ്കിലും ആനിക്കിനി വാച്ച് മിഠായി വേണ്ട.

*(ആലാഹയുടെ പെൺമക്കൾ - സാറാജോസഫ്)*

* * * * * * * * *

ഞാൻ പറഞ്ഞു

'എടാ അബു, ഹനീഫായുടെ കൈയിൽ കാശില്ലെന്നാണ് തോന്നുന്നത്'

അബു പതുക്കെ പറഞ്ഞു

'ഹനീഫാ ഇയ്ക്കാക്കാ മഹാ അറിക്കീസാണ്. ഒരു പാടുരൂപായൊണ്ട്'

'പോടാ'

അവൻ റബ്ബർ തെറ്റാലി എടുത്തുകുറെ ഉരുളൻ കല്ലുകളുമായി പക്ഷികളെ തെറ്റിവീഴിക്കാൻ പോയി.

'വാ ആടേ' അവനൊന്നും ചെയ്യേലാ' എന്നാശ്വാസിപ്പിച്ചു കൊണ്ട് ആടുമായി പാത്തുമ്മാ ഇപ്പുറത്തുവന്നു. അടുത്തുള്ള പറമ്പിൽ അബു നിൽക്കുന്നതു കണ്ട് പാത്തുമ്മാ വിളിച്ചു പറഞ്ഞു.

'എടാ അബു, നീ അടങ്ങിയൊതുങ്ങി ജീവിച്ചാമതി! വലിയ ഇയ്ക്കാക്കാ വന്നതറിഞ്ഞില്ലേ നീ!

"എന്നെ 'എടാ അബു' എന്ന് വല്യ ഇത്താത്ത വിളിച്ചതുകേട്ടോ ഇയ്ക്കാക്കാ? വല്യ ഇയ്ക്കാക്കാ വന്നിട്ടുള്ള മുച്ചാണ്! ങ്ഗും!"

അബുവിന്റെ മൂത്തതിന്റെ മൂത്തതിന്റെ മൂത്തതാണ് പാത്തുമ്മാ- അവൾ അവനെ 'എടാ അബു' എന്നു വിളിച്ചതു വളരെ കുറച്ചിലായിപ്പോയി!"

'എന്നാ നിന്നെ "അബു സാർ" എന്നു വിളിക്കാമെടാ!

പോടാ!'

പാത്തുമ്മ എന്റെ അടുത്തുവന്നു. എന്നിട്ട് തിക്കും പൊക്കും നോക്കി. ആരുമില്ല! പാത്തുമ്മാ രഹസ്യമായി പറഞ്ഞു.

'വല്യ ഇയ്ക്കാക്കാ, ആരും അറിയണ്ട. ആനുമ്മാ അറിഞ്ഞാ വഴക്കിടും. ഇഞ്ഞി നിക്കു വല്യ ഇയ്ക്കാക്കാ രൂപ ആയിട്ടൊന്നും തരണ്ട. ഖദീജായ്ക്ക് രണ്ട് കമ്മല് പണീച്ചുകൊടുത്താ മതി. - ഹനീഫായും അറിയണ്ട, കൊച്ചിക്കായും അറിയണ്ട. അബ്ദും അറിയണ്ട ഉമ്മായും അറിയണ്ട"

*(പാത്തുമ്മായുടെ ആട് - വൈക്കം മുഹമ്മദ് ബഷീർ)*

ഗ്രൂപ്പുകൾക്ക് കിട്ടിയ ഭാഗങ്ങൾ വായിക്കുന്നു. ഈ രചനാഭാഗങ്ങളുടെ പൊതു സവിശേഷതകളെന്തൊക്കെയാണ്? പൊതുചർച്ച.

പ്രാദേശിക ഭാഷയും സംഭാഷണഭാഷയും രചനകൾക്കു നൽകുന്ന മനോഹാരിത വ്യക്തമാകും വിധം ചർച്ച നയിക്കണം.

- എഴുത്തുഭാഷ പ്രധാനമായും ആശയ വിനിമയം മാത്രമാണ് സാധ്യമാക്കുന്നത്.
- സംസാരഭാഷ അതുപ്രയോഗിക്കുന്നയാളുടെ നാനാവിധമായ അവസ്ഥകളെയും മനോഭാവങ്ങളെയും വികാരങ്ങളെയും വെളിപ്പെടുത്താൻ പര്യാപ്തമാണ്.
- അതിനാൽ കഥാപാത്രങ്ങളുടെ സ്വഭാവവും മാനസികാവസ്ഥയും വ്യക്തമാക്കാൻ സംസാരഭാഷയിലൂടെ കഥാകൃത്തിന് സാധിക്കുന്നു.
- 

നമ്മുടെ ജീവിതപരിസരങ്ങളിലുപയോഗിക്കുന്ന ഭാഷാപദങ്ങൾ കണ്ടെത്താൻ കുട്ടികളോട് നിർദേശിക്കാം. ഈ പ്രവർത്തനം ഒരു പ്രോജക്ടായി നടത്തുവാൻ ശ്രദ്ധിക്കണം. അതിനുള്ള ഒരു മാർഗം ചുവടെ നൽകുന്നു.

- ഓരോ കുട്ടിയോടും പ്രാദേശിക പദങ്ങൾ കണ്ടെത്താൻ നിർദേശിക്കലും കണ്ടെത്തലും.

- കണ്ടെത്തിയവ ഗ്രൂപ്പിൽ പങ്കുവയ്ക്കൽ -അർഥം, വിശദീകരണം എന്നിവ തയാറാക്കൽ.
- അകാരാദിക്രമത്തിൽ പട്ടികപ്പെടുത്തൽ
- ആമുഖപഠനം/കുറിപ്പ് തയാറാക്കൽ (വ്യക്തിപരം). പ്രാദേശികഭാഷയും സംസാരഭാഷയും രചനകൾക്കു നൽകുന്ന സവിശേഷതകൾ നേരത്തെ ചർച്ച ചെയ്ത് ബോർഡിൽ കുറിച്ചിട്ടുണ്ട്. ആ ആശയങ്ങൾ ഉപയോഗിച്ചുവേണം ആമുഖപഠനം തയ്യാറാക്കാൻ.
- ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ
- പ്രാദേശിക ഭാഷാനിഘണ്ടു നിർമിക്കൽ
- വിവിധ ക്ലാസ്സുകളിലും ഡിവിഷനുകളിലും നടന്ന ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒറ്റപ്പതിപ്പാക്കാനുള്ള ശ്രമം അധ്യാപിക പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.
- സുഗതകുമാരിയുടെ 'രാത്രിമഴ' എന്ന കവിതയിലെ ഒരു ഭാഗം അധ്യാപിക ക്ലാസിൽ അവതരിപ്പിക്കുന്നു.

  "രാത്രിമഴ ചുമ്മാതെ
  കേണും ചിരിച്ചും
  വിതുമ്പിയും നിർത്താതെ
  പിറുപിറുത്തും
  നീണ്ട മുടിയിട്ടുലച്ചും
  കുനിഞ്ഞിരിക്കുന്നൊരു
  യുവതിയാം ഭ്രാന്തിയെപ്പോലെ"

തുടർന്ന് കവിതയുടെ ആശയം അധ്യാപിക വിശദീകരിക്കണം. കരയുക, ചിരിക്കുക, വിതുമ്പുക, പിറുപിറുക്കുക, മുടിയിട്ടുലയ്ക്കുക മുതലായ മനുഷ്യപ്രവൃത്തികൾ രാത്രി മഴയ്ക്കെങ്ങനെയാണ് യോജിക്കുക? ചർച്ച. മനുഷ്യാവസ്ഥയെ അചേതനമായ പലതിലും ആരോപിച്ചുകൊണ്ട് രചനകൾ രൂപപ്പെട്ടിട്ടുണ്ട്. അത്തരം ഒരു കവിതയാണ് വിജയലക്ഷ്മിയുടെ മഴയ്ക്കപ്പുറം.

## മഴയ്ക്കപ്പുറം

കൃഷിയധിഷ്ഠിതമായ ഒരു ജീവിതക്രമത്തിൽ മഴയ്ക്ക് ഏറെപ്രധാന്യമുണ്ട്. ഇടവപ്പാതിയും തുലാവർഷവുമെല്ലാം നമുക്ക് മഴക്കാലം മാത്രമല്ല; പ്രതീക്ഷയുടെയും ആശങ്കയുടെയും നാളുകൾ കൂടിയാണ്. ധാരാളം ഓർമകൾ ബാക്കിയാക്കുന്ന അനുഭവങ്ങളുടെ ലോകമാണ് മലയാളിക്കിവയൊക്കെ. മഴ, വെള്ളം, പുഴ തുടങ്ങിയവയൊക്കെ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിത്തീർന്നതെങ്ങനെയാണ്.

കിണറ്റിനുള്ളിൽ വീർപ്പുമുട്ടുന്ന മഴവെള്ളത്തിന്റെ തേങ്ങലുകളാണ് മഴയ്ക്കപ്പുറം എന്ന കവിതയിലെ പ്രതിപാദ്യം. മഴക്കാലത്ത് കിണറ്റിൽ വെള്ളം വർദ്ധിക്കും. അധികം താമസിയാതെ തന്നെ അത് പൂർവസ്ഥിതി പ്രാപിക്കുകയും ചെയ്യും. ഈ യഥാർത്ഥ്യത്തെ അവലംബിച്ചാണ് മഴയ്ക്കപ്പുറം എന്ന കവിത രചിച്ചിട്ടുള്ളത്.

തന്റെ സഹോദരങ്ങൾ ആകാശത്തും ആറ്റിലും കടലിലും ആർത്തുല്ലസിച്ചപ്പോൾ കിണറ്റുവെള്ളത്തിനും ഒരു മോഹം തോന്നി. ഞാറ്റുവേല പെയ്ത്തിലാർത്തുപൊങ്ങി അത് ആകാശം കാണുവാൻ ശ്രമിച്ചു. പക്ഷേ ഫലം നിരാശമാത്രം. ആറ്റിലും ആഴിയിലും പോകാൻ കിണറ്റുവെള്ളത്തിന് സാധിക്കുന്നില്ല. അതിനാലാണ് ആടിമാസക്കറുപ്പിനെ ആഴക്കടൽപോലെ കിണർ അകത്തൊതുക്കിയത്.

“ആടിമാസക്കറുപ്പൊന്നുമാത്രം
ആഴക്കടൽപോലകത്തൊതുക്കാം” - ഈ വർണന ശ്രദ്ധിക്കുക.

പ്രകടമാക്കാൻ കഴിയുന്ന മനുഷ്യഭാവങ്ങൾ തിരമാലകൾ പോലെ തീരത്താഞ്ഞടിച്ച് അതിന്റെ ശമാവസ്ഥയെ പ്രാപിക്കുന്നു. എന്നാൽ തിരമാലകളില്ലാത്ത ഉൾക്കടൽ ഒഴുക്കിന്റെ കയങ്ങളൊരുക്കി അപകടത്തിന്റെ കെണികളായിത്തീരുന്നു. കിണറ്റുവെള്ളത്തിനടിയിൽ കാണുന്ന കറുപ്പ് കർക്കിടകമാസക്കറുപ്പാണെന്നും അത് ആഴക്കടലിനെപ്പോലെ കെണികൾ അകത്തൊരുക്കിയിട്ടുണ്ടെന്നും പറയുന്നതിലൂടെ സങ്കീർണമായ മനുഷ്യ മനസ്സിന്റെ അവസ്ഥയെയാണ് കവി വരച്ചുകാട്ടുന്നത്. കർക്കിടകം നമുക്ക് പഞ്ഞമാസമാണ്. കർക്കിടകക്കഞ്ഞി, രാമായണം വായന മുതലായവയിലൂടെ മനസിനേയും ശരീരത്തേയും നാം സംരക്ഷിക്കാൻ ശ്രദ്ധിക്കുന്ന മാസം. നന്മയുടെ ചെറുതരിപോലും പഴയകാല മലയാളിയുടെ ജീവിതത്തിൽ കർക്കിടകം വിതറുന്നില്ല. പ്രതീക്ഷയറ്റ മനസ്സിനേയും അത് നിലനിർത്തുന്ന അപായത്തേയും ഈ വരികൾ വ്യംഗ്യമായി സൂചിപ്പിക്കുന്നു. ഓർമകളുടെ ഓളമോ താളമോ ഇല്ല. പാറപ്പുറത്തു കയറി ചാടിത്തിമർക്കാൻ കിണറ്റിൽ കയങ്ങളുമില്ല. വെള്ളാരങ്കല്ലും പരൽമീൻ കിലുക്കവും അവിടെയില്ല. ആരുമില്ലാതെ പകലും രാത്രിയും കഴിഞ്ഞുപോയി. പാരിജാതത്താൽ സുഗന്ധപൂരിതമായ പകൽക്കാറ്റുകൾ മാത്രമാണ് സ്നേഹസാക്ഷിയായി ഉണ്ടായിരുന്നത്. ഇലകളിൽ നിന്നു മുത്തുതുള്ളികൾ പോലെ വീഴുന്ന മഞ്ഞുതുള്ളിയുടെയും ചീവീടുകളുടെയും ശബ്ദംമാത്രമാണ് കൂട്ടിനുള്ളത്. ആകാശ നക്ഷത്രങ്ങൾ വൃക്ഷശിഖരത്തിനിടയിൽ തെളിഞ്ഞുനിൽക്കുന്ന രാത്രിയിൽ കിണറ്റുവെള്ളം തന്റെ മനസ്സിന്റെ തേങ്ങലുകൾ പിടിച്ചടക്കി വീർപ്പടക്കിക്കൊണ്ട് ഒതുങ്ങി നിന്നു. ദുഃഖസാന്ദ്രമായ മനസ്സിൽ നിന്ന് അസംഖ്യം ദീപ്തനക്ഷത്രങ്ങൾ വിണ്ണിലേക്കു നോക്കി.

മഴ, കിണർ, വെള്ളം, ഞാറ്റുവേലപ്പെയ്ത്ത് മുതലായ മഴയനുഭവങ്ങളിലൂടെ കവി ഈ കവിതയിൽ ആവിഷ്കരിക്കുന്നതെന്താണ്? സ്വതന്ത്രമായി ജീവിക്കാൻ കഴിയാതെ വരുന്ന ഒരാളുടെ മാനസിക സംഘർഷങ്ങളല്ലേ ഈ കവിതയിലൂടെ ആവിഷ്കരിക്കപ്പെടുന്നത്? അതിനെന്തൊക്കെ തെളിവുകളാണ് കവിതയിൽ നിന്നു കണ്ടെത്താനാവുക? കണ്ടെത്തലുകൾ ഉൾപ്പെടുത്തി അധ്യാപിക ഒരു ആസ്വാദനകുറിപ്പ് തയ്യാറാക്കണം.

- വടക്കൻ പാട്ടിലെ കുറച്ച് വരികൾ ഗ്രൂപ്പുകൾക്ക് നൽകുന്നു. ഗ്രൂപ്പുകൾ താളത്തിൽ വായിച്ച് അവതരിപ്പിക്കട്ടെ. തുടർന്ന് വടക്കൻ പാട്ടുകളുടെ സവിശേഷതകൾ ലഘുവായി അധ്യാപികയ്ക്ക് ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്.

തുടർന്ന് മഴയ്ക്കപ്പുറം എന്ന കവിതയുടെ താളം ഇതിനു സമാനമാണോയെന്ന് കുട്ടികൾ പരിശോധിക്കട്ടെ. വ്യത്യസ്തമായ താളങ്ങൾ കണ്ടെത്താനും അവതരിപ്പിക്കാനും നിർദേശിക്കണം. അവതരണങ്ങൾക്കുശേഷം മികച്ച ഗ്രൂപ്പിനെ അവർ തന്നെ കണ്ടെത്തട്ടെ.

- കിണറ്റിൽ അകപ്പെട്ടുപോയ മഴത്തുള്ളിയുടെ വീർപ്പുമുട്ടലുകളാണല്ലോ ഈ കവിതയിലെ പ്രതിപാദ്യം. എന്തെല്ലാം പരിമിതികളാണ് കിണറ്റുവെള്ളം അനുഭവിക്കുന്നത്? കവിത പരിശോധിച്ച് കണ്ടെത്തുക? കുട്ടികൾ ഗ്രൂപ്പായോ വ്യക്തിഗതമായോ കിണറ്റുവള്ളത്തിന്റെ പരിമിതികൾ കണ്ടെത്തട്ടെ. ഓരോ ആശയം വീതം അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണം.
    - ആറ്റിൽ പതിക്കാനാവസരമില്ല;
    - സമുദ്രത്തിൽ പോകാൻ കഴിയുകയില്ല.
    - ഓളങ്ങളും ഓർമയുടെ താളവും ഇല്ല.
    - നീരൊഴുക്കിന്റെ തിളക്കം ഇല്ല.
    - പാറക്കെട്ടുകളും അവയ്ക്കിടയിലെ കയങ്ങളുമില്ല.

- വെള്ളാരങ്കല്ലുകളുടെ പരൽമീൻ തിളക്കം.
- കൊമ്പനാനകളുടെ മുങ്ങിക്കിടക്കലുകളോ സാമീപ്യമോ ഇല്ല.
- അസ്തമയ സൂര്യന്റെ കിരണങ്ങളാൽ പ്രകാശപൂരിതമാകുന്നില്ല.

ഈ ആശയങ്ങൾ വച്ചുകൊണ്ട് കിണറ്റിൽ പതിച്ച മഴവെള്ളത്തിന്റെ വീർപ്പുമുട്ടലുകൾ ഡയറി ക്കുറിപ്പാക്കി മാറ്റാൻ കുട്ടികളോട് ആവശ്യപ്പെടാം.

ജീവിതത്തിന്റെ വിവിധ അവസ്ഥകളെയാണ് ഇവിടെ കവി സൂചിപ്പിക്കുന്നത്. പരുക്കൻ അനുഭ വങ്ങൾ, ചതികൾ, ഹൃദ്യമായ അനുഭവങ്ങൾ, പരസ്പര ബന്ധത്തിന്റെ നിർവൃതികൾ, മുതലാ യവയെല്ലാം ചേരുമ്പോഴാണ് ജീവിതം അർഥവത്താകുന്നത്. സുഖദുഃഖ സമ്മിശ്രമായ ജീവി തത്തെ അറിയുന്നതിനുള്ള ജീവിതാവസ്ഥപ്രാപിക്കാനാണ് കിണറ്റുവെള്ളവും ആഗ്രഹിക്കുന്ന ത്. (കെ.ജി. ശങ്കരപ്പിള്ളയുടെ 'കിണർ' എന്ന കവിത കുട്ടികൾക്ക് വായനയ്ക്ക് നൽകാവുന്ന താണ്.)

ഈ ആശയങ്ങളിലേക്ക് കുട്ടികളെ എങ്ങനെയാണ് എത്തിക്കാനാവുക. കഴിഞ്ഞ പ്രവർത്തന ത്തിൽ കണ്ടെത്തിയ കിണറിന്റെ പരിമിതികൾ മനുഷ്യവ്യവസ്ഥയായി കാണാൻ കഴിയുമോ യെന്ന് ഗ്രൂപ്പുകൾ പരിശോധിച്ച് അവതരിപ്പിക്കുന്നതിലൂടെയും അധ്യാപികയുടെ കൂട്ടിച്ചേർക്ക ലുകളിലൂടെയുമാണ് ആശയവ്യക്തത വരുത്തേണ്ടത്.

"മഞ്ഞത്തെച്ചിപൂങ്കുലപോലെ
മഞ്ജിമ വിടരും പുലർകാലേ
നിന്നു ലളിതേ നീയെൻ മുന്നിൽ
നിർവൃതി തൻ പൊൻ കതിർപോലെ"

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'മനസ്വിനി' എന്ന കാവ്യത്തിലെ ഈ വരികൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. എന്താണ് ഈ വരികളിലൂടെ കവി പറയുന്നത്? പൊതു ചർച്ച

'മഞ്ജിമ വിടരുന്ന പുലർകാലത്ത് നീ എന്റെ മുന്നിൽ നിന്നു' എന്നാണ് കവിക്ക് പറയാനുള്ളത് എന്നാൽ പറഞ്ഞുനോക്കൂ. മഞ്ഞതെച്ചിപൂങ്കുലപോലെ മഞ്ജിമവിടരുന്ന പ്രഭാതത്തിൽ നിവൃ തിയുടെ പൊൻ കതിർപോലെ നീ എന്റെ മുന്നിൽ നിന്നു. ഇപ്രകാരം പറയുന്നതുകൊണ്ട് എന്തു മെച്ചമാണുണ്ടാകുന്നത്. വർണിക്കുന്ന വസ്തുവിന്റെ ഗുണസവിശേഷതകളെ ഇത്തരം സാദൃശ്യപ്പെടുത്തലുകളിലൂടെ വെളിപ്പെടുത്താൻ കവികൾക്ക് സാധിക്കുന്നു. ഇവിടെ എന്തെല്ലാം ഗുണസവിശേഷതകളാണ് വെളിപ്പെടുന്നത്. പ്രഭാതത്തിന്റെ മഞ്ഞപ്പ്, നൈർമല്യം, മുതലായ ഗുണങ്ങൾ ഒന്നാമത്തെ സാദൃശ്യപ്പെടുത്തലിലൂടെ സാധിക്കുന്നു. നിർവൃതിയുടെ പൊൻക തിർ എന്ന സാദൃശ്യപ്പെടുത്തൽ എന്തെല്ലാം ഗുണസവിശേഷതകളാണ് വ്യക്തമാക്കുന്നത്? അവൾ കതിരുപോലെയായിരുന്നു എന്നു പറയുമ്പോൾ മെലിഞ്ഞവളും നമ്രശിരസ്കയുമായ ഒരു യുവതിയുടെ ചിത്രം കിട്ടുന്നില്ലേ? നിർവൃതിയുടെ പൊൻ കതിർ എന്നുപറയുമ്പോൾ വർണിക്കപ്പെടുന്നവളുടെ ആന്തരിക സൗന്ദര്യത്തെയും വെളിപ്പെട്ടുകിട്ടുന്നു. ഇവിടെ മൂർത്ത മായ രണ്ടുവസ്തുക്കളെയാണ് അവയുടെ വിവിധ സവിശേഷതകൾ വെളിപ്പെട്ടുകിട്ടാൻ വേണ്ടി മറ്റ് രണ്ടെണ്ണത്തോട് സാദൃശ്യപ്പെടുത്തിയത്. 'മഞ്ഞത്തെച്ചി' നമുക്ക് പരിചിതമായ ഒന്നാണ്. പൊൻകതിരും അതുപോലെ തന്നെ. എന്നാൽ നിർവൃതിയുടെ പൊൻകതിരെന്താണ്? നിർവൃ തിയെന്ന അമൂർത്താവസ്ഥയും പൊൻകതിരെന്ന മൂർത്താവസ്ഥയും ചേർന്ന് അമൂർത്തമായ മറ്റൊന്നാകുമ്പോൾ അർഥ നിർമാണത്തിന്റെ പുതിയ തലങ്ങൾ ആസ്വാദകന് ലഭിക്കുന്നു. ഒരു വസ്തുവിന്റെ വർണനാതീതമായ ഭാവത്തെ സുവ്യക്തമാക്കാൻ മൂർത്തമോ അമൂർത്തമോ ആയ മറ്റ് വസ്തുക്കളുമായി സാദൃശ്യപ്പെടുത്താറുണ്ട് എന്ന ധാരണ കുട്ടികളിൽ രൂപപ്പെടുത്തണം.

ഇതുപോലെയുള്ള വരികൾ കവിതയിൽ നിന്നു കണ്ടെത്തി കുട്ടികൾ അവതരിപ്പിക്കട്ടെ. വാക്കുകൾക്കതീതമായി ഈ വരികളിലൂടെ വെളിപ്പെടുന്ന അർഥതലങ്ങൾ എന്തൊക്കെയാണ്. ഗ്രൂപ്പു ചർച്ച, അവതരണങ്ങൾ. പാഠാപഗ്രഥനത്തിലെ വിശദീകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് അധ്യാപിക ചർച്ചകളിൽ പങ്കാളിയാവുകയും ആശയങ്ങൾ കൂട്ടിച്ചേർക്കുകയും വേണം.

- കുട്ടികളുടെ ചിന്തയെ ഉണർത്തുന്ന ചിലചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഈ പ്രവർത്തനം ആരംഭിക്കണം. "ദീപ്ത നക്ഷത്രങ്ങൾ വിൺതുറന്നു" എന്നാണല്ലോ കവിത അവസാനിക്കുന്നത്? കിണറ്റുവെള്ളത്തിന്റെ നിരാശാപൂർണമായ ജീവിത ബോധത്തിലാണോ കവിത അവസാനിക്കുന്നത്?

നക്ഷത്രങ്ങൾ പുതുമയുടെയും നന്മയുടെയും പ്രതീക്ഷയുടെയും പ്രതീകമാണ്. ദുഃഖ പൂർണമായ ജീവിതത്തിനകത്തും അന്തമില്ലാത്ത പ്രതീക്ഷകൾ പൂത്തിറങ്ങുകയാണ് ചെയ്യുന്നത്. ജീവിതം ആഗ്രഹങ്ങളുടെ ശവപ്പറമ്പാകുമ്പോഴും പ്രതീക്ഷയുടെ വെള്ളിവെളിച്ചമാണ് അതിനെ മുന്നോട്ടുനയിക്കുന്നത്. തുടർന്ന് "മാമരപ്പച്ചപകത്തുമാറ്റി,........ വിൺതുറന്നു" ഈ വരികളിലെ പ്രതീക്ഷയും നിരാശയും കുട്ടികൾ ചർച്ച ചെയ്യട്ടെ. അതിനുശേഷം കവിതയ്ക്ക് ആസ്വാദനം തയാറാക്കാനാവശ്യപ്പെടണം.

- ലേഖന ഭാഗത്തുള്ള ഒന്നോ രണ്ടോ ആശയങ്ങൾ അധ്യാപിക ബോർഡിൽ കുറിക്കുന്നു. യൂണിറ്റാരംഭത്തിൽ അധ്യാപിക തയാറാക്കിയ ഒന്നോ രണ്ടോ ആശയങ്ങളാണ് ഇവിടെ ഉപയോഗിക്കേണ്ടത്. ലേഖനത്തിലെ രണ്ടാശയമാണിത്. ഇതുപോലെ ലേഖനത്തിലെ ആശയങ്ങൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം കണ്ടെത്തിയവ ബോർഡിൽ കുറിക്കണം. ലഘു വിശദീകരണവും ആവാം.
- 'അത്യാർത്തിയുടെ അലംഭാവപൂർണമായ സാങ്കേതികതയുടെയും പ്രകൃതിക്കു നൽകാവുന്നതിലേറെ എടുക്കുന്നതിന്റെയും കഥകളാണ് ഓരോ ജലക്ഷാമത്തിന്റെയും പിന്നിലുള്ളത്.' ഈ ആശയത്തിന് യോജിക്കാത്തവ ബോർഡിൽ നിന്ന് ഒഴിവാക്കുന്നു. ഇതിനനുഗുണമായ പുതിയ ആശയങ്ങൾ നിർദേശിക്കാമോ? വിദ്യാർത്ഥികളും അധ്യാപികയും ആശയങ്ങൾ കൂട്ടിച്ചേർക്കുന്നു. തുടർന്ന് ഈ ആശയങ്ങൾ ഉപയോഗിച്ച് ഉപന്യാസം തയാറാക്കാൻ നിർദേശിക്കുന്നു. ആശയങ്ങളുടെ മുൻ-പിൻ ക്രമം, ഖണ്ഡികാകരണം, മുതലായ ഉപന്യാസ സവിശേഷതകൾ ഒരു ലഘുചർച്ചയിലൂടെ കുട്ടിയെ ഓർമിപ്പിക്കണം.
- ലേഖനാരംഭത്തിലെ ചിത്രവും യൂണിറ്റാരംഭത്തിലെ ലഘുകഥയും നൽകുന്ന ആശയം സമാനമാണോ? ലഘുചർച്ചയ്ക്ക്ശേഷം കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ. തന്റെ ജീവനടക്കമുള്ള സർവസ്വവും നിലനിർത്തിപ്പോരുന്ന ജലം മത്സ്യത്തിന്റെ സംസ്കാരവും ഊർജവുമാണ്. അത് നിയന്ത്രിതക്രമത്തിലൂടെ ജീവന്റെ നിലനില്പിനുമാത്രമായിത്തീരുമ്പോൾ നഷ്ടപ്പെടുന്നത് ഏതൊന്നിന്റെയും സ്വത്വം തന്നെയാണ്.

## എഡിറ്റോറിയൽ

- കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ പത്രം വീതം നല്കുന്നു. പത്രം പൂർണമായും പരിശോധിക്കാൻ ആവശ്യപ്പെടുന്നു. പത്രത്തിൽ എന്തെല്ലാം വിഭവങ്ങളാണുള്ളത്. ഗ്രൂപ്പുകൾ ലിസ്റ്റ്ചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ. വാർത്ത, എഡിറ്റോറിയൽ, കായികം, .... അധ്യാപിക ബോർഡിൽ കുറിക്കുന്നു. പത്രാധിപക്കുറിപ്പ് (എഡിറ്റോറിയൽ) ഗ്രൂപ്പുകളോട് സൂക്ഷ്മമായി പരിശോധിക്കാനവശ്യപ്പെടുന്നു. ഒരു പത്രാധിപകുറിപ്പുകൂടി പരിശോധനയ്ക്ക് നൽകുന്നത് നല്ലതാണ്. പത്രാധിപകുറിപ്പിനുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തൊക്കെയാണ്? ഗ്രൂപ്പുകൾ കണ്ടെത്തുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണം ബോർഡിൽ കുറിക്കുന്നു. പ്രസക്തമല്ലാത്തവ ചർച്ചചെയ്ത് ഒഴിവാക്കാനും കുട്ടികൾ കണ്ടെത്താത്ത പ്രസക്തമായ കാര്യങ്ങൾ കൂട്ടിച്ചേർക്കാനും അധ്യാപിക ശ്രദ്ധിക്കണം.

പത്രാധിപകുറിപ്പുകളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്.

- സമകാലിക സംഭവത്തെ അടിസ്ഥാനമാക്കിയാണ് പത്രാധിപക്കുറിപ്പ് രൂപപ്പെടുന്നത്.
- പ്രസ്തുത വിഷയത്തോടുള്ള പത്രത്തിന്റെ നിലപാട് വെളിപ്പെടുത്തുന്നു.
- വിഷയത്തെ ആഴത്തിൽ പഠിക്കാനും തങ്ങളുടെ നിലപാടുകൾക്കനുസരിച്ച് അപഗ്രഥിച്ച് അവതരിപ്പിക്കാനും ശ്രദ്ധിക്കുന്നു.
- വിഷയത്തെക്കുറിച്ചുള്ള സാമാന്യ ധാരണ ഏതൊരു വായനക്കാരനും ലഭിക്കുന്നു.
- ആകർഷകമായൊരു തലക്കെട്ട്
- ലളിതവും വസ്തുതാപരവുമായ ഭാഷ.
- 

തുടർന്ന് ലോകജലദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള എഡിറ്റോറിയൽ വ്യക്തിപരമായി എഴുതാൻ ആവശ്യപ്പെടാം. ഗ്രൂപ്പിൽ അവതരിപ്പിക്കൽ, മികച്ചവ പൊതുവായി അവതരിപ്പിക്കൽ, മെച്ചപ്പെടുത്തൽ, ഭാഷാപരമായ എഡിറ്റിംഗ് എന്നിവ നടത്താൻ അധ്യാപിക ശ്രദ്ധിക്കണം.

- ഒരു ദിവസം നാം എത്രലിറ്റർ ജലം ഉപയോഗിക്കും. കുട്ടികൾ വ്യക്തിപരമായി കുറിക്കട്ടെ. രാവിലെ എഴുന്നേൽക്കുന്നതുമുതൽ ഉറങ്ങുന്നതുവരെ എത്രലിറ്റർ ജലം ഉപയോഗിക്കും.

കുട്ടികൾ ഓരോരോ കാര്യങ്ങൾക്കും ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് എഴുതട്ടെ. എത്ര ലിറ്റർ? ഏതാനും കുട്ടികളുടെ അവതരണം. ഒരു ശരാശരി കണക്ക് സ്വീകരിക്കുന്നു. സ്കൂൾ പൈപ്പിൽ നിന്നു നാം കുടിക്കുന്ന വെള്ളം എത്ര? ചോർന്ന്പോകുന്നതെത്ര? കണക്കുകൾ ഒരു മാസം, ഒരുവർഷം, ഒരായുസ്സ് എന്നിങ്ങനെ പെരുപ്പിച്ച് കാട്ടാവുന്നതാണ്. ജലസംരക്ഷണത്തിന്റെ ആവശ്യകതയിലേക്ക് കുട്ടികളുടെ ബോധത്തെ നയിക്കണം. അതിനുശേഷം നമ്മുടെ ജലവിനിയോഗകേന്ദ്രങ്ങൾ നിരീക്ഷിക്കാനാവശ്യപ്പെടാം-സ്കൂളിലെ കുടിവെള്ളപൈപ്പ്, അടുക്കള മുതലായവ. ഗ്രൂപ്പുകളായി നിരീക്ഷിക്കുന്നതാവും ഉചിതം. അനുയോജ്യമായ ടൂളുകൾ ഉപയോഗിച്ചാവണം കുട്ടികൾ നിരീക്ഷിക്കേണ്ടത്. ഉദാഹരണത്തിന് ഒരു കുടിവെള്ള കേന്ദ്രത്തിൽ ഒരു ദിവസം എത്രകുട്ടികൾ വെള്ളം കുടിക്കുന്നു. 500 കുട്ടികൾ എന്നിരിക്കട്ടെ. ഓരോകുട്ടിയും കുടിക്കുന്ന ജലം 250 മില്ലി ലിറ്റർ ഓരോ കുട്ടിയും പാഴാക്കുന്ന ജലം 200 മില്ലി ലിറ്റർ.

യഥാർത്ഥ ഉപയോഗം - 125 ലിറ്റർ

പാഴാക്കുന്ന ജലം - 100 ലിറ്റർ

ഇതിനെന്താണ് പരിഹാരം? കുടിക്കാൻ ഗ്ലാസ്സുപയോഗിച്ചാലോ? ഈ വിധം കുട്ടികളെ പരിഹാര മാർഗങ്ങളിലേക്ക് കൊണ്ടെത്തിക്കുകയും അതിനനുയോജ്യമായ പോസ്റ്റർ, നോട്ടീസ് മുതലായവ നിർമിച്ച് കുട്ടികളെക്കൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുപ്പിക്കുകയും വേണം.

### റഫറൻസ്


1. കൈരളിയുടെ കഥ - എൻ.കൃഷ്ണപിള്ള
2. ലോകജലയുദ്ധങ്ങൾ - ഡോ.വന്ദനശിവ (വിവ. ഐ.വി.ബാബു)
3. എന്റെ പരദൈവങ്ങൾ - എസ്.വി.വേണുഗോപൻ നായർ


### പഞ്ചാരമാവ് വീണു

സംഭവബഹുലമായ ആ കാലത്തെപ്പറ്റി ഓർക്കുകയാണിപ്പോഴും. പഴയ സ്മരണകളിലൂടെ ഒഴുകിപ്പോകുമ്പോൾ എന്റെ കണ്ണുകൾ പലപ്പോഴും നനയാറുണ്ട്. ഇപ്പോൾ ഓർക്കുന്നത് പഞ്ചാരമാവിനെപ്പറ്റിയാണ്. പഞ്ചാരമാവിന്റെ ചുവട്ടിൽ സമ്മേളിക്കാറുള്ള ഒരു സുഹൃത്

സംഘമുണ്ടായിരുന്നു. ആ സുഹൃത്സംഘത്തിലെ അംഗങ്ങളെല്ലാം ഇന്നു ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുകയാണ്.

ഒരാൾ പേർഷ്യയിലെ ഏതോ എണ്ണക്കമ്പനിയിൽ, മറ്റൊരാൾ മലയയിൽ, ചിലർ പട്ടാളത്തിൽ, ഹോട്ടലിൽ, ഫാക്ടറികളിൽ, ജീവിതത്തിന്റെ നാനാതുറകളിലുമായങ്ങനെ പരന്നുകിടക്കുന്നു. ലക്ഷക്കണക്കിനു സമ്പാദിച്ച സ്നേഹിതന്മാരുണ്ട്; ജീവിക്കാൻ വേണ്ടി റെയിൽവേസ്റ്റേഷനിൽ പെട്ടിയെടുത്തു നടക്കുന്നവരുമുണ്ട്.

മറക്കാൻ വയ്യാത്ത ഒരു ചിത്രം മുന്നിലേക്കു വരുന്നു! ചാത്തംകുറത്തെ പരമു. പുളിക്കൽക്കടവു നീന്തിയാണ് പരമു നാടുവിട്ടുപോയത്. അതും എടവപ്പാതിക്കാലത്ത് പുഴ തികട്ടിനിൽക്കുമ്പോൾ. പരമു പുഴ നീന്തിക്കടക്കുന്നത് കണ്ടവരുണ്ടത്രേ. പരമു ഒഴുക്കിൽപ്പെട്ടു മുങ്ങിത്തുടിക്കുന്നതും കണ്ടവരുണ്ട്. ഇതിലേതാണ് വിശ്വസിക്കേണ്ടത്? ഞാനിന്നും വിശ്വസിക്കുന്നു, പരമു മരിച്ചിട്ടില്ലെന്ന്. എന്റെ സ്നേഹിതൻ ഈ ലോകത്തിന്റെ ഏതോ ഒരു കോണിൽ ജീവിച്ചിരിപ്പുണ്ടെന്നാണെന്റെ വിശ്വാസം. തെറ്റോ, ശരിയോ, തിട്ടപ്പെടുത്താൻ വയ്യ. പരമു നാടു വിട്ടു പോകുമ്പോൾ കൈയിലുണ്ടായിരുന്നത് അഞ്ചരയണയാണ്. അമ്പത്തഞ്ചു തേങ്ങയുടെ ചകിരി വിറ്റ പണം, പരമുവിന്റെ അമ്മാമൻ ഗോപാലൻനായർക്ക് തേങ്ങാക്കാരൻ അന്തോണി കൊടുക്കാനുണ്ടായിരുന്നു. ആ കാശും വാങ്ങിയാണ് ഇഷ്ടൻ നാടു വിട്ടത്. പരമു നാടുവിട്ടതിനേക്കാൾ ഖേദം ഗോപാലൻ നായർക്കിന്നും ആ അഞ്ചരയണ പോയതിലാണ്. ഇപ്പോഴും എന്നെക്കണ്ടാൽ ഗോപാലൻനായർ ആ അഞ്ചരയണയുടെ കഥ പറയും. “ഉണ്ണിഷ്ണാ, അവനാ അഞ്ചരയണയുംകൊണ്ടു കടന്നുകളഞ്ഞല്ലോ.”– അങ്ങനെയാണ് ആ കഥ ആരംഭിക്കാറ്.

“അതൊന്നും സാരല്യ കാർന്നോരെ; അഞ്ചരയണയുംകൊണ്ടു പോയ പരമു ഒരു പക്ഷേ, അഞ്ചരലക്ഷംകൊണ്ടാവും വര്വാ; ആൺകുട്ടികളാണ്. ഒന്നും കാലേക്കൂട്ടി വിധിയെഴുതിക്കൂടാ.” ഒരാണെന്ന നിലയ്ക്ക് എനിക്കു ഗോപാലൻനായരോട് അതു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ.

പരമുവിനെപ്പോലെ ഒളിച്ചോടിപ്പോയ മറ്റൊരുവന്റെ കഥ എനിക്കറിയാം. കൂത്തുണുക്കി റപ്പായിയുടെ മകൻ പറഞ്ചു പോകുമ്പോൾ പോക്കറ്റിലുണ്ടായിരുന്നത് രണ്ടു ഗോട്ടിയും ഒരു റാണിത്തല മുക്കാലുമായിരുന്നു.

പോയിട്ട് ഇരുപത്തിയൊന്നു കൊല്ലം കഴിഞ്ഞാണ് തിരിച്ചുവന്നത്. വന്ന ദിവസം ‘സംഭവബഹുല’ മായിരുന്നു. ഓശാനപ്പെരുന്നാളായിട്ട് നാഴിയരി അടുപ്പത്തിടാനെന്തു മാർഗം എന്നു കരുതി കണ്ണുനീർ വാർക്കുമ്പോഴാണ് നാലു പെട്രോമേക്സും, ഏഴു കൂലിക്കാർക്ക് എടുത്താൽ പൊന്താത്ത സമാനങ്ങളുമായി പറഞ്ചു പെനാങ്കിൽ നിന്നു വന്നത്. പെട്രോമേക്സിന്റെ തുളച്ചുകയറുന്ന വെളിച്ചം കണ്ടപ്പോൾ റപ്പായി നെഞ്ചത്തു കൈവെച്ച് ഈശോമിശിഹാവിന്നു സ്തുതി ചൊല്ലി ചെറ്റവാതിലടച്ചു ഭദ്രമാക്കുകയായിരുന്നു. റപ്പായി കരുതിയത് തീവെട്ടിക്കൊള്ളക്കാരുടെ വരവാണെന്നാണ്. അക്കാലത്ത് അറമുറിയൻ ഇബ്രാഹിം കളവു തുടങ്ങിയകാലമായിരുന്നു.

രാത്രി വന്നു ചെറ്റവാതിൽക്കൽ തട്ടിക്കൊണ്ടു പറഞ്ചു വിളിച്ചു: “അപ്പാ, അപ്പാ, വാതിലു തൊറക്ക്.”

പുരയ്ക്കു വാതിൽ ഇല്ലാത്തതുകൊണ്ട് ആ അപ്പൻ അന്ധാളിച്ചു നിൽക്കുകയായിരുന്നു. മണിക്കൂറൊന്നു കഴിഞ്ഞതിനു ശേഷമാണ് ചെറ്റ വാതിൽ തുറന്നത്. പിന്നെ പെങ്ങന്മാരും അപ്പനും അമ്മയും മകനും കൂടി ഒരുമിച്ചുള്ള കൂട്ടനിലവിളിയായിരുന്നു. ആനന്ദത്തിന്റെ കടപൊട്ടിയൊഴുകിയ ഹൃദയത്തിന്റെ ശബ്ദം. ആകാശവും ഭൂമിയും തൊട്ടുനിൽക്കുന്ന ഗന്ധർവന്റെ പ്രതീതിയാണ് റപ്പായിക്കു മകന്റെ അദ്ഭുതാവഹമായ വളർച്ചയിൽ അനുഭവപ്പെട്ടത്.

നാട്ടിലുള്ള സർവ ആളുകളേയും ക്ഷണിച്ചുവരുത്തി പറഞ്ചു നടത്തിയ ഓശാനപ്പെരുന്നാള് ഞങ്ങളുടെ ഗ്രാമത്തിലെ മഹോത്സവങ്ങളിൽ ഒന്നായിരുന്നു.

ഇരുപത്തൊന്നു കൊല്ലം മുമ്പ് തന്റെ മകൻ മരിച്ചുവെന്നു റപ്പായി ആത്മാർത്ഥമായും വിശ്വസിച്ചിരുന്നു. പറഞ്ചുവിന്റെ സ്മരണകളെപ്പോലും വിസ്മരിച്ചിരുന്ന ഒരു കാലത്തിലാണ് തിരിച്ചു

വരവ്. ആ രംഗം കണ്ടു മറന്നിട്ടില്ലാത്ത എന്റെ കുഗ്രാമം പരമുവിന്റെ വരവു പ്രതീക്ഷിക്കുന്നതിൽ തെറ്റുണ്ടോ? ഓർക്കാപ്പുറത്തു പലതും സംഭവിക്കുന്നു.

കൂട്ടത്തിൽ ഒരു ബാല്യകാലസഖിയുടെ കഥയും ഓർമ വരുന്നു.

അമ്മിണി! തെക്കിനിയേടത്തെ അമ്മിണി ഇന്നു ജീവിച്ചിരുപ്പുണ്ടെങ്കിൽ ഇരുപത്തിനാലു വയസ്സാണ്. പതിനഞ്ചാമത്തെ വയസ്സിലാണ് അമ്മിണി മരിച്ചത്. തുടുത്ത് ഉരുണ്ടൊരു പെൺകുട്ടി! രാത്രി പഞ്ചാരമാങ്ങ പെറുക്കാൻ വന്നതാണ്. അപ്പോഴുണ്ട് വായിൽ തീയ്യുമായൊരു സ്ത്രീ നിൽക്കുന്നു.

ആരാ അത് എന്നു അമ്മിണി ചോദിച്ചപ്പോൾ വായ തുറന്ന് ആ സ്ത്രീയൊന്ന് പൊട്ടിച്ചിരിച്ചു. അപ്പോൾ ഉലയിൽനിന്നെന്നവണ്ണം തീജ്ജ്വാല ഉയരുകയായിരുന്നു. ഊട്ടുപുരമാവിന്റെ മുകളിൽ തൂങ്ങിമരിച്ച കിഴക്കേടത്തെ മാധവിയുടെ പ്രേതമായിരുന്നുവത്രേ അത്.

അമ്മിണി അയ്യോ എന്ന് ഉറക്കെ നിലവിളിക്കലും, കമഴ്ന്നടിച്ചു വീണതും ഒരുമിച്ചായിരുന്നു. നിലവിളി കേട്ടു ചെന്നു നോക്കിയപ്പോൾ വണ്ണൻ വാഴ വെട്ടിയിട്ടതുപോലെ അമ്മിണി കിടക്കുന്നു. വായിൽനിന്നു ചോരയും പതയും ചാടിയിരുന്നു. നേരത്തോടു നേരം എത്തിയില്ല, അമ്മിണി മരിച്ചു. അതിൽ പിന്നെ രാത്രികാലത്ത് പഞ്ചാരമാവിന്റെ ചുവട്ടിലേക്കു മനുഷ്യൻ സ്മരിക്കുകയില്ല.

പഞ്ചാരമാവ് എല്ലാക്കൊല്ലവും മുടങ്ങാതെ കായ്ക്കും. കൊമ്പ് മാങ്ങകളെക്കൊണ്ട് കനം തൂങ്ങിയാൽ കുനിഞ്ഞുനിൽക്കും. അറ്റവേനലിൽ പഞ്ചാരമാങ്ങ പഴുത്തു വീഴാൻ തുടങ്ങും. പകലൊക്കെ കുട്ടികൾ വന്നുകൂടും മാവിൻ ചുവട്ടിൽ. ഉണ്ണിപ്പുരയും വെച്ചുകെട്ടി ദാമ്പത്യജീവിതം അഭിനയിക്കുന്ന കൊച്ചു മാതാപിതാക്കന്മാർ അവിടെ ഇപ്പോഴും വന്നുകൂടാറുണ്ട്. കാലം അനുസ്യൂതമായൊഴുകുന്നു.

രാത്രികാലത്താണ് പഞ്ചാരമാമ്പഴം കൂടുതൽ ഉതിർന്നുവീഴുക. ആരും പോകില്ല. ഒരിക്കൽ പാതിരനേരത്തു വീട്ടിലെ രണ്ടാം നിലയുടെ മുകളിലിരുന്നു പഞ്ചാരമാവിന്റെ ചുവട്ടിലേക്കു നോക്കി. അപ്പോൾ തീപ്പൊട്ടിയായി മാറിയ കിഴക്കേടത്തെ മാധവി കുനിഞ്ഞുനിന്നു മാമ്പഴം പെറുക്കി കൂട്ടുകയായിരുന്നു. "ഒന്നേ, പത്ത്, ഒന്നേ, പത്ത്..." അങ്ങനെ ഈണത്തിൽ എണ്ണുകയായിരുന്നു. കിഴക്കേടത്ത് മാധവിക്ക് അൽപം കൊഞ്ഞലുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം തീപ്പൊട്ടിക്കും കൊഞ്ഞൽ. ഭയംകൊണ്ട് കണ്ണ് ഇറുക്കിയടച്ചു. എന്നിട്ടു മെല്ലെ മുത്തശ്ശിയുടെ അരികിൽ പോയി. അവരെ അണച്ചുപൂട്ടി. തീപ്പൊട്ടിയെ നേരിട്ടു മുഖത്തോടു മുഖം കണ്ടാൽ നേരത്തോടു നേരം ജീവിക്കുകയില്ല. തെക്കിനിയേടത്തെ അമ്മിണിയുടെ ഗതിവരരുതെന്നാഗ്രഹമുണ്ടായിരുന്നു. വീണ്ടും പഞ്ചാരമാവിന്റെ ചുവട്ടിലേക്കുതന്നെ സ്മരണ ഇഴഞ്ഞു പോകുന്നു. തെക്കിനിയേടത്തെ അമ്മിണിയെ ശ്രീധരേട്ടൻ കല്യാണം കഴിക്കാൻ തീർച്ചപ്പെടുത്തിയതായിരുന്നു. അമ്മിണി മരിച്ചതറിഞ്ഞപ്പോൾ ശ്രീധരേട്ടൻ വടക്കിനിയിലിരുന്നു വിങ്ങി വിങ്ങി കരയുന്നതു കണ്ടു.

ആ കാഴ്ച കാണാൻ എനിക്കു വയ്യായിരുന്നു. പഞ്ചാരമാവിന്റെ പഴക്കം ഒരു മൂന്നു നൂറ്റാണ്ടോളം കാണും. ആ മാവിൻതൈ കൊണ്ടുവന്നു നട്ടത് ഈച്ചരമ്മാമനായിരുന്നു. ഈച്ചരമ്മാമന്റെ കാലം ഞങ്ങളുടെ തറവാട്ടിന്റെ സുവർണകാലമാണ്. മാനവിക്രമസാമൂതിരിപ്പാടു തമ്പുരാന്റെ ചാവേരനായന്മാരുടെ തലവനായിരുന്നു ഈച്ചരമ്മാമൻ. ഈച്ചരമ്മാമന്റെ വാളും പരിചയും ഇന്നും മച്ചിനകത്തിരിപ്പുണ്ട്. അവിടെ വെള്ളിയാഴ്ച ദിവസം ഇന്നും നൈത്തിരി കത്തിച്ചു കാണിക്കാറുണ്ട്.

ഈച്ചരമ്മാമന് കൊല്ലത്തിലൊരിക്കലിന്നും ശാക്തേയപൂജ കൊടുക്കാറുണ്ട്. കത്തിച്ചാൽ കത്തുന്ന ചാരായവും വെന്ത കോഴിയിറച്ചിയും അങ്ങോർക്കു വളരെ പത്ഥ്യമാണ്. ഇപ്പോഴും ശാക്തേയ പൂജദിവസം അതൊക്കെ വിളമ്പും.

ഈച്ചരമ്മാമൻ കോഴിക്കോടു സാമൂതിരിക്കോവിലകത്തായിരുന്നു താമസം. കൊല്ലത്തിൽ രണ്ടു തവണയേ തറവാട്ടിൽ വരികയുള്ളൂ. ഓണത്തിനും വിഷുവിനും. പുളിക്കൽക്കടവു കഴിഞ്ഞാൽ

പിന്നെ മഞ്ചലിലാണത്രേ യാത്ര. മഞ്ചലിൽ നിന്ന് വീട്ടിന്റെ നടക്കല്ലിന്മേലേക്കാണത്രെ പാദം വെക്കാറ്. ഈച്ചരമ്മാമനെ എല്ലാവർക്കും വലിയ പേടിയാണ്. അദ്ദേഹം കോഴിക്കോട്ടു നിന്നു വരുമ്പോൾ കൊണ്ടുവന്നതാണത്രെ പഞ്ചാരമാവിന്റെ തൈ. പഞ്ചാരമാവിനെപ്പറ്റി ഐതിഹ്യ ങ്ങൾ ഇനിയും പലതുമുണ്ട്. (ഈ കഥയൊക്കെ എന്നോടു പറഞ്ഞുതന്നത് മുത്തശ്ശിയാണ്.) ഈച്ചരമ്മാമന്റെ കാലത്ത് ഞങ്ങളുടെ പടിക്കലൂടെ തീണ്ടൽ ജാതിക്കാർ വഴിനടന്നിരുന്നില്ല. ഒരിക്കൽ ഒരാള് വഴിതെറ്റി വന്നത്രെ. ആ മനുഷ്യന്റെ തലയും കൊണ്ടാണ് ഈച്ചരമ്മാമൻ കുളി ക്കാൻ പോയതുപോലും! ഈവക കാര്യങ്ങളിലൊക്കെ അഭിമാനിക്കുന്നവർ എന്റെ വീട്ടിലിന്നു മുണ്ട്.

പക്ഷേ, കണ്ടുണ്ണിമാമന്റെ കാലം വന്നപ്പോഴേക്കും ഞങ്ങളുടെ പടിക്കലൂടെ പോകാത്ത ജാതി ക്കാരില്ല. ചിലരൊക്കെ അകത്തേക്കു തന്നെ വരാൻ തുടങ്ങി. കണ്ടുണ്ണിമാമന്റെ കാലം മുതൽക്ക് ഇല്ലത്തകായിൽ തറവാട് ക്ഷയിക്കാൻ തുടങ്ങി.

സ്വത്തു പലതും അന്യാധീനത്തിലായി. അംഗങ്ങൾ വർദ്ധിച്ചു. അവസാനം ഓരോ താവഴിയും വെവ്വേറെ ഭാഗിച്ചു. കുടിയിരുപ്പുപറമ്പ് ഞങ്ങളുടെ ഭാഗത്തേക്കാണ് കിട്ടിയത്. കുടിയിരുപ്പിലാണ് പഞ്ചാരമാവ്. പഞ്ചാരമാവ് ഭാഗിച്ചുകിട്ടിയവർക്കു ഗുണം പിടിക്കുമെന്നു മുത്തശ്ശി പറഞ്ഞു. പക്ഷേ, നേരെ മറിച്ചാണ് സംഭവിച്ചത്. ഏറ്റവുമധികം ദാരിദ്ര്യദുഃഖമനുഭവിച്ചത് ഞങ്ങളുടെ താവഴി യാണ്.

ഏഴു കെട്ടു കല്യാണം, മൂന്നു തിരണ്ടുകല്യാണം, രണ്ടു വിവാഹം, ആറു അടിയന്തരം ഇതൊ ക്കെക്കൂടി ഞങ്ങളെ ദരിദ്രരാക്കി.

മൂന്നു സംബന്ധക്കാർ വീട്ടിൽ വർദ്ധിച്ചു. അവരുടെ പ്രധാന തൊഴിൽ സന്തത്യുൽപാദനം മാത്രമായിരുന്നു.

ഏറ്റവുമധികം പിരിവുള്ളതു പഞ്ചാരമാവിൽനിന്നാണ്. മാവു പൂക്കുമ്പോഴേക്കും ആളുകൾ കരാ റെടുക്കാൻ വന്നുതുടങ്ങും. ഉണ്ണിമാങ്ങ വിരിയുമ്പോഴേക്കും ആർക്കെങ്കിലും വിൽക്കും. കിട്ടിയ കാശുകൊണ്ട് ഉപ്പും, മുളകും, വെളിച്ചെണ്ണയും മേടിക്കും. പഞ്ചാരമാവിന്റെ ഒരു കൊമ്പ് എല്ലാ ക്കൊല്ലവും ഒഴിച്ചുനിർത്താറുണ്ട്. ആ മാങ്ങ വീട്ടിലേക്കുള്ളതാണ്. പഞ്ചാരമാങ്ങ എല്ലാക്കൊ ല്ലവും വിലയ്ക്കെടുക്കാറ് കിളിരാമനാണ്. കിളിരാമനു മാങ്ങാക്കച്ചവടത്തിൽ ഒരുപാടു രൂപ ലാഭം കിട്ടാറുണ്ട്. ഗുരുവായൂരെ നടയ്ക്കലെ ഉണ്ടികക്കാരു പട്ടന്മാർക്കു കടുമാങ്ങയ്ക്കും ചെത്തു മാങ്ങയ്ക്കും ഉപ്പുമാങ്ങയ്ക്കുമൊക്കെ മൊത്തമായി കൊടുക്കാറ് കിളിരാമനാണ്.

മീനമാസമായാൽ പഞ്ചാരമാങ്ങ പഴുത്തുതുടങ്ങും. വേനൽക്കാലമായാൽ കുട്ടികളായ ഞങ്ങൾക്കു വളരെ സന്തോഷമാണ്. പറങ്കിമാങ്ങയും മാമ്പഴവും തിന്നാനുണ്ടാവും. വേനൽക്കാലം കഴിഞ്ഞു മഴ പെയ്യാൻ തുടങ്ങിയാൽ നിരാശ തുടങ്ങും. ആകാശം കറുത്തുതുടങ്ങുമ്പോൾ മനസ്സും ഇരു ളാൻ തുടങ്ങും.

ഇടവം പതിനഞ്ചാം തീയതി മുതൽ ചിങ്ങമാസത്തിലെ കൊയ്ത്താവുന്നതുവരെ അർദ്ധപട്ടി ണിയാണ്. ഒന്നും തിന്നാനില്ല. വേനൽക്കാലത്ത് പഞ്ചാരമാമ്പഴത്തിന്റെ അണ്ടി കീറി പരിപ്പെടു ത്തുവെച്ചിട്ടുണ്ടാവും. പരിപ്പ് ഉരലിലിട്ടിടിച്ചു പൊടിക്കും. അതു ചിലപ്പോൾ ശർക്കരയിട്ടു കുറു ക്കാറുണ്ട്. പിന്നെ മിഥുനം കർക്കിടകത്തിൽ കൂനു മുളച്ചാൽ ഉപ്പേരിയുണ്ടാക്കും. മഴ പെയ്തുതു ടങ്ങിയാൽ തൊഴുത്തിന്റെ പിന്നിൽ ധാരാളം കൂനു മുളയ്ക്കാം. കൂന് ഉപ്പിട്ടു വേവിച്ചു മുളകും മഞ്ഞളും അരച്ചുപുരട്ടി വെളിച്ചെണ്ണയൊഴിച്ചാൽ നല്ല സ്വാദാണ്!

മിഥുനം കർക്കിടകമായാൽ ഞങ്ങൾ ഉമ്മറത്തങ്ങനെ ചൂളിപ്പിടിച്ചിരിക്കും. സ്കൂളിൽ പോകാ റില്ല. തോടും പുഴയും നിറഞ്ഞുകിടക്കുന്നുണ്ടാവും. വീട്ടിന്റെ മുന്നിലൂടെയാണ് കാനോലിത്തോട് ഒഴുകുന്നത്. കാനോലിത്തോടിന്റെ ഗാംഭീര്യം കാണേണ്ടത് ചേറ്റുവാ മുതൽ കോട്ടപ്പുറംവരെ യാണ്. പുഴയിലൂടെ കൊച്ചു കൊച്ചു തോണികൾ കൊതുമ്പുപോലെ ഒഴുകിപ്പോകുന്നതു കാണാം. കുറേനേരം പുഴയിലേക്കു നോക്കിയിരിക്കും. ചിലപ്പോൾ ചൂടിയും കൊപ്പരയും നിറച്ച വലിയ കെട്ടുവള്ളങ്ങൾ കൊച്ചിയിലേക്കു പോകുന്നതു കാണാം. അപ്പോഴൊക്കെ ആശിച്ചിട്ടുണ്ട്, കെട്ടു

വള്ളത്തിൽ കയറി കൊച്ചിയിലേക്കു പോകാൻ. ചില ദിവസങ്ങളിൽ ചൂണ്ടയുംകൊണ്ട് മത്സ്യം പിടിക്കാൻ പോകും. ചൂണ്ടയിൽ "പൂവ്വാൻ" എന്ന മത്സ്യം കുടുങ്ങാറുണ്ട്. പൂവ്വാൻ മത്സ്യം ഞങ്ങൾ ചുട്ടു തിന്നാറുണ്ട്. മുള്ളു തീരെ ഇല്ലാത്ത മത്സ്യമാണ് പൂവ്വാൻ.

മിഥുനം കർക്കിടകമായാൽ വിശപ്പു കൂടുന്നതറിയുകയില്ല. പഞ്ചാരമാവിന്റെ മാങ്ങയൊക്കെ അവസാനിച്ചിട്ടുണ്ടായിരിക്കും. ഒരു തറവാട്ടിൽ കാർന്നവരുടെ പ്രതീതിയാണെപ്പോഴും പഞ്ചാരമാവിന്ന്. ഇടവപ്പാതിയിൽ പഞ്ചാരമാവ് മഴനനഞ്ഞങ്ങനെ നിൽക്കുന്നുണ്ടാവും. അണ്ണാരക്കുട്ടന്മാർ തുന്നാരക്കൊമ്പിലേക്ക് ഓടിക്കയറുന്നതു കാണാം. അണ്ണാരക്കുട്ടന്റേയും കിളികളുടെയും ആവാസകേന്ദ്രമാണ് പഞ്ചാരമാവ്. പഞ്ചാരമാവിന്റെ ചുവട്ടിൽ നിന്നാൽ നനയുകയുമില്ല.

കൈയിലുള്ള സ്വത്തെല്ലാം മുടിച്ചു കാശിക്കു പോയി വീണ്ടും നാട്ടിലേക്കുതന്നെ തിരിച്ചെത്തിയ ഒരു ധൂർത്തനായ കാർന്നവരെപ്പോലെ പഞ്ചാരമാവ് നിശ്ചേതനായി നിൽക്കുന്നതു കാണുമ്പോൾ എനിക്കു മനസ്സിൽ വിഷമം തോന്നിയിട്ടുണ്ട്.

ഞങ്ങളുടെ കുടുംബവുമായി വളരെയേറെ ബന്ധം പുലർത്തിയിട്ടുള്ള പഞ്ചാരമാവിനോടു വീട്ടിലെ എല്ലാവർക്കും വളരെ ബഹുമാനമാണ്. പഞ്ചാരമാവിന്റെ മാങ്ങ തിന്നാത്തവർ ഞങ്ങളുടെ അംശത്തിലില്ല. ഇല്ലത്തകായിലെ 'പഞ്ചാരമാവ്' എന്നു പറഞ്ഞാൽ ഏനാമ്മാവു കെട്ടിനോളം തന്നെ പ്രസിദ്ധമാണ്.

പഞ്ചാരമാവിന്റെ ചുവട്ടിൽ സന്ധ്യയ്ക്ക് തിരികൊളുത്തിവെക്കാറുണ്ട്. പഞ്ചാരമാവിന്റെ മുകളിൽ നാഗത്താന്മാരുണ്ടത്രേ! അങ്ങനെ അസാധാരണമായൊരു പരിവേഷം പഞ്ചാരമാവിനു കൽപിച്ചുകൊടുത്തു. അതിന്നുള്ള വ്യക്തിത്വവുമുണ്ടായിരുന്നു. മനുഷ്യന്നു വർഷങ്ങളായി മധുരം പകർന്നുകൊടുക്കുന്ന ദയാലുവാണത്.

ഇടവപ്പാതികൾ പലതും കടന്നുപോയി.

ഇപ്പോൾ ഈ കഥ എഴുതുന്ന അവസരത്തിൽ പഞ്ചാരമാവ് വീണുകിടക്കുകയാണ്. വിഷാദം മുറ്റുനിൽക്കുന്ന അന്തരീക്ഷം. എന്റെ വീട്ടിലെ എല്ലാ കണ്ണുകളും നനഞ്ഞിട്ടുണ്ട്.

ഇന്നലെ രാത്രി ഉണ്ടായ ആ ഭയാനകമായ കാറ്റ് പഞ്ചാരമാവിനെ തട്ടിയിട്ടു. പഞ്ചാരമാവ് വീഴുന്നതു കേട്ടപ്പോൾ ഞങ്ങൾ ഞെട്ടിത്തെറിച്ചു. വീട്ടിലെ സ്ത്രീകൾ കൂട്ടനിലവിളി തുടങ്ങി. വന്നവർ വന്നവർ ആ കാഴ്ച കണ്ടു തരിച്ചുനിന്നു. നാട്ടുകാർ മൂക്കത്തു വിരലുമൂന്നി കഷ്ടംവെച്ചു. മുത്തശ്ശി നാരായണനാമം ജപിച്ചുതുടങ്ങി. തറവാട്ടിലേക്ക് ആപത്തടുത്തുവെന്നാണ് അവർ പറയുന്നത്. എല്ലാവരും കുനിഞ്ഞ മുഖത്തോടെ, നനഞ്ഞ കണ്ണുകളോടെ കടന്നുപോയി.

ഞങ്ങളുടെ തറവാട്ടിലെ ഏറ്റവും പ്രായംകൂടിയ കാരണവർ മരിച്ചിരിക്കുന്നു. കുടുംബസ്നേഹിയായ ആ കാരണവരുടെ പൊടുന്നനവെയുള്ള മരണത്തിൽ ഈ മരുമകൻ ഹൃദയം നൊന്തു ദുഃഖിക്കുകയാണിപ്പോൾ. പ്രിയപ്പെട്ട അമ്മാമ, അങ്ങയുടെ കാൽക്കൽ ഈ മരുമകൻ സാഷ്ടാംഗം നമസ്കരിക്കുന്നു.

*(ഉണ്ണിക്കൃഷ്ണൻ പുതൂർ)*

# സിലബസ് ഗ്രിഡ്

## ഉർവരതയുടെ സംഗീതം

**പ്രശ്നമേഖല** : **കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ**

**ഉപപ്രശ്നം** :
- കൃഷിക്കാരൻ അധ്വാനിക്കുന്നത് തനിക്കുമാത്രമല്ല സമൂഹത്തിന്റെ മൊത്തം ആഹാരത്തിനു വേണ്ടിയാണെന്ന ധാരണയില്ലായ്മ.

**പഠനലക്ഷ്യങ്ങൾ** :
- ഒരു സമൂഹത്തിനു വേണ്ടിയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള കൂട്ടായ്മവ്യവസ്ഥയാണ് കൃഷി എന്ന ധാരണ രൂപപ്പെടുന്നതിന്
- കൃഷിയിലേർപ്പെടുന്നവർ ഒരു സാമൂഹ്യ ഉത്തരവാദിത്വമാണ് നിർവ്വഹിക്കുന്നതെന്ന തിരിച്ചറിവുണ്ടാകുന്നതിന്
- സാമൂഹ്യ വികാസത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നവർ കർഷകരാണ് എന്ന ധാരണ രൂപപ്പെടുന്നതിന്
- സാഹിത്യ സൃഷ്ടികളിലെ ശൈലികൾ, പ്രയോഗങ്ങൾ എന്നിവ വ്യാഖ്യാനിക്കുന്നതിനും സ്വന്തം രീതിയിൽ ആവിഷ്കരിക്കുന്നതിനും
- കഥകൾ, കവിതകൾ, അഭിമുഖങ്ങൾ എന്നിവ വിശകലനം ചെയ്ത് ആസ്വദിക്കുന്നതിനും സ്വന്തം നിരീക്ഷണങ്ങൾ രൂപപ്പെടുത്തുന്നതിനും

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| കൂട്ടുകൃഷി<br>കൃഷിയിൽ ഏർപ്പെടുന്നത് സമൂഹത്തിന് വേണ്ടി കൂടിയാണ്. | • മനുഷ്യന്റെ കൂട്ടായ്മ കൃഷി ആരംഭിക്കുന്നതിന് കാരണമായി.<br>• ഭക്ഷ്യോല്പാദനം സമൂഹത്തിന്റെ കടമയാണ്.<br>• ശൈലികളും പ്രയോഗങ്ങളും സാഹിത്യസൃഷ്ടികളെ ആകർഷകമാക്കുന്നു.<br>• സമൂഹമാകെ ആദരിക്കേണ്ടവ്യക്തിത്വത്തിനുടമകളാണ് കർഷകർ.<br>• ഭക്ഷണത്തെ ആദരിക്കുന്ന ഒരു സംസ്കാരം ലോകത്തിലെല്ലായിടത്തും നിലനിന്നിരുന്നു.<br>• ആധുനികവൽക്കരണവും ലാഭക്കൊതിയും കാർഷികരംഗത്തെ നീതി ബോധത്തെ ബാധിച്ചിട്ടുണ്ട്.<br>• കാർഷികവൃത്തിയോടുള്ള ആഭിമുഖ്യവും കൃഷിയിടങ്ങളിലെ കൂട്ടായ്മയും കുറയുന്നു.<br>• കാർഷികരംഗത്തെ പ്രശ്നങ്ങൾ ശക്തമായി ആവിഷ്കരിക്കാൻ മലയാള സാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ട്. | • മനുഷ്യന്റെ ജീവിതത്തിൽ കൃഷി ചെലുത്തിയ സ്വാധീനം വെളിവാക്കുന്ന കഥകൾ, കവിതകൾ ലേഖനങ്ങൾ.<br>• കൃഷിയുമായി ബന്ധമുള്ള ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഉൽസവങ്ങൾ.<br>• കൃതികളും രചനകളും<br>• കൃഷി അടിസ്ഥാനമാക്കി കൂട്ടായ്മാ ജീവിതം നയിച്ച മനുഷ്യരുടെ പശ്ചാത്തലം പ്രമേയമാക്കിയ കഥ, കവിത കൃഷിയിൽ നിന്നും ഉടലെടുത്ത ചൊല്ലുകൾ<br>• മനുഷ്യർ കൂട്ടായ്മയോടെയും കാർഷികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ ആവിഷ്കാരമുള്ള കഥ, നോവൽ, ഭാഗങ്ങൾ, യാത്രാവിവരങ്ങൾ, അഭിമുഖങ്ങൾ. | • കഥ, കവിത, യാത്രാവിവരണം എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിനും അവയിൽ ആവിഷ്കരിച്ച കൂട്ടായ്മ ജീവിതത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിവിധ വ്യവഹാരങ്ങളിലൂടെ ആവിഷ്കരിക്കുന്നതിനും.<br>• കൃതികളിലെ സാമൂഹ്യപശ്ചാത്തലം വിശകരനം ചെയ്യുന്നതിനും സ്വന്തം നിരീക്ഷണങ്ങൾ രൂപപ്പെടുത്തി ആവിഷ്കരിക്കുന്നതിനും. | കൃഷിയിൽ ഏർപ്പെടുന്നവർ ചെയ്യുന്നത് സാമൂഹ്യ സേവനമാണ് എന്ന തിരിച്ചറിവും അവരോടുള്ള ആദരവും.<br>തന്റെ സമൂഹത്തിനു വേണ്ടി ഇത്തരം ത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള മനോഭാവം. | കൃതികൾ വിശകലനം ചെയ്യൽ, മനുഷ്യന്റെ കൂട്ടായ്മ വികസിപ്പിക്കുന്നതിൽ കൃഷി ചെലുത്തിയ സ്വാധീനം കണ്ടെത്തി ആവിഷ്കരിക്കാനുള്ള കഴിവ്.<br><br>പഴഞ്ചൊല്ലുകളുടെ ഉപയോഗം കഥക്കുനൽകുന്ന സൗന്ദര്യം, ജീവിത വീക്ഷണം, കഥാപാത്രങ്ങൾ, സംഭവങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കുന്ന ആസ്വാദനകുറിപ്പുകൾ |

# 1

# ഉർവരതയുടെ സംഗീതം

*കൃഷിഭൂമി കുറയുന്നു!... വേനൽ മഴയിൽ വ്യാപകമായി കൃഷി നാശം*
*കർഷകത്തൊഴിലാളികളെ കിട്ടാനില്ല... വ്യാപകമായി പാടം നികത്തുന്നു*
*അരിവില കൂടുന്നു... റേഷൻ വിഹിതം വെട്ടിക്കുറച്ചു*

**ഈ** വാർത്തകൾ നമ്മുടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ടോ? ഇവ ഏതെങ്കിലും തരത്തിൽ നമ്മെ സ്പർശിക്കുന്നുണ്ടോ? കർഷകരുടെ രോദനം നമ്മുടെയും കൂടി രോദനമായി മാറുന്നുണ്ടോ? എന്താണ് ഇത്തരമൊരവസ്ഥയ്ക്കു കാരണം?

നിത്യഹരിത വനങ്ങൾ, പച്ച പിടിച്ച കുന്നിൻ നിരകൾ, കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന, പച്ചപ്പട്ടുവിരിച്ചതു പോലെയുള്ള വയലേലകൾ, വയലുകൾക്കരികിലൂടെ തെളിനീരൊഴുക്കി കുണുങ്ങിച്ചിരിച്ചൊഴുകുന്ന കൈത്തോടുകൾ... ഇവ എവിടെ വെച്ചാണ് നമുക്ക് നഷ്ടമായത്?

ഞാറ്റുപാട്ടുകൾ, കൊയ്ത്തുപാട്ടുകൾ തുടങ്ങിയവ നമ്മുടെ ഭാഷയിൽ സമൃദ്ധമായിരുന്നു. നിറയും പുത്തരിയും, തിരുവോണം, വിഷു... അങ്ങനെ കൃഷിയുമായി ബന്ധപ്പെട്ട ഏതെല്ലാം ആഘോഷങ്ങൾ! 'വിത്താഴം ചെന്നാൽ പത്തായം നിറയും,' 'മുളയിലറിയാം വിള' അങ്ങനെ എത്രയെത്ര ശൈലികളും ചൊല്ലുകളും നമുക്കുണ്ടായിരുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം പദങ്ങൾ കൃഷിയുമായി ബന്ധപ്പെട്ടവയായിരുന്നു. എവിടെ വെച്ചാണ് ഇവ നമുക്ക് അന്യമായത്.

നിലമുഴലും ഊർച്ചയും (കാളപൂട്ട്) വിത്തു വിതയ്ക്കലും കളപറിക്കലും കിളിയാട്ടലും കൊയ്ത്തും മെതിയും എല്ലാം കൂട്ടായ്മയുടെ ഉത്സവങ്ങളായിരുന്നു.

"മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലംതിങ്ങുമിളം കവുങ്ങും"

*കുറ്റിപ്പുറത്ത് കേശവൻ നായർ*

ഇത്തരത്തിൽ ധാരാളം ഫലവൃക്ഷങ്ങൾ നിറഞ്ഞ നാട്ടിൻപുറത്തെ പറമ്പുകൾ നമുക്ക് അന്യമായിത്തീർന്നത് എപ്പോഴാണ്?

മലയാളിയുടെ സ്വഭാവത്തിൽ വന്ന ഈ മാറ്റങ്ങൾ നമുക്ക് എന്തെല്ലാം പ്രശ്നങ്ങളാണുണ്ടാക്കുന്നത്?

- മുഖ്യാഹാരമായ അരിക്കു വേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.
- പച്ചക്കറികൾക്കും മറ്റു ധാന്യങ്ങൾക്കും വേണ്ടി മറ്റു സംസ്ഥാനക്കാരെ ആശ്രയിക്കേണ്ടി വരുന്നു.
- ഡീസൽ, പെട്രോൾ, ചരക്കുകൂലി ഇവയിലുണ്ടാവുന്ന വർധന നമ്മളെ ഏറ്റവും കൂടുതൽ ബാധിക്കുന്നു.
- വരൾച്ച, വെള്ളപ്പൊക്കം തുടങ്ങി മറ്റു സ്ഥലങ്ങളിലുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ നമ്മുടെ ആഹാരലഭ്യതയെയും ബാധിക്കുന്നു.
- അമിതമായി കീടനാശിനികൾ തളിച്ച പച്ചക്കറികളും പഴവർഗങ്ങളും ആരോഗ്യത്തിനു ഭീഷണിയാവുന്നു.

- ഇടത്തട്ടുകാരുടെ ചൂഷണം കാരണം കൂടുതൽ വില പച്ചക്കറികൾക്കും മറ്റും നൽകേണ്ടി വരുന്നു.
- ഭാഷയിൽ നിന്ന് നിരവധി പദങ്ങൾ അപ്രത്യക്ഷമാവുന്നു.
- കലകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ ഇവ അന്യംനിന്നു പോകുന്നു.

ഇത്തരത്തിൽ ഗുരുതരമായ നിരവധി പ്രശ്നങ്ങളുണ്ടായിട്ടും മലയാളി ഉണരാത്തതെന്തുകൊണ്ടാണ്? അവ നമ്മുടെ പ്രശ്നമായി മാറാത്തത് എന്തുകൊണ്ടാണ്? രക്ഷപ്പെടാനാവാത്തവിധം നമ്മൾ അകപ്പെട്ടുകഴിഞ്ഞിട്ടുണ്ടോ?

- നിരവധി സ്ഥലങ്ങളിൽ വയലുകൾ തരിശായി കിടക്കുന്നു.
- പുരയിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നു.
- കാർഷിക തൊഴിലിനോടു വൈമുഖ്യം കാണിക്കുന്ന ജനങ്ങൾ
- എല്ലാം അങ്ങാടിയിൽ ലഭിക്കുമെന്നു സ്വപ്നം കാണുന്നവർ

ഈ അവസ്ഥയിൽ നിന്ന് നമുക്ക് മോചനം വേണ്ടേ? കാർഷിക സംസ്കാരത്തിന്റെ, കൂട്ടായ്മയുടെ ശക്തമായ ലോകം നമുക്ക് തിരിച്ചു പിടിക്കണ്ടേ? നാമിനിയും വൈകിയിട്ടില്ല.

കൃഷിയോടുള്ള നമ്മുടെ മനോഭാവം മാറണം. കൃഷി ആഹ്ലാദകരമായ ഒരു അനുഭവമായി മാറണം. വൈലോപ്പിള്ളി പാടിയതു പോലെ

"ഉർവിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര
നിർവൃതികരം സർഗവ്യാപാരമുണ്ടോ മന്നിൽ."

## പഠനലക്ഷ്യങ്ങൾ

- കൃഷിയുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ മറ്റു സാഹിത്യരചനകൾ ഇവ വായിച്ച് ആസ്വദിക്കുന്നതിന്
- കാർഷികരംഗവുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ വിമർശനാത്മകമായി വിശകലനം ചെയ്ത് അവയുടെ സാമൂഹിക പ്രസക്തി കണ്ടെത്തുന്നതിന് (കൃഷിരീതി, കൃഷിയുമായി ബന്ധപ്പെട്ട കൂട്ടായ്മകൾ, കാർഷിക രംഗത്തെ മാറ്റങ്ങൾ, കർഷകരുടെ ചിന്താഗതിയിൽ വന്ന മാറ്റങ്ങൾ, കൃഷി ഇന്നെത്തി നിൽക്കുന്ന അവസ്ഥ...)
- കൃഷി ഒരു സാമൂഹ്യധർമം എന്ന രീതിയിൽ തിരിച്ചറിയുന്നതിന്
- കൃഷി ഭാഷയെയും സംസ്കാരത്തെയും സ്വാധീനിച്ചതെങ്ങനെയെന്ന് (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ...) അന്വേഷണങ്ങളിലൂടെ കണ്ടെത്തുന്നതിന്

## ഈ യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടികൾ നേടേണ്ട ആശയങ്ങൾ

പഠനപ്രവർത്തനങ്ങളിലൂടെ രണ്ടുതരം ആശയങ്ങൾ കുട്ടികൾ നേടേണ്ടതുണ്ട്.

☐ പ്രശ്നമേഖലയുമായി ബന്ധപ്പെട്ട ആശയങ്ങൾ

- ഭക്ഷ്യോൽപാദനം ഒരു സാമൂഹ്യധർമ്മമായി കരുതിയിരുന്നു.
- കൃഷിയുമായി ബന്ധപ്പെട്ട് ധാരാളം കൂട്ടായ്മകൾ നിലനിന്നിരുന്നു.
- ആധുനികവത്കരണം, ലാഭക്കൊതി ഇവർ കാർഷികരംഗത്തെ നീതിബോധത്തെ ബാധിച്ചിട്ടുണ്ട്.
- കാർഷികവൃത്തിയോടുള്ള ആഭിമുഖ്യവും കൃഷിയിലുള്ള കൂട്ടായ്മയും കുറയുന്നു.
- കർഷകരോടും കാർഷികവൃത്തിയോടും ആദരവും ബഹുമാനവും നിലനിന്നിരുന്നു
- 

- ☐ സാഹിത്യവുമായി ബന്ധപ്പെട്ട് രൂപംകൊള്ളേണ്ട ആശയങ്ങൾ
- കാർഷികരംഗത്ത പ്രശ്നങ്ങൾ ശക്തമായി ആവിഷ്കരിക്കാൻ മലയാള സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.
- വർണനകൾ, അലങ്കാരങ്ങൾ, പ്രയോഗങ്ങൾ ഇവ സാഹിത്യസൃഷ്ടികൾക്ക് ഭംഗി കൂട്ടുന്നു.
- മലയാളത്തിൽ വിപുലമായ യാത്രാവിവരണ സാഹിത്യമുണ്ട്.
- കാർഷികരംഗത്തെ പ്രശ്നങ്ങൾ ആവിഷ്കരിക്കുന്ന കഥകൾ, കവിതകൾ, തുടങ്ങിയവ മലയാളത്തിൽ നിരവധിയുണ്ട്.

യൂണിറ്റിനെ സമഗ്രതയിൽ കണ്ട് പാഠഭാഗങ്ങളിലേക്ക് വരുന്ന രീതിയോ പാഠഭാഗങ്ങളുടെ ചർച്ചയിലൂടെ യൂണിറ്റിന്റെ സമഗ്രതയിലേക്ക് എത്തിച്ചേരുന്ന രീതിയോ സ്വീകരിക്കാം. യൂണിറ്റിലെ പ്രശ്നത്തെ പൊതുവായി പരിഗണിച്ച് അതിലെ പാഠഭാഗങ്ങൾ പൊതുവായി വിശകലനം ചെയ്ത് ധാരണയിലെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ പാഠഭാഗത്തേയും കൂടുതൽ വിശകലനം ചെയ്യുകയുമാണ് ഒന്നാമത്തെ രീതി.

രണ്ടാമത്തെ രീതിയിൽ ഓരോ പാഠഭാഗങ്ങളും സൂക്ഷ്മമായി വിശകലനം ചെയ്യുകയും തുടർന്ന് അവയുടെ ആശയതലം പരിഗണിച്ച് യൂണിറ്റിനെ സമഗ്രമായി കാണുകയും ചെയ്യുന്നു. രണ്ടാമത്തെ രീതിയാണ് ഇവിടെ സ്വീകരിച്ചിരിക്കന്നത്

## കന്നിക്കൊയ്ത്ത്

### പാഠാപഗ്രഥനം

വൈലോപ്പിള്ളിയുടെ മാസ്റ്റർപീസുകളിലൊന്നായി കണക്കാക്കുന്ന കവിതയാണ് കന്നിക്കൊയ്ത്ത്. കാർഷിക സംസ്കാരത്തിലധിഷ്ഠിതമായ കേരളീയ ജീവിതത്തിന്റെ നേർചിത്രമാണിത്.

പ്രഭാതത്തിൽ തന്നെ പാടത്തെത്തുന്ന കൊയ്ത്തുകാരെ വർണിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ആകാശത്തെയും ഒരു പാടമായി സങ്കൽപ്പിക്കുന്നുണ്ടിവിടെ. പൊന്നുഷസ്സിന്റെ കൊയ്ത്തിൽ നിന്ന് ഊരിത്തെറിച്ച കതിരുകളായി പ്രഭാതസൂര്യരശ്മികളെ ഭാവന ചെയ്തിരിക്കുന്നു. കതിർ എന്ന പദത്തിന്റെ നാനാർത്ഥ സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്തുന്നു. പുഞ്ചപ്പാടത്തിനെ ഗ്രാമജീവിതത്തിന്റെ നാടകഭൂമിയെന്ന് വിശേഷിപ്പിക്കുമ്പോൾ പാടം സ്റ്റേജും കൃഷിക്കാർ കഥാപാത്രങ്ങളുമായിത്തീരുന്നു. ആ കഥാപാത്രങ്ങളുടെ സംഭാഷണം തുടർന്ന് കൊടുത്തിട്ടുണ്ട്. പഴയ തലമുറകളുടെ ജീവിതനാടകം അരങ്ങേറിയിരുന്നത് കാർഷിക പശ്ചാത്തലത്തിലാണെന്ന ചരിത്രസത്യം ഇവിടെ നാം തിരിച്ചറിയുന്നു. കൊയ്യാൻ കുനിഞ്ഞ് നിൽക്കുന്ന കൊയ്ത്തുകാരെ ആകാശത്തെ വെള്ളമേഘനിരകളോട് ഉപമിക്കുമ്പോഴും ഭൂമിയെയും ആകാശത്തെയും ബന്ധിപ്പിക്കാനാണ് കവി ശ്രമിക്കുന്നത്. കൃഷിയെന്നത് പ്രപഞ്ച ചലനങ്ങളുടെ സ്വാഭാവികമായ തുടർച്ചയാണെന്ന സൂചന ഇവിടെയുണ്ട്. മണ്ണിലെ ജോലിയെ വിണ്ണോളമുയർത്തുന്നു എന്നും വ്യാഖ്യാനിക്കാവുന്നതാണ്.

ജോലിയിലുള്ള വൈദഗ്ദ്യമാണ് ഇവിടെ വ്യക്തികളുടെ വലിപ്പം നിശ്ചയിക്കുന്നത്; പണിക്കാരുടെ സൗന്ദര്യമോ, അലങ്കാരങ്ങളോ അല്ല. നെല്ല് പൊന്നാണേ എന്ന് പറയുന്നിടത്ത് നെല്ലിന്റെ വില മാത്രമല്ല സൂചിപ്പിക്കുന്നത്. നെല്ല് തന്നെയാണ് കർഷകർക്ക് പൊന്ന് എന്നു കൂടിയാണ്. കൊയ്യാനറിയാത്തവരെയും നാവിട്ടലയ്ക്കുന്നവരെയും ഇവിടെ പരിഹസിക്കുന്നുണ്ട്.

അവരുടെ പയ്യാരങ്ങളെയാണ് തുടർന്ന് വിവരിക്കുന്നത്. അവരുടെ ഗ്രാമം ഈ പാടം പോലെ തന്നെയാണ്. ജീവിതം വിതയിടുകയും മരണം വന്ന് കൊയ്തെടുക്കുകയും ചെയ്യുന്ന വിശാലമായ പാടം. അവിടെ പുതിയ ജീവിതങ്ങൾ വീണ്ടും തളിർക്കുന്നു. കൊയ്തശേഷം

വൈക്കോലിന്റെ അവശിഷ്ടങ്ങൾ കത്തിക്കാറുണ്ടല്ലോ. ആ ചാരം അടുത്ത വിതയ്ക്ക് വളമാകുന്നു. മരണത്തിന്റെ ചിതയിലെ ചാരത്തിൽ നിന്ന് ഇതേപോലെ പുതിയ ജീവിതം തളിർക്കുന്നു. മരണത്തിൽ ഒടുങ്ങാതെ പിന്നെയും തുടരുന്ന ജീവിതം പാടത്തെ വിതയും കൊയ്ത്തും പോലെ തന്നെയാണ്. ദുഃഖത്തിന്റെ പായൽ മാത്രമല്ല സന്തോഷത്തിന്റെ നെല്ലിപ്പൂന്തോട്ടവും ഗ്രാമ ജീവിതത്തിലുണ്ട്. രോഗദാരിദ്ര്യങ്ങളുടെ ചാഴി നെൽച്ചെടികളെയെന്ന പോലെ കർഷകരുടെ ജീവിതത്തെയും ഊറ്റിക്കുടിക്കുന്നുണ്ട്. എന്നാൽ പ്രേമപ്പഞ്ചവർണക്കിളിയും അവിടെ ചാഞ്ചാടുന്നു.

വൈരുദ്ധ്യങ്ങളെ കാണാനുള്ള വൈലോപ്പിള്ളിയുടെ അസാമാന്യശേഷിക്ക് ഈ ഭാഗം മികച്ച ഉദാഹരണമാണ്.

കൊയ്ത്തുപാടം കവിക്ക് നൽകുന്ന ജീവിതപാഠമാണ് അവസാന ഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നത്. എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന, ജീവന്റെ നിലനിൽപിന് അടിസ്ഥാനം തന്നെയായ വായുവാണ് കവിക്ക് ആ പാഠം ഓതിക്കൊടുക്കുന്നത്. മരണം ജീവിതത്തെ നിർദ്ദയം മെതിച്ച് ഉണ്ണുകയാണ്. മനുഷ്യർ നെല്ലിനെയെന്നപോലെ അപ്പോഴും ആ മരണം എല്ലാം തിന്നൊടുക്കുന്നില്ല. ജീവിതത്തിന്റെ വിത്ത് അൽപം അവശേഷിപ്പിക്കുന്നു. അതിൽ നിന്ന് പുതിയ ജീവിതങ്ങളുണ്ടാകുന്നു. ആദികാലം മുതലേ തുടരുന്ന ഈ വിത്തെടുത്തുവെക്കലാണ് മനുഷ്യജീവിതം നിലനിൽക്കുന്നതിന്റെ അടിസ്ഥാനം. മരണത്തിന് ജീവിതത്തെ പൂർണമായും ഇല്ലാതാക്കാൻ ഒരിക്കലും കഴിയില്ല.

കാർഷികസംസ്കാരത്തിൽ നിന്നു കവി തിരിച്ചറിഞ്ഞ ഈ ദർശനത്തിന് ഇന്ന് പ്രസക്തിയേറുകയാണ്. കൃഷിയിലൂടെയാണ് മനുഷ്യസമൂഹം മരണത്തെ അതിജീവിക്കുന്നത്. ഭക്ഷണമില്ലാതെ മനുഷ്യവംശത്തിന് നിലനിൽക്കാനാവില്ലല്ലോ. കൃഷിക്കാർ അവരുടെ അന്നന്നത്തെ അപ്പത്തിനുവേണ്ടി മാത്രം ചെയ്യുന്ന പണിയല്ല കൃഷി. വരാനിരിക്കുന്ന തലമുറകൾക്കുവേണ്ടി വിത്ത് കരുതിവെക്കുക കൂടിയാണ്. കൃഷിയില്ലാതായാൽ ഈ വിത്ത് എങ്ങനെയുണ്ടാകും. ജീവൻ എങ്ങനെ നിലനിൽക്കും. ജീവിതമാകുന്ന കൊയ്ത്തുപാടം തരിശാവുന്നതിനെക്കാൾ വലിയ ദുരന്തം മറ്റെന്താണുള്ളത്.

'പടയാളികൾ' എന്ന കവിതയിലും അദ്ദേഹം കർഷകത്തൊഴിലാളികളുടെ മഹത്വത്തെ പാടിപ്പുകഴ്ത്തുന്നതുകാണാം.

> "ആരാണു വീറോടു പോരാടുമീ രണ്ടു
> പോരാളിമാർകളെ പാടിപ്പുകഴ്ത്തുവാൻ"

അദ്ദേഹത്തിന്റെ മറ്റേതെല്ലാം കവിതകളിൽ കാർഷികജീവിതം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവ പരിശോധിച്ച് "കാർഷികജീവിതം വൈലോപ്പിള്ളിക്കവിതകളിൽ" എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു ഉപന്യാസം ടീച്ചർ തയാറാക്കുമല്ലോ.

ഈ കവിതയുടെ അവതരണം എങ്ങനെയൊക്കെയാവാം? ഒരു രീതി നിർദ്ദേശിക്കുന്നു.

> "നേരം പോയ് നേരം പോയ്
> പൂക്കൈത മാപറ്റി
> കാനങ്കോഴി കുളക്കോഴി
> തത്തിത്തത്തി....................
> ................................................"

നാടൻപാട്ട് ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

നാടൻപാട്ട് കൂട്ടമായി ചൊല്ലുന്നു.

നാടൻപാട്ടിൽ നിന്നു മനസ്സിലാക്കിയ കാര്യങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു. ആവശ്യമെങ്കിൽ താഴെ പറയുന്ന ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ചയാകാം.

- കവിതയിൽ എന്തിനെക്കുറിച്ചാണ് പറയുന്നത്?
- ആരാണിങ്ങനെ പറയുന്നത്?
- അയാൾ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ്?
- മറ്റെന്തെല്ലാം പ്രയാസങ്ങൾ അയാൾ നേരിടുന്നുണ്ടാവാം?

കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മലയാള കവിതയിൽ എത്രമാത്രം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്? ചർച്ച

ചർച്ചയുടെ തുടർച്ചയെന്ന നിലയിൽ കടുതൽ അറിയാനായി 'കന്നിക്കൊയ്ത്ത' എന്ന കവിതാഭാഗം പരിചയപ്പെടാൻ ധാരണയാക്കുന്നു.

## കവിതയിലെ വിതയും കൊയ്ത്തും

വാക്കുകൾ കളിപ്പാട്ടങ്ങളെപ്പോലെ തിരിച്ചും മറിച്ചും അടുക്കിവച്ച് അകവിത പറയുന്ന കവിയാണ് കുഞ്ഞുണ്ണിമാഷ്. അതുകൊണ്ട് കവിതയിൽ ഒരു വിതയുണ്ടെന്ന് അദ്ദേഹം പറഞ്ഞപ്പോൾ അതൊരു കുസൃതിയായിട്ടേ നമുക്ക് തോന്നിയിട്ടുള്ളു. എന്നാൽ കവിത വിത മാത്രമല്ല മനുഷ്യജീവിതത്തിൽ ഉടനീളം നിറഞ്ഞുനിൽക്കുന്ന കൊയ്ത്തുകൂടിയാണെന്നു പാടിയ മഹാകവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. പ്രഥമ കവിതാസമാഹാരത്തിന് കന്നിക്കൊയ്ത്തെന്നും ജീവിച്ചിരിക്കെ അവസാനമായി പ്രസിദ്ധീകരിച്ച കൃതിക്ക് മകരക്കൊയ്ത്തെന്നും നാമകരണം ചെയ്തപ്പോൾ വൈലോപ്പിള്ളി കേവലം ഗ്രന്ഥനാമങ്ങൾ സൂചിപ്പിക്കുകയായിരുന്നില്ല, നേരെമറിച്ച്, അദ്ദേഹത്തിന്റെ പ്രസിദ്ധമായ ജീവിതദർശനവും കാവ്യസങ്കല്പവും അവയിൽ ഉള്ളടക്കം ചെയ്യുകയായിരുന്നു. കന്നിക്കൊയ്ത്തിൽനിന്നും മകരക്കൊയ്ത്തിലേക്കുള്ള കവിയുടെ യാത്ര വയൽവരമ്പിലൂടെയായിരുന്നു. അതിനിടയിലുണ്ടായ യാത്രാനുഭവങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾ.

കൊയ്ത്ത് കൃഷിയുമായി ബന്ധപ്പെട്ട വാക്കാണല്ലോ. കൾച്ചർ എന്ന പദത്തിന് സംസ്കാരം എന്നു മാത്രമല്ല, കൃഷിയെന്നും അർത്ഥമുണ്ട്. മനുഷ്യസംസ്കാരം കൃഷിയിടങ്ങളുടെ അടിത്തറയിലാണ് വളർന്നു വികസിച്ചത്. അതുകൊണ്ട് മനുഷ്യസംസ്കാരത്തിന്റെ അടിക്കല്ലുകൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട മിത്തുകളും കല്പനകളും ഇമേജുകളുമാണ്. വൈലോപ്പിള്ളിയുടെ കാവ്യലോകത്ത് കാണുന്ന കാവ്യബിംബങ്ങൾ നാഗരികതയുടേതല്ല; കാർഷികജീവിതത്തിന്റേതാണ്.

കൃഷി സ്ത്രീത്വമാണ്; സ്ത്രീയുമായി ബന്ധപ്പെട്ടതാണ്. (കൃഷി എന്ന സംസ്കൃതപദം സ്ത്രീലിംഗമാണ് എന്ന കാര്യവും ഓർക്കുക.) അതി പ്രാചീനകാലത്ത് കൃഷിപ്പണികൾ ചെയ്തിരുന്നത് സ്ത്രീകളായിരുന്നു. 'കന്നിക്കൊയ്ത്ത്' എന്ന കവിതയിൽ കൊയ്ത്തുകാരായി വൈലോപ്പിള്ളി വർണ്ണിക്കുന്നത് പുരുഷന്മാരെയല്ല, സ്ത്രീകളെയാണ്:

"കെട്ടിയ മുടി കച്ചയാൽ മൂടി
ചുറ്റിയ തുണ്ണി ചായ്ച്ചൊന്നു കുത്തി
വെറ്റില ചവ, ച്ചുന്മാദമോളം
വെട്ടിടുമരിവാളുകളേന്തി
ഒന്നിച്ചാ നമ്രമെയ്യോടെ നില്പൂ
കന്നിപ്പാടത്ത് കൊയ്ത്തുകാർ നീളെ."

ആകെ നേർവഴി പാലിപ്പിൻ എന്ന് ആരംഭിക്കുന്ന ആജ്ഞനല്കലും തുടർന്നുള്ള മുന്നറിയിപ്പും ശകാരവും സ്ത്രീകളുടേതാകാനേതരമുള്ളൂ. വെറ്റില ചവച്ചുന്മാദമോളം വെട്ടിടുമരിവാളുകളേന്തി

എന്ന വരികളെ തമ്മിൽ പേശുന്നു കൊയ്ത്തരിവാൾകൾ എന്ന ഭാഗവുമായി ചേർത്തുവായിക്കുമ്പോൾ കൊയ്ത്തുകാർ പൂർണമായും സ്ത്രീകളാണെന്നു വ്യക്തമാകുന്നു. ജീവിതത്തിന്റെ ജീവശാസ്ത്രപരമായ ഉൽപാദകർ സ്ത്രീകളാണ്. പുരുഷന്മാർ പരോക്ഷമായ പങ്കുവഹിക്കുന്നതേയുള്ളൂ. സൃഷ്ടിയുടെ വേദനയും പോറ്റിവളർത്തലിന്റെ വ്യഥയും നിലനിർത്തലിന്റെ ദുരിതങ്ങളും അനുഭവിക്കുന്നത് സ്ത്രീകൾതന്നെ. അതുകൊണ്ട് ജീവിതത്തിന്റെ അനുസ്യൂതിയെ വൈലോപ്പിള്ളി കന്നിക്കൊയ്ത്തുകാരായ സ്ത്രീകളിലാണ് ദർശിക്കുന്നത്. വ്യക്തികളായി കവി ചിത്രീകരിക്കുന്ന കൊയ്ത്തുകാരും (ജീവിതഭാരംകൊണ്ട് കുനിഞ്ഞ മുത്തി, ഉണ്ണിയാർച്ചപോൽ മിന്നിയ തമ്പി, നെല്ലിനോട് പിറുപിറുക്കുന്ന നാരി, കവിയുടെ മുന്നിൽ വിരിമിഴിത്തെല്ലിനാൽ നാകം തുറക്കുന്ന തയ്യൽ) സ്ത്രീകളാണ്. അങ്ങനെ സ്ത്രീകൾ കൊയ്ത്തുപാടത്തിന്റെ പ്രതീകമായിത്തീരുന്നു. (ക്ഷേത്രം എന്ന സംസ്കൃതപദത്തിന് വയൽ എന്നും സ്ത്രീശരീരമെന്നും അർത്ഥമുണ്ട്.) പ്രകൃതിജീവിതത്തിലൂടെ, കൃഷിയിലൂടെ, കൊയ്ത്തിലൂടെ ജീവിതം നിലനിൽക്കുന്നു എന്ന വീക്ഷണം ലോകത്തിലെ കാർഷികമിത്തുകളിലൊക്കെ കാണുന്നുണ്ടെന്ന മാതൃദായക്രമത്തെക്കുറിച്ചു പഠനം നടത്തിയ ബഹോഫെൻ രേഖപ്പെടുത്തുന്നു. മനുഷ്യചരിത്രത്തിലും ജീവിതത്തിലും കൃഷിക്ക് പ്രാധാന്യമുണ്ടായിരുന്ന കാലത്ത് സ്ത്രീത്വത്തിനായിരുന്നു പ്രാമുഖ്യം. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആഘോഷങ്ങളിൽ സ്ത്രീ പ്രധാനകഥാപാത്രമായിരുന്നു. പിതൃപ്രാമാണ്യം ശക്തിപ്രാപിച്ചപ്പോൾ കൃഷിക്കും സ്ത്രീക്കും പ്രഥമസ്ഥാനം നഷ്ടപ്പെട്ടു. (മനുസ്മൃതി കൃഷിക്കും സ്ത്രീക്കും ഒരുപോലെ പതിത്വം കല്പിക്കുന്നു) പ്രജനനം മണ്ണിന്റെ എന്നപോലെ സ്ത്രീത്വത്തിന്റെയും കർമമാണ്. അതുകൊണ്ട് ഭൂമിയെ മാതാവായി സങ്കല്പിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള അനുസ്യൂതസങ്കല്പം മാതൃത്വവുമായും കൃഷിയുമായും ബന്ധപ്പെട്ടതാണ്. സ്ത്രീ മാതാവാകുന്നതും ഭൂമിയിൽ കൃഷിചെയ്യുന്നതും സമാനപ്രക്രിയകളാണ്. കലപ്പമുന പിളർന്ന മൺചാലിൽ വീണു മുളപൊട്ടുന്ന വിത്ത് (ബീജം) രതിപ്രവർത്തനസ്മരണ മനുഷ്യമനസ്സിൽ ഉളവാക്കിയതുകൊണ്ടാവാം കൃഷിചെയ്യൽ ലൈംഗികതയുടെ പര്യായമായിത്തീരുന്നത്. അങ്ങനെ കൃഷി ജീവിതമാകുമ്പോൾ കൊയ്ത്ത് മരണമാകുന്നു.

> "നിത്യവും ജീവിതം വിതയേറ്റി
> മൃത്യുകൊയ്യും വിശാലമാം പാടം."

എങ്കിലും കൃഷിയുമായി ബന്ധപ്പെട്ട മാതൃത്വം അഥവാ പ്രജനനക്രിയ മരണത്തെ ജയിക്കുന്നു. കൊയ്ത്തിനുശേഷം പിന്നെയും ജീവിതം വിതയ്ക്കുന്നു. അങ്ങനെ ജനനമരണങ്ങളുടെ നിരന്തരമത്സരത്തിലൂടെ മനുഷ്യൻ മുന്നോട്ടു പോവുകയാണ്. പക്ഷേ, ആത്യന്തികവിജയം നേടാൻ വിജിഗീഷുവായ മൃത്യുവിന് കഴിയുന്നില്ല. കാരണം, കൃഷിയെന്ന രതിക്രിയ അനാദ്യന്തസ്വഭാവമാർന്നതാണ്.

> "നിർദ്ദയം മെതിച്ചീ വിളവുൺമാൻ
> മൃത്യുവിന്നേകും ജീവിതംപോലും
> വിത്തൊരിത്തിരി വെയ്ക്കുന്നു, വീണ്ടും
> പത്തിരട്ടിയായ് പൊൻവിളയിപ്പാൻ .
> കന്നിനാളിലെ കൊയ്ത്തിനുവേണ്ടി
> മന്നിലാദിയിൽ നട്ട വിത്തെല്ലാം
> പൊന്നലയലച്ചെത്തുന്നു, നോക്കൂ
> പിന്നെയെത്രയോ കൊയ്ത്തുപാടത്തിൽ!
> ഹാ! വിജിഗീഷു മൃത്യുവിന്നാമോ
> ജീവിതത്തിൽ കൊടിപ്പടം താഴ്ത്താൻ"

*(കന്നിക്കൊയ്ത്ത്)*

ഇവിടെ കൊയ്ത്തിന് സംഹാരസ്വഭാവമുള്ളതുകൊണ്ടാണ് അത് മൃത്യുവിന്റെ പ്രതീകമാകുന്നത്. ഈയൊരർത്ഥത്തിൽത്തന്നെ കൊയ്ത്ത് വിപ്ലവമായും സങ്കല്പിക്കപ്പെടുന്നു. കൊയ്ത്തിന്നുശേഷം നല്ല വിളവുതരുന്ന ആര്യൻവിത്തിന്റെ വിതയുണ്ട്. (അധികാരം കൊയ്യണമാദ്യം നാം അതിനുമേലാകട്ടെ പൊന്നാര്യൻ-ഇടശ്ശേരി.)

കുടുംബം എന്ന സങ്കല്പം അമ്മയെയും കൃഷിഭൂമിയെയും ബന്ധപ്പെട്ടാണ് വളർന്നുവികസിച്ചത്. ഫാമിലി എന്ന വാക്കിൽ കൃഷിഫാം കൂടി ഉൾപ്പെടുന്നുണ്ടല്ലോ. മനുഷ്യന്റെ കാർഷികജീവിതം അവനു സ്ഥിരമായ കുടുംബബന്ധങ്ങൾ നൽകി. അവ സാഹിത്യത്തിന്റെ അകത്തളങ്ങൾ രൂപപ്പെടുത്തുകയും മിനുക്കുകയും ചെയ്യുന്നു. വൈലോപ്പിള്ളിയുടെ കുടുംബസങ്കല്പവും സ്നേഹസങ്കല്പവും കാർഷികജീവിതത്തിലാണ് വേരുകൾ ആഴ്ത്തി നില്ക്കുന്നത്, വൈലോപ്പിള്ളി മറ്റു കാല്പനികകവികളെപ്പോലെ പ്രേമഗീതികൾ രചിച്ച കവിയല്ല. യുവത്വപ്രേമമല്ല, മുതുക്കു പ്രേമമാണ് അദ്ദേഹത്തിന്റേത് എന്നു പറയാം. കൊയ്ത്തുമായി അല്ലെങ്കിൽ നെൽപ്പാടവുമായി ബന്ധപ്പെട്ടതാണ് വൈലോപ്പിള്ളിയുടെ സ്നേഹസങ്കല്പം. കന്നിക്കൊയ്ത്തിൽത്തന്നെ അത് തുടങ്ങുന്നു. കൊയ്ത്തിനു സാക്ഷിയായി വയൽവരമ്പിൽ നിൽക്കുന്ന കവി കാമുകനാണ്. തൻ വിരിമിഴിത്തെല്ലിനാൽ കവിയുടെ മുന്നിൽ നാകം തുറക്കുന്ന തയ്യൽ കൊയ്ത്തുകാരി പ്പെണ്ണാണ്. കൊയ്ത്തുകഴിഞ്ഞ് എന്ന കവിതയിൽ കാമുകീകാമുകരെ നെൽത്തണ്ടും നെല്ലിപ്പൂവിളംതണ്ടുമായിട്ടാണ് വൈലോപ്പിള്ളി സങ്കല്പിക്കുന്നത്.

> “ഒത്തുചേർന്നെരിവെയിലുമിളവെയിലാക്കീലേ നീ
> കൊയ്ത്തുപാടത്തെക്കൊച്ചു കോമളപ്പച്ചക്കിളി?
> ലീലയാ മേളിച്ചില്ലേ, നാമിരുവരും ചെയ്ത
> വേല, നെൽതണ്ടും നെല്ലിപ്പൂവിളംതണ്ടുംപോലെ.”

കവി ചിത്രീകരിക്കുന്ന സ്നേഹബന്ധങ്ങൾക്ക് (കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, കണ്ണീർപ്പാടം) പശ്ചാത്തലം നെൽപ്പാടമാണ്. കവിക്കനുഭവപ്പെട്ട പ്രേമാനുഭൂതിപോലും കൊയ്ത്തിന്റേതായിരുന്നു!

> “കൊയ്ത്തുനെല്ലിൻ പുതുമണം; ആദ്യ-
> പ്പെയ്ത്തുമണ്ണിൻ പരിമളപൂരം.”

*(കുടിയൊഴിക്കൽ)*

ഈ വരികളിലെ വാക്കുകളെല്ലാം അതിതീവ്രമായ രതിഭാവത്തിന്റെ സൂചകങ്ങളാണ്. (അതുപോലെ താലികെട്ട്, കാതിലംകെട്ട്, തലമുടിക്കെട്ട് എന്നിവ രതിയെയും കൊയ്ത്തിനെയും സൂചിപ്പിക്കുന്നു). കുടിയൊഴിക്കലിൽ കവി താലികെട്ടിനെ കൊയ്ത്തുമായി ബന്ധപ്പെടുത്തുന്നുണ്ട്.

> “താലികെട്ടാത്ത നാളുകൾ കൊയ്ത്തിൻ
> വാളിനാൽ സ്വർണ്ണമാലയറുക്കെ”

താലികെട്ടാത്ത നാളുകൾ കന്നിമാസമാണ്. അതോടൊപ്പം ‘ഗ്രാമമണ്ണുപെറ്റ’ പെൺകൊടിയാളെ - കന്യകയെ - കൂടി കുറിക്കുന്നു. താലികെട്ടാത്ത അവൾ കവിയുമായി ബന്ധപ്പെടുന്നു. കൊയ്ത്തിൻ വാള് രതി ബിംബമാകുന്നു.

പ്രേമംപോലെ പ്രേമഭംഗവും നെൽപ്പാടത്തിലാണ് സംഭവിക്കുന്നത്. ഭാര്യാഭർത്ത്യബന്ധത്തെ കാർഷികവൃത്തിയുടെയും നെൽപ്പാടത്തിന്റെയും പൂർവ്വസ്മൃതികളിൽ ആവിഷ്കരിക്കുന്നു. വയൽ സ്ത്രീയും കൃഷിക്കാരൻ പുരുഷനും അവരെ ബന്ധിപ്പിക്കുന്ന കലപ്പ ലിംഗവും വിത്ത് ബീജവുമാണ് പ്രാചീനമിത്തുകളിൽ. അതുകൊണ്ട് ദാമ്പത്യജീവിതം വയലേലതന്നെ. അതിൽ കണ്ണീർ നിറയുന്നത് ദാമ്പത്യ ജീവിതത്തിൽ തകർച്ച സംഭവിക്കുമ്പോഴാണ്. വൈലോപ്പിള്ളിയുടെ കണ്ണീർപ്പാടത്തിലെ ദമ്പതികൾ തമ്മിലുള്ള ഉൾപ്പോരിന് പശ്ചാത്തലം വർഷാകാലപ്പാടവും

കലുഷമായ കാലവുമാണ്. സ്നേഹബന്ധങ്ങൾ മുളപൊട്ടുന്നതും (കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ) അതിൽ കണ്ണീർ നിറയുന്നതും (കണ്ണീർപ്പാടം) നെൽപ്പാടത്തിൽവച്ചുതന്നെ. വർഷകാലത്തിന്റെ അസ്വസ്ഥതയും കലക്കവും ചുഴികളും വഴുക്കലും നടവരമ്പിനെയും നെൽച്ചെടികളെയും നീരിലാഴ്ത്തിയുള്ള നിലയും ദമ്പതികളുടെ നിത്യജീവിതത്തിലെ കാലുഷ്യത്തെ സൂചിപ്പിക്കുന്നു. വൈലോപ്പിള്ളി സാമൂഹിക ജീവിതത്തെയും ചരിത്രത്തിന്റെ അനുസ്യൂതിയെയും മാത്രമല്ല, സ്വന്തം വ്യക്തി ജീവിതത്തെക്കൂടി നെൽപ്പാടമായി സങ്കല്പിച്ചിരിക്കുന്നു! തെങ്ങണിത്തണലാർന്ന ഗ്രാമത്തിലെ കാർഷികവിളയായ തെങ്ങായിട്ടാണല്ലോ കവി സ്വയം വർണിക്കുന്നത്. (വിമർശനം എന്ന കവിത).

ജീവിതത്തിന്റെ പ്രകാശപൂർണവും ദുരിതം നിറഞ്ഞതുമായ മുഖങ്ങളെ കന്നിക്കൊയ്ത്തിൽ കവി നമുക്ക് കാണിച്ചുതരുന്നു. പുഞ്ചപ്പാടം ഗ്രാമജീവിതകഥാനാടകഭൂവാണ്. എന്നാൽ കണ്ണീർപ്പാടത്തിൽ അരങ്ങേറുന്ന നാടകത്തിലെ നായികാനായകന്മാർ കൊയ്ത്തുകാരല്ല, കവിയും പത്നിയുമാണ്. അവരുടെ പൊരുത്തവും പൊരുത്തക്കേടും അരങ്ങേറുന്നത് കണ്ണീർപ്പാടത്തിൽവച്ചാണ്. അതുപോലെ കന്നിക്കൊയ്ത്തിലെ കൊയ്ത്തുകാരും അവരുടെ ഗ്രാമജീവിതദുഃഖങ്ങൾ നെൽപ്പാടത്തിൽ വച്ച് പങ്കുവയ്ക്കുന്നു. അങ്ങനെ കന്നിക്കൊയ്ത്തിലെ പാടം ലോകജീവിതകഥാനാടകഭൂവായി മാറുന്നു. അവിടെയും ദുഃഖത്തിന്റെ കണ്ണുനീർക്കുത്തുണ്ട്. പക്ഷേ, നടവരമ്പോ ഞാറിൻകൂട്ടങ്ങളോ മുങ്ങിപ്പോകുന്നില്ല. നേരെമറിച്ച്, നേരംപോക്കിന്റെ വെള്ളിമീനുകൾ ചാടുന്നു. എന്നാൽ കണ്ണീർപ്പാടത്തിൽ വ്യക്തിജീവിതം അരങ്ങേറുന്നതുകൊണ്ട് ദുഃഖം കരകവിഞ്ഞൊഴുകാൻ നിൽക്കുന്നു. അവിടെ നേരംപോക്കിന്റെ വെള്ളിമീൻചാട്ടമില്ല. വലിഞ്ഞുമുറുകി, മൂടിക്കെട്ടിനില്ക്കുന്ന മനസ്സും പ്രകൃതിയും. കൊയ്ത്ത് അതിപ്രാചീനമായ ജീവിതകർമമായതുകൊണ്ട് അത് എന്നും പുതുമയോടെ നിലനിൽക്കുന്നു. അതുകൊണ്ട് കൊയ്ത്തുകാരുടെ കഥകൾക്ക് എന്നും പുതുമയുണ്ടാവും.

"എത്ര ചിത്രം! പുരാതനമെന്നാൽ
പുത്തനാമീ കഥകളിലെല്ലാം
ധീരം വായ്ക്കുന്നു കണ്ണുനീർകുത്തിൽ
നേരംപോക്കിന്റെ വെള്ളിമീൻചാട്ടം!"

*(കന്നിക്കൊയ്ത്ത്)*

ഈ വരികളുടെ അടിക്കുറിപ്പായി വൈലോപ്പിള്ളി എഴുതുന്നു: ജീവിതസംഭവങ്ങൾ എത്ര പുത്തനായാലും അവയിലെ മുഖ്യഭാവങ്ങളും വിശേഷങ്ങളും പുരാതനങ്ങളും ശാശ്വതങ്ങളുമാണ്. അവയുടെ കണ്ണുനീരിൽ ഫലിതത്തിന്റെ മിന്നിയാട്ടമുണ്ട്. പാടത്തെയും കണ്ണുനീരിനെയും കന്നിക്കൊയ്ത്തിൽത്തന്നെ കവി പരസ്പരം ബന്ധപ്പെടുത്തുന്നു.

വൈലോപ്പിള്ളി നെൽപ്പാടത്തെ ഗ്രാമജീവിതകഥാനാടകഭൂവാക്കി സങ്കല്പിച്ച് ലോകത്തെത്തന്നെ വലിയൊരു പുഞ്ചയാക്കി മാറ്റുന്നു. അതിന്റെ ഭാഗമായി നിൽക്കുന്ന കേരളമാകട്ടെ നൂറുമേനി വിളയുന്ന മറ്റൊരു പുഞ്ചയാകുന്നു.

*(ഡോ.പി.സോമൻ)*

**ഈണം കണ്ടെത്താം**

കവിത പരിചയപ്പെടുത്തുവാൻ സ്വീകരിക്കാവുന്ന രീതികൾ എന്തൊക്കെ?

കുട്ടികൾ ചെറിയ ഗ്രൂപ്പുകളിൽ ഇരിക്കുന്നു. ഓരോ ഗ്രൂപ്പും ഈണം കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

മികച്ച ഈണത്തിൽ ക്ലാസ്സിലെ മുഴുവൻ കുട്ടികളും അധ്യാപകരും ചേർന്നു ചൊല്ലുന്നു.

## ഞാനറിയുന്നത്

കവിതാവായനിയിൽ നിന്ന് ഓരോരുത്തർക്കും എന്തെല്ലാം മനസ്സിലായി? കുട്ടികൾ അവരവരുടെ നോട്ടുബുക്കിൽ കുറിക്കുന്നു പൊതുഅവതരണം. പ്രധാന ആശയങ്ങൾ അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു.

ഇത്രമാത്രമാണോ കവി പറഞ്ഞിട്ടുള്ളത്? മറ്റെന്തെല്ലാം കാര്യങ്ങൾ കൂടി പറഞ്ഞിട്ടുണ്ട്? ഉത്തരം കണ്ടെത്താൻ സഹായകമായ രീതിയിൽ 'കന്നിക്കൊയ്ത്ത്' - കവിതാഭാഗം വായിക്കാൻ ധാരണയാകുന്നു. കുട്ടികൾ 6 ഗ്രൂപ്പുകളായിരുന്ന് കവിത വായിച്ചു ചർച്ച ചെയ്യുന്നു. ചർച്ചയ്ക്ക് ആവശ്യമായ ചോദ്യാവലി ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു.

**സെറ്റ് 1**

- ആരുടെ കഥയാണിവിടെ പറയുന്നത്?
- കൊയ്ത്തുകാരുടെ നിൽപിനെ എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്?
- കൊയ്ത്തുകാർ പാലിക്കേണ്ട രീതികളെക്കുറിച്ച് പറയുന്നതെന്തൊക്കെ?
- താഴ്ത്തിക്കൊയ്യുവിൻ, ........... നെല്ലു പൊന്നാണേ!"

  ഈ വരികൾ കർഷകത്തൊഴിലാളികളുടെ ഏതു മനോഭാവത്തെയാണ് വെളിവാക്കുന്നത്?
- കർഷകത്തൊഴിലാളികൾ തമ്മിൽ പറയുന്ന പായാരങ്ങൾ എന്തൊക്കെ?
- കാറ്റ് പറയുന്നതെന്ത്?
- ജീവിതത്തെക്കുറിച്ച് കവിയുടെ കാഴ്ചപ്പാടെന്ത്? ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

**സെറ്റ് 2**

- ആരുടെ കഥയാണിവിടെ പറയുന്നത്?
- കൊയ്ത്തുകാരെ ചിത്രീകരിക്കുന്നത് എങ്ങനെ?
- കൊയ്ത്തുകാർ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് എന്തെല്ലാമാണ് പറയുന്നത്? അതിൽ തൊഴിലിനോടുള്ള ആത്മാർത്ഥത എങ്ങനെ വെളിപ്പെടുന്നു?
- എന്തെല്ലാം പായാരങ്ങളാണ് അവർ പറയുന്നത്?
- അവരുടെ കഷ്ടപ്പാടിനു കാരണമെന്തായിരിക്കാം?
- എല്ലുമുറിയെ പണി ചെയ്തിട്ടും അവർക്കു പല്ലു മുറിയെ തിന്നാൻ കഴിയാത്തത് എന്തുകൊണ്ടായിരിക്കാം?
- കർഷകത്തൊഴിലാളികൾക്ക് അർഹമായ ആദരവ് ലഭിക്കുന്നുണ്ടോ?എന്തുകൊണ്ട്?
- കാറ്റു പറയുന്നതെന്താണ്?
- ജീവിതത്തെക്കുറിച്ച് കവിയുടെ കാഴ്ചപ്പാടെന്ത്? ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ചോദ്യാവലി ഓരോന്നും മൂന്ന് ഗ്രൂപ്പുകൾക്കു വീതം നൽകണം. കണ്ടെത്തുന്ന ആശയങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. കൂടുതൽ വ്യക്തതയ്ക്കു വേണ്ടി ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കാം.

പ്രധാന ആശയങ്ങൾ അധ്യാപിക ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തുന്നു.

കുട്ടികൾ നിർദ്ദേശിച്ച ആശയവും യൂണിറ്റു വിശകലനത്തിന്റെ ഭാഗമായി നൽകിയ പ്രധാന ആശയങ്ങളും പരിഗണിച്ച് അധ്യാപിക ചർച്ച ക്രോഡീകരിക്കുന്നു.

- കർഷകത്തൊഴിലാളികളുടെ അവസ്ഥ ദുരിതങ്ങൾ
- തൊഴിലിനോട് അവർ കാണിക്കുന്ന ആത്മാർത്ഥത

- തൊഴിലാളികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത
- ജീവിതത്തിന്റെ അജയ്യത.
- 

തുടങ്ങിയവയിൽ ഊന്നണം.

**അഭിമുഖം**

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നാട്ടിലെ കർഷകത്തൊഴിലാളികളുമായി അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിക്കാൻ നിർദേശിക്കാം.

- കവിതയിലെ കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് അഭിമുഖത്തിൽ ഉപയോഗിക്കേണ്ടത്.
- അവർ ജീവിതത്തിൽ നേരിടുന്ന പ്രധാനവെല്ലുവിളികൾ കണ്ടെത്താൻ അഭിമുഖം സഹായകമാവണം.

**പ്രയോഗഭംഗി കണ്ടെത്താം**

- താരകക്കുഞ്ഞുങ്ങൾ മെല്ലെ കണ്ണുതുറന്നു. അമ്പിളിക്കല ചക്രവാളത്തിൽ സാവകാശത്തിൽ പ്രത്യക്ഷപ്പെട്ടു. പറവകൾ ചില്ലകളിൽ കലപില കൂട്ടി.

ഈ വാക്യങ്ങൾ പ്രദർശിപ്പിക്കുന്നു. ഇവയെല്ലാം കൂടി സൂചിപ്പിക്കാൻ ഒറ്റപ്പദം പറയാമോ?

കുട്ടികൾ നിർദ്ദേശിക്കുന്നു.

  - സന്ധ്യയായി
  - രാത്രി
  - ഇവയിൽ ഏതു രീതിയാണ് സ്വീകാര്യം? എന്തുകൊണ്ട്?

**ചർച്ച**

ഭാഷയ്ക്ക് ഭംഗി കൂട്ടുന്നതിൽ ഇത്തരം പ്രയോഗങ്ങൾ വളരെയധികം സഹായിക്കുന്നു.

തുടർന്ന്

ഒന്നിച്ചാനമ്രമെയ്യോടെ ...........................................
................................................................... പരമ്പര പോലെ

കവിതാശകലം ബ്ലാക്ക് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

ചോദ്യങ്ങളിലൂടെ കവിതാ ഭാഗം വിശകലനം ചെയ്യുന്നു.

- ഇവിടെ ആരെക്കുറിച്ചാണ് പറയുന്നത്?
- കൊയ്ത്തുകാരെ ആരുമായിട്ടാണ് സദൃശ്യപ്പെടുത്തിയിരിക്കുന്നത്.
- ഇത്തരം പ്രയോഗങ്ങൾ കവിതയെ മനോഹരമാക്കുന്നതെങ്ങനെ?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച നടത്താം. പാഠവിശകലനത്തിൽ നൽകിയിട്ടുള്ള ആശയങ്ങൾ കൂടി ചേർത്ത് ചർച്ച ക്രോഡീകരിക്കണം.

ഇതുപോലെ മറ്റേതെല്ലാം ആലങ്കാരിക പ്രയോഗങ്ങൾ കവിതയിൽ കണ്ടെത്താം?

കുട്ടികൾക്ക് നിർദേശിക്കാനവസരം നൽകണം.

പിന്നീട് നിശ്ചിത കവിതാഭാഗങ്ങൾ ഗ്രൂപ്പുകളിൽ നൽകുന്നു. ഓരോ ഭാഗവും കവിതയുടെ ഭംഗി വർധിപ്പിക്കുന്നതെങ്ങനെയെന്നു ചർച്ച ചെയ്യുന്നു. ചർച്ചയ്ക്ക് പ്രയാസം നേരിടുന്നെങ്കിൽ ആവശ്യമായ ചോദ്യങ്ങൾ/സഹായം ഗ്രൂപ്പുകളിൽ നൽകണം.

ഗ്രൂപ്പുകളിൽ നൽകാവുന്ന കവിതാശകലങ്ങൾ

(1) പൊന്നുഷസ്സിന്റെ കൊയ്ത്തിൽ .................. നാടകഭൂവിൽ

(2) നിത്യവും ജീവിതം വിതയേറ്റി
മൃത്യുകൊയ്യും വിശാലമാം പാടം

(3) ചെംചെറുമണി കൊത്തിടും പ്രേമ-
പ്പഞ്ചവർണക്കിളിയുടെയാട്ടം

(4) ഹാ, വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ

ഓരോ ഗ്രൂപ്പും കണ്ടെത്തി അവതരിപ്പിക്കുന്ന ആശയങ്ങൾ പാഠവിശകലനത്തിൽ നൽകിയ അനുയോജ്യമായ ആശയങ്ങൾ കൂടി ചേർത്ത് ക്രോഡീകരിക്കണം.

**താരതമ്യം ചെയ്യാം**

എങ്ങനെയാണ് താരതമ്യക്കുറിപ്പുകൾ തയ്യാറാക്കുന്നത്? ഒ.എൻ.വി കുറുപ്പിന്റെ ആവണിപ്പാടത്തിലെ വരികൾ ബ്ലാക്ക് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

"തത്തമ്മയ്ക്കുണ്ടൊരു ................... പറന്നുപോയി"

കുട്ടികൾ കവിതാശകലം വായിക്കുന്നു. കണ്ടെത്തിയ ആശയങ്ങൾ അവതരിപ്പിക്കുന്നു. ആശയങ്ങൾ കൂടുതൽ വ്യക്തമാക്കാൻ ആവശ്യമെങ്കിൽ ചില ചോദ്യങ്ങൾ ഉന്നയിക്കാം.

- ആരുടെ കഥയാണിവിടെ പറയുന്നത്?
- തത്തമ്മ പറയുന്ന പായാരങ്ങൾ എന്തൊക്കെ?
- ഈ പായാരങ്ങൾക്ക് 'കന്നിക്കൊയ്ത്ത്' എന്ന കവിതയിലെ കർഷകത്തൊഴിലാളികളുടെ പായാരങ്ങളുമായി സാമ്യമുണ്ടോ?
- രണ്ടു കവിതയിലും പരാമർശിക്കപ്പെടുന്ന 'പാട'ത്തിന് എന്തെങ്കിലും സമാനതയുണ്ടോ.
- 

ചർച്ചകളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും താരതമ്യക്കുറിപ്പുകൾ തയാറാക്കുന്നു. കൈമാറി വിലയിരുത്തുന്നു. രണ്ടോ മൂന്നോ എണ്ണം പൊതുവായി വായിക്കുന്നു. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിലയിരുത്തൽ.

**സൂചകങ്ങൾ**

- രണ്ടു കവിതകളുടെയും ആശയം കണ്ടെത്തിയിട്ടുണ്ട്.
- കവിതകളിലെ സമാനതകൾ, വ്യത്യാസങ്ങൾ ഇവ കണ്ടെത്തിയിട്ടുണ്ട്.
- അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

ക്ലാസ്സിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപീകരിച്ച ധാരണകൾ പൊതുവായി പങ്കുവയ്ക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ കന്നിക്കൊയ്ത്ത് എന്ന കവിതാഭാഗത്തിന് ഒരു ആസ്വാദനക്കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. ആശയം, ആനുകാലികത, അലങ്കാര പ്രയോഗങ്ങൾ, മറ്റ് ആസ്വാദനാംശങ്ങൾ മറ്റു കവിതകളുമായുള്ള താരതമ്യം തുടങ്ങിയവ പരിഗണിക്കണം.

**ആസ്വാദനക്കുറിപ്പു തയ്യാറാക്കുമ്പോൾ**

- കവിതയുടെ ആശയം രേഖപ്പെടുത്തണം.
- ആശയത്തെ വ്യത്യസ്ത കാഴ്ചപ്പാടിൽ വിലയിരുത്തണം
- കവിതയെ മനോഹരമാക്കുന്ന/ശക്തമാക്കുന്ന പ്രയോഗങ്ങൾ കണ്ടെത്തണം.
- അനുയോജ്യമായ ഉദാഹരണങ്ങൾ കവിതയിൽ നിന്നോ മറ്റു കവിതകളിൽ നിന്നോ ഉപയോഗിക്കണം.

- ആകർഷണീയമായ ഭാഷയിൽ അവതരിപ്പിക്കണം.

### ലേഖനം തയ്യാറാക്കാം

ഇതുവരെ നടന്ന ചർച്ചകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ "കൃഷിയും ആചാരനുഷ്ഠാനങ്ങളും" എന്ന പേരിൽ ഒരു ലേഖനം തയ്യാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം.

- മുൻപ് നടത്തിയ അഭിമുഖം
- ചർച്ച
- സർവ്വവിജ്ഞാനകോശത്തിലെ പ്രസക്തമായ പേജുകൾ ഇവ ലേഖനം തയ്യാറാക്കാനായി ഉപയോഗിക്കാം. തയ്യാറാക്കിയ ലേഖനം വിലയിരുത്തണം. പതിപ്പാക്കി മാറ്റണം

### ലേഖനം തയ്യാറാക്കുമ്പോൾ

- തലക്കെട്ട്
- ആമുഖം
- വിഷയത്തിന്റെ അവതരണം ഘടന
- ഉപസംഹാരം

ഇവ വേണം

### മൂല്യനിർണയ സൂചകങ്ങൾ

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ആശയങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.
- തന്റേതായ അഭിപ്രായങ്ങൾ രൂപീകരിച്ചിട്ടുണ്ട്.
- അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- ഘടന പാലിച്ചിട്ടുണ്ട്.

### അരിശ്രീ

മലയാളത്തിലെ സഞ്ചാരസാഹിത്യകാരനായ ശ്രീ.എസ്.കെ.പൊറ്റെക്കാടിന്റെ ബാലിദ്വീപ് എന്ന യാത്രാവിവരണഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഭാഗമാണ് അരിശ്രീ. ഭൂമിശാസ്ത്രപരമായും ആചാരപരമായും വിശ്വാസപരമായും കേരള ജനതയോട് ഏറെ അടുത്തു നിൽക്കുന്ന ഒരു ജനസമൂഹത്തെ മനോഹരമായ ഭാഷയിൽ നമുക്ക് പരിചയപ്പെടുത്തുകയാണിവിടെ.

കൃഷിയെ എങ്ങനെയാണ് ബാലിദ്വീപുകാർ കാണുന്നത് എന്നതിന്റെ വ്യക്തമായ ചിത്രം നമുക്ക് 'അരിശ്രീ' യിൽ നിന്നു കിട്ടുന്നു. കൃഷിരീതി, ജലസേചനം, കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ചടങ്ങുകൾ, കൃഷിക്കായി രൂപം കൊണ്ടിട്ടുള്ള ജനകീയ സംഘടനകൾ ഇവയൊക്കെ ഇതിൽ ചർച്ച ചെയ്യുന്നുണ്ട്.

കേരളത്തിൽ ഒരു കാലത്തു നില നിന്നിരുന്ന കാർഷികാചാരങ്ങൾ, ചടങ്ങുകൾ, കൂട്ടായ്മകൾ ഇവയുമായി താരതമ്യം ചെയ്യാൻ അനുയോജ്യമായ ഭാഗമാണിത്. കാർഷികരംഗത്തെ പ്രശ്നങ്ങൾ താരതമ്യം ചെയ്യുന്നതോടൊപ്പം സഞ്ചാരസാഹിത്യശാഖയും അതിലുള്ള നിരവധി കൃതികളും പരിചയപ്പെടാൻ അവസരമൊരുക്കുകയും വേണം.

# നല്ല പ്രജ

രാജ്യത്തെ ഏറ്റവും നല്ല പ്രജ ആരാണ്? രാജാവിനു സംശയമായി. അദ്ദേഹം തല പുകഞ്ഞാലോചിച്ചു. എന്നിട്ടും മനസ്സിലാകുന്നില്ല. ഒടുവിൽ വേഷം മാറി രാജ്യം മുഴുവൻ സഞ്ചരിക്കാൻ അദ്ദേഹം തീരുമാനിച്ചു.

അടുത്ത ദിവസം രാജാവു വേഷം മാറി കുതിരപ്പുറത്തു യാത്രയായി. മലകൾ, വയലുകൾ, ആരാധനാലയങ്ങൾ... അങ്ങനെ പലയിടത്തും അദ്ദേഹം അലഞ്ഞു നടന്നു. പക്ഷേ ഒരിടത്തും അദ്ദേഹത്തിന്റെ മനസ്സിലുള്ള നല്ല പ്രജയെ കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. നിരാശയോടെ യാത്ര തുടർന്ന അദ്ദേഹം വഴിവക്കിൽ ഒരു കാഴ്ച കണ്ടു. കൂനിക്കൂടി നടക്കാൻ പോലും പ്രയാസമുള്ള ഒരു വൃദ്ധൻ വഴിയരികിൽ എന്തോ നടുന്നു. രാജാവു കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി. വൃദ്ധന്റെ അടുത്തെത്തി ചോദിച്ചു.

“അപ്പൂപ്പാ, അങ്ങെന്താണ് ചെയ്യുന്നത്?”

“ഞാൻ ഒരു മാവിൻ തൈ നടുകയാണ്.” വൃദ്ധൻ മറുപടി പറഞ്ഞു. രാജാവിന് അത്ഭുതമായി. അദ്ദേഹം പിന്നെയും ചോദിച്ചു. “ഈ മാവു വളർന്ന് വലുതാവുമ്പോഴേക്കും നിരവധി വർഷങ്ങൾ കഴിയില്ലേ. അതിൽ നിന്ന് ഒരു മാങ്ങപോലും തിന്നാൻ അങ്ങേക്കു കഴിഞ്ഞെന്നു വരില്ല. പിന്നെന്തിനാണ് അങ്ങ് ഇങ്ങനെ ബുദ്ധിമുട്ടുന്നത്?” വൃദ്ധൻ ചിരിച്ചു കൊണ്ടു പറഞ്ഞു.

“കുഞ്ഞേ, ഇതൊന്നും എനിക്കു വേണ്ടിയല്ല ഞാൻ നടുന്നത്. ഇനി വരാൻ പോകുന്ന തലമുറയ്ക്കു വേണ്ടിയാണ്. ഞാൻ തിന്ന ചക്കയും മാങ്ങയുമൊന്നും ഞാൻ നട്ട മരങ്ങളുടേതല്ല. അവയൊക്കെ എന്റെ പൂർവികൻമാർ നട്ടതാണ്. അതുപോലെ ഞാനും എന്റെ പിൻമുറക്കാർക്കു വേണ്ടി ചെയ്യുന്നു.”

വൃദ്ധന്റെ മറുപടി കേട്ട് രാജാവിനു വളരെ സന്തോഷമായി. അദ്ദേഹത്തോടു യാത്ര പറഞ്ഞ് രാജാവ് യാത്രയായി.

അടുത്ത ദിവസം രാജാവ് വൃദ്ധനെ കൊട്ടാരത്തിലേക്കു വിളിപ്പിച്ചു. തന്റെ അരികിൽ ചേർത്തിരുത്തി. കൈനിറയെ സമ്മാനങ്ങൾ നൽകി. ഇങ്ങനെ പറഞ്ഞു. “താങ്കളാണ് ഈ രാജ്യത്തിലെ ഏറ്റവും നല്ല പ്രജ.”

- കഥ അധ്യാപിക പറയുന്നു. ചോദ്യങ്ങളിലൂടെ വിശകലനം ചെയ്യുന്നു.
- ഈ കഥ നമ്മളോടു പറയുന്നതെന്ത്?
- വൃദ്ധന്റെ പ്രവൃത്തിയെ നിങ്ങൾ എങ്ങനെ കാണുന്നു?
- വൃദ്ധനെ ആദരിച്ചതിലൂടെ രാജാവ് പറയാൻ ശ്രമിച്ചതെന്ത്?
- ലാഭമോഹമില്ലാതെ മറ്റുള്ളവർക്കായി കൃഷി ചെയ്യുന്നവർ ഇന്നുണ്ടോ?
- വൃദ്ധനെ സഹായിക്കാൻ മറ്റുള്ളവർ കൂടി വന്നിരുന്നെങ്കിൽ എന്തു മാറ്റമാണുണ്ടാവുക.
- എന്തുകൊണ്ടാണ് ഇന്ന് ഇത്തരം കൂട്ടായ്മകൾ ഇല്ലാത്തത്?
- കാർഷികരംഗത്ത് കൂട്ടായ്മകൾ നിലനിന്നിരുന്നോ?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച. ചർച്ചയുടെ തുടർച്ചയായി അരിശ്രീ എന്ന യാത്രാവിവരണം വായിക്കാൻ ധാരണയാകുന്നു. വ്യക്തിഗതവായന-പ്രധാന ആശയങ്ങൾ കുറിക്കുന്നു. അഞ്ചുപേർ ഗ്രൂപ്പിൽ ആശയങ്ങൾ പങ്കുവെക്കുന്നു. കണ്ടെത്തിയ ആശയങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു. അവ ബോർഡിൽ കുറിക്കുന്നു. തുടർന്ന് ഗ്രൂപ്പു ചർച്ച. ഗ്രൂപ്പു ചർച്ചകളിൽ ഉപയോഗിക്കാൻ മുൻകൂട്ടി തയാറാക്കിയ പ്രവർത്തനപത്രിക നൽകുന്നു. പ്രവർത്തന പത്രികയുടെ സഹായത്തോടെ പാഠഭാഗത്തെ വിമർശനാത്മകമായി പരിശോധിക്കുന്നു. ഓരോ

ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു. പ്രധാന ആശയങ്ങൾ ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തുന്നു. കണ്ടെത്തിയ ആശയങ്ങൾ പൊതുവായി ക്രോഡീകരിക്കുന്നു. ക്രോഡീകരണത്തിൽ വരേണ്ടത്.

- ബാലിയുടെ കൃഷിഭൂമിയുടെ പ്രത്യേകതകൾ
- അവിടുത്തെ ജലസേചന സംവിധാനങ്ങൾ
- കൃഷിയുമായി ബന്ധപ്പെട്ടുവരുന്ന സംഘടനകൾ, കൂട്ടായ്മകൾ
- കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ, ആഘോഷങ്ങൾ
- മുകളിൽ സൂചിപ്പിച്ചവയ്ക്ക് കേരളീയ സാഹചര്യവുമായുള്ള ബന്ധം,

താരതമ്യം ഇവയുടെ വിമർശനാത്മക തലം...

കൃഷി ഒരു കൂട്ടായ്മ, സാമൂഹ്യധർമ്മം എന്ന കാഴ്ചപ്പാടിൽ അവസാനിപ്പിക്കണം.

## പ്രവർത്തന പത്രിക

### ഗ്രൂപ്പ് 1

- പൊറ്റെക്കാട് വർണിക്കുന്ന ബാലിദ്വീപിലെ ജലസേചന സംവിധാനങ്ങൾ എന്തൊക്കെ യാണ്?
- അവ മണ്ണിനെയും കൃഷിയെയും എങ്ങനെയെല്ലാം സ്വാധീനിക്കും?
- ഇത്തരം സംവിധാനങ്ങൾ നില നിൽക്കേണ്ടതുണ്ടോ?
- ഇത്തരത്തിൽ തനതായ ജലസേചന മാർഗങ്ങൾ കേരളത്തിലുണ്ടോ?
- അവ ഇന്നും നിലനിൽക്കുന്നുണ്ടോ? ഇത്തരം സംവിധാനങ്ങൾ തകർത്തതാര്?
- ഇവ തകർക്കുന്നതിന്റെ പിറകിലെ താൽപര്യമെന്ത്?
- ജലസേചന സംവിധാനങ്ങൾ തകർക്കുന്നതിനു സ്വീകരിച്ച മാർഗങ്ങൾ എന്തൊക്കെയാ യിരിക്കാം?
- പഴയ സംവിധാനങ്ങൾ തിരിച്ചു പിടിക്കാൻ എന്തു ചെയ്യണം?

### ഗ്രൂപ്പ് 2

- കൃഷിയുമായി ബന്ധപ്പെട്ട് ബാലിദ്വീപിലെ ആചാരാനുഷ്ഠാനങ്ങൾ എന്തൊക്കെ?
- കൃഷി നിലനിർത്തുന്നതിന് അവ എങ്ങനെയെല്ലാം സഹായകമായിട്ടുണ്ടാവും?
- കൃഷിയുമായി ബന്ധപ്പെടുത്തി ആചാരാനുഷ്ഠാനങ്ങൾ കേരളത്തിൽ നില നിന്നിരുന്നോ? അവ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ? എന്തുകൊണ്ട്?

### ഗ്രൂപ്പ് 3

- കൃഷി നിലനിർത്തുന്നതിന് ഇത്തരം ആചാരാനുഷ്ഠാനങ്ങൾ ആവശ്യമാണോ? ആണെ ങ്കിൽ എന്തുകൊണ്ട്?
- കൃഷി കൂടുതൽ വൈകാരികമാവുന്നതും കൃഷിഭൂമിയോട് അടുപ്പം തോന്നുന്നതും എപ്പോഴാണ്?
- ഇത്തരം ആചാരാനുഷ്ഠാനങ്ങൾ തിരിച്ചു വരേണ്ടതുണ്ടോ? എന്തുകൊണ്ട്?

### ഗ്രൂപ്പ് 4

- ബാലിയിലെ കൃഷി ഒരു കൂട്ടായ്മയാണ് - യോജിക്കുന്നുണ്ടോ?
- ഇത്തരം കൂട്ടായ്മകൾ കൊണ്ടുള്ള ഗുണമെന്ത്?
- കൃഷി വ്യക്തിപരം എന്നതിലുപരി ബാലിദ്വീപുകാർക്ക് ഒരു സാമൂഹ്യ സേവനം കൂടി യാണ് - ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

- ഇത്തരം കൂട്ടായ്മകൾ കേരളത്തിലുണ്ടായിരുന്നോ?
- കൂട്ടായ്മയും അടിമവേലയും തമ്മിലുള്ള വ്യത്യാസമെന്ത്?
- കൂട്ടായ്മകൾ തകർത്തതിനു പിന്നിലെ താൽപര്യമെന്ത്?
- കൃഷിപ്പണികൾക്ക് ആളെ കിട്ടാത്തതിനു പിറകിലെ യാഥാർഥ്യമെന്ത്?
- കേരളത്തിൽ ഇത്തരം കൂട്ടായ്മകൾ തിരികെ കൊണ്ടുവരേണ്ടതുണ്ടോ? എന്തിന്?

## യാത്രാവിവരണം തയ്യാറാക്കാം

കുട്ടികളുടെ യാത്രാനുഭവങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിലൂടെ യാത്രാവിവരണം തയ്യാറാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം. തയ്യാറാക്കിയത് അവതരിപ്പിക്കട്ടെ. തുടർന്നുള്ള ചർച്ചയുടെ ഭാഗമായി യാത്രാവിവരണത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ ശ്രമിക്കാം. ഇതിനുള്ള സഹായം എന്ന നിലയിൽ 'അരിശ്രീ' വീണ്ടും വായിക്കാം. കണ്ടെത്തലുകൾ ചർച്ച ചെയ്യാം.

- കാണുന്ന സ്ഥലത്തിന്റെ സൂക്ഷ്മമായ വിവരണം
- അവിടുത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
- ചരിത്രപരമായ അംശങ്ങൾ
- ജനങ്ങളുടെ ജീവിതരീതി
- ഭാഷയുടെ പ്രത്യേകതകൾ
- ആചാരങ്ങൾ/അനുഷ്ഠാനങ്ങൾ
- മനോഹരമായ ഭാഷ
- 

ഇവ കുട്ടികൾ തയ്യാറാക്കിയ യാത്രാവിവരണത്തിൽ എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട്? കുട്ടികൾ കൈമാറി വിലയിരുത്തട്ടെ. നേരിട്ട പ്രയാസങ്ങൾ/ചേർക്കേണ്ട അംശങ്ങൾ ഇവ പൊതുവായി ചർച്ച ചെയ്യാം. ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ യാത്രാവിവരണം മെച്ചപ്പെടുത്തി എഴുതട്ടെ. അവ ശേഖരിച്ച് പതിപ്പാക്കാം. നിരന്തരമൂല്യനിർണയത്തിനായി ഈ പതിപ്പ് പ്രയോജനപ്പെടുത്താം.

## ഔചിത്യം പരിശോധിക്കാം

'അരിശ്രീ' എന്ന തലക്കെട്ട് ഈ ഭാഗത്തിന് അനുയോജ്യമാവുന്നത് എങ്ങനെയെന്നു കണ്ടെത്തുക? ചർച്ച നയിക്കുന്നത് എങ്ങനെയാണ്?

- 'അരിശ്രീ' എന്ന വാക്ക് നമ്മുടെ മനസ്സിൽ കൊണ്ടു വരുന്ന ആശയമെന്ത്?
- എവിടെയാണ് നാം ആദ്യാക്ഷരം കുറിക്കാറുള്ളത്
- പാഠഭാഗത്തിലെ പ്രതിപാദ്യം എന്ത്?
- 'ശ്രീ' എന്ന അക്ഷരം കൊണ്ട് അർത്ഥമാക്കുന്നതെന്തെല്ലാം?
- 'അരി' എന്ന വാക്കിനോട് 'ശ്രീ' ചേർക്കുമ്പോൾ ലഭിക്കുന്ന ആശയമെന്ത്?
- ഈ ആശയത്തിന് പാഠഭാഗത്തിന്റെ ആശയവുമായി ബന്ധമുണ്ടോ തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ചകൾ നയിക്കുകയും കിട്ടുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും ഔചിത്യം പരിശോധിക്കുകയും വേണം.

## വായനക്കുറിപ്പ്

ശ്രദ്ധേയമായ യാത്രാവിവരണങ്ങൾ ഒന്നോ രണ്ടോ എണ്ണം വായിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. അവയുടെ വായനക്കുറിപ്പു തയ്യാറാക്കട്ടെ. വായനക്കുറിപ്പ് ക്ലാസ്സിൽ വായിച്ച് ചർച്ച ചെയ്യണം.

# കൃഷിക്കാരൻ

തകഴി ശിവശങ്കരപിള്ള മലയാള സാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. സാമൂഹ്യനവോത്ഥാനം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് തകഴി കഥകൾ എഴുതിത്തുടങ്ങിയത്. കേശവദേവ്, കാരൂർ, ബഷീർ, പൊൻകുന്നം വർക്കി തുടങ്ങിയവരുടെ സമകാലികനായി ജീവിച്ച അദ്ദേഹം സാമൂഹ്യ നവോത്ഥാനത്തോടൊപ്പം സാഹിത്യനവോത്ഥാനത്തിനും നേതൃത്വം നൽകി.

മലയാള ചെറുകഥയിലെ നവോത്ഥാനഘട്ടത്തിന്റെ പ്രതിനിധിയായാണ് തകഴിയെ പൊതുവെ വിലയിരുത്തുന്നത്. തൊഴിലാളികളുടെയും കർഷകരുടെയും ജീവിതത്തെ സാഹിത്യത്തിന്റെ കേന്ദ്ര സ്ഥാനത്തേക്ക് കൊണ്ടുവരുന്നതിൽ തകഴി നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കുട്ടനാടൻ കാർഷിക ജീവിതമാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളുടെയും പശ്ചാത്തലം.

സംഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നു എന്നതാണ് തകഴി ഉൾപ്പെടെയുള്ള അക്കാലത്തെ കഥാകൃത്തുകളുടെ പൊതു സവിശേഷത. കഥാപാത്രങ്ങളുടെ പ്രവൃത്തിയും അന്തരീക്ഷവും വിശദമായി വർണിക്കാറാണ് പതിവ്. എല്ലാം കാണുന്ന ഒരാളെപ്പോലെയാണ് ആഖ്യാനം നിർവഹിക്കുന്നത്. സർവജ്ഞനായ ഒരാളുടെ വീക്ഷണകോണിൽ നിന്ന് കാര്യങ്ങൾ അവതരിപ്പിക്കുന്ന ഈ രീതിയിൽ നിന്ന് തുടർന്നുവന്ന തലമുറ വഴിമാറി നടന്നു. ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ വീക്ഷണകോൺ സ്വീകരിക്കാൻ തുടങ്ങി. സംഭവങ്ങളെക്കാൾ കഥാപാത്രങ്ങളുടെ ചിന്തകൾക്കും വികാരത്തിനും മാനസികലോകത്തിനും പ്രാധാന്യം ലഭിച്ചു. എം.ടി, മാധവിക്കുട്ടി, ടി. പത്മനാഭൻ തുടങ്ങിയവരുടെ കഥകളുടെ സവിശേഷത ഇതാണ്.

കാർഷികരംഗത്തെ ആധുനികവൽക്കരണത്തെ സംശയത്തോടെ നോക്കിക്കണ്ട ഒരു യഥാർഥ കർഷകന്റെ നൊമ്പരങ്ങളാണ് കൃഷിക്കാരനിൽ ആവിഷ്കരിച്ചിരിക്കുന്നത്. ആർക്കാണിവിടെ പിഴച്ചത്? കേശവൻ നായർക്കോ ഔതക്കുട്ടിക്കോ? വർഷങ്ങൾക്കുശേഷം ഇന്ന് കേരളത്തിലെ മണ്ണിന്റെ അവസ്ഥ വിശകലനം ചെയ്യുമ്പോൾ നമ്മൾ ആരുടെ പക്ഷത്താണ് നിലയുറപ്പിക്കുക?

- ആധുനികവൽക്കരണത്തോട് നമ്മുടെ സമീപനം എന്താണ്?
- കൃഷി ആധുനികവത്ക്കരിക്കുന്നതിനും ലാഭനഷ്ടക്കണക്കിൽ വിലയിരുത്തുന്നതിനും തുടങ്ങിയപ്പോൾ നമുക്ക് നഷ്ടമായതെന്താണ്?
- കൃഷി ഒരു സാമൂഹ്യസേവനമെന്ന നിലയിൽ നിന്ന് നമ്മൾ അകന്നതെപ്പോഴാണ്?
- മറ്റുള്ളവർക്കായി കൃഷിചെയ്യുമ്പോൾ അമിതമായ രാസവളവും കീടനാശിനിയും, സ്വന്തം ആവശ്യത്തിനെങ്കിൽ ജൈവവളപ്രയോഗവും - കാർഷിക രംഗത്ത് മാനവികത നഷ്ടപ്പെട്ടതെപ്പോഴാണ്?

തുടങ്ങിയ ചോദ്യങ്ങൾ ഈ കഥ നമ്മോടു ചോദിക്കുന്നു. കാർഷികരംഗത്തുണ്ടായ ഒരു പ്രധാന മാറ്റത്തിന്റെ പശ്ചാത്തലം ശക്തമായി ആവിഷ്കരിക്കാൻ തകഴിക്കു കഴിഞ്ഞിട്ടുണ്ട്. അതിനായി കാർഷികരംഗത്ത് എല്ലാ നൈതികതയും നഷ്ടമാകുന്നതുകണ്ട് നിസ്സഹായനായി നിൽക്കുന്ന ഒരു കുട്ടനാടൻ കർഷകനെ സൃഷ്ടിച്ചെടുത്തിരിക്കുന്നു.

ഈ കഥയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നൽകാം?

### കഥാവായന

കഥയുടെ പ്രസക്തമായ ചില ഭാഗങ്ങൾ അധ്യാപിക അവതരിപ്പിക്കണം. തുടർന്നു കഥാവായനയിലേക്ക് നയിക്കാം.

ഉദാ:

- കുട്ടനാട്ടിലെ ഒരു കർഷകനായിരുന്നു കേശവൻനായർ
- കൃഷിഭൂമിയെയും കൃഷിയെയും ജീവനുതുല്യം സ്നേഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം
- തന്റെ ലാഭത്തിനുവേണ്ടി ഒരിക്കലും അനീതി കാണിക്കാത്തവനായിരുന്നു അദ്ദേഹം.
- എന്നിട്ടും അദ്ദേഹത്തിനു തന്റെ കൃഷിനിലം നഷ്ടപ്പെട്ടു.

## കഥപറയൽ

കഥ മുഴുവൻ വായിച്ചുകഴിഞ്ഞ കുട്ടികൾ കഥ ചുരുക്കി പറയട്ടെ. ആരാണ് നന്നായി കഥ പറഞ്ഞത്?

കഥ പറയുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

ഇന്നു ക്ലാസ്സുകളിൽ കഥകൾ അവതരിപ്പിക്കാനുള്ള അവസരം വളരെ കുറവാണ്. അതുകൊണ്ട് മിക്ക കുട്ടികൾക്കും തന്മയത്വമായി കഥപറയാൻ അറിയില്ല. നല്ലകഥ പറയണമെങ്കിൽ നല്ല കഥ കേൾക്കണം. തെരഞ്ഞെടുത്ത ചില കഥകൾ അധ്യാപിക ക്ലാസിൽ അവതരിപ്പിക്കണം. കഥ പറയുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

- കഥ പറയുന്ന ശൈലി/ ആഖ്യാനരീതി
- ശബ്ദ നിയന്ത്രണം
- ആവശ്യത്തിന് ആംഗ്യങ്ങൾ, കരചലനങ്ങൾ
- വ്യക്തമായ ഭാഷിൽ പറയണം

കുട്ടികൾക്ക് പറയാനും കേൾക്കാനും ധാരാളം അവസരങ്ങൾ ഒരുക്കണം.

## കഥയിലെ മുത്തുകൾ തേടാം

കഥയിലെ കേവലാശയങ്ങൾ മാത്രമല്ലാ പരിഗണിക്കപ്പെടേണ്ടത്. കഥയുടെ ആഴങ്ങളിലേക്കിറങ്ങാനും പരിശോധിക്കാനും ഏറ്റവും നല്ല മാർഗ്ഗം എന്താണ്? ശക്തമായ ചോദ്യങ്ങൾ ചോദിക്കലാണ് അതിനുള്ള മാർഗം. അതോടൊപ്പം വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നോക്കിക്കാണാനും കഴിയണം. അത്തരം നിരവധി ചോദ്യങ്ങൾ കുട്ടികൾക്ക് നൽകി ചിന്തിപ്പിക്കാം. ഇങ്ങനെയുള്ള ചോദ്യങ്ങൾ പിന്നീട് കുട്ടികൾക്ക് സ്വയം നിർമിക്കാനാകുംവിധം അവരെ സഹായിക്കണം.

കുട്ടികൾ കണ്ടെത്തുന്ന ആശയങ്ങൾ ക്ലാസിൽ പൊതുവായി ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം.

## കഥാനിരൂപണം

ഈ കഥയിൽ വ്യത്യസ്ത കാഴ്ചപ്പാടുകളെ പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളാണ് കേശവൻ നായരും ഔതക്കുട്ടിയും. ഈ കഥാപാത്രങ്ങളെക്കുറിച്ച് നിരൂപണം തയ്യാറാക്കാം.

## കഥാപാത്ര നിരൂപണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

- കഥാപാത്രം ഉൾപ്പെടുന്ന സംഭവങ്ങൾ, സന്ദർഭങ്ങൾ ഇവ തിരിച്ചറിയണം
- ഓരോ അവസരത്തിലുമുള്ള കഥാപാത്രത്തിന്റെ പെരുമാറ്റം, സംഭാഷണം, പ്രതികരണങ്ങൾ ഇവ കണ്ടെത്തി വിശകലനം ചെയ്യണം.
- എന്തുകൊണ്ടായിരിക്കാം അത്തരത്തിൽ പെരുമാറിയത്
- കഥാപാത്രത്തിന്റെ പെരുമാറ്റം കഥയെ എങ്ങനെയാണ് സ്വാധീനിച്ചത്?
- കഥാപാത്രം കഥയിൽ വഹിക്കുന്ന സ്ഥാനം

കഥാപാത്ര വിശകലനത്തിൽ നിന്ന് കഥാപാത്രത്തെക്കുറിച്ച് ചില കാഴ്ചപ്പാടുകൾ രൂപീകരിക്കണം. കഥാപത്രത്തെക്കുറിച്ചു അഭിപ്രായം പറയുമ്പോൾ അനുയോജ്യമായ ഉദാഹരണങ്ങൾ നൽകണം.

മറ്റു കഥകൾ/കവിതകൾ ഇവയിലെ സമാന കഥാപാത്രങ്ങളുമായി താരതമ്യം ചെയ്യലുമാവാം. ഇത്തരത്തിൽ വിശകലനങ്ങളിലൂടെ കിട്ടുന്ന ആശയങ്ങൾ ചിട്ടപ്പെടുത്തി എഴുതണം.

## എഡിറ്റോറിയൽ

സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയാണ് എഡിറ്റോറിയലുകൾ തയ്യാറാക്കാറുള്ളത്. പാഠപുസ്തകത്തിൽ കൃഷിയുടെ വ്യവസായ വൽക്കരണവുമായി ബന്ധപ്പെടുത്തി എഡിറ്റോറിയൽ തയ്യാറാക്കാൻ നിർദേശിച്ചിരിക്കുന്നു. മുമ്പ് ചർച്ച ചെയ്ത വസ്തുതകൾ മുഴുവൻ എഡിറ്റോറിയലിനു വേണ്ടി പ്രയോജനപ്പെടുത്തുമല്ലോ.

എഡിറ്റോറിയൽ ക്ലാസിൽ തയാറാക്കാൻ സ്വീകരിക്കാവുന്ന മാർഗം

“ഇവനൊക്കെ കൃഷിക്കാരനാണോ?........ അതാണോ കൃഷിക്കാരൻ” വരെയുള്ള ഭാഗം ബോർഡിൽ പ്രദർശിപ്പിക്കുന്നു. ചില ചോദ്യങ്ങൾ ചോദിക്കാം.

- എന്തുകൊണ്ടാണിങ്ങനെ പ്രതികരിച്ചത്?
- കാർഷികരംഗത്ത് വ്യവസായവൽക്കരണം വന്നപ്പോൾ എന്തെല്ലാം നഷ്ടപ്പെട്ടുവെന്നാണ് കേശവൻ നായർ പറയുന്നത്.
- യഥാർത്ഥ കൃഷിക്കാരൻ എങ്ങനെയാവണമെന്നാണ് കേശവൻനായർ പറയുന്നത്?
- കേശവൻ നായരുടെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ സന്ദർഭവുമായി ബന്ധപ്പെട്ട ആശയം രൂപീകരിക്കണം. തുടർന്ന് ഈ വിഷയത്തെക്കുറിച്ച് കുട്ടികൾ സ്വതന്ത്രമായി എഡിറ്റോറിയൽ തയാറാക്കട്ടെ. കുട്ടികൾ തയാറാക്കിയ എഡിറ്റോറിയലുകൾ രണ്ടോ മൂന്നോ എണ്ണം വായിക്കാം.

തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് അധ്യാപിക തയാറാക്കിയ എഡിറ്റോറിയൽ അവതരിപ്പിക്കാം. അല്ലെങ്കിൽ പത്രങ്ങളിൽ നിന്നു വെട്ടിയെടുത്ത വിവിധ എഡിറ്റോറിയലുകൾ ഗ്രൂപ്പുകളിൽ നൽകാം. കുട്ടികൾ സ്വയം തയ്യാറാക്കിയതും നൽകിയതും താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തട്ടെ. തുടർന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ. ഇനി കുട്ടികളുടെ സഹായത്തോടെ മൂല്യനിർണയസൂചകങ്ങൾ വികസിപ്പിച്ച് രചനകൾ വിലയിരുത്താം.

## അനുഭവക്കുറിപ്പ്

വ്യക്തിഗതമായ അനുഭവങ്ങളുടെ ശക്തമായ ആവിഷ്ക്കാരമാണ് അനുഭവക്കുറിപ്പുകൾ. ഇവയിൽ ഉപയോഗിക്കുന്ന ഭാഷ ആത്മാംശമുള്ളതായിരിക്കും.

- അനുയോജ്യമായ അനുഭവങ്ങളുടെ തെരഞ്ഞെടുപ്പ്
- ഭാവാത്മകമായ ആവിഷ്കാരം
- അനുയോജ്യമായ ഭാഷ

ഇവയൊക്കെ അനുഭവക്കുറിപ്പു തയ്യാറാക്കുമ്പോൾ പരിഗണിക്കണം.

അനുഭവക്കുറിപ്പു തയ്യാറാക്കുമ്പോൾ

- തന്റെ പ്രദേശത്തെകുറിച്ചു ചർച്ച ചെയ്യാം.
- കൃഷിയിടങ്ങൾ ഏതൊക്കെ? വീട്ടിൽ, നാട്ടിൽ
- നിലനിൽക്കുന്ന കൃഷികൾ...

തുടങ്ങിയവ ചർച്ച ചെയ്യാം. നെൽവയലുകളെക്കുറിച്ചോ മറ്റിനം കൃഷികളെക്കുറിച്ചോ ചർച്ചയാവാം. അടുക്കളത്തോട്ടങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങളെങ്കിലും കുട്ടികൾക്ക് ഉണ്ടാവില്ലേ? ഒരു പൂച്ചെടിയെങ്കിലും നട്ടുവളർത്തിയതുമായി ബന്ധപ്പെട്ട അനുഭവം തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കണം. ചർച്ചയ്ക്ക് ഒരു വൈകാരികതലം കൈവന്നു കഴിഞ്ഞാൽ എഴുതാൻ ആവശ്യപ്പെടാം.

**കണ്ടെത്താം അവതരിപ്പിക്കാം**

ഇത് പക്ഷം പിടിച്ചുകൊണ്ടുള്ള ഒരു സംവാദമായി അവതരിപ്പിക്കാം. കേശവൻനായർ, ഔത കുട്ടി എന്നിവരുടെ വാദമുഖങ്ങളോട് യോജിക്കുന്നവർ അവരുടെ അഭിപ്രായം എഴുതി തയ്യാറാക്കട്ടെ. വാദപ്രതിവാദത്തിന്റെ രൂപത്തിൽ അവതരിപ്പിക്കട്ടെ.

- അവതരണത്തിന്റെ രീതി
- വാദമുഖങ്ങളുടെ സമർഥനം
- ചുരുക്കി അവതരിപ്പിക്കാനുള്ള കഴിവ്
- പ്രതിപക്ഷ ബഹുമാനം

മുതലായവ വിലയിരുത്താൻ ഈ അവസരം പ്രയോജനപ്പെടുത്താം.

**പ്രഭാഷണം**

ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായം ആവശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതാണ് പ്രഭാഷണം. അതുകൊണ്ടു തന്നെ പ്രഭാഷണം നടത്തുന്ന വിഷയത്തെക്കുറിച്ച് നല്ല ധാരണ വേണം.

- സംബോധന
- വിഷയത്തിന്റെ അവതരണം
- അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ
- അതിൽ നിന്നുരുത്തിരിഞ്ഞ തന്റെ കണ്ടെത്തലുകൾ
- ഉപസംഹാരം

ഈ ഘട്ടങ്ങളുൾപ്പെടുന്നതാണ് പ്രഭാഷണത്തിന്റെ ഘടന എന്നു പറയാം. ഘടന എന്നതിലുപരി വിഷയാവതരണ ഘട്ടത്തിലെ ചിന്താപ്രക്രിയകൾക്കാണ് ഊന്നൽ. ഈ ചിന്താപ്രക്രിയകൾ നമുക്ക് ലേഖനത്തിൽ/വാക്കുകളിൽ തെളിഞ്ഞുകാണാം. അതുകൊണ്ടുത്തന്നെ പ്രഭാഷണത്തിന്റെ മൂല്യനിർണയ സൂചകങ്ങൾ ഇങ്ങനെയാകാം.

- വിഷയത്തെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്.
- വിഷയത്തിന് അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- വാദമുഖങ്ങൾ വിശകലനം ചെയ്ത് സ്വന്തം നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്.
- അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- പ്രഭാഷണത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.

പാഠപുസ്തകത്തിൽ തന്നിരിക്കുന്ന പ്രഭാഷണം ക്ലാസ്സിൽ എങ്ങനെ നടത്താം.

- കാർഷികരംഗത്തെ പ്രതിസന്ധി വ്യക്തമാക്കുന്ന പത്രവാർത്ത/കൊളാഷ് പരിചയപ്പെടുത്തൽ
- കാർഷിക പ്രതിസന്ധിയെകുറിച്ചു ചർച്ച
- 'കൃഷിക്കാരൻ' എന്ന കഥയുടെ ആശയം ക്രോഡീകരിക്കാൻ
- 'കഥയുടെ' ആശയം, കാർഷികപ്രതിസന്ധി ഇവ തമ്മിൽ ബന്ധപ്പെടുത്തൽ - ചർച്ചയിലൂടെ
- തുടർന്ന് ലഭിച്ച ആശയങ്ങൾ പ്രഭാഷണമായി അവതരിപ്പിക്കൽ.
- കുട്ടികൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തട്ടെ.
- അധ്യാപിക തയ്യാറാക്കിയ പ്രഭാഷണം അവതരിപ്പിക്കാം
- കുട്ടികൾക്ക് മെച്ചപ്പെടുത്താനുള്ള അവസരം

## കഥകൾ താരതമ്യം ചെയ്യൽ

പൊൻകുന്നും വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ്' എന്ന കഥ കുട്ടികൾ ഗ്രൂപ്പിൽ/വ്യക്തിഗത മായി വായിക്കുന്നു.

- കഥയുടെ ആശയം
- പ്രധാന സന്ദർഭങ്ങൾ കഥാപാത്രങ്ങൾ ഇവ അവതരിപ്പിക്കുന്നു - ബോർഡിൽ രേഖപ്പെ ടുത്താം.
- കഥാഘടന, കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയ്ക്ക് 'കൃഷിക്കാരൻ' എന്ന കഥയു മായുള്ള ബന്ധം/ബന്ധമില്ലായ്മ ഇവ ചർച്ച.
- ചർച്ചയുടെ അടിസ്ഥാനത്തിൽ താരതമ്യക്കുറിപ്പു തയ്യാറാക്കുന്നു.
- പരസ്പരം കൈമാറി വിലയിരുത്താം.
- സൂചകങ്ങൾക്കനുസരിച്ച് സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും
- ചർച്ച ചെയ്ത് മെച്ചപ്പെടുത്തൽ.

## വിലയിരുത്തൽ

- രണ്ടു കഥകളിലെയും ആശയം (കഥാപാത്രം, സംഭവങ്ങൾ.......) തിരിച്ചറിഞ്ഞിട്ടുണ്ട്.
- ഇവയിലെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സാമ്യവ്യത്യാസങ്ങളുടെ വിശകലനത്തിലൂടെ സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.
- അനുയോജ്യമായ ഭാഷയിൽ തയാറാക്കുന്നു.

ഓരോ കുട്ടിയുടെയും ഭാഷാപരമായ മികവുകൾ വിലയിരുത്താനുള്ള ഉപാധിയായി ഇതിനെ സ്വീകരിക്കാം.

## കഥാപഠനം/ആസ്വാദനം

'കൃഷിക്കാരൻ' എന്ന കഥയെക്കുറിച്ച് ഇതുവരെ നടന്ന ചർച്ചകൾ ക്രോഡീകരിച്ച് കഥാപഠനം തയ്യാറാക്കൽ ധാരണയാകുന്നു. കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കുന്നു. (ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത ശേഷം) രണ്ടോ മൂന്നോ കുട്ടികൾ വായിക്കുന്നു.

തുടർന്ന് 'കാരൂർകഥ ഒരു പഠനം' (അക്ബർകക്കട്ടിൽ) എന്ന ആസ്വാദനക്കുറിപ്പ് ഗ്രൂപ്പുകൾക്കു നൽകുന്നു.

പഠനത്തിലുണ്ടായിരിക്കേണ്ട അംശങ്ങൾ കണ്ടെത്തുന്നു. അവ ബോർഡിൽ രേഖപ്പെടുത്താം. കണ്ടെത്തിയ അംശങ്ങൾ രചനയിൽ എത്രമാത്രമുണ്ടെന്ന് കുട്ടികൾ കൈമാറി വിലയിരുത്തട്ടെ. പൊതുചർച്ച നടത്തി ക്ലാസിലെ കുട്ടികളുടെ അവസ്ഥ ടീച്ചർക്ക് മനസ്സിലാക്കാം. ആസ്വാദനക്കു റിപ്പുകൾ മൂല്യനിർണയത്തിനായി ഉപയോഗിക്കാം.

പഠനം/ആസ്വാദനത്തിൽ വരേണ്ടത്

- കഥയുടെ ആശയം
- കഥാപാത്രങ്ങളുടെ പ്രത്യേകതകൾ
- രചനാശൈലി
- കഥയുടെ സന്ദേശം/ആനുകാലികത
- കഥയിലെ പ്രധാനസംഭവങ്ങൾ
- മറ്റു കഥകളുമായി താരതമ്യം
- കഥാകൃത്തിന്റെ രചനാശൈലി, അദ്ദേഹത്തിന്റെ മറ്റുകൃതികളുമായി താരതമ്യം
- കഥയെക്കുറിച്ചുള്ള സ്വന്തം കാഴ്ചപ്പാട്

ഓരോ അംശം ചർച്ച ചെയ്യുമ്പോഴും ആവശ്യമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടണം.

പ്രകൃതി കൃഷിയുടെ പ്രവാചകനായ ഫുക്കുവോക്കയുടെ ചില നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. ഒറ്റവൈക്കോൽ വിപ്ലവം (വൺ സ്ട്രാ റവല്യൂഷൻ) എന്ന പുസ്തകത്തിൽ 4 ആശയങ്ങൾ അദ്ദേഹം പറയുന്നു.

- മണ്ണിളക്കരുത് തുളച്ചു പോകുന്ന വേരുകൾ, സൂക്ഷ്മ ജീവികൾ, മണ്ണിര, ചെറു ജന്തുക്കൾ തുടങ്ങിയവയുടെ പ്രവർത്തനം മൂലം മണ്ണ് താനേ പാകപ്പെടും. ഉഴുതു മറിച്ചാൽ ഇവയുടെ പ്രവർത്തനം തടസ്സപ്പെടും.
- രാസവളമോ മറ്റു വളങ്ങളോ ചേർക്കേണ്ടതില്ല. മണ്ണിനെ സ്വതന്ത്രമാക്കിയാൽ അതിനാവശ്യമായ പുഷ്ടി സസ്യജന്തു ജീവിതത്തിന്റെ ചാക്രിക പരിവർത്തനം വഴി താനേ നേടിക്കൊള്ളും.
- കളകൾ പറിക്കരുത്. മണ്ണിന്റെ പുഷ്ടി, സസ്യസന്തുലനം ഇവ നിലനിർത്താൻ കളകൾ നിലനിർത്തണം. അവയെ പൂർണമായി നശിപ്പിക്കാതെ നിയന്ത്രിക്കുകയാണ് വേണ്ടത്. കുറച്ചുനാൾ വെള്ളം കെട്ടിനിർത്തുക, വൈക്കോൽ പുതപ്പിടുക എന്നീ പ്രവർത്തനങ്ങളിലൂടെ കളകൾ നിയന്ത്രിക്കാൻ കഴിയും.
- കീട നിയന്ത്രണത്തിനായി കീടനാശിനികൾ ഉപയോഗിക്കരുത്. കീടനാശിനികൾ വിപരീതഫലം ചെയ്യുന്നു. കൃഷിയെ നശിപ്പിക്കുന്ന കീടങ്ങളെയും രോഗങ്ങളെയും അതിജീവിക്കാനുള്ള കഴിവ് ഓരോ സസ്യത്തിനും ജന്മനാ ലഭിക്കുന്നു. സസ്യത്തിനു സ്വാഭാവികമായ വളർന്നു വരാനുള്ള അവസരങ്ങളൊരുക്കുകയാണ് വേണ്ടത്. കൃത്രിമ മാർഗങ്ങളിലൂടെ സസ്യങ്ങളുടെ പ്രതിരോധശേഷി നശിപ്പിക്കുന്നതുകൊണ്ടാണ് കൂടുതൽ നഷ്ടമുണ്ടാകുന്നത്.

ആധുനിക കാലത്ത് നടക്കുന്ന മറ്റു ചില ചർച്ചകൾ

- മണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്
- വളങ്ങൾ എത്രതന്നെ ചേർത്തിട്ടും ഉല്പാദനം കുറഞ്ഞുവരുന്നു.
- കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം കുറയുന്നു, വിഷമയമാകുന്നു.
- സ്ഥായിയായ കൃഷിരീതിയെക്കുറിച്ച് ലോകമെമ്പാടും ചർച്ചകൾ നടക്കുന്നു.
- അമിതമായ രാസവളപ്രയോഗത്തിനു പകരം സ്ഥായിയായ കൃഷി രീതി പ്രചരിപ്പിക്കണം.

## വായനക്കുറിപ്പ്

8-ാം ക്ലാസിലെത്തുന്ന കുട്ടികൾ പൊതുവെ ബാലമാസികകളോട് താല്പര്യമുള്ളവരായിരിക്കും. അവരുടെ വായനാതാല്പര്യം മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളിലേക്ക് തിരിച്ചുവിടാനാവശ്യമായ ബോധപൂർവമായ ശ്രമങ്ങൾ നടത്തണം. അതിന്റെ ഭാഗമായി നിശ്ചിത എണ്ണം വായനാ കുറിപ്പുകൾ കുട്ടികൾ തയ്യാറാക്കട്ടെ. അവ ക്ലാസിൽ വായിക്കണം. മൂല്യനിർണയത്തിനായി അധ്യാപികയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യാം.

വായനാകുറിപ്പിനായി നിർദേശിക്കുന്ന കഥകൾ

- ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
- മാണിക്യൻ - ലളിതാംബിക അന്തർജനം
- കാവൽ - പി. വത്സല
- സ്ഥാവരം - എൻ. പ്രഭാകരൻ

# സിലബസ് ഗ്രിഡ്

## വേല എന്ന കല

**പ്രശ്നമേഖല** : <u>**അധ്വാനശേഷി വികാസത്തിന്റെ അഭാവം**</u>

**ഉപപ്രശ്നം** :
- സമൂഹ നിർമ്മാണത്തെക്കുറിച്ചുള്ള തെറ്റായ ധാരണ മൂലം വ്യക്തിത്വ വികസനത്തെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടില്ലായ്മ

**പഠനലക്ഷ്യങ്ങൾ** :
- വിദ്യാഭ്യാസ സമ്പ്രദായത്തിലെ അപാകതകൾ മൂലം വ്യത്യസ്താഭിരുചികളുള്ള മനുഷ്യ വിഭവശേഷി വികസനം നടക്കുന്നില്ല എന്ന തിരിച്ചറിവ്.
- സമൂഹ നിർമ്മാണത്തിനാവശ്യമായ വിധത്തിൽ പലവിധ തൊഴിലുകൾക്കും പ്രവർത്തനങ്ങൾക്കും പര്യാപ്തമായ രീതികൾ ആളുകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിലൂടെ നടക്കേണ്ടത്.
- തൊഴിലിന്റെ മാന്യത നിശ്ചയിക്കുനന്നത് ലഭിക്കുന്ന കൂലിയുടെ അളവല്ല എന്നു തിരിച്ചറിയുന്നതിന്.
- കഥകൾ, കവിതകൾ, ലേഖനങ്ങൾ, ജീവചരിത്രങ്ങൾ എന്നിവ വിശകലനം ചെയ്ത് സ്വന്തം നിലപാടുകൾ രൂപീകരിക്കുന്നതിന്.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| സ്വയം നിർമ്മിക്കുമ്പോൾ | • സമൂഹ വളർച്ചക്ക് ബഹുമുഖ വ്യക്തിത്വങ്ങളാണ് വേണ്ടത് അതുകൊണ്ട് ഓരോ വ്യക്തിക്കുമുള്ള സഹജമായ കഴിവുകളും താല പര്യങ്ങളും പരമാവധി പോഷിപ്പിക്കേണ്ടതുണ്ട്.<br>• വദ്യാഭ്യാസം എക മുഖമുള്ള വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നതിനു പകരം വ്യത്യസ്ത അഭിരുചിയും കഴിവുകളുമുള്ള വ്യക്തികളെ സൃഷ്ടിക്കാനാണ് ശ്രമിക്കേണ്ടത്.<br>• തൊഴിലിനെക്കുറിച്ചുള്ള തെറ്റായ മാന്യതാസങ്കൽപ്പം മൂലം എല്ലാവരും ഒരേതരം തൊഴിലിനു വേണ്ടി ശ്രമിക്കുമ്പോൾ അനാരോഗ്യകരമായ മത്സരം മൂലം വലിയ വിഭാഗം കഴിവില്ലാത്തവരെന്നു മുദ്ര കുത്തപ്പെടുകയും അവരുടെ സംഭാവന സമൂഹത്തിനു നൽകുകയും ചെയ്യുന്നു.<br>• സമൂഹത്തിൽ നിലനില്ക്കുന്ന അശസ്ത്രീയതകൾ യുക്തി രാഹിത്വം വീക്ഷണ വൈകല്യം തുടങ്ങിയവയെ നിത്യ ജീവിത സംഭവങ്ങളെ പശ്ചാത്തലമാക്കി പരിഹാസ്യ രൂപത്തിൽ തുറന്ന കാണുന്നതിനെ തീവ്രമായ ആവിഷ്കാരമാണ് ആക്ഷേപഹാസ്യം. | • ആർജ്ജിതത്തിന് വൈവിധ്യങ്ങളുടെ ചർച്ചയിലൂടെ സാമൂഹ്യ പുരോഗതി സംഭവിക്കുന്നതിന്റെ പശ്ചാത്തലത്തിലുള്ള സാഹിത്യകൃതികൾ വ്യക്തികൾ ലക്ഷ്യബോധമില്ലാതെ സമൂഹവിരുദ്ധരായി രീരുന്ന അനുഭവം ആവിഷ്കരിക്കുന്നു രചനകൾ<br>• കൃതികൾ രചനകൾ തൊഴിൽ വിദ്യാഭ്യാസം എന്നിവയുടെ വികല ധാരണകൾ മൂലം ജീവിത പരാജയം സംഭവിക്കുന്ന പശ്ചാത്തലത്തിലുള്ള കഥ, നോവൽ/ ആക്ഷേപ ഹാസ്യകൃതികൾ. | • നോവൽ/കഥ/കവിത എന്നിവ വായിച്ചാസ്വദിക്കുകയും വിദ്യാഭ്യാസം തൊഴിൽ എന്നിവയെക്കുറിച്ച് അവതരിപ്പിച്ചിരിക്കുന്ന വീക്ഷണങ്ങളും ദർശനങ്ങളും വിമർശനാത്മകമായി പരിശോധിക്കുകയും പ്രതികരണ കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.<br>• ആക്ഷേപ ഹാസ്യ രൂപത്തിലുള്ള രചനകൾ വായിച്ചാസ്വദിച്ച് വിമർശനത്തിനു വിധേയമാക്കുന്ന സമൂഹ്യ പ്രവണതകൾ കണ്ടെത്തുകയും മുഖപ്രസംഗം, കാർട്ടൂൺ എന്നീ രൂപങ്ങളിൽ ആവിഷ്കരിക്കുകയുംചെയ്യുന്നു. | സ്വന്തം കഴിവുകളും അഭിരുചികളും പോഷിപ്പിച്ച് സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാനുള്ള സന്നഗ്ധത. | സാഹിത്യ കൃതികൾ വായിച്ചാസ്വദിക്കുകയും വിദ്യാഭ്യാസം തൊഴിൽ വ്യക്തിത്വ വികസനം എന്നിവയെ സംബന്ധിച്ച് അവതരിപ്പിച്ച് ആശയങ്ങളെ വിമർശനാത്മകമായി വിലയിരുത്തി പ്രതികരിക്കാനുള്ള കഴിവ്. |

# 2
# വേല എന്ന കല

### ആമുഖം

മനുഷ്യരാശി ഇന്നേവരെ നേടിയിട്ടുള്ള എല്ലാവിധപുരോഗതിയുടെയും പിന്നിലുള്ള നിക്ഷേപം അധ്വാനമാണ്. ഈ യഥാർഥ്യത്തെ അംഗീകരിക്കാതെ എതിർന്യായങ്ങൾ നിരത്തിവെക്കാനുള്ള പ്രവണതയിൽ നമ്മുടെ സമൂഹം പെട്ടുപോയതിന് ഹേതു എന്താണ്? പരസ്പരം സഹായിക്കാതെയും സ്നേഹിക്കാതെയും ജീവിക്കണമെന്ന് നമ്മെ പഠിപ്പിച്ച തത്വശാസ്ത്രമേതാണ്? ജനത മുഴുവൻ അലസരായിരിക്കുമ്പോൾ. ആർക്കാണ് നേട്ടമുണ്ടാകുന്നത്? കാലാകാലങ്ങളിൽ ഉണ്ടാകുന്ന പുരോഗതിയ്ക്ക്, പുത്തൻ ഉപകരണങ്ങളെ അധ്വാനഭാരം ലഘൂകരിക്കുന്നതിനായി സ്വീകരിച്ചേ പറ്റൂ. അവയെ ഉപയോഗപ്പെടുത്തുമ്പോഴും അതിനെ കൂടുതൽ സൗകര്യങ്ങൾക്കും പുരോഗതിക്കും ഉള്ള ഉപകരണമാക്കി മാറ്റുകയാണ് വേണ്ടത്.

മറ്റുള്ളവർക്ക് പ്രയോജനപ്രദമായ ഒരു ജീവിതം നയിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? അങ്ങനെ ജീവിക്കുന്ന നിരവധി പേർ നമുക്കിടയിലുണ്ട്. അവരുടെ ജീവിതത്തെ നഷ്ടക്കച്ചവടമായി, വിഡ്ഢിത്തമായി കാണാൻ നമ്മെ പ്രേരിപ്പിക്കുന്നതാരാണ്? മാമൂൽ ഉത്തരങ്ങൾക്കപ്പുറം ആത്മപരിശോധനാ സ്വഭാവത്തിലുള്ള ഒരു ആലോചന നടത്തുമ്പോഴാണ് ഓരോ ചോദ്യവും നമ്മുടെ ഉള്ളിലേക്കുതന്നെ ചാട്ടുളി പോലെ തുളഞ്ഞു കയറുന്നത്.

ഞാൻ എനിക്കും ഞാൻ ജീവിക്കുന്ന സമൂഹത്തിനും ലോകത്തിനും എത്രമാത്രം പ്രയോജനകരമായാണ് ജീവിക്കുന്നത്? എന്റെ സമയം ഞാൻ എന്തിനാണ് ചെലവഴിക്കുന്നത്? അതുകൊണ്ടാർക്കാണ് പ്രയോജനം? ഈ ചോദ്യങ്ങൾ സ്വയമൊന്നു ചോദിച്ചുനോക്കൂ.

### പഠനലക്ഷ്യങ്ങൾ

ഒരോ കുട്ടിയുടെയും അഭിരുചികൾ വ്യത്യസ്തമാണ്. അഭിരുചികളെ തൃപ്തിപ്പെടുത്തുന്നതായിരിക്കണം വിദ്യാഭ്യാസം. അപ്പോൾ മാത്രമേ മനുഷ്യവിഭവശേഷിയുടെ വികസനം നടക്കുകയുള്ളൂ. ഏതു തൊഴിലിൽ ഏർപ്പെട്ടാലും അത് സമൂഹ നിർമാണത്തിന് പര്യാപ്തമായിരിക്കണം. തൊഴിലിന്റെ മാന്യത നിശ്ചയിക്കുന്നത് കൂലിയല്ല, മറിച്ച് ചെയ്യുന്ന തൊഴിലിനോടുള്ള ആത്മാർഥതയും സമൂഹനിർമിതിക്ക് അത് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന കാഴ്ചപ്പാടും ആണ്. സാഹിത്യകൃതികൾ ജീവിതത്തിന്റെ നിദർശനങ്ങളാണ്. അവ കേവലം വായിച്ചു രസിക്കാനുള്ള ഉപാധികളല്ല. ആഴത്തിലുള്ള വിശകലനവും ചർച്ചയും അവയുടെ സത്ത് ജീവിതത്തിൽ സ്വാംശീകരിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു.

ഈ യൂണിറ്റിന്റെ പ്രവേശകമായി നൽകിയിട്ടുള്ളത് ഗാന്ധിജിയുടെ ഒരു നിരീക്ഷണമാണ്. ഇതിനെ ആസ്പദമാക്കി ക്ലാസിൽ ഒരു ലഘുചർച്ച സംഘടിപ്പിക്കാവുന്നതാണ്. കുട്ടികൾ സ്വതന്ത്രമായ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ. ചർച്ച ഉപസംഹരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളിൽ ഊന്നുമല്ലോ?

- കായികാധ്വാനത്തോടുള്ള അവജ്ഞ വർധിച്ചു വരുന്നു.
- കായികവും ബുദ്ധിപരവുമായ അധ്വാനത്തിന്റെ ഫലമാണ് നാം ഇന്ന് കാണുന്ന പുരോഗതിക്കെല്ലാം അടിസ്ഥാനം.

- എല്ലാതരം തൊഴിലുകളും പരസ്പരപൂരകങ്ങളാണ്.
- 

ഈ യൂണിറ്റിൽ ആദ്യം വരുന്നത് ഉറൂബിന്റെ 'പടച്ചോന്റെ ചോറ്' എന്ന കഥയാണ്. ഗാന്ധിജിയുടെ നിരീക്ഷണത്തെ ആസ്പദമാക്കി നടന്ന ചർച്ചയുടെ തുടർച്ചയായി കഥ അവതരിപ്പിക്കാം. കഥാഖ്യാനത്തിന്റെ സവിശേഷതകൾ സ്വാശീകരിച്ചുകൊണ്ടാണ് കഥാവരണം നടക്കേണ്ടത്.

---

**കഥാവതരണം**

- ഭാവാനുസാരിയായ ശബ്ദനിയന്ത്രണം.
- പ്രാദേശിക ഭേദങ്ങളുടെ ജൈവികത നിലനിർത്തൽ.
- കേവലം വായനയല്ല, മറിച്ച് ദൃശ്യ-ഭാവസന്നിവേശം നടക്കുന്ന രീതിയിലാവണം അവതരണം

---

## പാഠവിശകലനം

ഉറൂബിന്റെ ഏറ്റവും പ്രസിദ്ധമായ കഥകളിലൊന്നാണ് 'പടച്ചോന്റെ ചോറ്'. അതീവ ഹൃദ്യവും ലളിതവുമായ ഭാഷയിൽ കോർത്തെടുത്ത ഈ ചെറുകഥ ശിൽപഭംഗി കൊണ്ടും ശ്രദ്ധേയമാണ്. ത്യാഗമനോഭാവവും സമഭാവനയും സഹായസന്നദ്ധതയുമടക്കം ഒരു യഥാർത്ഥ മനുഷ്യനു വേണ്ട മിക്ക ഗുണങ്ങളും തികഞ്ഞ മൗലവിയാണു മുഖ്യകഥാപാത്രം. ഏറനാടൻ സംസാരഭാഷയിലൂടെ, കഠിനാധ്വാനിയായ ഒരു മനുഷ്യന്റെ കഥ പറഞ്ഞ് നമുക്കു ചില പാഠങ്ങൾ നൽകുകയാണ്. കഥയിലെ മുഹമ്മദ് എന്ന കഥാപാത്രത്തെപ്പോലെ നാം അലസരും നിസ്സംഗരുമാവുകയാണല്ലോ. ഈ സാഹചര്യത്തിലാണു മൗലവി എന്ന കഥാപാത്രം ഏറെ പഠനമർഹിക്കുന്നത്.

എത്രയോ നാഴിക അകലെ ജനിച്ച രണ്ടാത്മാക്കളാണു മൗലവിയും മുഹമ്മദും. എന്നാൽ മൗലവിയുടെ ചിറകിൻ കീഴിൽ മുഹമ്മദിനു സുരക്ഷിതത്വം ലഭിക്കുന്നു.

"പടച്ചോന് നമ്മുടെ മേൽ ഒരുത്തരവാദിത്വമില്ലേ" എന്നു ചോദിച്ച മുഹമ്മദിനെ 'ബന്ധനസ്ഥനാക്കി' മെയ്യനങ്ങി അധ്വാനിക്കുന്നതിന്റെ ആവശ്യകത തന്ത്രപരമായി പഠിപ്പിക്കുകയാണ് മൗലവി ചെയ്യുന്നത്.

## മൗലവിയുടെ ശിക്ഷ

- മുഹമ്മദിനെ മുറിയിൽ പൂട്ടിയിട്ടത് എന്തിനാണ്?
- മുഹമ്മദിനെ ശിക്ഷിക്കാനുള്ള അധികാരം മൗലവിക്കുണ്ടോ? എന്തുകൊണ്ട്?
- ഭക്ഷണം നിഷേധിക്കപ്പെടാൻ തക്ക കുറ്റമാണോ മുഹമ്മദ് ചെയ്തത്?
- 

തുടങ്ങിയ ചോദ്യങ്ങളിലൂടെ ആ സവിശേഷ സന്ദർഭത്തെ വിശകലനം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കണം. ഓരോരോ ചോദ്യങ്ങൾ ചോദിച്ച് അപ്പപ്പോൾ തന്നെ ഉത്തരം പറയുന്ന രീതിയല്ല, മറിച്ച് അവരുടെ ചിന്തയെ പ്രകോപിപ്പിക്കുയാണ് വേണ്ടത്. ഇതിനായി വിപരീത ചോദ്യങ്ങളും ചോദിക്കാം. (മുഹമ്മദിന്റെ മനോഭാവത്തിനനുകൂലമായി നിന്നുകൊണ്ട് കുട്ടികളോട് തർക്കിക്കുകയും ആവാം) കുട്ടികൾ അവരുടെ സ്വതന്ത്രമായ അഭിപ്രായം ചർച്ചയിൽ ഉന്നയിക്കട്ടെ. തുടർന്ന് കുറിപ്പെഴുതാൻ നിർദേശിക്കാം.

വ്യക്തിഗതമായ ഈ കുറിപ്പുകൾ തുടർ മൂല്യനിർണയത്തിന് പ്രയോജനപ്പെടുത്തുമല്ലോ? ഇവ തന്നെ കൈമാറി എഡിറ്റിങ്ങിന് വിധേയമാക്കാൻ കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്. മെച്ചപ്പെടുത്തി നോട്ടു ബുക്കിൽ ഉൾപ്പെടുത്താൻ നിർദേശിക്കാം.

പൊതുപ്രവർത്തനത്തെക്കുറിച്ച് മൗലവിയുടെ കാഴ്ചപ്പാടിനെ മുൻനിർത്തി കുട്ടികൾ അവരവരുടെ കാഴ്ചപ്പാടുകൾ തയാറാക്കാൻ നിർദേശിച്ചതിനുശേഷം പൊതു പ്രവർത്തനത്തെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ചയാവാം. സംഘങ്ങളായി കുട്ടികൾ അവരവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കട്ടെ. ക്രോഡീകരിച്ചവ സംഘത്തിലെ ഒരംഗം ക്ലാസിൽ ചർച്ചയ്ക്കായി അവതിരിപ്പിക്കുന്നു. ചർച്ച ക്രോഡീകരിക്കുമ്പോൾ:

- മനുഷ്യ ജീവിതം പരസ്പരാശ്രിതമാണ്.
- സ്വയം നന്നായിക്കൊണ്ടുമാത്രമേ പൊതു ജീവിതത്തെ നന്നാക്കാനാവൂ. (മാതൃക: ഗാന്ധിജി, ടോൾസ്റ്റോയ്, തിരുവള്ളുവർ, ഹോചിമിൻ,...)

**ഭാഷാഭേദം**

"എന്തിരുത്ത്.......................പറയോ."

ഈ ഭാഷണം അച്ചടി ഭാഷയിലേക്ക് മാറ്റാൻ നിർദേശിക്കാം. കുട്ടികൾ അത് ബോർഡിൽ എഴുതട്ടെ. രണ്ടു വാക്യങ്ങളെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ലഘു ചർച്ച ക്ലാസിൽ നടത്താം.

**ചർച്ചാസൂചകങ്ങൾ**

- സവിശേഷമായ നാടൻ പ്രയോഗങ്ങളുടെ സൗന്ദര്യം
- പ്രാദേശികഭാഷാഭേദങ്ങളുടെ പ്രസക്തി
- ഭാഷയുടെ വൈകാരികതലം.

**മാനകഭാഷ**

ഒരു ഭാഷ സംസാരിക്കുന്ന ജനത അധിവസിക്കുന്നത് വൈവിധ്യമുള്ള ഭൂവിഭാഗങ്ങളിലും സവിശേഷ സാംസ്കാരിക സാഹചര്യങ്ങളിലുമാണ്. പ്രാദേശികവും സാംസ്കാരികവുമായ സവിശേഷതകൾ പ്രധാനഭാഷയുടെ വ്യവഹാരത്തിൽ ഉണ്ടാവും. രണ്ടറ്റങ്ങളിലുള്ള പ്രാദേശിക ഭാഷകൾ വ്യത്യസ്തമെന്നു തന്നെ തോന്നിയേക്കാം. ഇത്തരമൊരു സാഹചര്യത്തിൽ വിശേഷ വ്യവഹാരത്തിന് പൊതുവേ അംഗീകരിക്കപ്പെട്ട ഒരു ഭാഷ ആവശ്യമായിവരും. ഇങ്ങനെ പ്രസംഗം, ലേഖനം, ഔദ്യോഗിക വ്യവഹാരങ്ങൾ മുതലായവയ്ക്ക് ഉപയോഗിക്കുന്ന ഭാഷയാണ് മാനകഭാഷ. (Standard Language)

- പ്രാദേശിക ഭാഷ കൂടുതൽ ഹൃദയസ്പർശിയും ജീവിതഗന്ധിയുമാണ്.

മുതലായ കാര്യങ്ങൾ വിശദമാക്കിക്കൊണ്ടു വേണം ചർച്ച ക്രോഡീകരിക്കാൻ.

**ഭാഷാഭേദം**

ഭൂപ്രകൃതി, തൊഴിൽ, സമുദായം മുതലായവയിലുള്ള വ്യത്യാസമാണ് ഭാഷയിലെ പ്രാദേശിക ഭേദങ്ങൾക്കു കാരണം. പദങ്ങൾ, വർണങ്ങൾ ആഖ്യാനത്തിലുള്ള താളഭേദം, ഉച്ചാരണ വൈവിധ്യങ്ങൾ മുതലായവയിലാണ് വ്യത്യാസം പ്രകടമാവുക. ഉദാ: നീ അവിടെ പോയിരുന്നുവോ? എന്ന മാനകഭാഷയ്ക്ക്

യ്യ് ആടെ പോയീന്യോ?

ഞ്ഞ് ആട പോയീക്ക്യോ?

ജ്ജ് അവടെ പോയിനോ?

നീ ആട പോയീനോ?

നിയ്യവിടെ പോയിരുന്വോ?

നിയ്യവിടെ പോയാ?

തുടങ്ങിയ വ്യത്യസ്തമായ പ്രാദേശിക ഭേദങ്ങൾ കാണാമല്ലോ.

വ്യക്തിക്ക് തന്റെ വികാരങ്ങൾ പൂർണമായും പ്രകാശിപ്പിക്കാൻ മാതൃഭാഷയുടെ പ്രാദേശിക ഭേദത്തിലൂടെയേ സാധിക്കൂ. സ്വാഭാവികമായ ഈ പ്രാദേശിക ഭേദങ്ങൾ എല്ലാം തന്നെ ആധുനിക ഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ തുല്യമാണ്. വാക്യഘടനയിൽ അടിസ്ഥാനഭാഷയുടെ സവിശേഷത നിലനിർത്തുകയും പദങ്ങളിൽ വൻതോതിൽ മാറ്റം ഉണ്ടാവുകയും ചെയ്യുമ്പോഴാണ് ഒരു പ്രാദേശിക ഭേദം ഭാഷാഭേദമായിത്തീരുന്നത്. വർണങ്ങളിലും പ്രത്യയങ്ങളിൽ പോലും ഭാഷാഭേദങ്ങൾ അടിസ്ഥാനഭാഷയിൽ നിന്ന് വ്യത്യാസപ്പെട്ടേക്കാം.

## കഥാപാത്ര നിരൂപണം

എന്താണ് കഥാപാത്രനിരൂപണം? കഥയെക്കുറിച്ച് ആഴത്തിൽ വിശകലനം നടത്താനുപകരിക്കുന്ന മികച്ച ഭാഷാ പ്രവർത്തനമാണിത്. കഥാഘടനയിൽ കഥാപാത്രത്തിന്റെ പങ്കെന്താണ് എന്ന കേവലമായ അന്വേഷണം മാത്രമല്ല കഥാപാത്രത്തിന്റെ സവിശേഷമായ മനോഘടന വ്യത്യസ്ത സന്ദർഭങ്ങളിൽ കഥയുടെ വൈകാരികത നിലനിർത്തുന്നതിൽ ചെലുത്തുന്ന സ്വാധീനം, പ്രതിനിധീകരിക്കുന്ന മൂല്യങ്ങളുടെ പ്രസക്തി തുടങ്ങി വിവിധങ്ങളായ മേഖലകളിൽ വിശകലനം നടക്കുന്ന പ്രവർത്തനമാണ് കഥാപാത്രനിരൂപണം.

ഇവിടെ മൗലവിയുടെ ചില സംഭാഷണശകലങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് മൗലവി എന്ന കഥാപാത്രത്തിന്റെ സവിശേഷമായ പെരുമാറ്റരീതിയെക്കുറിച്ചും മൂല്യവിചാരത്തെക്കുറിച്ചും ആഴത്തിൽ ചിന്തിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകണം. മൗലവി എന്താണ് ഇങ്ങനെപെരുമാറുന്നത്? മൗലവി ഈ ചെയ്തത് ശരിയോ? തുടങ്ങിയ ലഘു ചോദ്യങ്ങളിലൂടെ കുട്ടികളെ പ്രചോദിപ്പിക്കണം. ഇങ്ങനെ ചിന്താപരമായ വൈവിധ്യങ്ങളിലേക്ക് നയിച്ചതിനു ശേഷം മാത്രമേ കഥാപാത്രനിരൂപണരചനയിലേക്ക് പ്രവേശിക്കാവൂ.

## പ്രയോഗസവിശേഷത

'അതിനിടയിൽ മമ്മദ് എന്നെ വിളിച്ചു' എന്ന വാക്യം 'അതിനിടയിൽ മുഹമ്മദ് എന്നെ വിളിപ്പിച്ചു' എന്നാണെങ്കിൽ എന്തുമാറ്റമാണുണ്ടാവുക? വിളിച്ചു എന്ന പദം വിളിപ്പിച്ചു എന്നായപ്പോൾ ഒരു കഥാപാത്രം കൂടി വേണ്ടിവരും. കഥയിൽ മുഹമ്മദ് നായകനെ വിളിക്കുന്നതാണ് സന്ദർഭം. വിളിച്ചു എന്നത് കഥാനായകൻ സ്വന്തം പ്രേരണയാൽ ചെയ്യുന്ന പ്രവൃത്തിയാണ്. എന്നാൽ വിളിപ്പിച്ചു എന്നാക്കുമ്പോൾ അതിൽ ഒരു പ്രേരണയുണ്ട്. ഒരു വാക്യത്തിലെ ക്രിയാപദത്തിലെ ഒരക്ഷരം മാറ്റുമ്പോൾത്തന്നെ വാക്യത്തിന്റെ ആശയതലത്തിനുവരുന്ന മാറ്റം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം. ഇങ്ങനെ സ്വയം ചെയ്യുന്നതും പ്രേരണയോടെ ചെയ്യുന്നതുമായ പ്രവൃത്തികളെക്കുറിക്കുന്ന പദങ്ങൾ ലിസ്റ്റുചെയ്യാൻ കുട്ടികളോടാവശ്യപ്പെടണം. കുട്ടികൾ കണ്ടെത്തിയ ഓരോ പദത്തിന്റെയും ആശയതലവും അർത്ഥവ്യത്യാസവും ചർച്ചചെയ്യണം. ഈ പ്രയോഗസവിശേഷതയെയാണ് വ്യാകരണത്തിൽ കേവലക്രിയ, പ്രയോജകക്രിയ എന്നീ പേരുകളിൽ വിളിക്കുന്നതെന്ന് ചർച്ചക്കൊടുവിൽ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.

## നാടകീകരണം

നാടകം സ്ഥലത്തിന്റെയും കാലത്തിന്റെയും കലയാണ്. സ്ഥലകാലങ്ങളെ അടിസ്ഥാനപ്പെടുത്തി കഥാസന്ദർഭങ്ങളെ വേർതിരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

- റെയിൽവേ സ്റ്റേഷൻ
- കഥാകൃത്തിന്റെ നാട്
- മൗലവിയുടെ വീട് 1
- മൗലവിയുട ജോലി സ്ഥലം
- മൗലവിയുടെ വീട് 2

അഞ്ചു സംഘങ്ങൾക്കായി ഇവ വീതിച്ചു നൽകാം. സംഘങ്ങൾ നിർദിഷ്ട ഭാഗം വിശദമായി ചർച്ച ചെയ്ത് അതിനൊരു അവതരണരൂപം നിശ്ചയിക്കുന്നു. കഥാഗതിയുടെ കാതൽ നഷ്ട പ്പെടാത്ത വിധം സന്ദർഭത്തിന്റെ വിശദാംശങ്ങൾ, പുതിയ കഥാപാത്രങ്ങൾ മുതലായവ ചേർക്കാൻ അനുവാദം നൽകാം. സന്ദർഭത്തെക്കുറിച്ചും ദൃശ്യ രൂപത്തെക്കുറിച്ചും അവരവർക്കുള്ള സംശയങ്ങൾ അപ്പപ്പോൾ തന്നെ തീർത്തുകൊടുക്കേണ്ടതാണ്. ചെറിയൊരു റിഹേഴ്സലും ചർച്ചയും സംഘത്തിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തണം. കഥയുടെ ക്രമമനുസരിച്ച് ഓരോ സംഘവും പൊതു അവതരണം നടത്തട്ടെ. ഒരു സംഘം അവതരിപ്പിക്കുമ്പോൾ മറ്റുള്ളവരാണ് സദസ്യർ.

അവതരണങ്ങൾക്കു ശേഷം അവർ കഥയുടെ അവതരണത്തെക്കുറിച്ചും ദൃശ്യാവിഷ്കാരത്തെ ക്കുറിച്ചും വിമർശനാത്മകമായ ചർച്ച നടത്തേണ്ടതാണ്. ക്രോഡീകരണത്തിൽ കഥയെ നാടക മാക്കുമ്പോഴും രംഗാവിഷ്കരണത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഊന്നിപ്പറയണം.

## കഥാപാത്ര നിരൂപണം

## ഹിഗ്വിറ്റ നിരൂപണം

സ്വത്വത്തെ സംബന്ധിച്ച ചിന്തകൾ വളർത്തിക്കൊണ്ടുവന്നതിൽ അസ്തിത്വദർശനങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. താൻ ബ്രഹ്മമാണെന്ന ചിന്തയിലൂടെ ലൗകികത്തെ നിസ്സാരവത്ക രിക്കുന്നു. സംസാരസാഗരത്തിൽ മുങ്ങിപ്പോകാതെ ഉയർന്നുനിൽക്കാൻ താങ്ങുതണ്ടാവുന്നത് ആത്മബോധമാണ്. ഇതിന്റെ രൂപപരിണാമമായി സ്വത്വചിന്തയെ കാണാം.

വ്യക്തിയെ വേർതിരിച്ചുകാട്ടുന്ന സവിശേഷതയ്ക്ക് സ്വത്വം എന്ന് പറഞ്ഞുവരുന്നു. ഓരോ വ്യക്തിക്കും സ്വത്വമുണ്ട്. ചിലർ അത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു. എഴുത്തിൽ, ചിന്തയിൽ, പ്രവർത്തനങ്ങളിൽ, സമീപനത്തിൽ എല്ലാംതന്നെ സ്വത്വത്തിന്റെ സ്പർശം കാണാം. അബോ ധപൂർവമായ പ്രവർത്തനങ്ങളിൽനിന്നുപോലും സ്വത്വം ഉരുത്തിരിച്ചെടുക്കാൻ കഴിയുമെന്നാണ് സങ്കല്പം. അപ്പോൾ മനുഷ്യനെ സംബന്ധിച്ച പരമപ്രധാനമായ ഘടകമായി സ്വത്വം മാറുന്നു. ഇത് ചുറ്റുപാടുകളിലെ വൈരുധ്യങ്ങളിൽനിന്ന് വ്യക്തിയെ മോചിപ്പിക്കുന്നു.

കേവലമായ ഒരു സ്വത്വം മനുഷ്യ പ്രകൃതിക്ക് നിരക്കുന്നതാണോ? സമാഹൃതബോധത്തിന്റെ ഒരു പ്രകടിതരൂപമായി സ്വത്വത്തെ കാണേണ്ടിയിരിക്കുന്നു. അത് പലപ്പോഴും ആരോപിത മായും തീരാറുണ്ട്. ഹിഗ്വിറ്റയിലെ ഗീവർഗീസ് അച്ചനെ മുൻനിർത്തി ഇത്തരമൊരു അന്വേ ഷണം നടത്താവുന്നതാണ്.

ഇതിവൃത്ത ഘടനയിൽ വിശേഷണങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത ചെറുകഥയാണ് എൻ. എസ്.മാധവന്റെ ഹിഗ്വിറ്റ. ഒരു സാമ്പ്രദായിക കഥാഘടന ഇതിൽ സർവത്ര കാണാം. "ലൂസിയെ അവൾ നിന്നിരുന്ന വീടിന്റെ മുമ്പിൽ ഇറക്കിവിട്ടിട്ട് അച്ചൻ തന്റെ മുറിയിലേക്കു മടങ്ങി, ശാന്ത നായി, യാതൊരു ഗൃഹാതുരത്വവും കൂടാതെ." ഇങ്ങനെയാണ് ഹിഗ്വിറ്റ അവസാനിക്കുന്നത്. തന്റെ ഇടവകയിലെ ഒരു സാധു പെൺകുട്ടിക്കുണ്ടായ ദുര്യോഗത്തിൽ അച്ചൻ ദുഃഖിക്കുന്നു. തുടക്കത്തിൽ സ്വാഭാവികമായി പ്രശ്നം പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷ അദ്ദേഹം വെച്ചുപു ലർത്തി. പക്ഷേ, പ്രതിയോഗി അത്ര പെട്ടെന്ന് വഴങ്ങുന്നയാളായിരുന്നില്ല. അച്ചന് ചില കടുത്ത

നടപടികൾ എടുക്കേണ്ടിവന്നു. പ്രശ്നം പരിഹരിക്കപ്പെട്ടു. വീണ്ടും ജീവിതം ശാന്തമായി മുൻപോട്ടുപോവുകയാണ്. ക്രമാനുഗതമായി വികസിച്ചുവരുന്ന സംഘർഷവും അതിന്റെ പാരമ്യവും ശുഭകരമായ പര്യവസാനവും ഇവിടെയുണ്ട്.

ഹിഗ്വിറ്റയുടെ ഇതിവൃത്തത്തിൽ ഇണക്കിച്ചേർത്തിട്ടുള്ള മറ്റൊരു ഉപകഥയാണ് ഗീവർഗീസിന്റെ സ്വഭാവപരിണാമം. പി.ടി.മാഷിന്റെ മകനായ ഗീവർഗീസ് സ്കൂളിലെ ഫുട്ബോൾ ടീമിൽ പരിശീലനം നേടി. ആ ടീം ഒന്നിനു പിറകെ ഒന്നായി വിജയം കൊയ്തു. തുടക്കത്തിൽ ചില പേരുദോഷങ്ങളൊക്കെ കേൾക്കേണ്ടിവന്നങ്കിലും ഗീവർഗീസിലെ ഫുട്ബോൾ പ്രതിഭയെ തിരിച്ചറിയാൻ അധികകാലം വേണ്ടിവന്നില്ല. അങ്ങനെ അയാൾ സെവൻസ് കളിക്കാരുടെ ഹരമായി. ഇത് പി.ടി.മാഷായ പിതാവിന് ഇഷ്ടമായില്ല. അദ്ദേഹം എതിർപ്പു പ്രകടിപ്പിച്ചെങ്കിലും ഗീവർഗീസ് സെവൻസിൽ മുഴുകി. അച്ഛന്റെ മരണം, പരീക്ഷയിലെ പരാജയം തുടങ്ങിയവ അയാളെ ആത്മപരിശോധനയ്ക്ക് വിധേയനാക്കി. സെവൻസ്കളി നിർത്തിയ ഗീവർഗീസ് ദൈവവിളി അനുസരിച്ച് പൗരോഹിത്യം സ്വീകരിക്കുകയാണ്. ഇതും ശുഭപര്യവസായിയായ ഒരു കഥതന്നെ.

കഥയുടെ ഒരു സ്ഥിരം ഫോർമുലതന്നെയാണ് ഇവിടെ ദൃശ്യമാകുന്നത്. പക്ഷേ, ലൂസി പ്രശ്നത്തിൽ ഊന്നിയ കഥയിൽ ഗീവർഗീസിന്റെ ജീവിതപരിണാമവും അതിന്റെ കേന്ദ്രസ്ഥാനത്ത് നില്ക്കുന്ന ഫുട്ബോൾ സംസ്കാരവും അന്തർസന്നിവേശം ചെയ്തിരിക്കുന്നു എന്ന ഒരു സവിശേഷതയുണ്ട്. മറ്റെല്ലാം നമ്മുടെ നാടോടിക്കഥ മുതലുള്ള കഥാപാരമ്പര്യത്തിൽ പ്രതിഷ്ഠിതമായതുതന്നെ. കഥയ്ക്ക് ആകെപ്പാടെ ഒരു ഫുട്ബോൾ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട് എന്നതും ഒരു സവിശേഷതയായി പറയാം. ഈ സാമാന്യങ്ങളിൽനിന്നാണ് ഹിഗ്വിറ്റയുടെ വിശേഷങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത്.

സ്വത്വപരമായ അന്വേഷണങ്ങളും സംഘർഷങ്ങളും കൊണ്ട് ഹിഗ്വിറ്റ കൈവരിച്ച ചടുലത അതിന്റെ ആസ്വാദ്യതയ്ക്ക് ആധാരമായി നിലകൊള്ളുന്നു. കഥാകുതുകികളായ നമ്മെ ആദ്യം അസ്വസ്ഥരാക്കുന്നത് ഹിഗ്വിറ്റ എന്ന കഥാശീർഷകമാണ്. ഹിഗ്വിറ്റ ഒരു സാങ്കല്പിക കഥാപാത്രമല്ല. ചരിത്രത്തിൽ ജീവിക്കുന്ന സവിശേഷ വ്യക്തിത്വമുള്ള ഒരാളാണ് അദ്ദേഹം. ഒരു പുരോഹിതന്റെ ജീവിതവുമായി നേരിട്ട് ബന്ധിപ്പിക്കാവുന്ന ഒന്നും അയാളിൽ ഇല്ലെങ്കിലും അയാൾ വിളംബരം ചെയ്യുന്ന ഫുട്ബോൾ സംസ്കാരം അപാരമായ സ്വാധീനശക്തിയുള്ള ഒന്നാണ്.

ഹിഗ്വിറ്റയിലൂടെ തന്റെ സ്വത്വം അന്വേഷിക്കുകയാണ് ഗീവർഗീസ് അച്ചൻ ചെയ്യുന്നത്. അല്ലെങ്കിൽ തന്റെ സ്വത്വം അയാൾ ഹിഗ്വിറ്റയിൽ ആരോപിക്കുന്നുവെന്ന് പറയാം.

ഹിഗ്വിറ്റ മറ്റു ഗോളികളിൽ നിന്ന് വ്യത്യസ്തനാണ്. "താണ്ഡവത്തിനു മുൻപ് സശ്രദ്ധം ജടയഴിച്ചിട്ട ശിവനെപ്പോലെ നീണ്ട ചുരുളൻ മുടിയും കറുത്ത കരിങ്കൽ മുഖവും നേരിയ മീശയുമായി ഹിഗ്വിറ്റ ഗോളികൾക്കൊരു അപവാദമായിരുന്നു." എന്ന് അടയാളപ്പെടുത്തിക്കൊണ്ടാണ് ഗീവർഗീസച്ചൻ ഒരു പരകായപ്രവേശത്തിന് ഒരുങ്ങുന്നത്. മറ്റു ഗോളികളെയെല്ലാം ബൈബിൾ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ച അച്ചൻ ഇവിടെ വ്യത്യസ്തമായ ഒരു രൂപകല്പനയ്ക്ക് മുതിരുകയാണ്.

ദൃക്സാക്ഷിത്വം എന്ന ഗോളികളുടെ സ്ഥായിയായ ധർമത്തിൽനിന്നും സഭാകമ്പത്തിൽ നിന്നും മാറി മൈതാനമധ്യത്ത് പോരിനിറങ്ങുന്ന ഹിഗ്വിറ്റ അച്ചനെ സ്വാധീനിച്ചു. അയാളുടെ പെനാൽറ്റി കിക്കുകൾക്ക് ഏറെ സാധ്യതകളുണ്ടെന്ന് കണ്ടെത്തി. ഹിഗ്വിറ്റയുടെ വീഴ്ചകളിൽപോലും ഒരാദർശം ദർശിക്കാൻ അച്ചൻ ശ്രമിക്കുകയാണ്. "ഗോൾ പോസ്റ്റിന്റെ പൊരുന്ന ചൂട് അനുഭവിക്കാൻ വെറളിപിടിച്ച് തിരിച്ചെത്തുന്ന മറ്റു ഗോളികളിൽനിന്നു വ്യത്യസ്തനായി ഹിഗ്വിറ്റ ഗോൾപോസ്റ്റിലേക്ക് മടങ്ങുന്നു-ശാന്തനായി, യാതൊരു ഗൃഹാതുരത്വവും കൂടാതെ" എന്ന നിരീക്ഷണത്തിലൂടെ വലിയൊരു സാധ്യതയാണ് ഗീവർഗീസച്ചൻ കണ്ടെത്തുന്നത്.

നാലു ഖണ്ഡികകളിലാണ് ഹിഗ്വിറ്റയുടെ ചിത്രണം കഥാകാരൻ നിർവഹിച്ചിട്ടുള്ളത്. പക്ഷേ, കേന്ദ്രകഥാപാത്രമായ ഗീവർഗീസച്ചനിൽ ലയിച്ച് അയാൾ കഥയിലാകെ നിറഞ്ഞു നില്ക്കുന്നു. ഹിഗ്വിറ്റയായിത്തീർന്ന ഗീവർഗീസച്ചന്റെ കഥയായി ഇതിനെ കാണാം. ഇവിടെയാണ് സ്വത്വാരോപം പ്രസക്തമായിത്തീരുന്നത്.

പുരോഹിതന്റെ സ്ഥായിയായ ധർമം ദൃക്സാക്ഷിത്വമാണ്. ദൈവത്തിനുവേണ്ടി ദൃക്സാക്ഷിയാവുകയും ദൈവനിഷേധത്തെ തടയുകയും ദൈവത്തിനുവേണ്ടി കുമ്പസാരം കേൾക്കുകയും ചെയ്യേണ്ട പുരോഹിതന് നേരിട്ട് ദൈവനീതി നടപ്പാക്കാൻ അധികാരമുണ്ടോ? ദൈവനീതി നടപ്പാക്കുക എന്നത് ഒരടിസ്ഥാന ചോദനയാണ്. എല്ലാ പ്രതികരണങ്ങൾക്കു പിന്നിലും ആത്മാവിന്റെ ഇടപെടലുണ്ടെന്നാണല്ലോ സങ്കല്പം. പക്ഷേ, ഇതൊരു സ്വത്വ പ്രതിസന്ധിയായി ഗീവർഗീസച്ചനെ അലട്ടുന്നു. അതിനു ലഭിച്ച മറുപടിയാണ് ഹിഗ്വിറ്റ. ഗോൾപോസ്റ്റിനു മുന്നിൽ മാത്രം നിലയുറപ്പിക്കേണ്ടവൻ നടുക്കളത്തിലിറങ്ങി കളി നിയന്ത്രിക്കുന്നു. അത് അയാളുടെ ഗോളി എന്ന അസ്തിത്വത്തിന് തടസ്സമാവുന്നില്ല. നടുക്കളത്തിൽനിന്ന് ഗോൾപോസ്റ്റിലേക്കു മടങ്ങുന്ന ഹിഗ്വിറ്റ ശാന്തനും ഗൃഹാതുരത്വം നേരിടാത്തവനുമായതുപോലെ ജബ്ബാറെന്ന വില്ലനിൽ നിന്ന് ലൂസിയെ രക്ഷിച്ച ഗീവർഗീസച്ചൻ ശാന്തനും ഗൃഹാതുരത്വമില്ലാത്തവനുമായി കാണപ്പെടുന്നു. ഈ പദപ്രയോഗങ്ങളുടെ ആവർത്തനം ബോധപൂർവം നടത്തിയതാണോ എന്നറിയില്ല.

കളിക്കാരനെന്നനിലയിലുള്ള വീറും വാശിയും തന്റെ സ്വത്വത്തിന്റെ ഭാഗമായിക്കണ്ട ഗീവർഗീസിനെ പിതാവ് നിയന്ത്രിക്കാൻ ശ്രമിക്കുന്നു. ഫുട്ബോൾ വിശ്വാസവും സെവൻസ് അന്തിക്രിസ്തുവും (ആന്റി ക്രൈസ്റ്റ്) ആണെന്ന് ആ പിതാവ് മകനെ പഠിപ്പിച്ചു. നാസ്തികൃത്തിൽ നിന്ന് ആസ്തികൃത്തിലേക്കുള്ള കൂറുമാറ്റമാണ് അച്ഛന്റെ മരണത്തെത്തുടർന്ന് ഗീവർഗീസ് നടത്തിയത്. അതൊരു സ്വത്വപരമായ മാറ്റമായിരുന്നു. ഈ മാറ്റം സ്ഥായിയായി നില്ക്കുന്നില്ല. ഒരു തിരിച്ചുപോക്കിനുള്ള പ്രേരണ അയാളെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. പെനാൽറ്റി കിക്ക് കാത്തു നിൽക്കുന്ന ഗോളിയുടെ ഏകാന്തത ഗീവർഗീസച്ചൻ ശരിക്ക് അനുഭവിച്ചു. ഈ ഏകാന്തതയിൽനിന്നുള്ള മോചനത്തിനായി അയാൾ ആദ്യം ആശ്രയിച്ചത് തന്റെ വേദപുസ്തകത്തെയാണ്. തന്നെപ്പോലെ ഏകാന്തത അനുഭവിക്കുന്നവരെ അതിൽ നിന്ന് കണ്ടെത്താൻ ശ്രമിച്ചു. "എല്ലാവരാലും ഒറ്റുകൊടുക്കപ്പെട്ട്, രണ്ടു കൈകളും വിടർത്തി ഗോളി പെനാൽറ്റി കിക്ക് കാത്തു നിൽക്കുന്നു." ക്രിസ്തുവിനെപ്പോലെ താനും ഒറ്റുകൊടുക്കപ്പെട്ടവനാണെന്നും സെവൻസ് ഉപേക്ഷിച്ച തനിക്ക് കർത്താവിനെപ്പോലെ പന്തുകൾ തട്ടിമാറ്റാൻ മാത്രമേ കഴിയുന്നുള്ളൂവെന്നും ഗീവർഗീസച്ചൻ ദുഃഖിക്കുകയാണ്. തന്റെ ആകുലതകൾ പങ്കുവെക്കാൻ കഴിയാതെവന്നപ്പോൾ ആകാശം മുട്ടി നിൽക്കുന്ന ഗോലിയാത്തിന്റെ ഏകാന്തതയിൽ അഭയം പ്രാപിച്ചു. തന്റെ ഉശിരും മിടുക്കും പാഴായിപ്പോകുന്നതോർത്ത് അയാൾ യൂദായുടെ മകൻ ഓനാനോട് താദാത്മ്യം പ്രാപിച്ചു.

ബൈബിളിൽനിന്ന് പുറത്തുകടന്നാലല്ലാതെ അയാളുടെ ഏകാന്തതയ്ക്ക് അറുതിയുണ്ടാവില്ല. അയാൾ ളോഹയാലും ജപമാലയാലും ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ലൂസിയുടെ സാമീപ്യം അയാളുടെ നിശ്ചയങ്ങളെ അസ്ഥിരപ്പെടുത്തിക്കൊണ്ടിരുന്നു. പിതാവിന്റെ മരണം, പരീക്ഷയിലെ തോൽവി എന്നീ ലൗകിക പ്രതിസന്ധികളിൽ നിന്ന് രക്ഷനേടാൻ സ്വയം സ്വീകരിച്ച ആസ്തികൃം അയാൾക്ക് തടവറയായി. ലൂസിയിൽനിന്നുള്ള ഒഴിഞ്ഞുമാറലുകളെല്ലാം തന്നെ അവളോട് അടുക്കാനുള്ള പ്രേരണയിൽ നിന്ന് ഉടലെടുത്ത ഒളിച്ചോട്ടശ്രമങ്ങളാണ്. ഇവിടെയാണ് ഹിഗ്വിറ്റ അയാൾക്ക് ആശ്രയമാകുന്നത്. ഗോളിയായിരിക്കുമ്പോൾതന്നെ ഗോളിയുടെ പരിമിതികൾ ലംഘിക്കാൻ കഴിയുമെന്ന് ഗീവർഗീസച്ചൻ തിരിച്ചറിയുന്നു. ഗോളി എപ്പോഴും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊള്ളണമെന്നില്ല. ഗോളിക്ക് കളിക്കളത്തിലെ മറ്റുള്ളവരെപ്പോലെ പെരുമാറി തന്റെ ഉശിരു തെളിയിക്കാം. ഒരുപക്ഷേ, അത് സഭയുടെ പരാജയത്തിന് വഴിതെളിയിച്ചേക്കാം. "അവസാനം ഒരുനാൾ അത് സംഭവിച്ചു. മുന്നോട്ടു കയറിയ

ഹിഗ്വിറ്റയുടെ കാലിൽ നിന്ന് എതിരാളി പന്ത് തട്ടിയെടുത്ത് ഒഴിഞ്ഞ പോസ്റ്റിൽ ഗോളടിച്ച് കൊളംബിയയെ ലോകകപ്പിൽനിന്നേ പുറത്താക്കി. പക്ഷേ, ഹിഗ്വിറ്റ ഈ സംഭവത്തിന്റെ സൃഷ്ടിയിലും താൻ വഹിച്ച പങ്കോർത്ത് മൃദുവായി ചിരിക്കുന്നത് ഗീവർഗീസച്ചൻ മാത്രം കണ്ടു." ഈ കാഴ്ച നല്കിയ തിരിച്ചറിവ് പ്രധാനപ്പെട്ടതാണ്.

കളികളെല്ലാം ജയിക്കാൻ മാത്രമുള്ളതല്ല. തന്റെ ആന്തരപ്രേരണകളോട് നീതി പുലർത്തുക എന്നതാണ് പ്രധാനം. ലൂസിയുടെ പ്രശ്നത്തിൽ ഇടപെടേണ്ടിവരുമ്പോൾ പൗരോഹിത്യത്തിന്റെ പതനത്തിന് കാരണഭൂതനാകേണ്ടിവന്നേക്കാം. എങ്കിലും ഒടുവിൽ അത് ചെയ്യാതെ നിവൃത്തിയില്ലെന്നായി. അതിന് തടസ്സമായി നിന്ന ളോഹയും ജപമാലയും അയാൾ ഊരിവെച്ചു. അങ്ങനെ ആന്തരപ്രേരണയോട് നീതിപുലർത്തി.

ഹിഗ്വിറ്റ എന്ന കഥയിലെ പ്രതിനായകനായ ജബ്ബാർ ഒരുപക്ഷേ ഗീവർഗീസച്ചന്റെ ഭാവനാസൃഷ്ടി മാത്രമായിരിക്കണം. ലൂസിക്കുവേണ്ടി, തന്റെ ആന്തരപ്രേരണകൾക്കുവേണ്ടി പൊരുതാൻ ഒരു വില്ലനെ അച്ചൻ സങ്കല്പത്തിൽ സൃഷ്ടിച്ചു. മാംസപേശി കനത്ത കാളക്കഴുത്തും മൃദുവായ ശബ്ദവുമുള്ള ആ വില്ലന് പെൺവാണിഭക്കാരന്റെയും ഇടനിലക്കാരന്റെയുമൊക്കെ ഛായ നല്കി വിശ്വാസ്യത വരുത്തി, അങ്ങനെ യഥാർത്ഥ വില്ലനെ സ്വർണപ്പാത്രം കൊണ്ട് മൂടിവെച്ചു.

ഗീവർഗീസച്ചൻ നേരിടുന്ന സംഘർഷം മധ്യവർഗ സമൂഹത്തിന്റെ സ്വത്വപ്രതിസന്ധിതന്നെയാണ്. അത് വിശകലനം ചെയ്യുമ്പോൾ സ്വത്വമെന്നത് ഏകാത്മകമായ ഒന്നല്ല എന്നും ആന്തരികമായ വൈരുധ്യങ്ങൾ അതിന്മേൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും നാം തിരിച്ചറിയുന്നു. പാരമ്പര്യം, ചുറ്റുപാടുകൾ, ചോദനകൾ, അനുഭവങ്ങൾ, ബാഹ്യവും ആന്തരവുമായ സമ്മർദങ്ങൾ എന്നിവയെല്ലാം സ്വത്വത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു, അതുകൊണ്ടുതന്നെ ബാഹ്യമായി പ്രകടമാകുന്ന സ്വത്വം ആന്തരികമായ സ്വത്വത്തിന്റെ പരിഷ്കൃത രൂപമോ നിഷേധമോ ആവാം.

കഥാപാത്രത്തിന്റെ ആന്തരലോകം ചിത്രീകരിക്കാനും എൻ.എസ്.മാധവൻ ഫുട്ബോൾ പശ്ചാത്തലം തന്നെ പ്രയോജനപ്പെടുത്തിയിരിക്കുന്നു. "അച്ചൻ മുറിയിലെത്തി. മൈതാനം ഒഴിഞ്ഞു കിടന്നിരുന്നു. പോപ്കോൺ പൊതികളും ഐസ്ക്രീം കപ്പുകളും ഓർമക്കുറിപ്പുകൾപോലെ ചിതറിക്കിടന്നിരുന്നു. ഗോളികൾ വിശ്രമിക്കുകയായിരിക്കും." ഈ വർണന അതിന് നല്ല ഉദാഹരണമാണ്. ഓർമകളും വർത്തമാനവും ചേർന്ന് മാറിമാറി വരുന്ന ദൃശ്യങ്ങൾ ചലച്ചിത്രത്തിലെന്നപോലെ ആസ്വാദ്യമാണ്. ജബ്ബാറുമായുള്ള ഏറ്റുമുട്ടൽ ആവിഷ്കരിക്കുന്ന ഭാഗത്ത് ഭ്രമാത്മകത കലർത്താനും കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്. "പിന്നെ സ്ലോമോഷനിൽ ആ അടി ആവർത്തിച്ചു." എന്നൊക്കെ പറഞ്ഞിരിക്കുന്നതിൽനിന്ന് സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാവുന്നതായി നാം അറിയുന്നു. പുതിയ വ്യാഖ്യാനത്തിനും അർത്ഥതലങ്ങൾക്കും കഥാകൃത്ത് വഴിമാറിത്തരുന്നു.

*മാതൃഭാഷ മലയാളം - മാതൃഭൂമി ആഴ്ചപ്പതിപ്പ*

എൻ.എസ്. മാധവന്റെ ഹിഗ്വിറ്റ എന്ന കഥയുടെ നിരൂപണം വായിച്ചല്ലോ. ഇതിലെ കഥാപാത്രനിരൂപണരീതി പരിചയപ്പെട്ടു. പ്രസക്തമായ ആശയങ്ങൾ സംഗ്രഹിച്ച് എഴുതണം. തുടർന്ന് മൗലവി എന്ന കഥാപാത്രത്തെ എങ്ങനെയെല്ലാം സമീപിക്കാമെന്ന ധാരണ രൂപപ്പെടുത്താമല്ലോ. ലേഖനത്തിൽ നിന്നു ശേഖരിച്ച് ആശയങ്ങൾ ക്ലസ്റ്റർ യോഗത്തിൽ ചർച്ചചെയ്യാം. മൗലവി എന്ന കഥാപാത്രത്തെ വിശകലനം ചെയ്യാൻ നിങ്ങൾ രൂപപ്പെടുത്തിയ സമീപനം ചോദ്യങ്ങളുടെ രൂപത്തിൽ ക്ലാസിൽ ചർച്ചയ്ക്കായി അവതരിപ്പിക്കാം. ആശയക്രോഡീകരണം തൃപ്തികരമായിക്കഴിഞ്ഞാൽ കഥാപാത്രനിരൂപണം തയാറാക്കാൻ ആവശ്യപ്പെടാം.

## കഥ നാടകമാക്കുമ്പോൾ

കഥയിലും നാടകത്തിലും പൊതുവായിവരുന്ന ഒരു സവിശേഷതയാണ് നാടകീയത. എന്താണ് നാടകീയത? സ്വാഭാവികമായി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ഇതിവൃത്തത്തിൽ ചില സാഹചര്യങ്ങളോ സംഭവങ്ങളോ പാത്രസ്വഭാവത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ നാടകീയത ഉദയം ചെയ്യുകയായി. പിന്നീടങ്ങോട്ടുള്ള കഥാഗതിയെയും പാത്രസ്വഭാവത്തെയും ഇത് ആഴത്തിൽ സ്വാധീനിക്കുന്നു. ഒരർഥത്തിൽ കഥ ഒരു ശ്രാവ്യകലാരൂപമാണെന്നു പറയാം. കേൾക്കുമ്പോഴും വായിക്കുമ്പോഴും മനസ്സിൽ ദൃശ്യങ്ങൾ രൂപപ്പെടുത്താൻ കഴിവുള്ള മനോദൃശ്യകല കൂടിയാണ് കഥ.

സംഭവങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ഉടനീളം നാടകീയത നിലനിർത്തിക്കൊണ്ട് ഇതിവൃത്തത്തെ അനുവാചകരിലേക്ക് സന്നിവേശിപ്പിക്കുകയാണ് നാടകത്തിന്റെ ധർമം. കഥ വായിക്കുമ്പോൾ അനുവാചകൻ രൂപപ്പെടുത്തുന്ന മനോദൃശ്യപരമ്പരകൾ അയാളുടെ പ്രായം, അനുഭവങ്ങൾ, ഭാവന, കാഴ്ചപ്പാട്, എന്നിവകൾക്കനുസൃതമായിരിക്കും. ഇതൊക്കെ നാടകീകരിക്കുക അസാധ്യവും അനാവശ്യവുമാണ്. അതിനാൽ കഥ നാടകമാക്കുമ്പോൾ ഒരു തിരഞ്ഞെടുപ്പ് അത്യാവശ്യമായിവരുന്നു.

സ്ഥലം, കാലം, സംഭവങ്ങൾ എന്നിവയുടെ പരസ്പരബന്ധത്തിലൂടെയാണ് നാടകം നിലകൊള്ളുന്നത്. ഒരു സ്ഥലത്ത് ഒരു കാലത്ത് നടക്കുന്ന സംഭവങ്ങളെ നാടകത്തിൽ ഒരു യൂണിറ്റായി കാണുന്നു. ഒരുദാഹരണം നമുക്ക് പരിശോധിക്കാം. ട്രെയിൻ ഇറങ്ങി അൽപസമയം അന്ധാളിച്ചു നിന്നതിനു ശേഷം അയാൾ നഗരത്തിന്റെ തിരക്കുകളിലേക്ക് ഊളിയിട്ടു. ഒരു കഥയിലെ വാക്യം ഇങ്ങനെയാണെന്നിരിക്കട്ടെ. ഇത് നാടകീകരിക്കുമ്പോൾ രണ്ടു യൂണിറ്റുകളായി മാറ്റുന്നു. ഒന്ന് റെയിൽസ്റ്റേഷൻ, രണ്ട് നഗരവീഥി, കഥാപാത്രത്തിന്റെ മാനസികാവസ്ഥകൾ വിശദമാക്കാൻ പശ്ചാത്തലത്തിൽ കൂടുതൽ ആളുകൾ, സംഭവങ്ങൾ, സജ്ജീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടിവരും. ഇങ്ങനെ ഒരു കഥയിലെ, രംഗത്ത് അവതരിപ്പിക്കാൻ പറ്റുന്ന ഭാഗങ്ങൾ പൂർവാപരബന്ധത്തോടെ സ്ഥലം, കാലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ യൂണിറ്റുകളായി തിരിക്കലാണ് ഏറ്റവും ആദ്യം ചെയ്യേണ്ടത്. തുടർന്ന് സംഭാഷണങ്ങളിലൂടെയും സംഭവങ്ങളിലൂടെയും ഓരോ യൂണിറ്റിനെയും അർഥവത്താക്കണം. ഇനിയുള്ള ഘട്ടം ഇതെങ്ങനെ രംഗത്ത് അവതരിപ്പിക്കണം എന്നുള്ള അന്വേഷണമാണ്.

### രംഗാവതരണം

അരങ്ങിന് അനുഗുണമായ രീതിയിലാവണം കുട്ടികളുടെ അവതരണം. അതിന് അവരെ സഹായിക്കണം.

- കഥയെ വിവിധ യൂണിറ്റുകളായി തിരിക്കുന്നതിൽ യുക്തിഭദ്രത ഉറപ്പുവരുത്തണം.
- യൂണിറ്റ് തമ്മിലുള്ള പരസ്പരബന്ധം, ഒരു യൂണിറ്റിൽ നിന്ന് അടുത്ത യൂണിറ്റ് എന്ന ക്രമത്തിൽ പൂർവാപരബന്ധം ഉറപ്പുവരുത്തണം.
- അവതരണക്ഷമത ഉറപ്പുവരുത്തണം.
- ആംഗികം, സാത്വികം, വാചികം, ആഹാര്യം എന്നീ ചതുർവിധാഭിനയ സാധ്യതകൾ പ്രയോജനപ്പെടുത്തണം.
- നാടകാഭിനയം ഏറ്റവും ആസ്വാദ്യകരമായിത്തീരുന്നത് ചതുർവിധാഭിനയം ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുമ്പോഴാണ്. കുട്ടികൾ കൂടുതലും ആദ്യഘട്ടങ്ങളിൽ ശ്രദ്ധിക്കുന്നത് വാചികാഭിനയത്തിൽ മാത്രമായിരിക്കും. ചർച്ചകളിലൂടെയും ഇടപെടലുകളിലൂടെയും അഭിനയത്തിന്റെ വിവിധ സാധ്യതകളിലേക്ക് നയിക്കാൻ അധ്യാപകൻ ശ്രദ്ധിക്കണം.
- അവതരണക്രമം, സമയം എന്നിവ മുൻകൂട്ടി കുട്ടികളെ  അറിയിക്കണം.

കുട്ടികളുടെ നാടകവേദി പരിചയപ്പെടുത്തുന്ന ഒരു ലേഖനഭാഗം പരിചയപ്പെടാം.

## നമുക്കൊരു നാടകം കളിക്കാം

കുട്ടികളുടെ നാടകവേദിയെപ്പറ്റി പറയുമ്പോൾ ഈ സവിസേഷതകളാണ് ആദ്യമായി ഓർക്കേണ്ടത്. ഒരു നാടകവേദിക്ക് മൂന്നു മുഖ്യഘടകങ്ങളുണ്ട്. ഒന്ന്: നാടകകൃത്ത് അഥവാ കൃതി, രണ്ട്: അരങ്ങ് അല്ലെങ്കിൽ അവിടെ വ്യാപരിക്കുന്ന നടീനടന്മാർ. മൂന്ന്: പ്രേക്ഷകർ, ഇതിൽ ഏതൊരു നാടകവേദിയുടെയും മുഖ്യസ്വഭാവം വെളിപ്പെടുത്തുന്നത് ഒടുവിൽ പറഞ്ഞ ഘടകമാണ് പ്രേക്ഷകൻ. മുതിർന്നവരുടെ അവരിൽത്തന്നെ വിദ്യാസമ്പന്നരുടെ വിദ്യാവിഹീനരുടെ, നഗരവാസികളുടെ, നാട്ടിൻ പുറത്തുകാരുടെ എല്ലാം സദസ്സിനനുസരിച്ച് അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുടെ രചനയും അവരണരീതിയും മാറും.കുട്ടികളുടെ നാടകത്തെ സംബന്ധിച്ചടത്തോളവും ഏറ്റവും മുഖ്യമായ ഈ ഘടകം സദസ്സുതന്നെ; കുട്ടികളുടെ പ്രേക്ഷക സദസ്. ആ സദസ്സിന് ആസ്വദിക്കാൻ കഴിയുന്ന ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാകൂ. പ്രയമായവർ സദസ്സിൽ ഉണ്ടെങ്കിൽ അവരും രസിച്ചുവെന്നുവരാം. കാരണം, ഏതു മുതിർന്നവനിലും ഒരു കുട്ടി ഒളിച്ചിരിക്കുന്നു. കുട്ടികൾ മാത്രമുള്ള ഒരു സദസ്സുമായി, കലാപരമായി സംവദിക്കുവാൻ കഴിയുന്ന ഒരു നാടകമേ ഈ വിഭാഗത്തിൽ ഉൾപ്പെടൂ. ആ കാരണംകൊണ്ടു തന്നെയാണ് കുട്ടികളുടെ നാടകം ഭാവരൂപങ്ങളിലും അവതരണത്തിലും പ്രത്യേകമായ വ്യക്തിത്വമുള്ളതായിത്തീരുന്നത്. കുട്ടികളുടെ മനസ്സ് അറിയാൻ കഴിയുന്ന ഒരാളിനു മാത്രമേ അവർക്കുവേണ്ടിയുള്ള നാടകമെഴുതാൻ കഴിയൂ. സദസ്സിന്റെ പ്രായപരിധിയും വളരെയധികം പരിഗണനാർഹമായിത്തീരുന്നു. കാരണം ബാല്യകൗമാരങ്ങളിൽ ബാഹ്യമായും ആഭ്യന്തരമായും ഒരുവനിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പിന്നീട്  ഇങ്ങോട്ട് ഉണ്ടാകുന്നില്ല. ശൈശവത്തിൽ നിന്നു ബാല്യത്തിലേക്കും ബാല്യത്തിൽ നിന്നു കൗമാരത്തിലേക്കും കൗമാരത്തിൽ നിന്ന് യൗവനത്തിലേക്കുമുള്ള കുട്ടികളുടെ മാറ്റം അനുക്രമവും നിരന്തരവികസിതവുമാണ്. അതിനിടയിൽ കൊഴിഞ്ഞു വീഴുന്ന വർഷങ്ങൾ അവരിൽ ബാഹ്യവും ആഭ്യന്തരവുമായ വമ്പിച്ച മാറ്റങ്ങൾ വരുത്തുന്നതുമാണ്. യൗവനാരംഭത്തിൽ അവന്റെ മനസ്സും ശരീരവും ഏതാണ്ട് ഉറയ്ക്കുന്നതുവരെ അതു നിലനില്ക്കുന്നു. അതിനാൽ അഞ്ചുവയസ്സുവരെയുള്ള കുട്ടിയുടെ മാനസിക നിലവാരവും ഇഷ്ടാനിഷ്ടങ്ങളും അഞ്ചിനും എട്ടിനും  ഇടയ്ക്കുള്ള അവസ്ഥയും അതിനുശേഷം പതിനെട്ടുവരെയുള്ള അവസ്ഥയും ഇതിനിടയ്ക്കെല്ലാം സംഭവിക്കുന്ന മാനസിക വികാസവും കുട്ടികളുടെ നാടകത്തെ സംബന്ധിച്ചിടത്തോളം അവരുടെ നാടകസദസ്സിനെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ അതിപ്രധാനമായിത്തീരുന്നു. അഞ്ചു വയസ്സുകാരൻ ഇഷ്ടപ്പെടുന്ന കളികളും വിനോദങ്ങളും മൃഗങ്ങളെയും പക്ഷികളെയും പറ്റിയുള്ള കൊച്ചു കഥകളും അതിനു മുകളിലുള്ളവർക്ക് ഇഷ്ടമായില്ലെന്നുവരും. അവർക്ക് രാക്ഷസൻമാരും രാജകുമാരന്മാരും അദ്ഭുതങ്ങളും വേണം. എട്ടു വയസ്സു കഴിയുമ്പോൾ തനിക്കു ചുറ്റുമുള്ള സമൂഹവുമായി ബോധതലത്തിൽ തന്നെ അവൻ പ്രതികരിക്കുവാൻ ആരംഭിക്കും. നീതിസാരകഥകൾക്കാകാം ആ കാലഘട്ടത്തിൽ പ്രസ്കതി. അതിനു മുകളിലേക്കു വളരുമ്പോൾ സ്വന്തം പ്രായപരിധിയിൽപ്പെടുന്ന മറ്റുള്ളവരുടെ ജീവിതം കാണാൻ കൗതുകം ജനിക്കുന്നു. ആദർശപൂർണരായ കഥാനായകന്മാരോടാകാം കമ്പം. ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രായവിഭജനം തന്നെ സമൂഹത്തിന്റെ ഘടന, രാജ്യത്തിന്റെ വികാസം എന്നിങ്ങനെ പലതിനെ ആശ്രയിച്ചിരിക്കുന്നു. ഈ വിധത്തിൽ ജീവിതത്തിൽ ഏത് പ്രായപരിധിയിൽപ്പെട്ട കുട്ടികളാണ് സദസ്സിലുണ്ടാവുക എന്നതു പ്രധാനമാണ് - നാടകമെഴുത്തിലും  രംഗാവതരണത്തിലും.

കുട്ടികൾതന്നെ കഥാപാത്രങ്ങൾ ആകേണ്ടതുണ്ടോ? വേണമെന്നില്ല. അങ്ങനെ ആകുന്നതുകൊണ്ടു മാത്രം ഒരു നാടകം കുട്ടികളുടെ നാടകമാവുകയില്ല. ഏറ്റവും പ്രധാനം കുട്ടികളുടെ മനസ്സിനു ദഹിക്കുകയും രുചിക്കുകയും ചെയ്യുന്ന അന്തരീക്ഷവും ഭാവവും ഉണ്ടായിരിക്കണം എന്നതാണ്.

ആട്ടെ, ഇത്തരം നാടകകൃതികൾ എങ്ങനെ കണ്ടെത്താം? അവതരണത്തെ സംബന്ധിച്ചിടത്തോളമുള്ള ആദ്യ പ്രശ്നം അതാണല്ലോ. പല വഴികളുമുണ്ട്. നിങ്ങളുടെ അഭ്യുദയകാംക്ഷികളായ മുതിർന്നവരോട് - അച്ഛനോടോ ജ്യേഷ്ഠനോടോ - അധ്യാപകനോടോ - അത്തരമൊരു കഥ കളിക്കാൻ പരുവത്തിന് ശരിയാക്കിത്തരാൻ ആവശ്യപ്പെടാം. നിങ്ങളിൽ നല്ല വാസനയുള്ള മിടുക്കന്മാരോ മിടുക്കികളോ ഉണ്ടെങ്കിൽ തന്നെത്താൻ രചിക്കുകയും ആവാം. പക്ഷേ, ഏതു രീതിയിലായാലും നാടകം നടിക്കപ്പെടുന്നതാണെന്നും ഒരു നിശ്ചിതകാലയളവിൽ, നിശ്ചിതമായ ഒരു തലത്തിൽ നിശ്ചിത സ്വരൂപത്തോടെ മുന്നിൽക്കാണുന്ന ഒരു സദസിന്റെ മുമ്പിൽ അരങ്ങേറും വിധം പാകപ്പെട്ടതാവണം എന്നിവയൊന്നും മറന്നുകൂടാ. എത്രയെത്ര കഥകൾ ഈ രീതിയില പാകപ്പെടുത്തുവാനുണ്ടെന്നോ. പഞ്ചതന്ത്രകഥകൾ, കഥാസരിത് സാഗരം എഴുതപ്പെടാത്ത നാടൻ നർമ്മകഥകൾ, യക്ഷിക്കഥകൾ ഇങ്ങനെ ഒട്ടനവധി.

ശരി, അങ്ങനെ നാടകം കൈക്കലായി. ഇനിയോ? നാടക രചനയിൽ വന്നുചേർന്നിട്ടുള്ള സവിശേഷതകൾക്കനുസൃതമായിട്ടാണ് അതിന്റെ രംഗാവതരണവും. കുട്ടികളുടെ പ്രേക്ഷക സദസ്സിന് ഒരു വലിയ ഗുണമുണ്ട്. അതിന്റെ ഭാവന അത്യന്തം ചലനാത്മകവും കല്പനാനിരതവുമാണ്. എല്ലാം വിശദമായി വിവരിച്ചുകൊടുത്താൽ മാത്രമേ കുട്ടികൾക്കു മനസ്സിലാകൂ എന്നു കരുതുന്ന നാടകകൃത്ത് അവരുടെ വലുപ്പം കുറച്ചാണു കാണിക്കുന്നത്. അതിനുവേണ്ടി അതിവാച്യതയിലേക്കും അനാവശ്യമായ ഉദാഹരണങ്ങളിലേക്കും ഉപദേശപ്രസംഗങ്ങളിലേക്കും പോകേണ്ട ആവശ്യവുമില്ല.

അപങ്കിലവും നിശിതവുമായ അന്ത:ശക്തിയാൽ മനുഷ്യൻ അനുഗൃഹീതനായിരിക്കുന്ന ഘട്ടമാണിത്. അവിടെ സൂചനകൾ മതി. ആ സൂചനകൾ കുറിക്കുകൊള്ളത്തക്കവിധം അർത്ഥവത്താകണം എന്നു മാത്രം. രംഗത്തുള്ള ചലനങ്ങൾക്ക് താളക്രമവും നാടകത്തെ ആവരണം ചെയ്തു നില്കുന്ന സംഗീതാത്മകത്വവും ഉണ്ടെങ്കിൽ അസാധ്യങ്ങളെ സാധ്യങ്ങളായി ഗ്രഹിക്കുവാൻ അവർക്കേതും വിഷമമില്ല. കണ്ണും കരളുംകൊണ്ടാണ് അവർ നാടകം അനുഭവിക്കുന്നത്. പ്രജ്ഞയും അതുകൊണ്ടുള്ള വ്യാപാരവും മൂലമല്ല. അവതരണശൈലിയിൽ, അതിനൊരുക്കുന്ന അരങ്ങിന്റെ രീതിയിൽ, വലുപ്പത്തിൽ, അവിടെ വിന്യാസിക്കപ്പെടുന്ന വസ്തുക്കളിൽ എല്ലാം ഈ പ്രത്യേക കാഴ്ചപ്പാടിന്റെ പ്രസാരണം ആവശ്യമാണ്. തുടക്കം മുതൽ ഒടുക്കം വരെ ബാലമനസ്സിനെ മറ്റെല്ലാം മറന്ന് വേദിയിലേക്ക് ആകർഷിക്കുവാൻ പോന്ന ചടുലതയും ചലനഭംഗിയും തീർച്ചയായും ഉണ്ടായിരിക്കണം.

നാടകം കൈക്കലായാൽ, പിന്നെ അത് അരങ്ങേറുന്ന വിധമാണല്ലോ ആലോചിക്കേണ്ടത്. നാടകം എല്ലാപേരും ഒത്തുചേർന്നിരുന്ന് ഒന്നു വായിക്കുകയാണാദ്യം വേണ്ടത്. എന്താണിതിന്റെ പോരുൾ? ആരാണ് കഥാപാത്രങ്ങൾ, നാടകം ആരംഭിക്കുമ്പോൾ അവരുടെ നിലയും രീതിയും ഭാവവും എന്താണ്? ഒടുവിൽ ആർക്കൊക്കെ ഏതു രീതിയിൽ മാറ്റം വരുന്നു? അതു നമുക്കു വിശ്വസിക്കാവുന്ന നിലയിലായിട്ടുണ്ടോ- ഇത്യാദി പലതും ഇവിടെ എഴുതിയമട്ടിൽ ചോദ്യം ചോദിച്ച് ഉത്തരം പറയുന്ന നിലയിലല്ല, പലയാവൃത്തി നാടകം വായിച്ചുപോകുമ്പോൾ ഈ ചോദ്യങ്ങളുടെ എല്ലാം ഉത്തരം നിങ്ങളിൽ സ്വയമേവ ജനിക്കുന്നു. ആരോ എഴുതിയ കഥയും ആരോ സൃഷ്ടിച്ച കഥാപാത്രവും നിങ്ങളുടേതായിത്തീരുന്നു. നിങ്ങൾ ആഴത്തിൽ കഥയെയും പാത്രങ്ങളെയും അറിയുന്നു. അപ്പോൾ പിന്നെ ആരൊക്കെയാവണം നടീനടന്മാർ? രൂപം, ശബ്ദം എന്നിവയിലെല്ലാം നാടകകൃത്ത് മനസ്സിൽ കണ്ട സ്വരൂപത്തോടു കഴിവതും ഇണങ്ങിപ്പോകാവുന്നവരെ വേണം കണ്ടെത്താൻ.

നാടകം അവതരിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള അരങ്ങിന്റെ വ്യാപ്തി - പ്രേക്ഷകരുടെ ഇരിപ്പിടങ്ങളുടെ സംവിധാനവും ആ അരങ്ങും തമ്മിലുള്ള ബന്ധം, അരങ്ങിൽ ഈ പ്രത്യേക നാടകത്തിനനുസൃതമായി സജ്ജീകരിക്കേണ്ട വസ്തുക്കൾ, അവയുടെ വിന്യാസക്രമം ഇങ്ങനെ പല കാര്യങ്ങളും പ്രായമായവരുടെ നാടകത്തിലെന്നപോലെ തന്നെ ഇവിടെയും കണക്കിലെടുക്കേണ്ടതുണ്ട്.

ഇതിലെല്ലാമുള്ള, ഉണ്ടായിരിക്കേണ്ട ഏറ്റവും മുഖ്യമായ പ്രത്യേകത പ്രമേയത്തിന്റെ കാര്യത്തിലെന്നപോലെതന്നെ ലാളിത്യം എന്ന ഗുണമാണ്. കുട്ടികളുടെ നാടകത്തിന് സാഹിത്യരൂപം എന്ന നിലയിൽ ലാളിത്യം, കല്പനാചാതുര്യം, അസങ്കീർണത, അയത്നമായ സംവേദനത്വം, ബാഹ്യക്രിയാംശപ്രാബല്യം, വാഗതീതമായ സംവാദശക്തി എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നാണ് അഭിജ്ഞമതം. ഈ ഗുണവിശേഷത്തിന്റെ പ്രസരണം അരങ്ങൊരുക്കലിലും ചമയത്തിലും രംഗത്തു കഥാപാത്രങ്ങൾ നടത്തുന്ന സഞ്ചാരങ്ങളിലും ചേഷ്ടകളിലും പെരുമാറ്റങ്ങളിലും ഇവയെല്ലാം ചേർന്നു സൃഷ്ടിക്കുന്ന താളത്തിലും ഉൾച്ചേർന്നിരിക്കേണ്ടതുണ്ട്.

ഇത്രയുമൊക്കെ അറിയുകയും ഗൗരവബുദ്ധിയോടെ അനുസരിക്കുകയും ചെയ്താൽ നിങ്ങൾക്ക് ആദ്യത്തെ നാടകത്തിന്റെ ആദ്യ തിരശ്ശീല ഉയർത്താം. അഭിനയിക്കുമ്പോൾ ഉച്ചാരണം സ്ഫുടമായിരിക്കണം. ഒടുവിലറ്റത്തിരുന്നു നാടകം കാണുന്ന ഓരാൾക്കുപോലും സുഗ്രാഹ്യമായിരിക്കാനും ശ്രദ്ധിക്കണം.

ഇക്കാര്യമെല്ലാം ആരാണു ശ്രദ്ധിക്കുക? അതിനൊരാളുണ്ട്- ഏതു നാടകാവതരണത്തിലും നാടകകൃത്തിനെപ്പോലെത്തന്നെ കഴിവും വൈഭവവും ചേർന്ന ഒരാൾ. അദ്ദേഹത്തെ സംസ്കൃത നാടകം ഒരർത്ഥത്തിൽ സൂത്രധാരൻ എന്നു വിളിച്ചിരുന്നു. ആ സൂത്രധാരൻ ഒന്നുകൂടി ഉയർന്ന് സ്വായത്തശക്തികൾ വളർത്തിക്കഴിഞ്ഞപ്പോൾ ഇന്നത്തെ സംവിധാനകനായി. നിങ്ങളിൽ ഒരാൾക്ക് അതിനൊക്കെ സാധിച്ചാൽ നന്ന്. ഈ കൃത്യം മുതിർന്നവരെ ഏല്പിക്കുന്നതിലും തെറ്റില്ല.

കുട്ടികളുടെ നാടകവേദി, അടിസ്ഥാനപരമായി കുട്ടികളുടെ നാടകസദസ്സുമായി സംവദിക്കുന്ന ഒന്നായിരിക്കണം എന്നു പറഞ്ഞുവല്ലോ. അതുതന്നെയാണ് മുഖ്യപ്രമാണം. ആ സംവാദം സാധിക്കാൻ മുതിർന്നവർക്കു കഴിഞ്ഞാൽ അവർ അവതരിപ്പിക്കുന്നതും കുട്ടികളുടെ നാടകംതന്നെയാവും. ഈ നാടകപ്രസ്ഥാനം വേണ്ടവിധം വികസിച്ചിട്ടുള്ള എത്രയോ നാടുകളിൽ, പ്രായമായവരാണ് കുട്ടികളുടെ നാടകം അവതരിപ്പിച്ചുപോരുന്നത്. എന്നുതന്നെയല്ല, അവിടൊക്കെ കുട്ടികളുടെ നാടകവേദി എന്ന സങ്കല്പത്തിന് ഒരു പുനർവിഭജനം സംഭവിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഭഗഭാഗിത്വമുള്ള നാടകത്തെ Participational theatre എന്നു വിളിക്കുകയും കുട്ടികളുടെ നാടകവേദിയുമായി - Children's theatre അതിനെ വേർതിരിച്ചു കാണാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. ആദ്യത്തേതിൽ കുട്ടികൾ അവതരണത്തിൽ പങ്കാളികളാണ്. രണ്ടാമത്തേതിൽ സദസ്യർ മാത്രവും, മുതിർന്നവർക്ക് ഈ നാടകാവതരണത്തിൽ പങ്കെടുക്കുമ്പോൾ വളരെ ശ്രദ്ധിച്ചു പെരുമാറേണ്ടിവരും. കുട്ടികളുടെ സദസ്സിനു പാകമാകത്തക്കവിധം സ്വന്തം വ്യക്തിതവും പ്രതിഭാശക്തിയും രൂപപ്പെടുത്തുക എന്നത് പ്രാധാന കാര്യമാണ്. വിശ്വപ്രസിദ്ധനായ നാടകാചാര്യൻ സ്റ്റാനിസ്ലാവിസ്കിയോട് അദ്ദേഹത്തിന്റെ അനുയായികളായ ഒരു സംഘം നടൻമാർ ഒരിക്കൽ ചോദിച്ചപ്പോൾ അവരോടദ്ദേഹം പറഞ്ഞത്, 'കൂടുതൽ നന്നായും കൂടുതൽ വിശ്വസനീയമായും വേണം കുട്ടികളുടെ മുന്നിൽ അഭിനയിക്കേണ്ടത്' എന്നത്രേ.

നമ്മുടെ നാട്ടിലെ മുതിർന്നയാളുകളിൽ ഭൂപരിക്ഷത്തിനും മറിച്ചൊരു ചിന്താഗതിയാണുള്ളത്. പ്രായമായവർക്കു വേണ്ടി എഴുതുകയും അഭിനയിക്കുകയും ചെയ്യുന്നതിനേക്കാൾ ക്ലേശം കുറഞ്ഞതാണീപ്പണി എന്നവർ കരുതുന്നു. കുട്ടികൾക്കു വേണ്ടിയാണെങ്കിൽ നാടകത്തിൽ സദോപദേശത്തിന്റെ ധാരാളിത്തം വേണമെന്നാണു മറ്റൊരു ധാരണ. അതിർ കടന്ന വ്യാഖ്യാനമുണ്ടെങ്കിലേ അവർക്ക് സുഗ്രഹമാവൂ എന്നാണ് സങ്കലപം. അതുകൊണ്ടുതന്നെ അതിവാച്യവും ഉപദേശതുല്യവുമായ ആഖ്യാനത്തിനാണ് വ്യഗ്രതയും. ഇതെല്ലാം കുട്ടികളുടെ മനസ്സിനെയും കല്പനാ വൈഭവത്തെയും തെറ്റിദ്ധരിച്ചതുകൊണ്ടുണ്ടാകുന്ന ധാരണകളാണ്. അവരുടെ നാടകത്തെപ്പറ്റി എഴുതുമ്പോൾ യാഷാഫ്രാങ്ക് പറയുന്നു. "കുട്ടികൾ പഠിക്കാൻ ആഗ്രഹിക്കുന്നവരാണ് പഠിപ്പിക്കപ്പെടുന്നതിൽ എതിരുള്ളവരും." അതാണു സത്യം. നാം അവരെ ഉദ്ബുദ്ധരാ

ക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നു എന്ന് അവരറിയരുത്. ആ നിലയിൽ എങ്ങനെ അവരെ വിജ്ഞരും സംസ്കാരസമ്പന്നരും ആക്കാം എന്നതാണ് പ്രശ്നം. അതിന് സമർത്ഥനായ ഒരധ്യാപകന്റെ മേധാശക്തിയും കഴിവും കുട്ടികളുടെ നാടകം രചിക്കുന്നവയാൾക്കും അവതരിപ്പിക്കുന്നവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

*ജി.ശങ്കരപ്പിള്ള*

## എന്റെ ഒരു ദിവസം

ഏതെങ്കിലും ഒരു ദിവസത്തെ അനുഭവങ്ങൾ കുട്ടികൾ കുറിക്കട്ടെ. കുറിപ്പ് പരസ്പരം കൈമാറി വായിക്കുന്നു. നിങ്ങൾ അന്ന് നിങ്ങൾക്കുവേണ്ടി എന്തു ചെയ്തു? മറ്റുള്ളവർക്കുവേണ്ടി എന്തു ചെയ്തു? ചർച്ച - രണ്ടു കോളങ്ങളിലായി കുറിക്കാനാവശ്യപ്പെടാം. ഏതു കോളത്തിലാണ് കൂടുതൽ? എന്തുകൊണ്ടാണിങ്ങനെ? നമ്മുടെ പൂർവികരും ഇങ്ങനെയായിരുന്നെങ്കിലോ? തുടങ്ങിയ ചോദ്യങ്ങൾ കുട്ടികളോട് ചോദിക്കണം. തുടർന്ന് പാഠഭാഗത്തിലേക്ക് പോകാം. ഇനി നുമക്ക് ടോൾസ്റ്റോയിയുടെ ഒരു ദിവസത്തെക്കുറിച്ചറിയാം. ആദർശവും യാഥാർത്ഥ്യവും എന്ന പാഠഭാഗം വായിക്കുന്നു.

- നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു.?
- ടോൾസ്റ്റോയ് ചെയ്തത് ശരിയോ?

ഇത്തരം ചോദ്യങ്ങളുന്നയിച്ച് ലഘു ചർച്ച നടത്തണം. പ്രധാനാശയങ്ങൾ ബോർഡിൽ ക്രോഡീകരിക്കണം.

## ആദർശവും യാഥാർത്ഥ്യവും – പാഠവിശകലനം

കെ. സുരേന്ദ്രൻ എഴുതിയ ടോൾസ്റ്റോയ് ജീവിതകഥയിലെ ഒരു ഭാഗമാണിത്. മഹാനായ ഒരെഴുത്തുകാരൻ താൻ എഴുതിയതും പറഞ്ഞതുമായ ചിന്തകളും ആദർശങ്ങളും സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുന്നതിന്റെ ഒരപൂർവ ചിത്രമാണീ പാഠഭാഗത്തുള്ളത്. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഇടപെടുന്നവർക്ക് ഉറച്ച ആദർശങ്ങളൊക്കെ കാണും. പ്രായോഗിക ജീവിതത്തിൽ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമേതുമില്ലതാനും. ബോധവൽക്കരിക്കുന്നതൊന്ന്; ജീവിതചര്യ മറ്റൊന്ന്! ഗാന്ധിജിയും ടോൾസ്റ്റോയിയുമൊക്കെ ബഹുമാനാദരവുകൾക്കു പാത്രമാവുന്നത് അവർ ജീവിതത്തിലുടനീളം പുലർത്തിപ്പോന്ന ആദർശങ്ങൾ കൊണ്ടു മാത്രമാണോ, അല്ലെങ്കിൽ സമൂഹത്തോടുപദേശിച്ച കാര്യങ്ങൾ സ്വന്തം ജീവിതത്തിന്റെ ഓരോ സൂക്ഷ്മചലനങ്ങളിലും നിഷ്ഠയോടെ പുലർത്തിപ്പോന്നതുകൊണ്ടോ? രണ്ടാമതു പറഞ്ഞതാണ് ശരി.

ഒന്നാന്തരം വേഷമണിഞ്ഞു ഗംഭീരനായി നടന്നിരുന്ന ടോൾസ്റ്റോയിയെ ഇപ്പോൾ നാം കാണുന്നത് ഒരു സാധാരണ കൃഷീവലന്റെ സ്വാഭാവിക വേഷത്തിലാണ്. വാർധക്യത്തിലും കൃത്യതകൾ പാലിച്ചുകൊണ്ട് അധ്വാനിക്കുന്ന ആ മഹാമനുഷ്യൻ, ഒരു ദിവസം റെയിവേ സ്റ്റേഷനിൽ നൽക്കുമ്പോൾ ഒരു ലേഡി അദ്ദേഹത്തെ പോർട്ടറെന്നു തെറ്റിദ്ധരിക്കുന്നു. ഒട്ടും കൂസാതെ പെട്ടിയും ചുമന്നു പോവുന്ന അദ്ദേഹത്തെ നാം കാണുന്നു.

## പ്രഭാഷണം തയാറാക്കുക

എഴുതിത്തയാറാക്കുന്ന ഒരു പ്രഭാഷണം എങ്ങനെയാണ് ഒരു ഉപന്യാസരചനയിൽ നിന്ന് വ്യത്യസ്തമാവുക? സംബോധനയും ഉപസംഹാരവും കേവലമായി ചേർത്തതുകൊണ്ടായില്ല. വാചികമായ അവതരണത്തിന്റെ ആകർഷകത്വം മുൻകൂട്ടി കണ്ടുകൊണ്ടുവേണം പ്രഭാഷണം തയാറാക്കാൻ. കാണികളെ പിടിച്ചിരുത്തുന്ന ശൈലികളും ഉദ്ധരണികളും സവിശേഷ പ്രയോഗങ്ങളും അതിൽ ആവശ്യത്തിനു വേണം. അവതരിപ്പിക്കുന്ന വിഷയത്തെ രസകരമായി സമീപി

ക്കുന്ന രീതി ഇതിനുണ്ടാവണം. നിശ്ചിത സമയത്തിനുള്ളിൽ അവതരണം പൂർത്തിയാക്കാൻ ശ്രദ്ധിക്കണം.

ഇവിടെ ഗാന്ധിജിയുടെയും ടോൾസ്റ്റോയിയുടെയും ജീവിതവീക്ഷണങ്ങൾ താരതമ്യപ്പെടുത്തിയുള്ള പ്രഭാഷണമാണ് തയാറാക്കേണ്ടത്. ഇതിന് രണ്ടു പേരുടെയും ജീവിതത്തിലെ ചില സന്ദർഭങ്ങളെ വിശകലനം ചെയ്തുകൊണ്ട് പ്രഭാഷണരചനയ്ക്കു വേണ്ടവൈകാരിക സന്ദർഭം സൃഷ്ടിക്കണം. ടോൾസ്റ്റോയിയുടെ ജീവിതത്തിലെ ചില മൂഹൂർത്തങ്ങൾ പാഠഭാഗത്തിൽ നിന്ന് കുട്ടികൾക്ക് ലഭിക്കും. ഗാന്ധിജിയുടെയോ? അതിന് താഴെക്കൊടുത്ത സൂചകങ്ങൾ ചർച്ച ചെയ്യണം.

- താൻ നൂറ്റനൂല്കൊണ്ട് നെയ്ത വസ്ത്രങ്ങൾ മാത്രം ഉപയോഗിച്ചു.
- സ്വന്തം കുളിമുറിയും കക്കൂസും വൃത്തിയാക്കുന്നതിൽ ശ്രദ്ധിച്ചു.
- ജീവിതത്തിലുടനീളം സത്യസന്ധത സൂക്ഷിച്ചു.
- അഹിംസ ജീവിതവ്രതമായി സ്വീകരിച്ചു.
- ചർച്ചയ്ക്കുശേഷം ടോൾസ്റ്റോയിയുടെ ജീവിതവീക്ഷണം പാഠഭാഗത്തിന്റെ വിശകലനത്തിലൂടെ ബോർഡിൽ ക്രോഡീകരിക്കണം. തുടർന്ന് താരതമ്യത്തിലേക്ക് കടക്കാം. കുട്ടികൾ പ്രഭാഷണം തയാറാക്കട്ടെ. സംബോധന, ഉപസംഹാരം ആകർഷകമായ പദപ്രയോഗം തുടങ്ങിയ സാങ്കേതിക കാര്യങ്ങൾ കൂടി കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താൻ മറക്കരുത്.
- വ്യക്തിഗതമായി പ്രഭാഷണം തയാറാക്കുന്നു.
- ഏതാനും പ്രഭാഷണങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു.

പ്രഭാഷണത്തിന്റെ ഘടന ഉള്ളടക്കത്തിന്റെ സവിശേഷതകൾ എന്നിവയിലൂന്നിയ ക്രോഡീകരണം.

### ശേഖരണം, വിശകലനം

- വിവിധ റഫറൻസ് പുസ്തകങ്ങൾ നൽകി അധ്വാനവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ കണ്ടെത്താൻ നിർദേശിക്കുന്നു.
- അധ്വാനവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളുടെ ലിസ്റ്റ്, കുട്ടികൾ, ചാർട്ടിൽ/ബോർഡിൽ പ്രദർശിപ്പിക്കുന്നു.
- പഴഞ്ചൊല്ലുകൾ ക്ലാസ്സിൽ പൊതുവായി വിശകലനം ചെയ്യുന്നു. കുട്ടികളുടെ നിർദേശങ്ങൾ സ്വീകരിച്ചുകൊണ്ട് വിശകലനം നടത്തണം.
- ശേഖരിച്ച. പഴഞ്ചൊല്ലുകൾ ചെറു സംഘങ്ങൾക്ക് (രണ്ടു പേരായാൽ നന്നായി) വിശകലനകുറിപ്പ് തയാറാക്കാനായി നൽകുന്നു.
- ചിലത് അവതരിപ്പിക്കുന്നു.
- പഴഞ്ചൊല്ലുകളെ വിമർശനാത്മകമായി വിലയിരുത്താൻ കുട്ടികൾക്ക് അവസരം നൽകണം. ചില പഞ്ചൊല്ലുകളിൽ കാണുന്ന പ്രതിലോമാശയങ്ങൾ തിരിച്ചറിയാൻ കഴിയണം.

### അധ്വാനം പഴഞ്ചൊല്ലിൽ

പഴഞ്ചൊല്ലുകളുടെ വിശകലനത്തിനിടെ ശൈലികളും കടം കഥകളും കടന്നു വരും. അവയുടെ ശേഖരണം ഈ പ്രവർത്തനത്തിന്റെ അനുബന്ധ പ്രവർത്തനമായി വരും.

'പ്ലാവില പെറുക്കാനായാൽ പ്ലാവില പെറുക്കണം' എന്ന പഴഞ്ചൊല്ലിന്റെ കുട്ടികൾ തയ്യാറാക്കിയ വിശകലനക്കുറിപ്പ് പൊതുവായി അവതരിപ്പിക്കുന്നു. ഇതിനെ ആസ്പദമാക്കിയുള്ള ചർച്ച

യാണ് തുടർന്ന് നടത്തേണ്ടത്. തന്നാലാവുന്ന ജോലി ഏതു പ്രായത്തിലുള്ളവരും ചെയ്യണം എന്നാണല്ലോ ഈ പഴഞ്ചൊല്ലിന്റെ ആശയം. കുട്ടികൾ അവരാലാവുന്ന ജോലികൾ ഏറ്റെടുത്ത് ചെയ്യാറുണ്ടോ?

- വീട്ടിൽ എന്തൊക്കെ പണികളാണുള്ളത്? ഓരോരുത്തരും കുറിക്കുന്നു.
- അതിൽ നിങ്ങൾ എന്തൊക്കെ ഏറ്റെടുക്കുന്നു? ആദ്യത്തെ കുറിപ്പിൽ അടയാളപ്പെടുത്തുന്നു.

ഈ കുറിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ ഓരോരുത്തർക്കും ഏറ്റെടുക്കാവുന്നത് എന്തൊക്കെ? സഹായിക്കാവുന്നത് ഏതിലൊക്കെ? എങ്ങനെ സഹായിക്കും? എന്നീ കാര്യങ്ങളിലൂന്നി സംഘത്തിൽ നടക്കുന്ന ചർച്ച ക്രോഡീകരിച്ച്, ഓരോ സംഘവും പൊതുവായി അവതരിപ്പിക്കട്ടെ.

സംഘങ്ങളുടെ അവതരണങ്ങൾ ക്രോഡീകരിക്കുമ്പോൾ ആമുഖത്തിന്റെ ഭാഗമായി അധ്യാപിക തയാറാക്കിയ കുറിപ്പ് വായിക്കണം. അതു കുട്ടികൾ അറിയേണ്ടതല്ലേ.

## മഹത്വം നിശ്ചയിക്കുന്നതെന്താണ്?

നേരത്തെ പ്രഭാഷണത്തിനു വേണ്ടി നടത്തിയ അന്വേഷണത്തിൽനിന്നു തന്നെ കുറിപ്പു തയാറാക്കാനുള്ള വിഭവങ്ങൾ കിട്ടും. അധ്യാപികയ്ക്ക് കൂടുതൽ മഹത്‌വ്യക്തികളുടെ ജീവിതങ്ങൾ പരിചയപ്പെടുത്താനുള്ള അവസരമാണിത്.

എന്നാൽ നമ്മുടെ ഇടയിലും ഇത്തരം ചില ആളുകളില്ലേ എന്ന പ്രസ്താവനയോടെ 'മടിയന്മാർ മുടിയന്മാർ' വായിക്കാൻ നിർദേശിക്കാം. കുട്ടികൾ സംഘങ്ങളായി പാഠഭാഗം അവതരിപ്പിക്കട്ടെ.

അവതരണരൂപത്തിനനുസൃതമായ താളം സ്വീകരിച്ചിട്ടുണ്ടോ? പ്രതിപാദ്യത്തിനനുഗുണമായ അവതരണമാണോ എന്നും ശ്രദ്ധിക്കേണ്ടതുണ്ട്.

കള്ളച്ചൂതിൽ പാണ്ഡവരെ തോല്പിച്ച് വനവാസത്തിനയച്ചതിനു ശേഷം അവർ വനത്തിൽ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എത്തരത്തിലുള്ളതെന്ന് അറിഞ്ഞ് ആഹ്ലാദിക്കാനുള്ള പുറപ്പാടിലാണ് ദുര്യോധനനും മറ്റ് കൗരവരും. വിവരങ്ങളറിയുന്നതിന് ചാരന്മാരെ നിയോഗിക്കാൻ തീരുമാനിക്കവേ, തന്റെ സേവകരുടെ മടിയും തീറ്റക്കൊതിയും പരാമർശിക്കുന്നതാണ് പാഠസന്ദർഭം. ഇങ്ങനെയുള്ളവരെ പറഞ്ഞയച്ചിട്ട് എന്ത് കാര്യം എന്ന് ദുര്യോധനൻ ചിന്തിക്കുന്നു. മിടുക്കനായ ഒരാളെകണ്ടെത്തി അയയ്ക്കാൻ കർണനോട് നിർദേശിക്കുന്നു.

## പദസൂചിക

നാമിന്ന് അപൂർവമായി ഉപയോഗിക്കുന്ന നിരവധി പദങ്ങൾ നമ്പ്യാർ പ്രയോഗിച്ചിട്ടുണ്ട്. മുൻക്ലാസ്സുകളിലെ തുള്ളൽ ഭാഗങ്ങൾ കൂടി ഉപയോഗപ്പെടുത്തി പദസൂചിക തയാറാക്കുക. സന്ദർഭത്തിനനുസരിച്ച് സവിശേഷ അർഥം നേടുന്ന പദങ്ങൾ പൊതുവായി ചർച്ചയ്ക്ക് വിധേയമാക്കണം.

- പദങ്ങൾ കണ്ടെത്തുന്നു.
- അകാരാദി ക്രമത്തിലാക്കുന്നു.
- ഓരോന്നിന്റെയും സാധാരണ അർഥവും സവിശേഷ അർഥവും കണ്ടെത്തുന്നു.
- വൃത്തിയായി എഴുതി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- പദങ്ങൾ കണ്ടെത്തൽ സംഘപ്രവർത്തനമായും അർഥം കണ്ടെത്തൽ പൊതു ചർച്ചയിലൂടെയും ചാർട്ടിലാക്കാൻ ഏതാനും പേരെ ചുമതലപ്പെടുത്താം.

## ആക്ഷേപഹാസ്യത്തിന്റെ ശക്തി – വിശകലനക്കുറിപ്പ്

ഏതുവഴിക്ക്, എവിടെ, എന്തിന് പോയാലും അത്താഴത്തിന് സമയമാവുമ്പോൾ എല്ലാവരും എത്തുന്നു. അഥവാ ആരെങ്കിലും വന്നിട്ടില്ലെങ്കിൽ അയാൾ മരിച്ചിട്ടുണ്ടാവും എന്ന് ഉറപ്പിച്ച് പുല ആചരിക്കാം. ജീവനുണ്ടെങ്കിൽ ഭക്ഷണസമയത്തെത്തും എന്നു പറയുന്നതിനു പകരം ഇവിടെ ഇലവെക്കുമ്പോൾ ഒരാളെത്തിയില്ലെങ്കിൽ ധൈര്യമായി അയാളുടെ മരണനാന്തര ചടങ്ങുകൾ ആരംഭിക്കാം എന്നാണു പറയുന്നത്. ഇങ്ങനെ പറയുന്നതിലൂടെ ഭക്ഷണത്തിനുവേണ്ടി മാത്രം ജീവിക്കുന്നവരെ പരിഹസിക്കുന്നു.

- ഈരടികളുടെ പ്രാഥമികാർഥം എഴുതിക്കാം.
- ധ്വന്യാർഥത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങൾ ചോദിക്കേണ്ടതുണ്ട്.
- ചോറിനു വരാത്തവർ മരിച്ചു എന്നുകരുതാറുണ്ടോ?
- ജീവിച്ചിരിക്കുന്നെങ്കിൽ ഭക്ഷണം കഴിക്കാനെത്തും എന്നു പറയുന്നതെന്തുകൊണ്ടാവാം
- ചോറിനു വരാത്തവരുടെ പുലകൊള്ളാം എന്ന് പറഞ്ഞാലെന്താണ്?
- ഇങ്ങനെ വളച്ചുകെട്ടി പറയുന്നതുകൊണ്ട് എന്താണ് പ്രയോജനം?
- വിശകലനക്കുറിപ്പ് വ്യക്തിഗതമായി തയാറാക്കാനാവശ്യപ്പെടാം.
- ചിലത് അവതരിപ്പിക്കാനും ചർച്ചചെയ്യാനും ആവശ്യപ്പെടാം.
- കൂടുതൽ ആക്ഷേപഹാസ്യം ആവിഷ്കരിക്കുന്ന വരികൾ കണ്ടെത്താനോ എഴുതാനോ ആവശ്യപ്പെടാം.
- സമൂഹ്യപ്രശ്നങ്ങളെ സമർത്ഥമായി അവതരിപ്പിക്കാനുള്ള ഏറ്റവും നല്ല ഉപാധിയാണ് ആക്ഷേപഹാസ്യം- കവിതയുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

## നർമലേഖനം

ആക്ഷേപഹാസ്യം ആവിഷ്കരിക്കുന്ന വരികൾ അവതരിപ്പിച്ചുകൊണ്ടുതന്നെ നർമലേഖനം തയാറാക്കുന്ന പ്രവർത്തനത്തിലേക്ക് പോവാം.

- പരിഹാസത്തിനു പാത്രമാവുന്ന/പാത്രമാവേണ്ട നിരവധി പേരുണ്ട്. അവരുടെ ഭാഷണം, നടത്തം, പെരുമാറ്റവിശേഷങ്ങൾ മുതലായവ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കണം.
- ഹാസ്യാത്മകമായ രീതിയിൽ അവതരിപ്പിക്കുന്നതിന് ശ്രദ്ധിക്കണം.
- പാത്രസൃഷ്ടി സമഗ്രമാവാൻ സഹായിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തണം.

നർമലേഖനങ്ങൾ ശേഖരിച്ച് നിരന്തര മൂല്യനിർണയത്തിനും ഭാഷാ നിലവാരനിർണയത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്. തുടർന്ന് പരസ്പരം കൈമാറി എഡിറ്റിങ്ങും മെച്ചപ്പെടുത്തലും നടത്തണം.

## ചൊല്ലഴക്

ചില അക്ഷരങ്ങൾ ആവർത്തിച്ച് വരുന്നത് കവിതയ്ക്ക് ശബ്ദഭംഗി നൽകുന്ന നിരവധി സന്ദർഭങ്ങൾ നമുക്ക് കവിതകളിൽ കാണാം. ഈ ശബ്ദഭംഗി കവിതയുടെ ഭാവഭംഗി വർദ്ധിപ്പിക്കുന്നു എന്നതിലേക്ക് കുട്ടികളുടെ ശ്രദ്ധതിരിക്കണം. അക്ഷരങ്ങൾ വെറുതെ ആവർത്തിക്കലല്ല, അതിന്റെ ഭാവത്തിനിണങ്ങുംവിധം ഉപയോഗിക്കുകയാണ് വേണ്ടത്. 'കൊറ്റുകഴിഞ്ഞൊരു തെക്കൻ മുണ്ടും ചുറ്റിയുടുത്ത്' എന്നു പറയുമ്പോൾ തെക്കൻ മുണ്ട് ചുറ്റിയുടുക്കുന്നതിന്റെ ചിത്രം മനസ്സിൽ തെളിയുന്നു. ഈ വാങ്മയ ചിത്രത്തിന് മിഴിവ് നൽകുന്നതാണ് ഇവിടെ 'റ്റ' എന്ന അക്ഷരത്തിന്റെ ആവർത്തനം എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം. സമാനമായ ഉദാഹരണങ്ങൾ നൽകിയാലേ ഇത് സാധ്യമാവൂ.

കുമാരനാശാന്റെ നളിനിയിൽ ബാല്യകാലത്തെക്കുറിച്ചോർക്കുന്നത് നോക്കൂ:

'ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വെച്ചുമല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാലകെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും.

ഇവിടെ ആവർത്തിക്കുന്ന ശബ്ദത്തിന്റെ സവിശേഷത കവിതയുടെ ആശയതലത്തിനു നൽകുന്ന സൗന്ദര്യമാണ് കുട്ടികളറിയേണ്ടത്.

**ആമുഖ പ്രഭാഷണം**

ഓട്ടൻ തുള്ളൽ എന്ന കലാരൂപത്തെക്കുറിച്ച് വിശദമായി അറിഞ്ഞാൽ മാത്രമേ ആമുഖപ്രഭാഷണം തയാറാക്കാൻ സാധിക്കൂ. ഇതിനുള്ള വിഭവങ്ങൾ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. പ്രഭാഷണം തയാറാക്കുന്ന രീതി കുട്ടികൾ ഈ യൂണിറ്റിൽ തന്നെ പരിചയിച്ചിട്ടുണ്ട്. ആമുഖ പ്രഭാഷണത്തിന്റെ പ്രത്യേകത പറഞ്ഞുകൊടുക്കുകയേ വേണ്ടൂ.

ഒരു കലാരൂപത്തിന്റെ അവതരണത്തിനുള്ള ആമുഖ പ്രഭാഷണത്തിന്റെ ഉള്ളടക്കം ആ കലാരൂപത്തെക്കുറിച്ചുള്ള പരിചയപ്പെടുത്തലും അവതരണ സാഹചര്യം വിശദീകരിക്കലുമാണല്ലോ.

സംഘപ്രവർത്തനത്തിലൂടെ വിവര ശേഖരണവും വ്യക്തിഗതമായി രചന നടത്താം. ചിലത് പൊതുവായി അവതരിപ്പിക്കണം. കൈമാറി എഡിറ്റിങ്ങിനും മെച്ചപ്പെടുത്തലിനും ശേഷം യൂണിറ്റ് മൂല്യനിർണയത്തിന് ഉപയോഗപ്പെടുത്താം.

**കൈയെഴുത്തു മാസിക**

യൂണിറ്റ് അവസാനിക്കുമ്പോൾ പല സമയങ്ങളിൽ നടന്ന രചനകളിൽ മെച്ചപ്പെട്ടവയും യൂണിറ്റിൽ പ്രതിപാദിക്കുന്ന ആശയം, എഴുത്തുകാർ എന്നിവക്കുള്ള അധിക വായനാവിഭവങ്ങളും ഉൾപ്പെടുത്തി കൈയെഴുത്തു മാസിക തയാറാക്കാം.

# *സിലബസ് ഗ്രിഡ്*

## മണ്ണിൽ പുതഞ്ഞ രത്നങ്ങൾ

**പ്രശ്നമേഖല** : **പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള പരിഗണനയില്ലായ്മ**

**ഉപപ്രശ്നം** :
- ആദിവാസി, ദളിത് എന്നിവരോടുള്ള പരിഗണനയില്ലായ്മ

**പഠനലക്ഷ്യങ്ങൾ** :
- എന്താണ് പാർശ്വവൽക്കരണംഎന്ന് തിരിച്ചറിയുന്നു.
- ആദിവാസി, ദളിത് ജനവിഭാഗങ്ങൾക്ക് സമൂഹത്തിലുള്ള ഇടം മനസ്സിലാക്കുന്നു.
- പാർശ്വവൽക്കരണം സംസ്കാരത്തിൽ നഷ്ടങ്ങളുണ്ടാക്കുന്നുണ്ട് എന്നു തിരിച്ചറിയുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിത സുരക്ഷിതത്വം സമൂഹത്തിന്റെ പൊതു ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കുന്നു.
- പാർശ്വവൽക്കരണത്തിന്റെ സംഘർഷങ്ങൾ എക്കാലത്തെയും സാഹിത്യത്തിന് വിഷയമായിട്ടുണ്ടെന്ന് തിരിച്ചറിയുന്നു.
- പ്രതിരൂപാത്മക സാഹിത്യസൃഷ്ടികളുടെ ശക്തിയും സൗന്ദര്യവും തിരിച്ചറിയുന്നു
- ഭാഷയുടെ വൈവിധ്യമാർന്ന പ്രയോഗ സാദ്ധ്യതകൾ സാഹിത്യസൃഷ്ടികളെ എത്രമാത്രം ശക്തമാക്കുന്നു എന്ന് തിരിച്ചറിയുന്നു.

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ആദിവാസി-ദളിത് ജീവിതവും സംസ്കാരവും | • പാർശ്വവൽക്കരണത്തിന്റെവ്യാപ്തിയെക്കുറിച്ചുള്ള ധാരണ.<br>• പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സംഘർഷങ്ങൾ എക്കാലത്തെയും സാഹിത്യകൃതികൾക്ക് വിഷയമായിട്ടുണ്ടെന്നഅറിവ്.<br>• ആദിവാസി ദളിത് സമൂഹത്തിന്റെ ഭാഷയും സംസ്കാരവും പൊതുസമൂഹത്തിന്റെ ചുവടുവയ്പുകളാണെന്ന തിരിച്ചറിവ്<br>• ആദിവാസി-ദളിത് ജനവിഭാഗങ്ങൾക്കുള്ള ഇടത്തെക്കുറിച്ച് ധാരണയും അവരുടെ സുരക്ഷിതമായ ജീവിതം സമൂഹത്തിന്റെപ്പൊതു ഉത്തരവാദിത്തമാണെന്ന ബോധം.<br>• സാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ഫീച്ചർ എന്ന സാഹിത്യരൂപത്തിന്റെ പ്രസക്തി.<br>• സാമൂഹ്യപ്രശ്നങ്ങൾ ശക്തമായും സൗന്ദര്യാത്മകമായും അവതരിപ്പിക്കാൻ പ്രതിരൂപാത്മക സാഹിത്യ സൃഷ്ടികൾക്ക് കഴിയും.<br>• വൈവിദ്ധ്യമാർന്നപ്രയോഗ സാധ്യതകൾ സാഹിത്യസൃഷ്ടികളെ ശക്തമാക്കുന്നു. | • പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതവും ഭാഷയും സംസ്കാരവും തിരിച്ചറിയാനുതകുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ, എഡിറ്റോറിയലുകൾ.<br>• ആദിവാസി-ദളിത് വിഭാഗങ്ങളുടെ ജീവിതാവസ്ഥ പ്രതിഫലിക്കുന്ന നാടൻ പാട്ടുകൾ.<br>• പാർശ്വവൽക്കരണത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയുന്ന ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ. | • പാർശ്വവൽക്കരണം തിരിച്ചറിയാനുള്ള കഥകൾ, കവിതകൾ എന്നിവയുടെ ഭാവനാത്മകമായ അവതരണത്തെക്കുറിച്ചുള്ള ചർച്ച.<br>• കഥകൾ കവിതകൾ എന്നിവ ഭാവത്തിനിണങ്ങും വിധം അവതരിപ്പിക്കുന്നു.<br>• പാർശ്വവൽക്കരിക്കപ്പെട്ടവരുടെപ്രശ്നങ്ങളോട് പ്രതികരിക്കുന്ന എഡിറ്റോറിയലുകൾ വായിച്ച് വിശകലനം ചെയ്യുക.<br>• പാർശ്വവൽക്കരണത്തിന്റെ പ്രശ്നങ്ങൾ സമൂഹ ശ്രദ്ധയിൽ കൊണ്ടുവരുവാനുതകുന്ന എഡിറ്റോറിയലുകൾ തയ്യാറാക്കുക.<br>• എഴുത്തുകാരന് ജനങ്ങളോട് പ്രതിബദ്ധത വേണോ? - പാർശ്വവൽക്കരണം എന്ന വിഷയത്തിലൂന്നിയ സംവാദം.<br>• പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള ദൃശ്യഭാഷയുടെ ശക്തിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയെ അടിസ്ഥാനപ്പെടുത്തി കുറിപ്പ് തയാറാക്കുക. | പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടം തിരിച്ചറിയാനും അവരുടെ ഭാഷയും സംസ്കാരവും ജീവിതവും സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ പൊതു ഉത്തരവാദിത്ത്വമാണെന്ന് തിരിച്ചറിയാനുള്ള മനോഭാവം. | കാര്യകാരണ ബന്ധം ഉറപ്പുവരുത്തി പ്രശ്നങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവ്.<br>വാദഗതികൾ സമർത്ഥമായി അവതരിപ്പിക്കാനും സംക്ഷിപ്തമായ ഭാഷപ്രയോഗത്തിനുമുള്ള കഴിവ്. |

# 3

# മണ്ണിൽ പുതഞ്ഞ രത്നങ്ങൾ

ആദിവാസികളും ദലിതരുമടങ്ങുന്ന പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തിന്, അവരുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാതെ ദുരിതക്കയങ്ങളിൽ മുങ്ങിത്താഴാൻ ഇടവന്നതെങ്ങനെ?

ആർക്കൊക്കെ ഇതിന് ഉത്തരവാദിത്വമുണ്ട്?

എന്താണ് അവരുടെ യഥാർത്ഥ ജീവിതാവസ്ഥ?

താൻ കണ്ടെത്തിയ ചില വസ്തുക്കൾ കെ. പാനൂർ 'കേരളത്തിലെ ആഫ്രിക്ക' യിൽ ഇങ്ങനെ വിവരിക്കുന്നു:

കേരളത്തിലെ ആഫ്രിക്കയോ! അതെ, കേരളത്തിൽ ഒരാഫ്രിക്കയുണ്ട്. കറുത്തവർഗക്കാരായ അടിമകളും തൊലി വെളുത്ത ഉടമകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പഴയ ആകാശവും പഴയ ഭൂമിയും കാടും മലകളും കാട്ടുമൃഗങ്ങളും കാട്ടുമൃഗങ്ങളുമായി മല്ലടിച്ചു കഴിയുന്ന മനുഷ്യന്മാരും കുറേ ലുമുംബമാരും – അങ്ങനെ എല്ലാം എല്ലാം കണ്ടെത്താവുന്ന ഒരാഫ്രിക്ക! ക്ഷോഭിച്ചുതുടങ്ങിയിട്ടില്ലാത്ത, ഒരുപക്ഷേ, ക്ഷോഭിക്കാനുള്ള ശക്തിപോലും നഷ്ടപ്പെട്ട ഒരാഫ്രിക്ക.

ദക്ഷിണാഫ്രിക്കയിലെ കറുത്തവർഗക്കാരോടു വെള്ളക്കാർ അനീതി പ്രവർത്തിക്കുമ്പോൾ അരിശം ചൊടിക്കുന്നവരായ നാം ഈ പരമാർത്ഥം അറിയുന്നില്ല. അറിഞ്ഞാലും അറിഞ്ഞെന്നു നടിക്കുന്നില്ല. നമ്മുടെ കേരളത്തിലും ഒരാഫ്രിക്കയുണ്ട്. ഈ ആഫ്രിക്കയിൽ കുറേ കറുത്ത വർഗക്കാരുമുണ്ട്. ഇവരെല്ലാം ഇന്നും അടിമകളായി ജനിക്കുന്നു. ജീവിക്കുന്നു; മരിക്കുന്നു.

അവർ നമ്മുടെ നാട്ടിലെ ആദിവാസികളാണ്, ഗിരിവർഗക്കാരാണ്. ആദിവാസികളെന്നു കേൾക്കുമ്പോൾ അപരിഷ്കൃതരായ കുറെ വിചിത്രജീവികളെ മാത്രം മനസ്സിൽ കാണുന്നവരാണു നാം. ആദിവാസികളെ നേരിട്ടു കാണുമ്പോൾ ഒരു കാഴ്ചബംഗ്ലാവിൽ അകപ്പെട്ട കാട്ടുമൃഗങ്ങളെ കാണുന്നതിലുള്ള താൽപര്യം മാത്രം പ്രകടിപ്പിക്കുന്നവരാണ്. ചില പരമാർത്ഥങ്ങൾ നാം അറിയാതിരിക്കുന്നത് ഒരു കുറ്റമാണ്. അപരിഷ്കൃതരായ അവർ ഈ നാടിന്റെ ഉടമകളായിരുന്നു. 'സംസ്കാര'മുള്ളവരായ നാം നൂറ്റാണ്ടുകൾക്കുമുമ്പേ ഈ മണ്ണിന്റെ അവകാശികളായവരെ കാടുകളിലേക്കും കുന്നുകളിലേക്കും ആട്ടിയോടിച്ചു. ആഫ്രിക്കയിലെ വെള്ളക്കാരുടെ 'അപ്പാർതൈഡ്' നയത്തെ കഠിനമായി വെറുക്കുന്നവരാണു നാം. വേർതിരിച്ചു പാർപ്പിക്കുന്ന നിയമത്തെ ഉറക്കത്തിൽപോലും പ്രതിഷേധിക്കുന്നവരാണ് നാം. പക്ഷേ, ഈ നാട്ടിലെ പണിയരും അടിയരും, കുറുമരും കാട്ടുനായ്ക്കരും കുറിച്യരും കൊറഗരും മറ്റും മറ്റും പശ്ചിമഘട്ടത്തിന്റെ അടിവാര പ്രദേശങ്ങളിലും വയനാടൻ വയൽക്കരകളിലും കുന്നിൻ പുറങ്ങളിലും കാടുകൾക്കുള്ളിലും നൂറ്റാണ്ടുകളായി വേർതിരിച്ചുനിർത്തപ്പെട്ടിരിക്കുന്ന കഥ നാം ഓർമിക്കുന്നില്ല. ഓർമിച്ചാലും ഈ അനീതിക്കെതിരായി ശബ്ദിക്കുന്നില്ല.

ഒരു കുറ്റം നൂറ്റാണ്ടുകൾക്കുമുമ്പേ ചെയ്തതാണെന്ന കാരണംകൊണ്ടു കുറ്റമല്ലാതായിത്തീരുന്നില്ല; വിശേഷിച്ചും, ആ കുറ്റത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടു കുറെപ്പേർ കഷ്ടപ്പെടുന്ന കാലത്തോളം! ആഫ്രിക്കയിലെ കറുത്തവർഗക്കാർ ഇന്ന് നിസ്സഹായരായ

അടിമകളല്ല. അവർ എല്ലാം നിശ്ശബ്ദമായി സഹിക്കുന്നില്ല. തങ്ങളുടെ അന്തസ്സിനും അവകാശങ്ങൾക്കുംവേണ്ടി ഇന്നവർ സമരം നയിക്കുന്നു. ഇന്ന് ലോകത്തിന്റെ കൺമുന്നിലുള്ളത് ഉണർന്നു കഴിഞ്ഞ ആഫ്രിക്കയാണ്. അവിടെ അടിമക്കച്ചവടം ഒരു പഴയ കഥയാണ്. എന്നാൽ കേരളത്തിലെ ആഫ്രിക്കയിൽ എന്തു സംഭവിക്കുന്നു? മലമ്പനിയുടെ ഈറ്റില്ലമായ വയനാടൻ വയലുകളിൽ ചോരയും വിയർപ്പും കണ്ണീരുമൊഴുക്കിക്കൊണ്ടു കനകംവിളയിക്കുന്ന പണിയരും അടിയരും ഇന്നും അടിമകളാണ്. കൊല്ലത്തിലൊരിക്കൽ 'വള്ളൂർ'ക്കാവിലെ അടിമച്ചന്തയിൽവച്ചു 'റിക്രൂട്ട്' ചെയ്യപ്പെടുന്ന അടിമകൾ! വയനാട്ടിലെ വൻകിട ജന്മിമാർ തങ്ങളുടെ നെല്പാടങ്ങളിൽ കന്നാലികളെപ്പോലെ പണിയെടുപ്പിക്കാനായി വിലയ്ക്കെടുത്തിട്ടുള്ള അടിമകൾ!

അവർ നൂറ്റാണ്ടുകൾക്കുമുമ്പേ സ്വന്തമായുള്ളതെല്ലാം നഷ്ടപ്പെട്ടവരാണ്. നമ്മെ കുറ്റപ്പെടുത്താൻ നാം തയ്യാറുണ്ടെങ്കിൽ നൂറ്റാണ്ടുകൾക്കുമുമ്പേ അവർക്കുള്ളതെല്ലാം നാം തട്ടിപ്പറിച്ചെന്നു പറയണം. ഇന്ന് അവർക്ക് സ്വന്തമായി ഭൂമിയില്ല, സ്വന്തമായി പാർപ്പിടമില്ല; ഈ ലോകത്തിൽ സ്വന്തമായി യാതൊന്നുമില്ല. ഒരു അടിമയായാൽ ജന്മിയുടെ വയല്ക്കരയിൽ ഒരു 'കുടുമ്പു' കെട്ടി താമസിക്കാനുള്ള സൗകര്യം അനുവദിച്ചുകിട്ടുന്നു. അങ്ങനെ 'വള്ളൂരമ്മ'യുടെ പ്രീതിക്കുവേണ്ടി, അതിലേറെ ജന്മി നൽകുന്ന താമസസൗകര്യത്തിനും 'കാടിക്കഞ്ഞിക്കുള്ള വക'യ്ക്കും വേണ്ടി ഇന്നവർ അടിമകളായി ജീവിക്കുന്നു. അടിമകളായി മരവിക്കുന്നുവെന്നു പറയുന്നതാവും ശരി. വയനാടൻവയലുകളിൽ ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും കൊല്ലത്തിൽ മുന്നൂറ്റിയറുപത്തഞ്ചു ദിവസവും തീപ്പൊരിവെയിലത്തും കോരിച്ചൊരിയുന്ന മഴയത്തും വിശ്രമമറിയാതെ പണിയെടുക്കുന്ന അടിമകൾ! ഈ നില തുടരുന്ന കാലത്തോളം അടിമത്തത്തിന്റെ നുകത്തണ്ടിനു കീഴിൽ നിന്നു കുതറിമാറുന്നതിനെപ്പറ്റി ഇവർക്കു സ്വപ്നം കാണാൻപോലും ആവില്ല. ഇല്ല, അവർക്കു ഇന്നു സ്വപ്നങ്ങളുമില്ല. ആദിവാസികൾ ഇന്ന് ആവലാതിപ്പെടുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം മനുഷ്യത്വവും മനസ്സും ഹൃദയവും ബുദ്ധിയും അങ്ങനെ ഉപദ്രവകാരികളായേക്കാവുന്ന മറ്റെല്ലാം– ഒരു ചാൺ വയറൊഴികെ മറ്റെല്ലാം തന്നെ– പണ്ടേ മരവിച്ചുപോയിരിക്കുന്നു! അവിടെ ആവേശമില്ല, ആക്ഷേപമില്ല, ആവലാതിയില്ല, പ്രതിഷേധമില്ല, പ്രകടനമില്ല! ശ്മശാനത്തിലെ സമാധാനമുണ്ട്. പക്ഷേ, സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുകയും മനുഷ്യത്വത്തിന്റെ മഹത്വത്തെപ്പറ്റി ഉദ്ഘോഷിക്കുകയും ചെയ്യുന്നവരായ നമുക്ക് ഇത് അഭിമാനകരമാണോ?

ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ!

*വള്ളത്തോൾ*

അങ്ങനെയാണു നമ്മെ പഠിപ്പിച്ചിട്ടുള്ളത്. കേരളത്തെപ്പറ്റി എങ്ങനെ അഭിമാനംകൊള്ളണമെന്നും കോൾമയിർക്കൊള്ളണമെന്നും കൂടി നമ്മുടെ കവികൾ ഇടയ്ക്കിടെ പാടിക്കേൾപ്പിക്കാറുണ്ട്.

നിർമ്മലഭാവേ, മംഗളഭൂവേ,
നന്മകൾ വിരിയും പൂങ്കാവേ,
സുഖജലവിമലേ, സുമഫലവിഭവേ,
സുലളിത സകലകലാലോലേ,
കേരളജനനീ, പാവനജനനീ,
ഭാരതദീപപ്പൊൻശിഖ നീ.
.......................................................
.......ഏലലവംഗസുചന്ദനസുരഭില-

മേതൊരുനാട്ടിൻ നിശ്വാസം?
ആ മലനാടേ, നിന്നപദാനം
കോൾമയിർകൊള്ളാതോർക്കാമോ?
സഞ്ചിതസകലേ, യെന്തിതിലേറെ
സ്വർഗവുമെന്തിന്നിനി വേറെ?

യാഥാർത്ഥ്യം ഇതുമാത്രമായിരുന്നെങ്കിൽ! ശരിയാണ്, സഹ്യാദ്രിയുടെ താഴ്‌വാരങ്ങളിൽ ഏലത്തിന്റെയും ലവംഗത്തിന്റെയും ചന്ദനത്തിന്റെയും സൗരഭ്യം ഉണ്ട്. അതിനെപ്പറ്റി നമുക്ക് അഭിമാനംകൊള്ളുകയുമാവാം. പക്ഷേ, ഇതേ സഹ്യാദ്രിയുടെ താഴ്‌വാരങ്ങളിൽ കുറേ ജീവിതങ്ങൾ, ലക്ഷക്കണക്കിലുള്ള മനുഷ്യജീവിതങ്ങൾ, അധികമാരും അറിയാതെ ചീഞ്ഞടിയുകയാണ്, ദുർഗന്ധം വമിക്കുകയാണ്. അവിടെ നെടുവീർപ്പുകൾ ഉയരുന്നുണ്ട്. ഈ കാടുകളുടേയും മലകളുടേയും സൗന്ദര്യത്തിന്നു പിന്നിൽ ഒളിച്ചുനില്ക്കുന്ന വൈരൂപ്യം ഉണ്ട്.

കേരളം വളരുന്നു! പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം ദേശങ്ങളിൽ

*പാലാ*

വാസ്തവമാണ്, കേരളം അനുനിമിഷം അങ്ങനെ വളരുന്നുണ്ട്. പക്ഷേ, അതേസമയത്തു പശ്ചിമഘട്ടത്തിന്റെ അടിവാരപ്രദേശങ്ങളിലെ ഇരുണ്ട മൂലകളിൽ കുറേ ജീവിതങ്ങൾ അനുനിമിഷം തളരുകയാണ്, തകരുകയാണ്. ഈ തളർച്ചയും തകർച്ചയും നാം കാണുന്നില്ലെന്നേയുള്ളു. കുന്നിൻചരിവുകളിലും കാടുകൾക്കുള്ളിലും വയല്ക്കരകളിലുമായി നരകിക്കുന്ന വയനാട്ടിലെ ആദിവാസികൾ ലോകത്തിൽവച്ച് ഏറ്റവുമധികം കഷ്ടപ്പെടുന്ന ജനതാകുന്നു. ഈ നാട്ടിന്റെ സൗന്ദര്യവും സമൃദ്ധിയും കണ്ട്, പുതിയ പുതിയ കാമുകന്മാർ പല കാലങ്ങളിലായി പല വഴിക്കുമായി വയനാട്ടിലേക്കു വന്നപ്പോഴെല്ലാം ഈ മണ്ണിന്റെ മക്കൾക്ക് അവരുമായി ഏറ്റുമുട്ടേണ്ടിവരികയുണ്ടായി. വിദേശികളും സ്വദേശികളുമായ കുടിയേറ്റക്കാരാണ് പില്ക്കാലത്തു വന്നത്. അവർ കൂടുതൽ ബുദ്ധിമാന്മാരായിരുന്നു. അവർ കണ്ണുവെച്ചതു വയനാടിന്റെ സമൃദ്ധിയിലാണ്. അവരാരും ഈ സമൃദ്ധി കണ്ട് അസൂയപ്പെടുകമാത്രം ചെയ്തുകൊണ്ട് തിരിച്ചുപോയില്ല. പല കാലങ്ങളിലായി വയനാടിന്റെ പല ഭാഗങ്ങളിൽ അവർ ആധിപത്യം ഉറപ്പിച്ചു അപ്പോഴെല്ലാം ഈ മണ്ണിന്റെ മക്കൾ ചോരയൊഴുക്കേണ്ടിവന്നു, തങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെടേണ്ടിവന്നു. ഈ പകൽക്കൊള്ളകളുടെ ചരിത്രം എഴുതപ്പെട്ടിട്ടില്ല. ചില ഊഹാപോഹങ്ങളും കെട്ടുകഥകളും മാത്രമാണു നമുക്കുള്ളത്. നൂറ്റാണ്ടുകളായി വയനാടു ഭരിച്ചവർ വേടരാജക്കന്മാരായിരുന്നുവെന്നും, ഒടുവിൽ കുമ്പളനാട്ടിലേയും കുറുമ്പ്രനാട്ടിലേയും ക്ഷത്രിയ രാജക്കന്മാർ കോട്ടയം രാജാവിന്റെ നേതൃത്വത്തിൽ സംഘടിച്ചുകൊണ്ട് ഒരാക്രമണം നടത്തുകയും അവരുടെ ആധിപത്യം അവിടെ സ്ഥാപിച്ച് വേടരാജാക്കന്മാരെ നശിപ്പിക്കുകയും വയനാടിനെ പത്തു നാടുകളായി ഭാഗിച്ച് തിരഞ്ഞെടുത്ത നായർപ്രമാണിമാർക്കു ദാനം ചെയ്യുകയുമാണ് ഉണ്ടായതെന്നും ഒരൈതിഹ്യം കേട്ടിട്ടുണ്ട്. അങ്ങനെ കോട്ടയംരാജാവ് വയനാടിന്റെ അധിപനായി.

ഒടുവിൽ, വിരുന്നുവന്നവർ വീട്ടുകാരായി, വീട്ടുകാർ വേലക്കാരായി. പൊൻവിളയുന്ന വയലുകൾ ജന്മിമാരുടേതായി. വയലുകളുടെ ശരിയായ ഉടമകൾ പുതിയ ജന്മിമാരുടെ അനുമതിയോടുകൂടി വയല്ക്കരകളിൽ കുടിലുകൾ വെച്ചുകെട്ടി. പണിയരെയും അടിയരെയുംപോലുള്ളവർ നൂറ്റാണ്ടുകളായി പിറക്കുന്നതു പോലും വയനാട്ടിലെ വയലുകളിൽ കണ്ണീരും വിയർപ്പും ചോരയുമൊഴുക്കാൻ വേണ്ടി മാത്രമാണെന്ന നിലവന്നു.

ഇംഗ്ലീഷുകാർ കണ്ട വയനാടിന്റെ നില ഇതായിരുന്നു. കേരളവർമ്മ പഴശ്ശിരാജാവുമായി ഒമ്പതുകൊല്ലക്കാലം നടന്ന സമരത്തിൽ അവർ വിജയിക്കുകയും വയനാടിന്റെ ഭരണം അവരുടെ

കീഴിലാവുകയും ചെയ്തു. അവർ വയനാടു കീഴടക്കിയത് ഇവിടത്തെ അടിമകളെ വിമോചിപ്പിക്കാനായിരുന്നില്ല. അവരും വയനാടിന്റെ സമൃദ്ധിയുടെ കാമുകന്മാരായിരുന്നു. വയനാടു തന്റെ ഹൃദയത്തിൽ സ്വർണ്ണം ഒളിച്ചുവച്ചിട്ടുണ്ടെന്ന് ഒരു സംശയം തോന്നിയപ്പോൾ, 1880-ൽ മുപ്പത്തിമൂന്ന് ഇംഗ്ലീഷുകമ്പനികൾ കൂട്ടുചേർന്ന് ഈ നാടിന്റെ നെഞ്ചു കുത്തിപ്പിളർന്നു പരിശോധന നടത്തുകയുണ്ടായി. അതിന്നുമാത്രം നാലു ലക്ഷത്തിലധികം പവൻ ചെലവുചെയ്തു. പക്ഷേ ഇവിടത്തെ വില കുറഞ്ഞ അടിമമനുഷ്യർ അവരെ വളരെയൊന്നും ആകർഷിച്ചില്ല. അവരുടെ സുഹൃത്തുക്കൾ ജന്മികളായിരുന്നു. ജന്മിമാർക്ക് ഭൂമി കൈമാറുമ്പോൾ അതിൽ അധ്വാനിക്കാൻ പിറന്ന അടിമകളേയും കൈമാറുവാനുള്ള അവകാശമുണ്ടായിരുന്നു! ഒടുവിൽ അടിമസമ്പ്രദായം നിയമംമൂലം നിരോധിച്ചതിനുശേഷം വയനാട്ടിലെ ആദിവാസികൾക്ക് അടിമകളെന്നപേരിൽ അറിയപ്പെടാനുള്ള സ്വാതന്ത്ര്യം കൂടി നഷ്ടപ്പെട്ടു. അപ്പോഴേക്കും അവർ അധഃപതനത്തിന്റെ അടിത്തട്ടിലെത്തിക്കഴിഞ്ഞിരുന്നു. പണിയർ. അടിയർ, പുലയർ എന്നൊക്കെയുള്ള പേരുകൾ അടിമയെന്ന പദത്തേക്കാൾ അധഃപതിച്ചുകഴിഞ്ഞിരുന്നു. അവരുടെ അന്തസ്സും അഭിമാനവും വ്യക്തിത്വവും എല്ലാം എല്ലാം നശിച്ചുകഴിഞ്ഞിരുന്നു. നൂറ്റാണ്ടുകളായി അവരുടെയെല്ലാം ജീവചരിത്രം ഒറ്റവാചകത്തിൽ എഴുതാവുന്നതേയുള്ളു: വയല്ക്കരയിൽ ജനിച്ചു വയലിലെ ചെളിയിൽ ജീവിക്കുന്നു, കുറേക്കാലം പട്ടിണികിടന്നു കഷ്ടപ്പെട്ടതിനുശേഷം ഒരു ദിവസം വീണ്ടും വയലിന്നു വളമായി മാറുന്നു. ഈ നില ഇന്നും തുടരുന്നു!

*കേരളത്തിലെ ആഫ്രിക്ക* *കെ.പാനൂർ*

'കേരളത്തിലെ ആഫ്രിക്ക' എന്ന കൃതിയുടെ ഒരു വായനാക്കുറിപ്പ് അധ്യാപിക തയാറാക്കണം. ഈ വായനാക്കുറിപ്പ് ക്ലസ്റ്ററിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുകയും ഉചിതമായ സന്ദർഭത്തിൽ ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുമല്ലോ.

## ഈ യൂണിറ്റിന്റെ പഠനലക്ഷ്യങ്ങൾ

സമൂഹത്തിൽ ചില വിഭാഗങ്ങൾ വിവിധങ്ങളായ കാരണങ്ങളാൽ അവരുടെ അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട്, അവഗണനകൾക്കും ചൂഷണങ്ങൾക്കും ഇരയായിത്തീർന്നിട്ടുണ്ട്. ആദിവാസി ദലിത് വിഭാഗങ്ങൾ, രോഗികൾ, വികലാംഗർ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങി ഒട്ടേറെപ്പേർ ഇന്ന് പാർശ്വവത്കരണത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ട്. ഇത്തരം പാർശ്വവത്കരണങ്ങൾക്ക് ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ കാരണങ്ങൾ ഉണ്ട്. ഇതിൽ ആദിവാസി ദലിത് വിഭാഗങ്ങളിൽപ്പെട്ടവർ അനുഭവിക്കുന്ന യാതനകളും വിവേചനങ്ങളുമാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത് വൈവിധ്യപൂർണമായ സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ ഉടമകളാണ് ആദിവാസി ദലിത് വിഭാഗങ്ങൾ. തനതായ ഒട്ടേറെപ്പാട്ടുകൾ, കലാരൂപങ്ങൾ, ചികിത്സാ രീതികൾ, കൃഷിരീതികൾ, വിശ്വാസങ്ങൾ, ജീവിതശൈലി എന്നിവ ഇവരുടെ കൈമുതലാണ്. ഇവയെ അർഹമായ രീതിയിൽ പരിഗണിക്കാനും സവിശേഷതകൾ തിരിച്ചറിയാനും സാധിക്കേണ്ടതുണ്ട്. അവ പൊതു സമൂഹത്തിന്റെ ഈടുവെപ്പുകളായി മാറുകയും വേണം. ഈ നിലയിലുള്ള പ്രവർത്തനങ്ങൾ ഈ യൂണിറ്റിൽ ഏറ്റെടുക്കാൻ കഴിയും.

ഒരു സമൂഹത്തിന്റെ പുരോഗതി വിലയിരുത്തേണ്ടത് അവിടത്തെ സ്ത്രീകളുടെയും ആദിവാസികളുടെയും ജീവിതനിലവാരത്തെ അടിസ്ഥാനമാക്കിയാവണമെന്ന് പറയാറുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാംസ്കാരിക സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ സമൂഹത്തിലെ മുഖ്യധാര അനുഭവിക്കുന്ന സൗകര്യങ്ങളും സുരക്ഷിതത്വവും അവർക്കും പ്രദാനം ചെയ്യാൻ കഴിയേണ്ടതുണ്ട്. ഇത്തരമൊരു മനോഭാവം കുട്ടികളിൽ രൂപീകരിച്ചെടുക്കാൻ ഈ യൂണിറ്റിലൂടെ കഴിയണം.

ആദിവാസി - ദലിത് ജനവിഭാഗങ്ങളോട് ഐക്യം പുലർത്താനും അവരനുഭവിക്കുന്ന പീഡനങ്ങളും ചൂഷണങ്ങളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അവരുടെ ജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകളിലേക്ക് വെളിച്ചം വീശാനും ആദ്യകാലം മുതലേ നമ്മുടെ സാഹിത്യം ശ്രദ്ധിച്ചിട്ടുണ്ട്. കഥ, കവിത, നോവൽ, നാടകം തുടങ്ങി വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കൃതമായിട്ടുള്ള ഇത്തരം രചനകൾ പരിചയപ്പെടാൻ ഈ യൂണിറ്റിൽ അവസരമൊരുക്കാം. മുഖപ്രസംഗം, ഫീച്ചർ, വാർത്തകൾ തുടങ്ങിയ പത്രമാധ്യമവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങൾ കൂടുതൽ ആഴത്തിൽ പരിചയപ്പെടാനുള്ള അവസരങ്ങളും ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഷാഭേദം, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയ്ക്ക് ഭാഷയിലുള്ള പ്രാധാന്യം തിരിച്ചറിയാനും ഈ യൂണിറ്റിൽ അവസരമൊരുക്കണം.

## പ്രവേശക പ്രവർത്തനം

ആദിവാസികളുടെ സത്യസന്ധത എടുത്തുകാട്ടാനായി ശ്രീ. കെ. പാനൂർ 'കേരളത്തിലെ ആഫ്രിക്ക'യിൽ വിവരിക്കുന്ന ഒരു രംഗമാണല്ലോ പ്രവേശക പ്രവർത്തനമായി നല്കിയിട്ടുള്ളത്. തുടർന്ന് ചില ചോദ്യങ്ങൾ അധ്യാപിക ഉന്നയിക്കട്ടെ.

- ഇയാൾ കള്ളനാണോ?
- ഇത്ര നല്ല മനുഷ്യരെപ്പോലും കക്കാൻ പ്രേരിപ്പിക്കുകയും കള്ളനായി മുദ്രകുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നവർ ആരാണ്?
- 

കുട്ടിക്ക് ചിന്തിക്കാനും പ്രതികരിക്കാനും അവസരം നല്കണം. വ്യക്തിഗതമായ നിഗമനങ്ങൾ ഗ്രൂപ്പുകളിൽ അവതരിപ്പിച്ച് ആശയവ്യക്തത വരുത്തട്ടെ. ഈ ഘട്ടത്തിൽ കെ. പാനൂരിന്റെ ലേഖനഭാഗം (അധ്യാപകസഹായിയിൽ നല്കിയത്) സംഗ്രഹിച്ച് അധ്യാപികയ്ക്ക് ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യാം.

ആദിവാസികളുടെ ശുദ്ധഗതിയേയും സാമൂഹിക കൂട്ടായ്മയേയും കുറിച്ചുള്ള ചില ഭാഗങ്ങൾകൂടി കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ഇതു ചരിത്രമാണെന്ന് അവകാശപ്പെടുന്നില്ല; ഒരു കഥയാണെന്നു പറയാം. കദംബരാജവംശത്തിലെ മയൂരവർമ്മ ഈ നാട്ടിലെ 'കറുപ്പന്മാരായ' ആദിവാസികളെ തുരത്താനുള്ള ഒരാക്രമണം ആരംഭിച്ചു. അദ്ദേഹത്തിന്റെ സൈന്യത്തിൽ വാളെടുത്തു കുതിരപ്പുറത്തു കയറിയവരും രഥത്തിലേറിയവരും വെൺമഴു എടുത്തവരും ഉണ്ടായിരുന്നു. ശക്തനായ ഹബഷികയുടെ നേതൃത്വത്തിൽ സംഘടിച്ച ഈ നാട്ടിലെ ആദിവാസികൾ അവരെ തിരിച്ചോടിക്കുക തന്നെ ചെയ്തു. പക്ഷേ ആര്യന്മാർ അടങ്ങിയിരിക്കാൻ തയ്യാറുണ്ടായിരുന്നില്ല. കാലം വളരെ ചെന്നിട്ടും യാതൊരു ഫലവും കണ്ടില്ല. ഒടുവിൽ ഹബഷികയെയും അയാളുടെ ഭടന്മാരെയും ചതിച്ചുകീഴടക്കാൻ ആര്യന്മാർ തീരുമാനിച്ചു. മയൂരവർമ്മൻ തന്റെ സുന്ദരിയായ സഹോദരിയെ ഹബഷികയ്ക്കു വിവാഹം ചെയ്തുകൊടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് അറിയിച്ചു. അതിനായി പരിവാരസമേതം രാജധാനിയിൽ എത്തിചേരാൻ ആവശ്യപ്പെട്ടു. ശുദ്ധാത്മാക്കളായ അവർ ഒട്ടും സംശയിച്ചില്ല. ആയുധമൊന്നും എടുക്കാതെ, എത്തിചേർന്ന അവർക്കുമേൽ ആയുധധാരികളായ ആയിരക്കണക്കിനു ശത്രുക്കൾ ചാടിവീഴുകയും എല്ലാവരേയും നിർദയം വെട്ടിക്കൊല്ലുകയും ചെയ്തു. അങ്ങനെ വിജയിച്ചവർ ഈ നാട്ടിലേക്കു മാർച്ചുചെയ്യുകയും അവിടെക്കണ്ട ആദിവാസികളെയെല്ലാം കാടുകളിലേക്കും കുന്നിൻ പുറങ്ങളിലേക്കും തുരത്തുകയും ചെയ്തു.

ഇത്തരം മനോഭാവങ്ങളെ ആധുനിക മനുഷ്യരുടെ ജീവിതരീതിയുമായി താരതമ്യം ചെയ്തുകൊണ്ട് ഒരു പൊതുചർച്ചയാവാം.

- ഇന്നത്തെ മനുഷ്യർ ജീവിതത്തിലുടനീളം വെച്ചുപുലർത്തുന്ന കാപട്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ചിലത് പറയാനുണ്ടാവില്ലേ. അത് അധ്യാപക ബോർഡിൽ കുറിക്കണം. ചില സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടിയും കുട്ടികളുടെ പ്രതികരണങ്ങൾ ആരായാം. ഇങ്ങനെ ലിസ്റ്റ് ചെയ്ത മനോഭാവങ്ങളെ ആദിവാസികൾ പുലർത്തുന്ന സത്യസന്ധതയോട് താരതമ്യം ചെയ്യട്ടെ.

ഇവ താരതമ്യപ്പെടുത്തി ഒരു പൊതു ചർച്ചയാവാം.

വിക്ടർയൂഗോവിന്റെ 'പാവങ്ങളി'ലെ സമാനഭാഗം (ജീൻവാൽജീൻ റൊട്ടിക്കഷണം മോഷ്ടിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമായ ഭാഗം) അധ്യാപികയ്ക്ക് അവതരിപ്പിക്കാം.

കൊടിയ ജീവിത ദുരിതങ്ങളിലൂടെ കടന്നുപോകുമ്പോഴും ഇവർ ജീവിതത്തിൽ പുലർത്തുന്ന സത്യസന്ധത, കൂട്ടായ്മ തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിലെത്തുംവിധം പാഠഭാഗങ്ങളിലേക്ക് പ്രവർത്തനത്തെ ക്രോഡീകരിക്കണം.

'ഒരാഴ്ചയായി എന്റെ ഭാര്യയും കുട്ടികളും പട്ടിണികിടക്കുകയാണ്'- കോമൻ എന്ന ആദിവാസി വെല്ലവും തുവപ്പരിപ്പും മോഷ്ടിക്കാനിടയായ സാഹചര്യം വിശദമാക്കുന്നത് ശ്രദ്ധയിൽ കൊണ്ടുവരുമല്ലോ. ആദിവാസി ഊരുകളിലെ പട്ടിണിയെക്കുറിച്ചുള്ള ഒരു മുഖപ്രസംഗം ശ്രദ്ധയിൽപ്പെടുത്താം.

## ആദിവാസി ഊരുകളിൽ പട്ടിണിമരണം

വയനാട്ടിലെ ആദിവാസികൾക്കിടയിലെ പട്ടിണിമരണം, മനഃസാക്ഷി മരവിച്ചുപോയിട്ടില്ലാത്ത ആരെയും ഞെട്ടിക്കാതിരിക്കില്ല. പക്ഷേ, നമ്മുടെ അധികൃതവൃത്തങ്ങളിലോ ജനങ്ങളിലോ അത് പറയത്തക്ക പ്രതികരണമൊന്നും സൃഷ്ടിച്ചതായി തോന്നുന്നില്ല. പട്ടിണിമരണത്തെയും അതിനിടയാക്കിയ ഭീകര സാഹചര്യങ്ങളെയും കുറിച്ചുള്ള പത്ര റിപ്പോർട്ടുകൾ വന്നിട്ടുപോലും അതൊരു ഗുരുതരപ്രശ്നമായി കാണാനോ വിശന്നു പൊരിഞ്ഞും രോഗം ബാധിച്ചും കൂട്ടമരണത്തിന്റെ ഭീഷണിയെ അഭിമുഖീകരിക്കുന്ന ആദിവാസി കുടുംബങ്ങൾക്കു വല്ല അടിയന്തര ദുരിതാശ്വാസവുമെത്തിക്കാനോ ആദിവാസിക്ഷേമത്തിന്റെ പേരിൽ ലക്ഷക്കണക്കിലല്ല കോടിക്കണക്കിൽത്തന്നെ പണം മുടിച്ചുകളയുന്ന ഈ നാട്ടിൽ ആരുമുണ്ടായില്ലെന്നത് അത്ഭുതകരമല്ലേ, ലജ്ജാവഹമല്ലേ?

ഒരുമാസം മുമ്പാണ് വയനാട്ടിലെ ആദിവാസികൾക്കിടയിൽ പട്ടിണിമരണം ഉള്ള കാര്യം ആദ്യമായി റിപ്പോർട്ടുചെയ്യപ്പെട്ടത്. മീനങ്ങാടിക്കടുത്ത് ആദിവാസികളായ ഒരമ്മയും മൂന്നു കുട്ടികളും പട്ടിണികാരണം മരിച്ചതായും കൂടുതൽ മരണങ്ങൾ സംഭവിക്കാൻ ഇടയുള്ളതായും വാർത്ത വന്നിരുന്നു. അതു കണ്ടപ്പോഴെങ്കിലും അധികൃതർ കണ്ണുതുറക്കുകയും ദുരിതനിവാരണത്തിനു ഊർജിത നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ കൂടുതൽ ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നു.

മറ്റെന്തൊക്കെ പ്രയാസങ്ങളാണ് ആദിവാസികൾ അനുഭവിക്കുന്നത്. കുട്ടികൾ അവരുടെ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ. അധ്യാപികയ്ക്ക് അവ ബോർഡിൽ രേഖപ്പെടുത്താം. കൂടുതൽ തെളിച്ചത്തിനായി പണയമുതൽ, പനങ്കുറക്കും താളുകറിയും എന്നീ പാഠഭാഗങ്ങൾ കുട്ടികൾ വായിക്കട്ടെ.

- നേരത്തെ രേഖപ്പെടുത്തിയതിൽ എന്തെല്ലാം കൂട്ടിച്ചേർക്കാനുണ്ട്?

കുട്ടികൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ. പ്രസക്തമായവ അധ്യാപികയ്ക്ക് കൂട്ടിച്ചേർക്കാം.

- ജന്മിത്തം
- അടിമത്തം
- അയിത്തം
- പട്ടിണി
- ദാരിദ്ര്യം
- 

മുതലായ പ്രശ്നങ്ങൾ ഉയർന്നുവരും. അവയെ സംബന്ധിക്കുന്ന ഒരു ലഘുചർച്ചയാവാം.

ദാഹിക്കുന്നു ഭഗിനീ, പണയമുതൽ എന്നീ പാഠഭാഗങ്ങളിൽ പഴയ കാലത്ത് കേരളത്തിൽ നില നിന്ന ചില സാമൂഹിക അനാചാരങ്ങളെ ശക്തമായ രീതിയിൽ ആവിഷ്കരിക്കുന്നുണ്ടല്ലോ. അവയ്ക്ക് ഇരയായിത്തീരേണ്ടിവന്ന മനുഷ്യർ അനുഭവിച്ചിരിക്കാവുന്ന സങ്കടങ്ങൾ എന്തൊക്കെയായിരിക്കും?

പാഠഭാഗത്തിന്റെ സൂക്ഷ്മവായനയ്ക്ക് ഈ സന്ദർഭം പ്രയോജനപ്പെടുത്താം. കേരളത്തിൽ നില നിന്നിരുന്ന അയിത്തം, അടിമ സമ്പ്രദായം എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന് താഴെ ക്കൊടുത്ത വായനാസാമഗ്രികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## അടിമ സമ്പ്രദായത്തിന്റെ ഇരകൾ

സ്വർണ്ണമുരുക്കിയൊഴിച്ചമട്ടിലുള്ള കതിർക്കുലകൾക്കു പിന്നിൽ കമ്പിട്ടുനിന്നുകൊണ്ട്, കടുംചുകപ്പോ പച്ചയോ കറുപ്പോ നിറമുള്ള ഒറ്റമുണ്ടുകൊണ്ട് മാറു മറയ്ക്കുകയും ഉടുക്കുകയും ചെയ്തിട്ടുള്ള പെണ്ണുങ്ങൾ കൊയ്തു മുന്നേറുന്നത് വർണ്ണപ്പകിട്ടുള്ള ഒരു കാഴ്ച തന്നെ. കോണകം മാത്രമുടുത്ത കുറേ വൃത്തികെട്ട കുട്ടികൾ കൈയിൽ ഓരോ കൊട്ടയുമായി വയൽവരമ്പുകളിൽ കൂനിപ്പിടിച്ചിരിക്കുന്നു. ചിലർ കൈയിൽ കത്തിയുമായി ഓടുന്നു, ചാടുന്നു. അവർ വയലിൽ നിന്നു പരൽമീൻ പിടിച്ച് ഉച്ചക്കഞ്ഞിക്കു സ്വാദുകൂട്ടാനുള്ള സമരത്തിലാണ്. അർദ്ധനഗ്നരായ ആണുങ്ങൾ ചിലർ കറ്റകൾ കെട്ടുന്നു. ചിലർ കറ്റകൾ ചുമന്നു പോകുന്നു. ഇവിടെ ജീവിതം തിരക്കുപിടിച്ചതാണ്, ഓരോ മണി നെല്ലും ജന്മിയുടെ കളപ്പുരയിലെത്തിക്കാനുള്ള വ്യഗ്രതയാണ്. ഇവരെല്ലാം അടിയരാകുന്നു– ഈ വയലിന്റെ ഉടമ വള്ളൂർക്കാവിലെ അടിമച്ചന്തയിൽ നിന്നു വിലയ്ക്കെടുത്ത അടിമകൾ! കാലിച്ചന്തയിൽ നിന്നു കാലികളെ തിരഞ്ഞെടുക്കുന്ന മട്ടിൽ ഓരോ ജന്മിയും അവർക്കിഷ്ടപ്പെട്ട ആണുങ്ങളെയും പെണ്ണുങ്ങളെയും തിരഞ്ഞുപിടിക്കുന്നു; അഞ്ചോ പത്തോ ഉറുപ്പിക വീതം 'അടിമപ്പണം' കൊടുത്തു വിലയ്ക്കെടുക്കുന്നു. ഇങ്ങനെ വിലകൊടുത്തുകഴിഞ്ഞ അടിമ, വള്ളൂർക്കാവിലെ അടുത്ത കൊല്ലത്തെ ഉത്സവകാലം വരെ അയാളുടെ ജന്മി ആവശ്യപ്പെടുന്ന ജോലികളെല്ലാം മുടക്കംകൂടാതെ ചെയ്തുകൊള്ളണമെന്നാണു വ്യവസ്ഥ. ഇതിനു പകരമായി, അടിമയായി തുടരുന്ന കാലത്തോളം വയൽക്കരകളിൽ കുടിൽ വെച്ചുകൊട്ടാനുള്ള അവകാശം അനുവദിക്കും. ജോലിയുള്ള ദിവസങ്ങളിൽ മാത്രം പുരുഷന്നു 2 സേർ, സ്ത്രീക്കു 1 സേർ എന്ന തോതിൽ നെല്ല് കൂലിയായി കൊടുക്കുകയും ചെയ്യും. കോരിച്ചൊരിയുന്ന മഴയത്തും തീപ്പൊരിവെയിലത്തും ഈ നെല്പാടങ്ങളോടൊപ്പം നിന്നു കരയുകയും ചിരിക്കുകയും ചെയ്യുന്നവർ!

സൂര്യനുണരുന്നതിനു മുമ്പേ വന്ന് അവർ ഈ വയലുകളെ തട്ടിയുണർത്തിയതാണ്. ഉച്ചയാവുന്നതോടുകൂടി അന്നത്തെ കൂലിയായിക്കിട്ടുന്ന ഒന്നോ രണ്ടോ സേർ പച്ച നെല്ലുമായി എല്ലാവരും കുടിലുകളിലേക്കു മടങ്ങുന്നു. അടിയാന്റെ ഭാഷയിൽ ഇവ കുടിലുകളല്ല 'കുള്ളു' കളാണ്. ഈ കുള്ളുകളിൽ അടിയൻ ജീവിക്കുന്നുവെന്നു പറഞ്ഞുകൂടാ. ജന്മിമാരുടെ ആവശ്യാർത്ഥം ഒരു തൊഴിലാളിപ്പട്ടാളം അവരുടെ വയൽക്കരയിൽ തമ്പടിച്ചുകൂടുകയാണെന്നു പറഞ്ഞാലേ നേരുപറഞ്ഞെന്നു സമാധാനിച്ചുകൂടൂ.

നട്ടുച്ചനേരത്തു മടക്കിക്കെട്ടിയ മുണ്ടിൻതലപ്പിൽ അന്നു കിട്ടിയ കൂലിനെല്ലും, തലയിൽ ഓരോ പാത്രം വെള്ളവുമായി വയലിൽനിന്നു വരുന്ന അമ്മമാരെ കാണുമ്പോൾ കുള്ളുകളിൽ വിശന്നു കഴിയുന്ന കുഞ്ഞുങ്ങൾക്ക് എന്തൊരു സന്തോഷമാണ്! ഇനി ഏറെനേരം വേണ്ട. ഉച്ച നേരത്ത് അടിയരുടെ കോളനിയിൽ എല്ലാ കുടിലുകളിലെയും ഉരലുകളും ഉലക്കകളും ശബ്ദിക്കുന്നുണ്ടാവും. ഒരു പാത്രം വെള്ളം തലയിലേറ്റിവച്ചുകൊണ്ട് അടുപ്പിലെ തീജ്വാലകൾ നൃത്തം വയ്ക്കുന്നുണ്ടാവും. അന്നന്നു കിട്ടുന്ന കൂലിനെല്ലുകൊണ്ടു വേണം അന്നന്നു കഴിയുക. ഉച്ചക്കഞ്ഞി കുടിച്ചുകഴിയുമ്പോഴേക്കും വയലിലേക്കു തിരിച്ചുപോവൻ സമയമായി. ഉച്ചയ്ക്കു കിട്ടുന്നത് അന്നു സന്ധ്യവരെ ജോലിചെയ്യാനുള്ള കൂലിയാണ് - വീണ്ടും കൊയ്ത്തലും കറ്റകെട്ടലും ചുമക്കലും മെതിക്കലും തന്നെ. അവർ ജീവിക്കാൻവേണ്ടിയുള്ള സമരത്തിൽ ജീവിക്കാൻ മറക്കുന്നു.

ജന്മിയുടെ വയലിലും തോട്ടത്തിലും ജോലിയില്ലാത്ത ദിവസങ്ങളിൽ കൂലിയില്ല. പച്ചരിക്കഞ്ഞിക്കുകൂടി വകയില്ല. ഇത്തരം ഘട്ടങ്ങളിൽ അവരുടെ സഹായത്തിനെത്തുന്നത് പുത്രവത്സലയായ പ്രകൃതിമാതാവു മാത്രമാണ്. അവർ കാട്ടുകിഴങ്ങുകൾ കിളച്ചെടുത്തു പുഴുങ്ങിത്തിന്നും. കാടുകളിൽ നിന്നു വിറകു ശേഖരിച്ച് അതു വിറ്റു കിട്ടുന്ന കാശുകൊണ്ട് ജീവിതാവശ്യങ്ങൾ നിറവേറ്റുന്നു. ഇതൊന്നും തരപ്പെട്ടിട്ടില്ലെങ്കിൽ പിന്നെ പട്ടിണി കിടക്കുകതന്നെ. അതിന് ആരുടെ സമ്മതവും വേണ്ടല്ലോ!

*കെ.പാനൂർ*

## ആദിവാസികളുടെ കലയ്ക്കും ജീവിതത്തിനും പ്രകൃതിയുമായുള്ള ബന്ധം

ആദിവാസികളുടെ ജീവിതം പോലെ തന്നെ കലകളും പ്രകൃതിയുടെ തുടിതാളങ്ങളും നിറഭേദങ്ങളും അലിഞ്ഞു ചേർന്നവയാണ്. പ്രകൃതദത്തമായ വസ്തുക്കൾകൊണ്ട് മാത്രം നിർമ്മിച്ചവയാണ് അവരുടെ വാദ്യോപകരണങ്ങൾ. മുളന്തണ്ടും പൊള്ളയായ മരത്തടിയും മൃഗത്തോലും ചിരട്ടപോലുള്ള വസ്തുക്കളും കൊണ്ട്, പ്രകൃതിയിലെന്നപോലെ പരുക്കനും ഇമ്പമാർന്നതും ആയ നാദങ്ങൾ അവർ സൃഷ്ടിക്കുന്നു. ഉറഞ്ഞുതുള്ളുന്ന പ്രകൃതിയുടേയും മുടിയഴിച്ചാടുന്ന മരങ്ങളുടേയും അനുകരണമാകുന്നു പലപ്പോഴും ആദിവാസികളുടെ കലകൾ. ഓരോ ഋതുക്കളിലും മാറിമാറിവരുന്ന പ്രകൃതിയുടെ തുടിപ്പുകൾക്ക് അനുസൃതമാണ് അവരുടെ കലകളിലെ താളങ്ങളും ചുവടുകളും.

പ്രകൃതിയുടെ മടിത്തട്ടിൽ നിന്ന് വേറിട്ട് ആദിവാസികൾക്ക് ജീവിക്കാൻ കഴിയില്ല. അവരുടെ ആന്തരികവും ബാഹ്യവുമായ ജീവിതം അത്രമാത്രം പ്രകൃതിയുമായി അലിഞ്ഞു ചേർന്നതാണ്. കാടിന്റെ സ്നേഹലാളനങ്ങൾ അനുഭവിച്ചും കാട്ടരുവികളുടെ കുളിർമ്മയിൽ മുങ്ങിയും ആണ് അവർ ജീവിക്കുന്നത്, അവരുടെ ഭക്ഷണം, പാർപ്പിടം എന്നിവ മിക്കപ്പോഴും പ്രകൃതിയുടെ വരദാനമാണ്. ആചാരനുഷ്ഠാനങ്ങളിലും ഉത്സവങ്ങളിലും മിത്തുകളിലും നിറഞ്ഞു നിൽക്കുന്ന ഈ പ്രകൃതിതന്നെയാണ് അവരുടെ ദൈവവും. ആദിവാസികൾ വികസിപ്പിച്ചെടുത്ത കൃഷിരീതിപോലും പ്രകൃതിയുടെ സ്വാഭിവികരീതിയുടെ തുടർച്ചയും വികാസവുമാണ്. മിക്ക ആദിവാസി ഗോത്രങ്ങൾക്കും തനതായ ചികിത്സാ പദ്ധതിയുണ്ട്. പ്രകൃതിയിൽ നിന്നു ലഭ്യമാകുന്ന വസ്തുക്കളും ഔഷധസസ്യങ്ങളും ചേർത്താണ് അവർ മരുന്നുകൾ നിർമ്മിക്കുന്നത്.

ഇങ്ങനെ ആദിവാസികളുടെ കലയുടേയും ജീവിതത്തിന്റേയും സ്വഭാവത്തെയും അതിന് പ്രകൃതിയുമായുള്ള ബന്ധത്തെയും കുറിച്ചുള്ള ചർച്ച ക്ലാസിൽ നടക്കണം. ഈ ബന്ധം സൂചിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ പണയമുതൽ, പനങ്കുറുക്കും താളുകറിയും എന്നീ പാഠഭാഗങ്ങളിൽ കാണാം.

### മാവേലിമൻറത്തെക്കുറിച്ച്

വയനാട്ടിലെ ആദിമവാസികളിൽ ഒരു വിഭാഗമായ അടിയോരുടെ പാട്ടുകളിൽ നിന്നു ശേഖരിച്ച കഥകളെ ആസ്പദമാക്കി കെ.ജെ.ബേബി രചിച്ച നോവലാണ് മാവേലിമന്റം.

അടിയോരുടെ ആദ്യകാല കാർന്നോന്മാരിൽ പ്രമുഖനായിരുന്നു മാവേലിമന്റം. കേരളത്തിലെ ഓണവുമായി ബന്ധപ്പെട്ട മാവേലിമന്നനുമായി സാമ്യമുള്ളതാണ് അടിയോരുടെ മാവേലിമന്റവും. മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ. അതേ നമ്മള് പാടാറുള്ള അതേപഴയകാലം-ഇവിടെ മൂന്നടി മണ്ണ് ചോദിച്ചാണ് വാമൻ വന്നതെങ്കിൽ അവിടെ പുറംലോകത്ത് നിന്ന് മൂന്നാൾക്കാർ വിരുന്നുവരികയാണ്. ചോദിച്ചതെല്ലാം കൊടുത്തിരുന്ന നമ്മുടെ ഓണക്കാല മാവേലിയെപോലെ അടിയോരുടെ മാവേലിമന്റുവും വന്നവരെ സ്വീകരിച്ച് അവർക്ക് വേണ്ടതെല്ലാം ചെയ്ത് കൊടുത്തു. തക്കം കിട്ടിയപ്പോൾ വിരുന്നു വന്നവർ കാര്യക്കാരാകുകയും മാവേലിമണ്ണ് കൈക്കലാക്കുകയും മാവേലി മക്കളെ അടിമകളാക്കുകയും മണ്ണിന്റെ നിറത്തിന്റെ അടിസ്ഥാനത്തിൽ ജാതികളുണ്ടാക്കുകയും ചെയ്ത് കാവലിനായി 'മാളി' എന്ന ദൈവത്തെ ഏല്പിക്കുകയും ചെയ്തു.

അടിമത്തത്തിന്റെ കഷ്ടകാലങ്ങളിലെപ്പഴോ മേലോരച്ചൻ-കീയോർത്തി-എന്നൊരാണും പെണ്ണും കൂടി - കഷ്ടപ്പാടിന്റെ ആ ലോകത്തു നിന്ന് ഒളിച്ചോടുന്നു. ഓടിയോടി അവരെത്തിയത് പാക്കത്ത് കോട്ടയിലാണ്. പാക്കത്ത് കോട്ടയിലെ പാക്കത്തപ്പൻ അവരെ അവിടുത്തെ അടിമകളാക്കുന്നു. അവിടെ നിന്നു പലപ്പോഴായി ഒളിച്ചോടാൻ ശ്രമിക്കുന്നുണ്ടെങ്കിലും മാളി എന്ന ദൈവം ഒളിച്ചോടുന്ന വഴികളിലൊക്കെ കൈതമുള്ള് പോലെ അവരെ പിന്തുടർന്നു കൊണ്ടിരുന്നു. ജീവിതാവസാന നാളുകളിൽ മേലോരച്ചന്റെ നിർബ്ബന്ധ പ്രകാരം അവർ ഒന്നു കൂടി പാക്കത്ത് കോട്ട കടക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവർക്ക് രക്ഷപ്പെടാനാവുന്നില്ല. പാക്കത്ത്മലവരെ അവരെത്തിയെങ്കിലും കാട്ടിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനാവാതെ കീയോർത്തി പാക്കത്തപ്പന്റെ പാക്കത്ത് കുളത്തിലെ വെള്ളം കുടിക്കാൻ ശ്രമിച്ചു. കീയോർത്തി വെള്ളത്തിൽ തൊട്ടപ്പോൾ പാക്കത്ത് കുളത്തിലെ വെള്ളം താഴേക്ക് പോയെന്നാണ് പറയപ്പെടുന്നത്. വെള്ളത്തിന്റെ പിറകേ കീയോർത്തി കുളത്തിന്റെ അടിയിലെത്തി. വെള്ളം കീയോർത്തിയെ പൊതിഞ്ഞ് പൊന്താൻ തുടങ്ങി. മേലോരച്ചൻ വന്നപ്പോൾ കീയോർത്തിയുടെ മുടികൾ പായലുപോലെ ജലപരപ്പിൽ പരന്ന് കിടന്നിരുന്നു. ഒരുപാട് ദുഃഖത്തോടെ മേലോരച്ചൻ മുടികളെടുത്ത് ഈ ഭൂമിയിലേക്ക് വലിച്ചെറിഞ്ഞു. ആ മുടികൾ കിളുത്തതാണത്രെ വയനാട്ടിലെ മാനിപ്പുല്ല്. നോവലിൽ ഈ കഥ ജെവരപെരുമൻ എന്നൊരു മൂപ്പൻ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കുന്നു. കഥ കേട്ടവരിൽ പ്രമുഖനായ കൈപ്പാടൻ എന്ന അടിമ തന്റെ കളിക്കൂട്ടുകാരിയായ ഈരയേയും കൂട്ടി അന്നത്തെ അടിമക്കൂട്ടിൽ നിന്നു രക്ഷപ്പെടാനായി ഒളിച്ചോടുന്നു.പഴശ്ശിരാജാവിനേയും, അദ്ദേഹത്തിനൊപ്പം വെള്ളക്കാർക്കെതിരെ പൊരുതിയ കർഷകരേയും ആദിവാസികളേയും തകർത്ത് ഈസ്റ്റിന്ത്യാക്കമ്പനി വയനാട് പിടിച്ചടക്കിയ കാലം. കുടുംബങ്ങളും നാടുകളും തകർത്ത കമ്പനിപ്പടയോട് തീർത്താൽതീരാത്ത പകയുമായി, നഷ്ടപ്പെട്ടുപോയകാർന്നോന്മാരെ തിരക്കി കാട്ടിലേക്കിറങ്ങിതിരിച്ച ചിരുതയി-കേളപ്പൻ എന്നിങ്ങനെയുള്ളവരെ, കൈപ്പാടനും ഈരയും കാട്ടിൽവെച്ച് കണ്ടുമുട്ടുന്നു. നല്ലൊരു കൂട്ടായ്മ വളരുന്ന ഒരു മല അവർ സ്വപ്നം കാണുകയും അത് പങ്കു വയ്ക്കുകയും ചെയ്യുന്നു. സ്വപ്നം കാണുന്നതു പോലെ ഒന്നും എളുപ്പമായിരുന്നില്ല. കാട്ടിലെയും നാട്ടിലെയും പല പുതിയ അനുഭവങ്ങളും അറിവുകളുമായി കൈപ്പാടനും-ഈരയ്ക്കും സ്വന്തക്കാരുടെ ഇടയിൽതന്നെ എത്തിപ്പെടേണ്ടിവരുന്നു. തലമുറകളായി വാമൊഴികളിലൂടെ കൈമാറിവന്ന അവരുടെ പാട്ടുകളെ പോലെ, കൈപ്പാടനേയും ഈരയേയും സംരക്ഷിക്കാനും അവരുടെ സ്വപ്നങ്ങൾ പങ്കുവയ്ക്കാനും കൂട്ടക്കാർ തയാറാവുന്നു അകലെ അകലെയുള്ള ഒരു മല മാവേലി മല അവരും സ്വപ്നം കണ്ടു തുടങ്ങുന്നു.

## റഫറൻസ്

- കേരളത്തിലെ ആഫ്രിക്ക - പാനൂർ
- ആദിവാസി പുരാവൃത്തം - ഡോ. കുമാരൻ വയലേരി
- കുറിച്യരുടെ ജീവിതവും സംസ്കാരവും - ഡോ. കുമാരൻ വയലേരി
- ദളിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം - പ്രദീപൻ പാമ്പിരിക്കുന്ന് (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
- ദളിത് സാഹിത്യം - കവിയൂർ മുരളി
- കാട്ടറിവുകൾ - എഡി: സി.ആർ. രാജഗോപാലൻ
- കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ - ഡോ. പി. ജി. പത്മിനി
- പണിയർ - ഡോ. പി. സോമശേഖരൻ നായർ
- ജനജീവിതവും കലകളും - ഡോ. ചുമ്മാർ ചൂണ്ടാൽ (ഫോക്‌ലോർ അക്കാദമി)
- കൊച്ചരേത്തി - നാരായൻ
- ആദിവാസികളുടെ നാട്ടുമരുന്നുകൾ - കാൻഫെഡ്, സാക്ഷരതാഭവൻ

## ആദിമവാസികൾ

ആദ്യകാല ജനതയാണ് ആദിമവാസികൾ. അവർ പല വിഭാഗങ്ങളുണ്ട്. അടിയോർ, പണിയർ, നായ്ക്കർ, മുള്ളുവകുറുമർ, ഊരാളി കുറുമർ, കുറിച്ച്യർ എന്നിങ്ങനെ. ഓരോ ആദിവാസികൾക്കും അവരവരുടേതായ ചരിത്രവും ഭാഷയും പാട്ടും കഥകളും താളങ്ങളും നൃത്തങ്ങളും ആഭരണങ്ങളും വേഷങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും ഉണ്ട്. കൃഷിയുമായും നായാട്ടുമായും ബന്ധപ്പെട്ട ഒരു ജീവിതസാഹചര്യമായിരുന്നു അവരുടേത്.

## കൈപ്പാടൻ

നോവലിലെ പ്രധാന കഥാപാത്രമാണ്.

വയനാട്ടിലെ പണ്ടത്തെ ഭൂമികൈമാറ്റ രേഖകൾ ശേഖരിച്ച് പഠിക്കുന്നതിനിടയിൽ കിട്ടിയ ഒരു കോടതിവിധിയുടെ പകർപ്പ്, നോവലിന്റെ അവസാനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ എട്ട് ഉറുപ്പികയ്ക്ക് കൈപ്പാടൻ എന്ന അടിമയെ, കൈപ്പാടന്റെ ഉടമ അമ്പു നായർ പയിങ്ങാട്ടേരി ഗ്രാമത്തിലെ സുബ്ബരായ പട്ടർക്ക് പണയം വെച്ചതായി പറയുന്നു. അവിടെ നിന്നും കൈപ്പാടനെ കാണാതാകുന്നതായി പറയുന്നു. പണയം എടുത്ത ആൾ, അന്നത്തെ തുക്കിടി മുൻസിപ്പൽ കോടതിയിൽ പണയം വെച്ച ആൾക്കെതിരെ നഷ്ടപരിഹാരത്തിനായി കേസ്സ് കൊടുക്കുന്നു. അവരുടെ തർക്കങ്ങൾ കേട്ടശേഷമുള്ള വിധികല്പനയാണ് ഈ രേഖ. അപ്രതീക്ഷിതമായി കിട്ടിയ ഈ കോടതി വിധിയുടെ പകർപ്പാണ്, അതിലെ അപ്രത്യക്ഷനായ കൈപ്പാടൻ എന്ന പണയം വെയ്ക്കപ്പെട്ട അടിമയാണ്, ഈ നോവലെഴുതാൻ ബേബിയ്ക്ക് പ്രേരണയായത്. നോവലിൽ ബേബിയുടെ ഭാവനയിൽ കൈപ്പാടൻ എവിടേക്ക് പോയിരിക്കാമെന്ന് പറയാൻ ശ്രമിക്കുന്നു.

## വാമൊഴി

ആദിവാസി ഭാഷകൾക്ക് ലിപികളില്ല. വാമൊഴിയിലൂടെ മാത്രം നില നിൽക്കുകയും വളരുകയും ചെയ്ത പാട്ടുകളുണ്ട്, കഥകളുണ്ട്, വ്യാകരണമുണ്ട്, നിയമങ്ങളുണ്ട്, പഴഞ്ചൊല്ലുകളുണ്ട്. എല്ലാം വാമൊഴിയിലൂടെയാണെന്ന് മാത്രം. അടിയോരുടെ ഭാഷയ്ക്ക് ലിപിയുണ്ടായിരുന്നതായി അവരുടെ മരണപാട്ടിലും, തിറപാട്ടിലും പറയുന്നതായി ബേബി പറയുന്നുണ്ട്. കിട്ടിയ സൂചനകളും തെളിവുകളും ഈ നോവലിലെ പാട്ടുകളിലും കഥകളിലും ഉണ്ട്.

- കൈപ്പാടൻ താൻ വന്ന കാട്ടിലേക്ക് തിരിഞ്ഞു നോക്കുന്നു. "അവന്റെ കാഴ്ചപ്പാടിലാകെ കൊട നിറഞ്ഞു മറിഞ്ഞു" ആകാശം പോലും മറച്ച കോട, കൂട്ടുകാരുടെ തുടിയൊച്ച കേട്ടില്ലാ; കുഴലൂത്ത് കേട്ടില്ല.
- കൈപ്പാടൻ ജവരപ്പരുമനോട് പറയുന്ന ഭാഗം " ഈ അന്തിയിൽ, നിനക്ക് കുറച്ചു നേരം വെറുതെയിരിക്കാം... നീ കാണുന്നതും കേൾക്കുന്നതും നിന്റെ തുടിയിലൂടെ ഞങ്ങളേയും കേൾപ്പിക്കുക."
- കൈപ്പാടന്റെ മേന്മകളെക്കുറിച്ച് മൂത്ത ജെവരപെരുമനോട്. "വിത്ത് മുക്കി പൊത്തിക്കഴിഞ്ഞാ കിളുക്കുന്നതുവരെ അതിന് ചുറ്റും കാവലാ...അങ്ങനത്തെ കാവൽപ്പാടും"
- കാട്ടുചേമ്പില മുറിച്ചടുക്കുന്ന തങ്കപ്പന്റെ ഉത്സാഹം, താളുകറിയുടെ പാചകരീതിയെക്കുറിച്ചുള്ള വർണന മുതലായവ പ്രതിപാദിക്കുന്ന ഭാഗങ്ങൾ
- പനങ്കുറുക്കുണ്ടാക്കുന്നതിനു വേണ്ടിയുള്ള തങ്കപ്പന്റെ താത്പര്യം, തയ്യാറാക്കുന്ന രീതി ഇവ വർണിക്കുന്ന ഭാഗങ്ങൾ.

ഇവ കുട്ടികൾ തന്നെ കണ്ടെത്തുന്ന രീതിയിൽ വേണം ആസൂത്രണം ചെയ്യാൻ. ഇരു പാഠഭാഗങ്ങളിലെയും ഒന്നോ രണ്ടോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. ഓരോന്നിലും പ്രകൃതിയുമായുള്ള ബന്ധം തെളിയുന്നതെങ്ങനെ എന്നു കൂടി വിശദമാക്കേണ്ടതുണ്ട്.

കണ്ടെത്തിയ ഭാഗങ്ങളുടെ അവതരണത്തിലൂടെയും ചർച്ചയിലൂടെയും സ്വരൂപിച്ച ധാരണകൾ, ആദിവാസികളുടെ കലകൾക്കും ജീവിതത്തിനും പ്രകൃതിയുമായുള്ള ബന്ധം എന്ന വിഷയത്തെക്കുറിച്ചുള്ള ഉപന്യാസത്തിന്റെ രൂപത്തിൽ ആവിഷ്കരിക്കാൻ ആവശ്യപ്പെടാം.

## വിശകലനക്കുറിപ്പ്

'തമ്പുരാക്കളുടെ മുന്നിൽ പോത്തുകളും അടിമകളും ഒന്നുതന്നെ എന്ന് ജെവരപ്പെരുമൻ ചിന്തിക്കുന്ന സന്ദർഭത്തിന്റെ പ്രത്യേകതയെന്ത്?

എന്തുകൊണ്ടാണ് അടിമകളെയും പോത്തുക്കളെയും ഒരു പോലെ കരുതുന്നത്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച് ആശയമേഖലയിലേക്ക് പ്രവേശിക്കാം.

കൈപ്പാടനെപ്പോലെ വിത്തുകുതിർക്കുന്നതു മുതൽ വിളകൊയ്യുന്നതുവരെ കഞ്ഞികുടിക്കാത്ത ഉറങ്ങാതെ പാടത്തു കഴിയുന്ന ഒരടിമയെ തമ്പുരാൻ എങ്ങനെ വില്ക്കും എന്നാണല്ലോ മൂത്ത സംശയിക്കുന്നത്. എന്നാൽ മണ്ണിനേയും കൃഷിയേയും സ്നേഹിക്കാൻ അടിമക്കവകാശമില്ല എന്നാണ് ജന്മിയുടെ കാഴ്ചപ്പാട്. തമ്പുരാന്റെ ആജ്ഞയ്ക്കനുസരിച്ച് ചേറിൽ ചരിക്കുന്ന പോത്തുകളുടെ സ്ഥാനമേ അടിമയ്ക്കുള്ളൂ.

അടിമയേയും പോത്തിനേയും ഒന്നെന്നു പറയുന്നതിലൂടെ ജന്മിത്തം സ്ഥാപിക്കുന്ന മറ്റ് ആശയതലങ്ങളും പൊതു ചർച്ചയിലൂടെ കൊണ്ടുവരണം.

- ആദിവാസികളെ മനുഷ്യരെന്ന രീതിയിൽപ്പോലും പരിഗണിക്കാത്ത മനോഭാവം.
- അവർക്ക് സ്വന്തമായ വികാരവിചാരങ്ങളോ അവകാശങ്ങളോ ഉണ്ടെന്ന് അംഗീകരിക്കാത്ത അവസ്ഥ.
- വളർത്തു മൃഗങ്ങളുടെ അവകാശംപോലുമില്ലാത്ത അവരെ ശിക്ഷിക്കാനും കൊല്ലാനും വരെ തനിക്ക് അധികാരമുണ്ടെന്ന് സ്ഥാപിക്കൽ

ഇവയൊക്കെ ഈ താരതമ്യത്തിനു പിറകിൽ ഉണ്ടെന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്.

പാഠഭാഗത്തിലെ ആശയങ്ങളെ ആഴത്തിൽ തിരിച്ചറിഞ്ഞ് ഇത്തരം പ്രയോഗങ്ങളുടെ അർത്ഥതലങ്ങൾ കണ്ടെത്തുന്നതെങ്ങനെ എന്ന് വിശദമാക്കണം.

ആശരൂപീകരണം നടന്നതിനുശേഷം വിശകലനക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം. ഒരാശയത്തെ വിശകലനം ചെയ്യുന്ന പ്രക്രിയ എന്തെന്നും എങ്ങനെയെന്നും കുട്ടികൾക്കുകൂടി തിരിച്ചറിയുന്ന സന്ദർഭമായി ഇതിന്റെ അവതരണം മാറണം.

- തന്നിരിക്കുന്ന ആശയത്തെ അപഗ്രഥിക്കുന്നു
- സൂചനകളുടെ അർത്ഥതലങ്ങൾ കണ്ടെത്തുന്നു.
- വ്യത്യസ്ത സന്ദർഭങ്ങളുമായി ബന്ധിപ്പിച്ചുനോക്കുന്നു.
- വ്യാഖ്യാനിക്കുന്നു

തുടങ്ങിയ പ്രക്രിയകളാണ് വിശകലനത്തിൽ നടക്കുന്നത്. ഒരു സൂചനയിൽ നിന്നുതന്നെ ഒരുപാട് അർത്ഥതലങ്ങൾ കണ്ടെത്താൻ വിശകലനചിന്ത കൊണ്ട് സാധിക്കും.

## അടിമകളും പോത്തുകളും തമ്മിൽ വ്യത്യാസമുണ്ട്: കൈപ്പാടന്റെ ചിന്തകൾ

തന്നെ പോത്ത് എന്ന് വിളിക്കുന്നത് കേൾക്കുന്നതിൽ ഏത് മനുഷ്യനാണ് വിഷമിക്കാത്തത്? അവൻ ഒരു പോത്തല്ല എന്ന് തിരിച്ചറിയാൻ സന്ദർഭങ്ങൾ പാഠഭാഗത്തിൽ ഇല്ലേ?

ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാം. കൈപ്പാടൻ അടക്കമുള്ള അടിമകൾ പോത്തുകളല്ലെന്നും ജന്മിയേയും കാര്യസ്ഥനേയും അപേക്ഷിച്ച് മനുഷ്യത്വം അവർക്കാണ് കൂടുതലെന്നും സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ പാഠഭാഗത്തു നിന്ന് അവർ കണ്ടെത്തട്ടെ. കണ്ടെത്തിയവ പൊതുവായി അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണം.

- ജന്മിയെക്കാളുമേറെ മണ്ണിനോടും കൃഷിയോടും ഉള്ള താത്പര്യം
- പ്രകൃതിയുടെ മാറ്റത്തിനനുസരിച്ച് തുടിച്ചൊല്ലുണ്ടാക്കാനുള്ള കലാഹൃദയം
- ഞാറിനേയും പുല്ലിനേയും വേർതിരിച്ചറിയാനും മണ്ണും മനുഷ്യനും ചേരുമ്പോൾ ലഭ്യമാകുന്ന വിളവ് എന്തെന്നറിയാനും ഉള്ള കഴിവ്. ഈ അറിവ് തന്നെയാണ് മണ്ണിൽ പണിയെടുക്കുന്ന അടിമയും പോത്തും തമ്മിലുള്ള വ്യത്യാസം
- പുതിയ കൂട്ടത്തിലെത്തിയ കൈപ്പാടന് അവിടെയുള്ള അടിമകൾ അലിവോടെ അവരുടെ ഭക്ഷണത്തിന്റെ ഒരു പങ്ക് വെച്ചു നീട്ടുന്നു.

തുടങ്ങിയ സന്ദർഭങ്ങളിലൂടെ ജീവിതത്തിന്റെ നരകവേദനകൾക്കിടയിലും സൂക്ഷിക്കുന്ന മനുഷ്യത്വത്തിന്റെ തുടിപ്പുകളെ വെളിപ്പെടുത്താൻ കഴിയണം. ഒപ്പം മനുഷ്യനെ മൃഗങ്ങളെപ്പോലെ വിൽക്കുകയും പണയപ്പെടുത്തുകയും ചെയ്യുന്ന മറ്റുള്ളവരുടെ വ്യസനത്തിൽ പങ്കുചേരുന്നത് മനസ്സിലാക്കാൻ കഴിയാത്ത, ക്രൂരമായ മർദ്ദനം നടത്തുന്ന ജന്മിമാരും കാര്യസ്ഥന്മാരുമാണോ മനുഷ്യത്വം നഷ്ടപ്പെട്ട പോത്തുകൾ എന്ന ചർച്ചയുമാവാം.

- അന്ന് ജന്മിമാർക്കാണ് മനുഷ്യത്വം ഇല്ലാതിരുന്നത്. എന്നാൽ ഇന്ന് മനുഷ്യത്വത്തിന്റെ കണികപോലുമില്ലാത്ത എന്തൊക്കെ പ്രവണതകൾ നമുക്കു ചുറ്റും കാണാം? വീടുകളിൽ വിദ്യാലയങ്ങളിൽ സമൂഹത്തിൽ മനുഷ്യത്വമില്ലായ്മ അനുഭവപ്പെട്ട സന്ദർഭങ്ങൾ ഉണ്ടോ? വിമർശനാത്മകമായ ചർച്ചകൾക്ക് അധ്യാപിക നേതൃത്വം നൽകണം.

## പ്രയോഗഭംഗി

“അവന്റെ ഉള്ളിലുണ്ടായിരുന്ന കരിമ്പാറക്കുന്നിൽ ഉറവക്കണ്ണുകൾ തിളങ്ങി”

സന്ദർഭത്തിൽ കരിമ്പാറ, ഉറവക്കണ്ണുകൾ എന്നിവയ്ക്ക് ലഭിക്കുന്ന അർത്ഥങ്ങൾ എന്തൊക്കെ?

കുട്ടികൾ അവരുടെ കണ്ടെത്തലുകൾ കുറിക്കട്ടെ. കൈപ്പാടന്റെ കരുത്ത്, കഠിനാധ്വാനം ചെയ്യാനുള്ള മനസ്സിന്റെ ഉറപ്പ് എന്നിവ കരിമ്പാറ എന്ന വിശേഷണത്തിൽ ഉണ്ടെന്നു കണ്ടെത്താൻ കഴിയുന്ന രീതിയിൽ അധ്യാപിക ചില സന്ദർഭങ്ങൾ സൂചിപ്പിക്കണം.

'കരിമ്പാറ' 'ഉറവ' എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ചചെയ്യാം? കരിമ്പാറയിൽ നിന്നാണോ ഉറവയുണ്ടാകുന്നത്? അല്ലെങ്കിൽ വിരുദ്ധമായ രണ്ട് കാര്യങ്ങൾ ചേർത്തു പറഞ്ഞത് എന്തുകൊണ്ട് എന്ത് പ്രത്യേകതകളാണ് ധ്വനിപ്പിക്കുന്നത്?

കരിമ്പാറ പാരുഷ്യത്തിന്റെ പരമകാഷ്ഠയാണെങ്കിൽ ഉറവ മൃദുത്വത്തിന്റെ അടയാളമാണ്. കരിമ്പാറയിൽ നിന്ന് ഉറവയുണ്ടാകുക എന്നത് ശൈലിപോലെ പ്രയോഗിക്കാറുണ്ട്. അസംഭവ്യമെന്ന് കരുതുന്നത് സംഭവിക്കുമ്പോൾ (കഠിന ഹൃദയമെന്ന് കരുതുന്ന ഒരാളിൽ കാരുണ്യമുണ്ടാവുന്നതുപോലുള്ള സന്ദർഭങ്ങൾ) ആണ് ഇവ പ്രയോഗിക്കുന്നത്. ഇവിടെ തന്റെ സഹജീവികളുടെ സ്നേഹം അപ്രതീക്ഷിതമായി തന്നിലേക്ക് നീളുമ്പോൾ കൈപ്പാടനിൽ ആനന്ദത്തിന്റെ കണ്ണുനീരാണ് ഉണ്ടാവുന്നത്.

ഉറവകണ്ണുകൾ എന്ന് പ്രയോഗിച്ചതും ശ്രദ്ധയിൽപ്പെടുത്തണം. ഉറവ്, കണ്ണ് എന്നീ പദങ്ങൾ ചേരുമ്പോൽ ഉറവയുണ്ടാകുന്ന ചെറിയ സുഷിരങ്ങൾ, കണ്ണീരിന്റെ ഉറവ എന്നിങ്ങനെ വിവിധ അർത്ഥതലങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടല്ലോ.

പ്രയോഗങ്ങളുടെ ഭംഗിയും അവ നോവലിനുണ്ടാക്കുന്ന മനോഹാരിതയും ചർച്ചചെയ്യുന്നതോടൊപ്പം ഇത്തരം പ്രയോഗങ്ങൾ സൃഷ്ടിക്കാനും അവ രചനകളിൽ പ്രയോജനപ്പെടുത്താനും കഴിയുന്ന പരിശീലനങ്ങളും നല്കണം. ഇതിനായി

- മഴയുടെ ജ്വാലകൾ
- രോഗത്തിന്റെ പൂക്കൾ
- കാഴ്ചയുടെ സംഗീതം

പോലുള്ള ഉദാഹരണങ്ങൾ നല്കി പ്രവർത്തനങ്ങൾ നടത്താം.

പനങ്കുറുക്കും താളുകറിയുമെന്ന കഥയിലെ ചില പ്രയോഗങ്ങളും ശ്രദ്ധയിൽപ്പെടുത്തണം.

- മാനത്തിന്റെ കണ്ണുതോരുന്നതെപ്പോഴാണ്.

മഴയെ മാനത്തിന്റെ കണ്ണീരായി കല്പിച്ചിരിക്കുന്നതിന്റെ ഔചിത്യം ചർച്ച ചെയ്യാം.

'ദാഹിക്കുന്നു ഭഗിനീ....' എന്ന കാവ്യഭാഗത്തിലെ സാമാന്യാശയം, സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് കുട്ടികൾ തിരിച്ചറിഞ്ഞിരിക്കുമല്ലോ. പാഠഭാഗത്തിന്റെ സൂക്ഷ്മാപഗ്രഥനത്തിനുമുമ്പായി 'ചണ്ഡാലഭിക്ഷുകിയെക്കുറിച്ചുവന്ന പഠനങ്ങളിലൊന്ന് അധ്യാപികയ്ക്ക് ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്.

- കാവ്യകല കുമാരനാശാനിലൂടെ - പി. കെ. ബാലകൃഷ്ണൻ
- മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി
- ചണ്ഡാലഭിഷുകി - മറ്റൊരു ദുരവസ്ഥ - മുരളിമോഹൻ പോറ്റി

മുതലായ കൃതികളിലെ പ്രസക്തഭാഗങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

**പാഠഭാഗത്തിലേക്ക്**

**ദാഹിക്കുന്നു ഭഗിനീ....**

ഉത്തരഹിന്ദുസ്ഥാനത്തിലെ ശ്രാവസ്തിക്കടുത്തുള്ള ഒരു ഗ്രാമത്തിൽ, ഗ്രീഷ്മം കത്തി നിന്ന ഒരുച്ചനേരത്ത്, ആകെ കാണുന്നൊരു പേരാലിന്മേൽ,

ഘോരാതപം ഭയപ്പെട്ടേറെപ്പക്ഷികൾ
സൈ്വരം ശരണമണഞ്ഞിരിപ്പൂ

ചൂടുകൊണ്ട് തൊണ്ട വരണ്ട അവ പാടാൻ പോലും ഒരുങ്ങുന്നില്ല. വേനൽ ചുട്ടുപഴുപ്പിച്ച ആ വെളിസ്ഥലത്തിൽ ആകെ കാണാവുന്നത് പേരാലും നാട്ടു വഴികൾ കൂടുന്നിടത്തെ ചുമടുതാങ്ങിയും, വായ്ക്കല്ലുപൊട്ടിയ പഴം കിണറുമാണ്. ഗ്രാമത്തിനു പുറത്തെ ചാമർകുലം ജലം ശേഖരിച്ചിരുന്നത് അവിടെ നിന്നായതിനാൽ മറ്റാരും അതിൽ നിന്ന് വെള്ളമെടുത്തിരുന്നില്ല. താണ ജാതിക്കാർ പോകുന്ന വഴി നടന്നാൽ പോലും അശുദ്ധിയാകും എന്നു വിശ്വസിച്ച സവർണമേധാവിത്വം കൊടികുത്തി വാഴുന്ന കാലം.

'വഴിയിലൂടൊരു ദിനം നടന്നുകുഴഞ്ഞൊരു ഭിക്ഷു' വെത്തുന്നു.

> മഞ്ഞപിഴിഞ്ഞുണ്ടൊറിഞ്ഞുടുത്തുള്ളൊരു
> മഞ്ഞപൂവാടയാൽ മേനിമൂടി,
> മുണ്ഡനം ചെയ്തു ശിരസ്സും മുഖ ചന്ദ്ര-
> മണ്ഡലം താനും മസൃണമാക്കി

തുടുത്ത കൈയിൽ ദീർഘവൃത്താകൃതിയിലൊരു മരയോടും വലതുകൈയിൽ വിശറിയുമായി ക്ഷീണിച്ചെത്തിയ ഭിക്ഷു ദീർഘ നിശ്വാസത്തോടെ ചുറ്റും പരതിനോക്കുമ്പോൾ കിണറ്റിൻ കരയിലേക്കു മന്ദം നടന്നുവരുന്ന പെൺകൊടിയെ കാണുന്നു.

കൊടിയ ദാഹത്താൽ വലഞ്ഞു നിന്ന ഭിക്ഷുവിന് പെൺകൊടി വെള്ളമെടുക്കാൻ വരുന്ന കാഴ്ച വളരെ ആശ്വാസം പകരുന്നു.

> സത്തർക്കഴലിലഥവാ തുണയ്ക്കുവാ-
> നെത്തും നിയതിയോരോവടിവിൽ

എന്ന് കവി അതിനെ സാധൂകരിക്കുന്നു.

സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെട്ട ചണ്ഡാലവംശത്തിലെ അംഗമാണവൾ. സവർണസമൂഹത്തിന് അനുവദിക്കപ്പെട്ട അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അതിർത്തിക്കപ്പുറത്തു നിന്നു നോക്കിക്കാണുന്നവൾ. അവൾക്കും അവളുപയോഗിക്കുന്ന വസ്തുക്കൾക്കും സൗന്ദര്യമുണ്ടെന്നോ മേന്മയുണ്ടെന്നോ ചിന്തിക്കുവാൻ ആ ചണ്ഡാലപെൺകൊടിക്കു കഴിഞ്ഞിരുന്നില്ല.

അപകർഷതാബോധവും അസ്വാതന്ത്ര്യവും അവർണരെ എത്രമാത്രം ദുരിതത്തിലാഴ്ത്തുന്നു എന്ന് കവിതയിലുടനീളം ചില പദപ്രയോഗങ്ങളിലൂടെ അനാവരണം ചെയ്യാൻ കവി ഉദ്യമിക്കുന്നുണ്ട്.

അവൾ കിണറ്റിലിടുന്ന പാളപോലും തൂമ തേടുകയാണ്. അവർണരുടെ ജീവിതവും സ്വാതന്ത്ര്യം തേടുകയായിരുന്നില്ലേ? ഭിക്ഷു ജലം ചോദിച്ചപ്പോൾ ചണ്ഡാലി അമ്പരന്നു പോവുകയായിരുന്നു. സവർണനും സന്യാസിയുമായ ഒരാൾ താണജാതിക്കാരിയായ തന്നോട് കുടിനീർ ചോദിക്കുന്നത് അവൾക്ക് അവിശ്വസനീയമായ സംഗതിയാണ്.

അല്ലൽ സന്യാസിയുടെ സ്വബോധത്തെ തകർത്തുവോ എന്നുപോലും ചിന്തിക്കുന്ന അവൾ ഇതെന്തുകഥ? എന്ന് ആശ്ചര്യപ്പെടുന്നുണ്ട്. താൻ നീചജാതിയിൽപ്പെട്ടവളാണെന്ന് മുന്നറിയിപ്പു നൽകുകയും താൻ നൽകുന്ന ജലം കുടിച്ചാൽ പാപമുണ്ടാകുമെന്നറിയിക്കുകയും ചെയ്യുന്നു.

ഭിക്ഷു അതുകേട്ട് ഞെട്ടുകയല്ല, അവളുടെ മുന്നറിയിപ്പുകളെ അലക്ഷ്യമായി കണ്ട് അവളോട് ഇപ്രകാരം മറുപടി പറയുകയാണു ചെയ്തത്:

> ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
> ചോദിക്കുന്നു നീർ നാവു വരണ്ടഹോ!

താൻ നവുവരണ്ട് ദാഹജലമാണ് ചോദിക്കുന്നതെന്നു പറയുന്ന ഭിക്ഷു മാതംഗിയെ സംബോധനചെയ്യുന്നതു 'സോദരീ' എന്നാണ്. താണജാതിക്കാരെ മനുഷ്യനായിപ്പോലും പരിഗണിക്കാത്ത ഒരു കാലഘട്ടത്തിൽ ഭിക്ഷു അവളിൽ സ്വസഹോദരിയെത്തന്നെ ദർശിക്കുന്നു.

ഗുരു പറഞ്ഞതുപോലെ

ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്
ഒരു യോനി ഒരാകാരം
ഒരു ഭേദവുമില്ലതിൽ

മനുഷ്യരെല്ലാം ഒരു ജാതിയിൽപ്പെട്ടവരാണെന്ന് ഭിക്ഷു വിശ്വസിക്കുന്നു.

ജാതിവ്യവസ്ഥയ്ക്കെതിരായ തന്റെ വാദമുഖങ്ങളും അമർഷവും ആവിഷ്കരിക്കുവാൻ ഈ കവിതയിൽ കവിക്കു കഴിയുന്നു.

ഭിക്ഷുവിന്റെ വാക്കുകൾ പെൺകൊടിയിൽ ഉണ്ടാക്കുന്ന മാറ്റം വളരെ ശക്തമായിത്തന്നെ ആവിഷ്കരിക്കുവാൻ കവി ഉപയോഗിക്കുന്ന വരികൾ ശ്രദ്ധിക്കുക.

പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല

ജാതിയുടെ വ്യർത്ഥത ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ കല്ലുപോലെ, ഇരുമ്പുപോലെ അലിയാതെ നിൽക്കുന്ന പൊതു സമൂഹത്തിനു മുന്നിൽ പെൺകൊടി അപവാദമാകുന്നു. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും മേലെയല്ല ജാതിചിന്തയും അയിത്തവും എന്നവൾ തിരിച്ചറിയുന്നു. വാക്ശരങ്ങൾ കൊണ്ട് ഭിക്ഷുവിനെ വീണ്ടും തളർത്താതെ അവൾ ജലം പകരുന്നു.

ദാഹം തീർത്ത് ആനന്ദഭിക്ഷു തിരികെ മരത്തണൽ പൂകി. ക്ഷീണമകന്ന അദ്ദേഹം യാത്രയാവുകയും ചെയ്തു. ഇതിനിടയിൽ കുടത്തിൽ വെള്ളമെടുത്ത മാതംഗി ഭിക്ഷുമടങ്ങിപ്പോകും വരെ കിണറിന്റെ പരിസരത്തു തന്നെ തങ്ങുന്നു.

ഭിക്ഷു ദാഹജലം ചോദിക്കുന്ന വേളയിലും ദാഹം തീർത്തു മടങ്ങുന്ന വേളയിലും മാതംഗിക്ക് നിറഞ്ഞ ഹൃദയത്തോടെ കൃതജ്ഞത നേരുന്നുണ്ട്. അവളെ നിഷ്കപടമായ ഹൃദയത്തോടെ അനുഗ്രഹിക്കുവാനും മറക്കുന്നില്ല. ചരാചരങ്ങളോടെല്ലാം നിസ്സീമമായ സ്നേഹം സൂക്ഷിക്കുന്ന ആത്മീയ ഭാവമാണ് ഭിക്ഷുവിൽ നമുക്കു കാണുവാൻ കഴിയുന്നത്. മാതംഗിക്കാകട്ടെ ഭിക്ഷുവിന്റെ രൂപസൗകുമാര്യവും മുഖതേജസ്സുമാണ് ആകർഷണീയമായി തോന്നുന്നത്. ആ സൗന്ദര്യം അവളെ അലട്ടുന്നുണ്ട്. തുടർന്ന് രാത്രിയിരുണ്ടുവെളുക്കുന്നതിനു മുമ്പായി ഭിക്ഷുവിന്റെ പാദമുദ്ര തേടി കിണറ്റിൻ കരയിലെത്തുന്ന ചണ്ഡാലി അവ പിന്തുടർന്നു യാത്ര തുടങ്ങുന്നു. യാത്ര അവസാനിക്കുന്നത് ബുദ്ധഭഗവാന്റെ ആശ്രമത്തിലാണ് ഭിക്ഷുവിനെ അന്വേഷിച്ചെത്തിയ ചണ്ഡാലി യഥാർത്ഥ സ്നേഹം കണ്ടെത്തുകയും ബുദ്ധഭിക്ഷുണിയായിത്തീരുകയും ചെയ്യുന്നു.

കവിത കുട്ടികൾ ഈണത്തിൽ അവതരിപ്പിക്കട്ടെ. ആലാപനത്തിൽത്തന്നെ കവിത നൽകുന്ന സാമാന്യാശയം കുട്ടികൾ കണ്ടെത്തും.

കൂടുതൽ വിശകലനത്തിന് ചോദ്യങ്ങൾ നൽകേണ്ടതാണ്.

- ദാഹജലം ചോദിച്ചപ്പോൾ ചണ്ഡാലി അമ്പരന്നു - കാരണമെന്താവും?
- ഭിക്ഷുവിന്റെ മറുപടികേട്ട് അവൾ നിശ്ശബ്ദയായി-എന്താവാം അതിനുള്ള കാരണം?
- കൃപാരസമോഹനം കുളിർ തണ്ണീര് - ഈ പ്രയോഗം ഭിക്ഷുവിന്റെ സ്വഭാവത്തോട് ചേരുന്നുണ്ട്- എങ്ങനെ?

- ഭഗിനി, സഹോദരി എന്നീ സംബോധനകൾ ആര്യനായ ഭിക്ഷുവിൽ നിന്നുകേട്ടപ്പോൾ ചണ്ഡാലിയിലുണർന്ന ചിന്തകളെന്തെല്ലാമായിരിക്കാം?

കവിതയുടെ ആശയം, ഉപയോഗിച്ചിരിക്കുന്ന വർണ്ണനകൾ, പ്രയോഗങ്ങൾ എന്നിവയെല്ലാം വിശകലനം ചെയ്യേണ്ടതാണ്.

ഓരോ പ്രയോഗവും വർണ്ണനയും കവിതയ്ക്കു നൽകുന്ന ശക്തി കുട്ടികൾക്ക് ബോധ്യപ്പെടേണ്ടതാണ്.

ചർച്ചയിലെ ആശയങ്ങൾ ക്രോഡീകരിച്ച് അവർ കവിതയ്ക്ക് ആസ്വാദനം തയാറാക്കട്ടെ.

ആവശ്യമായ ഇടപെടലുകൾ നൽകി രചന മെച്ചപ്പെടുത്തി അവതരിപ്പിക്കുവാൻ അവസരം നൽകണം.

### ശുദ്ധരിൽ ശുദ്ധൻ

- മരണം വന്നുവിളിക്കുമ്പോഴും താണവർഗത്തിന്റെ കൈയിൽ നിന്ന് അയിത്തമുണ്ടാകാതെ ശുദ്ധിപാലിക്കാൻ നിഷ്കർഷചെയ്തിരുന്ന ഒരു സമൂഹത്തെ 'ശുദ്ധരിൽ ശുദ്ധൻ' എന്ന കവിത പരിചയപ്പെടുത്തുന്നു.

ജാതിചിന്തയ്ക്കും അതുണ്ടാക്കിയ അയിത്തത്തിനും ഇത്രമേൽ പ്രാധാന്യം ഉണ്ടായിരുന്ന സമൂഹത്തിൽ നിസാരമായ തെറ്റുകൾക്കു പോലും താണജാതിക്കാർക്ക് കടുത്ത ശിക്ഷ ലഭിച്ചിരുന്നു.

സവർണനായ ഭിക്ഷു. താനോ താണവരിൽ താണവളായ ചണ്ഡാലി. തന്റെ ജാതിതിരിച്ചറിഞ്ഞിട്ടാകുമോ എന്ന സന്ദേഹം അവളെ ജാതി അറിയിക്കുവാൻ നിർബന്ധിതയാക്കി.

- താൻ വെള്ളം കൊടുത്താൽ സവർണർ ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയാവും.
- തുടർന്ന് തന്റെ കൂട്ടർക്കു വന്നു ചേരാനിടയുള്ള ബുദ്ധിമുട്ടുകൾ
- താൻ അറിഞ്ഞുകൊണ്ട് ചെയ്ത തെറ്റാകുമ്പോൾ ലഭിക്കാവുന്ന ശിക്ഷയുടെ കാഠിന്യം.

ഇത്തരം പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അവളുടെ ചിന്തകൾക്കു പ്രാധാന്യം നൽകി അവയെ ആഴത്തിൽ വിശകലനം ചെയ്യണം.

- ചണ്ഡാലപ്പെൺകൊടി സ്വയം ഇങ്ങനെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?
- സവർണർക്കു മുന്നിൽ, അവരുടെ പദവിക്കു മുന്നിൽ അവർണർ അപകർഷതാബോധം അനുഭവിക്കേണ്ടതുണ്ടോ?
- താണജാതിക്കാരെ തിരിച്ചറിയുന്നതിന് പ്രത്യേക അടയാളങ്ങൾ ഉപയോഗിച്ചിരുന്നു, ആ കാലത്ത്. അവർ ഉയർന്ന ജാതിക്കാരെ താണുതൊഴുതു വണങ്ങിയിരുന്ന അവസ്ഥയുണ്ടായിരുന്നു തുടങ്ങിയ ആശയങ്ങൾ കുട്ടികൾക്കു വ്യക്തമാകും വിധമാണ് ക്ലാസ്സിൽ വിഷയവിശകലനം നടത്തേണ്ടത്.
- മനുഷ്യന് മനുഷ്യത്വം എന്ന ജാതിയേ ഉള്ളൂ ബ്രാഹ്മണാദിഭേദം അവന്റെ ജാതിയെക്കുറിക്കുന്നില്ല.

  മനുഷ്യാനാം മനുഷ്യത്വം
  ജാതിർഗോത്വം ഗവാംയഥാ
  ത ബ്രഹ്മണാദിരസ്യൈവം
  ഹാ! തത്വം വേത്തികോപിത

ഗോക്കളുടെ ധർമം മുഴുവൻ എടുത്തു പറയണമെങ്കിൽ ഗോത്വം എന്നു പറഞ്ഞാൽ മതി. അവയ്ക്കിടയിൽ ഗോത്വമല്ലാതെ ഒരു ജാതിയില്ല. അതുപോലെ മനുഷ്യനും. ഇതിനേക്കാൾ വ്യക്തമായി ഇക്കാര്യം പറയാൻ പറ്റുമെന്നു തോന്നുന്നില്ല.

ഒരു ജാതിയിൽ നിന്നല്ലോ
പുറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോ-
ളൊരുജാതിയിലുള്ളതാം.

നരജാതിയിൽ നിന്നത്രെ
പുറന്നീടുന്നു വിപ്രനും
പറയൻ താനുമെന്തുള്ള-
തന്തരം നരജാതിയിൽ

ഈ വരികളിൽ പ്രതിപാദിക്കുന്ന ആശയം തന്നെയല്ലേ ഭിക്ഷു ചണ്ഡാലപ്പെൺകൊടിക്കു നൽകുന്ന മറുപടിയിൽ വ്യക്തമാക്കുന്നത്?

സമൂഹത്തിൽ ജാതിചിന്തയുടെ വ്യർത്ഥത ബോധ്യപ്പെട്ട ശ്രീനാരായണ ഗുരുവിന്റെ ചിന്താസരണി തന്നെയല്ലേ ആനന്ദഭിക്ഷുവിൽ കാണുന്നത്.

- ചണ്ഡാലപ്പെൺകൊടിയോട് ദാഹനീർ മാത്രമാണ് താൻ ചോദിക്കുന്നതെന്ന് ഭിക്ഷു പറയുന്നതിന്റെ പൊരുളെന്താവാം?

തുടങ്ങി കവിതയിലെ ആശയങ്ങളുടെ വ്യംഗ്യാർത്ഥ തലങ്ങളിലേക്കു പോകുന്ന ചോദ്യങ്ങളിലൂടെ ഗുരുവിന്റെ നിരീക്ഷത്തെ കവിതയുമായി ബന്ധിപ്പിച്ചു കൊണ്ടു വേണം ചർച്ചയും വിശകലനവും നടക്കേണ്ടത്.

- കണ്ടെത്തുന്ന ആശയങ്ങൾ പ്രഭാഷണമാക്കി മാറ്റുന്ന ഘട്ടത്തിൽ പൊതുവിഷയത്തെ സാമാന്യമായി ചർച്ച ചെയ്യുകയും തുടർന്ന് ഉപ വിഷയങ്ങളിലേക്കു കടക്കുകയും വേണം. അഭിപ്രായങ്ങളും കണ്ടെത്തലുകളും യുക്തിസഹമായി അവതരിപ്പിക്കേണ്ടത് പ്രഭാഷണത്തിൽ ആവശ്യമാണെന്ന് കുട്ടിക്ക് ബോധ്യപ്പെടേണ്ടതാണ് വിഷയത്തിന്റെ ആഴത്തിലേക്കു പോകുകയും കേൾവിക്കാരെ ആകർഷിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന അവതരണമാണ് വേണ്ടത് എന്നും ബോധ്യപ്പെടണം.
- ജാതിയല്ല ദാഹനീരാണ് ചോദിച്ചതെന്ന മറുപടി ചണ്ഡാലപ്പെൺകൊടിയെ നിശ്ശബ്ദയാക്കിയതിന്റെ കാരണങ്ങൾ എന്തെല്ലാമാകാം?
- ഭിക്ഷു പറഞ്ഞ സത്യം ബോധ്യപ്പെട്ടതിനാൽ എതിർവാദങ്ങൾക്കു മുതിരാതെ കീഴടങ്ങുവാനുള്ള സ്ത്രീകളുടെ പ്രവണത.
- 

കുട്ടികളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കാനവസരം നൽകണം.

അവരുടെ നിരീക്ഷണങ്ങൾക്കും കണ്ടെത്തലുകൾക്കും നിദാനമായ വിശദീകരണങ്ങളും അവതരിപ്പിക്കുവാൻ അവസരം നൽകണം.

കഥാതന്തുവിൽ നിന്നുകൊണ്ടു തന്നെ ചർച്ച വികസിപ്പിക്കുവാൻ ശ്രമിച്ചാൽ രചനയ്ക്ക് അതു സഹായകമാകില്ലേ? ചർച്ചകളിലുയർന്നു വന്ന ഏതെങ്കിലും അനുഭവങ്ങള അടിസ്ഥാനമാക്കി കഥയോ കവിതയോ രചിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. കുട്ടികളുടെ രചനകളെ മുൻനിർത്തി താഴെപ്പറയുന്ന കാര്യങ്ങളിൽ ചർച്ചയാവാം.

## സർഗാത്മക രചന

### കവിതയെഴുതുമ്പോൾ

- ആശയം, ഭാവം എന്നിവയുടെ ആവിഷ്കാരം
- ഉചിതമായ താളം/പദവിന്യാസം
- സൗന്ദര്യാംശങ്ങളുടെ പ്രതിഫലനം, ധ്വന്യാത്മകത, വർണന, ആലങ്കാരികത എന്നിവ കവിതയുടെ സഹജഭാവങ്ങളാണെന്ന് ഓർക്കണം.
- കവിതയുടെ ആശയം/ഭാവം പ്രതിഫലിപ്പിക്കുന്ന ശീർഷകം.

സച്ചിദാനന്ദന്റെ ബോധവതി എന്ന കവിത പരിചയപ്പെടുത്താം.

### കഥയെഴുതുമ്പോൾ

- കഥാപാത്രസൃഷ്ടി
- കഥാവസ്തു
- ഭാവനാപൂർണമായ രചന
- ആഖ്യാനരീതിയിലെ ആകർഷകത്വം
- കഥയുടെ ഉള്ളടക്കം/ഭാവം പ്രതിഫലിപ്പിക്കുന്ന ശീർഷകം

കുട്ടികൾ അവരുടെ താത്പര്യമനുസരിച്ച് രചനാരൂപം തിരഞ്ഞെടുക്കട്ടെ. വ്യക്തിഗത രചനകൾ സംഘത്തിൽ അവതരിപ്പിച്ച് ആദ്യഘട്ട വിലയിരുത്തൽ നടത്തേണ്ടതാണ്. തുടർന്ന് പൊതു അവതരണം നടത്തി എഡിറ്റിംഗ് പൂർണമാക്കാം.

പാഠഭാഗം ഈണത്തിൽ തന്നെ വീണ്ടും അവതരിപ്പിക്കണം.

ജ്ഞാനപ്പാനയുടെ ഭാഗവും അവതരണത്തിനു നൽകണം.

പ്രവർത്തനത്തിൽ ചേർത്തതിനെക്കാൾ അധികം വരികൾ ആലാപനത്തിനു നൽകാൻ ശ്രമിക്കണം.

- അവതരണത്തിനുപയോഗിച്ച ഈണം, താളം എന്നിവയ്ക്കു തമ്മിൽ ബന്ധമുണ്ടോ?
- വരിയിലെ അക്ഷരങ്ങളുടെ എണ്ണം കുറയുകയോ കൂടുകയോ ചെയ്താൽ ഈണം/താളം ചേരുമോ?

ഇതേ താളത്തിൽ വരുന്ന കൂടുതൽ വരികൾ കണ്ടെത്തി ക്ലാസ്സിൽ അവതരണത്തിന് അവസരം നൽകേണ്ടതാണ്.

### പനങ്കുറുക്കും താളുകറിയും

പാഠഭാഗത്തിലെ സാമാന്യാശയം കുട്ടികൾ ഗ്രഹിച്ചിരിക്കുമല്ലോ. ഒരു കഥാനിരൂപണം നടത്തിക്കൊണ്ട് പാഠത്തിന്റെ സൂക്ഷ്മമായ വിശകലനത്തിലേക്ക് വരാവുന്നതാണ്. ഇതിനായി യുക്തമായ ചില ചോദ്യങ്ങൾ അധ്യാപിക ഉന്നയിക്കണം.

- കഥയിലെ കേന്ദ്രകഥാപാത്രമാരാണ്?
- അവന്റെ പശ്ചാത്തലം?
- സ്വഭാവത്തിലെ പ്രത്യേകതകൾ?
- ഏതു തരത്തിലുള്ള സാമൂഹികാവസ്ഥയാണ് കഥയിൽ പ്രതിഫലിക്കുന്നത്?
- കഥാശീർഷകവും കഥയും തമ്മിലുള്ള ബന്ധം?
- കഥയിലെ ജീവിതാവസ്ഥയും ഇന്നത്തെ പൊതുസമൂഹത്തിന്റെ ജീവിതരീതിയും പൊരുത്തപ്പെടുന്നുണ്ടോ?

- എന്തുകൊണ്ട് കുടുംബാംഗങ്ങളുടെ പെരുമാറ്റം ഇത്തരത്തിൽ ആവുന്നു?
- ഭാഷാപരമായ പ്രത്യേകതകൾ

കുട്ടികൾ അവർ കണ്ടെത്തിയവയും അവരുടെ നിഗമനങ്ങളും അവതരിപ്പിക്കട്ടെ. അധ്യാപിക ഇടപെട്ട് ഓരോ ഘട്ടത്തിലും ആശയവ്യക്തത വരുത്തണം. കഥയെക്കുറിച്ചുള്ള സമഗ്രധാരണ വരുത്തിയതിനു ശേഷം കഥാനിരൂപണം തയ്യാറാക്കാൻ ആവശ്യപ്പെടാം.

- കഥാംശം
- കഥാപാത്രസ്വഭാവചിത്രീകരണം
- സാമൂഹികാവസ്ഥയുടെ വിശകലനം
- ഭാഷാപരമായ പ്രത്യേകതകൾ

ഇവയിൽ ഊന്നാൻ നിർദേശിക്കണം

ശീർഷകം, ആമുഖം, ഖണ്ഡികാകരണം, തന്റെ നിരീക്ഷണങ്ങൾക്ക് ആവശ്യമായ തെളിവുകൾ നിരത്തൽ, തനിമയുള്ള കണ്ടെത്തലുകൾ, ഉപസംഹാരം തുടങ്ങിയ ഘടനാപരമായ സവിശേഷതകളും ഓർമിപ്പിക്കുമല്ലോ.

രചനകൾ ഗ്രൂപ്പുകളിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി പൊതുവായി അവതരിപ്പിക്കുകയും പതിപ്പ് തയാറാക്കുകയും വേണം.

മാതൃകയായി 'പനങ്കുറുക്കും താളുകറിയു'മെന്ന കഥയുടെ ഒരു നിരൂപണം നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക.

## വിശക്കുന്നവനു മുന്നിൽ ദൈവം അപ്പമാകുന്നു

യാഥാർഥ്യവുമായി ബന്ധമില്ലാത്ത, മായികമായ സുഖഭോഗവസ്തുക്കളുടെ പളപളപ്പാണ് ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞു നില്ക്കുന്നത്. ഈ അയഥാർഥലോകമാണ് സത്യമെന്നു പോലും ചിലപ്പോൾ നമ്മൾ ചിന്തിച്ചുപോകുന്ന തരത്തിൽ, അത്രമാത്രം നിറപ്പകിട്ടാർന്നതും സമ്പൽസമൃദ്ധവുമാണ് അവിടുത്തെ കാഴ്ചകൾ. സ്വന്തമായി കിടപ്പാടവും കുടിയും കഞ്ഞികുടിക്കാൻ വകയും ഇല്ലാത്തവന്റെ പരിദേവനങ്ങൾക്ക് അവിടെ ഇടമില്ല. തന്നെ രസിപ്പിക്കുന്നതിൽ മാത്രം അഭിരമിക്കുന്ന ആധുനിക നാഗരിക മനുഷ്യന്റെ കണ്ണുകൾക്കു മുന്നിൽ അതുകൊണ്ടു തന്നെയാണ്, താൻ ജീവിക്കുന്ന പരിസരത്തെ തീക്ഷ്ണമായും യഥാർഥമായും അവതരിപ്പിക്കാൻ നാരായനെപ്പോലുള്ള എഴുത്തുകാർ ശ്രമിച്ചുവരുന്നത്. ആദിവാസികളും ദലിതരുമടങ്ങുന്ന ജനവിഭാഗങ്ങളുടെ ജീവിതദുരിതങ്ങളുടെയും അവർ അനുഭവിക്കുന്ന ക്രൂരമായ ചൂഷണങ്ങളുടെയും പീഡനങ്ങളുടെയും ചോര കിനിയുന്ന അനുഭവങ്ങളാണ് അദ്ദേഹത്തിന്റെ മിക്ക രചനകളും. പനങ്കുറുക്കും താളുകറിയുമെന്ന കഥയും ആദിവാസി വിഭാഗത്തിന്റെ ഒട്ടിയ വയറിന്റെ സ്വപ്നങ്ങളെത്തന്നെയാണ് പകർത്തുന്നത്.

'പനങ്കുറുക്കും താളുകറിയും' കലർപ്പില്ലാത്ത യാഥാർഥ്യത്തിന്റെ ആവിഷ്കരണമാണ്. കഥയെഴുത്തിന്റെ ആലഭാരങ്ങളൊഴിഞ്ഞ ആഖ്യാനശൈലിയാണ് നാരായൻ ഇവിടെ ഉപയോഗിക്കുന്നത്. തങ്കപ്പൻ എന്ന കുട്ടിയുടെ വിചാരങ്ങളിലൂടെയും അവൻ കടന്നുപോകുന്ന ചില സംഭവങ്ങളിലൂടെയും ഒരു സമൂഹം എങ്ങനെയാണ്, സമ്പൽസമൃദ്ധിയുടെ തിളക്കം മാത്രം പുറമേ കാണാവുന്ന ഇക്കാലത്തും ജീവിക്കുന്നതെന്നാണ് നാരായൻ പറയുന്നത്. നാടിന്റെ പുരോഗതി എന്നത് സമൂഹത്തിലെ മുഖ്യധാരയുടെ ജീവിതസൗകര്യങ്ങൾ ഒരുക്കലാണ് എന്ന് വിശ്വസിക്കുന്നവർക്ക് നാരായൻ കാണിച്ചുതരുന്ന ജീവിതമെന്ന നരകയാഥാർഥ്യത്തിന്റെ ചിത്രങ്ങൾ സന്തോഷം പകരാനിടയില്ല. അത് അത്രമാത്രം ഇരുണ്ടതും നിറപ്പകിട്ടില്ലാത്തതും ആണ്.

ഈ കഥയിലെ കുടംബത്തിന്റെ ചിത്രം ഇതാണ്: തങ്കപ്പനെന്ന കുട്ടി. അവന്റെ അച്ഛനും രണ്ടാനമ്മയും അഞ്ചു മക്കളുമടങ്ങുന്ന കുടുംബം. അടുത്ത സന്തതി ജനിക്കാനിരിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ ഒരു കൂരയിലാണവർ കഴിയുന്നത്. വിശപ്പടക്കാൻ റേഷനരിയും ചൊറിയുന്ന താളും മാത്രം. ഉച്ചക്കഞ്ഞിക്കു വേണ്ടിയുള്ള വിദ്യാഭ്യാസം.

സ്നേഹത്തെക്കുറിച്ചുള്ള ഒരു വാക്കോ നോട്ടമോ ഈ കഥയിലില്ല. സ്നേഹരാഹിത്യത്തിന്റെ നിർദയമായ ചിത്രീകരണങ്ങൾ ഏറെ ഉണ്ടുതാനും. “കറ്റവായുള്ള കോങ്കണ്ണിയുടെ വീണുതുണ്ടുള്ള കുരവകേട്ട്, അവളുടെ തള്ള ചാടിവന്നു.” “എന്തിനാടാ നീയെന്റെ കൊച്ചിനെ കാണിച്ചേ? മുഴുത്തൊരു തെറിയും” “തള്ളയില്ലാത്തവനെ കണ്ണീരുപ്പിട്ടേ കഞ്ഞികുടിപ്പിക്കു”- രണ്ടാനമ്മയുടെ വാശി. മകനെത്തല്ലി കൈ തരിച്ചാലേ എന്തെങ്കിലും വാരിത്തിന്നാൻ തന്തയ്ക്കും രുചിയുള്ളൂ” മരിച്ചുപോയ തന്റെ അമ്മയെക്കുറിച്ചോർക്കുമ്പോൾ മാത്രമാണ് തങ്കപ്പന് കണ്ണു നിറയുന്നതും പൊട്ടിപ്പോകുന്നതും. മറ്റെല്ലാം അവിടെ സ്വാഭാവികം മാത്രം. അടുത്ത നേരം എന്ത് കഴിച്ച് വിശപ്പടക്കുമെന്ന്. സ്നേഹപ്രകടനങ്ങൾക്ക് ഒഴിവും സ്ഥാനവും എവിടെ? ചുട്ടുനീറുന്ന വിശപ്പാണ് വഴക്കിന്റെയും വെറുപ്പിന്റെയും പുകപടലങ്ങൾക്ക് കാരണം. തൊട്ടുമുമ്പുവരെ വഴക്കിട്ടവർ പനച്ചീളുകൾ ഇടിച്ചു പിഴിയാൻ ഒന്നിക്കുന്നത് നോക്കുക.

“പനച്ചീളുകൾ വാരി ഉരലിലിട്ടുകൊടുത്തത് എളാമ്മയാണ്. അച്ഛൻ ഇടിക്കാൻ തുടങ്ങി. മുക്കാൽഭാഗം വെള്ളമുള്ള കലത്തിൽ, അകത്തേക്കു നടുവുതാഴ്ത്തി തുണികെട്ടി, ഇടിച്ചെടുത്ത പനച്ചോറ് കലക്കി പിഴിയാൻ എളാമ്മ തയ്യാർ. മക്കൾ പട ചുറ്റിലും. ഇടിഞ്ഞ് ആരും തവിടുമായി കുഴഞ്ഞ പനച്ചോറ് ഉരലിൽ നിന്നുവാരി, തങ്കപ്പൻ മുറത്തിൽ വച്ചുകൊടുത്തു. കുറേശ്ശേ എടുത്ത് കലത്തിലെ തുണിയിലിട്ട് രണ്ടു കൈകളും കുട്ടി ഞെരടിയും തിരുമ്മിയും രണ്ടാനമ്മ പിഴിച്ചിൽ തുടങ്ങി”

കഥാവസാനത്തിലെ രണ്ടാനമ്മയുടെ തങ്കപ്പനോടുള്ള അഭ്യർഥന നോക്കുക.

“അഞ്ചാറു താളു പറിച്ചോണ്ടു വാടാ. കൂട്ടാനൊന്നുമില്ലല്ലോ”

ഭക്ഷണത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ വെറുപ്പും വിദ്വേഷവും അലിയുന്നു. പരുക്കനായ ജീവിതയാഥാർഥ്യങ്ങളോടേറ്റു മുട്ടുമ്പോൾ ആദ്യം വറ്റിപ്പോകുന്നത് സ്നേഹം, വാത്സല്യം തുടങ്ങിയ മൃദുലവികാരങ്ങളാണെന്ന് കഥാകൃത്ത് നിസ്സംഗനായി കാട്ടിത്തരികയാണിവിടെ.

ദാരിദ്ര്യവും വിശപ്പുമാണ് ഈ കഥയിലെ മുഖ്യകഥാപാത്രം. മറ്റ് കഥാപാത്രങ്ങളുടെ വാക്കിനെയും പ്രവൃത്തിയെയും നിയന്ത്രിക്കുന്നത് ഈ ശക്തിയാണ്. ഭക്ഷണനാമം (പനങ്കുറുക്കും താളുകറിയും) അതുകൊണ്ടാണ് കഥാശീർഷകമാവുന്നത്. പനക്ഷണത്തിൽ നിന്ന് പനമ്പൊടി തയാറാക്കുന്നതിന്റെയും, “പച്ചരിപ്പൊടിയും കള്ളും ചേർത്ത് കള്ളപ്പമാക്കാം, മധുരം ചേർത്താൽ മറ്റെന്തെങ്കിലും, ഒന്നിനും വഴിയില്ലെങ്കിൽ പൊടി വേവാൻ കണക്കിനു വെള്ളവും പാകത്തിന് ഉപ്പും ചേർത്ത് ഇളക്കി വേവിക്കാം, വെന്താൽ ഇറക്കിവെക്കണം, പാത്രത്തിലെടുത്ത് പുളിങ്കറിചേർത്ത് കുഴച്ചുതിന്നാം, മീനോ ഇറച്ചിയോ ഉണ്ടെങ്കിൽ നല്ലത്,” എന്ന് പനമ്പൊടിയുപയോഗിച്ചുണ്ടാക്കാവുന്ന വിഭവങ്ങളുടെയും, “കുടംപുളി ചേർക്കാതെ കറിവെച്ചാൽ തിന്നാൽ കൊള്ളുകില്ല, ഉണക്കമീനിട്ടുവെച്ചാൽ നല്ല രുചി, തേങ്ങ, വെളുത്തുള്ളി, ജീരകം - ഒക്കെ അരച്ചു ചേർത്താൽ നന്ന്'' എന്ന് താളുകറിയുണ്ടാക്കുന്നതിന്റെയും വിശദാംശങ്ങൾ വിവരിക്കുന്നതും ഈ പശ്ചാത്തലത്തിലാണ് കാണേണ്ടത്. തങ്കപ്പൻ ചേമ്പിലകൾ ശേഖരിക്കുന്നത്, പനങ്കഷണത്തിനായി കൊതിച്ചു നടക്കുന്നത് തുടങ്ങിയവയുടെയും വർണനകൾ കഥയിലുണ്ട്. നവോത്ഥാന കഥകളുടെ മുഖ്യപ്രതിപാദ്യവിഷയത്തെ, ഹംബർഗിന്റെയും നൂഡിൽസിന്റെയും കോളയുടെയും ഇക്കാലത്ത് പുനസ്ഥാപിക്കുന്നതിലൂടെ താനുൾപ്പെടുന്ന കീഴാള ജീവിതത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളെ വിളിച്ചറിയിക്കുകയാണ് നാരായൻ ചെയ്യുന്നത്.

ബാല്യത്തിന്റെ ഉത്സാഹവും സാഹസികതയും ഉള്ള കുട്ടിയാണ് തങ്കപ്പൻ. കുടുംബത്തിന്റെ പശിയടക്കാൻ തനിക്ക് ആവുന്നത് ചെയ്യാനുള്ള ഉത്തരവാദിത്വവും അവനുണ്ട്. “അഞ്ചെണ്ണത്തിനെ ചുമന്ന വേദന അവന്റെ എളിയിലുണ്ടെന്ന” പരാമർശവും ഇതിന്റെ സൂചനതന്നെ. കാട്ടിൽ നിന്ന് ഭക്ഷണത്തിനായുള്ള വക കണ്ടെത്താനുള്ള മിടുക്കും അവനുണ്ട്. കാറ്റും മഴയും വകവെക്കാതെ, പാറകളിലും കല്ലുകളിലും തട്ടി മലവെള്ളം കൂലം കുത്തിയൊഴുകുന്ന തോട് ചാടിക്കടന്ന് വഴുക്കലുള്ള പാറപ്പുറത്തൂടെ സാഹസികമായി നാലുകാലിലിഴഞ്ഞാണ് അവൻ ചേമ്പിൻ കൂട്ടത്തിനടുത്തെത്തുന്നത്.

തങ്കപ്പന്റെ ജീവിത പശ്ചാത്തലം നാം ആദ്യം പരിചയപ്പെടുന്നത് ഇങ്ങനെയാണ്.

മാറിയുടുക്കാൻ തുണിയോ അലക്കാൻ സോപ്പോ തങ്കപ്പനില്ല. അതെല്ലാമുണ്ടെങ്കിൽ കാട്ടുതാളിന്റെ ആവശ്യവുമില്ല.”

കാട്ടുതാളെന്ന ചൊറിയുന്ന, ഒട്ടും രുചിയില്ലാത്ത ഇല വേവിച്ച് വിശപ്പടക്കുന്ന അവനെ സംബന്ധിച്ചിടത്തോളം മാറിയുടുക്കാനുള്ള തുണിയും അതുകഴുകാനുള്ള സോപ്പും ഒരാർഭാടമാണ്. “അവന് ആകെ രണ്ടു മുണ്ടും ഒരു ഷർട്ടുമേയുള്ളൂ; നന്നായൊന്നു കുടുഞ്ഞാൽ ഇറന്നു വീഴാവുന്നത്. നിറം കെട്ട ഒരെണ്ണം ചുറ്റിയാണ് വീട്ടിലും ചുറ്റുവട്ടത്തുമൊക്കെ നടപ്പ്. മറ്റേത് പള്ളിക്കൂടത്തിൽ പോകാനും. സോപ്പില്ലാത്തതിനാൽ തോട്ടരികിലെ ചോനയുടെ കായ്കൾ തിരുമ്മിച്ചതച്ചാണ് അലക്കിയിട്ടിരുന്നത്. ചോനക്കായ എന്നുമുപയോഗിച്ചാൽ തുണി വേഗം കീറിപ്പോകും. മറ്റൊന്നു വാങ്ങിക്കിട്ടാൻ വല്ലാതെ വിഷമിക്കും”

ജീവിതത്തിലെ കൊടിയ പ്രയാസങ്ങളെ എത്ര ധീരമായാണ് അവൻ നേരിടുന്നത്. അവന്റെ ചലനങ്ങളെയും പ്രവൃത്തിയെയും ഈ പ്രയാസങ്ങൾ അലോസരപ്പെടുത്തുന്നതായി നമുക്ക് തോന്നില്ല. ജീവിതത്തിലെ ചെറിയൊരു പ്രതിസന്ധിയെപ്പോലും തരണം ചെയ്യാനാവാതെ ഉഴറുന്ന ആധുനിക നാഗരികബാല്യത്തിന് തങ്കപ്പന്റെ ആത്മവിശ്വാസവും ലഘുത്വവും ഷോക് ചികിത്സ ആവേണ്ടതാണ്. അവന്റെ കിടപ്പുമുറി കാണുക: കൂരയോടു ചേർത്തു കെട്ടിയ ഒരു തട്ടാണത്. എന്നോ മേഞ്ഞ പനയോല ദ്രവിച്ച് ഈർക്കിലുമാത്രമേ ബാക്കിയുള്ളൂ. “രാത്രിക്ക് നല്ല തണുപ്പാകുമ്പോൾ തങ്കപ്പൻ മീതെയുള്ള ചാക്കിൽ കയറി വളയും – അതാണ് പതിവ്” – തങ്കപ്പനെപ്പോലെ നിസ്സാരമായാണ് കഥാകൃത്തും അതിനെ കാണുന്നത്.

ദാരിദ്ര്യത്തിന്റെയും വിശപ്പിന്റെയും കണ്ണീര് കുടിക്കുന്ന, കണ്ണീര് പോലും വറ്റിവരണ്ട കീഴാള ജീവിതത്തിന്റെ പരമാർഥങ്ങളെ, ഊതി വീർപ്പിച്ച വികസനത്തിന്റെ രാജപാതകളുടെ അരികുകളിൽ നിന്നു കണ്ടെത്തുകയും അവ സാഹിത്യഭാഷയുടെ തൊങ്ങലുകൾ ചേർക്കാതെ ആവിഷ്കരിക്കുകയും ചെയ്യുന്ന പുതിയ ദലിത് സാഹിത്യത്തിന്റെ മികച്ച ഉദാഹരണമാണ് നാരായന്റെ ‘പനങ്കുറക്കും താളുകറിയും’. ബാല്യകാല സഖിയിൽ ബഷീർ എഴുതിയ പ്രശസ്തമായ വാക്യമാണ് ഈ കഥ നമ്മെ ഓർമിപ്പിക്കുക ‘ദാരിദ്ര്യമാണ് മനുഷ്യന് വരാവുന്ന ഏറ്റവും വലിയ രോഗം. അത് അവന്റെ ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കും.”

**ഭാഷാഭേദം**

ഭാഷയ്ക്കകത്തുതന്നെയുള്ള വ്യതിയാനങ്ങളാണല്ലോ ഭാഷാഭേദങ്ങൾ. പ്രദേശം, ജാതി-മത വ്യത്യാസം, വർഗം, ലിംഗം എന്നിവയെ അടിസ്ഥാനപ്പെടുത്തിയെല്ലാം ഭാഷഭേദങ്ങൾ ജന്മമെടുക്കാം. കേരളത്തിന്റെ തെക്ക്, വടക്ക്, മധ്യം എന്നിങ്ങനെ കൃത്യമായി വേർതിരിക്കാവുന്ന പ്രദേശങ്ങളിലെ ഭാഷ, ഹിന്ദു – ക്രിസ്ത്യൻ – മുസ്ലീം മതവിഭാഗങ്ങൾ പ്രയോഗിക്കുന്ന ഭാഷ, ഉന്നതവർഗത്തിൽ പെട്ടവരും കീഴാള വിഭാഗത്തിൽ പെട്ടവരും പ്രയോഗിക്കുന്ന ഭാഷ, ചില സന്ദർഭങ്ങളിൽ സ്ത്രീകളും പുരുഷന്മാരും പ്രയോഗിക്കുന്ന ഭാഷ ഇവയിലെല്ലാം പലപ്രകാരത്തിലുള്ള വ്യത്യസ്തതകൾ ദൃശ്യമാണ്.

പഴയകാലത്ത് ഉന്നതവർഗത്തിന്റെ ഭാഷയാണ് ശരിയെന്നും ശേഷിക്കുന്നതെല്ലാം നീചമോ തെറ്റോ ആണെന്നും കരുതിപ്പോന്നിരുന്നു. ഭാഷ കേവലം ആശയവിനിമയത്തിനുള്ളത് മാത്രമല്ലെന്നും അത് സംസ്കാരത്തിന്റെ ആകെത്തുകയും വ്യക്തിത്വത്തിന്റെ അടർത്തിമാറ്റാനാവാത്ത ഘടകവുമാണെന്നും ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ സംസ്കാര പഠനത്തിൽ മാനകഭാഷയെക്കാൾ സ്ഥാനം ഭാഷാഭേദങ്ങൾക്ക് കൈവന്നു.

സമൂഹത്തിന്റെ ഇടം ചരിത്രത്തിൽ ചേർക്കപ്പെടുന്നത് അവരുടെ ജീവിതവും സംസ്കാരവും സാഹിത്യത്തിൽക്കൂടി അടയാളപ്പെടുമ്പോഴാണ്. ഇതാകട്ടെ മാനകഭാഷയിൽ പലപ്പോഴും അസാധ്യമാകും. ഒരു ഘട്ടത്തിൽ സാഹിത്യം എന്നത് ഉന്നത കുലജാതരാൽ രചിക്കപ്പെടുന്നതും അവരുടെ വീരചരിതങ്ങളുടെ കഥനവും മാത്രം ആയിത്തീർന്നത് ഈ ഭാഷാവിവേചനം കൊണ്ടു കൂടിയാണ്.

നവോത്ഥാനത്തിന്റെ ഭാഗമായാണ് കീഴാളജീവിതവും സാഹിത്യത്തിന് വിഷയമായത്. ആദ്യകാലങ്ങളിൽ മാനകഭാഷയിൽത്തന്നെയാണ് അതിനുള്ള ശ്രമം നടന്നതെങ്കിലും, ഉടൻ തന്നെ ഇതിലെ കൃത്രിമത്വം തിരിച്ചറിഞ്ഞ് അവരുടെ യഥാർഥ ഭാഷയോടടുത്തുനില്ക്കുന്ന ലിപിയുപയോഗിച്ച് അവ രേഖപ്പെടുത്തുന്നതിന് നമ്മുടെ എഴുത്തുകാർ തയാറായി. വൈക്കം മുഹമ്മദ് ബഷീറിന്റെ രചനകൾ ഇതിന്നുദാഹരണമാണ്. ആധുനികതയുടെ കാലമെത്തുമ്പോഴേക്കും പ്രക്തനജനവിഭാഗങ്ങളുടെ ജീവിതവും സംസ്കാരവും അവരുടെ ഭാഷയുടെ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ടു തന്നെ ആവിഷ്കരിക്കണമെന്ന സിദ്ധാന്തം പ്രബലമായി.

ഭാഷാഭേദങ്ങൾക്കകത്ത് സവിശേഷമായ സ്ഥാനമുണ്ട് ആദിവാസി ഭാഷകൾക്ക്. ബാഹ്യലോകവുമായുള്ള ബന്ധം താരതമ്യേന കുറവായതുകൊണ്ടുതന്നെ അവയ്ക്ക് മാനക മലയാളത്തോട് ഏറെ അന്തരമുണ്ട്. കന്നട, തുളു, തമിഴ് തുടങ്ങി തൊട്ടടുത്ത പ്രദേശങ്ങളിലെ ഭാഷയോടാണ്, വ്യത്യസ്ത പ്രദേശങ്ങളിൽ കിടക്കുന്ന ആദിവാസികളുടെ ഭാഷകൾക്ക് സാമ്യം.

- ആദിവാസികളുടെ ഭാഷയിൽത്തന്നെ ആദിവാസി ജീവിതം പകർത്താൻ ശ്രമിക്കുന്നതെന്തിന്?
- ഭാഷയും സംസ്കാരവും തമ്മിൽ എന്താണ് ബന്ധം?

തുടങ്ങിയ ചോദ്യങ്ങളിലൂടെ ഭാഷാഭേദങ്ങൾക്കുള്ള പ്രാധാന്യം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. പനങ്കുറുക്കും താളുകറിയും പണയമുതൽ എന്നീ രചനകളിൽ ഒട്ടനവധി ഭാഷാഭേദങ്ങൾ കണ്ടെത്താനാവുമല്ലോ. കുട്ടികൾ അവ പട്ടികപ്പെടുത്തട്ടെ. തുടർന്ന് സ്വന്തം പ്രദേശത്തെ പ്രാദേശിക ഭാഷാപദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനത്തിലേക്ക് പ്രവേശിക്കാം. ചെറുഗ്രൂപ്പുകളായിത്തിരിഞ്ഞ് പദങ്ങൾ ശേഖരിക്കുന്നതായിരിക്കും ഉചിതം. ഗ്രൂപ്പുകൾക്ക് വ്യത്യസ്ത മേഖലകളിലുള്ള പദങ്ങൾ ശേഖരിക്കാനുള്ള ചുമതല നല്കാം. കാർഷികം, ഗാർഹികം, സംസ്കാരം, ഭക്ഷണം എന്നിങ്ങനെ വിഭാഗങ്ങളായിത്തിരിച്ചോ, കുറേക്കൂടി സൂക്ഷ്മമായി അടുക്കളയിലെ ഉപകരണങ്ങൾ, പണിയായുധങ്ങൾ എന്നിങ്ങനെ വിഭജിച്ചോ ഗ്രൂപ്പുകൾക്ക് നൽകാം. ഓരോരുത്തരും തങ്ങൾ ശേഖരിച്ച പദങ്ങൾ വർഗീകരിക്കട്ടെ. എല്ലാ ഗ്രൂപ്പിൽ നിന്നും പദങ്ങൾ ഉൾക്കൊള്ളുന്ന നിലയിലാണ് ക്ലാസ് പ്രാദേശിക ഭാഷാ നിഘണ്ടു തയാറാക്കേണ്ടത്. നിഘണ്ടുവിന്റെ പ്രകാശനം പ്രദേശത്തെ തലമുതിർന്ന ഒരു വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നത് ഉചിതമാകും.

### കഥാപാത്രനിരൂപണം

പനങ്കുറുക്കും താളുകറിയുമെന്ന കഥയിലെ പ്രധാന കഥാപാത്രമായ തങ്കപ്പന്റെ സ്വഭാവ സവിശേഷതകളിലൂന്നി ഒരു കഥാപാത്രനിരൂപണം തയാറാക്കാം. തങ്കപ്പൻ അനുഭവിക്കുന്ന

ജീവിതദുരിതങ്ങളോട് സഹാനുഭൂതിയുണർത്തിയും നമ്മളോരോരുത്തരും അനുഭവിക്കുന്ന സൗഭാഗ്യങ്ങൾ ഓർമിപ്പിച്ചുകൊണ്ടും ചർച്ച നടത്തിവേണം പ്രവർത്തനത്തിലേക്ക് കടക്കാൻ.

- തങ്കപ്പൻ എന്ന കുട്ടിയുടെ അവസ്ഥ എപ്രകാരമാണ്? അത് അങ്ങനെ ആയിത്തീർന്നതിൽ ആർക്കൊക്കെ ഉത്തരവാദിത്വമുണ്ട്?
- ഈ ജീവിത ദുരിതത്തിലും അവനിൽ കാണുന്ന ആത്മവിശ്വാസത്തിന്റെ അടിസ്ഥാനമെന്ത്? ഇത്തരം മാനസികാവസ്ഥയാണോ ഇന്നത്തെ കുട്ടികളിൽ കാണുന്നത്?
- മുഖ്യധാരാസമൂഹത്തിന്റെ ജീവിതവും ആദിവാസിജീവിതവും തമ്മിൽ എത്രമാത്രം വൈരുധ്യങ്ങളുണ്ട്?
- ആദിവാസികളുടെയും ദലിതരുടെയും അവസ്ഥ എക്കാലത്തും ഇങ്ങനെ തുടർന്നാൽ മതിയോ? അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയും?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കണം. സമൂഹത്തിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ട ആദിവാസികളും ദലിതരുമടങ്ങുന്ന വിഭാഗങ്ങളോട് അനുകൂലമനോഭാവമുണ്ടാകുന്ന രീതിയിലാണ് ചർച്ച ക്രോഡീകരിക്കേണ്ടത്.

ഇതേ രീതിയിൽ ചർച്ച നടത്തി ആശയവ്യക്തത വരുത്തി 'പണയമുതലി' ലെ കൈപ്പാടൻ എന്ന കഥാപാത്രത്തെക്കുറിച്ചും നിരൂപണം നടത്താം.

## പഴഞ്ചൊല്ലുകളും ശൈലികളും

താഴ്ന്ന ക്ലാസുകൾ മുതലേ കുട്ടികൾ പഴഞ്ചൊല്ലുകൾക്കും ശൈലികൾക്കും ഭാഷയിലുള്ള സ്ഥാനം തിരിച്ചറിഞ്ഞിരിക്കും. കുറച്ചുകൂടി ആഴത്തിൽ അവയെ നോക്കിക്കാണാനും അവയുടെ ആന്തരാർഥങ്ങളിലേക്ക് പോകാനും കഴിയുന്ന രീതിയിൽ പ്രവർത്തനം ആസൂത്രണം ചെയ്യണം.

തുടർന്ന് കുട്ടികൾ അവർക്കറിയുന്ന പഴഞ്ചൊല്ലുകളും ശൈലികളും പട്ടികപ്പെടുത്തട്ടെ. അധ്യാപിക അവ ക്രോഡീകരിക്കണം. അവയിൽ നിന്ന് കഥ, നർമലേഖനം തുടങ്ങിയ രചനകളിലേക്ക് ചെന്നെത്താവുന്നവ തിരഞ്ഞെടുക്കണം.

മൂന്നോ നാലോ എണ്ണത്തിന്റെ സാധ്യതകൾ പൊതുവായി ചർച്ച ചെയ്യണം. ആശയവ്യക്തത വരുത്തിയതിനു ശേഷം വ്യക്തിപരമായ രചനയിലേക്കു നയിക്കാം.

## കഥയരങ്ങ്/കവിതയരങ്ങ്

ആദിവാസി ദലിത് ജീവിതാവസ്ഥകൾ ചിത്രീകരിച്ച കഥകൾ, കവിതകൾ എന്നിവ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം.

- നിസ്സഹായന്റെ നിലവിളി – നാരായൻ
- ടി.കെ.സി. വടുതലയുടെ കഥകൾ
- വത്സലയുടെ കഥകൾ
- പൊന്നി – മലയാറ്റൂർ

മുതലായ രചനകളും കൃതികളും പ്രയോജനപ്പെടുത്താം. ഗതികെട്ടാൽ പുലി പുല്ലും തിന്നും- എന്ന പഴഞ്ചൊല്ലിലെ ആശയത്തെ വിമർശനാത്മകമായി വേണം കഥയുമായി താരതമ്യം ചെയ്യാൻ. പഴഞ്ചൊല്ലിൽ നിന്ന് ഏതൊക്കെ ആശയങ്ങൾ രൂപീകരിക്കാം.

- മാംസഭുക്കായ പുലി ആഹാരമൊന്നും കിട്ടാതായപ്പോൾ പുല്ല് തിന്നുന്നു.
- അത് പുലിയുടെ സ്വഭാവത്തിന് യോജിച്ചതല്ല.
- മാംസത്തെ അപേക്ഷിച്ച് പുല്ല് ചീത്തയാണ്.
- ഇത് ഗതികെട്ട ഒരു സന്ദർഭത്തിൽ ചെയ്യുന്നതാണ്.

- മറ്റൊരു രക്ഷയുമില്ലെങ്കിൽ ഏതൊരാളും ജീവൻ നിലനിർത്താൻ/രക്ഷപ്പെടാൻ ഏത് ഹീനമായ വഴിയും സ്വീകരിക്കും.

ഇത്തരം ആശയങ്ങൾ പനങ്കുറുക്കും താളുകറിയുമെന്ന കഥയുടെ ആശയതലവുമായി യോജിക്കുമോ?

- ഗതികെട്ട ഒരു സന്ദർഭത്തിൽ മാത്രമാണോ ആദിവാസി വിഭാഗത്തിൽപ്പെട്ട ദരിദ്രരായ മനുഷ്യർ താളും പനങ്കുറുക്കും കഴിക്കുന്നത്?
- മറ്റെല്ലായ്പ്പോഴും അവർക്ക് അർഹമായ ജീവിതം ജീവിക്കാൻ കഴിയുന്നുണ്ടോ?
- പനങ്കുറുക്കും താളുകറിയും ചീത്തയാണോ?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കാം.

കുട്ടികളുടെ കണ്ടെത്തലുകൾ അവർ കുറിപ്പായി അവതരിപ്പിക്കട്ടെ.

ആദിവാസി എന്നാൽ ആദിമനിവാസികൾ എന്നാണർത്ഥം. അതായത് ഭൂമിയുടെ ആദ്യത്തെ അവകാശികൾ. എന്നാൽ നാം ഇന്ന് ആദിവാസികൾ എന്ന് പ്രയോഗിക്കുന്നത് ഏതെല്ലാം അർത്ഥങ്ങളിലാണ്? ചർച്ച ചെയ്യുക - നമ്മുടെ പ്രയോഗരീതി ശരിയോ? ചർച്ചയിലൂടെ ഭൂമിയുടെ ആദ്യത്തെ അവകാശികൾ എന്ന മഹത്തായ അർത്ഥവ്യാപ്തിയാണ് ആദിവാസി എന്ന പ്രയോഗത്തിലുള്ളതെന്ന ധാരണ കുട്ടികൾക്കുണ്ടാവണം.

# *സിലബസ് ഗ്രിഡ്*

## ജീവിതത്തിന്റെ തുടിത്താളം

**പ്രശ്നമേഖല** : <u>സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ</u>

**ഉപപ്രശ്നം** :
- തനതുകലകൾ നാശോൻമുഖമാകുന്നു

**പഠനലക്ഷ്യങ്ങൾ** :
- സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണ് തനതുകലകളെന്ന് തിരിച്ചറിയുന്നതിന്
- തനതുകലകളിൽ പ്രാക്തന ജനതയുടെ ജീവിതശൈലിയും സംസ്കാരവും തിരിച്ചറിയുന്നതിന്
- തനതു കലകളിൽ സാമൂഹ്യവിമർശനത്തിന്റെ അംശങ്ങളുണ്ടെന്ന ധാരണ
- നാടകം തുടങ്ങിയ ആധുനിക കലകളിൽ നാടോടികലകളുടെ സ്വാധീനമുണ്ടെന്ന് തിരിച്ചറിയുന്നതിന്
- കവിതയുടെ താളം, ഈണം എന്നിവയ്ക്ക് നാടോടികലകളുമായി ബന്ധമുണ്ടെന്ന് തിരിച്ചറിയുന്നു
- നാടോടി നാടകസാഹിത്യശാഖ പരിചയപ്പെടുന്നതിന്
- തനതു കലാരൂപങ്ങളിലെ ഭാഷാരൂപങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുന്നത്
- സമാനതകളുള്ള നാടൻ പാട്ടുകൾ കണ്ടെത്തി ചൊല്ലി ആസ്വദിക്കുന്നതിനും ആശയങ്ങളെ താരതമ്യം ചെയ്യുന്നതിനും

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| (തനിമയും പൈതൃകവും)<br><br>കേരളത്തിനു തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട് | • നമുക്ക് തനതായ കലാപാരമ്പര്യമുണ്ട്<br>• നമ്മുടെ സംസ്കാരത്തിന്റെ അഭിവാജ്യഘടകമാണത്<br>• പ്രാക്തന ജനതയുടെ ജീവിതശൈലിയും സംസ്കാരവും നാടോടിക്കലകളിൽ പ്രതിഫലിക്കുന്നുണ്ട്<br>• സാമൂഹ്യ വിമർശനത്തിന്റെ അംശങ്ങൾ നാടോടി കലകളിലുണ്ട്<br>• ജാതി മതാതീതമായ കൂട്ടായ്മയുണ്ടാക്കുന്നതിൽ തനതുകലകൾ പ്രമുഖ പങ്ക് വഹിച്ചിട്ടുണ്ട്<br>• നാടൻ കലകളുടെ നാശം സംസ്കാരത്തെ ദോഷകരമായി ബാധിക്കും<br>• പ്രാചീന ഗാനങ്ങളുടെ ഈണവും താളവും ആധുനിക കവിതയെ പോലും സ്വാധീനിക്കുന്നു.<br>• ആധുനിക നാടകത്തിന്റെ അടിവേരുകൾ നാടോടി നാടകത്തിൽ കാണാം. | **ആർജിതം**<br>• നാടൻ പാട്ടുകൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ സംസ്കാരം എന്ന ധാരണ<br>• നാടൻ കലകളെക്കുറിച്ചുള്ള പ്രാഥമിക ധാരണ<br>**കൃതികൾ**<br>• അനുഷ്ഠാനകലകളിലെ പാട്ടുകൾ (തോറ്റം തുടങ്ങിയവ)<br>• നാടോടി നാടകം<br>• കേരളീയരുടെ സാംസ്കാരിക ജീവിതത്തിൽ തനതുകലകൾക്കുള്ള പ്രാധാന്യം വിഷയമാകുന്ന ലേഖനം | • തോറ്റം പാട്ട് വിശകലനം ചെയ്ത് അവയിൽ പ്രതിഫലിക്കുന്ന ജീവിതം, സാമൂഹ്യവിമർശനാത്മകം ഇവ കണ്ടെത്തി കുറിപ്പെഴുതുന്നു<br>• നാടോടി നാടകം വിശകലനം ചെയ്ത് അതിലെ കഥാപാത്രചിത്രണം, ഫലിത പരിഹാസങ്ങൾ തുടങ്ങിയവയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പെഴുതുന്നു.<br>• ലേഖനം വിശകലനം ചെയ്ത് നാടൻ കലകളുടെ ജനകീയത, കൂട്ടായ്മയുണ്ടാക്കുന്നതിൽ അവയ്ക്കുള്ള പങ്ക് തുടങ്ങിയവ തിരിച്ചറിഞ്ഞ് രചനകളിൽ ഏർപ്പെടുന്നു<br>• ആധുനിക നാടകങ്ങളിൽ നാടോടി നാടകങ്ങളുടെ സ്വാധീനമുണ്ടെന്ന് തിരിച്ചറിഞ്ഞ് രചനകളിൽ ഏർപ്പെടുന്നു<br>• ആധുനിക കവിതകളുടെ ഈണം, താളം തുടങ്ങിയവ നാടോടി ഗാനങ്ങളോട് കടപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് രചനകളിൽ ഏർപ്പെടുന്നു. | • തനതുകലകളെ സംരക്ഷിക്കേണ്ടതുണ്ടെന്ന ധാരണയുണ്ടാകുന്നു<br>• നാടൻകലകൾ ആസ്വദിക്കാനും വിശകലനം ചെയ്യാനുമുള്ള മനോഭാവം<br>• സാമൂഹിക കൂട്ടായ്മയുണ്ടാക്കുന്നതിൽ തനതു കലകൾക്ക് പ്രമുഖ പങ്കുവഹിക്കാനുണ്ടെന്ന തിരിച്ചറിവുണ്ടാകുന്നു. | • ...<br>• നാടൻ കലകളിലെ വിമർശനങ്ങൾ കണ്ടെത്തി അവതരിപ്പിക്കാനുള്ള കഴിവ്<br>• നാടോടി കലകളിലെ ... സവിശേഷതകൾ കണ്ടെത്തി നിർവഹിക്കാനുള്ള കഴിവ്<br>• ... |

# 4

# ജീവിതത്തിന്റെ തുടിതാളം

### ആമുഖം

ഏതു മനുഷ്യനും ജനിച്ചുവീഴുന്നത് ഒരു പ്രത്യേക സാംസ്കാരിക അന്തരീക്ഷത്തിലേക്കാണ്. വ്യക്തികൾക്കെന്ന പോലെ വ്യക്തികളുടെ കൂട്ടായ്മയായ സമൂഹത്തിനും പാരമ്പര്യത്തിന്റെ വലിയൊരു സമ്പത്ത് ലഭിക്കുന്നുണ്ട്. സാംസ്കാരിക പാരമ്പര്യമാണ് ഇതിൽ പ്രധാനം. നൂറ്റാണ്ടുകളിലൂടെ സമൂഹം ആർജിക്കുന്നതാണ് ഈ പാരമ്പര്യം. ആ സംസ്കാരത്തിന്റെ അടയാളങ്ങൾ നമ്മുടെ അബോധമനസ്സിൽപോലും പതിഞ്ഞു കിടപ്പുണ്ടാവും. സി.ജി. യുങ്ങ് എന്ന മനശ്ശാസ്ത്രജ്ഞൻ സാമൂഹിക അബോധത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ടല്ലോ. നമ്മുടെ അബോധത്തിന്റെ ഒരു ഭാഗം നമ്മുടെ മുൻതലമുറയുടേതുതന്നെയാണ്. പ്രാക്തനകാലത്ത് ജീവിച്ചിരുന്ന പ്രപിതാമഹൻമാരുടെ മനസ്സിന്റെ ഒരംശം തലമുറകളിലൂടെ നമുക്കും ലഭിച്ചിട്ടുണ്ട്. പ്രകൃതിയോടും നമ്മുടെതായ താളചലനങ്ങളോടുമൊക്കെയുള്ള ബന്ധം നാമറിയാതെതന്നെ നമുക്ക് ലഭിക്കുന്നുണ്ടെന്നർഥം.

ഒരു കാലത്ത് സംസ്കാരമെന്നാൽ പൂർണമായും പ്രകൃതിയുമായി ബന്ധപ്പെട്ടതായിരുന്നു. ജീവിതശൈലിയുടെ ആകത്തുകയാണ് സംസ്കാരമെന്നതിനാൽ ജീവിതശൈലിതന്നെ പ്രകൃതിയുമായി ചേർന്നതായിരുന്നു. പ്രകൃതിശക്തികളോടുള്ള പലതരത്തിലുള്ള പ്രതികരണമായാണ് ആരാധനയും ആചാരാനുഷ്ഠാനങ്ങളുമൊക്കെ ഉണ്ടായത്. നാടൻകലകളും അങ്ങനെ തന്നെ. പ്രകൃതിയുമായെന്നപോലെ അധ്വാനവുമായും അതിന് ബന്ധമുണ്ട്.

നാടൻകലകളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നവയാണ് അനുഷ്ഠാന കലകൾ. ഭക്തിയും ആരാധനയുമൊക്കെയാണ് അവയുടെ അടിത്തറയായുള്ളതെങ്കിലും ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രവും കാലാവസ്ഥയുമാണ് അവയെ രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്കു വഹിക്കുന്നത്. വേഷഭൂഷാദികൾ, നിറങ്ങൾ, ചുവടുകൾ, പാട്ടിന്റെ ഈണം, താളം തുടങ്ങിയവയൊക്കെ പ്രാദേശിക ഭേദമുള്ളവയാണെന്നു കാണാം. ഓരോ ഗ്രാമത്തിലും അനേകമനേകം ഇത്തരം നാടൻ കലകളുണ്ട്. നൂറ്റാണ്ടുകളായി ആ നാട്ടിലെ ജനങ്ങളുടെ സംസ്കാരത്തിന്റെ പ്രഭവകേന്ദ്രമായി അവ നിലനിൽക്കുകയും ചെയ്യുന്നു. അനുഷ്ഠാനം എന്നതുകൊണ്ട് നിഷ്ഠയോടെ ചെയ്യുന്നത് എന്നാണ് അർഥമാകുന്നത്. ഗൗരവപൂർവ്വം കൈകാര്യം ചെയ്യുന്നവയാണ് അനുഷ്ഠാനം. നാടകത്തിന്റേതായ അംശങ്ങളെല്ലാം അതിൽ കാണാം. തെയ്യങ്ങളുടെ കണ്ണാടിനോക്കൽ പോലുള്ളവ ഉദാഹരണം.

കേരളമങ്ങോളമിങ്ങോളമുള്ള നാടൻകലകളുടെ കണക്കെടുത്താൽ നാം അമ്പരന്നുപോകും. എണ്ണിത്തിട്ടപ്പെടുത്താവുന്നതല്ല അത്. ക്ലാസിക് കലകളെ അപേക്ഷിച്ച് ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും പ്രവേശനമുണ്ട് നാടൻകലകൾക്ക്. ജീവിതം തന്നെയാണവ.

നൂറ്റാണ്ടുകളിലൂടെ ലഭിച്ച ഈ നാടൻകലാ സമ്പത്തിൽ അഭിമാനിക്കേണ്ടവരാണ് നാം. അവയെ സംരക്ഷിക്കുകയും വരാനിരിക്കുന്ന തലമുറകളിലേക്ക് കൈമാറുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ വാസ്തവത്തിൽ എന്താണ് സംഭവിക്കുന്നത്?

കലയെന്നു പറഞ്ഞാൽ പുതിയ തലമുറയ്ക്ക് സിനിമ മാത്രമായി മാറുകയാണ്. പാട്ടെന്നാൽ സിനിമാപ്പാട്ട്. നൃത്തമെന്നാൽ സിനിമാറ്റിക് ഡാൻസ്. ഈ മായക്കാഴ്ചകൾ അരങ്ങുതകർക്കുമ്പോൾ പുതിയ തലമുറയ്ക്ക് കൈമോശം വരുന്നത് പൈതൃകമായി ലഭിച്ച സംസ്കാരത്തിന്റെ ഈടുവെപ്പുകളാണ്. വിദൂരത്തിരുന്ന് ആരൊക്കെയോ പലപല താൽപര്യങ്ങൾ മുൻനിർത്തി നിർമിച്ചുകൊണ്ടിരിക്കുന്ന ദൃശ്യങ്ങൾ സ്വീകരണമുറിയിലിരുന്ന് കണ്ടുതീർക്കാൻ ശീലിച്ചുവരുന്ന നമ്മുടെ കുട്ടികൾക്ക് തൊട്ടപ്പുറത്ത് അരങ്ങേറുന്ന നാടൻകല ആസ്വദിക്കാൻ മനസ്സില്ലാതാവുന്നത് അത്ഭുതമേയല്ല. കാഴ്ചാശീലങ്ങളിൽ നിന്ന് അവരെ വഴിമാറ്റി നടത്തുകയും നാടൻകലകൾ ആസ്വദിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുക എന്നത് അവശ്യമായി വന്നിരിക്കയാണ്.

നാടൻകലകൾ വെറുമൊരു വിനോദോപാധിയല്ലെന്നും അവ വലിയൊരു പഠനവസ്തുവാണെന്നും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. പ്രാക്തന ജനതയുടെ ജീവിതശൈലിയും സംസ്കാരവും അവയിൽ നിന്ന് കണ്ടെത്താനാവും. ആ കലാരൂപങ്ങളുടെ അവതാരകരായ ജനവിഭാഗങ്ങൾ ഒരുകാലത്ത് അഭിമുഖീകരിച്ചിരുന്ന സാമൂഹ്യപ്രശ്നങ്ങൾ എന്തൊക്കെയാണ്, ഏതുതരത്തിലാണ് ആ കലകൾ സാമൂഹ്യവിമർശനം നിർവഹിക്കുന്നത്, ജനങ്ങളെ ഒരുമിപ്പിക്കുന്ന എന്തെല്ലാം ഘടകങ്ങൾ അവയിലുണ്ട്, തുടങ്ങിയ കാര്യങ്ങളും അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. കഴിഞ്ഞുപോയ ഏതോ കാലത്തിന്റെ വികാരവിചാരങ്ങളും സങ്കൽപ്പങ്ങളുമാണ് പുരാവൃത്തങ്ങളിൽ വരുന്നതെന്നത് ശരിയാണ്. പക്ഷെ, എന്നും പ്രസക്തമായ കുറേകാര്യങ്ങൾ അവയ്ക്കുള്ളിൽ അടങ്ങിയിട്ടുണ്ട്. നമ്മുടേതെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ കാലത്ത് നാം ആരെന്ന് തിരിച്ചറിയാൻ നാടൻകലകളാണ് മുഖ്യമായും സഹായിക്കുന്നത്.

പാരമ്പര്യമായി ലഭിക്കുന്ന നാടൻകലകൾ പോലുള്ളവ കൈയൊഴിഞ്ഞ് മറ്റേതോ സംസ്കാരത്തിന്റെ പിന്നാലെ പോകുന്നവർ ഉള്ളുപൊള്ളയായ മനുഷ്യരായിരിക്കും. പിറന്ന മണ്ണിൽ അന്യരാവുക എന്നതായിരിക്കും അതിന്റെ ദുരന്തം. വ്യക്തിജീവിതത്തെയും സാമൂഹികജീവിതത്തെയും ഒരേപോലെ ബാധിക്കുന്ന ഈ അപകടത്തെ മുന്നിൽക്കണ്ടു കൂടിയാണ് സാംസ്കാരത്തനിമയെയും നാടൻകലകളെയും സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാക്കാനുതകുന്ന പാഠഭാഗങ്ങൾ ഈ യൂണിറ്റിൽ കൊടുത്തിരിക്കുന്നത്.

## പഠനലക്ഷ്യങ്ങൾ

സാസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ചുള്ള ധാരണയില്ലായ്മ എന്ന പ്രശ്നമേഖലയിൽ വരുന്നതാണ് ഈ യൂണിറ്റ്. തനതുകലകൾ നാശോൻമുഖമാകുന്നു എന്ന ഉപപ്രശ്നത്തിലൂന്നിയാണ് യൂണിറ്റ് തയാറാക്കിയിട്ടുള്ളത്. ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന പഠനലക്ഷ്യങ്ങൾ ഇവയാണ്.

- സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണ് തനതുകലകളെന്ന് തിരിച്ചറിയൽ.
- തനതുകലകളിലെ പ്രാക്തനജനതയുടെ ജീവിതശൈലിയും സംസ്കാരവും തിരിച്ചറിയൽ
- തനതുകലകളിൽ സാമൂഹിക വിമർശനത്തിന്റെ അംശങ്ങളുണ്ടെന്ന ധാരണ നേടൽ.
- നാടകം തുടങ്ങിയ ആധുനികകലകളിൽ നാടോടിക്കലകളുടെ സ്വാധീനമുണ്ടെന്ന് തിരിച്ചറിയൽ.
- നാടോടി നാടകസാഹിത്യശാഖ പരിചയപ്പെടൽ
- തനതുകലാരൂപങ്ങളിലെ ഭാഷാരൂപങ്ങൾ കണ്ടെത്തി വിശകലനം ചെയ്യൽ.
- സമാനതകളുള്ള നാടൻപാട്ടുകൾ കണ്ടെത്തി ചൊല്ലി ആസ്വദിക്കലും ആശയങ്ങളെ താരതമ്യം ചെയ്യലും.

ഇവയിലൂടെ സുപ്രധാനമായ ചില മനോഭാവങ്ങൾ കുട്ടികളിൽ ഉണ്ടാകേണ്ടതുണ്ട്. നാടൻകലകൾ ആസ്വദിക്കാനും വിശകലനം ചെയ്യാനും അവർക്ക് താൽപ്പര്യമുണ്ടാകണം. സാമൂഹിക കൂട്ടായ്മയുണ്ടാക്കുന്നതിൽ പ്രമുഖ പങ്കു വഹിക്കാൻ തനതുകലകൾക്ക് കഴിയുമെന്ന ബോധമുണ്ടാകണം. തനതുകലകളെ സംരക്ഷിക്കാനുള്ള മനോഭാവം ഉണ്ടാകണം.

മേൽപ്പറഞ്ഞ പഠനലക്ഷ്യങ്ങളിലെത്തിച്ചേരാനും അതിനനുയോജ്യമായ ആശയങ്ങളും ധാരണകളും കൈവരിക്കാനും കുട്ടികളുടെ മനോഭാവത്തിൽത്തന്നെ മാറ്റം വരുത്താനും കഴിയുന്ന പഠനപ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ ഉപയോഗിക്കേണ്ടത്.

**സെമിനാർ പ്രബന്ധം**

നാടൻ കലകളെ സംരക്ഷിക്കേണ്ടതുണ്ടോ? എന്തുകൊണ്ട്?

ഈ വിഷയത്തെക്കുറിച്ച് നടത്തുന്ന സെമിനാറിൽ അവതരിപ്പിക്കാനുള്ള ഒരു പ്രബന്ധം അധ്യാപിക തയാറാക്കുന്നു.

- കേരളത്തിന്റെ നാടൻകലാപാരമ്പര്യം
- അവയിൽ പ്രതിഫലിക്കുന്ന സാമൂഹികജീവിതം
- ആ ജീവിതത്തിന് സംഭവിച്ചിരിക്കുന്ന മാറ്റം
- മാറിയ സാഹചര്യത്തിൽ നാടൻ കലകളുടെ പ്രസക്തി
- നാടൻകലകൾ കച്ചവടവൽക്കരിക്കപ്പെടുന്നുണ്ടോ?
- നാടൻകലകളെ രക്ഷിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

തുടങ്ങിയ വിഷയങ്ങൾ, പ്രബന്ധത്തിൽ വരാവുന്നതാണ്. മുകളിൽ ആമുഖമായി നൽകിയ ലേഖനഭാഗങ്ങളും ഫോക്‌ലോറിനെക്കുറിച്ച് പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

ക്ലസ്റ്റർ യോഗത്തിൽ സെമിനാർ സംഘടിപ്പിക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്യുമ്പോൾ യൂണിറ്റിന്റെ ലക്ഷ്യത്തെക്കുറിച്ച് കുറേക്കൂടി അവബോധമുണ്ടാകും. ഈ പ്രബന്ധം മെച്ചപ്പെടുത്തി പിന്നീട് ക്ലാസിൽ ടീച്ചർ വേർഷനായി അവതരിപ്പിക്കാനും സാധിക്കും. കുട്ടികൾ കൈയെഴുത്തുമാസിക തയ്യാറാക്കുന്നുണ്ടെങ്കിൽ അധ്യാപികയുടെ രചനയായി ഇതുകൂടി അതിൽ ഉൾപ്പെടുത്തുകയും ചെയ്യാം.

**യൂണിറ്റിലേക്ക്**

കേരളത്തിന്റെ നാടൻകലാ സമൃദ്ധിയെ പ്രതിനിധീകരിക്കുന്ന രണ്ട് കലാരൂപങ്ങളും നാടൻകലയുടെ സാമൂഹ്യധർമ്മമെന്താണെന്ന് വിശദീകരിക്കുന്ന ലേഖനവുമാണ് ഈ യൂണിറ്റിലുള്ളത്.

ഡോ. എം.വി. വിഷ്ണുനമ്പൂതിരി ശേഖരിച്ച പൊട്ടൻതെയ്യത്തോറ്റം (പൊട്ടനാട്ടം എന്ന ഗ്രന്ഥത്തിൽ നിന്ന്) വടക്കേമലബാറിന്റെ അനുഷ്ഠാനകലയായ തെയ്യത്തെയും തോറ്റത്തെയും അവയുടെ സാമൂഹിക വിമർശനതലത്തെയും പരിചയപ്പെടുത്തുന്നു.

ജാതിവ്യവസ്ഥയ്ക്കെതിരെ കലയിൽ ഉയർന്നുകേട്ട ആദ്യത്തെ വിമർശനസ്വരമായി ഈ തോറ്റത്തെ കണക്കാക്കാം. പ്രേക്ഷകരെ രസിപ്പിക്കുകയും പങ്കാളികളാക്കുകയും ഒപ്പം സാമൂഹിക വിമർശനം നിർവഹിക്കുകയും ചെയ്യുന്ന നാടോടിനാടക ഭാഗമാണ് ജി. ഭാർഗ്ഗവൻപിള്ള ശേഖരിച്ച മുടിയേറ്റിലെ കൂളിയുടെ പുറപ്പാട് എന്ന ഭാഗം. നാടൻകലകൾ ഏതെങ്കിലും സമുദായ വിഭാഗങ്ങളിൽ ഒതുങ്ങുന്നതല്ലെന്നും ജാതിമതാതീതമായ കൂട്ടായ്മയുണ്ടാക്കുക എന്നതാണ് അതിന്റെ സാമൂഹിക ധർമ്മമെന്നും നാടൻകലകളുടെ പകർന്നാട്ടം എന്ന ലേഖനത്തിലൂടെ ഡോ. എം. എൻ. കാരശ്ശേരി സ്ഥാപിക്കുന്നു. കേരളത്തിന്റെ സാംസ്കാരികത്തനിമയെ

ക്കുറിച്ചും അവയെ വരുംതലമുറകളിലേക്ക് കൈമാറേണ്ടതിനെക്കുറിച്ചും ആഴത്തിൽ അവബോധമുണ്ടാക്കാൻ പാഠഭാഗങ്ങളുടെ വിനിമയത്തിലൂടെ സാധിക്കും.

**ഡോക്യുമെന്ററി പ്രദർശനം**

ഒരു ഡോക്യുമെന്ററി സിനിമ പ്രദർശിപ്പിച്ച് യൂണിറ്റിലേക്ക് പ്രവേശിക്കാവുന്നതാണ്. തെയ്യം/ തിറ/മുടിയേറ്റ്/പടയണി/കണ്യാർകളി/ ഇങ്ങനെയുള്ള ഏതെങ്കിലും സി.ഡി. പ്രദർശിപ്പിക്കുന്നു. 10 മിനിട്ട് ദൈർഘ്യമുള്ളത് മതി. ശബ്ദം ഓഫ്ചെയ്ത് വേണം കാണിക്കാൻ. തുടർന്ന് ആ കലാരൂപം ഏതെന്ന് തിരിച്ചറിയാനുള്ള ലഘുചർച്ച.

- കലാരൂപം
- അവതരണസ്ഥലം, കാലം
- അവതാരകർ
- കലയുടെ സവിശേഷത

ചിത്രം പൂർണമായും പ്രേക്ഷകർക്ക് മനസ്സിലാകണമെങ്കിൽ ഒരു ശബ്ദ വിവരണം (കമന്ററി) അത്യാവശ്യമാണല്ലോ? ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ വിവരങ്ങളുടെ വെളിച്ചത്തിൽ ഗ്രൂപ്പു തിരിഞ്ഞ് ശബ്ദവിവരണം തയാറാക്കട്ടെ.

**ശബ്ദവിവരണം തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്**

- ഡോക്യൂമെന്ററിയുടെയോ കമന്ററിയുടെയോ ആഴങ്ങളിലേക്ക് തൽക്കാലം പോകേണ്ടതില്ല.
- കലാരൂപത്തെക്കുറിച്ചുള്ള വിവരണം മാത്രമാണ് ഉദ്ദേശിക്കുന്നത്.
- ലളിതമായ ഭാഷയിൽ കൊച്ചുകൊച്ചു വാക്യങ്ങളിൽ വിവരണം എഴുതണം.

സിനിമകാണിച്ചുകൊണ്ട് ശബ്ദവിവരണം പൊതുവായി അവതരിപ്പിക്കാം. ശബ്ദപഥം ഓഫ് ചെയ്ത് കമന്ററിയായി അവതരണത്തെ ഉപയോഗപ്പെടുത്താം. അഥവാ സി.ഡി കാണിക്കാൻ കഴിയുന്നില്ലെങ്കിൽ ഈ കലാരൂപങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് വിവരണം എഴുതാൻ ആവശ്യപ്പെടാവുന്നതാണ്.

- ഇത്തരത്തിലുള്ള ഏതെല്ലാം നാടൻകലകൾ നിങ്ങൾക്കറിയാം? പേര് ലിസ്റ്റ് ചെയ്യട്ടെ.
- നിങ്ങളുടെ പ്രദേശത്ത് ഏതെല്ലാം നാടൻകലകൾ പ്രചാരത്തിലുണ്ട്?

അവയിൽ ഒന്നിനെ പരിചയപ്പെടുത്താൻ സഹായിക്കുന്ന കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം. അന്വേഷിച്ച് തയാറാക്കട്ടെ.

- കലയുടെ സവിശേഷത
- ചരിത്രം, പുരാവൃത്തം
- ഇപ്പോഴത്തെ അതിന്റെ അവസ്ഥ

എന്നിവ കുറിപ്പിലുണ്ടാകണം.

ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. അധ്യാപിക തയാറാക്കിയ സെമിനാർ പ്രബന്ധവും അവതരിപ്പിക്കാവുന്നതാണ്. തുടർന്ന് ചർച്ച. അധ്യാപിക ചർച്ച ക്രോഡീകരിക്കുന്നു.

- ഓരോ നാടിനും തനതായൊരു നാടൻകലാ പാരമ്പര്യമുണ്ട്.
- അത് നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ്.

തുടങ്ങിയ തിരിച്ചറിവുകളിലേക്ക് കുട്ടികൾ എത്തിച്ചേരേണ്ടതുണ്ട്.

വടക്കൻ കേരളത്തിലെ തനതുകലയാണ് തെയ്യം. തെയ്യത്തിന്റെ പാട്ടാണ് തോറ്റം.

**തോറ്റം പാട്ടവതരണം**

പൊട്ടൻതെയ്യത്തോറ്റത്തിന്റെ ഓഡിയോ കാസറ്റോ ഓഡിയോ സി.ഡി.യോ ഉപയോഗിച്ച് തോറ്റത്തിന്റെ ഈണവും താളവും കുട്ടികൾക്ക് പരിചയപ്പെടുത്തണം. പിന്നീട് സംഘം ചേർന്ന് തോറ്റം പാട്ടവതരണമാകാം.

**ചർച്ച**

തുടർന്ന് എന്താണ് തോറ്റം പാട്ട് എന്നതിനെക്കുറിച്ച് ലഘു ചർച്ച.

- തോറ്റവും തെയ്യവും തമ്മിലുള്ള ബന്ധം
- തെയ്യത്തിന്റെ സവിശേഷതകൾ
- തോറ്റം പാട്ടുകളുടെ ഉള്ളടക്കം
- ആലാപന ഭംഗി
- ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ
- ഭാഷാപരമായ പ്രത്യേകതകൾ
-

ചർച്ച നയിക്കുന്നതിനും ഉപസംഹരിക്കുന്നതിനും *ഡോ.എം.വി.വിഷ്ണുനമ്പൂതിരി* യുടെ താഴെ കൊടുത്ത ലേഖന ഭാഗം അധ്യാപിക പ്രയോജനപ്പെടുത്തണം.

## തെയ്യവും തോറ്റവും

ദൈവം എന്ന പദത്തിന്റെ തത്ഭവമാണ് തെയ്യം. ദേവതാരൂപം ധരിച്ചാടുന്ന കോലങ്ങളിൽ മിക്കതിനെയും അത്യുത്തര കേരളത്തിൽ പ്രത്യേകിച്ച് പണ്ടത്തെ കോലത്തുനാട്ടിൽ, തെയ്യമെന്ന് പറയും. വേട്ടയ്ക്കൊരുമകൻ, ഊർപ്പഴച്ചി, വൈരജാതൻ, മുന്നായരീശ്വരൻ തുടങ്ങിയ ചില കോലങ്ങളെ മാത്രമേ അവിടങ്ങളിൽ തിറ എന്ന് പറയാറുള്ളൂ. എന്നാൽ കോഴിക്കോട്, വയനാട് പ്രദേശങ്ങളിൽ എല്ലാ കോലങ്ങൾക്കും തിറയെന്നു തന്നെ പറയുന്നു. കാസർകോട് ജില്ലയിലെ പല ഭാഗങ്ങളിലും കോലംകെട്ട് എന്ന് സാധാരണ പറയും. തെയ്യത്തിന്റെ പര്യായമെന്നതുപോലെയുള്ള വ്യവഹാരങ്ങളാണിവ. എന്നിരുന്നാലും അവ തമ്മിൽ വ്യത്യാസമുണ്ട്.

തെയ്യം, തിറ എന്നിവയ്ക്ക് അത്യുത്തരകേരളത്തിൽ കോലം എന്ന് പറയാറുണ്ട്. തെയ്യം കെട്ടുന്നതിനെ കോലം കെട്ടുക എന്നും. തെയ്യാട്ടക്കാരൻ കോലാട്ടക്കാരനാണ്. ഇളകോലം എന്ന പദവും ശ്രദ്ധിക്കുക. ചിലതെയ്യ (കോല)ങ്ങൾക്ക് തലേന്നാൾ പുറപ്പെടുവിക്കുന്ന ചെറിയകോലമാണ് ഇളംകോലം. തെയ്യത്തിന്റെ അപൂർണമായൊരു ചെറിയ പതിപ്പാണത്. ചില തെയ്യങ്ങൾക്ക് തെയ്യമുള്ള ദിവസം തന്നെ, ആദ്യം ദേവതയുടെ ഇളംകോലമാണ് പുറപ്പെടുക. കുറച്ചു നേരം നർത്തനം ചെയ്തശേഷം ആടയാഭരണങ്ങൾ പൂർണമായണിഞ്ഞ് പുറപ്പെടും.

കൂടുതൽ തെയ്യങ്ങൾ കെട്ടിയാടാറുള്ള ദിക്കുകളിൽ കോലക്കാർ വേണ്ടത്രയില്ലെങ്കിൽ ഒരു തെയ്യം കെട്ടിയാടിയശേഷം അണിയാഭരണങ്ങളിൽ ചിലതുമാത്രം അഴിച്ചുമാറ്റി പകരം മറ്റു ചിലവയണിഞ്ഞ് വേറൊരു തെയ്യമായി ആടുക പതിവുണ്ട്. ഇങ്ങനെ ഒരാൾ തന്നെ പല തെയ്യങ്ങളുടെ സങ്കൽപ്പത്തിൽ മാറിമാറി ആടുന്നതിനെ കോലത്തിൻമേൽ കോലം എന്നാണ് പറയുന്നത്.

തെയ്യം പുറപ്പെടുന്നതിന് തലേന്ന് രാത്രി പാടുന്നതാണ് തോറ്റം പാട്ട്.

തോറ്റം പാട്ടുകളെന്ന പേരിൽ അനേകം അനുഷ്ഠാനഗാനങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും നിലവിലുണ്ട്. എന്നാൽ തെയ്യത്തിറകൾക്ക് പാടിവരുന്ന തോറ്റങ്ങൾ മറ്റുള്ളവയിൽ നിന്ന്

പലതുകൊണ്ടും ഭിന്നമാണ്. അർഥസങ്കൽപ്പത്തിലും ഇതിവൃത്ത സ്വീകരണത്തിലും വ്യത്യാസം പ്രകടമാണ്.

തോറ്റം എന്ന പദത്തിന് സ്തോത്രം (സ്തുതി) എന്ന് അർഥം പറയാറുണ്ട്.

> "ഞാൻ ചൊല്ലും തോറ്റം കേൾപ്പാൻ
> വരികവേണം കതുവനൂർവീരൻ ദൈവം"

എന്ന് കതുവനൂർവീരൻ തോറ്റത്തിൽ കാണാം. ഇവിടെ സ്തുതി എന്നുതന്നെ അർത്ഥം. എന്നാൽ, 'ഒന്നു കുറ നാൽപ്പതിനേയും തോറ്റിച്ച മച്ചാൻ ശ്രീമഹാദേവൻ തിരുവടിനല്ലച്ചൻ' എന്ന് കുണ്ടോ റച്ചാമുണ്ഡി തോറ്റത്തിൽ പറയുന്നത് സൃഷ്ടിക്കുക എന്ന അർത്ഥത്തിലാണ്. ഡോ. ഹെർമ്മൻ ഗുണ്ടർട്ട് മലയാളം ആന്റ് ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽ പറയുന്നത് തോന്നുക, സൃഷ്ടിക്കുക, പുനരുജ്ജീവിപ്പിക്കുക എന്നീ അർഥമുള്ള പഴയൊരു ക്രിയാരൂപമായ തോറ്റുക എന്നതിൽ നിന്നാണ് തോറ്റം എന്ന പദം ഉണ്ടായതെന്നാണ്. കാഴ്ച, ഉൽപ്പത്തി, കീർത്തി, സൃഷ്ടി, രൂപം, ഉദയം എന്നിങ്ങനെ പല അർത്ഥങ്ങളും തമിഴിൽ ഈ പദത്തിനുണ്ട്. അതൊക്കെ മലയാള ത്തിലും സ്വീകരിക്കാവുന്നതാണ്. ചെണ്ടയോ തുടിയോ താളവാദ്യമായി ഉപയോഗിക്കുകയും പാടുകയും പാട്ടിന്റെ അന്ത്യത്തിൽ ഉറഞ്ഞുതുള്ളി നർത്തനമാടുകയും ചെയ്യുന്നതാണ് തോറ്റം. തോറ്റം കെട്ടിയ കോലക്കാരനും ഗായകസംഘവും കൂടിപ്പാടുന്നതാണ് തോറ്റം പാട്ട്. തോറ്റക്കാ രന്റെയോ തെയ്യക്കാരന്റെയോ ശരീരത്തിൽ ദേവത ആവേശിച്ച് വെളിപ്പെടുവാൻ വേണ്ടിയാ ണിത് പാടുന്നത്. ദേവതയെ വരവിളിച്ച് ചരിതം പാടി കേൾപ്പിച്ച് ആവാഹിക്കുകയാണ് ചെയ്യു ന്നതെന്ന് പറയാം.

തോറ്റങ്ങളെല്ലാം കേവലസ്തുതികളല്ല. ദേവതകളുടെ ഉത്ഭവം, മാഹാത്മ്യം, സഞ്ചാരം, രൂപവി ശേഷം, ശക്തി പ്രകടനം തുടങ്ങിയവ അവയിൽ വർണനാവിഷയമാണ്. മിക്ക ദേവതകൾക്കും ഹ്രസ്വമായ തോറ്റമേയുള്ളൂ. ഇതിവൃത്ത പ്രധാനമായ ദീർഘഗാനങ്ങളും കുറവല്ല. ദേവതയായി ജനിച്ച് മനുഷ്യജീവിതം നയിച്ചവർ, മരണാനന്തരം ദൈവികതയിലേക്ക് ഉയർന്നവർ ആത്മാ ഹുതിചെയ്ത് ദേവലോകം പൂകിയശേഷം ദേവതയായി ഭൂമിയിലേക്ക് ഇറങ്ങിയവർ, മൃഗരൂപം ധരിച്ച് സഞ്ചരിക്കുന്നവർ, ദേവതാ രൂപം ധരിച്ച തിര്യക്കുകൾ, പുരാണേതിഹാസപുരുഷൻമാർ, അന്യരക്തം ഊറ്റിക്കുടിക്കുന്ന ഉഗ്രദേവതകൾ, അഗ്നിയിൽ നിന്നും ചോരയിൽ നിന്നും വെള്ള ത്തിൽനിന്നും പാൽക്കടലിൽ നിന്നും പൊട്ടിമുളച്ചവർ എന്നിങ്ങനെ അത്ഭുതവും വൈവിധ്യവും നിറഞ്ഞ ദേവതകളെക്കുറിച്ച് തോറ്റംപാട്ടുകളിൽ പറയുന്നുണ്ട്. പുരാവൃത്തങ്ങളുടെ ആഖ്യാന മാണിവയൊക്കെയും.

തെയ്യങ്ങളും തിറകളും കെട്ടിയാടുന്ന സമുദായക്കാരുടെ വംശീയമായ അനുഷ്ഠാനപ്പാട്ടുകളാണ് തോറ്റം പാട്ടുകൾ.

എല്ലാ സമുദായക്കാരുടെയും പാട്ടുകൾ ഒരേ സ്വഭാവമുള്ളതല്ല. വരവിളിത്തോറ്റം, സ്തുതികൾ, അഞ്ചടിത്തോറ്റം, മൂലത്തോറ്റങ്ങൾ, പൊലിച്ചുപാട്ട്, ഉറച്ചിൽത്തോറ്റം, മുമ്പുസ്ഥാനം, കുലസ്ഥാ നം, കീഴാചാരം തുടങ്ങിയ ഘടകങ്ങൾ പൊതുവെ കാണാറുണ്ട്.

ഇഷ്ടദേവതകളെ വിളിച്ചുവരുത്താനുള്ള അനുഷ്ഠാനപ്പാട്ടാണ് വരവിളിത്തോറ്റം. സ്തുതികൾ പൊതുവേ ചെറുതാണ്. ദേവതകളെ പാടിപ്പുകഴ്ത്തുകയാണ് പൊലിച്ചുപാട്ടിന്റെ ധർമ്മം.

"പൊലിക, പൊലിക, ഭഗവതിയേ" ......... എന്നിങ്ങനെപോകും അവ. മുൻപുസ്ഥാനം, കീഴാചാ രം, കുലസ്ഥാനം, നാട്ടിനും തറയ്ക്കും ചൊല്ലിപ്പിരിയൽ, അനുഗ്രഹവൃഷ്ടി എന്നിവ താളാത്മ കമായ ഒരുതരം ഗദ്യരൂപമാണ്.

തോറ്റത്തിന് ഉച്ചത്തോറ്റം, അന്തിത്തോറ്റം, എന്നിങ്ങനെ വകഭേദമുണ്ട്. തോറ്റം പുറപ്പെടുന്ന സമയത്തെയാണിത് സൂചിപ്പിക്കുന്നത്. സന്ധ്യത്തോറ്റങ്ങൾ മിക്കതും ഉറഞ്ഞുതുള്ളാറുണ്ട്.

തോറ്റം പുറപ്പെടാത്ത തെയ്യങ്ങൾക്കും തിറകൾക്കും വെള്ളാട്ടമാണ് (വെള്ളാട്ട്) പുറപ്പെടുക. തോറ്റത്തെക്കാൾ കൂടുതൽ ഉടയാടകളും ആഭരണങ്ങളും ഇതിൽ അണിയും. മുഖത്ത് തേപ്പും പതിവുണ്ട്. ചെറിയമുടിയും, തലയിൽ വെക്കും. സ്ത്രീദേവതകളുടെ കോലങ്ങൾക്കെല്ലാം പ്രായേണ തോറ്റമാണ് പതിവ്. പുരുഷദേവതകളിൽ ചിലവയ്ക്കുമാത്രമേ വെള്ളാട്ടമുള്ളൂ.

- *തെയ്യം, തെയ്യവും തിറയും* എന്നീ ഗ്രന്ഥങ്ങളിൽ നിന്ന്

# നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര

## പാഠാപഗ്രഥനം

പൊട്ടൻതെയ്യത്തോറ്റത്തിലെ ജാതിവ്യവസ്ഥയുടെയും അയിത്താചാരങ്ങളുടെയും നിരർഥക തയെ ചോദ്യം ചെയ്യുന്ന ഭാഗമാണ് യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പല സമുദായക്കാരും പൊട്ടൻതെയ്യം അവതരിപ്പിക്കാറുണ്ടെങ്കിലും മലയ, പുലയ സമുദായക്കാർക്കാണ് പൊട്ടനാട്ട ത്തിൽ പ്രാമുഖ്യം. മലയരുടെയും പുലയരുടെയും തോറ്റം പാട്ടുകൾക്ക് ചെറിയ വ്യത്യാസമു ണ്ട്. മലയരുടെ തോറ്റത്തിലെ വരികളാണിത്. വിളി, വന്ദന, സ്വരൂപവർണന, ഗണപതിത്തോറ്റം എന്നീ പേരുകളിലുള്ള ശ്ലോകങ്ങൾക്കും വരികൾക്കും ശേഷമുള്ളതാണ് ഈ വരികൾ. 'പൊലികാ പൊലികാ പൊലികാ എന്ന പൊലിച്ചുപാട്ടോടെയാണ് ഈ ഭാഗം തുടങ്ങുന്നത്. ഐശ്വര്യത്തി നുവേണ്ടിയുള്ള പ്രാർഥനയാണിത്. കാർഷികസമൃദ്ധിയുണ്ടാകട്ടെ എന്നാണ് അരിയും പൊലിക എന്നതുകൊണ്ട് അർഥമാക്കുന്നത്. തോറ്റവും തെയ്യവും രാത്രിയിലോ പുലർച്ചയോ ആയതി നാൽ വിളക്കുകൾ കത്തിച്ചുവെക്കുമല്ലോ. ദീപം പൊലിക എന്നതുകൊണ്ട് എല്ലാവിധ അന്ധ കാരങ്ങളിൽ നിന്നും മുന്നോട്ടു നയിക്കുന്ന പ്രകാശത്തെയാകെയാണ് സൂചിപ്പിക്കുന്നത്. തെയ്യാട്ടം നടക്കുന്ന ഊര് മാത്രമല്ല, നാടും, നഗരവും, ഉലകമാകെയും പൊലിമയുള്ളതാവട്ടെ എന്ന് പാടുമ്പോൾ ലോകക്ഷേമം എന്ന കാഴ്ചപ്പാട് തെളിഞ്ഞുവരുന്നു.

എല്ലാതെയ്യങ്ങൾക്കും പൊലികാദൈവമേ എന്ന് പാടുമ്പോൾ പൊട്ടൻതെയ്യത്തിന് പൊലിക ജനമേ എന്ന് പാടാറുള്ളത് അതിന്റെ ജനക്ഷേമതാൽപര്യത്തിന് ഉദാഹരണമാണ്.

'വൈനാടോൻ വൈനാടോൻ വൈനാടോൻ പുഞ്ച' എന്നിടത്ത് ശങ്കരാചാര്യരും പുലയനും തമ്മിൽ തർക്കം നടക്കുന്ന പശ്ചാത്തലത്തിന്റെ സൂചന കടന്നുവരുന്നു. സൂചിതകഥ വന്ദനശ്ലോ കങ്ങളിൽ നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. പുലത്തിൽ (കൃഷിസ്ഥലം) പണിയെടുക്കുന്ന പുലയ ന്റെ കഥയ്ക്ക് തികച്ചും അനുയോജ്യമാണ് ഈ അന്തരീക്ഷം. കാർഷിക ജീവിതത്തിന്റെ അനേകം സൂചനകൾ തോറ്റത്തിന്റെ മറ്റു ഭാഗങ്ങളിലുമുണ്ട്. ആല, കാളപൂട്ടൽ, വിതയ്ക്കൽ, വിത്തിന ങ്ങൾ എന്നിവയൊക്കെ അവിടെ വിവരിക്കുന്നു.

വൈനാടോൻ പുഞ്ച എന്നതുകൊണ്ട് പുഞ്ചക്കൃഷി എന്നുമാത്രമല്ല അർഥമാക്കുന്നത്. 'വേലി കെട്ടേണ്ടാ വരമ്പിട വേണ്ടാ, വെയിലത്തു നിന്ന് പണിചെയ്ക വേണ്ടാ, വിത്തിടവേണ്ടാ, വിത യ്ക്കവേണ്ടാ, താനേ വിളയുമാ വൈനാടോൻ പുഞ്ച' എന്ന് നേരത്തെ ഒരിടത്ത് പറയുന്നുണ്ട്. 'ഈരേഴുചാലിൽ മുളത്താനപ്പുഞ്ച' എന്നും വിശേഷിപ്പിക്കുന്നു. ഈരേഴുപതിനാലു ലോകവു മായി ബന്ധപ്പെടുന്ന പ്രപഞ്ചത്തിന്റെ തന്നെ പ്രതീകമാണ് പുഞ്ച. കഥാപശ്ചാത്തലത്തിന് ഇങ്ങനെ ആധ്യാത്മികമായ അധികമാനവും ലഭിക്കുന്നുണ്ട്.

പുലയന്റെ സംസാരമായാണ് പിന്നത്തെ വരികൾ വരുന്നത്. ഉത്തരകേരളത്തിലെ പ്രാദേശിക ഭാഷയും, പുലയസമുദായക്കാരുടെ സംബോധനാപദങ്ങളും ഇനിയങ്ങോട്ട് കാണാം. തോറ്റം കഴിഞ്ഞ് തെയ്യം വന്നശേഷം 'ഉരിയാട്ട് കേൾപ്പിക്കുമ്പോൾ' ഈ ഉപചാരപദങ്ങളാണ് പ്രയോ ഗിക്കുക.

വൈനാടോൻ പുഞ്ചയിലൂടെ വഴിപോകുമ്പോഴാണ് അങ്ങ് ദൂരെ നിന്ന് ആരൊക്കെയോ വരുന്നത് കാണുന്നത്. കോറാളും (മേലാളരും), കോയിലും (രാജാവിന്റെ പ്രതിപുരുഷൻ), മാച്ചറും (മണിയാണി സമുദായക്കാരൻ) ആണവർ.

ഇവിടെ ഒരു വരിമാത്രമാണ് ശങ്കരാചാര്യരുടെതായി പറയുന്നത്. തിരിതിരിതിരിതിരി കള്ളപ്പുലയാ" എന്ന്. തുടർന്നുള്ളതെല്ലാം പുലയന്റെ സംസാരമാണ്.

തിരിയാൻ (വഴിമാറാൻ പറഞ്ഞാൽ) ഞങ്ങൾ തിരിയില്ല. തിരിയാൻ പറഞ്ഞതിന്റെ കാരണം തിരിയുംവിധം (മനസ്സിലാവുംവിധം) പറയണം. തിരി എന്ന വാക്ക് വ്യത്യസ്ത അർഥത്തിൽ ആവർത്തിച്ച് പ്രയോഗിച്ച് യമകാലങ്കാരം ഉണ്ടാക്കിയത് ശ്രദ്ധിക്കുക. അരയിൽ (ഉക്കത്ത്) കുഞ്ഞിനെ എടുത്തിട്ടുണ്ട്. തലയിൽ കള്ള്കുടമുണ്ട്. ഈ ഭാരമൊക്കെ എടുത്ത് എങ്ങനെ വഴിമാറും? മാത്രമല്ല ഒരു ഭാഗത്ത് കാടാണ്, മറുഭാഗത്ത് മുള്ള്. പിന്നെ എങ്ങോട്ടാ മാറുക? അധികം പറഞ്ഞാൽ വഴിയൊട്ടും മാറുകയില്ല. വഴി മനസ്സിലാകില്ലെന്നും അർഥം കിട്ടും.

ബ്രാഹ്മണനിൽ നിന്ന് ദൂരെ മാറി നടക്കേണ്ടവനാണ് അധഃസ്ഥിതനെന്ന് പറയുന്ന നാട്ടുനടപ്പിനെ ചോദ്യം ചെയ്യുകയാണ് തുടർന്ന്. ഞാൻ തന്ന തോണിയല്ലേ ചൊവ്വര് (ഉന്നതകുലജാതൻ) കടന്നത്? തോണിക്കുള്ളിൽ സ്വഭാവികമായും അൽപം വെള്ളമുണ്ടാകുമല്ലോ. പുലയൻ തൊട്ടവെള്ളം ബ്രാഹ്മണർ തൊട്ടാൽ അയിത്തമാകുമെന്നാണ് അക്കാലത്തെ വിശ്വാസം. താൻ ചവിട്ടിയ അതേ വെള്ളം താങ്കൾ ചവിട്ടിയല്ലോ. അപ്പോൾ അയിത്തമൊന്നും കണ്ടില്ല. താങ്കൾ ഉടച്ച തേങ്ങ ഞാൻ തന്നതല്ലേ? ആ തേങ്ങക്കുള്ളിലെ വെള്ളം ഉപയോഗിക്കുന്നതിന് അയിത്തം തടസ്സമായില്ലല്ലോ. അകത്തുള്ള വെള്ളത്തിന് അശുദ്ധിയില്ല. പുറത്തെടുത്താൽ, അതൊന്ന് പുലയൻ തൊട്ടുപോയാൽ അശുദ്ധി. തോണിയിൽ കടത്താനും, തേങ്ങ പറിക്കാനുമൊക്കെ തങ്ങളുടെ സഹായം വേണം.

ഞങ്ങളുടെ കുപ്പയിൽ നട്ടുവളർത്തിയ തൃത്താപ്പൂവ് നിങ്ങൾ ദേവന് മാലയായി അണിയിക്കുന്നു. ഞങ്ങൾ കുപ്പയിൽ നട്ടുവളർത്തിയ വാഴയുടെ പഴം നിങ്ങൾ ദേവന് പൂജയ്ക്കായി അർപ്പിക്കുന്നു. അതിനൊന്നും അയിത്തം കാണുന്നില്ലല്ലോ. തോണിതുഴയുക, വാഴനടുക തുടങ്ങിയ അധ്വാനമാവശ്യമുള്ള ജോലിയെല്ലാം തങ്ങളാണ് ചെയ്യുന്നതെന്നും അവ ചെയ്തില്ലെങ്കിൽ ബ്രാഹ്മണർ എങ്ങനെ കഴിഞ്ഞുകൂടുമെന്നുമുള്ള ചോദ്യം ഇതിൽ ധ്വനിക്കുന്നുണ്ട്.

ശേഷമുള്ള വരികളിൽ രണ്ടു പേരുടെയും ജീവിതപശ്ചാത്തലങ്ങൾ തമ്മിലുള്ള വ്യത്യാസം വ്യക്തമാകുന്നു. സാഹചര്യം വ്യത്യസ്തമാണെങ്കിലും രണ്ട് ജീവിതവും സമാനമാണെന്ന് പുലയൻ വാദിക്കുന്നു. നിങ്ങളെല്ലാവരും ക്ഷേത്രത്തിൽ (മേലോത്ത്) ഒത്തുചേരുമ്പോൾ ഞങ്ങൾ ഞങ്ങളുടേതായ പൊതുസ്ഥലത്ത് (മന്നത്ത്) ഒത്തുചേരുന്നു. നിങ്ങൾ വിലകൂടിയ വീരാളിപ്പട്ട് ധരിക്കുന്നു. ഞങ്ങൾ മഞ്ചട്ടി (കടുംചുവപ്പ് നിറമുള്ള ഒരുതരം തുണി) ചുറ്റുന്നു. നിങ്ങൾ ചന്ദനമണിയുന്നതും ഞങ്ങൾ ചേറ് ദേഹത്തണിയുന്നതും ഒരുപോലെതന്നെ. തങ്ങൾ പാടത്തെ ചേറിൽ പണിയെടുക്കുന്നതു കൊണ്ടാണ് വരേണ്യർക്ക് വയറുനിറയെ ഭക്ഷണവും കഴിച്ച് ഭക്തിയും പ്രാർഥനയുമൊക്കെയായി നടക്കാൻ കഴിയുന്നതെന്ന ധ്വനിയും ഇവിടെയുണ്ട്. ചരടിൽ കോർത്തുവെച്ച സ്വർണാഭരണങ്ങളെയാണ് പൊൻകോയ എന്ന് പറയുന്നത്. നിങ്ങൾ പൊൻകോയ ചൂടുമ്പോൾ ഞങ്ങൾ മീൻകോയ ചൂടുന്നു. ഈർക്കിലിലോ ചരടിലോ കോർത്ത മീനുകളെ കൈയിലേന്തുന്നതിനെയാണ് മീൻകോയകൊണ്ട് സൂചിപ്പിക്കുന്നത്. നിങ്ങൾ പലരും ചേർന്ന് നാട് പകുക്കാറുണ്ടല്ലോ? (നാട് പഴുക്കും) നാട് പങ്കിട്ട് ഭരിക്കുന്നതിന്റെ സൂചന. നാടോ സ്ഥലമോ സ്വന്തമായില്ലാത്ത ഞങ്ങൾ തോട്ടിലിറങ്ങി ഓരോ ഭാഗം ഓരോ ആൾ പകുത്തെടുത്ത് മീൻ പിടിക്കുന്നു. നിങ്ങൾ യാത്രചെയ്യുന്നതുപോലെ ഞങ്ങൾ പോത്തിൻ പുറത്ത് യാത്ര ചെയ്യുന്നു. നിങ്ങൾ ക്ഷേത്രമുറ്റം (തിരുമുറ്റം) വലം വെക്കുമ്പോൾ ഞങ്ങൾക്കവിടെ പ്രവേശനമില്ലാത്തതിനാൽ ഞങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട കളപ്പുരക്ക് ചുറ്റും നടക്കുന്നു.

ഞങ്ങളെ കൊത്തിയാലും നിങ്ങളെ കൊത്തിയാലും ചോര ഒന്നു തന്നെയല്ലേ? പെരിയവന്റെ മുന്നിലെത്തിയാൽ (തങ്ങളെക്കാൾ ഉയർന്നവനെന്നും, ദൈവമെന്നും അർത്ഥം) നമ്മൾ രണ്ടു പേരും ഒരു പോലെയല്ലേ? മരിച്ചുചെന്ന് പരലോകത്തെത്തിയാൽ എല്ലാവരും ഒരു പോലെ എന്നും ധ്വനി. ഇങ്ങനെ പരസ്പരം ഒരു വ്യത്യാസവുമില്ലെന്നിരിക്കെ കുലത്തിന്റെ പേരിൽ എന്തിനാണീ പിശകൽ. ജാതിയുടെ പേരിലുള്ള വഴക്ക് അർഥമില്ലാത്തതല്ലേ?

അവർണർക്ക് വഴി നടക്കാൻ പോലും അവകാശമില്ലാതിരുന്ന പഴയകാലത്താണ് അതിനെ ചോദ്യം ചെയ്യുന്ന ഈ തോറ്റം പാട്ടിന്റെ ഉൽപത്തി. പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ശ്രീനാരായണഗുരു ഉൾപ്പെടെയുള്ളവർ നവോത്ഥാനമുന്നേറ്റത്തിന് തുടക്കം കുറിച്ചത്. രക്ത മാണ് ജീവനെന്നും ഏതാനും ഗ്രൂപ്പുകളിലായാണ് ജാതിമതഭേദമെന്യേ എല്ലാവരുടെയും രക്തം ഉൾപ്പെടുന്നതെന്നും ഒരാളുടെ രക്തം സമാന ഗ്രൂപ്പുകാരന് ദാനം ചെയ്യാവുന്നതാണെന്നുമൊക്കെ പിൽക്കാലത്താണ് ശാസ്ത്രം കണ്ടുപിടിച്ചത്. മനുഷ്യരെല്ലാം ഒരൊറ്റ രക്തമാണെന്ന സത്യം നൂറ്റാണ്ടുകൾ മുമ്പേ പൊട്ടൻ തെയ്യത്തോറ്റം ഉയർത്തിപ്പിടിച്ചിരുന്നു. ജാതിയുടെയും മതത്തി ന്റെയും പേരിൽ ലഹളകളും ഭീകരപ്രവർത്തനവും പെരുകിവരുന്ന പുതിയകാലത്ത് പൊട്ടന്റെ സന്ദേശത്തിന് പ്രസക്തി വർധിക്കുന്നു.

**ചിത്രം പരിശോധിച്ച് കുറിപ്പെഴുതുക**

പാഠഭാഗം പൊട്ടൻ തെയ്യത്തിന്റെ തോറ്റമാണല്ലോ. പൊട്ടൻ തെയ്യത്തിന്റെ സവിശേഷതകൾ എന്തൊക്കയാണ്? പാഠഭാഗത്തെ ചിത്രത്തോടൊപ്പം ചുവടെ കൊടുത്ത ചിത്രവും പരിശോ ധിച്ച് പൊട്ടൻ തെയ്യത്തിന്റെ വേഷഭൂഷാദികളെക്കുറിച്ച് കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ.

കുറിപ്പ് ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെട്ട ഒന്നു രണ്ടെണ്ണം പൊതുവായി അവതരിപ്പിക്കട്ടെ. കൂടുതൽ മെച്ചപ്പെടുത്തുന്നതിന് താഴെ കൊടുത്ത കുറിപ്പ് ഫോട്ടോകോപ്പി എടുത്ത് ഗ്രൂപ്പുകൾക്ക് നൽകാ വുന്നതാണ്. മെച്ചപ്പെടുത്തിയ കുറിപ്പ് പിന്നീട് ആൽബം നിർമ്മിക്കുമ്പോൾ ഉപയോഗിക്കാം.

**പൊലിപാട്ടിന്റെ പ്രസക്തി പരിശോധിക്കൽ**

- ഗ്രാമത്തിന്റെയും ലോകത്തിന്റെയാകെത്തന്നെയും ഐശ്വര്യം ലക്ഷ്യം വച്ച് കൂടിയാണ് തെയ്യാട്ടം അവതരിപ്പിക്കുന്നത്-' ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഏതെങ്കിലും ഭാഗം പാഠഭാഗത്തെ തോറ്റം പാട്ടിലുണ്ടോ? പരിശോധിക്കുക.
- പൊലി എന്ന് തുടങ്ങുന്ന പൊലിപ്പാട്ട് മിക്ക തോറ്റംപാട്ടുകളിലും കാണാം.
- പൊലി എന്നാൽ ഐശ്വര്യം, സമൃദ്ധി എന്നൊക്കെയാണർഥം. ഐശ്വര്യമുണ്ടാകാൻ ദൈവ ത്തോട് പ്രാർഥിക്കുകയാണിവിടെ.
- അരി പൊലിക എന്നത് കാർഷിക സമൃദ്ധിയെ സൂചിപ്പിക്കുന്നു.
- ദീപം പൊലിക: തെയ്യാട്ടത്തിന് ഉപയോഗിക്കുന്ന വിളക്കുകളെ മാത്രമല്ല, ലോകത്തെ യാകെ അന്ധകാരത്തിൽനിന്ന് കരകയറ്റുന്ന പ്രകാശത്തെ മുഴുവൻ സൂചിപ്പിക്കുന്നു.

# പൊട്ടൻ തെയ്യം

ശൈവപുരാവൃത്തം, ശങ്കരാചാര്യചരിതം എന്നിവയുമായി ബന്ധപ്പെട്ട തെയ്യമാണ് പൊട്ടൻ. മറ്റു തെയ്യങ്ങളിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തമാണിത്. ആദികാലം മുതലേ കേരള ത്തിന് പൊട്ടൻദൈവ സങ്കൽപമുണ്ട്. അയ്യപ്പൻ, ഉച്ചമഹാകാളൻ, അന്തിമഹാകാളൻ, മുണ്ടിയൻ, കരിവില്ലി, പൊട്ടൻ എന്നിങ്ങനെയുള്ള ദേവതകളെ പണ്ടു മുതലേ ആരാധിച്ചു വരുന്നതായി 'കേരളോൽപത്തിയിൽ' പറയുന്നു.

ഭൈരവൻ, കുട്ടിച്ചാത്തൻ, പൊട്ടൻ, ഗുളികൻ, ഉച്ചിട്ട എന്നിവ ഭൈരവാദിപഞ്ചമൂർത്തികൾ എന്നാണ് അറിയപ്പെടുന്നത്. ഇവയെ മന്ത്രങ്ങളിലൂടെ ഉപാസന ചെയ്യാറുണ്ടന്നർഥം. ബ്രാഹ്മ ണരുൾപ്പെടെ എല്ലാ ജാതിക്കാരും പൊട്ടനെ ആരാധിക്കുന്നു. മലയ, പുലയ സമുദായക്കാർക്ക് ഇത് കുടുംബദേവതയാണ്.

കോട്ടങ്ങളും കാവുകളും അറകളുമാണ് പൊട്ടന്റെ ആരാധനാ സ്ഥലങ്ങൾ. വയലിലോ മറ്റു പൊതുസ്ഥലങ്ങളിലോ വെച്ചും പൊട്ടനാട്ടം നടത്താം. ഓലയും കമ്പുകളും ഉപയോഗിച്ച് താൽക്കാലികമായി കുച്ചിൽ (ചെറുപള്ളിയറ) കെട്ടിയുണ്ടാക്കി വിളക്കും പീഠവും വെച്ചാണ് ഇത് നടത്തുക.

**വേഷം**

പൊട്ടൻ തെയ്യത്തിന്റെ വേഷം ആകർഷകമാണ്. കുരുത്തോല മടലോടെ ചീന്തിയെടുത്ത് ഈർക്കിൽ കളഞ്ഞ്, അഗ്രം മുറിച്ച് അരയ്ക്ക് ചുറ്റിക്കെട്ടും. 'തലഒലി' ഒലിയുടുപ്പ് എന്നാണ് ഇതിനു പേര്. തലയിൽ തലപ്പാളി കെട്ടും. അതിനും മുക

ളിൽ തലയൊലി ധരിക്കും. കുരുത്തോല കൊണ്ടുള്ള ഇതിന് 'കൊയ്യോല' എന്നും പറയും. ചെവികൾക്ക് സമീപം ഓലകൊണ്ടുള്ള പൊയ്ക്കാത്. മനയോലയും ചായില്യവും നേരിയ തോതിൽ മുഖത്ത് തേച്ച് കണ്ണെഴുതാറുണ്ടെങ്കിലും പൊയ്മുഖം ധരിക്കുന്നതിനാൽ അത് പുറത്ത് കാണാറില്ല. എന്നാൽ മുഖപ്പാള ഇടയിൽ മാറ്റേണ്ടതിനാൽ മുഖത്തുതേപ്പിന് പ്രസക്തിയുണ്ട്. പാളകൊണ്ടുള്ള പൊയ്മുഖമാണ് മുഖപ്പാള.

മാറിലും കൈകളിലും അരിച്ചാന്ത് അണിയുന്നു. മാറിൽ ചായില്യം കൊണ്ട് ശൂലാകൃതിയിൽ വരയ്ക്കുകയും ചെയ്യും. കഴുത്തിലും അരയിലും കൈകാലുകളിലും പലവിധ ആഭരണങ്ങളും ചമയങ്ങളും അണിയും. കൈയിൽ ഒരുതരം വളഞ്ഞ കത്തിയും മാടിക്കോലും എടുക്കാറുണ്ട്. കുരുത്തോല ഈർന്ന് ഒരു വടിക്ക് പിടിപ്പിച്ചതാണ് 'മാടിക്കോല്'. കാട് വെട്ടിത്തെളിക്കാനുള്ള ഒരു ഉപകരണത്തിന്റെ പ്രതീകമാണത്രേ അത്.

ഹാസ്യവും ഭീകരതയും ഉണ്ടാക്കാനും ഭാവവ്യത്യാസം കാണിക്കാനും മുഖപ്പാളസഹായിക്കു ന്നു. പൊട്ടന്റെ കോലമാണ് പ്രധാനമെങ്കിലും ഇടയ്ക്ക് സ്ത്രീമുഖം ചിത്രീകരിച്ച പാള ഉപയോ ഗിക്കും. അത് പുലച്ചാമുണ്ഡിയുടേതാണ്. പിന്നീട് പുലമാരുതന്റേത്. ഇങ്ങനെ ഒരു കോല ത്തിൽത്തന്നെ മൂന്ന് ദേവതകളുടെ സങ്കല്പം ആരോപിക്കപ്പെടുന്നു.

പൊട്ടൻ കനൽക്കൂമ്പാരത്തിൽ (മേലേരിയിൽ) വീഴുകയും കിടക്കുകയും ചെയ്യാറുണ്ട്. പുളി, ചമ്പകം, ആലോം തുടങ്ങിയവയുടെ വിറക് കത്തിച്ചാണ് മേലേരി ഉണ്ടാക്കുന്നത്. ശീതം മാറ്റാ നുള്ള 'പൊട്ടൻ കളി' യായാണ് ഇതിനെ കണക്കാക്കുന്നത്. പുലർച്ചെയാണ് പൊതുവെ പൊട്ടൻ തെയ്യം പുറപ്പെടുക. തലേന്നുതന്നെ മേലേരിക്ക് തീ കൊളുത്തും.

നാടകീയമായ ആവിഷ്കരണമാണ് പൊട്ടനാട്ടം. പൊട്ടന്റെ കളിയും നർമരസം ഊറുന്ന മൊഴി കളും പ്രേക്ഷകരെ രസിപ്പിക്കും. മദ്യപിച്ച പുലയന്റെ ഇടർച്ചയോടുകൂടിയ ഭാഷണത്തിന്റെ പ്രതീ തിയാണത് ജനിപ്പിക്കുന്നത്.

- നാടും നഗരവും മാത്രമല്ല ഉലക് (ലോകം) മുഴുവൻ ഐശ്വര്യസമ്പന്നമാകട്ടെ എന്നാണ് പ്രാർഥന.
- കാർഷിക സംസ്കാരം ലോകത്തിന്റെ മുഴുവൻ ക്ഷേമത്തെയും ഉയർത്തിപ്പിടിക്കുന്ന കാഴ്ച പ്പാട് ഈ ഭാഗത്തുനിന്ന് വ്യക്തമാകുന്നു.

## സൂചിത കഥ കണ്ടെത്തൽ

- ഓരോ തെയ്യത്തിനു പിന്നിലും എന്തെങ്കിലും പുരാവൃത്തമുണ്ടാകുമല്ലോ. പൊട്ടൻതെയ്യ ത്തിന്റെ പിന്നിലുള്ള സൂചിതകഥ എന്താണ്?

- തെയ്യങ്ങളെ നിലനിർത്തുന്നതും തെയ്യത്തെ ഗൗരവപൂർണമായ വൃത്തിയാക്കി മാറ്റുന്നതും പുരാവൃത്ത പിൻബലമാണ്. ഭയഭക്തി ബഹുമാനങ്ങളോടെ തെയ്യങ്ങളെ സമീപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക എന്ന ധർമവും പുരാവൃത്തത്തിനുണ്ട്.
- പൊട്ടൻ തെയ്യത്തിന്റെ സൂചിതകഥ കുട്ടികൾ സ്വന്തമായി അന്വേഷിച്ച് കണ്ടെത്തട്ടെ. പൊട്ട നാട്ടം, ഫോക്‌ലോർ നിഘണ്ടു തുടങ്ങിയ പുസ്തകങ്ങൾ റഫർ ചെയ്യാവുന്നതാണ്. (കണ്ടെത്താൻ പ്രയാസം നേരിടുന്നെങ്കിൽ കഥയുടെ കോപ്പി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യാം.

# സൂചിത കഥ

ശങ്കരാചാര്യർ രചിച്ചതെന്നുകരുതുന്ന മനീഷാപഞ്ചകത്തിലെ പ്രസ്താവനാശ്ലോകങ്ങളിൽ പറയുന്ന കഥയാണ് പൊട്ടൻ തെയ്യത്തിന്റെ പുരാവൃത്തമായി മാറിയത്. സർവജ്ഞനെന്ന് പേരെടുത്ത ശങ്കരാചാര്യർ സർവജ്ഞപീഠം കയറുവാൻ പോകുമ്പോൾ പരമേശ്വരൻ പരീക്ഷിച്ചതായാണ് കഥ. ശിവൻ ചണ്ഡാലവേഷം ധരിച്ചു. പാർവതിയും നന്ദികേശനും വേഷംമാറി ഒപ്പം കൂടി. ഭൂതഗണങ്ങൾ പുലയക്കിടാങ്ങളുടെ രൂപം ധരിച്ചു. ചണ്ഡാലൻ മദ്യകുംഭവുമേന്തി 'കൂടെക്കൂടെ കുടിച്ചും ചാളപ്പാട്ട് പാടിയും' വഴിയിൽ ചെന്നു നിന്നു ശങ്കരാചാര്യർ ചണ്ഡാലനോട് വഴിമാറാൻ കൽപിച്ചു. ബ്രാഹ്മണനെ കണ്ടാൽ മാറിനിൽക്കണമെന്ന് അറിയില്ലേയെന്ന് ചോദിച്ചു. മത്സ്യമാംസാദി ദുർഗന്ധം വിട്ടു പോകാത്ത നീചജാതിക്കാരൻ, വിശേഷജ്ഞാനമില്ലാത്തവൻ എന്നൊക്കെ പറഞ്ഞ് ആക്ഷേപിച്ചു.

തുടർന്ന് ചണ്ഡാലൻ ശങ്കരനെ ചോദ്യം ചെയ്യുകയാണ്. ഉത്തരമില്ലാതെ ശങ്കരൻ പരാജയപ്പെടുന്നു. ഉച്ചനീചത്വങ്ങൾ അറിവില്ലായ്മയുടെ സന്തതിയാണെന്ന് ചണ്ഡാലൻ സമർഥിക്കുന്നു. തോൽവി സമ്മതിച്ച് ശങ്കരൻ ചണ്ഡാലന്റെ കാൽക്കൽ വീഴുന്നു. ശിവൻ ശരിയായ വേഷമെടുത്ത് ശങ്കരനെ അനുഗ്രഹിച്ചു വിട്ടുവെന്നാണ് കഥ.

താൻ ധരിച്ചവേഷം ജനങ്ങൾക്ക് കാണാൻ ഒരു രൂപം സൃഷ്ടിക്കണമെന്ന് തോന്നിയ ശിവൻ ഒരു മൂർത്തിയെ സൃഷ്ടിച്ചെന്നും അതാണ് പൊട്ടൻ തെയ്യമെന്നുമാണ് കഥ. പാർവ്വതി പുലച്ചാമുണ്ഡിയായും നന്ദികേശൻ പുലമാരുതനായും സങ്കൽപ്പിക്കപ്പെടുന്നു. പൊട്ടൻ തെയ്യത്തിന്റെ വേഷവും ആട്ടവും നർത്തനവും വർത്തമാനവും കളിയുമൊക്കെ മദ്യപിച്ച ഒരുവന്റെ 'പൊട്ടൻകളി'ക്ക് യോജിച്ചതത്രെ.

#### സംഭാഷണം തയാറാക്കാം

പൊട്ടൻ തെയ്യത്തിന്റെ സൂചിതകഥ പരിചയപ്പെട്ടല്ലോ. ഇതിന്റെ സഹായത്തോടെ ശങ്കരാചാര്യരും ചണ്ഡാലനും തമ്മിലുള്ള വാദപ്രതിവാദം സംഭാഷണ രൂപത്തിൽ എഴുതി അവതരിപ്പിക്കണം.

- ചെറുസംഘങ്ങളായി തിരിഞ്ഞ് പാഠഭാഗം ഒന്നുകൂടി വായിക്കട്ടെ.
- അപരിചിതപദങ്ങൾ നിഘണ്ടുവിന്റെ സഹായത്തോടെ പരിചയപ്പെടണം.
- പ്രാദേശിക പദങ്ങളുടെയും പ്രയോഗങ്ങളുടെയും ചില വിശദീകരണങ്ങൾ അധ്യാപിക നൽകണം. ഉദാ : നിങ്കൾ - നിങ്ങൾ
- പാഠാപഗ്രഥനഭാഗം ഇതിനായി ഉപയോഗപ്പെടുത്തണം.

ഗ്രൂപ്പുകളിൽ സംഭാഷണം തയാറാക്കിക്കഴിഞ്ഞാൽ പൊതു അവതരണമാകാം. അധ്യാപിക തയാറാക്കിയ വിശദവും നാടകീയവുമായ സംഭാഷണവും അവതരിപ്പിക്കണം.

**സംഭാഷണം: മാതൃക**

ഉക്കത്ത് കുഞ്ഞും തലയിൽ കള്ള് പാത്രവുമായി പുലയൻ നടന്നു വരുന്നു.

പുലയൻ : ഹോ ഈ വൈനാടോൻ പുഞ്ചയിലൂടെ നടന്നു പോകാൻ വലിയ പ്രയാസംത ന്നെ. (ദൂരെ നിന്ന് ആരോ വരുന്നതായി കണ്ട്) ആരാ അങ്ങ്ന്ന് വരുന്നത്? ഓ അത് കോറാളല്ലേ? മേലാളരുടെ കൂടെ മറ്റാരോ ഉണ്ടല്ലോ. ഓ മനസ്സിലായി. കോയി ല്. രാജാവിന്റെ പകരക്കാരൻ. ഒരാളുകൂടെ പിന്നാലെയുണ്ടല്ലോ. മാച്ചരാണ്. എനി യൊരു പുകിലായിരിക്കും.

(മൂന്നുപേരും അടുത്തെത്തുന്നു)

ശങ്കരാചാ : ഹേയ്. പുലയാ. വഴിയിൽനിന്ന് മാറിനിൽക്ക്.

പുലയൻ : അങ്ങനെ വഴിമാറെന്ന് പറഞ്ഞാ അടിയനങ്ങ് മാറിത്തരുമോ? അല്ലപ്പാ. വഴിമാ റാൻ പറയാൻ എന്താ കാരണം? അടിയന് തിരിയാൻ മാത്രം പറയണേ.

ശങ്കരാചാ : നാം ആരെന്നറിഞ്ഞാ താൻ സംസാരിക്കുന്നത്. സർവ്വജ്ഞപീഠം കയറാൻ പോകുന്ന ശങ്കരനാ. ബ്രാഹ്മണനെക്കണ്ടാൽ മാറി നിൽക്കണമെന്നറിയില്ലേ?

പുലയൻ : ഇല്ലേ

ശങ്കരാചാ : ഛായ്.. വിശേഷജ്ഞാനമില്ലാത്തവൻ. മത്സ്യമാംസാദിഗന്ധം വിട്ടുപോകാത്ത നീച ജാതി. നമ്മെ തീണ്ടി അശുദ്ധമാക്കാതെ മാറി നിൽക്കുന്നതാ നല്ലത്.

പുലയൻ : ചൊവ്വര് കണ്ടില്ലേ? ഉക്കത്ത് കുഞ്ഞ്. തലയിൽ കള്ള്. അങ്ങെല്ലാം കാട്. ഇങ്ങെല്ലാം മുള്ള്. പിന്നെങ്ങനാ അടിയൻ വഴിമാറുക?

ശങ്കരാചാ : അധികപ്രസംഗം നടത്താതെ പറഞ്ഞതനുസരിക്കുന്നതാ നല്ലത്.

പുലയൻ : ഏറെപ്പറഞ്ഞാല് അടിയൻ വഴിതിരിയുകയേയില്ല. സർവജ്ഞനായ അങ്ങയോട് ഒന്നു രണ്ട് ചോദ്യങ്ങൾ ചോദിച്ചോട്ടെ?

ശങ്കരാചാ : ഉം...?

പുലയൻ : കോപിക്കരുത്. ഞാൻ തന്ന തോണിയിൽ ചൊവ്വര് പുഴകടന്നില്ലേ? അതിലെ വെള്ളം ഞാൻ ചവിട്ടിയതല്ലേ? ചൊവ്വറും അതിൽത്തന്നെ ചവിട്ടിയല്ലോ. അപ്പോൾ, അയിത്തമൊന്നും കണ്ടില്ലല്ലോ. ഞാൻ തന്ന തേങ്ങ ചൊവ്വര് വാങ്ങി ഉടച്ചില്ലേ? അതിലും വെള്ളമുണ്ടായിരുന്നില്ലേ? ഞാൻ തൊട്ടതു കൊണ്ട് അശുദ്ധിയൊന്നും താങ്കള് കാണിച്ചില്ലല്ലോ..................... (എന്നിങ്ങനെ സംഭാഷണം മുന്നേറുന്നു.)

സംഭാഷണങ്ങൾ താരതമ്യം ചെയ്ത് മെച്ചപ്പെടുത്തട്ടെ. ഏതെങ്കിലും ഒരു ഗ്രൂപ്പ് നാടകീയമായി അവതരിപ്പിക്കട്ടെ.

**ചർച്ച**

അധഃസ്ഥിതനെന്ന് സമൂഹം കണക്കാക്കിയിരുന്ന ചിന്നപ്പുലയൻ സർവജ്ഞപീഠം കയറാൻ പോകുന്ന ശങ്കരാചാര്യരെ മുട്ടുകുത്തിച്ചതു കണ്ടല്ലോ.

- എന്തെല്ലാം യുക്തികളാണ് അയാൾ നിരത്തിയത്?
- അവ സമർത്ഥിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- എങ്ങനെ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ അധ്യാപിക ചർച്ച നയിക്കണം. ഉയർന്നു വരുന്ന ആശയങ്ങൾ ചാർട്ട് ചെയ്തശേഷം ക്രോഡീകരണം. കുറിപ്പ് തയാറാക്കാൻ നിർദേശിക്കുകയുമാവാം. ചർച്ച യിലെ പങ്കാളിത്തം വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്.

**ക്രോഡീകരണത്തിൽ വരേണ്ടത്**

- വഴിമാറാൻ പറ്റില്ലെന്നതിന് ആദ്യം പറയുന്ന കാരണം.
- തുടർന്ന് ഉന്നയിക്കുന്ന യുക്തികൾ
- തന്റെ അധ്വാനവും സഹായവും ആവശ്യമായേടത്ത് തീണ്ടലില്ല.
- രണ്ടു പേരുടെയും ജീവിതചര്യകളിലെ സമാനത
- ഒരേ ചോര
- പാഠാപഗ്രഥനത്തിൽ പറയുന്ന മറ്റു കാര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തുമല്ലോ.

**കുറിപ്പ് : സമൂഹമനസ്സാക്ഷിയോടുള്ള ചോദ്യം**

- 'നാങ്കളെ കൊത്ത്യാലും ........ കുലം പിശക്ന്ന്'- ഈ വരികൾ ചാർട്ടിലോ ബ്ലാക്ക് ബോർഡിലോ എഴുതി പ്രദർശിപ്പിക്കണം.
- ഈ വരികളിൽ തെളിയുന്ന കാഴ്ചപ്പാടെന്ത്?
- അക്കാലത്തെ സാമൂഹികവ്യവസ്ഥ എങ്ങനെയുള്ളതായിരിക്കാം?
- കഥാപാത്രമായ പുലയനും തോറ്റം അവതരിപ്പിക്കുന്ന സമുദായക്കാരും അവരവരുടെ സമൂഹത്തിൽ അനുഭവിച്ച പ്രശ്നങ്ങൾക്ക് സമാനതയുണ്ടോ? എന്തെല്ലാം?
- സാമൂഹ്യ അസമത്വത്തിനെതിരായ ശക്തമായ പ്രതികരണമായി പുലയന്റെ വാദങ്ങൾ അനുഭവപ്പെടുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എന്താണ്?

തുടങ്ങിയ ചോദ്യങ്ങളുന്നയിച്ച് കുട്ടികളെ കുറിപ്പെഴുതുന്നതിലേക്ക് നയിക്കാം.

**താരതമ്യക്കുറിപ്പ്**

- ചങ്ങമ്പുഴയുടെ വാഴക്കുലയിലെ പ്രസക്തവരികൾ ഏതെങ്കിലും കുട്ടിയോ അധ്യാപികയോ ഈണത്തിൽ ചൊല്ലുന്നു.
- നേരത്തെ ചർച്ച ചെയ്ത പൊട്ടൻ തെയ്യത്തിലെ സാമൂഹിക പശ്ചാത്തലവും വാഴക്കുല യിലെ പശ്ചാത്തലവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി പറയട്ടെ.

*സാമ്യം*

- ❍ രണ്ടിലും പുലയനാണ് കഥാപാത്രം
- ❍ കൃഷി പശ്ചാത്തലമായി വരുന്നുണ്ട്.
- ❍ അധ്വാനിക്കാൻ അധഃസ്ഥിതനും ഫലമുണ്ണാൻ മേലാളരും.

*വ്യത്യാസം*

- ❍ പൊട്ടൻ തെയ്യത്തോറ്റത്തിൽ ജാതിവ്യവസ്ഥയെയാണ് വിമർശിക്കുന്നത്
- ❍ വാഴക്കുലയിൽ ജൻമിത്തത്തെ.
- ❍ തോറ്റത്തിൽ മേലാളരോട് നേരിട്ട് വാഗ്വാദം നടത്തുന്നു; അജ്ഞയ്ക്ക് വഴങ്ങുന്നില്ല.
- ❍ വാഴക്കുലയിൽ പുലയൻ പ്രതികരിക്കുന്നില്ല; തമ്പുരാന്റെ ആജ്ഞയ്ക്ക് വഴങ്ങുന്നു.

- വാഴക്കുലയിലെ 'കരയാതെമക്കളേ' എന്ന വരികളും തോറ്റത്തിലെ വരികളും തമ്മിലുള്ള സമാനത ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തട്ടെ. ഇനി വ്യക്തിഗതമായ താരതമ്യക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം.

കുറിപ്പിൽ മുകളിൽപ്പറഞ്ഞ കാര്യങ്ങൾക്കു പുറമെ വാഴക്കുലയിൽ ജന്മിയും പൊട്ടൻ തെയ്യ ത്തിൽ ബ്രാഹ്മണനും വാഴക്കുല കൊണ്ടുപോയി ഉപയോഗിക്കുന്ന കാര്യം സൂചിപ്പിക്കുന്നുണ്ട ല്ലോ. ഇതും വരണം.

കുറിപ്പ് വിലയിരുത്തണം. വിലയിരുത്തൽ സൂചകങ്ങൾ :

- സാമൂഹികമായ അന്തരങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്
- വ്യവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തിയിട്ടുണ്ട്
- രണ്ടു കൃതികളിൽ നിന്നും ഉചിതമായ വരികൾ ചൂണ്ടിക്കാട്ടി വാദമുഖങ്ങൾ സ്ഥാപിച്ചിട്ടുണ്ട്

# കൂളിയുടെ പുറപ്പാട്

**ഏകാഭിനയം**

- പൊട്ടൻതെയ്യത്തിന്റെ നാടകീയമായ പ്രവേശനവും സംഭാഷണവും പരിചയപ്പെട്ടല്ലോ. ഇനിയൊരു ഏകാഭിനയമാകാം. അഭിനയത്തിൽ താൽപര്യമുള്ള ഏതാനും കുട്ടികളെ കൊണ്ട് ഏകാഭിനയം നടത്തിച്ച് 'കുളിയുടെ പുറപ്പാട്' എന്ന പാഠഭാഗത്തേക്ക് പ്രവേശി ക്കാം.
- കാണാതായ മകനെ അന്വേഷിക്കുന്ന ഒരമ്മ. മകൻ മഹാകുസൃതിയാണ്. അവൻ ആൾക്കൂ ട്ടത്തിനിടയിൽ ഒളിച്ചു നിൽക്കുകയാണ്. അമ്മ അവർക്കിടയിൽ അവനെ തിരയുന്നു. കാണുന്നു. പിടിക്കാൻ ചെല്ലുന്നു. അവൻ ഓടുന്നു. പിന്നാലെ ഓടി ഒടുവിൽ പിടികൂടി കൊണ്ടു വരുന്നു.
- പിഞ്ചു കുഞ്ഞിനെ താലോലിക്കുന്ന അമ്മ താരാട്ടുന്നു. മടിയിലിരുത്തുന്നു. കുഞ്ഞ് മൂത്ര മൊഴിക്കുന്നു. മൂത്രം തട്ടിക്കളയുന്നുതായി ഭാവിക്കുന്നു.
- ഒരാൾ എണ്ണതേക്കുന്നു. എണ്ണയെടുക്കുമ്പോൾ ഒരു തുള്ളികൈത്തണ്ടയിൽ വീഴുന്നു. അത് പോകാതിരിക്കാൻ തലയിലേക്ക് തേക്കുമ്പോൾ ഉള്ളം കൈയിലുള്ള എണ്ണ പുറ ത്തുപോകുന്നു. എണ്ണതേപ്പു കഴിഞ്ഞ് പുഴയിൽ കുളിക്കുന്നു. മുങ്ങുന്നു. നീന്തുന്നു. മൂക്കിൽ വെള്ളം കയറുന്നു. തോർത്തുന്നു.
- ഒരാൾ മുറ്റമടിക്കുന്നു. ചാണകവെള്ളം തളിക്കുന്നു. പല്ലുതേക്കുന്നു. നാക്ക് വടിക്കുന്നു.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ കടലാസിൽ എഴുതി അഭിനയിക്കുന്നവർക്ക് നൽകാം. മൂകാഭിനയം മതി. എന്താണ് അഭിനയിച്ചതെന്ന് ഓരോ അവതരണത്തിനും ശേഷം മറ്റുള്ളവർ പറയണം.

ഈ അഭിനയമുഹൂർത്തങ്ങളൊക്കെ അടങ്ങിയ പാഠഭാഗത്തേക്ക് ഇനി കടക്കാം.

**നാടോടി നാടകാവതരണം**

- പാഠഭാഗം പൂർണമായും ക്ലാസിൽ അവതരിപ്പിക്കാം. ഗ്രൂപ്പുകളായിത്തിരിഞ്ഞ് ആദ്യം പാഠഭാഗം വായിക്കട്ടെ. ഒരു തവണ മുഴുവനും വായിച്ചശേഷം പാഠം നാലായി ഭാഗിച്ച് ഓരോ ഗ്രൂപ്പിനായി നൽകാം.

ഒന്നാം ഗ്രൂപ്പിന് തുടക്കം മുതൽ 'വിളക്കിൽ നിന്ന് എണ്ണയെടുത്ത് അനുഗ്രഹിച്ച് വിടുന്നു. വേറെ ചിലരെ എടുക്കാൻ നോട്ടമിടുന്നുണ്ട്' എന്നതു വരെയുള്ള ഭാഗം നൽകാം.

രണ്ടാം ഗ്രൂപ്പിന് 'കെട്ടുകൾ: എന്തിനാ വന്നതെന്ന് പറഞ്ഞില്ലല്ലോ' എന്നതുമുതൽ 'വലിയ ഒരു തൂപ്പുകൊണ്ട് അതിശയോക്തിയോടെ പല്ലുതേക്കുന്നു. ഓരോ ആംഗ്യത്തിനുമനുസരിച്ച് മേള മുണ്ട്' എന്നതുവരെ.

3-ാം ഗ്രൂപ്പിന് അന്നാ അടിച്ചു തളിയാകാം' എന്നതുമുതൽ 'കൂളി നായർ വിശന്നു വലഞ്ഞു വരുമ്പോൾ കായക്കഞ്ഞിക്കരിയിട്ടില്ല' 'കുറച്ചു മാത്രം അവതരിപ്പിക്കുന്നു' എന്നതുവരെ.

4-ാം ഗ്രൂപ്പിന് ശേഷമുള്ള ഭാഗം

അവതരിപ്പിക്കുമ്പോൾ ഒരു ഗ്രൂപ്പ് നിർത്തിയേടത്തുനിന്ന് അടുത്ത് ഗ്രൂപ്പ് തുടങ്ങണം. സംഭാഷണം പിന്നിൽനിന്ന് പ്രോംപ്റ്റ് ചെയ്ത് കൊടുക്കാവുന്നതാണ്. ലഭ്യമായ വേഷമോ വാദ്യോപകരണമോ ഉപയോഗിക്കാം.

**പാഠാപഗ്രഥനം**

ഇടുക്കി, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ പ്രചാരത്തിലുള്ള മുടിയേറ്റ് എന്ന അനുഷ്ഠാനകലയിലെ അഞ്ചാംരംഗമാണ് പാഠഭാഗം. മാരാൻമാരും കുറുപ്പൻമാരുമാണ് ഇത് അവതരിപ്പിക്കുന്നത്. മുടിയേറ്റിന് ചിലയിടങ്ങളിൽ 'മുടിയെടുപ്പ്' എന്നും പറയും. മുടിയേറ്റ് എന്നാൽ കിരീടധാരണമെന്നാണ് അർഥമെന്ന് ഡോ.ഹെർമൻ ഗുണ്ടർട്ട് പറയുന്നു. ദാരികനെ കാളി വധിക്കുന്നതാണ് മുടിയേറ്റിന്റെ വിഷയം. യുദ്ധത്തിന് പുറപ്പെടുന്ന കാളി തലയിൽ മുടി (കിരീടം) ധരിക്കും. മുഖവും ജടയുമൊക്കെ അതിലുൾപ്പെടും. പ്ലാവിന്റെ കാതൽ കൊണ്ടുണ്ടാക്കിയ മുടിയിൽ നാഗപ്പത്തി, സിംഹഗജകുണ്ഡലം തുടങ്ങിയവ കൊത്തിയെടുക്കും. പീലി, മുത്ത്, പട്ട് തുടങ്ങിയവകൊണ്ട് അലങ്കരിക്കും. തെച്ചിപ്പൂവും ഉപയോഗിക്കും. കാളിവേഷക്കാരൻ മറ്റ് ചമയങ്ങളെല്ലാം കഴിഞ്ഞ ശേഷം ക്ഷേത്രനടയിൽ വെച്ചാണ് മുടി ധരിക്കുന്നത്.

ഭദ്രകാളിക്ഷേത്രങ്ങളിലാണ് മുടിയേറ്റ് നടത്തുന്നത്. അതിനുമമ്പ് കളമെഴുത്തും പാട്ടുമുണ്ടാകും. ദാരികന്റെ തല കൈയിലേന്തിയ കാളിയുടെ രൂപം പഞ്ചവർണപ്പൊടികൊണ്ട് വരയ്ക്കും. കളം പൂജിച്ചശേഷം കുറുപ്പ് പാട്ട് പാടും. ദേവീസ്തുതിയാണിത്.

പന്തം കൊളുത്തി തിരിയുഴിയുന്ന ചടങ്ങും കൂടിയുണ്ട്. ബാധയിൽ നിന്നും രോഗത്തിൽ നിന്നും ശാന്തികിട്ടാനാണത്രേ ഇത്. തുടർന്ന് കോമരം ഇളകിയാടി ഭദ്രകാളിക്കളം മായ്ക്കും. ഇത്രയും ചടങ്ങുകൾ കഴിഞ്ഞശേഷമാണ് മുടിയേറ്റ് അരങ്ങേറുന്നത്.

ആറ് രംഗങ്ങളാണ് മുടിയേറ്റിലുള്ളത്. ഒന്നാം രംഗത്തിൽ ആദ്യം അരങ്ങത്തു കേളിയാണ്. തുടർന്ന് തിരശ്ശീല പിടിച്ച് വന്ദന ശ്ലോകം പാടുന്നു. അത് അവസാനിക്കുമ്പോൾ ശിവനും നാരദനും വരുന്നു. ശിവൻ പാട്ടു പാടും. നാരദൻ ചുവടുവെച്ച് പറയും. ദാരികന്റെ ദുർഭരണത്തെപ്പറ്റിയാണ് ശിവനോട് നാരദൻ പറയുന്നത്.

രണ്ടാമത്തെ രംഗത്തിൽ ദാരികന്റെ പുറപ്പാടാണ്. യുദ്ധമുറകളുമായി ബന്ധപ്പെട്ടതാണ് ദാരികന്റെ ഓരോ ചുവടും. തന്നോട് യുദ്ധം ചെയ്യാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ വരട്ടെയെന്ന് അലറി ദാരികൻ ദിഗ്വിജയം നടത്തുന്നു. ദാരികന്റെ പോർവിളി കേട്ട് ക്ഷുഭിതയായ കാളി ഘോരരൂപിണിയായി പോർക്കളത്തിലെത്തുന്നതാണ് മൂന്നാം രംഗം. കൂടെ വരുന്നവർ പെട്ടെന്നു തന്നെ കാണികളായി മാറും. തുടർന്ന് കാളി ദാരികനെ പോരിന് വിളിക്കുന്നു.

കോയിംപടനായരുടെ രംഗപ്രവേശമാണ്. നാലാം രംഗം. സംസ്കൃത നാടകത്തിലെ സൂത്രധാരന്റെ സ്ഥാനമാണ് ഈ കഥാപാത്രത്തിന്. സാഹിത്യപ്രധാനമാണ് ഈ ഭാഗം.

അഞ്ചാം രംഗത്ത് കൂളിയുടെ പുറപ്പാടാണ്. ആറാം രംഗത്തിൽ കാളി ദാരികദാനവേന്ദ്രാദികളുമായി ഏറ്റുമുട്ടുന്നു. യുദ്ധസമയത്ത് കാളിക്ക് പോർക്കലി ബാധിക്കും. കാളിയുടെ മുടി പിഴുതെടുത്ത് ആയുധം നിലത്ത് കുത്തി പീഠത്തിൽ പിടിച്ചിരുത്തിയാണ് കലി ശമിപ്പിക്കുന്നത്. പാതാളത്തിലൊളിച്ച ദാരികനും ദാനവേന്ദ്രനും സൂര്യാസ്തമനത്തിനു കാത്തുനിൽക്കുന്നു. കാളി തലമുടികൊണ്ട് സൂര്യനെ മറച്ചപ്പോൾ രാത്രിയായെന്ന് കരുതി അവർ പുറത്തുവരുന്നു. കാളി അവരെ വധിച്ച് ശിരസ്സുമായി കൈലാസത്തിലെത്തുന്നു. വിളക്കിനെയാണ് കൈലാസമായി സങ്കൽപിക്കുന്നത്. ഒടുവിൽ കാളിയുടെ മുടി എടുത്ത് ഭക്തജനങ്ങളെയെല്ലാം ഉഴിയുന്നതോടെ മുടിയേറ്റ് അവസാനിക്കുന്നു.

മുടിയേറ്റിലെ അഞ്ചാം രംഗമാണ് പാഠഭാഗം. വിരൂപമായ മുഖത്തുതേപ്പുള്ള ഹാസ്യകഥാപാത്ര മാണ് കാളി. ദാരികന്റെ ദുർഭരണത്തെ സൂചിപ്പിക്കുന്നതാണ് വേഷവിധാനങ്ങൾ. കാളിയെ കൂളി അമ്മയായി കാണുന്നു. ദാരികദാനവേന്ദ്രാദികൾ ദുർഭരണം നടത്തുന്നതായി കാളിയെ അറിയിക്കുന്നു. അവർ തന്ന സംഭാവനകളാണ് ഈ കാണുന്നതെല്ലാം എന്നാണ് കാളി പറയു ന്നത്. ആദ്യന്തം നാടകീയത നിറഞ്ഞു നിൽക്കുന്നുണ്ട് ഈ നാടോടി നാടകത്തിൽ. 'ആ, രണ്ടു പേരില്ലേ? അവരെ അന്വേഷിച്ച് വന്നതാണ്' എന്നിങ്ങനെ സൂചിപ്പിക്കുന്ന ദാരിക ദാനവേന്ദ്രാദി കൾ അവസാനം മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്.

പ്രേക്ഷകരെ പങ്കാളികളാക്കിയാണ് കൂളിയുടെ സംഭാഷണം മുന്നേറുന്നത്. അവരെ മുഴുവൻ കഥാപാത്രങ്ങളാക്കി മാറ്റുന്നുമുണ്ട്. പ്രേക്ഷകരിൽ ചിലരെ പിടികൂടി രംഗത്തു കൊണ്ടുവരു ന്നതും വാത്സല്യം പ്രകടിപ്പിക്കുന്നതുമൊക്കെ ഉദാഹരണങ്ങൾ. ഭാവനയ്ക്കനുസരിച്ച് അഭിന യിക്കുന്നതിനും ധാരാളം അവസരങ്ങളുണ്ട്.

തല തിരിഞ്ഞ പ്രവൃത്തികളാണ് കൂളി ചെയ്യുന്നതെല്ലാം. ദാരികന്റെ ദുർഭരണം എല്ലാം തല കീഴായി മറിച്ചു എന്ന് കാണിക്കാനാണ് ഇത്. നാട്ടുകാരുടെ കുഴപ്പം കൊണ്ടാണ് ഇത്തരം അവസ്ഥ ഉണ്ടാകുന്നത് എന്ന് കൂളി പറയുമ്പോൾ അതൊരു സാമൂഹ്യക വിമർശനമായി മാറുന്നു. ജന സംഖ്യാ വർദ്ധന, ജനങ്ങളുടെ പ്രതികരണമില്ലായ്മ, അല്പത്തം, പൊങ്ങച്ചം, അഹന്ത തുട ങ്ങിയവയൊക്കെ വിമർശന വിധേയമാവുന്നു. നാടൻ കലയിൽ പ്രേക്ഷകരില്ല, പങ്കാളികളേ യുള്ളൂ എന്ന വസ്തുത മുടിയേറ്റ് തെളിയിക്കുന്നു. അഹംഭാവത്തോടെ മാറി നിൽക്കാൻ ഇതിന്റെ പ്രേക്ഷകർക്ക് കഴിയില്ല. ചിരിച്ചും കളിച്ചും അഭിനയത്തിൽ പങ്ക് ചേർന്നും ഓരോരുത്തരും നാടൻ മനുഷ്യരായി തീരുകയാണ് ഇവിടെ. കാളി സൃഷ്ടിക്കുന്ന ഭീതിയുടെയും പിരിമുറുക്ക ത്തിന്റെയും അന്തരീക്ഷത്തെ ഹാസ്യം കൊണ്ട് മൃദുവാക്കുകയാണ് കൂളി ചെയ്യുന്നത്. കാളി യുടെ എതിർ ധ്രുവത്തിൽ നിൽക്കുന്നു കൂളി. മനുഷ്യ മനസ്സിലെ തന്നെ രണ്ട് ഭാവങ്ങളുടെ പ്രതീകമായി ഈ രണ്ട് കഥാപാത്രങ്ങളെയും കരുതാം.

**ചർച്ച**

- പാഠഭാഗത്തെ കഥാപാത്രങ്ങൾ ആരൊക്കെ? അവരുടെ സവിശേഷതകൾ? കഥാപശ്ചാ ത്തലം? കാളിയുടെയും കൂളിയുടെയും സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?

അധ്യാപിക ചർച്ച ക്രോഡീകരിക്കുന്നു.

**ക്രോഡീകരണത്തിൽ വരേണ്ടത്**

- കാളി, കൂളി, ദാരികൻ, ദാനവേന്ദ്രൻ എന്നിവർ കഥാപാത്രങ്ങൾ.
- ദാരികവധത്തിന് കാളി പുറപ്പെടുന്നതിനുതൊട്ടുമുമ്പുള്ള കൂളിയുടെ പുറപ്പാടാണ് പശ്ചാ ത്തലം.
- കാളിയുടെ അനുചരയാണ് കൂളി
- കാളി: രൗദ്രഭാവമുള്ളവൾ

  കൂളി: ഹാസ്യപ്രധാനം

  കൂളി: പ്രേക്ഷകരെ മുഴുവൻ കളിയിൽ പങ്കാളികളാക്കുന്നു.

  കാളി: പ്രേക്ഷകരിൽ നിന്ന് അകന്ന് നിൽക്കുന്നു.
- കാളിയുടെ രൗദ്രഭാവത്തെ ശാന്തമാക്കുകയാണ് കൂളി. പ്രേക്ഷകരുടെ പിരിമുറുക്കം കുറയ് ക്കാൻ സഹായിക്കുന്നു. ബുദ്ധിയുറയ്ക്കാത്തവളെപ്പോലെയാണ് പെരുമാറ്റം.
- എല്ലാം വിരുദ്ധമായാണ് കൂളി ചെയ്യുന്നത്.
- വാത്സല്യം പ്രകടിപ്പിക്കുന്നുണ്ട്.

- ദാരികനും ദാനവേന്ദ്രനും കത്തിവേഷക്കാർ
- പ്രതിനായകൻമാർ.

**മുടിയേറ്റ് : കലയും പുരാവൃത്തവും – ചർച്ച**

മുടിയേറ്റിന്റെ ഏതെങ്കിലും ചിത്രം അധ്യാപിക കാണിക്കുന്നു.

പാഠഭാഗത്തിന്റെ കഥാപശ്ചാത്തലം മനസ്സിലായല്ലോ. അതുമായി ഈ ചിത്രത്തിനു ബന്ധമുണ്ടോ. ഏതാണ് ഈ കലാരൂപം. എന്താണതിന്റെ സവിശേഷതകൾ?

ചർച്ച ചെയ്യുന്നു

താഴെ കൊടുത്ത ലേഖന ഭാഗം ഫോട്ടോകോപ്പിയെടുത്ത് ഗ്രൂപ്പുകളിൽ വിതരണം ചെയ്യാം. പാഠാപഗ്രഥന ഭാഗവും ഉപയോഗിക്കാം. വായനയ്ക്കു ശേഷം പൊതു ചർച്ച. ചർച്ചയിലൂടെ മുടിയേറ്റ് എന്ന കലയുടെ സവിശേഷതകൾ, പുരാവൃത്തം തുടങ്ങിയവയെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ ധാരണവരുത്താൻ ശ്രദ്ധിക്കണം.

# മുടിയേറ്റ്

*ഡോ.സി.ആർ.രാജഗോപാലൻ*

**അ**തിപ്രാചീനമായ കാവുപാരമ്പര്യത്തോളം പഴക്കമുള്ളതാണ് മുടിയേറ്റ്. പിൽക്കാല അഭിജാത ക്ഷേത്രരംഗകലകൾ. വേഷവും ഊർജ്ജവും നേടിയത് മുടിയേറ്റ് പോലുള്ള നാടോടി നാടകങ്ങളിൽ നിന്നാണ്. 'കാവുവട്ടം' എന്ന തുറന്ന അരങ്ങിൽ അനുഷ്ഠാന വിശ്വാസത്തോടെ എത്തിച്ചേരുന്ന ഗ്രാമീണരായ ആരാധകർക്കു മുമ്പിൽ, സജീവപങ്കാളിത്തത്തോടെ അവതരിപ്പിക്കുന്ന മുടിയേറ്റാണ് നമ്മുടെ തുറന്ന തനതു നാടകപാരമ്പര്യം. ആട്ടം, പാട്ട്, കൊട്ട് (ത്രൗര്യത്രികം) ഇവയുടെ ജീവഭാഷകൊണ്ട് ഈ നാടോടി നാടകം ത്രിഭംഗിയണിയുന്നു. മുദ്രയെക്കാൾ മണ്ണിൽനിന്ന് ഊർജ്ജം നേടുന്ന ചുവടുവയ്പിന്റെ നൃത്തവിന്യാസമാണ് മുടിയേറ്റിനുള്ളത്.

## അവതരിപ്പിക്കുന്ന കാവുകൾ

മധ്യകേരളത്തിലെ ഭദ്രകാളിക്കാവുകളിൽ മകരം, കുംഭം, മീനം, മേടം മാസങ്ങളിൽ (ജനുവരി മുതൽ മെയ് വരെ) മുടിയേറ്റ് അവതരിപ്പിച്ചു വരുന്നു. മിക്കവാറും വയലുകളുടെ ഓരത്തുള്ള കാവുകളിൽ ഇതവതരിപ്പിക്കുന്നു എന്നത് ഇതിന്റെ കാർഷിക ബന്ധം സൂചിപ്പിക്കുന്നു. മാള മുതൽ ചേർത്തലവരെയുള്ള വലിയൊരു അധിവാസമേഖലയിൽ മുടിയേറ്റുണ്ട്. മുടിയേറ്റിന് സമാനമായ കാളിനാടകം കാട്ടകാമ്പൽ, അന്ത്യാളൻ കാവ് എന്നിവടങ്ങളിലും അവതരിപ്പിക്കുന്നുണ്ട്. കണ്ണിക്കുളങ്ങര, തലയാക്കുളം, തിരുത്തിക്കുളങ്ങര, പാമ്പുമേക്കാട്, ചിറങ്ങര, എത്തേരിക്കാവ്, വകല, ചേലോട്ട് കാവ്, മോനിപിള്ളിക്കാവ്, കടുത്തുരുത്തി, മാന്നാനം, മരട്, ചൊവ്വര, തൃക്കാരിയൂർ തുടങ്ങി നൂറുകണക്കിന് കാവുകളിൽ മുടിയേറ്റ് പതിവായി നടത്തി വരുന്നു. അനുഷ്ഠാന സന്ദർഭങ്ങളിലല്ലാതെ നാടകപാഠശാലകൾ, ടൂറിസ്റ്റ് അരങ്ങുകൾ, കാമ്പസുകൾ, പുതിയകാവുകൾ എന്നിവിടങ്ങളിലും ഇന്ന് മുടിയേറ്റ് അവതരിപ്പിക്കുവാൻ സംഘങ്ങൾ തയ്യാറായി വരുന്നുണ്ട്. മുടിയേറ്റിലെ കാളിയുടെ ഭാഗം, കൂളിയുടെ ഭാഗം എന്നിവയും പ്രത്യേകമായി അവതരിപ്പിക്കുന്നുണ്ട്.

കുറുപ്പ്, മാരാർ സമുദായത്തിൽപ്പെട്ടവരാണ് മുടിയേറ്റ് നടത്തുന്നത്. മറ്റ് സമുദായക്കൂട്ടായ്മകളുടെ പങ്കാളിത്തം കാവിലെ മുന്നൊരുക്കങ്ങൾക്കുണ്ട്. കല്ലാറ്റ്, വാരണാട്ട്, കീഴില്ലം, പാഴൂർ കുടുംബക്കാരാണ് പ്രധാനമായി ഈ അനുഷ്ഠാനകല കൈകാര്യം ചെയ്യുന്നത്.

അകമണലി, പുറമണലി തുടങ്ങി തൊണ്ണൂറ്റാറ് മഹാവ്യാധികളിൽ നിന്നു മോചനം നേടുവാനായിട്ടാണ് ഗ്രാമീണർ കാളിയാരാധന നടത്തിയിരുന്നത്. പ്രത്യേകിച്ച് പണ്ട് കാലത്തുണ്ടായിരുന്ന പകർച്ച വ്യാധികൾ കൊണ്ട് കഷ്ടപ്പെടുന്ന ജനത അമ്മ ദൈവത്തെ ശരണം പ്രാപിച്ചതിൽ അദ്ഭുതപ്പെടാനില്ല.

## ഇതിവൃത്തം

തോറ്റം പാട്ടുകളിൽ ആവിഷ്കരിക്കുന്ന മുടിയേറ്റിന്റെ പുരാവൃത്തം ഇങ്ങനെയാണ്: ഭഗവതി നൂറ്റെട്ടുമുഖമുള്ള വെള്ളിപ്പീഠത്തിൽ വന്ന് പിറക്കാനുണ്ടായ കാരണത്തോടെ തോറ്റം ആരംഭിക്കുന്നു. ദ്വാപരയുഗത്തിൽ ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധമുണ്ടായി. അന്ന് അസുരവംശം മിക്കവാറും നാമാവശേഷമായി. എന്നാൽ നാല് അസുരകന്യകമാർ ഓടിയൊളിച്ചു. ദാരുമതി, ദാനമതി, വാണികാ, വംശിക എന്നിവർ. ഇവരിൽ ദാരുമതിയും ദാനമതിയും ബ്രഹ്മാവിനെ തപസ്സു ചെയ്ത് അസുരവംശത്തെ നിലനിർത്താനുള്ള വരം നേടി, രണ്ട് പേർക്കും ഓരോ പുത്രരെ പ്രസാദിച്ചു നല്കാമെന്ന വരമാണ് നൽകിയത്. അങ്ങനെ ദാനമതിക്ക് ദാനവേന്ദ്രൻ എന്നും ദാരുമതിക്ക് ദാരുകൻ എന്നും പുത്രൻമാരുണ്ടായി. അവർക്ക് ദാരികാപുരി, കാപുരം എന്നീ രാജ്യവും നൽകി. ക്രൂരമായിരിക്കുന്ന രാശിയിലാണവർ പിറന്നത്. ഇവർ പിറന്നപ്പോൾ സാഗരം ഇളകി മറിഞ്ഞു, പതിന്നാലു ലോകങ്ങളും നടുങ്ങി. ദേവന്മാർ പേടിച്ചു വിറച്ചു. പശുപക്ഷിമൃഗാദികൾ ഓടിയൊളിച്ചു.

മഹാവിഷ്ണു അസുരവംശത്തെ മുടിച്ച കഥ അസുരനാരികൾ മക്കൾക്ക് പറഞ്ഞ് കൊടുത്തു. തുടർന്ന് ദാരികദാനവേന്ദ്രന്മാർ ബ്രഹ്മാവിന്റെ അടുത്ത് പോയി ജലത്തിലും അഗ്നിയുടെ നടുവിലും തപസ്സു ചെയ്തു. ഒടുവിൽ അംഗങ്ങൾ മുറിച്ച് ഹോമിക്കുവാൻ തയ്യാറായപ്പോൾ ബ്രഹ്മാവ് പ്രത്യക്ഷനായി. ദാരികന്റെ ഒരു തുള്ളി രുധിരം ഭൂമിയിൽ വീണാൽ അതിൽ നിന്ന് ദാരികനേക്കാൾ ബലവീര്യമുള്ള പതിനാറായിരം മായാദാനവർ ജനിക്കുമെന്ന വരം നൽകി. പതിനാറായിരം ആനയുടെ ബലവും അവർക്ക് നൽകി. ദുഷ്ടരാക്ഷസമാകുന്ന തേർ നൽകി. 'ആണാലും ആയുധത്താലും' കൊല്ലരുതാത്ത വരം നൽകി. രാവും പകലും കൊല്ലരുതാത്ത വരം നൽകി. ഇവ കൂടാതെ വിശ്വാപതി, സ്ഥാനപതി എന്നീ മന്ത്രങ്ങളെ ഉപദേശിച്ചുകൊടുത്തു. ഈ മന്ത്രങ്ങൾ ദാരികനും ഭാര്യയും രഹസ്യമായി സൂക്ഷിക്കണമെന്നും മറ്റുള്ളവർ അറിയാൻ ഇടയായാൽ മരണം സംഭവിക്കുമെന്നും ബ്രഹ്മാവ് അരുളി. സ്ത്രീകളാൽ കൊല്ലപ്പെടുകയില്ലെന്ന വരം ദാരികൻ വാങ്ങിയില്ല. സ്ത്രീകൾ തന്നോട് യുദ്ധം ചെയ്യുമോ എന്നഹങ്കരിച്ച് മഹാപാപിയായ ദാരികൻ സ്ത്രീകളെയൊക്കെ നിന്ദിക്കാൻ തുടങ്ങി. അതിനാൽ കാലാന്തരത്തിൽ ദേവസ്ത്രീയുടെ കൈയാൽ കൊല്ലപ്പെടുകയെന്ന ശാപവും ബ്രഹ്മാവ് നൽകി. പിന്നീട് കാർത്ത്യായനീദേവിയെയും വേതാളത്തെയും അപമാനിച്ചുകൊണ്ടു വന്ന് ദാരികൻ ഏഴുനില മാടം പണിയിച്ചു. അഹങ്കാരിയായ ദാരികൻ പടയോടുകൂടി ദിഗ്വിജയത്തിന് പുറപ്പെട്ടു.

ആദിത്യനും ചന്ദ്രനും തന്റെ പ്രാസാദത്തിന് നേരെ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യരുതെന്ന് ദാരികൻ കൽപിച്ചു. ദേവസ്ത്രീകളെ അസുരസ്ത്രീകളാക്കി. എട്ടു ദിക്കും വിജയിച്ച ദാരികന് കാലകേയരാജാവ് തന്റെ മകൾ മനോദരിയെ നൽകി. ദാരികനാവട്ടെ ബ്രഹ്മാവ് ഉപദേശിച്ച മന്ത്രം അവൾക്ക് ചൊല്ലികൊടുക്കുകയും ചെയ്തു. തുടർന്ന് ഋഷിമാരുടെ തപസ്സ് മുടക്കിയും ബ്രാഹ്മണവർഗത്തെയെല്ലാം കർമങ്ങളിൽ നിന്നോടിച്ചും ദാരികൻ പ്രയാണം നടത്തി. ഈ അവസ്ഥ കണ്ട് ദുഃഖിച്ച ദേവന്മാരും ഋഷികളും കൈലാസത്തിൽ ചെന്ന് മഹാദേവനെ വിവരമറിയിച്ചു. ദേവസ്ത്രീയാൽ മാത്രമേ കൊല്ലപ്പെടുകയുള്ളൂ എന്നറിഞ്ഞ ദേവന്മാർ ബ്രഹ്മി, വൈഷ്ണവി, മാഹേശ്വരി, കൗമാരി, ഇന്ദ്രാണി, വരാഹി എന്നീ ആറു മാതാക്കളെ ദാരികനെ കൊല്ലാൻ പറഞ്ഞയച്ചു. അരയന്നം, ഗരുഡൻ, ഋഷഭം, മയിൽ, ഐരാവതം, പോത്ത്, എന്നീ വാഹനങ്ങളിൽ കയറി അവർ ദാരികനോട് യുദ്ധം ചെയ്തു. എന്നാൽ ശൂലം കൊണ്ട് ദാരികന്റെ രക്തം ഭൂമിയിൽ വീണപ്പോൾ പതിനായിരം ദാരികന്മാർ ജന്മമെടുത്തു. ആറു ദിവസം യുദ്ധം ചെയ്ത മാതാക്കൾ തോറ്റോടി മധുമലൈ പൂങ്കാവിൽ പോയൊളിച്ചു.

തുടർന്ന് ദാരികന്റെ അഹങ്കാരവും ദുഷ്ടപ്രവൃത്തികളും നാരദൻ ശിവനോടുണർത്തിച്ചു. 'കൈലാസം മുരലോടെ പറിച്ചെടുത്ത് മനോദരിക്ക് നീരാട്ടുകല്ലാക്കി മാറ്റും' തുടങ്ങിയ വെല്ലു

വിളികൾ ഉയർത്തിയ കാര്യങ്ങൾ നാരദൻ പരമേശ്വരനോട് ഉണർത്തിച്ചു. ദാരികൻ പറഞ്ഞ വർത്തമാനങ്ങൾ ഏഷണി കലർത്തിയാണ് നാരദൻ പറഞ്ഞത്. ശിവന്റെ ജടയെല്ലാം കളഞ്ഞ് ദാരികപ്പടയുടെ അരിവെപ്പുകാരനാക്കിമാറ്റുമെന്നും ദാരികന്റെ പുരിയിൽ നിന്ന് പാട്ടുപാടിയില്ലെങ്കിൽ ചിറയിലിട്ട് ചവിട്ടുമെന്നും അവൻ അട്ടഹസിച്ചുവത്രെ. ഇത് കേട്ട് കുപിതനായ ശിവന്റെ തീക്കണ്ണ് ജ്വലിച്ചു. നാഗങ്ങൾ കെട്ടഴിഞ്ഞുതുടങ്ങി. കൈലാസം ഇളകിമറിഞ്ഞു. തുടർന്ന് ശിവന്റെ തൃക്കണ്ണിൽ നിന്ന് മേടം രാശിയിൽ വിശാഖം നാളിൽ ചൊവ്വാഴ്ച കാളി ജനിച്ചു. പതിനാറു ബാഹുക്കളോടെ ഘോരദംഷ്ട്രയുമായി കാളി പിറന്നരുളി. കൊടിയ അസുരനായ ദാരികനെ കൊന്ന് ദേവകളെ രക്ഷിക്കാൻ മഹാദേവൻ ആവശ്യപ്പെട്ടു. ഭദ്രകാളിയുടെ കുന്തം, പരശു, ചന്ദ്രക്കല, ത്രിശൂലം തുടങ്ങി പതിനാറു കൈകൾക്കുള്ള ആയുധങ്ങൾ മഹാദേവൻ തോറ്റിക്കൊടുത്തരുളി. ദേവി കാട്ടിൽ വസിക്കുന്ന വേതാളത്തെ വാഹനമാക്കി. പിശാചുക്കളുടെ വൻപടയും ഭഗവതിക്കു നൽകി. ഒറ്റമുലച്ചി, അഘോരി, ഇഘോരി എന്നിങ്ങനെ ആറു നൂറായിരക്കോടി പിശാചു പടയും ദേവപടയും കാളിക്ക് അകമ്പടി സേവിച്ചു. ദാരികനെ കൊന്നേ കൈലാസത്തിലേക്ക് വരൂ എന്ന വാക്കും കൊടുത്തു. അങ്ങനെ അട്ടഹാസത്തോടെ പുറപ്പെട്ട കാളി ഏഴു ഗോപുരവും കടന്ന് നന്ദികേശന്റെ അടുത്തെത്തി. നന്ദികേശന്റെ മകൻ നന്ദി മഹാകാളനെ സേനാനായകനാക്കി. തുടർന്ന് ഉദയനാ പർവ്വതത്തിൽ തലവെച്ച് അസ്തമനാ പർവതത്തിൽ കാലുനീട്ടിയുറങ്ങുന്ന വേതാളത്തെ വാഹനമാക്കി പുറപ്പെട്ടു.

അറുപത്തെട്ടാനത്തലവന്മാരെക്കൊണ്ട് അരക്കു കിങ്ങിണിയാക്കി ശോഭിച്ചു നിൽക്കുന്ന വേതാളത്തെക്കണ്ട് കാളിക്കും ഭയമായി. കാളിയെക്കണ്ട് വേതാളത്തിനും ഭയമായി. തുടർന്ന് ദേവപ്പടയും ഭൂതപ്പടയും പിശാചുപടയും മാതൃക്കളും കൂടി കൊട്ടുമാർപ്പലങ്കാരത്തോടെ യുദ്ധത്തിന് പോയി. ഭദ്രകാളിയുടെ അട്ടഹാസം കേട്ട് ദാരികനും യുദ്ധത്തിന് പുറപ്പെട്ടു. ഇതിനകം ബ്രഹ്മാവ് ദാരികന് ഉപദേശിച്ചു കൊടുത്ത സാരമന്ത്രം പുറത്ത് പറഞ്ഞാലേ ദാരികമരണം സംഭവിക്കൂ എന്നറിഞ്ഞ കാർത്യായനിദേവി ബ്രാഹ്മണിപ്പെണ്ണിന്റെ വേഷത്തിൽ മനോദാരിയുടെ അടുത്ത് പോയി. ബ്രഹ്മോപദേശം കൈക്കലാക്കി ഭദ്രകാളിയുടെ ചെവിയിലോതി. ഭദ്രകാളിയുടെ അട്ടഹാസം കേട്ട് ദാരികൻ നേരിട്ട് തന്നെ യുദ്ധക്കളത്തിലെത്തി. ഇവർ തമ്മിലുള്ള പോർവിളി യുദ്ധക്കളത്തിൽ മുഴങ്ങി. തുടർന്നു നടന്ന പോരിൽ അസുരസൈന്യമെല്ലാം ചത്തൊടുങ്ങി. ദാരികൻ ഓടാൻ തുടങ്ങി. പിന്നീട് ദാരികൻ നാഗമണ്ഡലത്തിലും പാതാളത്തിലും പോയൊളിച്ചു. ഭദ്രകാളി മുടികൊണ്ട് (തിരുനാവുകൊണ്ട് എന്നുമുണ്ട്) ആദിത്യബിംബം മറച്ച് ഉച്ചയെ അന്തിയാക്കി മാറ്റി. ഭദ്രകാളി യുദ്ധം ചെയ്യാതെ തോറ്റുപോയെന്ന് കരുതിയ ദാരികൻ പുറത്ത് വന്നപ്പോൾ ത്രിശൂലം കൊണ്ട് ദാരികനെ കോർക്കുകയും ചെയ്തു.

*-'പൊലി' മാസികയിൽ നിന്ന്*

### കുറിപ്പ് തയാറാക്കൽ

കാക്കാരശ്ശി നാടകത്തിലെ ഒരു ഭാഗം കുട്ടികൾക്ക് നൽകുന്നു.

| | | |
|---|---|---|
| പാട്ടുകാരൻ | : | എടാ കാക്കാനേ ഇതൊക്കെ പ്പെഴവാണല്ലോടാ |
| കാക്കാൻ | : | തമ്പുരാനോ! ഇവിടാകെ പ്പെഴവാണേ |
| പാട്ടുകാരൻ | : | ഇവിടെന്തോന്നാടാ പെഴവ്? |
| കാക്കാൻ | : | അടിയനെല്ലാം പറയാമേ... പഹവാനേ |
| പാട്ടുകാരൻ | : | എന്നാലങ്ങു പറ |
| കാക്കാൻ | : | കേട്ടോണ്ണേ (ഓരോ വിരലും മടക്കി കണക്കു കൂട്ടുന്നതുപോലെ) കൊട്ടു പെഴ, താളം പെഴ, മേളം പെഴ, തമ്പുരാനും (വിക്കിവിക്കി) പെ...ഴവാണല്ലോ... പൊന്നുപഹവാനേ... പെഴവാന്നല്ലേ., |

- ഇതിലെ ഹാസ്യം ഏതെങ്കിലും വിധത്തിൽ നമ്മെ ചിന്തിപ്പിക്കുന്നുണ്ടോ?
- ചിരിയിലൂടെ ചിന്തിപ്പിക്കുന്ന ഈ രീതി കൂളിയുടെ സംഭാഷണത്തിലും പ്രവൃത്തിയിലും ഉണ്ടോ? കണ്ടെത്തുക.
- കൂളിയുടെ വിമർശനം എവിടെയെല്ലാമാണ് ചെന്നു കൊള്ളുന്നത്?

ഇവ വിശദീകരിക്കുന്ന കുറിപ്പെഴുതട്ടെ.

**കുറിപ്പിൽ വരേണ്ടത്**

- കാക്കാരിശ്ശി നാടകത്തിലെ കാക്കാൻ തമ്പുരാനെ തമാശ രൂപത്തിൽ വിമർശിക്കുന്നു.
- തമ്പുരാൻ പിഴവാണെന്ന് ധൈര്യപൂർവം പറയുന്നു.
- വിനോദ കഥാപാത്രമാണ് കൂളി
- മുടിയേറ്റിലെ കൂളിയുടെ പ്രവൃത്തിയും സംഭാഷണവുമൊക്കെ പ്രേക്ഷകരെ ചിരിപ്പിക്കുന്നു.
- പ്രേക്ഷകരുടെ പൊങ്ങച്ചങ്ങളെയും ഔപചാരികതയെയും പരിഹസിക്കുന്നു.
- അഹന്തയെ ആക്ഷേപിക്കുന്നു.
- ദാരികന്റെ ഭരണം കൊണ്ട് വികൃതമായ സാമൂഹ്യാവസ്ഥയെയാണ് ചിത്രീകരിക്കുന്നത്.
- ഒപ്പം ഇന്നത്തെ സാമൂഹ്യവ്യവസ്ഥയുടെ വൈകൃതങ്ങളെയും.
- ഭരിക്കുന്നവരെ വിമർശിക്കാൻ ഭയപ്പെടുന്ന ജനങ്ങൾ.
- ജനസംഖ്യാപെരുപ്പം
- കുഞ്ഞുങ്ങൾക്ക് മുലകൊടുക്കാൻ മടികാണിക്കുന്ന അമ്മമാർ.
- സൗന്ദര്യഭ്രമം
- അറിവില്ലാത്ത കാര്യങ്ങളിൽ ഏർപ്പെട്ട് പരിഹാസ്യരാവുന്നവർ (തിരുവാതിരക്കളി മുതലായവ...)
- ഇവരെയൊക്കെ വിമർശിക്കുന്നു
- കാക്കാരിശ്ശിനാടകം, മുടിയേറ്റ് തുടങ്ങിയ ഗ്രാമീണകലാരൂപങ്ങൾ സാമൂഹിക വിമർശനം എന്ന ധർമ്മം കൂടി നിർവഹിക്കുന്നു.

**വിശകലനം ചെയ്യാം**

'പച്ചവെള്ളത്തിന് തീപിടിക്കുന്ന കാലമാണ്' എന്ന സംഭാഷണഭാഗം ചാർട്ടിലോ ബോർഡിലോ എഴുതി പ്രദർശിപ്പിക്കുന്നു.

അതിലെ സാമൂഹിക വിമർശനതലമെന്തെന്ന് ചർച്ചചെയ്യട്ടെ.

- പച്ചവെള്ളത്തിന് തീപിടിക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.
- ജനങ്ങളുടെ കുഴപ്പമാണ് എന്നതിലെ സൂചന
- ജനാധിപത്യ വ്യവസ്ഥ നിലനില്ക്കുന്ന ഇന്നും ഈ സംഭാഷണത്തിന് പ്രസക്തിയുണ്ടോ? എന്തുകൊണ്ട്?

**ക്രോഡീകരണത്തിൽ വരേണ്ടത്**

- ജീവിതം പൊറുതിമുട്ടും വിധമുള്ള അന്തരീക്ഷം (വിലക്കയറ്റം, മുതലായവ....) വിമർശന വിധേയമാകുന്നു.
- ഭരിക്കുന്നവരുടെ നയസമീപനമാണ് ഇതിന് കാരണം.
- ജനങ്ങൾ പ്രതികരിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്.

- ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ ഉത്തരവാദിത്തം വർധിക്കുകയാണ്.
- ജനങ്ങൾക്ക് അർഹമായ ഗവൺമെന്റിനെയാണ് ലഭിക്കുന്നത് എന്നുപറയാറുണ്ട്.

കുറിപ്പ് വിലയിരുത്തലിന് വിധേയമാക്കണം.

**സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ**

- സ്റ്റേജ് നാടകവും മുടിയേറ്റും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്താൻ ക്ലാസിനെ 2 സംഘമാക്കുക. ഒരു സംഘം സ്റ്റേജ് നാടകത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തട്ടെ. (വ്യക്തിഗതമായ) രണ്ടാം സംഘം മുടിയേറ്റിന്റെയും.
- വേഷത്തിലെ സാമ്യം, വ്യത്യാസം
- അവതരണസ്ഥലം
    - അവതരണരീതിയിലെ വ്യത്യാസം
    - പ്രേക്ഷകരുടെ സ്ഥാനം

എതാനും പേർ പട്ടിക വായിക്കട്ടെ തുടർന്ന് കുറിപ്പാക്കാൻ ആവശ്യപ്പെടാം.

**കുറിപ്പിൽ വരേണ്ടത്**

| സ്റ്റേജ് നാടകം | നാടോടി നാടകം |
|---|---|
| • കെട്ടിയുയർത്തിയ സ്റ്റേജിൽ | • പ്രേക്ഷകർക്കിടയിൽ അവതരിപ്പിക്കുന്നു |
| • കഥാപാത്രങ്ങൾക്കനുസരിച്ച് വേഷം വ്യത്യാസപ്പെടുന്നു | • നിശ്ചിത വേഷം തന്നെ വേണം എന്തു വേഷവും ധരിക്കാം. |
| • യഥാർഥ പ്രതീതിയുണ്ടാക്കുന്ന വേഷം | • അനുഷ്ഠാന പ്രധാനമായ വേഷം വേഷം കുരുത്തോല, മുടി തുടങ്ങിയവ |
| • മൂന്നുഭാഗവും മറച്ച സ്റ്റേജ് | • തുറന്ന അവതരണ സ്ഥലം |
| • പ്രേക്ഷകർ വെറും കാഴ്ചക്കാർ | • പ്രേക്ഷകർ പങ്കാളികൾ. അവർക്ക് കഥാപാത്രങ്ങളോട് സംസാരിക്കാം. പിടിക്കാൻ വരുമ്പോൾ ഓടാം. കഥാപാത്രമായി മാറാം |
| • നിശ്ചിതമായ സംഭാഷണം | • സന്ദർഭത്തിനനുസരിച്ച് സംഭാഷണം ത്തിൽ മാറ്റം |
| • രണ്ടും നാടകം തന്നെ സംഭാഷണവും, അഭിനയവുമുണ്ട്. | |

**സമാനപദങ്ങൾ – പതിപ്പ്**

തോറ്റംപാട്ട്, മുടിയേറ്റ് എന്നീപാഠഭാഗങ്ങൾ പരിശോധിച്ച് തങ്ങളുടെ നാട്ടിൽ പ്രചാരത്തിലില്ലാത്ത പദങ്ങളും പ്രയോഗങ്ങളും ലിസ്റ്റ് ചെയ്യട്ടെ. അവയ്ക്ക് ഇന്നുപയോഗിക്കുന്ന പദങ്ങൾ കണ്ടെത്തണം. ഇന്നും ഇത്തരം പ്രയോഗങ്ങൾ നിലനിൽക്കുന്നുണ്ടോ? അന്വേഷിക്കട്ടെ. കണ്ടെത്തിയ വിവരങ്ങളും സമാനപദങ്ങളും ചേർത്ത് പതിപ്പ് തയാറാക്കാം.

# നാടൻ കലകളുടെ പകർന്നാട്ടം

**മാപ്പിളപ്പാട്ടരങ്ങ്**

ഒരു മാപ്പിളപ്പാട്ടരങ്ങിലൂടെ പാഠഭാഗത്തിലേക്ക് പ്രവേശിക്കാം. മാപ്പിളപ്പാട്ടറിയാവുന്ന കുട്ടികൾ അവ അവതരിപ്പിക്കട്ടെ. 'കായലരികത്ത് വലയെറിഞ്ഞപ്പോൾ' തുടങ്ങിയ സിനിമാഗാനങ്ങളും പാടാം. നേരത്തേ ഒരുക്കം നടത്തണം. ഓരോ പാട്ടിനെയും പരിചയപ്പെടുത്തി ഏതാനും വാക്യങ്ങൾ പറഞ്ഞശേഷം പാട്ടുപാടിയാൽ മതി.

**ലഘുചർച്ച**

- വിവിധ സമുദായക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട് ഉണ്ടായ കലകൾ ഏതൊക്കെ? ലഘുചർച്ച നടത്തണം
  - മാപ്പിളപ്പാട്ട്, മാർഗംകളി, ദഫ്മുട്ട്, ഒപ്പന, തിരുവാതിരക്കളി

**ക്രോഡീകരണം**

- നാടൻകല സമൂഹത്തിന്റെ പൊതുസ്വത്താണ്.
- ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒതുങ്ങുന്നതല്ല അത്.

**ലേഖനം പരിചയപ്പെടൽ**

- നാടൻ കലകളുടെ പകർന്നാട്ടം എന്ന ലേഖനം വായിക്കട്ടെ.
- ലേഖനത്തിലെ ചില ആശയങ്ങൾ അധ്യാപിക ചാർട്ടിൽ അവതരിപ്പിക്കണം.
- കൂടുതൽ വിവരങ്ങൾ കുട്ടികൾ ഗ്രൂപ്പിൽ വായിച്ച് കണ്ടെത്തി കൂട്ടിച്ചേർക്കണം.
- അവ പൊതുവായി അവതരിപ്പിക്കാം. ക്രോഡീകരിക്കണം.

**ഉപന്യാസം തയാറാക്കാം**

- ലേഖനത്തിൽ പറയുന്ന നാടൻകലാരൂപങ്ങൾ പട്ടികപ്പെടുത്തി ചിലവ ഇന്ന് പ്രചാരത്തിലില്ലാത്തതിന്റെ കാരണം കണ്ടെത്തുകയാണല്ലോ വേണ്ടത്.
- വിഷയത്തെക്കുറിച്ച് ലഘു ചർച്ചയാവാം.
- പരാമർശിക്കപ്പെട്ട നാടൻകലകൾ ഏവ?
- ഇന്ന് പ്രചാരത്തിലുള്ളവ
- ഇല്ലാത്തവ
- എന്തുകൊണ്ടാവാം അവ അപ്രത്യക്ഷമായത്?
- നാട്ടിലെ ഏതെങ്കിലും നാടൻ കലാകാരൻ/ഗവേഷകൻ/പഴയതലമുറയിലെ ഒരാൾ – ഇവരിൽ ആരെങ്കിലുമായി അഭിമുഖം നടത്തി കാരണം കണ്ടെത്താം.
- അതിനായി അഭിമുഖചോദ്യാവലി തയ്യാറാക്കണം.
- അഭിമുഖത്തിലെ വിവരങ്ങളുടെയും അധ്യാപിക നേരത്തെ തയാറാക്കിയ സെമിനാർ പ്രബന്ധത്തിന്റെയും സഹായത്തോടെ കുട്ടികൾ കുറിപ്പെഴുതട്ടെ.

തുടർന്ന് വ്യക്തിഗതമായി ഉപന്യാസം തയാറാക്കണം. ശേഷം ഉപന്യാസത്തിന്റെ സവിശേഷതകൾ ചർച്ചചെയ്യാം.

- പുതിയ ധാരണയുടെ വെളിച്ചത്തിൽ ഉപന്യാസം മെച്ചപ്പെടുത്തുന്നു.

ഒന്നുരണ്ടുപേർ പുതിയ രചന അവതരിപ്പിക്കുന്നു.

മൂല്യനിർണയത്തിന് വിധേയമാക്കണം.

**കൂട്ടായ്മയും നാടൻകലകളും: വിശകലനക്കുറിപ്പ്**

- നിങ്ങൾ ഒഴിവുസമയം എങ്ങനെയാണ് ചെലവഴിക്കുന്നത്?
- ദൃശ്യമാധ്യമങ്ങൾ ഇല്ലാതിരുന്ന പഴയകാലത്ത് ജനങ്ങൾ എങ്ങനെയാവാം വിനോദം കണ്ടെത്തിയത്.
- ഇന്നത്തെ കലാസ്വാദനവും പഴയകാലത്തേതും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ?
- ഒറ്റക്കൊറ്റയ്ക്ക് കല ആസ്വദിക്കാൻ പഴയകാലത്ത് അവസരം ഉണ്ടായിരുന്നുവോ?
- ഏതെല്ലാം തരത്തിലുള്ള കൂട്ടായ്മയാകാം പഴയകാലത്ത് നാടൻകലകളിലൂടെ രൂപപ്പെട്ടത്?

ഇത്തരം ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുകയും വിശകലനക്കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടുകയും ചെയ്യാം. കുറിപ്പ് വിലയിരുത്തണം.

**വാക്യഭംഗി കണ്ടെത്താം**

ഒരാശയത്തെ ഫലപ്രദമായി വാക്യഭംഗി നഷ്ടപ്പെടുത്താതെ എങ്ങനെ അവതരിപ്പിക്കാം എന്ന അറിവാണ് കുട്ടിയിൽ ഇവിടെ ഉണ്ടാവേണ്ടത്. അതിനു സഹായിക്കുന്ന പഠനപ്രവർത്തനങ്ങൾ അധ്യാപകൻ നല്കണം.

മേൽപറഞ്ഞ വാക്യം ബോർഡിൽ എഴുതുക.

- കുലവൃത്തിയുടെ ഈ വിഭജനം
- കുലത്തിന്റെ വൃത്തിയുടെ ഈ വിഭജനം - ഈ വാക്യങ്ങൾ കുട്ടികൾക്ക് ഗ്രൂപ്പുചർച്ചയ്ക്കു നല്കുക. പ്രയോഗഭംഗി കണ്ടെത്താനുള്ള ചർച്ച നടക്കട്ടെ. അവരുടെ ദൈനംദിന പ്രയോഗങ്ങളിൽത്തന്നെ കടന്നു വരുന്ന സമാനപ്രയോഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യപ്പെടണം. ചിലസൂചനകൾ അധ്യാപകനു നല്കാം.

അതായത് - മണ്ണിന്റെ കൂടം, മരത്തിന്റെ പലക

ഇത്തരം പദങ്ങൾ പിരിച്ചുപയോഗിക്കുമ്പോഴാണോ ചേർത്തുപയോഗിക്കുമ്പോഴാണോ കൂടുതൽ ഭംഗി എന്ന് അവർ കണ്ടെത്തട്ടെ.

മലയാളത്തിലെ സമാസത്തെക്കുറിച്ചാണ് കുട്ടിക്ക് ഇവിടെ അവബോധമുണ്ടാകേണ്ടത്. ഉച്ചാരണക്ലേശം പരിഹരിക്കാൻ വേണ്ടിയാണ് പദങ്ങൾ തമ്മിൽച്ചേർത്തതെന്നും അപ്പോഴുണ്ടാകുന്ന വർണമാറ്റങ്ങൾ എന്തൊക്കെയാണെന്ന് കുട്ടി മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ സമയലാഭമാണ് സമസ്തപദങ്ങളുടെ സൃഷ്ടിക്കു പിന്നിലെന്ന അറിവ് കുട്ടിയിൽ നിർമിക്കപ്പെടണം. മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ- സമസ്തപദങ്ങളെയും അല്ലാത്തവയെയും കുറിച്ചുള്ള ചർച്ചയിൽ കുട്ടിക്ക് ആ ആശയം തിരിച്ചറിയാൻ കഴിയും. തലയിലെ വേദന എന്നതിനെക്കാൾ തലവേദനയാണ് പ്രയോഗിക്കാൻ സുഖം എന്ന് കുട്ടി തിരിച്ചറിയുന്നു. ചർച്ചയിൽ ഉരുത്തിരിഞ്ഞുവരുന്ന നിഗമനങ്ങൾ കുറിപ്പാക്കട്ടെ.

കുറിപ്പ് വിലയിരുത്തണം.

**ആൽബം തയാറാക്കാം**

യു.പി.ക്ലാസുകളിൽ എന്റെ ശേഖരണപുസ്തകത്തിൽ ചിത്രങ്ങൾ പതിച്ച് വിവരണം തയാറാക്കി കുട്ടികൾ ശീലിച്ചിട്ടുണ്ട്. അതിന്റെ ഉയർന്ന തലത്തിലുള്ള പ്രവർത്തനമാണ് എട്ടാംക്ലാസിൽ നടക്കേണ്ടത്.

- ഉള്ളടക്കപേജ് ഉണ്ടാകണം
- ചിത്രങ്ങൾ ആകർഷകമാം വിധം ഒട്ടിക്കണം

- പേജുകളുടെ ലേഔട്ട് ഭംഗിയുള്ളതാക്കണം
- ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകണം
- വിവരണം സ്വന്തം ഭാഷയിലാക്കണം.

ലൈബ്രറിയുടെയും വിദഗ്ധർ, നാടൻകലാകാരൻമാർ എന്നിവരുടെയും സഹായം പ്രയോജനപ്പെടുത്താം.

ആൽബവും, നേരത്തെ തയാറാക്കിയ സമാനപദപ്പതിപ്പും സ്കൂളിൽ പ്രദർശിപ്പിക്കാവുന്നതാണ്.

ഈ യൂണിറ്റിൽ ഏറ്റെടുത്ത് നടത്താവുന്ന മറ്റു പ്രവർത്തനങ്ങൾ

1) നാടൻ കലാമേള - (ഫോക് ലോർ അക്കാദമി ഇതിന് സഹായം ചെയ്തുവരുന്നുണ്ട്)
2) കുരുത്തോലക്കളരി - ഓല തുടങ്ങിയ പ്രകൃതിവസ്തുക്കൾ കൊണ്ട് നാടൻ പന്ത്, കളിപ്പാട്ടം തുടങ്ങിയവ ഉണ്ടാക്കുന്ന ശിൽപശാല
3) നാടൻ കലാ പ്രദർശനം
4) നാടൻകലകളെക്കുറിച്ചുള്ള ഡോക്യുമെന്ററി ചലച്ചിത്രമേള

## റഫറൻസ്


- പൊട്ടനാട്ടം : ഡോ.എം.വി.വിഷ്ണു നമ്പൂതിരി
- നാടോടി നേരരങ്ങ് : ജി.ഭാർഗവൻ പിള്ള
- കേരളഭാഷാഗാനങ്ങൾ ഒന്നാം ഭാഗം : ചിറക്കൽ ടി.ബാലകൃഷ്ണൻ നായർ (കേരളസാഹിത്യ അക്കാദമി)
- മുടിയേറ്റ് : ചുമ്മാർ ചൂണ്ടൽ
- തെയ്യം : എഡി:ജി.ശങ്കരപിള്ള (കേരള സംഗീതനാടക അക്കാദമി)
- കേരളത്തിലെ നാടോടി നാടകങ്ങൾ : ഡോ.എസ്.കെ.നായർ (മദിരാശി സർവകലാശാല)
- ഫോക്‌ലോർ നിഘണ്ടു : ഡോ.എം.വി.വിഷ്ണു നമ്പൂതിരി
- തെയ്യം : ഡോ.എം.വി.വിഷ്ണു നമ്പൂതിരി (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
- മുടിയേറ്റ്, നാടോടി നേരരങ്ങ് : സി.ആർ.രാജഗോപാലൻ
- തെയ്യവും തോറ്റം പാട്ടും : ഡോ.രാഘവൻ പയ്യനാട്
- കേരളഫോക്‌ലോർ : എഡിറ്റർ: ഡോ.കെ.കെഎൻ.കുറുപ്പ്, ഡോ.രാഘവൻ പയ്യനാട്
- കാവുകൾ, തെയ്യങ്ങൾ : എഡിറ്റർ: രാമന്തളിരവി
- മാപ്പിള ഫോക്‌ലോർ : ബി.മുഹമ്മദ് അഹമ്മദ്
- കോലത്തുനാട്ടിലെ തെയ്യം കഥകൾ : ഡോ.ആർ.സി.കരിപ്പത്ത്
- കേരളത്തിലെ കലാരൂപങ്ങൾ : ബാലകൃഷ്ണൻ കൊയ്യാൽ

# സിലബസ് ഗ്രിഡ്

## അകം തെളിയുമ്പോൾ

**പ്രശ്നമേഖല** : ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം

**ഉപപ്രശ്നം** :
- ആരോഗ്യമെന്നത് ശാരീരികം മാത്രമല്ലന്നും മാനസികാരോഗ്യം കൂടിയാണെന്നും ഉള്ള ധാരണയില്ലായ്മ

**പഠനലക്ഷ്യങ്ങൾ** :
- ആരോഗ്യവും സൗന്ദര്യവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് തിരിച്ചറിയുക.
- മനസ്സിന്റെ ആരോഗ്യം എന്നത് മനസ്സിന്റെ സൗന്ദര്യം കൂടിയാണ് എന്ന ധാരണ രൂപപ്പെടുത്തുക.
- മനസ്സിന്റെ സൗന്ദര്യം മനസ്സിന്റെ നന്മതന്നെയാണ് എന്ന് തിരിച്ചറിയുക.
- ബാഹ്യസൗന്ദര്യത്തെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നതിൽ ചില സ്ഥാപിതതാൽപര്യങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് തിരിച്ചറിയുക

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| (തനിമയും പൈതൃകവും)<br><br>കേരളത്തിനു തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട് | • ആരോഗ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടേണ്ടത് സമൂഹവുമായി ബന്ധപ്പെട്ടുകൊണ്ടാണ്<br>• സമൂഹത്തിന്റെ പുരോഗതിക്ക് നിസ്വാർത്ഥരായ വ്യക്തികളുടെ പ്രവർത്തനങ്ങൾ ഏറെ സഹായിക്കുന്നു<br>• സൗന്ദര്യത്തെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നതിൽ ചില സ്ഥാപിത താൽപര്യങ്ങൾ നിലനിൽക്കുന്നുണ്ട്<br>• സമൂഹത്തിന്റെ പൊതുബോധം രൂപപ്പെടുത്തുന്നതിനും ന്യായീകരിക്കുന്നതിനും വേണ്ടി പഴഞ്ചൊല്ലുകളെ കൂട്ടുപിടിച്ചതിന്റെ യുക്തി വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്<br>• ഇത്തരം ആശയങ്ങളും കാഴ്ചപ്പാടുകളും ആവിഷ്കരിക്കുന്ന സർഗ്ഗാത്മക രചനകൾക്ക് അവയിലെ ആശയപരവും ഭാഷാപരവും സാഹിത്യപരവുമായ ഘടകങ്ങൾ സൗന്ദര്യവും ശക്തിയും നൽകുന്നുണ്ട്.<br>• പഴഞ്ചൊല്ലുകളിലെ ബിംബ കല്പനകൾ കണ്ടെത്തുന്നു<br>• (ആശയങ്ങൾ ആവിഷ്കരിക്കുന്ന) സാഹിത്യ രചനകൾ വിശകലനം ചെയ്ത് ധാരണ രൂപപ്പെടുത്തുക<br>• കവിതകളുടെ ചമത്കാര ഭംഗി തിരിച്ചറിയുക<br>• ഗദ്യഭാഷയുടെ ഭംഗി തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ പ്രയോഗിക്കാൻ കഴിവു നേടുക<br>• പഴഞ്ചൊല്ലുകളെ വിമർശനാത്മകമായി പരിശോധിച്ച് സമൂഹത്തിന്റെ പൊതുബോധം രൂപപ്പെടുത്തുന്നതിൽ അവയ്ക്കുള്ള പങ്ക് തിരിച്ചറിയുക | **ആർജ്ജിതാനുഭവങ്ങൾ**<br>• സൗന്ദര്യസംരക്ഷണത്തിൽ ഇന്ന് സമൂഹത്തിന് അമിതമായ താൽപര്യമുണ്ടെന്നും അത്തരം ധാരാളം ഉൽപന്നങ്ങൾ ഇന്നു വിപണി കീഴടക്കിയിട്ടുണ്ടെന്നും ഉള്ള ധാരണയുണ്ട്.<br>• ബാഹ്യസൗന്ദര്യത്തിനാണ് ഇന്ന് സമൂഹത്തെ കൂടുതൽ സ്വാധീനിക്കുവാൻ കഴിയുന്നതെന്ന ധാരണയുണ്ട്<br>**രചനകൾ കൃതികൾ**<br>• മനസ്സിന്റെ സൗന്ദര്യം ആവിഷ്കരിക്കുന്ന സാഹിത്യ രൂപങ്ങൾ<br>• പുറം മോടികളിൽ ഭ്രമിക്കുന്ന സമൂഹത്തിന്റെ പ്രവണതകളെ വിമർശിക്കുന്ന ആധുനിക കവിത<br>• നമ്മുടെ സൗന്ദര്യസങ്കൽപ്പത്തെ വിമർശനാത്മകമായി വിശകലനം ചെയ്യുന്ന ലേഖനം<br>• സൽ പ്രവൃത്തികൾ കൊണ്ട് സമൂഹത്തിന്റെ മനസ്സിൽ ഇടം തേടിയ വ്യക്തികളുടെ അനുഭവങ്ങൾ ആവിഷ്കരിക്കുന്ന സൃഷ്ടികൾ<br>• പഴഞ്ചൊല്ലുകളെ വിശകലനം ചെയ്യുന്ന ലേഖനം | • മനസ്സിന്റെ ഔന്നത്യവും ശക്തമായ നിലപാടുകളും കൊണ്ട് സമൂഹത്തിൽ ഇടപെട്ട വ്യക്തികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകളെക്കുറിച്ച് നിരീക്ഷണക്കുറിപ്പുകൾ സർഗ്ഗാത്മക രചനകൾ എന്നിവ തയ്യാറാക്കുക. | • മനുഷ്യന്റെ പ്രവർത്തനങ്ങളാണ് അയാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത് എന്ന് തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സന്നദ്ധത<br>• നാടൻകലകൾ ആസ്വദിക്കാനും വിശകലനം ചെയ്യാനുമുള്ള മനോഭാവം<br>• സാമൂഹിക കൂട്ടായ്മയുണ്ടാക്കുന്നതിൽ തനതു കലകൾക്ക് പ്രമുഖ പങ്കുവഹിക്കാനുണ്ടെന്ന തിരിച്ചറിവുണ്ടാകുന്നു. | രചനകൾ വിശകലനം ചെയ്ത് ആശയ സ്വാംശീകരണം നടത്താനുള്ള ശേഷി<br>ചർച്ച, പ്രഭാഷണം എന്നീവ്യവഹാര രൂപങ്ങളിലൂടെ ആശയ പ്രകാശനത്തിനുള്ള കഴിവ്<br>വർണന (അലങ്കാരം) ശൈലി, പ്രയോഗഭംഗി തുടങ്ങിയവ കവിതകൾക്ക് എപ്രകാരമാണ് ശക്തിയും സൗന്ദര്യവും നൽകുന്നതെന്ന് കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുവാനുള്ള കഴിവ്<br>സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനുള്ള ശേഷി.<br>രചനകളെ വിശകലനം ചെയ്യാനും രൂപീകരിച്ച ധാരണകളെ തന്റെ രചനകളിലൂടെ ആവിഷ്കരിക്കുവാനുമുള്ള കഴിവ് |

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| | • പദവിഭാഗങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് തരംതിരിക്കുന്നതിനുള്ള കഴിവു നേടുക<br>• പഴഞ്ചൊല്ലുകളിലെ ബിംബകല്പനകൾ കണ്ടെത്തുന്നതിന് | | | | പ്രയോഗ വ്യവസ്ഥ എന്ന നിലയിൽ ഭാഷാവസ്തുകളെ നിരീക്ഷിക്കുവാനും തന്റെ രചനകളിൽ പ്രകടിപ്പിക്കുവാനും ഉള്ള കഴിവ്<br>പഴഞ്ചൊല്ലുകളെ വ്യാഖ്യാനിച്ച് വിശകലനക്കുറിപ്പ്കൾ എഴുതുവാനുള്ള കഴിവ്<br>നമ്മുടെ സൗന്ദര്യ സങ്കൽപ്പങ്ങൾ രൂപപ്പെടുത്തുന്നതിന്റെ പിന്നിലെ താൽപര്യങ്ങൾ വിശകലനം ചെയ്യുന്ന രചനകൾ പരിശോധിച്ച് ആശയരൂപീകരണം നടത്തുക ചർച്ചകൾ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിൽ സ്വന്തം നിലപാടുകളോടെ അവതരിപ്പിക്കുക.<br>സമൂഹത്തിന്റെ പൊതുധാരണകളെ നിർണ്ണയിക്കുന്നതിൽ പഴഞ്ചൊല്ലുകൾക്കുള്ള പങ്ക് വിശകലനം ചെയ്ത് ലഘുലേഖനം തയ്യാറാക്കുക<br>കവിതയിലെ ചമത്ക്കാരഭംഗി കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുക<br>ഗദ്യഭാഷയുടെ സൗന്ദര്യം തിരിച്ചറിഞ്ഞ് രചനകളിൽ ഏർപെടുക<br>പഴഞ്ചൊല്ലുകളിലെ ബിംബകല്പനകൾ കണ്ടെത്തി സാഹിത്യത്തിൽ അതിന്റെ പ്രതിഫലനം വിശകലനം ചെയ്ത് രചനകളിൽ ഏർപ്പെടുക |

# 5

# അകം തെളിയുമ്പോൾ

വി.കെ.ശ്രീരാമന്റെ വേറിട്ട കാഴ്ചകളിലെ ഒരു രചന പരിചയപ്പെടാം.

## ശാരദ എന്ന യുവതി സ്വാതന്ത്ര്യം പ്രാപിച്ച കഥ

ശാരദയുടെ വീട്ടിൽനിന്ന് നരേന്ദ്രമേനോന്റെ ഗ്ലൗസ്കമ്പനിയിലേക്ക് പത്തു പതിനഞ്ചു മിനിറ്റുകൊണ്ട് നടന്നെത്താവുന്ന ദൂരമേയുള്ളൂ. ശാരദയ്ക്ക് അവിടെയാണ് ജോലി. തുണികൊണ്ടും തുകലുകൊണ്ടുമുള്ള കൈയുറകൾ തയ്ക്കുന്ന പണി. ശാരദയെക്കൂടാതെ നാല്പതോളംപേർ (അധികം പെൺകുട്ടികളാണ്) അവിടെ പണിയെടുക്കുന്നുണ്ട്.

അന്ന് വീട്ടിൽ നിന്നിറങ്ങുമ്പോൾ അമ്മ ഓർമിപ്പിച്ചു: "കമ്പനി വിട്ടാൽ നേരെയിങ്ങോട്ടു പോന്നോളൂട്ടോ. വായനശാലേലൊന്നും കേറാൻ നില്ക്കണ്ട." "അതെന്താ? ഒരാഴ്ചയായി ഞാനീ പുസ്തകം കൊണ്ടന്നിട്ട്. കഴിഞ്ഞ തിങ്കളാഴ്ച. അഞ്ചുമിനിട്ടല്ലേ വേണ്ടൂ പുസ്തകം മാറ്റാൻ."

അമ്മ അതിനു മറുപടിയൊന്നും പറഞ്ഞില്ല. റസിയ തുന്നാൻ കൊടുത്തുവിട്ട തുണി തൊട്ടുനോക്കിയിട്ടില്ല. അതാണ് അമ്മയ്ക്കു പരാതി. ഇന്നലെ സുലൈഖയുടെ വീട്ടിൽ ചെന്നിരുന്നു വർത്തമാനം പറഞ്ഞ് നേരം പോയതറിഞ്ഞില്ല. ചന്ദ്രോത്തെ ലീലടീച്ചർ വന്നതാ നേരംവൈകാൻ കാരണം. അവർക്ക് വർത്തമാനം പറയാൻ തുടങ്ങിയാൽപ്പിന്നെ അവസാനമില്ല. കമ്പനിയുള്ള ദിവസങ്ങളിലാണെങ്കിൽ വേറെ ഒന്നിനും നേരം കിട്ടില്ല. പണിവിട്ടു വരുന്നതും നോക്കി ഉണ്ണിമോനും ഉണ്ണിമോളും പടിക്കലുണ്ടാവും. കുറച്ചു ദിവസമായി ഒന്നും തയ്ക്കാൻ ഒത്തിട്ടില്ല. അമ്മ പണി കഴിഞ്ഞുവരുന്നതു വൈകീട്ടാണ്. അടുക്കളയിലും ചില്ലറ പണികളൊക്കെ ഉണ്ടാകും. എന്നാലും ഉറങ്ങുന്നതിനുമുൻപ് എന്നും എന്തെങ്കിലും വായിക്കാനുണ്ടാവണം.

"ഞാൻ ഇന്നു പുസ്തകം മാറ്റിയെടുത്തിട്ടേ വരൂട്ടോ. വീട്ടില് വെച്ചാ അത് ചന്ദ്രേടത്തി എടുത്തോണ്ടുപോവും. ഞാൻ പുസ്തകം വായിക്കണേന് അമ്മയ്ക്കെന്താ ഇത്ര..." ശാരദ വിളിച്ചു പറഞ്ഞു.

"എന്താ വഴീല് എറങ്ങിനിന്നട്ട് അമ്മേന്റെ അടുത്ത് വക്കാണം?" റസിയയാണ്. അവളും കമ്പനിയിൽ ശാരദയ്ക്കൊപ്പം ജോലി ചെയ്യുന്നു. ഒരു കൊല്ലം ആകുന്നേയുള്ളൂ റസിയ കമ്പനിയിൽ വരാൻ തുടങ്ങിയിട്ട്. ശാരദ രണ്ടുകൊല്ലം കഴിഞ്ഞു. കുറച്ചുദൂരംകൂടി ചെന്നാൽ അമ്മുവും ഇല്ലിമുള്ളിന്റെ ചാരുപടി തുറന്ന് ഇടവഴിയിലേക്കിറങ്ങിവരും. മൂന്നുപേരുംകൂടിയാണ് കമ്പനിയിൽ ചെന്നുകയറുക.

കൈയുറകൾ തുന്നുന്ന ജോലി അത്ര പ്രയാസമുള്ളതൊന്നുമല്ല. പക്ഷേ, രാവിലെ ഒൻപതുമണിക്കു ചെന്നാൽ വൈകീട്ട് അഞ്ചരയ്ക്കേ കമ്പനിയിൽ നിന്ന് ഇറങ്ങാനൊക്കൂ എന്നുമാത്രം. ഉച്ചയ്ക്ക് ഒരു മണിക്കൂർ ഒഴിവുണ്ട്. അപ്പോൾ മൂന്നുപേരുംകൂടി വീട്ടിൽനിന്നു കൊണ്ടുവരുന്ന പൊതിച്ചോറു പങ്കുവയ്ക്കും. ആദ്യമൊക്കെ ഉച്ചയ്ക്ക് വീട്ടിൽ പോയാണു കഴിച്ചിരുന്നത്. ചിലർ തിരിച്ചുവരാൻ പത്തും പതിനഞ്ചും മിനിട്ടു വൈകിയപ്പോൾ സൂപ്പർവൈസർ സോമനുണ്ടാക്കിയ നിയമമാണിത്, ഉച്ചഭക്ഷണം കമ്പനിയിൽത്തന്നെ.

അന്നും പതിവുപോലെ വലിയ പത്രത്താളുകളിൽ പൊതിഞ്ഞാണ് അമ്മു ചോറു കൊണ്ടു വന്നത്.

"പടച്ചോനേ, ഈ പൊതി കണ്ടാത്തോന്നും നാലാൾക്കു തിന്നാനുള്ളത് അതിന്റകത്ത് ഉണ്ടാവുംന്ന്. തൊറന്നുകയിഞ്ഞാലോ, കിളിക്ക് കൊത്താൻ തേയില്ല. ഒരു കടുമാങ്ങേം നാലു വറ്റും." പത്രത്തിൽ പൊതിഞ്ഞ ഭക്ഷണം പുറത്തെടുക്കുന്ന അമ്മുവിനെ നോക്കി റസിയ പറഞ്ഞു.

"ഞാനേയ് ഇത്രയധികം പേപ്പറ് മുഴോനും ചോറുപൊതിഞ്ഞു കൊണ്ടരണതല്ല. ശാരദയ്ക്ക് വായിക്കാനുള്ളതാ." അമ്മു പറഞ്ഞു. ചോറ് ഒരു പിടിയേ ഉണ്ടാവൂ. എങ്കിലും അമ്മുവായി രിക്കും ഏറ്റവും ഒടുവിൽ കഴിച്ചെഴുന്നേല്ക്കുന്നത്. ഭക്ഷണം കഴിക്കുമ്പോഴായിരിക്കും അവൾക്ക് എന്തെങ്കിലും പുതിയ കാര്യങ്ങൾ പറയാനുണ്ടാവുക. കടമ്പഴിപ്പുറത്തു നാടകം കാണാൻ പോയതും സിനിമാനടൻ രവിമേനോന്റെ ഏട്ടന്റെ മോളെ പരിയാനംപറ്റ അമ്പലത്തിൽവച്ചു പരിചയപ്പെട്ടതുമൊക്കെ വിസ്തരിക്കുന്നതിനിടയിൽ വാട്ടിയ ഇലയിൽ ചോറ് ഉണങ്ങാൻ തുടങ്ങും.

ശാരദ നേരത്തെ ഉണ്ടെഴുന്നേറ്റ് പത്രം വായിക്കാൻ തുടങ്ങി. 2001 ഡിസംബർ രണ്ടാം തീയതി യിലെ മാതൃഭൂമി പേപ്പറായിരുന്നു അത്. ശാരദ പത്രം വായന തുടങ്ങിയിട്ടും റസിയയും അമ്മുവും കഴിച്ചെഴുന്നേറ്റിട്ടില്ല. പാപ്പച്ചൻടെക്സ്റ്റൈൽസിൽ എഴുപതു രൂപയുടെ ചുരിദാർസെറ്റുകൾ വന്നി ട്ടുള്ളതാണ് ചർച്ചാവിഷയം. ശാരദ പത്രത്തിൽത്തന്നെ കണ്ണുനട്ടുകൊണ്ട് അവരോടു ചോദിച്ചു:

"ഒരു തമാശകേക്കണോ നിങ്ങൾക്ക്; വിവാഹ പരസ്യം."

"വിവാഹ പരസ്യത്തില് പല തമാശേംണ്ടാവും. അധികവും തമാശയല്ല. അല്പത്തരങ്ങളാ. സൽസ്വഭാവിയും സസ്യഭുക്കും സുന്ദരനും കാരുണ്യവാനും ഗവൺമെന്റു ജോലിക്കാരനും; ഇനിക്ക് കേക്കണ്ട." അമ്മു പറഞ്ഞു.

"ഇയ്യ് വായിച്ചോ ശാരദേ. എന്താ തമാശാന്ന് കേക്കാലോ." റസിയ പ്രോത്സാഹിപ്പിച്ചപ്പോൾ ശാരദ വായിച്ചു.

"കൈകാലുകൾ തളർന്ന്, നില്ക്കുവാനോ നടക്കുവാനോ കഴിയാത്ത നാല്പതു വയസ്സുകാരന് ഒരു ജീവിതസഖിയെ ആവശ്യമുണ്ട്. ജാതിയും ജാതകവും പ്രശ്നമല്ല. ബോക്സ് നമ്പർ 307, സി/ഒ മാതൃഭൂമി, തൃശൂർ."

"എണീറ്റു നിൽക്കാൻ വയ്യെങ്കിലും പെണ്ണുകെട്ടണംന്നാ മൂപ്പരുടെ പൂതി." റസിയ പൊട്ടിച്ചിരിച്ചു.

അമ്മുവിന് ആ തമാശ ഒട്ടും പിടിച്ചില്ല. അവൾ പറഞ്ഞു:

"പരിഹസിക്കണ്ട മോളേ. നിന്റെ ആങ്ങള ഫാറൂക്കിന് ഇങ്ങനെ ഒരു ദീനം വന്നാ നിയ്യ് ചിരി ക്കോ. അവന്റെ എല്ലാ കാര്യങ്ങളും നീ എന്നും നോക്കി കൂടെ നില്ക്കോ. നിന്റെ ഉമ്മയ്ക്കും അതു സാധിക്കോ? കല്യാണം കഴിഞ്ഞേന്റെ ശേഷം നിന്റെ ഭർത്താവിന് ഇങ്ങനെ ഒരു ദണ്ഡം വന്നൂച്ചാലോ? ദൂരെക്കളഞ്ഞിട്ട് പോവോ നിയ്യ്?"

റസിയയുടെ ചിരി പെട്ടെന്നടങ്ങി. അവൾ മറുപടിയൊന്നും പറഞ്ഞില്ല.

ശാരദ പത്രംവായന നിർത്തി. അവൾ അമ്മുവിനെ നോക്കി. ഇവൾക്ക് ഇതൊക്കെ പറയാൻ എങ്ങനെ സാധിക്കുന്നു? ഞാനാരോടാണ് കാരുണ്യമില്ലാതെ പെരുമാറിയത്.

"അല്ലാ, നീ വല്ലാണ്ടൊക്കെ പറഞ്ഞൂലോ. അങ്ങനെയുള്ള ഒരാളെ നീയ്യാണെങ്കി കല്യാണം കഴിക്കോ. എഴുന്നേറ്റുനിക്കാൻകൂടി വയ്യാത്ത ഒരാളെ?" ശാരദ അമ്മുവിനോടു ചോദിച്ചു.

"എന്താ കഴിക്കോന്ന്, നൂറുവട്ടം ഞാൻ തയാറാണ്. ഒന്നുല്ലെങ്കിലും കള്ളുകുടിച്ച് വന്ന് തല്ലും കുത്തും ഉണ്ടാക്കില്യാല്ലോ?"

“നീ ഇപ്പോ പറഞ്ഞതാ പരിഹാസം.” ശാരദ പറഞ്ഞു.

റസിയ കരയാൻ തുടങ്ങിയിരുന്നു. ശാരദ അവളുടെ അടുത്തേക്കു ചെന്നു.

“അയ്യേ, ദാപ്പോ നന്നായത്. നീയ്യ് ആ ടീച്ചറോടെ ചെന്ന് ദിവസോം സീരിയല് കാണുന്നേന്റെ കൊഴപ്പാ ഇത്. മിണ്ട്യാ ഉടനെ കരച്ചില്. അമ്മൂനെ നീ ഇപ്പോ കാണുന്നേ ഉള്ളോ? അവളുടെ നാവ് അങ്ങനെത്തന്ന്യല്ലേ? എണീറ്റെ. ഭക്ഷണം കഴിക്കണടത്ത് ഇരുന്ന് കരയ്യാ?”

ജോലികഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോൾ ശാരദ കബീറിന്റെ പെട്ടിക്കടയിൽനിന്ന് ഒരു ഇൻലന്റ് വാങ്ങി.

“ആർക്കാ നീ കത്തെഴുതാൻ പോണത്?” - അമ്മു ചോദിച്ചു.

“മരിച്ചുപോയ എന്റെ അച്ഛന്.” ശാരദ പറഞ്ഞു.

അന്നു രാത്രി ചിമ്മിണിവിളക്കിന്റെ വെളിച്ചത്തിലിരുന്ന് ശാരദ എഴുതി. ആർക്കാണ്, എവിടേക്കാണ് എന്നൊന്നും അറിയാതെ, ആത്മഹത്യയ്ക്കു മുമ്പെഴുതുന്ന കുറിപ്പുപോലെ.

‘പത്രത്തിലെ പരസ്യം കണ്ടു. അതിൽ പറഞ്ഞിരിക്കുന്ന ആളെ വിവാഹം കഴിക്കാൻ എനിക്കു സമ്മതമാണ്. ഞാൻ ഒരു ഗ്ലൗസ്കമ്പനിയിൽ ജോലി ചെയ്യുന്നു. മൂന്നു കൊല്ലം തുന്നൽ പഠിച്ചിട്ടുണ്ട്. വീട്ടിൽ അമ്മയും സഹോദരനും ഭാര്യയും കുട്ടികളുമുണ്ട്. കൂടുതൽ വിവരങ്ങൾ അറിയണമെന്നുണ്ട്. നിങ്ങളുടെ മറുപടി പ്രതീക്ഷിക്കുന്നു’.

എഴുതിയ കത്ത് അവൾ ഒന്നുകൂടെ വായിച്ചു. അരണ്ട വെളിച്ചത്തിൽ ആ നീലക്കടലാസ് അവളുടെ കൈയിലിരുന്നു വിറച്ചു. ഈ കത്ത്, ദീനപ്പായയിൽ ഏറെക്കാലം കിടന്ന് മരുന്നും ശുശ്രൂഷയുമില്ലാതെ മരിച്ചുപോയ എന്റെ അച്ഛനുള്ളതാണ്. അവളറിയാതെ വടിവില്ലാത്ത, ദുർബലമായ അക്ഷരങ്ങൾക്കു മേൽ രണ്ടിറ്റു കണ്ണുനീർ വീണു. കണ്ണീരിന്റെ നനവിൽ വാക്കുകൾ കുതിർന്നു കനത്തു.

“നീയെന്താ പെണ്ണേ ഇന്ന് കെടക്കണ്ല്യേ?” - അമ്മ വിളിച്ചുചോദിക്കുന്നു. മണി പതിനൊന്നെങ്കിലും ആയിക്കാണും. ശാരദ വിളക്കണച്ചു.

പിറ്റേദിവസം ശാരദയ്ക്ക് കമ്പനിയിൽ പോകാൻ തോന്നിയില്ല. അവൾ തയ്യൽമെഷീന്റെ അടുത്തു ചെന്നിരുന്നു. തുന്നാൻ കൊണ്ടുവന്നിട്ടുള്ള തുണികൾ ഓരോന്നായി എടുത്തു നിവർത്തി.

“അല്ലാ നീയ്യിന്ന് തുന്നാൻ കുത്തിരിക്കാണോ? കമ്പനീ പോണ്ടെ നിനക്ക്?” ലക്ഷ്മി ശാരദയോടു ചോദിച്ചു.

അമ്മയോട് മറുപടിയൊന്നും പറയാതെ അവൾ തുണികൾ ഓരോന്നായി വെട്ടാൻ തുടങ്ങി.

“മണി എട്ടര കഴിഞ്ഞല്ലോ. ശാരദ ഇന്ന് കമ്പനീലിക്ക് വരണില്ലേ?” റസിയ വേലിക്കൽ വന്ന് വിളിച്ചുചോദിക്കുന്നു.

“അവളോട്തന്നെ ചോദിച്ചോക്ക്. ഞാൻ നൂറുവട്ടം ചോദിച്ചിട്ടും മിണ്ടാട്ടല്യ.” ലക്ഷ്മി മറുപടി പറഞ്ഞതുകേട്ട് റസിയ ഉമ്മറത്തേക്കു കയറി. അവൾ തയ്ക്കാൻ തുടങ്ങുകയായിരുന്ന ശാരദയുടെ അടുത്തേക്കു ചെന്നു.

“അല്ലാ, ഇന്നലെ ആറുമണിക്ക് നമ്മള് ഒന്നിച്ച് വീട്ടില് വന്നതല്ലേ. ഇത്രനേരണ്ടാർന്നിട്ടും ഒരു കുപ്പായം തുന്നാൻ കൂടീല്ലേ അനക്ക്. ഇതു തുന്നാനേയ് ഒരീസം ലീവിട്ക്കണ്ടാട്ടോ.” റസിയ ശാരദയുടെ കൈയിൽ പിടിച്ചു. അപ്പോഴും ശാരദ മറുപടിയൊന്നും പറഞ്ഞില്ല. തല ഉയർത്തി റസിയയെ നോക്കിയതുമില്ല. “അനക്ക് മുണ്ടാട്ടം മുട്ടിപ്പോയോ? അമ്മേം പറഞ്ഞൂലോ ഇയ്യ് മുണ്ട്ണ്ല്യാന്ന്?” റസിയ വീണ്ടും ചോദിച്ചു.

തല ഉയർത്താതെ തുന്നിക്കൊണ്ടിരുന്ന തുണിയിലേക്കു നോക്കിക്കൊണ്ട് ശാരദ പറഞ്ഞു:

"ഇന്ന് ഞാൻ വരണില്യ. സുലൈഖ്യോട് ഒരു കാര്യം പറയാനുണ്ട്. പിന്നെ ... ആ പിന്നെയൊന്നുല്യാ."

റസിയ കുനിഞ്ഞ് ശാരദയുടെ മുഖത്തേക്കു നോക്കി. "സുലൈഖാനോട് ഒരു കാര്യം പറയാൻ ഒരീസം ലീവെടുക്കണോ? എന്താ ഇത്ര വല്യ കാര്യം? മിനിഞ്ഞാന്ന് നിങ്ങള് രണ്ടാളും പാടെ ഒരു പകല്മുഴുവൻ പറഞ്ഞട്ക്കണല്ലോ കാര്യങ്ങള്?"

ശാരദ മറുപടിയൊന്നും പറഞ്ഞില്ല. മിനിഞ്ഞാന്നത്തേതുപോലെയല്ല ഇന്നലെ. ഇന്നലെത്തേതല്ല ഇന്ന്. നിനക്കതൊന്നും പറഞ്ഞാൽ മനസ്സിലാവില്ല.

"ന്നാലേയ് കുപ്പായം തുന്നിക്കയ്ഞ്ഞിട്ടു മതി കാര്യങ്ങള് പറയാമ്പോവല്. സുലൈഖാനെ കണ്ട ഇയ്യ് കഞ്ഞീം ചോറും തിന്നാനുംകൂടെ മറക്കും." അതും പറഞ്ഞ് റസിയ ഇറങ്ങിപ്പോയി.

റസിയ പറഞ്ഞതു ശരിയാണ്. സുലൈഖയോടാണ് ശാരദ എല്ലാം പറയുക. അവളോടു വർത്തമാനം പറഞ്ഞിരിക്കുമ്പോൾ കാലം മറന്നുപോവും. ചിലപ്പോൾ വല്ലവരും വരുമ്പോഴാണ് സ്ഥലകാലബോധം ഉണ്ടാവുക. സുലൈഖയും എല്ലാം തുറന്നുപറയുന്നത് ശാരദയോടാണ്. തുന്നൽ പഠിക്കാൻ പോയതും ലോണെടുത്ത് തയ്യൽമെഷീൻ വാങ്ങിച്ചതും രണ്ടാളും ഒരുമിച്ചുതന്നെ.

സുലൈഖയുടെ ബാപ്പയ്ക്ക് പത്തു മക്കളാണ്. അഞ്ചാണും അഞ്ചുപെണ്ണും. മൂത്ത മൂന്നു പെൺകുട്ടികളെ കല്യാണം കഴിച്ചുകൊടുത്തപ്പോഴേക്കും കുഞ്ഞുബീരാൻ വശംകെട്ടുപോയി. ഇനി രണ്ടാളുംകൂടി കെട്ടിക്കാനായി നില്ക്കുന്നു. സുലൈഖയെ അന്വേഷിച്ച് പട്ടാമ്പിയിൽനിന്നും ഒറ്റപ്പാലത്തുനിന്നും പേർഷ്യക്കാരു വന്നു. ഏറ്റവുംകുറഞ്ഞ ചോദ്യം മുപ്പതും മുപ്പതുമാണ്. മുപ്പതു പവനും മുപ്പതിനായിരം ഉറുപ്പികയും. എവിടന്ന് എടുത്തു കൊടുക്കും. മൂന്നെണ്ണത്തിന്റെ നിക്കാഹ് കഴിഞ്ഞകാര്യം ആലോചിക്കുമ്പോൾത്തന്നെ കുഞ്ഞുബീരാനു തല ചുറ്റും. അതിന്റെ കടങ്ങൾ ഒന്നും വീട്ടിയിട്ടില്ല. തനിക്കൊപ്പം അധ്വാനിക്കാനുള്ള മൂത്തവൻ ഹൈദ്രസ്സാണ്. അവൻ രണ്ടുകൊല്ലമായി ഒറ്റപ്പാലത്ത് ബഷീറിന്റെ ഗോഡൗണിൽ പണിക്കു പോകുന്നുണ്ട്. വാഴത്തോട്ടത്തില് തേക്കും തിരിയും, വാണിയംകുളം ചന്തേൽനിന്ന് കന്നിനെ തെളിക്കലും, ബിരിയാണിപ്പണിക്ക് സഹായിക്കാൻപോകലുമൊക്കെയാണ് കുഞ്ഞുബീരാന്റെ ജോലികൾ. അൻപത്തഞ്ചു വയസ്സാകുമ്പോഴേക്കും അയാൾ വൃദ്ധനായിപ്പോയിരുന്നു.

ഒറ്റപ്പാലത്തുനിന്ന് ബഷീറൊരിക്കൽ ഒരു ദല്ലാളെ പറഞ്ഞയച്ചു. സുലൈഖയ്ക്ക് ഒരു ബന്ധു ആലോചന. മലേഷ്യക്കാരനാണ് പുത്യാപ്ള. അവിടത്തെ പ്രജ. നാട്ടിൽ ഉണ്ടായിരുന്ന ഭാര്യ മരിച്ചു. അതിലുള്ള രണ്ടു കുട്ടികളേം കെട്ടിച്ചുകൊടുത്തിട്ടുണ്ട്. മലേഷ്യയിലെ ഭാര്യയ്ക്കും കുട്ടികൾക്കും അവിടെ ബിസിനസ്സും ജോലിയുമെല്ലാമുണ്ട്. നാട്ടിൽ ഏറെ സ്വത്തുണ്ട്. വലിയൊരു വീട് പൂട്ടിക്കിടക്കുകയാണ്.

"ഉപ്പാ, ആ വല്യെ വീട് അവിടെ പൂട്ടിക്കെടന്നോട്ടെ. ഞാൻ ഈ മിഷ്യേനുമ്മല് ഇരുന്നിട്ട് എനിക്കു കഴ്യാനുള്ളത് ഉണ്ടാക്കിക്കൊള്ളാം. ആർക്കും ഞാനൊരു ബാരാവൂല്ല. ഇങ്ങനെയുള്ള ഓരോ ആലോചനകള് ഇനീം ഇബടെയ്ക്ക് കൊട്ന്നാ, ഉപ്പാക്ക് ദുഃഖിക്കേണ്ടിവരും."

കുഞ്ഞുബീരാൻ അവളെ എങ്ങോട്ടും നിർബന്ധിച്ചയച്ചില്ല. എങ്കിലും അവളുടെ വാക്കുകൾ അയാളുടെ സ്വൈരം കെടുത്തി. ഉറങ്ങാൻ കിടന്നാൽ താനൊരു തീപിടിച്ച പായിലാണു കിടക്കുന്നതെന്ന് അയാൾക്കു തോന്നി. രാത്രിയിലും സുലൈഖ ഉണർന്നിരുന്നു തുന്നും. ആ തയ്യൽ മെഷീന്റെ ശബ്ദം കുഞ്ഞുബീരാന്റെ ഉറക്കംകെടുത്തുന്ന ഒരു നിലവിളിപോലെ ഉയർന്നു.

സുഹറയുടെ കുപ്പായം തുന്നിവച്ച് ശാരദ സുലൈഖയെ കാണാൻ ചെന്നു. കത്തെഴുതിവച്ചിരിക്കുന്ന കാര്യം ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു.

“ഇതു പറയാനാണോ ഇയ്യൊരീസം ലീവെടുത്തത്? ഇന്റെ അഭിപ്രായം എന്തായിരിക്കുംന്ന് നിനക്കറിഞ്ഞൂടെ. നിന്റെപോലെ ഒരു മനസ്സുണ്ടാവാൻ ഭാഗ്യം വേണം. ഓരോരുത്തർക്ക് ഓരോ തരത്തിലുള്ള മനസ്സാ പടച്ചോൻ കൊടുക്കാ-നീ ഒന്നും പേടിക്കണ്ട. അവർക്കെഴുത്. മറുപടി വരട്ടെ. നമുക്ക് നോക്കാല്ലോ.”

സുലൈഖ മെഷീന്റെ പെഡലിൽ ചവിട്ടി. മെഷീൻ തിരിയുന്നതു നോക്കി ശാരദ നിന്നു. ഒരു ലോകം മുഴുവൻ വലിച്ചുകൊണ്ടുപോകാനുള്ള ഒരാവിയന്ത്രത്തിന്റെ ശക്തി അതിനുണ്ടെന്ന് അവൾക്കു തോന്നി.

ശാരദ മുറ്റത്തേക്കിറങ്ങുമ്പോൾ സുലൈഖ ഒപ്പം ചെന്നു. “കത്ത് പോസ്റ്റ് ചെയ്യണേന്റെ മുമ്പേ അമ്മേനോട് പറേണംട്ടാ. പെറ്റ തള്ള്യാണ്...”

കത്തെഴുതിവച്ചിരിക്കുന്ന കാര്യം ശാരദ പറഞ്ഞപ്പോ എന്താണു പറയേണ്ടതെന്നറിയാതെ ലക്ഷ്മി മകളെ മിഴിച്ചുനോക്കി. ഒന്നും പറയാൻ കഴിയുന്നില്ല. അവൾ പറഞ്ഞതൊക്കെ താൻ ചെവി കൊണ്ടുതന്നെയാണോ കേട്ടത്? അതോ നെഞ്ചുകൊണ്ടോ? ലക്ഷ്മിക്ക് നെഞ്ചു വേദനിച്ചു. ഉഴിഞ്ഞകറ്റാൻ പറ്റില്ലെന്നറിഞ്ഞിട്ടും ലക്ഷ്മി നെഞ്ചുഴിഞ്ഞ് ചവിട്ടുകല്ലിലിരുന്നു.

ഇങ്ങനെയൊരു രംഗം ശാരദ പ്രതീക്ഷിച്ചതാണ്. പക്ഷേ, ഇതു കണ്ടുനില്ക്കാനിപ്പോൾ നേരമില്ല.

“അമ്മ എന്താ ഒന്നും പറയാത്തത്?” ശാരദ ചോദിച്ചു.

“നീ മോഹനനോടു ചോദിച്ചോ കത്തെഴുതണേന്റെ മുമ്പ്? അച്ഛന്റെ സ്ഥാനത്തു നില്ക്കണ്ട വനാ അവൻ. ഈശ്വരാ. ഇന്റെ കുട്ടിക്കെന്താ തോന്ന്വാ ഈ വർത്താനം കേട്ടാൽ.”

ലക്ഷ്മി കരയാൻ തുടങ്ങിയിരുന്നു. ആരെക്കുറിച്ചോർത്താണ് അമ്മ കരയുന്നതെന്ന് ശാരദ തെല്ലുനേരം സംശയിക്കാതെയുമിരുന്നില്ല.

“ഞാൻ ഒരു ചീത്തക്കാര്യത്തിന് പുറപ്പെടാണെന്ന് അമ്മയ്ക്കു തോന്ന്യോ? എനിക്കറിയാം. നല്ലോണം അറിയാം. ണീറ്റ് നിൽക്കാൻകൂടി കഴ്യാത്ത ഒരു ദീനക്കാരന്യാ ഞാൻ കല്യാണം കഴിക്കാൻ പോണത്, ങ്ങനെ ഒരാളെ ശുശ്രൂഷിച്ച് ജീവിക്കാൻ കഴിയാച്ചാ അതിലും വല്യെ കല്യാണംല്യ. അമ്മ സമ്മതം തന്നാമതി. മോഹനനോടൊക്കെ ഞാൻ പറഞ്ഞോളാം.”

പതിനൊന്നാം ദിവസം ശാരദയ്ക്ക് മറുപടി വന്നു. എഴുതിയിരിക്കുന്നത് ഒരു രാജീവാണ്. ഏതെങ്കിലും ബന്ധുക്കളാവും. ശാരദ കത്തു വായിച്ചു:

‘ഒരാളെങ്കിലും ഇതിനു തയാറാവുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയില്ലായിരുന്നു. ഞങ്ങൾ എന്നു പറഞ്ഞാൽ പ്രേമോധരന്റെ സഹായസമിതി അംഗങ്ങൾ. എന്നിരുന്നാലും ഇങ്ങനെ ഒരു സാധ്യത തള്ളിക്കളയരുതല്ലോ എന്നു കരുതി മാത്രം എന്റെ നിർബന്ധത്തിന് പത്രത്തിൽ പരസ്യം കൊടുത്തതാണ്. പ്രേമന് അങ്ങോട്ടുവന്ന് നാട്ടാചാരപ്രകാരം പെണ്ണുകാണാൻ വയ്യ. ശാരദ വേണ്ടപ്പെട്ട ബന്ധുക്കളെ കൂട്ടി ഇങ്ങോട്ടുവരിക. കുന്നംകുളത്തുനിന്ന് ഒരു കിലോമീറ്റർ കിഴക്കോട്ട് തൃശൂർ റോട്ടിലൂടെ വന്നാൽ പ്രസിദ്ധമായ കാണിപ്പയ്യൂർമനക്കാരുടെ വിഷ്ണുക്ഷേത്രമുണ്ട്. അവിടെ ബസ്സിറങ്ങി ആരോടു ചോദിച്ചാലും പ്രേമോധരന്റെ വീടു കാണിച്ചുതരും.’

ശാരദ കത്ത് രണ്ടുമൂന്നാവൃത്തി വായിച്ചു. ആരോടാണ് ആദ്യം പറയേണ്ടത്. അമ്മയോടോ സുലൈഖയോടോ റസിയയോടോ അമ്മുവിനോടോ?

ശാരദയും മോഹൻദാസും ഉച്ചനേരത്താണ് കാണിപ്പയ്യൂരിൽ ബസ്സിറങ്ങിയത്. വീടു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. കാറുകൾ പെയിന്റുചെയ്യുന്ന ഒരു വർക്ക്ഷോപ്പിൽ കയറി മോഹൻദാസ് വഴി ചോദിച്ചു.

“ദാ, ഈ ഇടവഴീക്കൂടെ നേരേ ചെന്നാൽ ആറാമത്തെ വീടാ. വേറെ എവടീം ചോയ്ക്കണ്ട. കേറ്യങ്ങട് ചെന്നിട്ട് പ്രേമൻ ഇല്ലേ ഇവിടേന്ന് ചോദിച്ചാമതി. വലത്തേ സൈഡാണ്ട്ടാ.”

ചോദിക്കേണ്ടിവന്നില്ല. പ്രേമൻ ഉമ്മറത്തുണ്ടായിരുന്നു. 'ചെർപ്ലശ്ശേരീന്നല്ലേ. കേറിവരാട്ടോ.' അയാൾ രണ്ടുപേരെയും ക്ഷണിച്ചു. മോഹൻദാസും ശാരദയും ചവിട്ടു കയറി. ശാരദയ്ക്ക് പ്രേമന്റെ മുഖത്തേക്ക് ഏറെനേരം നോക്കാനായില്ല. അവൾ അകത്തേക്കു കടന്നു. പ്രേമന്റെ സഹോദരിമാരാണെന്നു തോന്നുന്നു, രണ്ടുപേർ കട്ടിലിലിരിക്കുന്നു. അവർ ശാരദയെ നോക്കി ചിരിച്ചു.

"വരൂ, ഇവിടെ ഇരിക്കാം." മൂത്തവൾ പറഞ്ഞു.

രണ്ടുപേരുടെയും നടുവിലായി ശാരദ ഇരുന്നു. പിന്നെ കുറെ സമയത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. എന്താ ചോദിക്കേണ്ടത്? എങ്ങനെയാ തുടങ്ങേണ്ടത്? ശാരദയ്ക്ക് താനേതോ അപരിചിതമായ ഒരു ലോകത്തു വന്നുപെട്ടപോലെ തോന്നി. ഇവർക്ക് എന്തെങ്കിലുമൊന്നു ചോദിക്കാനില്ലേ? പേരെന്താ? എത്രവരെ പഠിച്ചു? വീട്ടിലാരൊക്കെ ഉണ്ട്? അങ്ങനെ ഓരോന്നു ചിന്തിച്ച് രണ്ടുപേരുടെയും മധ്യേ എന്തു ചെയ്യണമെന്നറിയാതിരിക്കവെയാണ് അമ്മിണി കടന്നുവന്നത്. വന്നതും അവർ ശാരദയോടു ചോദിച്ചു:

"ഇവര് രണ്ടാളും ഒന്നും മിണ്ടീട്ടുണ്ടാവില്യാ അല്ലേ. രണ്ടെണ്ണോം അങ്ങനെയാ. പരിചയല്ലാത്തോരാ, ആണായാലും പെണ്ണായാലും ഒരക്ഷരം മിണ്ടില്യ. ഞാനെത്ര തവണ പറഞ്ഞിട്ടുണ്ട്ശ്ശണ്ടോ? നമ്മുടെ വീട്ടിൽ വന്നു കേറ്യെ ആൾക്കാരോട് ഒന്നും മിണ്ടാണ്ടിരുന്നാ വന്നോർക്ക് എന്താ തോന്നാ. ഞാനാ തിലകന്റോടയ്ക്ക് ഒന്നു തിരിഞ്ഞതാ."

"അതു സാരല്യ. എനിക്ക് ആരാ നിങ്ങളൊക്കെ എന്നു ചോദിക്കാൻ ഒരു മടി. അതോണ്ട് ഞാനും ഒന്നും മിണ്ടില്ല്യ." ശാരദ പറഞ്ഞു.

"ഞാൻ പറഞ്ഞുതരാം. ഇത് പ്രസന്ന, പ്രേമന്റെ ചേച്ചി. ഇത് പ്രേമലത പ്രേമന്റെ അനിയത്തി. ഞാൻ ഇവരുടെ അച്ഛന്റെ പെങ്ങളാ. ഇവരുടെ അച്ഛനും അമ്മേം മരിച്ചിട്ട് കൊല്ലം പതിനഞ്ചു കഴിഞ്ഞു. അമ്മയായിട്ടും അച്ഛനായിട്ടും ഞാൻ തന്ന്യേള്ളൂ. എല്ലാം നോക്കിനടത്താൻ എനിക്കു വയസ്സായി.." "അല്ലാ ഞാനെന്തുപണ്യാ ചെയ്യണത്? ഒരു ഗ്ലാസ് വെള്ളംപോലും കുടിക്കാൻ തന്നില്യാല്ലോ."

അമ്മിണി തിരക്കിട്ട് അടുക്കളയിലേക്കു പോയി. പിന്നാലെ ശാരദയും. ഒരു പാത്രം വെള്ളമെടുത്ത് അടുപ്പത്തുവച്ച് തീകൂട്ടാൻ നോക്കുമ്പോൾ തീപ്പെട്ടിയില്ല. അമ്മിണി അളുക്കുകളും ടിന്നുകളും തുറന്ന് തീപ്പെട്ടി തിരയുന്നതിനിടയിൽ ശാരദയോടു പറഞ്ഞു:

"എനിക്ക് എടുത്തോപിടിച്ചോന്ന് ഒന്നും ചെയ്യാൻ കൂടില്യ. ഓരോ സാധനങ്ങള് എവിടെയെങ്കിലും വെച്ച് ഇങ്ങട് തിരിഞ്ഞാ മതി. പിന്നെ ഓർമ ഉണ്ടാവില്യ. അല്ലാ, ഞാനൊരാള് ഒറ്റയ്ക്ക് എങ്ങന്യാ ഇതൊക്കെ ചെയ്തുകൊടക്കണത് എന്ന് ദൈവത്തിനു മാത്രേ അറിയൂ. എനിക്ക് വയസ്സ് എഴുപത്തിനാലു കഴിഞ്ഞു."

തീപ്പെട്ടി അടുപ്പിനരികിൽത്തന്നെ ഉണ്ടായിരുന്നു. ശാരദ അതിൽ നിന്ന് കൊള്ളിയെടുത്തുരച്ച് തീയുണ്ടാക്കുമ്പോൾ ചോദിച്ചു:

"അപ്പൊ, പ്രേമേട്ടന്റെ ചേച്ചീം അനിയത്തീം ഒന്നും അമ്മായീനെ സഹായിക്കാൻ വരില്യേ?"

"അവരെന്തു സഹായിക്കാനാ മോളേ, രാവിലെ രണ്ടാളേം വെള്ളം ചൂടാക്കി കുളിപ്പിച്ച് കുപ്പായം മാറ്റി ഞാൻതന്നെ താങ്ങിക്കൊണ്ടോയി കട്ടിലിമ്മലിരുത്തണം. ആദ്യം ദീനം കണ്ടത് താഴേള്ളോൾക്കാ. പിന്നെ പ്രസന്നയ്ക്ക്, ഒടുവിലാ പ്രേമന് കണ്ടത്. മൂന്നാൾക്കും പരസഹായമില്ലാണ്ട് എണീറ്റ് നിക്കാൻകൂടി പറ്റില്യ."

കത്തിച്ചുപിടിച്ച തീപ്പെട്ടിക്കോല് ശാരദയുടെ കൈയിൽനിന്ന് അറിയാതെ അടുപ്പിലേക്കു വീണു. തീ ആളിക്കത്തി.

2002 ഫെബ്രുവരി 15 വെള്ളിയാഴ്ച പ്രേമോധരൻ ശാരദയുടെ കഴുത്തിൽ താലികെട്ടി. താലി കെട്ടാൻ ശാരദയും വീട്ടുകാരും പ്രേമന്റെ വീട്ടിലേക്കു വരികയായിരുന്നു. താലിമാല പിടിച്ച കൈകൾ അച്ഛൻപെങ്ങൾ അമ്മിണി ഉയർത്തിക്കൊടുത്തു. ശാരദ ആ നിസ്സഹായതയ്ക്കു മുന്നിൽ കാരുണ്യപൂർവം കുനിഞ്ഞു. നാട്ടുകാരെല്ലാംകൂടി ഒരുക്കിയ സദ്യയുണ്ട് ശാരദയുടെ കൂടെ വന്നവർ ഓരോരുത്തരായി പടിയിറങ്ങി. പോകാൻനേരത്ത് സുലൈഖയെ കെട്ടിപ്പിടിച്ച് ശാരദ കരഞ്ഞു: "നീ വല്ലപ്പോഴും വരണം. അല്ലെങ്കിൽ നിന്റെ ഒരു ഫോട്ടോ അയച്ചുതരണം. ഒരു ധൈര്യത്തിന്. എനിക്ക് എപ്പോഴും കാണാനാ." മുഖംപൊത്തിപ്പിടിച്ചു കരഞ്ഞ ശാരദയുടെ കൈകൾ സുലൈഖ താഴേക്കു വലിച്ചിട്ടുകൊണ്ടു പറഞ്ഞു:

"ഈ ലോകം മുഴോനും കാണണ്ട മുഖാണ് അന്റെ. അതാ ഇയ്യ് പൊത്തിപ്പിടിക്കണ്? പിന്നെ ഒരു കാര്യം. ദീനം ഉള്ളോരാവുമ്പോ ചെലപ്പോ ചീത്തപറഞ്ഞുന്നും ദേഷ്യപ്പെട്ടുന്നും ഒക്കെ വരും. ക്ഷമ വേണം. ഇയ്യ് ഒരാളെ ശുശ്രൂഷിക്കാൻ നിന്നാ പോരേനും. നാല് ആളേം ഒരേ പോലെ നോക്കേണ്ടിവരും. പടച്ചോൻ അന്റെ കൂടെണ്ടാവും. ആരെ കൈവിട്ടാലും പടച്ചോൻ അന്നെ കൈവിടൂല്ല."

സുലൈഖ ചവിട്ടുപടിയിറങ്ങി.

അകന്നുപോകുന്ന ജീപ്പിലിരുന്ന് കുട്ടികൾ ശാരദയെ കൈ വീശിക്കാണിച്ചു. വീശുന്ന കൈകൾക്കിടയിലൂടെ സുലൈഖ അവളെ നോക്കുന്നുണ്ടായിരുന്നു; മറ്റൊരു പെണ്ണിനും കണ്ടിട്ടില്ലാത്ത തേജോമയമായ കണ്ണുകളോടെ ആ തേജസ്സ് മനസ്സിലേക്കാവാഹിച്ച് ശാരദ നിന്നു.

*(വേറിട്ടകാഴ്ചകൾ)*

ശാരദയുടെ പ്രവർത്തിയോടു യോജിക്കാനാവുമോ? സ്വന്തം ജീവിതം അവഗണിച്ചുള്ള ഇത്തരം പ്രവർത്തനങ്ങൾ മഹത്വവത്കരിക്കേണ്ടതുണ്ടോ?

നാമുൾപ്പെടെയുള്ള ഈ ഭൂമിയിലെ സർവ്വജീവജാലങ്ങളും സർവതന്ത്ര സ്വാതന്ത്രരായാണോ ജനിക്കുന്നത്? പാരമ്പര്യത്തിന്റെ നിരവധിഘടകങ്ങൾ നമ്മിൽ കണ്ണിചേർക്കപ്പെട്ടിട്ടില്ലേ? ഇത്തരം തിരിച്ചറിവുകളില്ലാതെയുള്ള ജീവിതം നമ്മെ വ്യക്തികേന്ദ്രിതമായ ഒരു ജീവിത നിലപാടിലേക്കാണ് നയിക്കുന്നത്. അവിടെ പാരമ്പര്യത്തിന്റേയോ പാരസ്പര്യത്തിന്റേയോ തിരിച്ചറിവുകളില്ല. ചരിത്രത്തിന്റെയോ ശാസ്ത്രത്തിന്റെയോ പിൻബലത്തിലുയിർകൊള്ളുന്ന അകം കാഴ്ചകളില്ല. ബാഹ്യമോടികളുയുടെയും ഭ്രമങ്ങളുടെയും കാഴ്ചമാത്രം. അതിനുപിന്നാലെ പരക്കം പാഞ്ഞ് നമ്മൾ ജീവിതം തുലയ്ക്കുന്നു. അപ്പോൾ തകർക്കപ്പെടുന്നത് നാം മാത്രമാണോ? നമ്മളാൽ കണ്ണിചേർക്കപ്പെടേണ്ട പാരമ്പര്യത്തിന്റേയും പരിപാലനത്തിന്റേയും സംസ്കാരമാണ് നാം തച്ചുടയ്ക്കുന്നത്.

ആഡംബരത്തിന്റേയും ആർഭാടത്തിന്റേയും പളപളപ്പിൽ മുഴുകി മുന്നേറുന്ന ഒരു സാമൂഹിക ക്രമത്തിലാണ് നാം ജീവിക്കുന്നത്. ബാഹ്യമോടികൾക്കാണ് അവിടെ സ്ഥാനം. ഈ സംസ്കാരത്തിൽ ആണ്ടുപോയേക്കാവുന്ന നമ്മുടെ കുട്ടികളെ ശരിയായ വഴിയിൽ ചിന്തിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നമുക്ക് കഴിയണം. അതിനനുയോജ്യമായ പഠനപ്രവർത്തനങ്ങളിൽ നാം എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്.

- സമൂഹവുമായി ബന്ധപ്പിച്ചുകൊണ്ടുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിന്.
- സമൂഹത്തിന്റെ ഭാഗമായി നിൽക്കാനും സമൂഹപുരോഗതിയിൽ ആരോഗ്യകരമായി ഇടപെടാനുമുള്ള മനോഭാവം വളർത്തുന്നതിന്.
- ബാഹ്യമോടികളുടെ നിരർത്ഥകത തിരിച്ചറിഞ്ഞ് മനുഷ്യത്വപൂർണമായ നിലപാടുകൾ സ്വീകരിക്കാൻ പ്രാപ്തിയുണ്ടാകുന്നതിന്.

- ഒരാളുടെ പ്രവർത്തനങ്ങളാണ് വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും പ്രകടമാക്കുകയും ചെയ്യുന്നതെന്ന് തിരിച്ചറിയുന്നതിന്
- ഈ തിരിച്ചറിവിലൂടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സന്നദ്ധത വളർത്തുന്നതിന്.

ഭാഷാ സാഹിത്യ പഠനത്തിന്റെ എന്തെല്ലാം അനുഭവങ്ങളാണ് ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ നമുക്ക് കുട്ടികൾക്ക് നൽകാനാവുക?

- അനുഭവക്കുറിപ്പുകൾ, ആത്മകഥകൾ എന്നിവ വായിക്കുന്നതിനും അവയിലെ ആശയങ്ങൾ കണ്ടെത്തുന്നതിനുമുള്ള അവസരം.
- സ്വാനുഭവം മുൻനിർത്തിയുള്ള സർഗാത്മക രചനകൾ നിർവഹിക്കുന്നതിനുള്ള അവസരം.
- രചനകളിലെ പ്രയോഗസവിശേഷതകൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള അവസരം.
- കവിതയുടെ ആശയം കണ്ടെത്തുന്നതിനും ആസ്വാദനം തയാറാക്കുന്നതിനുമുള്ള അവസരം.
- ചലച്ചിത്ര ഗാനങ്ങൾ ശേഖരിച്ച് അവയുടെ സാഹിതീയ മൂല്യം വിലയിരുത്തുന്നതിനുള്ള അവസരം.
-

ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി രണ്ട് രചനകളാണ് യൂണിറ്റിൽ നിദ്ദേശിച്ചിട്ടുള്ളത്. ഒ.എൻ.വി. കുറുപ്പിന്റെ 'ഭൂമി' എന്ന കവിതയും നിത്യചൈതന്യയതിയുടെ 'ബസവപ്പ എന്ന സ്വർണ നാണയം' എന്ന അനുഭവക്കുറിപ്പും. യൂണിറ്റുകളിൽ നിർദേശിച്ചിട്ടുള്ള പാഠഭാഗങ്ങൾ കൊണ്ട് നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞെന്നുവരില്ല. അനുയോജ്യമായ ചില രചനകൾകൂടി ഉൾപ്പെടുത്തി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അത്തരം ഘട്ടങ്ങളിൽ നാം ശ്രദ്ധിക്കണം. മാത്രമല്ല പാഠപുസ്തകത്തിലെ പ്രവർത്തനക്രമം അതേപടി പിൻ തുടരാനും ചിലസന്ദർഭങ്ങളിൽ സാധിച്ചെന്നുവരില്ല. ഇത്തരം സന്ദർഭങ്ങളിൽ പ്രവർത്തനക്രമം പുനർനിർണയിക്കുന്നതിനും പുതിയ പ്രവർത്തനങ്ങൾ കൂട്ടിച്ചെർക്കുന്നതിനും അധ്യാപികയ്ക്ക് സാധിക്കണം. അത്തരം ഒരു സജ്ജീകരിക്കൽ രീതിയാണ് ഈ യൂണിറ്റിൽ സ്വീകരിച്ചിട്ടുള്ളത്.

മനുഷ്യന്റെ ആന്തരിക സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കവിതയോ കഥയോ അധ്യാപിക ക്ലാസിൽ അവതരിപ്പിക്കണം. കുട്ടികൾ വായിച്ചിട്ടുള്ള കഥയാണെങ്കിൽ ഓർമപ്പെടുത്തൽ മതിയാവും. പുതിയ കഥകൾ വായിച്ചവതരിപ്പിക്കുന്നതും നന്നായിരിക്കും. 5-ാം ക്ലാസിലെ 'ദൈവത്തിന്റെ കുപ്പായം' എന്ന കഥ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

- അമ്മയും കുട്ടപ്പനും കൊടിയ വറുതിയിലാണെങ്കിൽ പോലും വള്ളത്തിൽ നിന്നു കിട്ടിയ വസ്ത്രം എടുക്കാതിരുന്നത് എന്തുകൊണ്ടാണ്?
- പിശാചിന്റെ കുപ്പായം ദൈവത്തിന്റെ കുപ്പായമായതെന്തുകൊണ്ടാണ്?

മുതലായ ചെറുചോദ്യങ്ങളുന്നയിച്ചതിനുശേഷം കഥയുടെ സന്ദേശം എഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം.

കുട്ടപ്പനെ പോലുള്ളവർ സമൂഹത്തിൽ കാണുമോ?

കുട്ടപ്പൻ കാരൂർ നീലകണ്ഠപിള്ളയുടെ സാങ്കല്പിക കഥാപാത്രമാണ്. നിത്യചൈതന്യയതിയുടെ അനുഭവക്കുറുപ്പിലെ ബസവപ്പൻ യഥാർത്ഥകഥാപാത്രവും. ബസവപ്പൻ, കുട്ടപ്പനെ പോലെയാണോ വ്യക്തിപരമായി അനുഭവക്കുറിപ്പ് വായിക്കാൻ ആവശ്യപ്പെടാം.

അതിനുശേഷം ചില കുട്ടികൾ പ്രതികരിക്കട്ടെ. ചെറുചോദ്യങ്ങളുന്നയിച്ച് കുട്ടികളുടെ ചിന്തയെ ഉണർത്താൻ കഴിയണം.

- 'ബസവപ്പൻ ചെയ്തതുപോലെ അർഹമായകൂലി വാങ്ങാതെ ജോലിയെടുക്കേണ്ട തുണ്ടോ' ഈ വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കാവുന്നതാണ്. പകുതി ഗ്രൂപ്പുകൾ വീതം അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായം പറയുന്നവിധം ക്രമീകരിക്കണം. അതിനുശേഷം സംവാദം സംഘടിപ്പിക്കാം.

സംവാദം ആരംഭിക്കുന്നതിനുമുമ്പ് തങ്ങളുടെ നിലപാടുകൾ വിശദീകരിക്കുന്നതിനും സ്ഥാപിക്കുന്നതിനും പര്യാപ്തമായ ആശയങ്ങൾ കണ്ടെത്തുവാൻ നിർദേശിക്കണം. കുട്ടികളിൽ നിന്ന് ഒരാളെ മോഡറേറ്ററായി കണ്ടെത്തണം. മോഡറേറ്റർക്ക് ആവശ്യമായ നിർദേശങ്ങൾ അധ്യാപിക നേരത്തെ നൽകണം. അല്ലാതായാൽ സംവാദം ശരിയായി നടക്കുകയില്ല. ഗ്രൂപ്പിൽനിന്ന് ഒരാൾ അവരുടെ നിലപാടുകൾ അവതരിപ്പിച്ചുകൊണ്ട് സംവാദം തുടങ്ങാം. അതിനുശേഷം എതിർ ഗ്രൂപ്പിൽ നിന്ന് ഒരു പ്രതിനിധിയ്ക്ക് സംവാദത്തിൽ പങ്കെടുത്ത് തങ്ങളുടെ ഗ്രൂപ്പുനിലപാടുകൾ അവതരിപ്പിക്കാം. നിലപാടുകൾ അവതരിപ്പിക്കുന്നതോടൊപ്പം നേരത്തെ അവതരിപ്പിച്ച ആശയങ്ങളെ യുക്തിഭദ്രമായി ഖണ്ഡിക്കുകയും വേണം. ഗ്രൂപ്പു പ്രതിനിധികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകി കഴിഞ്ഞാൽ ക്ലാസിലെ ആർക്കും സംവാദത്തിൽ പങ്കെടുക്കാൻ അവസരം നൽകണം.

മോഡറേറ്റർ സംവാദത്തിൽ എങ്ങനെയാണ് ഇടപെടേണ്ടതെന്ന കാര്യം നേരത്തെതന്നെ അയാളെ ബോധ്യപ്പെടുത്തിയിരിക്കണം. സംവാദത്തിന്റെ അധ്യക്ഷൻ എന്നനിലയിൽ പക്ഷപാതരഹിതമായ ഒരു നിലപാടുവേണം മോഡറേറ്റർ സ്വീകരിക്കാൻ. സംവാദത്തിൽ പങ്കെടുക്കുന്നവർക്ക് ആശയപ്രകാശത്തിനുള്ള അവസരം നൽകണം. ജനാധിപത്യപരമല്ലാത്ത ചർച്ചാരീതികൾ ഒഴിവാക്കാൻ മോഡറേറ്റർ പ്രത്യേകം ശ്രദ്ധിക്കണം. (ആവശ്യമെങ്കിൽ കുട്ടികൾക്ക് മോഡറേറ്ററുടെ കടമകൾ തിരിച്ചറിയാൻ കഴിയുന്നതിന്, ഒരു സംവാദത്തിൽ അധ്യാപിക മോഡറേറ്ററുടെ ചുമതല ഏറ്റെടുക്കേണ്ടതാണ്.) ചർച്ചകൾ അവസാനിപ്പിച്ചുകഴിഞ്ഞാൽ മോഡറേറ്റർ സംവാദം ഉപസംഹരിക്കണം. അനുകൂലിച്ചും പ്രതികൂലിച്ചും വന്ന ആശയങ്ങൾ ഓർമിപ്പിച്ചുകൊണ്ടാവണം സംവാദം അവസാനിപ്പിക്കാൻ. അധ്യാപിക തന്റെ നിലപാടുകളായി ആശയങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്. അതിന് ചുവടെ കൊടുത്തിട്ടുള്ള ആശയങ്ങൾ സ്വീകരിക്കാവുന്നതാണ്.

തൊഴിലിന്റെ മൂല്യം പണത്തെ മാത്രം ആശ്രയിച്ചുള്ളതല്ല. തൊഴിലിന് അർഹമായ കൂലി നിഷേധിക്കപ്പെടുന്നത് എന്തിന്റെ പേരിലായാലും അംഗീകരിക്കാനാവില്ല. എന്നാൽ ബസവപ്പൻ ചെയ്തത് തനിക്ക് അർഹമായ കൂലി ചോദിച്ചുവാങ്ങാതിരിക്കുകയല്ല. നിത്യചൈതന്യയതിയെ ഒരു വിഷമഘട്ടത്തിൽ സഹായിക്കുകയാണ് ചെയ്തത്. കൂലി നിഷേധിക്കപ്പെടുന്നതും തന്നെക്കൊണ്ടാവുന്നത് പൊതുസമൂഹത്തിനായി ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. നൂറ്റാണ്ടുകൾക്കിപ്പുറവും നമ്മുടെ സമൂഹത്തിൽ പലരും ആദരിക്കപ്പെടുന്നത് സാമൂഹിക ബോധത്തിൽ അധിഷ്ഠിതമായ അവരുടെ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞിട്ടാണ്. മഹാത്മാഗാന്ധിയെയും ജവഹർലാൽ നെഹ്റുവിനേയും ഭഗത് സിംഗിനേയും പോലുള്ള നേതാക്കന്മാർ ഇന്ന് ആദരണീയരാകുന്നത് അവരുടെ മനസ്സിൽ നിറഞ്ഞുനിന്ന സ്നേഹം, ദയ, സ്വാതന്ത്ര്യമോഹം മുതലായ നന്മകളിലൂടെയാണ്.

സഹജീവികളോടുള്ള നമ്മുടെ കാഴ്ചപ്പാടെന്താണ്? ബാഹ്യസൗന്ദര്യ ഭ്രമങ്ങളിൽ നാം മുഴുകിപ്പോകാറുണ്ടോ! കുട്ടികൾക്ക് സ്വയം ചിന്തയ്ക്കുള്ള അവസരം നൽകി ചർച്ച അവസാനിപ്പിക്കാം.

- "പിഞ്ചു കുഞ്ഞിന്റെ ചുമലിൽ ഒരു വലിയ പെട്ടിയും കയറ്റിവച്ചുകൊണ്ട് ജീവകാരുണ്യത്തെപ്പറ്റി ചിന്തിക്കുന്ന എനിക്ക് എന്നോടുതന്നെ വല്ലാത്തവെറുപ്പ് തോന്നി" നിത്യ

ചൈതന്യയതി നടത്തുന്ന ഈ പരാമർശം ശ്രദ്ധിക്കുക. ജീവകാരുണ്യപ്രവർത്തനങ്ങൾ സമൂഹത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമല്ലേ? ഗ്രൂപ്പിൽ ചർച്ചചെയ്ത് ജീവകാരുണ്യപ്രവർത്തനങ്ങളെ കുറിച്ചുള്ള അവരുടെ നിലപാട് കുറിപ്പാക്കി മാറ്റട്ടെ. എട്ടാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സ്വന്തമായി ഇത്തരം ആശയതലത്തിൽ എത്തിചേരാൻ പ്രയാസമായിരിക്കും. അതിനാൽ ഗ്രൂപ്പുകളിൽ ഇടപെട്ട് ഉചിതമായ ചോദ്യങ്ങളുന്നയിക്കാൻ ടീച്ചർക്കാവണം.

- ജീവകാരുണ്യ പ്രവർത്തനം പ്രശസ്തിക്കുള്ള എളുപ്പവഴിയാകാമോ?
- ഓരോ മനുഷ്യനിലും രൂപപ്പെടേണ്ട മനുഷ്യത്വമല്ലേ പ്രധാനം?
- നമ്മുടെ സമൂഹത്തിൽ അത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ?

  ഇത്യാദിചോദ്യങ്ങൾ ഉന്നയിക്കാം.

- എന്റെ ജീവിതദർശനമെല്ലാം അവന്റെ ദയാവായ്പിന്റെ മുമ്പിൽ അപഹാസ്യമായിത്തീർന്നിരിക്കുന്നു. ഈ വരികളിലൂടെ യതി തുറന്നുകാട്ടുന്ന മാനസികാവസ്ഥ എന്താണ്? ഗ്രൂപ്പുകളിൽ ചർച്ചചെയ്യട്ടെ. പ്രവൃത്തിപഥത്തിൽ എത്തിചേരാത്ത ചിന്തകളും ദർശനങ്ങളും സമൂഹത്തിന് ഒരു ഗുണവും ചെയ്യുന്നില്ല എന്നാണോ? അനുഭവക്കുറിപ്പിലെ സംഭവങ്ങൾ വിശകലനം ചെയ്ത് ഗ്രൂപ്പുകൾ ആശയം സ്വരൂപിക്കട്ടെ. എന്നിട്ട് വ്യക്തിപരമായി ലഘുകുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടാം.
- “ഒരിക്കലും ചെമ്പുതുട്ടുകൾകൊണ്ട് തീർക്കാനാവാത്ത ഒരു സ്വർണനാണയമാണ് അവന്റെ ഓർമ” ഇവിടെ ബസവപ്പനെ കുറിച്ചുള്ള ഓർമ സ്വർണനാണയമായാണ് നിത്യചൈതന്യയതി വിശേഷിപ്പിക്കുന്നത്.
- എന്തുകൊണ്ടാവാം ഇങ്ങനെ വിശേഷിപ്പിക്കുന്നത്?
- ഓർമ സ്വർണനാണയമാകുന്നതെങ്ങനെയാണ്?

സുവർണരേഖ, സ്വർണലിപി മുതലായ പ്രയോഗങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. തുടർന്ന് ബസവപ്പനെ നിങ്ങൾ എങ്ങനെയാണ് വിശേഷിപ്പിക്കാനാഗ്രഹിക്കുന്നത്? ചോദ്യം ഉന്നയിച്ച് വിശേഷണം കുറിക്കാനാവശ്യപ്പെടണം. അതിനുശേഷം അതിനെ സ്ഥാപിക്കുന്നതിനുള്ള വിശദീകരണവും കുറിക്കട്ടെ. ഏതാനും നല്ല വിശേഷണങ്ങൾ അവതരിപ്പിക്കുന്നതിനും അഭിപ്രായം പറയുന്നതിനും അവസരം അധ്യാപിക ഒരുക്കണം.

- ബസവപ്പനെ പോലെ ധാരാളം പേരെ നമുക്കുമറിയില്ലേ? നമുക്കുചുറ്റും സാധാരണക്കാരായി അവർ ജീവിക്കുന്നുണ്ട്. അവരുടെ നന്മയുടെ പ്രകാശം പലപ്പോഴും നമുക്കും ഉപകരിച്ചിട്ടുണ്ടാവാം. ഒരു അനുഭവക്കുറിപ്പ് തയാറാക്കാമോ! ഭാവനകലർത്തി സർഗാത്മക രചന നിർവഹിച്ചാലും മതിയാവും.

# ഭൂമി

*ഒ.എൻ.വി.കുറുപ്പ്*

**പാഠാപഗ്രഥനം**

ജീവന്റെ നൈരന്തര്യവും ജീവജാലങ്ങളുടെ പാരസ്പര്യവും കൊണ്ട് സുന്ദരിയായിത്തീരുന്ന ഭൂമിമാതാവിനെയാണ് കവി ഈ കവിതയിൽ വർണിക്കുന്നത്.

മക്കൾക്കെല്ലാം നിമിഷം പ്രതി വയസ്സാകുമ്പോഴും ഭൂമിമാതാവിന്റെ ശരീരത്തിൽ നിറയൗവനം വീണക്കമ്പികൾ മീട്ടുകയാണ്. ഇന്നലെകളിലെ മനുഷ്യർ അവരുടെ വളർച്ചയുടെ ബാല്യങ്ങളിൽ കുഞ്ഞിക്കാലടികൾകൊണ്ട് ആഘോഷത്തിന്റെ, സന്തോഷത്തിന്റെ പൂക്കളമെഴുതി. എന്നാൽ ഇന്ന് അവർ ജീവിതത്തിന്റെ വലിയ ചുമടുകളുമായി പാഴ്ചുവടുകൾ വയ്ക്കുന്നു. കാലം കഴിയുന്നതിനനുസരിച്ച് മനുഷ്യന്റെ സന്തോഷത്തിന്റെ താളം അയഞ്ഞു പോകുന്നു. എന്നാൽ അമ്മയ്ക്കാകട്ടെ ഓണനിലാവിന്റെ വസ്ത്രം ധരിച്ചാൽ പുതിയ ശോഭതന്നെ. പ്രകൃതിയുടെ സന്തോഷങ്ങളിൽ ചേർന്നുനിന്ന് ജീവിതത്തിന്റെ സംതൃപ്തികളിലേക്ക് നീങ്ങുവാൻ മനുഷ്യന് കഴിയാതെ വരുന്നതിന്റെ സൂചനകളാണിവിടെ കവി തരുന്നത്.

തന്റെ ഓരോ സൃഷ്ടികർമത്തിലും ഭൂമിദേവി പുളകം കൊള്ളുന്നുണ്ട്. എന്നാൽ ഇവിടെ ഉയിർകൊള്ളുന്ന ഓരോ ജീവന്റെ ഞരമ്പിലും ജനനത്തോടൊപ്പം ജീർണത (നാശം) പുഴുപോലെ അരിച്ചുതുടങ്ങുന്നു. ഒരു പകൽനേരം മാത്രമാണ് ഒരു പൂവ് വർണം വിതറി കണ്ണിനിമ്പം പകരുന്നത്. ശ്രാവണസന്ധ്യയിൽ ഭൂമിദേവിയെ പൂനിലാപ്പുടവയണിയിക്കുന്ന പൂർണേന്ദുവിനാകട്ടെ ഒരു രാത്രിമാത്രവും. സൂര്യോദയത്തോടെ പ്രഭാതത്തിന്റെ ജീവിതമൊടുങ്ങുന്നു. ഒരു പിടി നീർക്കുമിളകളുടെ ആയുസ്സുമാത്രമാണ് മനുഷ്യവർഗത്തിനുള്ളത്. പൂവും പ്രഭാതവും നമ്മളും എല്ലാം നിമിഷത്തിന്റെ തിരമാലകളിൽ ഒഴുകിപ്പോകുമ്പോൾ പുതിയ പൂക്കളും പുതിയ പ്രഭാതങ്ങളും പുതിയ ജീവിതങ്ങളും പാരമ്പര്യത്തിന്റെ പുതിയ സ്വർണകണ്ണികൾ തീർക്കുന്നു. നശ്വരനാദകണങ്ങളായ ഞങ്ങൾ അനശ്വരമായ ജീവിത സംഗീതത്തിന് തങ്ങളാൽ കഴിയും വിധം മാധുര്യം നൽകുകയും അമൃത് നുകരുകയും ചെയ്യുന്നു. ഈ ഭൂമിയും അതിലെ സമ്പത് സമൃദ്ധികളും നിലനിർത്തേണ്ടത് ജീവിവർഗത്തിന്റെ നിലനില്പിന് അനിവാര്യമാണ്. മക്കൾ വയസ്സാകുമ്പോഴും പിൻതലമുറയുടെ ശക്തിയിൽ അമ്മയായ ഭൂമി ഐശ്വര്യവതിയായിത്തീരുന്നു. എന്നാൽ പരിഷ്കാരത്തിന്റെ പുതിയ മനുഷ്യവഴികൾ അവളെ ഇല്ലാതാക്കുന്നു. ഓണനിലാവ്, പൂവ്, ഉഷസ് എന്നിവയെല്ലാം അമ്മയെ ബലപ്പെടുത്തുമ്പോൾ ആധുനിക ജീവിത മാർഗങ്ങൾ അവളെ തളർത്തുന്നതിന്റെ സൂചനകൾ കവിതയിലുണ്ട്.

നവതാരുണ്യം വീണക്കമ്പികൾ മീട്ടുകയാണ് എന്ന് കവി പറയുന്നത് ശ്രദ്ധിക്കുക. സ്നേഹം, പ്രേമം മുതലായ മനുഷ്യഭാവങ്ങളെയാണ് 'വീണക്കമ്പികൾ മീട്ടുക' എന്ന പ്രയോഗത്തിലൂടെ കവി കാട്ടിത്തരുന്നത്. യൗവനത്തിന്റെ കാലാധിക്യം ഭൂമിദേവിക്ക്- ജടിലതയായിത്തീരുന്നില്ല. പുതിയ പൂവും പുതിയ ഉഷസ്സും മനുഷ്യനും മാറിവരുന്നതാവാം ഇതിനുകാരണം.

> "ഒപ്പമതിന്റെ ഞരമ്പുകളിൽ പുഴു
> പോലെയരിച്ചു നടപ്പൂ ജീർണത"

ജനനത്തോടൊപ്പം ജീർണത (മരണം) ഓരോജീവിയിലും പുഴുപോലെ അരിച്ചുകയറുന്നു. 'പുഴുപോലെ അരിച്ചുകയറുന്ന ജീർണത' എന്ന വർണന ശ്രദ്ധേയമാണ്. കാലത്തിന്റെ ഋതുഭേദങ്ങൾക്കനുസരിച്ച് മരണത്തിന്റെ പുഴു അരിച്ചുകയറുന്നു. അവസാനം ജീവന്റെ എല്ലാ ഇടങ്ങളിലും അവൻ മാത്രമായി തണുത്ത് വിറങ്ങലിക്കുന്നു. 'തണുപ്പ് അരിച്ചുകയറുക' എന്ന പ്രയോഗം ഇവിടെ ഓർമിക്കേണ്ടതാണ്. ഈ ജീർണതകൾ വർധിച്ചുവരുമ്പോഴും മനുഷ്യൻ തലനിവർന്നു ജീവിക്കുന്നത് വൈലോപ്പിള്ളിയും കാട്ടിതന്നിട്ടുണ്ടല്ലോ-

“ജീർണത ചേറ്റിൽ താഴുന്നു,
പൂർണത നോക്കിപ്പായുന്നു”

*(ചേറ്റുപുഴ)*

പാരസ്പര്യത്തിന്റേയും വിവേക പൂർണമായ ജീവിതത്തിന്റേയും അനിവാര്യതയിലേക്ക് കുട്ടികളുടെ ബോധമുണർത്താൻ പര്യാപ്തമാം വിധമാണ് ഈ കവിത വ്യാഖ്യാനിക്കേണ്ടത്.

“കാണെക്കാണെ വയസ്സാവുന്നു
മക്കൾക്കെല്ലാമെന്നാലമ്മേ!
വീണക്കമ്പികൾ മീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ”

ഈ വരികൾക്ക് എന്തർത്ഥമാണുള്ളത്? മക്കൾക്ക് വയസാകുമ്പോൾ അമ്മയ്ക്ക് നവതാരുണ്യം വരുന്നതായി കവിപറയുന്നതെന്തുകൊണ്ടാണ്?

ഭൂമിദേവി ധന്യയാകുന്നത് അവളുടെ മക്കളാലാണ്. അർത്ഥപൂർണമായ പുതുജന്മങ്ങളാണ് അവളെ വീണ്ടും താരുണ്യവതിയാക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക നന്മകളാണ് അമ്മയെ ധന്യയാക്കുന്നത്. എന്നാൽ മനുഷ്യനാകട്ടെ പ്രകൃതി വിരുദ്ധമായ ജീവിതാവസ്ഥകളിലൂടെ ജീവിതത്തിന്റെ പാഴ്ചുമട് ഏറ്റിനടക്കുകയാണ്.

പൊതുചർച്ചയ്ക്കുശേഷം ഈ വരികളിലെ ആശയം വ്യക്തിപരമായി കുറിക്കാനാവശ്യപ്പെടാം. ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അവസരം കുട്ടികൾക്ക് നൽകണം.

“ഇന്നലെയിവിടെക്കുഞ്ഞിക്കാലടി-
യടയാളത്താൽ പൂക്കളമെഴുതി
ഇന്നവർ വാഴ്‌വിൻ വൻചുമടേന്തി
നടന്നീടുന്നു പാഴ്ചുവടൂന്നി”

ഈ വരികളിലൂടെ കവി ആവിഷ്കരിക്കുന്നതെന്താണ്? ഗ്രൂപ്പുകൾ ചർച്ചചെയ്യട്ടെ. ഗ്രൂപ്പുകളിൽ അധ്യാപിക ഇടപെടണം. പ്രകൃതിയുടെ സ്വാഭാവിക സമ്പത്തുക്കളെല്ലാം അമ്മയെ മനോഹരിയാക്കുന്നു. ഓണനിലാവിന്റെ പുടവയുടുത്താൽ അമ്മയ്ക്കിന്നും പുതുലാവണ്യം വരുന്നത് അതുകൊണ്ടാണ്. വിവേക ശൂന്യമായ പരിഷ്കാരത്തിന്റെ വഴികളിൽ ഭൂമി തളരുകയാണ്.‘ഭൂമിക്കൊരു ചരമഗീതം’ എന്ന കവിതയിൽ ഭൂമിയുടെ ഈ അവസ്ഥ സമഗ്രമായി കവി ആവിഷ്കരിക്കുന്നുണ്ട്. മനുഷ്യജീവിതം ഇന്ന് സങ്കീർണമായിരിക്കുന്നു. ആഡംബരത്തിന്റെ ഈ വൻ ചുമട് വഹിച്ച് അവർ അർത്ഥ ശൂന്യമായ ജീവിതം നയിക്കുകയാണ്.

“പൂവുമുഷസ്സും ഞാനും നിമിഷ-
ത്തിരകളിലൊഴുകിപ്പോകേ, മറ്റൊരു
പൂവും മറ്റൊരുഷസ്സും മറ്റൊരു
ഞാനും കനകക്കണ്ണികൾ കോർക്കെ”

പൂവും ഉഷസ്സും ഞാനും നിമിഷത്തിരകളിലൊഴുകിപ്പോകുമ്പോൾ ഓരോന്നിനും പകരമായി മറ്റൊന്ന് വീണ്ടും വരുന്നു. ജീവിതത്തിന്റെ നൈരന്തര്യം ഭൂമിയെ സജീവമാക്കുന്നതിന്റെ സൂചനകളാണ് ഇത് തരുന്നത്.

പൂവ്, ഉഷസ്, ഞാൻ എന്നിവയെ കേവലതയിൽ കാണാനാവില്ല. പ്രകൃതിയുടെ നൈർമല്യത്തിന്റെ സമഗ്രപ്രതീതിയാണ് പൂവ് നൽകുന്നത്. പ്രകൃതി പ്രതിഭാസങ്ങളെ മുഴുവൻ ഉഷസിലൂടെ കവിലക്ഷ്യമിടുന്നു. ജീവിവർഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ് കവി. പരിണാമത്തിന്റെ

ഉയർന്ന അവസ്ഥയാണല്ലോ മനുഷ്യൻ.. ഇതൊക്കെ വീണ്ടും കണ്ണിചേരുമ്പോഴേ വീണ്ടും ഭൂമി ധന്യമായിത്തീരുകയുള്ളൂ. ഇവിടെ മറ്റൊന്നുകൂടി വ്യക്തമാക്കപ്പെടുന്നു. എല്ലാകാലത്തും പൂവും പുലരിയും മനുഷ്യനും പരസ്പരം കണ്ണിചേരേണ്ടതുണ്ട്.

ഈ വരികളിലെ ആശയം ചുവടെ കൊടുത്തിട്ടുള്ള വരികളിലെ ആശയവുമായി താരതമ്യം ചെയ്യാൻ ഗ്രൂപ്പുകളോട് നിർദേശിക്കണം.

"നിർദയം മെതിച്ചീവിളവുണ്മാൻ
മൃത്യുവിന്നേകും ജീവിതംപോലും
വിത്തൊരിത്തിരിവെയ്ക്കുന്നു; വീണ്ടും
പത്തിരട്ടിയായ്പ്പൊൻ വിളയിപ്പാൻ
കന്നിനാളിലെ കൊയ്ത്തിനുവേണ്ടി
മന്നിലാദിയിൽ നട്ട വിത്തെല്ലാം
പൊന്നലയലച്ചെത്തുന്നു, നോക്കൂ
പിന്നെയെത്രയോ കൊയ്ത്തു പാടത്തിൽ

*(കന്നിക്കൊയ്ത്ത്)* *(വൈലോപ്പിള്ളി)*

- നിരന്തരം എന്തെല്ലാം വാർത്തകളാണ് നമുക്ക് ചുറ്റും വന്നുനിറയുന്നത്? നാമതൊക്കെ ശ്രദ്ധിക്കാറുണ്ടോ? ചുറ്റിലും വന്നുനിറയുന്ന വാർത്തകൾ നിരീക്ഷിക്കുന്നതിനും അവയെ വിശകലനം ചെയ്യുന്നതിനും അവയിലെ നന്മകൾ ജീവിതത്തിൽ പകർത്തുന്നതിനും നമ്മുടെ കുട്ടികളെ ശീലിപ്പിക്കേണ്ടതുണ്ട്. അതിന് പര്യാപ്തമായ ഒരു പ്രവർത്തനം യൂണിറ്റവസാനം ഏറ്റെടുക്കണം.

ഒരാഴ്ചത്തെ വാർത്തകൾ നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യപ്പെടണം. സമൂഹത്തിന് ഗുണകരമായ സംഭവങ്ങൾ അനാവരണം ചെയ്യുന്ന വാർത്തകളും അനുബന്ധ ചിത്രങ്ങളും കുട്ടികൾ ശേഖരിക്കട്ടെ. ഓരോ കുട്ടിയും ഏതാനും വാർത്തകൾ ശേഖരിക്കണം. ശേഖരിച്ച വാർത്തകളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നുവീതം ക്ലാസിൽ അവതരിപ്പിക്കട്ടെ. അതിനുശേഷം വാർത്തകൾ ചർച്ചയ്ക്കു വിധേയമാക്കണം. എന്തുകൊണ്ടാണ് ആ വാർത്ത ശ്രദ്ധേയമാകുന്നത്. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ മുതലായവ പ്രകീർത്തിക്കപ്പെടും വിധം വാർത്തകൾ രൂപംകൊള്ളുന്നതെന്തുകൊണ്ടാണ്? അവയുടെ ബാഹ്യസൗന്ദര്യമാണോ ഇതിനുകാരണം. സത്യം, ദയ, നന്മ, സഹാനുഭാവം മുതലായ ആന്തരിക ഗുണങ്ങളാണ് ഇതിനൊക്കെ ആധാരം. നമ്മളിലാരെങ്കിലും ഇത്തരം പ്രവ്യർത്തികൾ ചെയ്തിട്ടുണ്ടോ? കുട്ടികൾക്ക് വിശദീകരിക്കാനവസരം നൽകണം. ആന്തരിക സൗന്ദര്യം മനുഷ്യനെ മഹത്വവത്കരിക്കുന്നു എന്ന ആശയത്തിൽ ചർച്ച ക്രോഡീകരിക്കണം.

ചെറിയ ഗ്രൂപ്പുകളായി വാർത്തകൾ വായിക്കട്ടെ. അതിനുശേഷം ഒഴിവാക്കേണ്ടവ ഉണ്ടെങ്കിൽ അതു ചെയ്യണം. മനുഷ്യന്റെ ആന്തരിക സൗന്ദര്യം പ്രതിഫലിപ്പിക്കുന്ന വാർത്തകൾ ഒരു പതിപ്പാക്കി മാറ്റട്ടെ - നന്മയുടെ പുസ്തകം. വാർത്തകളെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു ആമുഖവും തയാറാക്കിക്കണം.

- ബസവപ്പൻ എന്തുകൊണ്ടാണ് നിത്യചൈതന്യയതിയെ സഹായിച്ചത്?
- സഹായിക്കാൻ ബസവപ്പനെ പ്രേരിപ്പിച്ചഘടകമെന്തായിരിക്കാം?

സമാനമായ ചില അനുഭവങ്ങൾ അധ്യാപികയും തുടർന്ന് കുട്ടികളും പങ്കുവയ്ക്കുന്നത് നന്നായിരിക്കും.

## ബസവപ്പൻ എന്ന സ്വർണനാണയം

ഗുരുനിത്യചൈതന്യയതിയുടെ 'ദൈവം സത്യമോ മിഥ്യയോ' എന്ന ഗ്രന്ഥത്തിലെ ഒരു രചനയാണ് പാഠഭാഗം. യാത്രയ്ക്കിടയിൽ തനിക്ക് കണ്ടുമുട്ടാൻ കഴിഞ്ഞ ബസവപ്പൻ എന്ന കുട്ടിയുടെ നന്മ നിറഞ്ഞമനസ്സിനെ തുറന്നുകാട്ടുവാനാണ് യതി ഈ അനുഭവക്കുറിപ്പിലൂടെ ശ്രമിക്കുന്നത്. നാമോരുത്തരും ജീവിക്കുന്നത് പഞ്ചേന്ദ്രിയങ്ങളെ തുറന്നുവച്ചുകൊണ്ടുതന്നെ. എന്നാൽ നമുക്കു ചുറ്റുമുള്ള നന്മകളെയും മനുഷ്യത്വപൂർണമായ പെരുമാറ്റങ്ങളെയും തിരിച്ചറിയാൻ നാം ശ്രമിക്കാറുണ്ടോ? ഓരോ യാത്രയും മനസ്സിന്റെ തീർത്ഥാടനമാണെന്ന് നാം കേട്ടിട്ടില്ലേ? ഇന്ദ്രിയങ്ങളെ നമ്മിലേക്ക് പൂഴ്ത്തി വച്ച് സ്വാർത്ഥതയുടെ വല്മീകത്തിലൊളിക്കുകയല്ല നാം ചെയ്യേണ്ടത്. യതിയുടെ ഈ ലേഖനം നന്മകൾ കാണാനും അതിനെ അംഗീകരിക്കാനും അവയുടെ ആവിഷ്കാരങ്ങളിലൂടെ ഒരു സമൂഹത്തെ ചിന്തിപ്പിക്കാനും പര്യാപ്തമാണ്. അതിന് സഹായകമാകും വിധം ഈ ലേഖനം കുട്ടികൾ തിരിച്ചറിയാനും തങ്ങളുടെ ചുറ്റുമുള്ളവയെ കാണാനും തിരിച്ചറിയാനും ആവിഷ്കരിക്കാനും പര്യാപ്തമായ പ്രവർത്തനങ്ങളാണ് അധ്യാപിക നടത്തേണ്ടത്.

**ആഡംസ്മിത്ത്** (1723 ജൂൺ 16 – 1790 ജൂലൈ 17)

ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ്. തത്ത്വചിന്തകൻ, സാമ്പത്തിക വിദഗ്ധൻ എന്നീ നിലകളിൽ പ്രശസ്തനായി തീർന്നു.

**രവീന്ദ്രനാഥടാഗോർ** (1861 മേയ് 7 – 1941 ആഗസ്റ്റ് 7)

ബംഗാളിൽ ജീവിച്ചിരുന്ന ലോകപ്രശസ്ത സാഹിത്യകാരൻ. ഗുരുദേവ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും ലോകത്ത് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകി. ഗീതാഞ്ജലി എന്ന കൃതിക്ക് 1913 ൽ സാഹിത്യത്തിനുള്ള നോബൽ പ്രൈസ് ലഭിച്ചു.

**കാറൽ മാർക്സ്** (1818 മേയ് 5 – 1883 മാർച്ച് 14)

ജർമനിയിൽ ജനിച്ചു. തത്ത്വചിന്തകൻ, സാമ്പത്തിക വിദഗ്ധൻ, ചരിത്രകാരൻ, സാമൂഹിക ശാസ്ത്രജ്ഞൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. കമ്മ്യൂണിസ്റ്റ് ആശയത്തിന്റെ അടിസ്ഥാന ശില്പി. 1848 ൽ പ്രസിദ്ധീകരിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന് പുതിയ ദിശാബോധവും വിമോചന സ്വപ്നവും നൽകി.

**ലെനിൻ** (1870 ഏപ്രിൽ 22 – 1924 ജനുവരി 21)

റഷ്യൻ വിപ്ലവത്തിന് നേതൃത്വം നൽകിയ മഹാനാണ് വി.ഐ.ലെനിൻ. 20-ാം നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ ജനങ്ങളെ സ്വാധീനിച്ച രാഷ്ട്രീയ നേതാവ്. മാർക്സിന്റെ വർഗസിദ്ധാന്തത്തെ റഷ്യയിൽ പ്രായോഗികമാക്കാൻ ലെനിന് കഴിഞ്ഞു.

**വിക്ടർ ഹ്യൂഗോ** (1802 ഫെബ്രുവരി 26 – 1885 മേയ് 22)

കവി, നാടകകൃത്ത്, നോവലിസ്റ്റ്, മനുഷ്യാവകാശ പ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ഇദ്ദേഹത്തിന്റെ രചനകൾ ഫ്രാൻസിന്റെ വിപ്ളവ പ്രസ്ഥാനത്തിന് അടിത്തറപാകി. പാവങ്ങൾ എന്ന അദ്ദേഹത്തിന്റെ കൃതി ലോകപ്രശസ്തമാണ്.

# *സിലബസ് ഗ്രിഡ്*

## ത്യാഗമെന്നതേ നേട്ടം

**പ്രശ്നമേഖല** : വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ

**ഉപപ്രശ്നം** :
- സമൂഹത്തിൽ സ്വാർത്ഥത കൂടി വരുന്നു എന്നും അർപ്പണമനോഭാവം കുറഞ്ഞു വരുന്നുവെന്നും ധാരണയില്ലായ്മ

**പഠനലക്ഷ്യങ്ങൾ** :
- കേരളീയ സമൂഹത്തിന്റെ പുരോഗതിക്കു പിന്നിൽ നിരവധി പേരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ ഉണ്ടെന്ന ധാരണ
- സ്വാർത്ഥമായ താൽപര്യങ്ങളില്ലാതെ എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുമ്പോഴാണ് വ്യക്തിക്കും സമൂഹത്തിനും നിലനിൽപുണ്ടാവുന്നത് എന്ന ധാരണ നേടുന്നതിന്
- കഥകൾ, കവിതകൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, നാടകങ്ങൾ മുതലായ സാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ശേഷി നേടുന്നതിന്
- കവിതയിലെ അലങ്കാരങ്ങൾ, താളം, വാങ്മയ ചിത്രങ്ങൾ മുതലായ ഘടകങ്ങൾ കണ്ടെത്തി ആസ്വാദനത്തിനും സ്വന്തം രീതിയിൽ ആവിഷ്കരിക്കുന്നതിനും
- മനുഷ്യന്റെ സ്വാർത്ഥത വരുത്തി വെക്കുന്ന ദുരന്തം പ്രമേയമാക്കിയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്
- ഭാഷയുടെ സവിശേഷതകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ എത്തിച്ചേരുന്നതിനും സ്വന്തം രചന ഉപയോഗപ്പെടുത്തുന്നതിനും

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഓരോരുത്തരും മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി<br><br>അന്യജീവനുതകി സ്വജീവിതം | • പ്രകൃതിയുടെ നിലനില്പുതന്നെ പരസ്പരാശ്രയത്വത്തിലധിഷ്ഠിതമാണ്<br>• മറ്റുള്ളവർക്കുവേണ്ടി സ്വന്തം സുഖസൗകര്യങ്ങളുപേക്ഷിക്കുന്നവരാണ് ത്യാഗികൾ<br>• സമൂഹത്തിൽ ത്യാഗികളുടെ എണ്ണം കുറഞ്ഞുവരികയും സ്വാർഥരുടെ എണ്ണം കൂടിവരികയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തണം<br>• മറ്റുള്ളവരുടെ കൂടി നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുമ്പോഴാണ് നല്ല സമൂഹമുണ്ടാവുന്നത്<br>• നാമിന്നനുഭവിക്കുന്ന സുഖസൗകര്യങ്ങൾക്കു പിന്നിൽ നിരവധി വ്യക്തികളുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ ഉണ്ട്<br>• കവിതയിലെ താളം, അലങ്കാര ഭംഗി എന്നിവ അതിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു | **ആർജ്ജിത അറിവ്**<br>• സ്നേഹം, പരസ്പരവിശ്വാസം കൂട്ടായ്മ എന്നിവ സാമൂഹ്യജീവിതത്തിന് ഒഴിച്ചുകൂട്ടാൻ പറ്റാത്ത ഘടകങ്ങളാണ്<br>• പ്രമേയവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, ആത്മകഥ, ജീവചരിത്രം, നാടകങ്ങൾ മുതലായ സാഹിത്യ സൃഷ്ടികൾ | • സാഹിത്യ കൃതികൾ വായിച്ച് വിശകലനം ചെയ്ത് സമകാലികാവസ്ഥകളുമായി താരതമ്യം ചെയ്തു കുറിപ്പുകൾ രചിക്കൽ<br>• സാഹിത്യ കൃതികൾ വായിച്ച് സ്വന്തം നിഗമനങ്ങൾ രൂപപ്പെടുത്തി രചനകളിൽ ആവിഷ്കരിക്കുന്നു<br>• സാഹിത്യകൃതികൾ പ്രതിഫലിക്കുന്ന സാമൂഹ്യജീവിതം വിലയിരുത്തുന്നു<br>• കൃതികളുടെ സവിശേഷതകൾ അപഗ്രഥിക്കുന്നു<br>• സ്വാംശീകരിക്കുന്ന ആശയങ്ങൾ വ്യത്യസ്ത രീതികളിൽ ആവിഷ്കരിക്കുന്നു<br>• ക്രിയാ രൂപങ്ങൾ വിശകലനം ചെയ്ത് സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്നു. | സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്നതിനുള്ള മനോഭാവം<br><br>സാമൂഹ്യപ്രവർത്തകരെ ബഹുമാനിക്കുന്നതിനുള്ള മനോഭാവം | |

# 6

# ത്യാഗമെന്നതേ നേട്ടം

**ആമുഖം**

പരസ്പരാശ്രയത്വത്തിൽ വർത്തിക്കുന്ന അനേകം ഘടകങ്ങളുടെ ജൈവികമായ ഒരു ഘടനയാണ് ഈ പ്രപഞ്ചം. ഇവിടെ ഓരോ മനുഷ്യനെയും ജീവിക്കാൻ യോഗ്യനാക്കുന്നത് പ്രപഞ്ചത്തെക്കുറിച്ചുള്ള ഈ ബോധമാണ്. മനുഷ്യനു മാത്രമായി ഭൂമിയിൽ ജീവിതമില്ല. സർവ ചരാചരങ്ങളെയും പരിഗണിച്ചുകൊണ്ടു മാത്രമേ ഭൂമുഖത്ത് മനുഷ്യന് ജീവിതം സാധ്യമാവൂ. അതിന് ഏറ്റവും പ്രാപ്തിയും യോഗ്യതയുമുള്ളതു മനുഷ്യനുതന്നെ. പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്ത് മനുഷ്യന് സിംഹാസനമുറപ്പിക്കാൻ അവസരമൊരുങ്ങിയതും മറ്റൊന്നും കൊണ്ടല്ല.

മനുഷ്യൻ എന്നത് ഒരു വ്യക്തിയല്ല; ഒരു കൂട്ടായ്മയുടെ പേരാണത്. കൂട്ടായ്മയിലൂടെയാണ് അവൻ വളർന്നത്; സംസ്കാരങ്ങൾ നിർമിച്ചത്; പുതിയ പുതിയ വികസന സ്വപ്നങ്ങളിലേക്ക് പ്രവേശിച്ചത്. നാളിതുവരെയുള്ള മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ ഈ കൂട്ടായ്മയുടെ താളമുണ്ട്. വ്യക്തി വളരുന്നത് സമൂഹത്തിലൂടെയാണ്; സമൂഹത്തിന്റെ വളർച്ചയ്ക്കൊത്ത്. അതിൽ ആദാനപ്രദാനങ്ങളുടെ കഥയുണ്ട്. ഉപാധികളില്ലാത്ത സ്നേഹത്തിന്റെ ആഴമുണ്ട്. കാരുണ്യത്തിന്റെ സ്പർശമുണ്ട്. ത്യാഗപൂർണമായ ജീവിതത്തിന്റെ മിടിപ്പുണ്ട്.

ഇന്ന് നാം അനുഭവിക്കുന്ന നേട്ടങ്ങളെല്ലാം ആരുടെയൊക്കെയോ ത്യാഗത്തിൽ വിളഞ്ഞതാണ്. പതിനായിരക്കണക്ക് സസ്യലതാദികളിൽ നിന്ന് മരുന്നേത്, വിഷമേത് എന്ന് തിരിച്ചറിയാൻ അവ ഭക്ഷിച്ചുനോക്കി എത്രയോ മനുഷ്യർ പണ്ട് മരിച്ചുവീണിട്ടുണ്ടാവാം. സ്വാതന്ത്ര്യത്തിനും സാമൂഹ്യനീതിക്കും വേണ്ടി ജീവൻ ത്യജിച്ച മനുഷ്യരുടെ എണ്ണവും അസംഖ്യമാണ്. അവരെല്ലാം, സ്വന്തം കാര്യത്തിനപ്പുറം മറ്റുള്ളവരുടെ കാര്യം കൂടി പരിഗണിച്ചവരാണ്. സ്വന്തമായ പലതും ഉപേക്ഷിച്ചാണ് സമൂഹത്തിനുവേണ്ടി അവർ പ്രവർത്തിച്ചത്. അവരെയാണ് നാം മഹാൻമാരായി ആദരിക്കുന്നത്. അവനവനിലേക്ക് മാത്രം ഒതുങ്ങാൻ ശ്രമിക്കുന്നവർ ഈ ചരിത്രപാഠം മറക്കുകയാണ്.

താൻ ജീവിക്കുന്നതും തനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കും കൂടിയാണെന്ന ബോധം ഓരോ മനുഷ്യനും വേണ്ടതുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ തന്റെ ജീവിതം മറ്റാരുടെയൊക്കെയോ ദാനമാണെന്ന ബോധം. സമൂഹത്തിന്റെ ആരോഗ്യപൂർണമായ വളർച്ചയ്ക്ക് അനിവാര്യമായ ഘടകമാണ് ഈ ബോധം.

യൂണിറ്റിന്റെ വിനിമയവുമായി ബന്ധപ്പെട്ട് കുട്ടികളിൽ എത്തേണ്ട മുഖ്യആശയങ്ങൾ ഇവയാണ്. അതിന് സഹായകമായ വിധത്തിൽ ക്ലാസ്റൂം വിനിമയം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

വിനിമയം ചെയ്യുന്ന ആശയമേഖലയെക്കുറിച്ചുള്ള സമഗ്രബോധം അധ്യാപികയ്ക്ക് ആവശ്യമാണ്.

അനേകം മഹാത്മാക്കളുടെ ത്യാഗപൂർണമായ ജീവിതമാണ് ലോകത്തിന്റെ ചരിത്രഗതി നിർണയിച്ചിട്ടുള്ളത്. ഉള്ളിൽ ജ്വലിച്ചുനിൽക്കുന്ന അതിതീവ്രമായ മാനവികബോധമാണ് അതിനവരെ പ്രേരിപ്പിച്ചത്. എന്നാൽ ചരിത്രഗതികൾ മാറി. പുതിയ കാലത്ത് പുതിയ പുതിയ പ്രതിസന്ധികളും പ്രശ്നങ്ങളും രൂപപ്പെട്ടു. വ്യവസായ വൽകരണവും ശാസ്ത്ര – സാങ്കേതിക

രംഗങ്ങളിലുണ്ടായ പുരോഗതിയും മനുഷ്യന്റെ ജീവിതസങ്കല്പങ്ങളെ പൊളിച്ചെഴുതി. പുതിയ തൊഴിൽ മേഖലകളും ജീവിത പരിസരങ്ങളും വർഗഘടനയും രൂപപ്പെട്ടു. ശാസ്ത്ര പുരോഗതിയെ ദുരുപയോഗപ്പെടുത്തുന്നത് സമൂഹത്തിന് വലിയ തിരിച്ചടികൾ നൽകിക്കൊണ്ടിരിക്കുന്നു. യുദ്ധം, വർഗീയകലാപം തുടങ്ങിയ മാരകവിപത്തുകൾ വർധിച്ചു വരുന്നു. എല്ലാ രംഗത്തും ലാഭക്കൊതിപൂണ്ട വിപണി ശക്തിയാർജിക്കുന്നു. മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കാനോ അവരെ പരിഗണിക്കാനോ കഴിയാത്ത വിധം മനുഷ്യമനസ്സ് മാറി പ്പോകുന്നു. ചുരുക്കത്തിൽ മനുഷ്യന് മനുഷ്യനെ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ വന്നു ചേർന്നിരിക്കുന്നു.

- ഈ അവസ്ഥ അപകടകരമല്ലേ?
- ത്യാഗം, സഹനം തുടങ്ങിയ മാനവികമൂല്യങ്ങൾ വഴിയിലുപേക്ഷിച്ചതിന്റെ ഫലമല്ലേ ഇതെല്ലാം?
- ഇക്കാര്യത്തിൽ ഇനിയും നാം ജാഗ്രതപുലർത്തിയില്ലെങ്കിൽ ഉണ്ടാകാവുന്ന വിപത്ത്.
- ഭാവിതലമുറയുടെ പ്രതിനിധികളായ കുട്ടികളിൽ ഈ ആശയങ്ങൾ കടന്നു ചെല്ലേണ്ടത് അനിവാര്യമല്ലേ?

യൂണിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ മുകളിൽ പറഞ്ഞ ആശയങ്ങൾക്ക് ഊന്നൽ നൽകണമെന്ന കാര്യം വ്യക്തമാണല്ലോ.

## പാഠവിശകലനം

മൂന്നുപാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത് - വി.ആർ.സുധീഷിന്റെ 'വംശാനന്തരതലമുറ' എന്ന കഥ, പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ ഒരു ഭാഗം, സി.എൻ.ശ്രീകണ്ഠൻ നായരുടെ സാകേതം നാടകത്തിലെ ഒരു ഭാഗം. യൂണിറ്റിന്റെ ആശയതലത്തെ പ്രതിനിധീകരിക്കുന്ന രചനകളെന്ന നിലയിലാണ് അവ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രചനകളും സന്ദർഭോചിതമായി സ്വീകരിക്കാ വുന്ന മറ്റു രചനകളും പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനലക്ഷ്യങ്ങൾ സാർത്ഥകമാക്കുകയാണ് വേണ്ടത്.

അനേകം അർഥസാധ്യതകളിലേക്ക് വായനക്കാരെ നയിക്കാൻ കഴിയുന്ന കഥയാണ് 'വംശാനന്തര തലമുറ'. ഈ യൂണിറ്റിൽ കഥ മുന്നോട്ടുവയ്ക്കുന്ന ത്യാഗം എന്ന ആശയത്തി നൊപ്പം ആസ്വാദനതലത്തിന് മുൻതൂക്കം നൽകേണ്ടതുണ്ട്. മനുഷ്യരാശിയുടെ നന്മയ്ക്കായി സ്വന്തം ശരീരവും ജീവിതവും ബലിനൽകുന്ന തവളയുടെ കഥയിലൂടെ ത്യാഗമനോഭാവത്തിന്റെ പ്രാധാന്യവും മഹത്വവും വ്യക്തമാക്കുന്നു. ഒരു ജീവിക്ക് അനുഷ്ഠിക്കാൻ പറ്റുന്ന ഏറ്റവും വലിയ ത്യാഗമാണ് ജീവത്യാഗം. ത്യാഗത്തിന് കഥയിലെ തവളയുടെ ജീവിതം പോലെ ബലിയാവുക എന്ന മാർഗം മാത്രമല്ല ഉള്ളത്. ജീവിതത്തിലെ ചെറുതും വലുതുമായ ഓരോ പ്രവർത്തന ത്തിലും ത്യാഗത്തിന്റെ അംശമുണ്ടാകും. സമൂഹജീവിയിയായ മനുഷ്യൻ പരസ്പരാശ്രിതത്വ ത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുമ്പോൾ കൊടുത്തും വാങ്ങിയും പുരോഗമിക്കുകയാ ണ്. ഈ കൊടുക്കൽ വാങ്ങലുകളിൽ സ്നേഹം, കരുണ, സഹാനുഭൂതി, സഹവർത്തിത്വമനോ ഭാവം തുടങ്ങിയ മൗലികഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. സ്വാർത്ഥലേശം പുരളാത്ത സ്നേഹ ത്തിൽ ത്യാഗത്തിന്റെ ഉൽകൃഷ്ടഭാവങ്ങൾ കുടികൊള്ളുന്നുണ്ട്.

സ്വാർത്ഥതവെടിഞ്ഞ് പലതും ത്യജിക്കുവാൻ ആരെങ്കിലുമൊക്കെ തയ്യാറാവുന്നതുകൊണ്ടാണ് ലോകം ഇങ്ങനെ നിലനിൽക്കുന്നത്. കഥയിലെ തവള മനുഷ്യവംശത്തിന്റെ നന്മയ്ക്കായി ജീവിതം ബലിയർപ്പിക്കുകയാണ്. മറുവശത്ത് മനുഷ്യക്കുഞ്ഞുങ്ങൾക്ക് തവളയോടുള്ള മനോഭാവം ക്രൂര മാണ്. തവളയെ വെറുമൊരു പരീക്ഷണവസ്തുവായി അവർ കാണുന്നു. അതനനുഭവിക്കുന്ന വേദന അവരെ സ്പർശിക്കുന്നില്ല. മനുഷ്യക്കുഞ്ഞുങ്ങളിൽ കുടികൊള്ളുന്ന സ്വാർത്ഥതയാണ്

അതിനു കാരണം. തുന്നിക്കെട്ടലുകളുമായി തന്റെ ഭവനത്തിലെത്തുന്ന തവളയുടെ അന്ത്യരംഗങ്ങൾ ആരിലും വേദനയുമുളവാക്കുന്നതാണ്. അടുത്ത നിമിഷം താൻ മരിക്കുമെന്നും തന്റെ കുടുംബം അനാഥമാകുമെന്നും അറിയാമായിരുന്നിട്ടും, താൻ ചെയ്ത പ്രവൃവൃത്തിയുടെ മഹത്വമോർത്ത് ഒരു തുള്ളി കണ്ണുനീർപോലും പൊഴിക്കാതെ അത് മൃതിയടയുകയാണ്. കഥയിലെ മനുഷ്യക്കുഞ്ഞുങ്ങൾ തവളയെ പാഠ്യവസ്തുവാക്കുന്നു. എന്നാൽ തവള സ്വന്തം ജീവിതംകൊണ്ട് മനുഷ്യന് മഹത്തായൊരു പാഠം പകർന്നു നൽകുകയാണ്.

### വംശാനന്തര തലമുറ – നിരൂപണം

പ്രാഥമികമായി രണ്ട് ഘടനകൾ വംശാനന്തര തലമുറയെന്ന കഥയിൽ ചേർന്നിരിക്കുന്നതായി കാണാം. ഒന്ന് ബാലസാഹിത്യത്തിലെ വലിയൊരു ഇടമായ ജന്തുകഥകൾതന്നെ. രണ്ടാമത്തേത് അവയുടെ പ്രധാന വായനക്കാരായ കുട്ടികളുടെ ലോകമാണ്. ഇതിലെ തവള റിയലിസ്റ്റ് തവളയല്ല. തുന്നിക്കൂട്ടിയ ശരീരമായി ഉപേക്ഷിക്കപ്പെടുന്ന തവള എത്തിച്ചേരുന്ന സ്വന്തം കുടുംബത്തിന്റെ സന്ദർഭത്തോടെ (അണുകുടുംബം) അവിടെ രൂപപ്പെടുന്ന സംവാദത്തോടെ കഥയിൽ ഉണ്ടെന്ന് നാം കരുതിയ റിയലിസ്റ്റ് പ്രതീതിയും അണയുന്നു. പ്രമേയവൽക്കരിക്കപ്പെട്ട തവളയാണത്. ജന്തുകഥകളുടെ സമകാലികമായ ഒരു സവിശേഷ പ്രയോഗമാണ് കഥയിലുള്ളത്. അങ്ങനെയാണ് ഇതിന് ആഖ്യാനപരമായ സന്തുലനം തെറ്റിക്കാതെ ഇത്രയും ദാർശനിക തലം നേടാൻ കഴിയുന്നത്.

തവള റിയലിസ്റ്റ് അല്ലാതാവുന്നതോടെ കുട്ടികളും അവരുടെ പതിവ് തട്ടകത്തിൽ നിന്ന് വിച്ഛേദിക്കപ്പെടുന്നുണ്ട്. കുട്ടികൾ കാല്പനികതയുടെ താഴ്‌വരയിലെ നിഷ്കളങ്ക ബാലകരല്ല. അവർ ആധുനികതയുടെ ആൾക്കാർതന്നെ. അവരുടെ ഒരു പിന്തുണയും തവളയ്ക്ക് കിട്ടുന്നില്ല എന്നത് ശ്രദ്ധേയമാണ്.

തവള പിടുത്തത്തിന്റെ സാഹസികത, ഗോപിക്കുട്ടൻ നേടുന്ന അഭിനന്ദനം, അതിൽ മറ്റു കുട്ടികൾക്കുള്ള ചൊടി, കീറിമുറിക്കലിന്റെ അഹന്തയും ആനന്ദവും, തവളയുടെ ഉള്ള് കണ്ടതിന്റെ രസം, അഭിനവമായ ഒരു ഉന്മേഷം, ഉത്തേജനം, ഓരിയിട്ട് തുള്ളിച്ചാടൽ, ഉച്ചത്തിലുള്ള ഘോഷം എന്നീ ഇനങ്ങൾ കൊണ്ടാണ് കഥയിലെ കുട്ടികൾ സ്ഥാപിതമായിരിക്കുന്നത്. സ്വന്തം നേട്ടം, സ്വന്തം വിനോദം എന്നിവയിലുള്ള താൽപര്യം ആണത്. ഇത് സംഘത്തിന്റെ മൊത്തം പ്രതികരണമാണെന്ന് അറിയണം. ഗോപിക്കുട്ടനോട് അസൂയ തോന്നിയ കുട്ടികളുണ്ട്. പക്ഷേ തവളയോട് സഹതപിക്കാൻ ഒരാൾപോലുമില്ല. അവർ അധ്യാപകനോളം മുതിർന്നിരിക്കുന്നു. ഏകമുഖമായ ഒരു വിദ്യാഭ്യാസ കർമത്തിന്റെ അനുസരണയുള്ള അനുയായികളാണ് അവർ. തങ്ങൾ വായിച്ചാസ്വദിച്ച അനേകം ജന്തുകഥകളിലെ തവളകൾ ഒന്നും സാംസ്കാരികമായി അവരെ സ്വാധീനിക്കുന്നില്ല. തവളയെ കീറിയതുപോലെ സ്വന്തം സുഖത്തിനായി മാത്രമാണോ അവർ കഥകൾ വായിക്കുന്നത് എന്ന സംശയം തോന്നാം. കഥയിൽ ഗ്രാമീണാന്തരീക്ഷമാണ് ഉള്ളത്. കുളവും പാടവും ചളിക്കുഴികളുമൊക്കെയായി ഗ്രാമം നിർമിക്കപ്പെടുന്നു. ഈ ജീവിത സ്ഥലവും അവരിൽ ഒരു കാഴ്ചപ്പാടായി തീരുന്നില്ല. ഗ്രാമീണമായ നന്മ തുടങ്ങിയ പതിവിനങ്ങൾ അവരിൽ പ്രവർത്തിക്കുന്നില്ല. ജീവവൈവിധ്യങ്ങളെ മാനിക്കാതെ പ്രാദേശിക സംസ്കൃതികളെ കീഴടക്കിക്കൊണ്ട് ഒറ്റയുക്തിയും ചൂഷണവിദ്യയുമായി പ്രാമാണികമായി തീരുന്ന ആധുനികതയാണ് ഇതിൽ ആദ്യഭാഗത്ത് അങ്കനം ചെയ്തിരിക്കുന്നത്.

രണ്ടാം ഭാഗമാണ് കഥയെ ആധുനികതയുടെ വിമർശനപാഠമാക്കി തീർക്കുന്നത്. ലോകത്തെ മുഴുവൻ ജ്ഞാനം നേടാനുള്ള താൽപര്യം കൊണ്ടായാലും കീറിമുറിക്കുന്ന, യുക്തിയുടെ വാഴ്ചയേ വേണ്ടൂ എന്നു കരുതുന്ന, ബദൽ ഒച്ചകളെ പൊറുപ്പിക്കാത്ത ആധുനികതയുടെ ജ്ഞാനോദയ പദ്ധതിയുടെ വിചാരണയാണ് കഥയിൽ നിർവഹിക്കുന്നത്. ഭൂമിയുടെ അവകാശികൾ എന്ന് ബഷീർ ബഹുവചനത്തിൽ പറയുമ്പോൾ ചെയ്യുന്നത് ലോകത്തെ കാണാൻ

ചൂഷകന്റേതല്ലാത്ത പല കാഴ്ചപ്പാടുകൾ അണിനിരത്തുകയാണ്. ആധുനികോത്തരസാഹിത്യത്തിലും ചിന്തയിലും ഇത്തരം ബദൽ പരിപ്രേക്ഷ്യങ്ങൾ ധാരാളമുണ്ട്. ഭൂതകാലത്തിൽ നിന്നെന്നപോലെ പാളിവീഴുന്ന നോട്ടം എന്ന ഒന്നാം ഖണ്ഡികയിലെ പ്രയോഗം ഓർക്കുക. ആധുനിക പൂർവകാലത്തിന്റെ നോട്ടമാണ് മെച്ചപ്പെട്ട പ്രകൃതി ബോധവും സഹജീവി സ്നേഹവും സംവാദാത്മകതയും കൈമുതലായ, അന്യവൽക്കരിക്കപ്പെടാത്ത മനുഷ്യർ താമസിച്ചിരുന്ന ഒരു ലോകത്തിന്റെ നോട്ടം. ഈ നോട്ടം പണ്ട് സ്വാഭാവികവും സംരക്ഷിതവും സാമാന്യവുമായിരുന്നു. ആധുനികോത്തരതയിൽ ഈ പാരമ്പര്യ മൂലകത്തെ പ്രതിരോധത്തിന്റെ ആയുധമായാണ് സ്വീകരിക്കുന്നത്. ആധുനികതയുടേതല്ലാത്ത നോട്ടം നേടാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇത്. ഈ പുതിയ – എന്നാൽ പഴയ – നോട്ടത്തിലാണ് മനുഷ്യരെ കടന്ന് തവള നായകനാവുന്നത്. വായനക്കാരുടെ സഹാനുഭൂതിയും നേടുന്ന തരത്തിൽ തവള മഹത്വമാർജ്ജിക്കുന്നു. ഈശ്വരപൂർണമായ ഒരു നന്മ, വംശജീവിതത്തിന് നിത്യവും നിരതിശയകരവുമായ ഒരു പ്രകാശം ഏറ്റവും ധന്യമായ ഒരു ജീവിതം, സ്നേഹകാരുണ്യം, ഉദാരപൂർണമായ മനുഷ്യഭാവി, മഹത്തായദാനം, അശ്രുകണം തുടങ്ങിയ ഇനങ്ങൾ കൊണ്ട് പണിതതതാണ് കഥയിലെ രണ്ടാം ഭാഗം. ഈ ആഖ്യാന സ്വരം ആധുനികപൂർവമാണ്. മതാത്മകമല്ലാത്ത ആധ്യാത്മികമായ ഒരു ലയം തന്നെയും ഇതിനുണ്ട്. ആധുനികതയുടെ ജ്ഞാനമാർഗത്തെയും ചൂഷണശാസ്ത്രത്തെയും വിചാരണ ചെയ്യാനാണ് ഈ സ്വരം പ്രയോജനപ്പെടുന്നത്. ഈ പ്രയോജനപ്പെടുത്തൽ കൊണ്ടാണ് ഇത് ആധുനികോത്തര രചനയായി തീരുന്നത്.

ഈ ചെറുകഥ ഒരു ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിച്ചു വന്നപ്പോൾ ഡോക്ടർ കൂടിയായ കഥാകൃത്ത് പുനത്തിൽ കുഞ്ഞബ്ദുള്ള ഒരു കത്ത് എഴുതിയിരുന്നു, വായനക്കാരുടെ പംക്തിയിൽ. കഥ യഥാർത്ഥ ജ്ഞാനിയുടെ വിധി എന്ത് എന്ന് പറയുന്നുവെന്നാണ് അതിലുള്ളത്. തന്റെ ഉടലും ഉയിരും ജ്ഞാനമൊന്നാണ്. അതിനായിട്ട് മാത്രമാണ് ഓരോ ശ്വാസവും. ഏകവിഷയോന്മാദിയാണ് ജ്ഞാനി. ഈയൊരു തത്ത്വം അച്ഛൻതവളയുടെ വാക്കുകളിലുണ്ട്. അതിനാൽ പുനത്തിലിന്റെ വായനയിൽ തെറ്റില്ല. അതോടൊപ്പം തവളയെ തവളയായി തന്നെ കാണുന്നതിൽ എന്താണ് തെറ്റ് എന്നാലോചിക്കേണ്ടതുണ്ട്. തകഴിയുടെ 'വെള്ളപ്പൊക്ക' ത്തിലെ പട്ടി കർഷകന്റെ പ്രതീകം എന്നു പറയുന്ന ശീലത്തിന്റെ ആവർത്തനമാണ് ഇത്. തവള തവളതന്നെയാണ്. പ്രകൃതി തന്നെയാണ്. മനുഷ്യോപയോഗത്തിന് വേണ്ടി കരുണയില്ലാതെ മാറ്റിവയ്ക്കപ്പെടുന്ന പ്രകൃതിയുടെ ജീവചരിത്രമാണ് കഥയിൽ ഉള്ളത്. ഇന്ന് വിദ്യാലയങ്ങളിൽ തവളയെ കീറിമുറിക്കൽ സാമാന്യമായി വേണ്ടെന്ന് വെച്ചിട്ടുണ്ടെന്ന് അറിയുന്നു. ഈ സാഹചര്യത്തിലും വംശാനന്തരതലമുറ പ്രസക്തമാവുന്നത് പ്രകൃതി ചൂഷണത്തിന്റെ യുക്തി എന്ന പ്രമേയം പൊതുജീവിതത്തിൽ തുടരുന്നതുകൊണ്ടാണ്.

അവസാനം വർത്തമാനകാലത്തിലേക്ക് കഥ വരികയാണ്. ഈ കഥയുടെ വായന നടക്കുന്ന ഏത് കാലവും വർത്തമാനകാലമാണ്. ഒരു സ്വരതന്ത്രം വഴി തവളക്കരച്ചിലിന്റെ ഒച്ചയെക്കുറിച്ചുള്ള വാക്യം വഴിയാണ് ഇത് സാധിക്കുന്നത്. "പിതാക്കളുടെ അന്നത്തെ വീരമൃത്യുവെ സ്മരിക്കുകയാവണം... വംശാനന്തര തലമുറ." വംശത്തിലെ അനന്തര തലമുറ എന്ന കഥാനാമത്തെ നിഗ്രഹിക്കണം എന്ന് നാം ഇപ്പോൾ മനസ്സിലാക്കുന്നു. ജീവശാസ്ത്രം തവളകരച്ചിലിനെ ചില പ്രതികരണങ്ങളുടെയും ആവശ്യങ്ങളുടെയും ഭാഗമായാണ് കാണുക. സാഹിത്യം അതിന് അധികമാനങ്ങൾ കൊടുക്കുന്നു. പാരമ്പര്യബോധം, ഓർമ, പ്രകൃതി ബന്ധം, കൂട്ടായ്മയിലുള്ള വിശ്വാസം, അലർച്ചകൾക്ക് മാത്രമല്ല കരച്ചിലിനും നാടകീയത ഉണ്ടെന്ന തീർപ്പ്, ചെറുജന്മങ്ങൾക്കും കർതൃത്വപദവി നൽകുന്ന ശീലം എന്നിവ ആധുനികോത്തര സാഹിത്യത്തിന്റെ സവിശേഷതയാണ്. തവളകരച്ചിലിന്റെ വാക്യത്തിൽ ഇതെല്ലാം അടങ്ങിയിരിക്കുന്നു.

*(നിശ്ശബ്ദതയും നിർമാണവും)* *(ഇ.പി.രാജഗോപാൽ)*

## പൂന്താനം (16 – 17 നൂറ്റാണ്ട്)

പൂന്താനത്തിന്റെ വിശിഷ്ട കൃതികളിലൊന്നാണ് ജ്ഞാനപ്പാന. ആറ്റുനോറ്റുണ്ടായ ഓമനപ്പുത്രന്റെ ആകസ്മിക വിയോഗം കവിയിലുണ്ടാക്കിയ അടക്കാനാവാത്ത ദുഃഖമാണ് ഈ കവിതാരൂപത്തിൽ പുറത്തുവന്നതെന്ന് വിശ്വസിക്കപ്പെടുന്നു. കാൽപനിക കൃതി, വിലാപകാവ്യം, ദാർശനികകാവ്യം എന്നീ വിശേഷണങ്ങളും ജ്ഞാനപ്പാനക്ക് ലഭിച്ചിട്ടുണ്ട്. ചെറുശ്ശേരിക്ക് ഗാഥപോലെ, എഴുത്തച്ഛന് കിളിപ്പാട്ട്പോലെ, കുഞ്ചൻ നമ്പ്യാർക്ക് തുള്ളൽപോലെ, പൂന്താനത്തിന് പാന (സർപ്പിണി) ചേരുന്നു.

ജ്ഞാനപ്പാനയിലെ 201 മുതൽ 254 വരെയുള്ള വരികളാണ് പാഠഭാഗം. മനുഷ്യജീവിതത്തിനു സംഭവിക്കുന്ന അപചയത്തെ തുറന്നു കാട്ടുകയാണ് കവി ഈ ഭാഗത്ത്. സ്ഥാനമാനങ്ങളെ ച്ചൊല്ലി കലഹിച്ച് നാണംകെടുന്നവർ, മദ്യവും മത്സരവും മാത്രം ചിന്തിച്ച് നടക്കുന്നവർ, സ്ത്രീകളുള്ള വീടുകളിൽ ചെന്ന് കുഞ്ചിരാമനെപ്പോലെ (കുരങ്ങൻ) അവർ പറയുന്നതനുസരിച്ച് തുള്ളുന്നവർ, കൊട്ടാരങ്ങളിൽ ചെന്ന് സേവകരുടെ വേഷം കെട്ടി ഞെളിയുന്നവർ, ഒക്കെ വിമർശന വിധേയരാകുന്നു. അതേസമയം ശാന്തിചെയ്ത് പുലർത്താൻ സന്ധ്യവരെ നടക്കേണ്ടിവരുന്ന പാവങ്ങളുണ്ട്. അഗ്നിയെ സാക്ഷിയാക്കി വരിച്ച പത്നിയെ തിരിഞ്ഞുനോക്കാത്ത ഭർത്താക്കന്മാരുണ്ട്. സജ്ജനങ്ങൾ ആരെങ്കിലും ഉപദേശിക്കാൻ ചെന്നാൽ (ശിക്ഷിച്ച് ചെല്ലുമ്പോൾ) ചിലർ ക്ഷുഭിതരാകുന്നു. വന്ദിക്കേണ്ടവരെ നിന്ദിക്കുന്നു. തന്റെ സംസാരം കൊണ്ടാണ് ലോകം നിലനിൽക്കുന്നതെന്ന് ചില വിടുവായർ കരുതുന്നു. തന്റെ ബ്രാഹ്മണ്യത്തോളം ബ്രഹ്മാവ് പോലും വരില്ലെന്ന്. (ഒവ്വാ-യോജിക്കുകയില്ല) കരുതുന്ന ബ്രാഹ്മണർ... ബ്രാഹ്മണ്യം കൊണ്ട് കുനിഞ്ഞാണ് അവരുടെ നടപ്പ്. പണം സമ്പാദിക്കാനുള്ള സാമർത്ഥ്യം നേടാൻ ചിലർ അഗ്നിഹോത്രം തുടങ്ങിയ യാഗങ്ങൾ നടത്തുന്നു. മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, നീലം തുടങ്ങിയ നവരത്നങ്ങളും സ്വർണവും വിറ്റ് ചിലർ ലാഭമുണ്ടാക്കുന്നു. ആനയെപ്പോലും വിൽപന നടത്തുന്നു. കുതിര, കപ്പൽ എന്നിവയെല്ലാം ധനാഗമ മാർഗങ്ങളാക്കുന്നു. പണം എത്ര കിട്ടിയാലും തികയില്ല. ആശയാകുന്ന കയറിൽ നിന്ന് മോചനമില്ല. സജ്ജനങ്ങൾ ഇരന്നാൽപോലും ഒരു ഉപകാരവും ചെയ്യുകയില്ല. മരിക്കുമ്പോൾ ഇതെല്ലാം കൊണ്ടുപോകാൻ കഴിയുമോ. ധരിച്ചവസ്ത്രം പോലും ഉപേക്ഷിച്ചാണല്ലോ പരലോകത്തേക്ക് പോകുന്നത്. ബ്രഹ്മമാണ് സത്യമെന്നാണ് സജ്ജനങ്ങൾ കരുതുന്നത്. വിദ്യകൊണ്ട് ഗ്രഹിക്കേണ്ട കുറെ കാര്യങ്ങളുണ്ട്. അതൊന്നും ഗ്രഹിക്കാതെ വിദ്വാനെന്ന നാട്യവുമായി നടക്കുന്നവരുണ്ട്. കുങ്കുമം ചുമക്കുന്ന കഴുതയ്ക്ക് തന്റെ മുതുകിലുള്ളത് ആ വിലപ്പെട്ട വസ്തുവാണെന്ന് അറിയാൻ കഴിയുന്നില്ല. വിദ്യയും ചുമന്ന് നടന്നിട്ട് കാര്യമില്ല. അതുകൊണ്ട് ജീവിതത്തിൽ പ്രയോജനമുണ്ടാകണം. വിദ്യ പ്രയോഗത്തിൽ വരാത്തതുകൊണ്ടാണ് മനുഷ്യർക്ക് ഇങ്ങനെ മൂല്യച്യുതി വരുന്നത്. സ്വാർത്ഥതയുടെ അടിസ്ഥാനകാരണം ധനാർത്തിതന്നെയെന്ന് ഇതിൽ ഊന്നിപ്പറയുന്നു.

പത്രപ്രവർത്തകനും എഴുത്തുകാരനുമായ സി.എൻ.ശ്രീകണ്ഠൻനായർ 1965 ൽ രചിച്ച നാടകമാണ് സാകേതം. അതിലെ രണ്ടാം അങ്കമാണ് 'കാടുവാഴാൻ' എന്ന പാഠഭാഗം. രാമായണകഥയെ അടിസ്ഥാനമാക്കി രചിച്ച നാടകത്രയമായ സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത എന്നിവയിലെ ഒന്നാമത്തെ നാടകമാണ് സാകേതം.

## പഠനലക്ഷ്യങ്ങൾ

- കേരളീയ സമൂഹത്തിന്റെ പുരോഗതിക്കു പിന്നിൽ നിരവധി പേരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെടുക.
- സ്വാർത്ഥമായ താല്പര്യങ്ങളില്ലാതെ എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുമ്പോഴാണ് വ്യക്തിക്കും സമൂഹത്തിനും നിലനിൽപ്പുണ്ടാകുന്നത് എന്ന ധാരണ നേടുക.

- കഥകൾ, കവിതകൾ, നാടകങ്ങൾ മുതലായ സാഹിത്യകൃതികൾ വായിച്ചാസ്വാദിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ശേഷി നേടുക.
- കവിതയിലെ അലങ്കാരങ്ങൾ, താളം, വാങ്മയചിത്രങ്ങൾ മുതലായ ഘടകങ്ങൾ കണ്ടെത്തി ആസ്വാദിപ്പിക്കുന്നതിനും സ്വന്തം രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള ശേഷി നേടുക.
- മനുഷ്യന്റെ സ്വാർത്ഥത വരുത്തിവയ്ക്കുന്ന ദുരന്തം പ്രമേയമാക്കിയുള്ള സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള കഴിവു നേടുക.

യൂണിറ്റിന്റെ ഭാഗമായി നൽകിയിട്ടുള്ള സാഹിത്യരചനകളെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുമ്പോൾ അവയുടെ ആശയതലവും ആഖ്യാനതലവും പരിഗണിക്കേണ്ടിവരും. കൃതികൾ ഉൾപ്പെടുന്ന സാഹിത്യരൂപം, പ്രസ്ഥാനം തുടങ്ങിയവയും പ്രധാനമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഫലപ്രദവും പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ യൂണിറ്റുമായി ബന്ധപ്പെട്ട് നടത്താവുന്ന പ്രവർത്തനങ്ങളുടെ ശൃംഖലയാണ് ചുവടെകൊടുക്കുന്നത്. അധ്യാപികയുടെ മനോധർമത്തിനും പ്രവർത്തന സൗകര്യത്തിനും ഇണങ്ങും മട്ടിൽ ഇവയെ കൂടുതൽ മെച്ചപ്പെട്ട നിലയിൽ പുന:ക്രമീകരിക്കാവുന്നതാണ്.

## കുറിപ്പു തയാറാക്കാം

ഇറുപ്പവന്നും മലർ ഗന്ധമേകും
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാര പ്രവണം പ്രപഞ്ചം

മഹാകവി ഉള്ളൂരിന്റെ ഈ വരികൾ ക്ലാസിൽ ചാർട്ടായി പ്രദർശിപ്പിക്കാം. തുടർന്ന് കവിതയിലെ ആശയത്തെക്കുറിച്ച് ലഘുചർച്ച.

- എന്താണ് പ്രപഞ്ചത്തിന്റെ സ്വഭാവമായി കവി പറയുന്നത്?
- പരോപകാരത്തിന് മറ്റെന്തെല്ലാം ഉദാഹരണങ്ങൾ ചുറ്റുപാടും നിന്ന് ചൂണ്ടിക്കാട്ടാൻ കഴിയും?
- പ്രപഞ്ചത്തിലെ ഒരംഗമെന്ന നിലയിൽ ഓരോ മനുഷ്യനും ഉണ്ടാവേണ്ട ഗുണവിശേഷമെന്താണെന്നാണ് കരുതുന്നത്?
- 

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ചനയിക്കാവുന്നതാണ്. ത്യാഗമനോഭാവം ഓരോരുത്തർക്കും അത്യാവശ്യമായി വേണ്ട ഗുണമാണെന്ന ക്രോഡീകരണത്തിൽ എത്താം.

## കഥാവായന

'വംശാനന്തര തലമുറ' എന്ന കഥയിലേക്ക് പ്രവേശിക്കാം.

കഥ ഗ്രൂപ്പുകളിൽ വായനയ്ക്ക് നൽകുക. തുടർന്ന് പാഠത്തോടൊപ്പം നൽകിയിട്ടുള്ള ആദ്യത്തെ പ്രവർത്തനത്തിലേക്ക് കടക്കാം.

"അച്ഛന്റെ ജീവിതം വ്യർത്ഥമായില്ല. മഹത്തായ ദാനം കൊണ്ട് സർവാശ്ലേഷിയായി തീർന്നിരിക്കുന്നു എന്റെ ജീവിതം- " തവളയുടെ ഈ സംതൃപ്തിക്ക് അടിസ്ഥാനമുണ്ടോ?

ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സിൽ പൊതുചർച്ചയാവാം.

- ജീവിതം അർത്ഥപൂർണമാകുന്നതെപ്പോൾ?
- വ്യർത്ഥമാകുന്നതെപ്പോൾ?

- തവളയുടെ ദാനം മഹത്തായതാണോ? എന്തുകൊണ്ട്?

ക്രോഡീകരണത്തിൽ വരേണ്ടത്

- ജീവിതം എല്ലാ ജീവികൾക്കും വിലപ്പെട്ടതുതന്നെ
- ചിലർ മറ്റുള്ളവർക്കായി ജീവിതം സമർപ്പിക്കുന്നു
- ഇത്തരം ത്യാഗമനുഷ്ഠിക്കുന്നവരാണ് മഹാൻമാരായിത്തീരുന്നത്.
- ഒരാൾക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ ദാനം സ്വന്തം ജീവൻ തന്നെ.
- അത്തരക്കാരെ സമൂഹം എന്നും ആദരവോടെ ഓർക്കും
- തവളയ്ക്ക് ഒരുപാട് സഹിക്കേണ്ടിയും ജീവൻ ത്യജിക്കേണ്ടിയും വന്നെങ്കിലും അതുകൊണ്ട് മനുഷ്യർക്ക് പ്രയോജനമുണ്ടായി. അതോടെ അതിന്റെ ജീവിതം അർത്ഥമുള്ളതായി.

എന്നിങ്ങനെയുള്ള ആശയങ്ങൾ തവളയുടെ സംതൃപ്തിക്ക് അടിസ്ഥാനമുണ്ടെന്ന വാദത്തിന് ഉപോൽബലകമായി അവതരിപ്പിക്കമല്ലോ.

അതിന് എതിരായ വാദങ്ങൾ കുട്ടികൾ ഉയർത്തിയിട്ടുണ്ടെങ്കിൽ അതിനും വേണ്ടത്ര പരിഗണന നൽകണം.

- എല്ലാം കീറിമുറിക്കുന്ന കുട്ടികൾ തവളയുടെ ദാനത്തിൽ നിന്ന് ഒരു പാഠവും പഠിക്കുന്നില്ല.
- കീറി മുറിച്ചശേഷം വിട്ടയയ്ക്കുന്നതിൽ ഒരു മനുഷ്യത്വവുമില്ല
- തവളയുടെ ജീവത്യാഗം ഒരു മനുഷ്യനും ഓർമിക്കാൻ പോകുന്നില്ല
- വരും തലമുറകളും തവളകളെ കീറിമുറിക്കും
- ഈ ക്രൂരതയെ ന്യായീകരിക്കുന്നത് ശരിയല്ല

എന്നിങ്ങനെ എതിർവാദം നീളാം. സാഹിത്യകൃതിയെ ഇങ്ങനെ രണ്ട് കോണിൽ നിന്നു കാണാനുള്ള ശ്രമത്തെ നിരുത്സാഹപ്പെടുത്തരുത്. ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും ത്യാഗമെന്നത് മഹത്തായ മാനവമൂല്യമാണെന്ന ധാരണ ഉറപ്പിക്കും വിധമാകണം അധ്യാപിക ചർച്ച അവസാനിപ്പിക്കേണ്ടത്.

## ശേഖരിക്കാം

'തവളയുടെ ജീവിതകഥ മനുഷ്യനും പാഠമാകേണ്ടതല്ലേ? ചില മനുഷ്യരുടെ ത്യാഗത്തിന്റെ ഫലമല്ലേ നാമിന്നനുഭവിക്കുന്ന നേട്ടങ്ങളെല്ലാം?

അത്തരം വ്യക്തികളെക്കുറിച്ചുള്ള അന്വേഷണത്തിന് കുട്ടികളെ പ്രേരിപ്പിക്കാം.

ഗാന്ധിജി, യേശുക്രിസ്തു, ശ്രീനാരായണഗുരു, ശ്രീബുദ്ധൻ തുടങ്ങിയ മഹത് വ്യക്തിത്വങ്ങളെക്കുറിച്ച് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കട്ടെ. അത്തരം വ്യക്തിത്വങ്ങളെക്കുറിച്ചുള്ള കവിതയിലെ ഭാഗങ്ങളും കവിതകളും കണ്ടെത്താവുന്നതാണ്.

## പ്രഭാഷണം

കുട്ടികൾ ശേഖരിച്ച വിവരങ്ങൾ പ്രഭാഷണരൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെടാം.

'ത്യാഗത്തിലൂടെ മഹത്വത്തിലേക്ക്' എന്നത് പ്രഭാഷണ വിഷയമായെടുക്കാം.

പ്രഭാഷണം എഴുതി തയാറാക്കാൻ ആവശ്യപ്പെടാം. തിരഞ്ഞെടുത്ത ചിലത് ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കാം. പ്രഭാഷണം തുടർമൂല്യനിർണയത്തിന്റെ ഭാഗമായി വിലയിരുത്തേണ്ടതുണ്ട്.

- ❍ പ്രഭാഷണത്തിലെ ഭാഷ
- ❍ ആശയ സമ്പുഷ്ടതയും ക്രമവും
- ❍ അവതരണത്തിലെ മികവ്

എന്നിവ വിലയിരുത്തൽ സൂചകമായി സ്വീകരിക്കാം. ഇതു കുട്ടികളുമായി പങ്കുവയ്ക്കാം. കുട്ടികൾ ഓരോരുത്തരും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രചനകൾ സ്വയം വിലയിരുത്തട്ടെ.

ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് പരസ്പരവിലയിരുത്തൽ നടത്തി മെച്ചപ്പെടുത്താം. മെച്ചപ്പെടുത്തിയ രചനകൾ ശേഖരിച്ച് പതിപ്പായി. പ്രസിദ്ധീകരിക്കാം.

## റേഡിയോ നാടകം

അന്യന്റെ ക്ഷേമത്തിനായി ത്യാഗമനുഷ്ഠിക്കുന്ന വിവേകശാലികളുടെ ജീവിതത്തെക്കുറിച്ചാണ് നാം മനസ്സിലാക്കിയത്. ഇത്തരം ത്യാഗം മുമ്പും സാഹിത്യത്തിന് വിഷയമായിരുന്നിട്ടുണ്ടോ?

ഉദാഹരണങ്ങൾ? പുരാണങ്ങളിലെ സന്ദർഭങ്ങൾ: (ശിബി, യയാതി, ശ്രീരാമൻ)

ലഘുചർച്ചയിലൂടെ ഇത്തരം കാര്യങ്ങൾ ഓർമിപ്പിച്ച ശേഷം കാടുവാഴാൻ എന്ന പാഠഭാഗത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം. ക്ലാസിനെ അഞ്ചു പേരടങ്ങുന്ന ചെറുസംഘങ്ങളാക്കി പാഠഭാഗം റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കാൻ നിർദേശിക്കാം. ആവശ്യമായ ഒരുക്കങ്ങൾ ഗ്രൂപ്പിൽ നടത്തണം.

റേഡിയോ നാടകം-ശ്രദ്ധിക്കേണ്ടവ

- ശബ്ദത്തിനാണ് പ്രാധാന്യം
- വൈകാരികത പൂർണമായും പ്രതിഫലിക്കുമാറ് സംഭാഷണം അവതരിപ്പിക്കണം
- ശബ്ദത്തിന്റെ ഏറ്റക്കുറച്ചലിൽ ശ്രദ്ധിക്കണം.
- നാടകം കാണുന്ന പ്രതീതിയുണ്ടാക്കും വിധം സംഭാഷണം നിർവഹിക്കണം
- ഒരു പിരിയഡുകൊണ്ട് അവതരിപ്പിച്ചു തീർക്കാൻ കഴിയും വിധം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ചർച്ച

അവതരണശേഷം നാടകഭാഗത്തെ സംഭവം, കഥാപശ്ചാത്തലം എന്നിവ കണ്ടെത്താനായി ലഘുചർച്ച നടത്താം.

- കഥാസന്ദർഭം ഏതാണ്?
- ദശരഥനോട് കൈകേയി ഇങ്ങനെയൊരു വരം ചോദിക്കാൻ കാരണമെന്ത്?

വിശദമായ കഥയ്ക്ക് പുരാണിക് എൻ സൈക്ലോപീഡിയ, രാമായണത്തെ അധികരിച്ചുള്ള ഗ്രന്ഥങ്ങൾ തുടങ്ങിയവ റഫർ ചെയ്യാവുന്നതാണ്.

## കഥാപാത്രനിരൂപണം

നാടകത്തിൽ ഏറ്റവും പ്രധാനം കഥാപാത്രങ്ങളാണല്ലോ? ഓരോ കഥാപാത്രത്തിന്റെയും സംഭാഷണത്തിനും പ്രവൃത്തിക്കും പിന്നിൽ കൃത്യമായ ചില നിലപാടുകളുണ്ടാകും. ഈ നാടകത്തിൽ ഏത് കഥാപാത്രത്തിന്റെ നിലപാടിനോടാണ് യോജിക്കുന്നതെന്ന് ഒരു കുറിപ്പായെഴുതാൻ കുട്ടികളോട് നിർദേശിക്കാം.

- ❍ നിരൂപണം ചെയ്യുന്ന കഥാപാത്രത്തിന്റെ ചുറ്റുപാടും ജീവിതസാഹചര്യങ്ങളും പരിഗണിക്കണം.

- ❍ കഥാപാത്രത്തിന്റെ വാക്കുകൾ, പ്രവൃത്തി, ജീവിതസന്ദർഭങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകൾ എന്നിവ പരിഗണിക്കണം.

ഒരു സർഗാത്മക രചനയെന്ന നിലയിലും കഥാപാത്രനിരൂപണത്തെ കാണേണ്ടതുണ്ട്. ഭാഷാപരമായ മികവ്, അപഗ്രഥനശേഷി എന്നിവ താരതമ്യംചെയ്ത് വിശകലനം ചെയ്യാനുള്ള ശേഷി, ആശയങ്ങൾ യുക്തിഭദ്രമായും ക്രമമായും ഉദാഹരണങ്ങൾ നിരത്തി സമർത്ഥിക്കാനുള്ള കഴിവ് തുടങ്ങിയവ മാനദണ്ഡങ്ങളായി സ്വീകരിക്കാം. മുൻപ്രവർത്തനത്തിൽ സൂചിപ്പിച്ചതുപോലെ വിവിധ തലത്തിലുള്ള വിലയിരുത്തലിന്റെ സാധ്യതയും ആരായാവുന്നതാണ്.

### വിശകലനക്കുറിപ്പ്

രാമന്റെ വനയാത്ര വിശകലനം ചെയ്ത് ത്യാഗമെന്ന മൂല്യത്തിന്റെ പ്രാധാന്യം വിവരിക്കുന്ന ഈ പ്രവർത്തനം വ്യക്തിഗതമായി ചെയ്യാം.

- ഭരതനുവേണ്ടി രാജ്യം വിട്ടുകൊടുക്കാനുള്ള സന്നദ്ധത
- അച്ഛന്റെ വാക്കുപാലിക്കുന്നതിന് കാണിക്കുന്ന മനോദാർഢ്യം
- 

തുടങ്ങിയ കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുമല്ലോ.

ഗദ്യരചനകളിൽ ഭാഷയുടെ വൈകാരികതലം ശക്തമാക്കുന്നതിനും ആശയപരമായ ഔന്നത്യം നേടുന്നതിനും എഴുത്തുകാർ ചില തന്ത്രങ്ങൾ പ്രയോഗിക്കാറില്ലേ? താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾ കുട്ടികൾ പരിശോധിക്കട്ടെ.

'കബരീഭരം അഴിച്ചിട്ട് അലസമായ രാത്രി നിന്നെപ്പോലെ നക്ഷത്രേശ്വരനെ മാടിവിളിക്കുന്നു'

'നീ വിഷം ചേർത്ത മദ്യമാണ്'

' വർഷർത്തുവിൽ ചാഞ്ചാടുന്ന പുൽത്തഴപ്പുകൾ അറിയുന്നില്ല, അടിയിൽ അഗ്നിശിലാപാളികൾ തകരുന്ന ഘോഷം.'

'ഭയങ്കരീ, നീ മൃത്യുവാണ്, നാം മുത്തുമാലയെന്നോർത്ത് അണിഞ്ഞ കാളസർപ്പമാണ്.'

കൈകേയിയോട് ദശരഥൻ പറയുന്ന ഈ വാക്കുകൾ സന്ദർഭവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാൻ കുട്ടികളോടാവശ്യപ്പെടാം. തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കാം.

- ❍ ഇത്തരം ആലങ്കാരിക പ്രയോഗങ്ങൾ സന്ദർഭത്തിന് നൽകുന്ന മെച്ചമെന്ത്?
- ❍ ഭാഷയെ സർഗ്ഗാത്മകമാക്കാൻ ഇതെത്രത്തോളം സഹായിക്കുന്നു.

കുട്ടികൾ പരിശോധിച്ച് കുറിപ്പായെഴുതട്ടെ. കൂടുതൽ ഉദാഹരണങ്ങൾ അവരെ പരിചയപ്പെടുത്തുകയുമാവാം.

'ചതച്ചിട്ട ചേരയെപ്പോലെ ഇഴഞ്ഞു നീങ്ങിയ രാത്രി' എന്ന് എം.ടി.'കാല'ത്തിലെഴുതുന്നു. രാത്രി നീങ്ങാത്ത അവസ്ഥയെ ഒരു മൂർത്തബിംബംകൊണ്ട് അവതരിപ്പിക്കുകയാണിവിടെ. 'ഒരു കറുത്ത വിടർന്ന താമരപോലെ രാത്രി' എന്നെഴുതുമ്പോഴും രാത്രിയെ മറ്റൊരു തരത്തിൽ അവതരിപ്പിക്കുകയാണ്. 'കബരീഭരം അഴിച്ചിട്ട് അലസയായ രാത്രി' യെ ഇവയുമായി ബന്ധിപ്പിച്ച് താരതമ്യം ചെയ്യാനാവശ്യപ്പെടാം. 'നീ വിഷം ചേർത്ത മദ്യമാണ് ' എന്ന പ്രയോഗത്തിലൂടെ കൈകേയിയുടെയും ദശരഥന്റേയും അവസ്ഥകൾ ഒരേസമയം വെളിവാകുന്നു. മദ്യം പ്രലോഭനമാണ്. അത് മദിപ്പിക്കുന്നതാണ്. അതിൽ വിഷം കലർത്തിയാലുള്ള അവസ്ഥയെന്താണ്? കൈകേയിയുടെ മദിപ്പിക്കുന്ന സൗന്ദര്യത്തിന് അടിമയാണ് ദശരഥൻ. ആ ദൗർബല്യം തന്നെ മുതലെടുത്ത് കൈകേയി ചതിക്കുഴി നിർമിക്കുന്നു. അത് തിരിച്ചറിയുന്ന ദശരഥന്റെ ധർമസങ്കടവും രോഷവും നിസ്സഹായാവസ്ഥയും ഈ പ്രയോഗം വെളിവാക്കുന്നു.

“എന്റെ ഹൃദയം ഇന്ന് ഇടനാഴികളിൽ കാണാറുള്ള
വിളർത്ത കണ്ണാടികളെപ്പോലെ തണുത്തുറഞ്ഞിരിക്കുന്നു”

*മാധവിക്കുട്ടി*

‘വന്യമൃഗത്തെപ്പോലെ മുരണ്ടോടുന്ന വെയിൽ’

*കെ.പി.നിർമ്മൽകുമാർ*

“പക പത്തിയെടുത്തിട്ടുത്തൂതി’

*ഇടശ്ശേരി*

‘കലണ്ടറിൽ നിന്നും കറുത്തപക്ഷികൾ
കരിയടുപ്പിലേക്കടർന്നു വീഴുന്നു ’

*ബാലചന്ദ്രൻ ചുള്ളിക്കാട്*

‘കലണ്ടറിൽ ചൂട്ടുകത്തിച്ചുകിടക്കുമവധി ദിനങ്ങൾ’

*ഡി.വിനയചന്ദ്രൻ*

തുടങ്ങി ഗദ്യത്തിലും പദ്യത്തിലുമുള്ള ഇത്തരം സവിശേഷ പ്രയോഗങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താം. ബിംബവൽക്കരണത്തിലൂടെയുള്ള ആശയനിവേദനത്തിന്റെ രീതി പരിചയപ്പെടാൻ ഇത് സഹായിക്കും. തുടർന്ന് പാഠപുസ്തകത്തിലെ രചനകൾ പരിശോധിച്ച് ഇത്തരം പ്രയോഗവിശേഷങ്ങൾ കണ്ടെത്തുവാനും അവയെ വിശകലനം ചെയ്ത് കുറിപ്പെഴുതുവാനും ആവശ്യപ്പെടാം.

## കുറിപ്പ്

വാക്യത്തിന് വരുന്ന വ്യത്യാസം

മഗധവും കാശിയും... എന്നു തുടങ്ങുന്ന വാക്യം ഒറ്റവാക്യമാക്കി പറയാൻ നിർദേശിക്കാം.

നമ്മുടെ രാജ്യമായ മഗധം, കാശി, കോസലം, മത്സ്യദേശങ്ങൾ, ദക്ഷിണാപഥങ്ങൾ എന്നിവയിൽ ഏത് ഭവതി ഇച്ഛിക്കുന്നുവോ അത് ചോദിച്ചുകൊള്ളുക.

എന്നിങ്ങനെ ഒറ്റവാക്യമാകുമ്പോൾ വരുന്ന മാറ്റങ്ങൾ ചർച്ച ചെയ്യാം.

- വ്യത്യാസം കുറിപ്പായെഴുതട്ടെ.

വാക്യത്തിലെ പദങ്ങളെയും വാക്യങ്ങൾ ചേർന്ന് രൂപപ്പെടുന്ന ഖണ്ഡികകളെയും സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോഴാണ് അർത്ഥത്തിന്റെ സൂക്ഷ്മശ്രുതികൾ തിരിച്ചറിയാൻ കഴിയുന്നത്. ഇക്കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട്. താഴെ കൊടുത്തിട്ടുള്ള പ്രവർത്തനത്തിലൂടെ ഇതിലേക്ക് കടക്കാം.

“ഏറ്റവും വലിയ തവളയെ കൊണ്ടുവന്നത് ഗോപിക്കുട്ടനായിരുന്നു. ഒരു പോത്താച്ചിത്തവള തന്നെയായിരുന്നു അത്. കാലുള്ളതും ജീവനുള്ളതുമായ ആ തവളയെത്തന്നെ കീറിമുറിക്കാൻ മാഷ് തെരഞ്ഞെടുത്തു. ക്ലാസ്സ് മുറിയിൽ അന്ന് ഒരുത്സവം തന്നെയായിരുന്നു.”

ക്ലാസ്സ് മുറിയിലെ ഈ രംഗം വിവരിക്കുന്ന ഭാഗത്ത് ‘തന്നെ’ എന്ന പദം കഥാകൃത്ത് ആവർത്തിച്ചു പ്രയോഗിക്കുന്നത് ശ്രദ്ധിച്ചോ? ഈ വാക്യങ്ങളിൽ നിന്ന് ഈ പദം ഒഴിവാക്കിയാലോ? എല്ലായിടത്തും ഒരേ അർത്ഥത്തിൽത്തന്നെയാണോ ഈ പദം പ്രയോഗിച്ചിട്ടുള്ളത്? പരിശോധിച്ച് സ്വന്തം അഭിപ്രായമെഴുതുക.

കുട്ടികൾ കുറിച്ച അഭിപ്രായം ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കട്ടെ. അതിന്മേൽ ചർച്ചയും വിശദീകരണവുമാകാം. 'തന്നെ' എന്ന പ്രയോഗത്തിലൂടെ തവളയ്ക്കു കിട്ടുന്ന ഊന്നലും പ്രാധാന്യവും മനസ്സിലാക്കാം. ആ പദം നീക്കം ചെയ്താൽ ഈ പ്രാധാന്യം നഷ്ടപ്പെടുന്നു. എന്നാൽ 'അന്ന് ഒരുത്സവം തന്നെയായിരുന്നു' എന്നിടത്തും 'ഉത്സവം' എന്ന പദത്തെ അതിന്റെ നിയമായ അർത്ഥത്തിലല്ല പ്രയോഗിച്ചിരിക്കുന്നതെന്നു കണ്ടെത്താം. ഉത്സവസദൃശം എന്നേ അവിടെ അർത്ഥമുള്ളൂ. ഇക്കാര്യങ്ങൾ കുട്ടികൾക്ക് ബോധ്യമാവേണ്ടതുണ്ട്. തുടർന്ന്

'അച്ഛൻ പറഞ്ഞ കഥ കുട്ടികളെ പേടിപ്പിച്ചു*കളഞ്ഞു*'

'കുട്ടിത്തവളയെ കുളത്തിലേക്ക് എറിഞ്ഞു*കളഞ്ഞു*'

എന്നീ വാകൃങ്ങളിലെ കളഞ്ഞു എന്ന പദത്തിന്റെ അർഥസാധ്യതകൾ പരിശോധിക്കാനാവശ്യപ്പെടാം. ആദ്യത്തെ ഉദാഹരണത്തിലെ (പേടിപ്പിച്ചുകളഞ്ഞു) കളഞ്ഞു എന്ന പദം (അനുപ്രായോഗം) പേടിക്കൽ എന്ന പ്രക്രിയയുടെ അപ്രതീക്ഷിതത്വത്തെയാണ് സൂചിപ്പിക്കുന്നത്. പേടിപ്പിക്കൽ ബോധപൂർവമായിരുന്നില്ല എന്നർത്ഥം. രണ്ടാം ഉദാഹരണത്തിലെ എറിയുക എന്ന പ്രക്രിയ ബോധപൂർവ്വമാണ്. ഉദാസീനതയും പരിഗണനയില്ലായ്മയും കൂടി അത് സൂചിപ്പിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ കുട്ടികൾ കണ്ടെത്തുവാൻ സഹായകമാകുന്ന നിലയിൽ അധ്യാപികയുടെ മാർഗനിർദേശങ്ങൾ വേണ്ടി വരും. തുടർന്ന് സമാനസ്വഭാവമുള്ള കൂടുതൽ വാക്യങ്ങൾ നിർമിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

- കുട്ടി പക്ഷിക്കുഞ്ഞിനെ കൂടു തുറന്ന് വിട്ടുകളഞ്ഞു.
- അയാൾ ഒറ്റയിരിപ്പിന് നൂറ് ഇഡ്ഡലി തിന്നുകളഞ്ഞു.

എന്നിങ്ങനെ ഒന്നു രണ്ടു വാക്യങ്ങൾ മാതൃകയായി നൽകാവുന്നതാണ്.

യൂണിറ്റിലെ മറ്റു ഭാഷാപ്രവർത്തനങ്ങളും ഇപ്രകാരം ഏറ്റെടുത്ത് വിനിമയം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## കവിതയിലേക്ക്

ത്യാഗം, സഹകരണം തുടങ്ങിയ മൂല്യങ്ങളുള്ള പലരെയും പരിചയപ്പെട്ടല്ലോ. എന്നാൽ, ഇങ്ങനെയുള്ളവർ മാത്രമാണോ സമൂഹത്തിലുള്ളത്?

'വിദ്യകൊണ്ടറിയേണ്ടത്' എന്ന കവിതാഭാഗം കുട്ടികൾ വായിക്കട്ടെ. ഈണത്തിലുള്ള അവതരണം കഴിഞ്ഞാൽ ഏതുതരക്കാരെയാണ് പാഠഭാഗത്ത് തുറന്നു കാട്ടുന്നതെന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനായി ചില ചോദ്യങ്ങളും, കവിതയിലെ ചമൽക്കാരഭംഗിയും തത്ത്വചിന്താപരമായ പരമാർശങ്ങളും ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്.

ഉദാഹരണം :

- ആശയായുള്ള പാശം, കുങ്കുമത്തിന്റെ വാസമറിയാതെ കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം.

തത്ത്വചിന്താപരം :

വന്നിടും നേരം വസ്ത്രമതുപോലു-
മൊത്തിടാ കൊണ്ടുപോവാനൊരുത്തർക്കും

സത്യമെന്നതു ബ്രഹ്മമതുതന്നെ

പാഠാപഗ്രഥനത്തിലെ ആശയങ്ങളും ഉപയോഗിക്കാവുന്നതാണ്.

## പ്രസംഗം തയാറാക്കൽ

പാഠഭാഗത്തെ അർത്ഥമെത്ര വളരെയുണ്ടായാലും എന്ന നിരീക്ഷണത്തെ മുൻനിർത്തി ലഘു ചർച്ചയാവാം.

- പണമുണ്ടാക്കാൻ സ്വീകരിക്കുന്ന വഴികളെക്കുറിച്ച് കവി പറയുന്നത്
- ധനമോഹം ഇന്നത്തെ സമൂഹത്തിൽ
- വർത്തമാനകാലത്തെ ഉദാഹരണങ്ങൾ

പത്രവാർത്തകളും മറ്റും ഈ ഘട്ടത്തിൽ ഉപയോഗിക്കാം.

ചർച്ചയിലൂടെ ധാരാളം ആശയം ലഭിക്കുമല്ലോ. അതിനുശേഷം പ്രസംഗം തയാറാക്കാൻ നിർദേശിക്കാം. ഏതാനും പേർക്ക് അസംബ്ലിയിൽ പ്രസംഗം അവതരിപ്പിക്കാൻ അവസരം നൽകണം.

## താരതമ്യക്കുറിപ്പ്

- സാഹിത്യരചനകൾ സമൂഹത്തെ പ്രതിഫലിപ്പിക്കുന്നു. സാഹിത്യകൃതികളുടെ പാരായണത്തിൽ ഈ ബോധം കുട്ടികളെ നിയന്ത്രിക്കേണ്ടതുണ്ട്. ഒരു താരതമ്യക്കുറിപ്പിലേക്ക് കുട്ടികളെ നയിക്കാം.

"അവരുടെ അച്ഛനെ കീറിമുറിച്ച് ക്ലാസ്സിൽ ജീവശാസ്ത്രം പഠിച്ച ആ കുഞ്ഞുങ്ങളാവട്ടെ, വളർന്നു വലുതായി. അവർ പിന്നെയും പലതും കീറിമുറിച്ചു. കീറിമുറിച്ചുകൊണ്ടാണ് അവർ സ്നേഹം പഠിച്ചത്. കാരുണ്യവും നീതിയും സകലമനുഷ്യാവകാശങ്ങളും കീറിമുറിച്ചിട്ടു തന്നെ പഠിച്ചു. കീറിമുറിച്ചുകൊണ്ട് അവർ ചരിത്രത്തിൽ തുടരുകതന്നെയാണ്."

സ്നേഹവും കാരുണ്യവുമെല്ലാം കീറിമുറിച്ചുതന്നെ പഠിക്കുന്ന മനോഭാവത്തിൽ സ്വാർത്ഥതയല്ലേ കുടികൊള്ളുന്നത്? ഇന്നത്തെ മനുഷ്യന്റെ മനോഭാവവുമായി ബന്ധപ്പെടുത്തി ഈ ആശയം വിശദമാക്കൂ. താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗവുമായി അതിനെ താരതമ്യം ചെയ്യുകയുമാവാം.

" പൂവുകളായിരം കീറിമുറിച്ചു ഞാൻ
പൂവിന്റെ സത്യം പഠിക്കാൻ
ഹൃദയങ്ങളായിരം കൊത്തിനുറുക്കിഞാൻ
ഹൃദയത്തിൻ തത്ത്വം പഠിക്കാൻ"

ഈ യൂണിറ്റിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളുടെ സമഗ്രതയിൽ നിന്നുകൊണ്ട് കുട്ടിക്ക് താരതമ്യക്കുറിപ്പ് രചിക്കാൻ കഴിയും. കുട്ടികൾ തയാറാക്കുന്ന താരതമ്യക്കുറിപ്പുകൾ വിലയിരുത്തലിന് വിധേയമാക്കാം.

- ആശയധാരണ
- താരതമ്യം ചെയ്യാനുള്ള കഴിവ്
- വിമർശനാത്മകമായ വിലയിരുത്തൽ
- ആശയ ക്രമീകരണം
- ഭാഷാപരമായ മികവ്

എന്നിവ വിലയിരുത്തൽ സൂചകങ്ങളായി സ്വീകരിക്കാം.

താരതമ്യക്കുറിപ്പ് ക്ലാസിൽ വിശദമായി ചർച്ചചെയ്യണം. പ്രധാന ആശയങ്ങൾ ബോർഡിൽ എഴുതാം. തുടർന്ന് അധ്യാപിക ചോദ്യമുന്നയിക്കുന്നു.

- ഈ പ്രവണതയെ പ്രതിരോധിക്കേണ്ടതില്ലേ?

ഏതെല്ലാം തരത്തിൽ ഇതിനെ പ്രതിരോധിക്കാം? നിങ്ങളുടെ നിലപാടുകൾ ഉചിതമായ വ്യവഹാര രൂപത്തിൽ ആവിഷ്ക്കരിക്കാം.

ഈ നിർദേശങ്ങൾ കുട്ടികൾക്ക് നൽകി, ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തി യൂണിറ്റ് പ്രവർത്തനം അവസാനിപ്പിക്കാവുന്നതാണ്. കുട്ടികൾ തയാറാക്കുന്ന രചനകൾ- (നോട്ടീസ്,

ലഘുലേഖ, സർഗരചനകൾ, പോസ്റ്ററുകൾ, മുദ്രാവാക്യങ്ങൾ, മുതലായവ) ഉചിതമായ സന്ദർഭ ങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ അവസരമൊരുക്കാം. തുടർ പ്രവർത്തനങ്ങളുമാകാം.

ഈ പ്രവർത്തനം ഫലപ്രദമായി നിർവഹിക്കാൻ അധ്യാപിക തയാറെടുക്കേണ്ടതുണ്ട്. ഒരു രച നയുണ്ടാവുകയാണ് അതിനാദ്യം വേണ്ടത്. 'സ്വാർത്ഥത ' എന്നതാകട്ടെ വിഷയം. ഒരു സമൂഹ ത്തിലെ എല്ലാ മനുഷ്യരും സ്വാർത്ഥരായിത്തീരുമ്പോൾ സംഭവിക്കുന്ന അപകടം ആശയമായി സ്വീകരിക്കാം. രചനയുടെ ഭാവതലം ഹാസ്യമാകാം. മറ്റു ഭാവങ്ങളും തിരഞ്ഞെടുക്കാം.

അധ്യാപകരും കുട്ടികളും പങ്കെടുക്കുന്ന ഒരു സാഹിത്യശില്പശാലയുടെ ഭാഗമായി ഈ പ്രവർത്തനം ഏറ്റെടുത്താൽ മതി. സാഹിത്യ ശില്പശാലയുടെ പ്രവർത്തനവുമായി ബന്ധ പ്പെട്ട് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യണം.

- മുന്നൊരുക്കം
- സംഘാടകസമിതി
- പ്രചാരണം
- പ്രവർത്തനക്രമം- പ്രോഗ്രാം (വിദഗ്ദ്ധരുടെ ക്ലാസ്സുകൾ)
- നിർവഹണം
- റിപ്പോർട്ടിംഗ്
- വാർത്താ പ്രചാരണം

എന്നിവയെല്ലാം തീരുമാനിക്കണം. കുട്ടികൾ ശില്പശാലയുടെ ഭാഗമായി തയാറാക്കുന്ന രചന കളുടെ അവതരണവേളയിൽ അധ്യാപികയ്ക്ക് സ്വന്തം രചന അവതരിപ്പിക്കാവുന്നതാണ്.

## ശിബിയുടെ കഥ

ചന്ദ്രവംശത്തിലെ പ്രസിദ്ധരാജാവായ ഉശീനരന് യയാതിയുടെ പുത്രിയായ മാധവിയിൽ ജനിച്ച പുത്രനാണ് ശിബി. ശിബിയുടെ ധർമനിഷ്ഠ മൂന്നുലോകത്തിലും പ്രസിദ്ധമായിരുന്നു. ശിബി യുടെ ധർമനിഷ്ഠയെക്കുറിച്ചും ത്യാഗമനോഭാവത്തെക്കുറിച്ചും കേൾക്കുന്ന കഥകൾ ശരിയാണോ എന്ന് പരീക്ഷിച്ചു നോക്കാൻ ദേവൻമാർ തീരുമാനിച്ചു. അഗ്നിദേവൻ ഒരു മാടപ്രാവിന്റെ രൂപ ത്തിലും ഇന്ദ്രൻ പ്രവാവിനെ വേട്ടയാടുന്ന പരുന്തിന്റെ രൂപത്തിലും ശിബിയുടെ കൊട്ടാരത്തി ലെത്തി. പരുന്തിന്റെ കൈയിൽ നിന്നു രക്ഷനേടാനായി പ്രാവ് ശിബിമഹാരാജാവിന്റെ മടി യിൽ ചെന്നു വീണു. തന്നെ ആക്രമിക്കുവാൻ വരുന്ന പരുന്തിൽ നിന്ന് രക്ഷിക്കണം എന്ന് പ്രാവ് രാജാവിനോട് അപേക്ഷിച്ചു. ഈ സമയം പരുന്തും രാജസന്നിധിയിലെത്തി. തന്റെ ഭക്ഷ ണമാണ് ഈ പ്രാവെന്നും അതിനെ അങ്ങ് പിടിച്ചുവച്ചിരിക്കുന്നത് ശരിയല്ലെന്നും പരുന്ത് രാജാ വിനോട് പറഞ്ഞു. അങ്ങ് പ്രാവിന് അഭയം നൽകുകവഴി തന്റെ അന്നമാണ് മുടക്കുന്നതെന്നും പരുന്ത് രാജാവിനെ അറിയിച്ചു. ഇതു കേട്ട രാജാവ് ധർമസങ്കടത്തിലായി. അഭയം യാചിച്ചു വന്ന പ്രാവിനെ കൈവെടിയുന്നത് ധർമമല്ല. അതേസമയം പരുന്തിന്റെ അന്നം മുടക്കുന്നത് കൊടിയ അധർമവുമാണ്. ചിന്താകുലനായ രാജാവ് ഒടുവിൽ പ്രശ്നപരിഹാരത്തിനായി ഒരു പാധി മുന്നോട്ടു വച്ചു. 'അഭയം തേടിവന്ന ഈ പ്രാവിനെ എനിക്കു സംരക്ഷിക്കേണ്ടതുണ്ട്. പകരമായി പ്രാവിന്റെ തൂക്കത്തോളം അങ്ങ് ആവശ്യപ്പെടുന്ന ഏതുതരം മാംസവും നൽകാൻ ഞാൻ തയാറാണ്. അങ്ങ് ചോദിച്ചുകൊള്ളുക' രാജാവ് പറഞ്ഞു. രാജാവിന്റെ വാക്കുകേട്ട പരുന്ത് ഉള്ളിൽ സന്തോഷിച്ചു. ഇതു തന്നെ പറ്റിയ അവസരമെന്നു കരുതി പരുന്ത് പറഞ്ഞു.

'എനിക്കു ഈ മാടപ്രാവിന്റെ തൂക്കത്തോളം അങ്ങുടെ വലതുതുടയിൽ നിന്ന് മാംസം അറുത്തു തന്നാൽ മതി.'

പരുന്തിന്റെ വാക്കുകൾ കേട്ട രാജാവ് ഒട്ടും താമസിയാതെ തന്റെ വലതു തുടയിൽ നിന്ന് കുറേ മാംസം അറുത്തെടുത്ത് തുലാസിന്റെ ഒരു തട്ടിൽ വച്ചു. മറുതട്ടിൽ പ്രാവിനെയും എടുത്തു വച്ചു. എന്നാൽ പ്രാവിന്റെ തൂക്കം അധികമായി കാണുകയാൽ കുറേക്കൂടി മാംസം അറുത്തെടുത്ത് തുലാസിൽ വച്ചു. അപ്പോഴും പ്രാവിന്റെ തൂക്കം അധികരിച്ചു കണ്ടു. ഇങ്ങനെ തന്റെ ശരീരത്തിലെ മുഴുവൻ മാംസവും കുറേശ്ശേ അറുത്തെടുത്ത് രാജാവ് തുലാസിൽ വച്ചിട്ടും പ്രാവിന്റെ തൂക്കം എത്തിയില്ല. ഒടുവിൽ രാജാവ് കയറി തുലാസിലിരുന്നു. ഈ രംഗം കണ്ട പരുന്ത് പറന്നു പോയി. അപ്പോൾ പ്രാവ് സ്വന്തം രൂപം കാട്ടുകയും പരുന്ത് ഇന്ദ്രദേവനാണെന്ന പരമാർത്ഥം രാജാവിനെ അറിയിക്കുകയും ചെയ്തു. രാജാവിന്റെ ധർമബോധത്തിലും ത്യാഗനിഷ്ഠയിലും ദേവൻമാർക്കുള്ള സന്തോഷം അഗ്നിദേവൻ രാജാവിനെ അറിയിക്കുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു.

# അളർക്കൻ

മഹാഭാരതം സഭാപർവത്തിൽ അളർക്കന്റെ കഥ വിവരിച്ചിട്ടുണ്ട്. കാശി, കരുഷം, എന്നീ രാജ്യങ്ങളുടെ അധിപനായിരുന്നു അളർക്കൻ. അദ്ദേഹം രാജ്യവും ധനവും മാംസഭക്ഷണവും ഉപേക്ഷിച്ച് ധർമമാർഗത്തെ ആശ്രയിക്കുകയും യോഗശക്തികൊണ്ട് ഇന്ദ്രിയത്തെ സ്വാധീനത്തിലാക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അളർക്കാൻ അന്ധനായ ഒരു ബ്രാഹ്മണബാലനോട് എന്തുവരം വേണമെങ്കിലും ചോദിച്ചു കൊള്ളാൻ പറഞ്ഞു. ബാലൻ ആവശ്യപ്പെട്ടത് അളർക്കന്റെ കണ്ണുകളായിരുന്നു. വാക്കുപാലിക്കുന്നതിനായി അളർക്കാൻ തന്റെ കണ്ണുകൾ തുരന്നെടുത്തു ബ്രാഹ്മണബാലന് ദാനം ചെയ്തു.

### സഹായക ഗ്രന്ഥങ്ങൾ


- ചെറുകഥ ഇന്നലെ ഇന്ന് - എം. അച്യുതൻ
- കഥയും ഭാവുകത്വ പരിണാമവും - ഡോ.കെ. എസ്. രവികുമാർ
- ചെറുകഥാ സാഹിത്യം - ഡോ.എം.എം. ബഷീർ
- കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള
- സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - എ.ഡി. ഡോ.കെ.എം. ജോർജ്
- സി.എൻ. ശ്രീകണ്ഠൻ നായരുടെ കൃതികൾ - സി.എൻ. ശ്രീകണ്ഠൻ നായർ
- നാടകത്തിലേക്കൊരു നടപ്പാത - എ.പി.പി. നമ്പൂതിരി
- നാടകം കണ്ണിന്റെ കല - ടി.പി. സുകുമാരൻ
- നിശ്ശബ്ദതയും നിർമാണവും - ഇ.പി.രാജഗോപാലൻ
- കഥയും പരിസ്ഥിതിയും - ജി.മധുസൂദനൻ